www.malankaralibrary.com

ജി. ചേടിയത്ത്

# തിയഡോർ മതാദ്ധ്യാപന പ്രസംഗങ്ങൾ

കോട്ടയം
1986

www.malankaralibrary.com

# തിയഡോർ
# മതാധ്യാപന പ്രസംഗങ്ങൾ

വിവർത്തനം

ഗീവർഗീസ് ചേടിയത്ത്

*NO. 100*

പൗരസ്ത്യവിദ്യാപീഠം
വടവാതൂർ, കോട്ടയം—686 010
1986

www.malankaralibrary.com

Theodore, Matadhyapanaprasangangal (a translation)

A Publication of the Oriental Institute of Religious Studies,
P. B. No. 1, Vadavathoor, Kottayam-686010, India

Copyright: G. Chediath, 1986

Printed at the Ashram Press, Manganam

www.malankaralibrary.com

# വിഷയവിവരം


| | | പേജ് |
|---|---|---|
| ഒരു വാക്ക് | | viii |
| അവതാരിക—ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ | | ix |
| ആമുഖം | | xi |
| പ്രസംഗം | 1—(നിഖ്യാവിശ്വാസ പ്രമാണം) | 1 |
| ,, | 2—( ,, ) | 13 |
| ,, | 3—( ,, ) | 23 |
| ,, | 4—( ,, ) | 35 |
| ,, | 5—( ,, ) | 46 |
| ,, | 6—( ,, ) | 61 |
| ,, | 7—( ,, ) | 74 |
| ,, | 8—( ,, ) | 87 |
| ,, | 9—( ,, ) | 101 |
| ,, | 10—( ,, ) | 116 |
| ,, | 11—( കർതൃ പ്രാർത്ഥന ) | 133 |
| ,, | 12—( മാമോദീസാ—1 ) | 152 |
| ,, | 13—( ,, —2 ) | 174 |
| ,, | 14—( ,, —3 ) | 190 |
| ,, | 15—( കർബാന —1 ) | 216 |
| ,, | 16—( ,, —2 ) | 247 |
| അനുബന്ധം: | ക്രിസ്തീയതത്ത്വങ്ങൾ | 278 |
| വേദപുസ്തകപരാമർശനങ്ങൾ | | 291 |
| പേരുകൾ | | 302 |
| ശുദ്ധിപത്രം | | 303 |

www.malankaralibrary.com

# ഒരു വാക്ക്

ഓറിയൻറൽ ഇൻസ്റ്റിററ്യൂട്ടിൻെറ പ്രസിദ്ധീകരണ വിഭാഗം ഒരു പ്രത്യേക വകുപ്പായി പ്രവർത്തിച്ചു തുടങ്ങിയതു് 1977–ലാണ്. പത്താം വയസ്സിലേക്കു പ്രവേശിക്കുന്നതിനു മുൻപുതന്നെ നൂറാമത്തെ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അനല്പമായ സന്തോഷമാണുള്ളതു്. ഭാരതത്തിലെ പൗരസ്ത്യസഭകളുടെ ദൈവവിജ്ഞാനീയ മേഖലകൾ കണ്ടുപിടിച്ചു് അതിൻെറ ഉള്ളറകളിലെ വിലപ്പെട്ട നിധികൾ സഭാതനയർക്കു ലഭ്യമാക്കുകയാണ് ഈ സംരംഭത്തിൻെറ പ്രധാന ലക്ഷ്യം.

പൗരസ്ത്യദൈവവിജ്ഞാനമേഖലയിൽ സമുന്നതനായ ഒരു ദൈവശാസ്ത്രജ്ഞനാണ് മൊപ്സുവെസ്ത്യായിലെ മാർ തിയഡോർ (+428). സഭാപ്രബോധനങ്ങളെ ലളിതമായ ശൈലിയിൽ വിശദീകരിക്കുന്ന അതിവിശിഷ്ടമായ ഒരു ഗ്രന്ഥമാണ് അദ്ദേഹത്തിൻെറ മതാധ്യാപനപ്രസംഗങ്ങൾ. നിഖ്യാവിശ്വാസ പ്രമാണം, കർതൃപ്രാർത്ഥന, മാമോദീസാ, വിശുദ്ധ കർബാന എന്നീ വിഷയങ്ങളെ അദ്ദേഹം വിദഗ്ദ്ധമായി വിശകലനം ചെയ്യുന്നു. ഡോ. ചേടിയത്തു് ഭാഷാന്തരം ചെയ്ത ഈ ഗ്രന്ഥം കേരള ക്രൈസ്തവ സഭയ്ക്കും മലയാളസാഹിത്യത്തിനും ഒരു മുതൽക്കൂട്ടാണ്. ഈ മഹാസംരംഭത്തിനുദ്യമിച്ച ചേടിയത്തച്ചനെ ഹാർദ്ദവമായി അനുമോദിക്കുകയും ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

ദൈവപരിപാലനയിൽ പൂർണമായി ആശ്രയിച്ചുകൊണ്ടു് സഭയ്ക്കും സമുദായത്തിനും ഞങ്ങളുടെ ഈ എളിയ സംരംഭം ഉപരിയുപരി പ്രയോജനകരമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഡോക്ടർ സേവ്യർ കൂടപ്പുഴ
ഡയറക്ടർ
പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണവിഭാഗം

കോട്ടയം
29–5–1986

www.malankaralibrary.com

# അവതാരിക

സഭാചരിത്രത്തിൽ അതിപ്രധാനമായ ഒരു ഘട്ടമായിരുന്നു വിശുദ്ധ പിതാക്കന്മാരുടേത്. ദൈവപരിപാലനയിൽ ക്രിസ്തീയ വിശ്വാസത്തെപ്പററിയും പാരമ്പര്യങ്ങളെപ്പററിയുംസവിശേഷമായ ഉൾക്കാഴ്ചയും ഗ്രാഹ്യവും അവർക്കു ലഭ്യമായിരുന്നു. ആഴമേറിയതും ഫലദായകവുമായ ഒരു ക്രിസ്തീയ ജീവിതത്തിനു വിശുദ്ധ പിതാക്കന്മാരുടെ ഉപദേശങ്ങൾ അനുപേക്ഷണീയമാണ്. ശ്ലൈഹികപാരമ്പര്യമുള്ള കേരളക്രൈസ്തവർക്കു മാതൃഭാഷയിൽതന്നെ പിതാക്കന്മാരുടെ ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ഇതുവരെയും വേണ്ടവണ്ണം ലഭ്യമായിട്ടില്ലായെന്നുള്ളത് നമ്മുടെ സഭാ ജീവിതത്തെ വളരെ ബലഹീനമാക്കിയിട്ടുണ്ട്. വളരെ വൈകിയ ഈ കാലയളവിലെങ്കിലും ഈ കുറവ് പരിഹരിക്കാൻ ഒരു പരിശ്രമം നടക്കുന്നത് ഏററം സ്തുത്യർഹമാണ്.

റവ. ഡോ. ഗീവർഗീസ് ചേടിയത്ത് ഇതിനകം വിശുദ്ധ പിതാക്കന്മാരുടെ പല ഗ്രന്ഥങ്ങളും മലയാളഭാഷയിൽ പ്രകാശനം ചെയ്തിട്ടുണ്ട്. മൊപ്സുവെസ്ത്യായിലെ മാർ തിയഡോറിന്റെ മതാധ്യാപന പ്രസംഗങ്ങൾ അദ്ദേഹം ഇപ്പോൾ പ്രസിദ്ധീകരിക്കുകയാണ്. മാർ തിയഡോർ 350–428 കാലയളവിൽ ജീവിച്ചിരുന്നു. പാണ്ഡിത്യത്തിൽ പിതാക്കന്മാരുടെയിടയിൽതന്നെയും അധികമാരും അദ്ദേഹത്തിനു സമന്മാരില്ല, വിശുദ്ധ ഗ്രന്ഥങ്ങൾ പഠിക്കുന്നതിലും അവ വ്യാഖ്യാനിച്ചു ഗ്രന്ഥങ്ങൾ ചമയ്ക്കുന്നതിലും അദ്ദേഹം നിരന്തരം വ്യാപൃതനായിരുന്നു.

നിർഭാഗ്യവശാൽ മരണശേഷം അദ്ദേഹത്തിന്റെ ഉപദേശങ്ങൾ പലവിധത്തിലുള്ള വിമർശനങ്ങൾക്കു വിധേയമായി. എന്നാൽ കാലാന്തരത്തിലുണ്ടായ പുതിയ വീക്ഷണ ഗതികളും സാഹചര്യങ്ങളുംകൊണ്ടല്ലല്ലോ ഒരു വ്യക്തിയെ നാം വിധിക്കേണ്ടത്. ജീവിതകാലത്ത് സ്വവിശ്വാസത്തോടും സഭയോടുള്ള ആത്മാർത്ഥമായ വിധേയത്വത്തിലും കൂട്ടായ്മയിലും അദ്ദേഹം നൽകിയ വ്യാഖ്യാനങ്ങളും ഉപദേശങ്ങളും ഏററം വിലയേറിയ നിക്ഷേപങ്ങളാണ്.

ഇപ്പോൾ പ്രകാശനം ചെയ്യുന്ന ഗ്രന്ഥം വിശ്വാസപ്രമാണം, കർത്തൃപ്രാർത്ഥന, കൂദാശകൾ ഇവയുടെ വ്യാഖ്യാനങ്ങ

www.malankaralibrary.com



ളാണ്. നമ്മുടെ വിശ്വാസത്തിന്റെയെല്ലാം അടിസ്ഥാനമായ പരിശുദ്ധ പരമത്രിത്വത്തിലെ മൂന്നു ദൈവിക ആളുകൾ, അവരുടെ സ്വഭാവം, പരസ്പരബന്ധം, പരിശുദ്ധ സഭ, നാം പ്രതീക്ഷിക്കുന്ന ഭാവിജീവിതം എന്നിവയെപ്പററി ഏററം അഗാധമായ തത്ത്വങ്ങളാണ് മാർ തിയഡോർ നമുക്കു കാഴ്ച വയ്ക്കുന്നത്. മാമോദീസാ, വിശുദ്ധ കർബാന എന്നീ കൂദാശകളുടെ വ്യാഖ്യാനവും ഏററം ശ്രദ്ധേയമാണ്. വിശുദ്ധ കുർബാനയിൽ അർപ്പിക്കപ്പെടുന്ന അപ്പത്തിലും വീഞ്ഞിലും ഉണ്ടാകുന്ന പരിവർത്തനം മാർ തിയഡോർ ഇങ്ങനെ വിവരിക്കുന്നു: 'അപ്പം ഒന്നാണ്; അപ്പത്തിന്റെ ഘടകം മാറി ഉണ്ടായ നമ്മുടെ കർത്താവായ മിശിഹായുടെ ശരീരവും ഏകമാണ്. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ഈ വലിയ മാററം അപ്പത്തിൽ സംഭവിക്കുന്നു. നാമെല്ലാവരും നമ്മുടെ കർത്താവായ മിശിഹായുടെ ശരീരം ആയിരിക്കുന്നതുപോലെ ഒരേ ശരീരരക്തങ്ങളിൽ നാം തുല്യമായി പങ്കെടുക്കുന്നു.'

ഈ സദ്ഗ്രന്ഥം ഗൗരവമായ പഠനത്തിനു വിഷയമാകുമെന്നും കേരളത്തിലെ ക്രിസ്തീയ ജീവിതത്തിനു കൂടുതൽ ആഴവും ഊർജസ്വലതയും നൽകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ഡോ. ചേടിയത്ത് ഈ സദ്ദ്യമത്തിൽ തളരാതെ മുന്നേററട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

(Sd)

തിരുവനന്തപുരം
ജൂൺ 9, 1986

ബനഡിക്ട് മാർ ഗ്രിഗോറിയോസ്
തിരുവനന്തപുരം ആർച്ച്ബിഷപ്പ്

www.malankaralibrary.com

# ആമുഖം

## മൊപ്സുവെസ്ത്യായിലെ തിയഡോർ(+428)

തിയോഡർ അന്ത്യോക്യയിൽ ജനിച്ചു. ലിബാനിയുസ് എന്ന പണ്ഡിതന്റെ കീഴിൽ പ്രഭാഷണ കലയും സാഹിത്യവും പഠിച്ചു. അവിടെവച്ച് ജോൺ ക്രിസസ്തോമുമായി (+407) പരിചയത്തിലെത്തി. പ്രസ്തുത സൗഹൃദം ജീവിതകാലം മുഴുവൻ നീണ്ടുനിന്നു. ക്രിസസ്തോമിന്റെ മാതൃകയും ഉപദേശവും ഒരു സന്യാസിയാകുവാൻ തിയഡോറിനെ പ്രേരിപ്പിച്ചു. ഇരുപതുവയസ്സു തികയുന്നതിനു മുൻപ് അന്ത്യോക്യയ്ക്കടുത്തുള്ള ഒരു ആശ്രമത്തിൽ ചേർന്നു. എന്നാൽ താമസിയാതെ ആശ്രമത്തോടു വിട പറഞ്ഞു് അഭിഭാഷക വൃത്തിയിലേർപ്പെട്ടു.

എന്നാൽ ജോൺ ക്രിസസ്തോമിന്റെ 'വീണുപോയ തിയഡോറിനു'' എന്ന പേരിലറിയപ്പെടുന്ന രണ്ടു കത്തുകൾ തിയഡോറിനെ തിരികെ ആശ്രമത്തിലെത്തിച്ചു. തുടർന്നു് ദിയദോറിന്റെ കീഴിൽ ദൈവശാസ്ത്രാഭ്യസനം നടത്തി. 383–ൽ അന്ത്യോക്യാമെത്രാൻ ഫ്ളാവിയൻ തിയഡോറിനെ വൈദികനായി അഭിഷേചിച്ചു. 392–ൽ അദ്ദേഹം അന്ത്യോക്യാ പാത്രിയാർക്കേററിന്റെ കീഴിൽ വരുന്ന സിലീഷ്യാ പ്രോവിൻസിലെ പ്രധാന നഗരമായ മൊപ്സുവെസ്ത്യായിലെ മെത്രാനായി നിയമിതനായി.

തിയഡോർ ഒരു അഗാധ പണ്ഡിതനും ബുദ്ധിരാക്ഷസന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നവനുമായിരുന്നു. ജീവിതകാലത്തു് സത്യവിശ്വാസത്തിന്റെ പ്രശസ്തവക്താവായി അദ്ദേഹം പ്രകീർത്തിക്കപ്പെട്ടു. ആദിമസഭയിലെ ഒരതികായനായിരുന്ന അദ്ദേഹം. ഒരിജെനുശേഷം (+253) സഭയിലുണ്ടായ പ്രതിഭാശാലികളിൽ അഗ്രഗണ്യനായിരുന്നു. ആഴമേറിയ ചിന്തയുടെ ഉടമ, ദൈവശാസ്ത്രത്തിൽ സ്വന്തമായൊരുപാത തന്മയത്വത്തോടുകൂടി വെട്ടിത്തുറന്ന ഒരു ധിഷണാശാലി, സമകാലീനരുടെ ഇടയിൽ സമാരാധ്യനായ സഭാനേതാവു്, അക്കാലത്തും അതിനുമുമ്പും ഉടലെടുത്ത പാഷണ്ഡതകൾക്കെതിരെ പടപൊരുതിയ വ്യാഖ്യാതാവ് എന്നീ നിലകളിലെല്ലാം തിയഡോർ അറിയപ്പെട്ടു. ക്രി. വ. 394–ൽ അന്ത്യോക്യൻ

www.malankaralibrary.com



പാത്രിയാർക്കേററിലെ ബോസ്ത്രാത്രുപതയെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ കോൺസ്ററാൻറിനോപ്പിളിൽ വച്ച് ഒരു സിനഡു കൂടി. തിയഡോറിനെപ്പററി കേട്ടിരുന്ന തിയഡോഷ്യസ് ചക്രവർത്തി (+395) പ്രസംഗിക്കാൻ തിയഡോറിനെ ക്ഷണിച്ചു. ഇപ്രകാരം ഒരു പ്രബോധകനെ താൻ ഒരിക്കലും ശ്രവിച്ചിട്ടില്ലെന്ന് പ്രസംഗത്തിൻെറ അവസാനം ചക്രവർത്തി പറകയുണ്ടായി (ഫക്കൻദുസ്, in PL 67. 563). തിയഡോഷ്യസ് ചക്രവർത്തി കത്തുകംവഴി തിയഡോറുമായി ബന്ധം പുലർത്തിയിരുന്നു എന്നു പറയപ്പെടുന്നു. തിയഡോറിൻെറ പ്രശസ്തിയെപ്പററി അന്ത്യോക്യൻ മെത്രാനായ ജോൺ വിവരിക്കുന്നുണ്ട് (അതേകൃതി, 562). കോൺസ്ററാൻറിനോപ്പിലെ മെത്രാനായ ജോൺ ക്രിസസ്തോം തൻെറ സുഹൃത്തായ തിയഡോറിൻെറ മാതൃകാപരമായ യൗവനകാലത്തെപ്പററി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'തിയഡോർ പകൽ മുഴുവൻ വായനയിലും രാത്രി മുഴുവൻ പ്രാർത്ഥനയിലും ചെലവഴിച്ചു. ദീർഘമായി ഉപവസിച്ചിരുന്നു. വെറും തറയിൽ കിടന്നാണ് അദ്ദേഹം ഉറങ്ങിയിരുന്നത്. എല്ലാത്തരം താപസ്സുകർമ്മങ്ങളിലും സ്വയം ശിക്ഷണത്തിലും അദ്ദേഹം ഏർപ്പെട്ടിരുന്നു (PG. 47. 310 f.). ക്രിസസ്തോം മരണം വരെ തിയഡോറുമായുള്ള സൗഹൃദം നിലനിർത്തി എന്നു ക്രിസസ്തോമിൻെറ ഒരു കത്തിൽ നിന്നു വ്യക്തമാണ്. ക്രിസസ്തോം 404 മുതൽ 407 വരെ കൗക്കാസസിൽ വിപ്രവാസത്തിലായിരിക്കവെയാണ് ഈ കത്തു രചിച്ചതു്: 'തിയഡോറിൻെറ സ്നേഹം എനിക്കൊരിക്കലും മറക്കാൻ സാധ്യമല്ല. അതു് അത്രമാത്രം നിഷ്കളങ്കവും ഹൃദ്യവും ആത്മാർത്ഥവും നിഷ്കപടവും ആയിരുന്നു. ബാല്യം മുതൽ നിലനിന്ന സ്നേഹമായിരുന്ന അതു്....ജാഗരൂകവും കലീനവുമായ ആത്മാവിൻെറ സ്നേഹം എന്ന ധനം എൻെറ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു. നാടുകടത്തപ്പെട്ട ഞാൻ ഇപ്രകാരമൊരു നിക്ഷേപത്തിൽ നിന്നു വളരെ വലിയ ആശ്വാസം അനുഭവിക്കുന്നു' (PG, 52: 668–9). ഇതിനേക്കാൾ ശ്രേഷ്ഠമായൊരു വിധി ഇതിനേക്കാൾ ശ്രേഷ്ഠനായ ഒരാളിൽനിന്നു് ഉണ്ടാകാനില്ല.

ഒരു വലിയ സഭാപണ്ഡിതൻ എന്ന വിഖ്യാതിയോടുകൂടി 428–ൽ തിയഡോർ മരിച്ചു. പ്രസ്തുത വർഷം തന്നെയാണ് തിയഡോറിൻെറ കീഴിൽ അന്ത്യോക്യൻ ആശ്രമത്തിൽ പഠിച്ച നസ്തോറിയുസ് കോൺസ്ററാൻറിനോപ്പിൾ പാത്രിയാർക്കീസായി ഉയർത്തപ്പെട്ടതും. 431–ലെ എഫെസോസ് സിനഡിൽവച്ച് നെസ്തോറിയസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. തിയഡോർ, നെസ്തോറിയുസിൻെറ ഗുരുവായിരുന്നതി

www.malankaralibrary.com



നാൽ അലക്സാണ്ഡ്രിയയിലെ വിശുദ്ധ സിറിലും (+444) എഡേസ്സയിലെ റാബുളയും (+435) കൂടി അദ്ദേഹത്തിനെതിരെ കരുനീക്കങ്ങളാരംഭിച്ചു.

മാരിയൂസ് മെർക്കാത്തോർ (+5 th c.) നെസ്തോറിയനിസത്തിന്റെയും പെലാജിയനിസത്തിന്റെയും കർത്താവായി 431–ൽ തിയഡോറിനെ ചിത്രീകരിച്ചു. സഭയുടെ ഐക്യത്തിലും വിശുദ്ധിയിലും മരിച്ച തിയഡോറിനെതിരെ ഒരു കൂട്ടമാളുകൾ ആരോപണങ്ങളുമായി മുന്നോട്ടുവന്നു. ഏകസ്വഭാവ ചിന്താഗതിക്കാരായ അർമേനിയൻ സന്യാസികൾ തിയഡോറിന്റെ കൃതികളിൽനിന്നുള്ള ഭാഗങ്ങൾ ശേഖരിച്ച് 'കാപ്പിത്തുള' എന്ന പേരിൽ കോൺസ്റ്റാന്റിനോപ്പിളിലെ പ്രോക്കുളസിനു (+446) സമർപ്പിച്ചു. സിറിൽ തന്നെയും തന്റെ ചില കത്തുകളിൽ തിയഡോറിനെ നിശിതമായി വിമർശിച്ചിരുന്നു. കാൽസിഡൺ സിനഡിനുശേഷം (451) കാൽസിഡൺ വിരുദ്ധരെ ഐക്യപ്പെടുത്താനുള്ള നീക്കമെന്ന നിലയിൽ അവരെ തൃപ്തിപ്പെടുത്താൻ എതിർചേരിയിലുള്ളവരെ ശപിച്ചുതള്ളാൻ ഏകസ്വഭാവവാദികൾ ചക്രവർത്തിമാരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. തിയഡോർ അസ്കിദാസ് (+537), ലെയോൺ സ്യൂസ് (6th c.) എന്നിവർ ഇതിനു നേതൃത്വം നല്കി. ചെസാറിയായിലെ കപ്പദോച്ചിയൻ മെത്രാനായിരുന്നു അസ്കിദാസ്. തിയഡോറിന്റെ മേൽ മഹറോൻ ശിക്ഷ തന്നെ ചുമത്തണം എന്നു ബൈസാൻസ്യത്തിലെ ലെയോൺസ്യൂസ് വാദിച്ചു.

എന്നാൽ ക്രൈസ്തവ സഭയിലുടനീളം ഇതായിരുന്നില്ല സ്ഥിതി. മരണശേഷവും തിയഡോറിന്റെ ഖ്യാതി നിലനിന്നു. 'തിയഡോറിനെതിരെ എന്തെങ്കിലും ഉച്ചരിക്കുന്നതിനെക്കാൾ മരണം കാംക്ഷിക്കുന്നു' എന്നു മൊപ്സുവെസ്ത്യായിൽ തിയഡോറിന്റെ പിൻഗാമിയായ മെലേഷ്യസ് പ്രസ്താവിക്കയുണ്ടായി. തിയഡോറിന്റെ ക്രിസ്തുശാസ്ത്രത്തെ എതിർത്ത സിറിൽപോലും തിയഡോറിന്റെ മഹത്വത്തെപ്പറ്റി പറയുന്നു. പൗരസ്ത്യദേശങ്ങളിലെ ജനങ്ങൾ പറയുന്നതായി സിറിൽ രേഖപ്പെടുത്തുന്നു: 'തിയഡോർ വിശ്വസിച്ചതു പോലെ ഞങ്ങൾ വിശ്വസിക്കുന്നു; തിയഡോറിന്റെ വിശ്വാസം എന്നും നിലനില്ക്കട്ടെ' (FG 77. 340). തിയഡോറിനെ ശപിക്കാൻ ഒരുങ്ങിവന്ന ഒരുകൂട്ടം മെത്രാന്മാരോട് 'തിയഡോറിനെ ശപിക്കുന്നതിനേക്കാൾ ദഹിപ്പിക്കപ്പെടാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന് സിറിയായിലെ മെത്രാന്മാർ പ്രഖ്യാപിച്ചെന്നും വി. സിറിൽ തന്നെ പ്രസ്താവിക്കുന്നു (അതേകൃതി; 343–6). 'സാർവത്രികസഭയുടെ പ്രബോധകൻ' എന്നാണു

www.malankaralibrary.com



തിയഡോറിനെ സൈറസിലെ തിയഡൊറെറ്റ് (+466) വിശേഷിപ്പിക്കുക. കാൽസിഡൺ കൗൺസിലിനെ (451) അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിൽ നടന്ന വാദ പ്രതിവാദങ്ങളെല്ലാം തിയഡോറിനെതിരായ നീക്കമായി കലാശിച്ചു. തിയഡോറിനെ ശപിക്കുക ഏകസ്വഭാവവാദികളുടെ നിരന്തരമായ ഒരാവശ്യമായിരുന്നു. അപ്രകാരം ചെയ്താൽ ഏകസ്വഭാവവാദികളെ യോജിപ്പിക്കാമെന്നു ജസ്റ്റീനിയൻ ചക്രവർത്തി (+565) ചിന്തിച്ചു.

'മൂന്നധ്യായങ്ങൾ' എന്നറിയപ്പെടുന്ന രേഖയെ 543/4–ൽ ഒരു രാജശാസ്സനത്തിലൂടെ ജസ്റ്റീനിയൻ ചക്രവർത്തി ശപിച്ചുതള്ളി. 'മൂന്ന് അധ്യായങ്ങൾ' താഴെപ്പറയുന്നവയാണ്: (1) മൊപ്സുവെസ്ത്യായിലെ തിയഡോറും അദ്ദേഹത്തിന്റെ കൃതികളും, (2) അലക്സാണ്ഡ്രിയായിലെ സിറിലിനെതിരെ സൈറസിലെ തിയഡോറെറ്റ് എഴുതിയ കൃതികൾ, (3) എഡേസ്സിലെ ഈബാസ് മാരിക്കയച്ച കത്ത്. ഇവയിലെല്ലാം നെസ്തോറിയൻ ചിന്താഗതിയുണ്ടെന്ന കാരണം പറഞ്ഞാണ് ജസ്റ്റീനിയൻ ശപിച്ചത്.

ചക്രവർത്തിയുടെ ഈ ഡിക്രി അംഗീകരിക്കാൻ എല്ലാ മെത്രാന്മാരോടും ആവശ്യപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായ മെന്നാസ് സിനഡിനോടുകൂടി ഒപ്പുവച്ചു. പക്ഷേ, റോമൻ മാർപാപ്പാ ഒപ്പുവച്ചില്ലെങ്കിൽ താൻ പിൻതുണ പിൻവലിക്കും എന്ന നിബന്ധനയോടുകൂടിയാണ് മെനാസ് ഒപ്പുവച്ചത്''. അലക്സാണ്ഡ്രിയായിലെ പാത്രിയർക്കീസ് പ്രശ്നം ഒന്നും കൂടാതെ ഒപ്പുവച്ചു. അന്ത്യോക്യൻ പാത്രിയർക്കീസ് എതിർത്തെങ്കിലും അവസാനം അംഗീകരിച്ചു, ജറുസലേം പാത്രിയാർക്കേറ്റിൽ പ്രശ്നങ്ങളുണ്ടായി. കാൽസിഡൺ സിനഡ് അംഗീകരിക്കുന്ന സന്യാസികൾ പാത്രിയർക്കീസിനെ പിൻതാങ്ങിക്കൊണ്ടിരുന്നു. പാശ്ചാത്യസഭയിലെ നിരവധി മെത്രാന്മാർ ജസ്റ്റീനിയന്റെ കല്പന അംഗീകരിക്കാൻ കൂട്ടാക്കിയില്ല. കോൺസ്റ്റാൻറിനോപ്പിളിലെ പേപ്പൽ പ്രതിനിധി (അപ്പൊക്രിസാരിയുസ്) പ്രതിഷേധിച്ച് മെന്നാസുമായുള്ള കൂട്ടായ്മ തന്നെ വിച്ഛേദിച്ചു. ആഫ്രിക്ക, ഇററലി, ഗോൾ എന്നിവിടങ്ങളിലെ മെത്രാന്മാരെല്ലാം ഈ ഡിക്രിയെ ശക്തിയായി ചെറുത്തുനിന്നു. റോമിലെ മാർപാപ്പായേ സ്വാധീനിച്ചെങ്കിലെ തന്റെ ഇഷ്ടമനുസരിച്ചു സംഗതികൾ മുന്നോട്ടു നീങ്ങൂ എന്നു കണ്ട ജസ്റ്റീനിയൻ അതിനായി കരുക്കൾ നീക്കി. അന്നത്തെ മാർപാപ്പാ ആയ വിജീലിയൂസ് (537–555) ഈ കല്പന അംഗീകരിക്കാൻ കൂട്ടാക്കിയില്ല.

www.malankaralibrary.com



രാജകിങ്കരന്മാർ 547—ൽ മാർപാപ്പായെ അറസ്റ്റു ചെയ്തു കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുവന്നു. ഉടനെ തന്റെ പ്രതിനിധിയെപ്പോലെ വിജീലിയൂസും മെന്നാസുമായുള്ള കൂട്ടായ്മ വിച്ഛേദിച്ചു. മെന്നാസും പ്രതികരിച്ചു. ലിററർജിയിൽ മാർപാപ്പായെ അനുസ്മരിക്കുന്നതു നിർത്തിവച്ചു. ചക്രവർത്തി എല്ലാവിധത്തിലും വിജീലിയൂസിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവസാനം 547—ൽ തന്നെ മെന്നാസുമായി കൂട്ടായ്മ പുനഃസ്ഥാപിച്ചു. 'യുദിക്കാത്തും' എന്നറിയപ്പെടുന്ന രേഖയിൽ പാപ്പാ 548—ൽ ഒപ്പുവച്ച് രാജശാസനം അംഗീകരിച്ചു. ഉടനെ പാശ്ചാത്യസഭ ഒന്നടങ്കം വിജീലിയൂസിനെ എതിർത്തു. കാർത്തേജിലെ മെത്രാനായ റെപ്പരാത്തൂസിന്റെ നേതൃത്വത്തിൽ ആഫ്രിക്കൻ സിനഡ് മാർപാപ്പായെ സഭാഭ്രഷ്ടനാക്കി. ഡൽമേഷ്യ, ഇല്ലിരിക്കം എന്നിവിടങ്ങളിലെ മെത്രാന്മാർ റോമാമെത്രാനുമായുള്ള സംസർഗം വിച്ഛേദിച്ചു. കൂടെയുണ്ടായിരുന്ന പാശ്ചാത്യർപോലും അദ്ദേഹത്തെ എതിർത്തു. ഉടനെ അദ്ദേഹം കൂടെയുണ്ടായിരുന്ന ചില ഡീക്കൻമാരെ സഭാഭ്രഷ്ടരാക്കി.

നില്ക്കക്കള്ളിയില്ലാതെ വിജീലിയൂസ് അവസാനം തന്റെ 'യുദിക്കാത്തും' പിൻവലിച്ചു. താല്ക്കാലികമായി പിൻവലിക്കാൻ ജസ്ററീനിയനും സമ്മതിച്ചു. എന്നാൽ തിയഡോർ അസ്കിദാസിന്റെ പ്രേരണയാൽ 551 ൽ ചക്രവർത്തി വീണ്ടും 'മൂന്നധ്യായങ്ങളെ' ശപിച്ചു. മാർപാപ്പാ ഔദ്യോഗികമായി ഇതിനെ എതിർത്തു. ഗ്രീക്കു മെത്രാന്മാരുടെ പിൻതുണയുണ്ടായിരുന്ന ജസ്ററീനിയൻ, മാർപാപ്പായെ ആക്രമിക്കാനൊരുങ്ങി. മാർപാപ്പാ ഓടി ഒരു പള്ളിയിൽ അഭയം തേടി. പള്ളിയിലെ അംത്താരയിൽ മുറുകെ പിടിച്ചിരുന്ന വിജീലിയൂസിനെ പട്ടാളക്കാർ വലിച്ചിഴച്ചു പുറത്തുകൊണ്ടുവരുവാൻ ശ്രമിച്ചതിനിടയിൽ അംത്താരയും മേൽക്കട്ടിയും എല്ലാംകൂടി താഴെപ്പോയി. ജനങ്ങൾ ഓടിക്കൂടി പട്ടാളക്കാരിൽനിന്നു പാപ്പായെ രക്ഷിച്ചു. ജസ്ററീനിയൻ ശാന്തനായി; ഒരു പൊതുസുന്നഹദോസ് വിളിച്ചുകൂട്ടി പ്രശ്നം ചർച്ചചെയ്യാമെന്നു സമ്മതിച്ചു. മാർപാപ്പായാകട്ടെ. ഒരു ചാക്രികലേഖനം പ്രസിദ്ധീകരിക്കയും തന്റെ നിലപാടു വിശദീകരിക്കയും അസ്കീദാസിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. മെന്നാസിനും അസ്കീദാസിനും എതിരെയുള്ള മഹറോൻ കല്പനകളുടെ കോപ്പികൾ പരസ്യമായി പലയിടങ്ങളിലും പേപ്പൽ പ്രതിനിധികൾ ഒട്ടിച്ചുവച്ചു. ജസ്ററീനിയന്റെ പ്രേരണയാൽ മെന്നാസും അസ്കീദാസും മാർപാപ്പായോടു ക്ഷമയാചിച്ചു വീണ്ടും കൂട്ടായ്മയിലായി. 552—ൽ മെന്നാസ് മരിച്ചു.

www.malankaralibrary.com



പുതിയ പാത്രിയർക്കീസ് എവുതീക്കിയസ് പൂർണമായി മാർപാപ്പയോടു പിൻതുണ പ്രഖ്യാപിച്ചു.

553–മെയ് 5 ന് കോൺസ്റ്റാൻറിനോപ്പിളിൽവച്ചു സിനഡുകൂടി. ജസ്റ്റീനിയനാണ് അതിനെ നിയന്ത്രിച്ചിരുന്നതും അവിടെ മേധാവിത്വം പുലർത്തിയതും.

വിജീലിയൂസ് മാർപാപ്പായ്ക്ക വേണ്ടത്ര സ്വാധീനം ചെലുത്താൻ സാധ്യതയില്ലെന്നു കണ്ടു് അദ്ദേഹം സിനഡിൽ പങ്കെടുക്കാതെ ഒഴിഞ്ഞുമാറി. കോൺസ്റ്റാൻറിനോപ്പിളിൽ ഉണ്ടായിരുന്ന മററു ലത്തീൻമെത്രാന്മാരും സിനഡിൽ സംബന്ധിച്ചില്ല.

മെയ് 14 ന് 'കോൺസ്റ്റിത്തൂത്തും' എന്ന ഒരു രേഖ വിജീലിയൂസ് പ്രസിദ്ധീകരിച്ചു. അതിൽ ഒൻപതു് ഇററാലിയൻ മെത്രാന്മാരും രണ്ടു് ആഫ്രിക്കൻ മെത്രാന്മാരും രണ്ടു് ഇല്ലിരിക്കം മെത്രാന്മാരും മൂന്നു് എഷ്യാമൈനർ മെത്രാന്മാരും കൂടി ഒപ്പു വച്ചിരുന്നു. തിയഡോറിൻെറ കൃതികളിൽ നിന്നുള്ള 60 പ്രസ്താവനകൾ വിജീലിയൂസ് തൻെറ രേഖയിൽ ശപിച്ചു. എന്നാൽ സഭാപിതാവായ തിയഡോറിനെയോ, തിയഡോറെററിനെയോ ഈബാസിനെയോ അദ്ദേഹം ശപിച്ചില്ല. ഈ ഡിക്രിക്കു ശേഷം 'മൂന്നധ്യായങ്ങളെ' ക്കുറിച്ചുള്ള ചർച്ചകളെല്ലാം അവസാനിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ഈ നിർദേശം ചക്രവർത്തി അപ്പാടെ തിരസ്ക്കരിച്ചു. അവസാനം 553 ജൂൺ 2–ലെ അവസാന സെഷനിൽ വച്ചു 'മൂന്നധ്യായങ്ങൾ' 14 പ്രസ്താവനകളിലായി ശപിക്കപ്പെട്ടു. തിയഡോർ അസ്കിദാസും ജസ്റ്റീനിയനും ആഗ്രഹിച്ചതുപോലെ സംഗതികൾ നടന്നു. വിജീലിയൂസ് തിരികെ പോകാൻ തിടുക്കം കൂട്ടി. 'മൂന്നധ്യായങ്ങളെ' ശപിച്ചാൽ തിരികെ അയയ്ക്കാം എന്നു് ചക്രവർത്തി നിബന്ധന വച്ചു. 553–ഡിസംബർ 8 ന് പാപ്പാ 'മൂന്നധ്യായങ്ങളെ' ശപിച്ചു. 554 മാർച്ചു് 23–ന പാപ്പാ പുതിയൊരു 'കോൺസ്റ്റിത്തൂത്തും' പ്രസിദ്ധീകരിച്ചു. 555–ൽ അദ്ദേഹത്തെ തിരികെ പോകാൻ ചക്രവർത്തി അനുവദിച്ചു. എന്നാൽ യാത്രാമധ്യേ സിറാക്കൂസിൽ വച്ചു് അദ്ദേഹം മരണമടഞ്ഞു.

പാശ്ചാത്യസഭയിൽ ശക്തിയായ എതിർപ്പുകൾ ഉണ്ടായി. നിരവധി തവണ അടിച്ചമർത്തലുകൾ ഉണ്ടായിട്ടും അതു തുടർന്നു. വിജീലിയൂസിനുശേഷം പെലാജിയൂസ് റോമാ മെത്രാനായി. അദ്ദേഹം അഞ്ചാം സാർവത്രിക സിനഡിൻെറ നടപടികൾ അംഗീകരിച്ചു. എന്നാൽ ഇക്കാരണത്താൽ പാശ്ചാത്യ സഭയിൽ അനേക പ്രദേശങ്ങളിലെ സഭകൾ റോമാമെത്രാനു

www.malankaralibrary.com



മായുള്ള കൂട്ടായ്മ ഉപേക്ഷിച്ചു. വടക്കേ ഇററലി, ഇംഗ്ളണ്ട്, ഫ്രാൻസ്, സ്പെയിൻ, ആഫ്രിക്ക, ഏഷ്യാമൈനർ എന്നിവിടങ്ങളിൽ ദീർഘനാളം എതിർപ്പു നീണ്ടുനിന്നു. ആഫ്രിക്കയിൽ ഹെർമിയാനെ മെത്രാൻ ഫക്കൻദുസ് (+571) 'മൂന്നധ്യായങ്ങളെ' ന്യായീകരിച്ചുകൊണ്ട് ഒരു കൃതിതന്നെ എഴുതി. 559–ഓടുകൂടി ആഫ്രിക്കയിലെ എതിർപ്പ് പൊതുവെ അവസാനിച്ചു. മിലാൻ 571 വരെ റോമുമായി ബന്ധമില്ലാതെ കഴിഞ്ഞു. പഴയ അക്വിലാ ഒരു എതിർ പാത്രിയർക്കീസിനെ വാഴിക്കപോലുംചെയ്തു. ക്രി.വ.700 വരെ ഈ പിളർപ്പു നിലനിന്നു. എന്നാൽ 700–നു മുമ്പുതന്നെ ഈ സിനഡ് അഞ്ചാം സാർവത്രിക സിനഡായി പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. ആറാം സാർവത്രിക സിനഡും ഇതംഗീകരിച്ചു.

ജസ്ററീനിയന്റെ ഉരുക്കുമുഷ്ടിയുടെ വൻവിജയമായിരുന്നു 553–ലെ സിനഡ്. ഈ സിനഡ് ഏക സ്വഭാവ വാദികളെ ഒട്ടൊക്കെ തൃപ്തിപ്പെടുത്തി. എന്നാൽ അക്കാരണംകൊണ്ട് അവർ കത്തോലിക്കാ സഭാകൂട്ടായ്മയിലേക്കു തിരികെ വന്നില്ല. സഭയെ വീണ്ടും കീറിമുറിക്കാൻ ഈ സിനഡും കാരണമായി.

തിയഡോറിനെ പിൻതുണക്കുന്നവരെയും ന്യായീകരിക്കുന്നവരെയും സിനഡ് വെറുതെ വിട്ടില്ല. അവർക്കെതിരെയും ശാപം ഉച്ചരിച്ചു (കാനൻ 12). അങ്ങനെ ഒരു മഹാ വിശുദ്ധനായി ജീവിതകാലത്തുപ്രകീർത്തിക്കപ്പെടുകയും കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ മരിക്കുകയും ചെയ്ത തിയഡോർ മരിച്ച് 125 വർഷം കഴിഞ്ഞപ്പോൾ പാഷണ്ഡിയായി മുദ്രകുത്തപ്പെട്ടു.

പേർഷ്യയിലെ ക്രിസ്ത്യാനികളും തിയഡോറിന്റെമേലുള്ള ശാപം അംഗീകരിച്ചില്ല. പേർഷ്യൻ സഭയുടെ ബൗദ്ധിക കേന്ദ്രമായിരുന്ന എഡേസ്സാ–നിസീബസ് കലാലയങ്ങളിൽ ദൈവശാസ്ത്രത്തിലും വ്യാഖ്യാനരീതികളിലും തിയഡോറായിരുന്നു മാർഗദർശി. 'ദൈവശാസ്ത്രജ്ഞനും', 'വ്യാഖ്യാതാവും', 'സത്യവിശ്വാസത്തിന്റെ സ്തംഭവും', 'മല്പാന്മാരുടെ മല്പാനും' ഒക്കെയായി പേർഷ്യൻ സഭയിലെ വിശ്വാസികൾ തിയഡോറിനെ ബഹുമാനിച്ചു. സുറിയാനി വിവർത്തനങ്ങളിലൂടെ തിയഡോറിന്റെ മിക്ക കൃതികളും പേർഷ്യയിൽ പ്രചരിച്ചിരുന്നു. കീയോറേ, ഈബാസ്, കുമി, മാനാ, ഏലീശാ ആദിയായവരാണ് തിയഡോറിന്റെ കൃതികൾ സുറിയാനിയിലേക്കു വിവർത്തനം ചെയ്തത്. തിയഡോറിയൻ പാരമ്പര്യങ്ങൾ കലാലയങ്ങളിൽ നടപ്പാക്കാൻ മാർ നർസൈ ശ്രമിച്ചു.

www.malankaralibrary.com



എന്നാൽ 571 മുതൽ 610വരെ നിസിബിസ് കലാലയാധിപനായിരുന്ന ഹെനാന തിയഡോറിയൻ ദൈവശാസ്ത്രത്തിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും വ്യതിചലിച്ചു. ഈ പുതിയ നീക്കത്തെ കാതോലിക്കാമാരായ ഈശോയാബ് (585), സാബാറീശോ (596), ഗ്രിഗറി (605) എന്നിവർ സിനഡുകൂടി കുററപ്പെടുത്തി. 'വിശുദ്ധ ലിഖിതങ്ങളുടെ വ്യാഖ്യാതാവും മെത്രാനും ഭാഗ്യവാനും ദൈവസ്നേഹിതനും വിശുദ്ധനുമായ തിയഡോറിൻെറ വ്യാഖ്യാനമാണ് നിഖ്യായിലെ വിശ്വാസപ്രമാണത്തെക്കുറിച്ച് പൗരസ്ത്യ മെത്രാൻമാർ സ്വീകരിക്കുന്നത്' (Syn. Or. 550)എന്ന് അവർ പ്രഖ്യാപിച്ചു.

ഗ്രിഗറിയുടെ സിനഡ് (605) ഇപ്രകാരം പറയുന്നു: 'മൊപ്സുവെസ്ത്യായിലെ മെത്രാനും വ്യാഖ്യാതാവും ഭാഗ്യവാനുമായ മാർ തിയഡോറിൻെറ എല്ലാ കൃതികളും എല്ലാ ഭാഷ്യങ്ങളും നാമെല്ലാവരും സ്വീകരിച്ചംഗീകരിക്കണമെന്ന് ഈ സിനഡിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഞങ്ങൾ തീരുമാനിക്കുന്നു. രഹസ്യമായോ പരസ്യമായോ പ്രസംഗത്തിലോ കൃതികളിലോ ഈ മതപണ്ഡിതൻെറ കൃതികളെയും പ്രബോധനങ്ങളെയുംപററി ആരെങ്കിലും അപവാദം പറഞ്ഞാൽ, അദ്ദേഹത്തിൻെറ കൃതികൾക്കെതിരെ പഠിപ്പിച്ചാൽ, ദൈവകൃപയുടെ വിജ്ഞാനത്താൽ ഈ ദൈവമനുഷ്യൻ എഴുതിയവ പൂർണഹൃദയത്തോടെ അംഗീകരിക്കാതെയിരുന്നാൽ, ഉയരാഴങ്ങൾ വഹിക്കുന്ന ദൈവത്തിൻെറ വചനത്താൽ ആകാശത്തിലും ഭൂമിയിലും അവൻ ശപിക്കപ്പെട്ടവനും ഭ്രഷ്ടനുമായിരിക്കും' (അതേകൃതി, 211).

ഒരു പേർഷ്യൻ ക്രൈസ്തവ എഴുത്തുകാരനായ ബർ ഹാദ്ബ്ശാബാ അർബായാ പറയുന്നു: 'തിയഡോർ തൻെറ ജീവിതകാലത്തു മാത്രമല്ല, മരണശേഷവും തൻെറ ഗ്രന്ഥങ്ങളിലൂടെ ലോകത്തെ അമ്പരപ്പിച്ചു. ഈ വിജ്ഞാന സാഗരത്തിൻെറ സദ്പ്രവൃത്തികളെപ്പററി ആർക്കു വിവരിക്കാൻ കഴിയും? അവനിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിൻെറ അത്ഭുതകർമങ്ങളെപ്പററിയും ആർക്കു വിവരിക്കാൻ കഴിയും? അദ്ദേഹത്തിൻെറ പക്കലെത്തുന്ന മെത്രാന്മാർ സ്വയം അദ്ദേഹത്തിൻെറ ശിഷ്യരെന്നു കരുതി. ബൗദ്ധിക വ്യാപാരങ്ങളിൽ നിഷ്ണാതരായ താത്വികരും അദ്ദേഹത്തിൻെറ മുൻപിൽ വിദ്യാർത്ഥികളെപ്പോലെയായിരുന്നു. എത്ര വിഷമം പിടിച്ചതും കെട്ടുപിണഞ്ഞതുമായ പ്രശ്നങ്ങളും അദ്ദേഹത്തിൻെറ പക്കൽ വരുമ്പോൾ അവസാനിക്കുമായിരുന്നു; അപ്പുറത്തേക്കു കടന്നില്ല. ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് അദ്ദേഹം വ്യാഖ്യാനിച്ചുകൊടുത്തു. സൂര്യപ്രകാശംപോലെ അദ്ദേഹം അവയെല്ലാം വ്യക്തമാക്കി' (PO9. 503-4).

www.malankaralibrary.com



തിയഡോർ നമ്മുടെ കർത്താവിൻെറയും ശ്ലീഹന്മാരുടെയും കാല്പാടുകളിൽ സഞ്ചരിച്ചു. തിയഡോറിനെ വിധിച്ചവർ മിശിഹായെയും ശ്ലീഹന്മാരെയുമാണ് വിധിച്ചത് എന്നാണ് മാർ ബാബായ് റമ്പായുടെ (+628) അഭിപ്രായം. ലെയോ മാർപാപ്പായും തിയഡോറും പഠിപ്പിച്ചത് ഒന്നുതന്നെയാണ് എന്ന ആശയമാണ് ബാബായിക്കുള്ളത്.

## കൃതികൾ

തിയഡോർ ഗ്രീക്കിൽ എഴുതിയ മൂലകൃതികൾ പാഷണ്ഡിയായി 553-ൽ മുദ്രകുത്തപ്പെട്ടതു മുതൽ അപ്രത്യക്ഷമാകാൻ തുടങ്ങി. രാജകല്പനപ്രകാരം കൃതികളൊക്കെ കത്തിച്ചുകളഞ്ഞു. വളരെ കുറച്ചു കൃതികൾ മാത്രമേ ഗ്രീക്കിൽ ഇന്നു ലഭ്യമായിട്ടുള്ളു. എന്നാൽ മിക്കവാറും എല്ലാ കൃതികളും സുറിയാനി വിവർത്തനങ്ങളിൽ പേർഷ്യൻ സഭയിൽ പ്രചരിച്ചിരുന്നു. ആബ്ദീശോയുടെ കാലത്തും (+1308), മിക്കതും പേർഷ്യയിലുണ്ടായിരുന്നു. അബ്ദീശോ തൻെറ 'പട്ടികയിൽ' (കാററലോഗ്) തിയഡോറിയൻ കൃതികളുടെ ഒരു പട്ടിക നൽകുന്നു. എന്നാൽ സുറിയാനിയിൽപ്പോലും വളരെ കുറച്ചു ഗ്രന്ഥങ്ങൾ മാത്രമേ ഇന്നു നമുക്കു കൈവന്നിട്ടുള്ളു.

അന്ത്യോക്യൻ ദൈവശാസ്ത്ര കലാലയത്തിൻെറ ഉത്തമ വക്താവായി തിയഡോറിനെ കണക്കാക്കാം. അന്ത്യോക്യൻ സഭയിലെ ഏററം പ്രശസ്തനായ എഴുത്തുകാരനും തിയഡോർ തന്നെ. വേദപുസ്തകത്തിൻെറ ഏററം വലിയ ഭാഷ്യകാരനായി പൗരസ്ത്യ സുറിയാനി സഭ അദ്ദേഹത്തെ കണക്കാക്കുന്നു. മിക്കവാറും എല്ലാ ബൈബിൾ ഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യമെഴുതിയിട്ടുണ്ട്. ഭാഷ്യകൃതികൾക്കു പുറമേ താത്വികവും താർക്കികവുമായ കൃതികളും അദ്ദേഹം എഴുതി. സമകാലീന ദൈവശാസ്ത്ര പ്രശ്നങ്ങളിലെല്ലാം തിയഡോറിനുണ്ടായിരുന്ന താത്പര്യവും അദ്ദേഹത്തിൻെറ സ്വന്തമായ വിലയിരുത്തലും അവ വിളിച്ചറിയിക്കുന്നു. പാഷണ്ഡത ആരോപിക്കപ്പെട്ടു പലതും നഷ്ടപ്പെട്ടെങ്കിലും ഈയടുത്തകാലത്തെ പഠനങ്ങളും അന്വേഷണങ്ങളും പല പൗരസ്ത്യ വിവർത്തനങ്ങളും കണ്ടെത്തുവാൻ സഹായിച്ചിട്ടുണ്ട്. അവ തിയഡോറിനെക്കുറിച്ച് പുതിയ അറിവു പകർന്നു തരുന്നവയാണ്. അബ്ദീശോയുടെ പട്ടിക താഴെ കൊടുക്കുന്നു. സേർത്ക്രോണിക്കിളും ഒരു പട്ടിക നൽകുന്നുണ്ട് (ജി. ചേടിയത്ത്, സുറിയാനി സഭാ പിതാക്കന്മാർ, കോട്ടയം, 1982, പേ, 12–13. ന. 16.).

'വ്യാഖ്യാതാവായ തിയഡോർ 41 വാല്യങ്ങളെഴുതി. അവയിൽ 150 ഭാഗങ്ങളും ഓരോന്നിനും 30 അധ്യായങ്ങൾ വീതവു

www.malankaralibrary.com



മുണ്ട്. മൂന്ന വാല്യങ്ങളിലായി ഉല്പത്തിപുസ്തകത്തിന് താത്ത്വികവും പ്രായോഗികവുമായ ഭാഷ്യമെഴുതി ശ്രേഷ്ഠനായ അൽഫേയൂസിനയച്ചുകൊടുത്തു. സങ്കീർത്തനങ്ങൾക്ക് അഞ്ചു വാല്യങ്ങളിലായി ഒരു ഭാഷ്യമെഴുതി ചെർദോനും അദ്ദേഹത്തിൻെറ സഹോദരനും അയച്ചുകൊടുത്തു. പന്ത്രണ്ടു ചെറിയ പ്രവാചകന്മാരുടെ ഭാഷ്യം രണ്ടു വാല്യങ്ങളിലായി എഴുതി മാർ തീരിസിന് അയച്ചുകൊടുത്തു. ശാമുവേലിൻെറ പുസ്തകത്തിനു ഭാഷ്യമെഴുതി മാമരിയാന് അയച്ചുകൊടുത്തു. യോബിൻെറ പുസ്തകത്തിനു രണ്ടു വാല്യങ്ങളിലായി ഭാഷ്യമെഴുതി അലക്സാന്ത്രിയായിലെ സിറിലിനയച്ചുകൊടുത്തു. പൊർഫീരിയുടെ നിർദേശപ്രകാരം സഭാപ്രസംഗകനു ഭാഷ്യമെഴുതി. ഏശായാ, എസെക്കിയേൽ, ജറമിയാ, ദാനിയേൽ എന്നിവയുടെ ഭാഷ്യങ്ങളും ഓരോന്നും ഓരോ വാല്യത്തിലെഴുതി. ഇവയാണ് പഴയനിയമം സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ കൃതികൾ.

'ഒരു വാല്യത്തിൽ മത്തായിയുടെ സുവിശേഷത്തിൻെറ ഭാഷ്യമെഴുതി യൂലിയോസിനയച്ചുകൊടുത്തു. രണ്ടു വാല്യങ്ങളിലായി ലൂക്കോസിൻെറയും യോഹന്നാൻെറയും സുവിശേഷങ്ങളുടെ ഭാഷ്യമെഴുതി എവുസേബിയസിനു കൊടുത്തു. ഒരു വാല്യത്തിൽ നടപടിപുസ്തകത്തിൻെറ ഭാഷ്യമെഴുതി ബസേലിയോസിനു നൽകി. റോമാക്കാർക്കുള്ള ലേഖനഭാഷ്യം ഒരു വാല്യത്തിൽ എഴുതി എവുസേബിയസിനും കൊടുത്തു. തിയഡോറയുടെ ആഗ്രഹമനുസരിച്ചു കോരിന്തോസുകാർക്കുള്ള ലേഖനങ്ങളുടെ ഭാഷ്യം രണ്ടു വാല്യങ്ങളിലായി എഴുതി. എവുസ്റ്റാത്തിയൂസിനുവേണ്ടി ഗലാത്യർ, എഫേസോസുകാർ, ഫിലിപ്പിയർ, കൊളോസിയർ എന്നിവർക്കുള്ള ലേഖനങ്ങളുടെ ഭാഷ്യങ്ങൾ എഴുതി. യാക്കോബിനുവേണ്ടി തെസ്സലോനിക്കാർക്കുള്ള ലേഖനങ്ങളുടെ ഭാഷ്യമെഴുതി. പത്രോസിനുവേണ്ടി തിമോത്തിയോസിനുള്ള ലേഖനങ്ങളുടെ ഭാഷ്യവും, സിറീനൂസിനുവേണ്ടി തീത്തൂസിനും ഫിലോമോനും ഉള്ള ലേഖനങ്ങളുടെ ഭാഷ്യവും എബ്രായ ലേഖനഭാഷ്യവും എഴുതി. പൗലൊസ് ശ്ലീഹായുടെ ലേഖനങ്ങളുടെ ഭാഷ്യം മൊത്തം അഞ്ചു വാല്യങ്ങളിലാണ്. ഇവയ്ക്കു പുറമേ, കൂദാശകളെപ്പററി ഒരു കൃതി, വിശ്വാസത്തെപ്പററി ഒന്ന്, പൗരോഹിത്യത്തെപ്പററി ഒന്ന്, പരിശുദ്ധാത്മാവിനെപ്പററി രണ്ടു വാല്യത്തിൽ ഒരു കൃതി, മനുഷ്യാവതാരത്തെപ്പററി ഒരു വാല്യത്തിൽ ഒന്ന്, എവുണോമിയസിനെതിരെ രണ്ടു വാല്യങ്ങളിലായി ഒരു കൃതി, 'മനുഷ്യർക്കു പാപം ചെയ്യാതിരിക്കാൻ സാധ്യമല്ല' എന്നു പറയുന്നവർക്കെതിരെ രണ്ടു വാല്യങ്ങൾ, മ്ഗ്ദശേന്മാർക്കെതിരെ രണ്ട്,

www.malankaralibrary.com



സന്യാസികൾക്ക് ഒന്ന്, അവ്യക്തവചനങ്ങളെപ്പററി ഒന്ന്, പരിപൂർണതയെപ്പററി ഒന്ന്, രൂപകാർത്ഥഭാഷ്യകക്കെതിരെ അഞ്ചു വാല്യത്തിൽ ബസേലിയോസിന് ഒന്ന്, 'എടുക്കുന്നവനേയും എടുക്കുന്നതിനെപ്പററി' ഒന്ന് എന്നിവയെഴുതി. രത്നങ്ങൾ (മാർഗാനീസാ) എന്ന കൃതിയിൽ തൻെറ ലേഖനങ്ങളെല്ലാം അദ്ദേഹം സമാഹരിച്ചു. നിയമങ്ങൾ നടപ്പാക്കുന്നതിനെപ്പററി ഒരു കൃതിയും അദ്ദേഹം രചിച്ചു. ഇതു് അദ്ദേഹത്തിൻെറ അവസാന കൃതിയാണ്.

കൃതികളെപ്പററി മുൻപൊരിക്കൽ അപഗ്രഥിച്ചതിലേക്കു വായനക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. (ആദിമ സഭാപിതാക്കന്മാർ, 193–9). മേല്പറഞ്ഞ കൃതികളിൽ പൂർണരൂപത്തിൽ ലഭിച്ചിരിക്കുന്നവ താഴെ പറയുന്നവയാണ്: പന്ത്രണ്ടു ചെറിയ പ്രവാചകരുടെ ഭാഷ്യം (ഗ്രീക്കിൽ), യോഹന്നാൻെറ സുവിശേഷത്തിനുള്ള ഭാഷ്യം (സുറിയാനിയിൽ), പൗലോസിൻെറ പത്തു ചെറിയ ലേഖനങ്ങളുടെ ഭാഷ്യം (ലത്തീനിൽ), മതാധ്യാപനപ്രസംഗങ്ങൾ (സുറിയാനിയിൽ), മാസിഡോണിയരുമായുള്ള സംവാദം (സുറിയാനിയിൽ).

## മതാധ്യാപന പ്രസംഗങ്ങൾ

തിയഡോറിൻെറ 'മതാദ്ധ്യാപന പ്രസംഗങ്ങൾ' കൂടി വെളിച്ചത്തു വന്നതോടെ അദ്ദേഹത്തിൻെറ ദൈവശാസ്ത്ര വിചിന്തനങ്ങളിൽ പണ്ഡിതലോകത്തിനുള്ള താത്പര്യം വളരെ വർദ്ധിച്ചു അൽഫോൻസ് മിങ്ഗാനാ ഈ കൃതി കണ്ടുപിടിച്ച് 1932 ലും 1933 ലും ആയി പ്രസിദ്ധീകരിച്ചു. ഇവ തന്നെയാവണം 'വിശ്വാസത്തെപ്പററി' എന്നും 'കൂദാശകളെപ്പററി' എന്നും അബ്ദീശോ പറയുന്ന രണ്ടു കൃതികൾ. '318 പിതാക്കന്മാരുടെ വിശ്വാസപ്രമാണത്തിൻെറ വിശദീകരണവും കുർബാനയുടെ ഒരു വ്യാഖ്യാനവും അദ്ദേഹം രചിച്ചു' എന്ന് സേർത് ക്രോണിക്കൾ പറയുന്നതും ഈ കൃതിയെപ്പററിയാണ്. മിങ്ഗാനായുടെ പ്രസിദ്ധീകരണംവരെ പ്രസ്തുത കൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിരുന്നുള്ളു. അഞ്ചാം സാർവത്രിക സൂനഹദോസ് (553) ഈ കൃതിയിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു. പതിനാറു പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ കൃതി. മൊത്തം രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗം (പ്രസംഗം 1–10) നിഖ്യാവിശ്വാസപ്രമാണം അപഗ്രഥിക്കുന്നു. കർതൃപ്രാർത്ഥന (11), മാമോദീസാ (12–14), കുർബാന (15–16) എന്നിവയുടെ വ്യാഖ്യാനം മുതലായവയാണ് രണ്ടാം ഭാഗം. സ്നാനത്തിനൊരുക്കമായി സ്നാനാർത്ഥികൾക്കു നൽകുന്ന ഉപദേശമാണ് ഈ പ്രസംഗങ്ങളിലുള്ളതു്. വൈദികനായിരി

www.malankaralibrary.com



കുമ്പോഠം 338—നും 392—നും ഇടയ്ക്ക അന്ത്യോക്യയിൽവച്ച് ചെയ്ത പ്രസംഗങ്ങളാണിവ. തിയഡോറിൻെറ മരണ ശേഷം ഇവ സുറിയാനിയിലേക്ക വിവർത്തനം ചെയ്യപ്പെട്ടു. തിയഡോറിയൻ ചിന്താരീതി മനസ്സിലാക്കാൻ ഈ പ്രസംഗങ്ങഠം വളരെ സഹായിക്കം.

'വിശ്വാസപ്രമാണത്തെപ്പററി'യുള്ള ആദ്യത്തെ പത്തു പ്രസംഗങ്ങഠം 'ലീബർ ആറ്റ് ബാപ്തിസാൻതോസ്' എന്ന തലക്കെട്ടിലും '318 പിതാക്കന്മാരുടെ വിശ്വാസപ്രമാണത്തിൻെറ വ്യാഖ്യാനം' എന്ന പേരിലും അറിയപ്പെട്ടിരുന്നു. മാമോദീസായ്ക്കൊരുങ്ങുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങഠം വിശദീകരിക്കയാണ് തിയഡോർ. കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം തന്നെയാണ് തിയഡോർ ഇവിടെ വ്യാഖ്യാനിക്കുന്നത്. അത്തും മാരിയൂസ് മെർകാതോർ (+ 450) തിയഡോറിനെപ്പററി പറയുന്നതുമായി ബന്ധമൊന്നുമില്ല. അപ്പോഠം അഞ്ചാം സാർവത്രിക സുനഹദോസിൽ തിയഡോറിൻെറതായി വരച്ചുകാട്ടിയ വിശ്വാസപ്രമാണം വസ്തുനിഷ്ഠമല്ലെന്നുവേണം കരുതുവാൻ.

കർതൃപ്രാർത്ഥനയെ ആധാരമാക്കിയുള്ള പ്രസംഗം സൽപ്രവൃത്തികഠംക്ക കൂടുതൽ പ്രധാന്യം നൽകുന്നു. ജ്ഞാനസ്നാനാവസരമുള്ള ചടങ്ങുകളെല്ലാം അടുത്ത പ്രസംഗങ്ങളിൽ തിയഡോർ അപഗ്രഥനാ വിഷയമാക്കുന്നു: സ്നാനാർത്ഥികളുടെ പേരു കുറിക്കൽ, പിശാചിനെ ഓടിക്കൽ, സ്നാന ജലം വാഴ്ത്തുന്ന ക്രമം, സ്നാന ശുശ്രൂഷ ആദിയായവ അദ്ദേഹം ചർച്ചാവിഷയമാക്കുന്നു.

നാലാം നൂററാണ്ടിൽ അന്ത്യോക്യൻസഭയിൽ നിലവിലിരുന്ന കുർബാനയെപ്പററിയാണ് അവസാനത്തെ രണ്ടു പ്രസംഗങ്ങഠം. ശുശ്രൂഷക്രമങ്ങളുടെ കൃത്യവും പൂർണവുമായ വിവരണം ഇവിടെ ദർശിക്കാം. തിയോഡോർ വ്യാഖ്യാനിച്ച കർബാന ഇപ്പോഠം അന്ത്യോക്യൻസഭയിലോ ഗ്രീക്കുസഭയിലോ നിലവിലിരിക്കുന്ന കുർബാനയല്ല; തിയോഡോറിൻെറ പേരിൽ പേർഷ്യൻസഭയിൽ അറിയപ്പെടുന്ന അനാഫറയുടെ വ്യാഖ്യാനവുമല്ലത്. പെർഷ്യൻസഭയിൽ സാധാരണ ഉപയോഗിക്കുന്ന 'ശ്ളീഹന്മാരുടെ അനാഫറയുടെയും വ്യാഖ്യാനവുമല്ല. 'അപ്പസ്തോലിക കോൺസ്ററിററ്യൂഷൻ' എട്ടാം അധ്യായത്തിൽ കാണുന്ന കുർബാനയുമായിട്ടാണു തിയോഡോറിൻെറ വ്യാഖ്യാനത്തിനു സാമ്യമുള്ളത്.

തിയോഡോർ അന്ത്യോക്യൻ പാത്രിയർക്കേററിൽപ്പെട്ടയാളാണ്. അന്ത്യോക്യൻസഭയിൽ നാലാം നൂററാണ്ടിൽ നട

www.malankaralibrary.com



പ്പിലിരുന്ന ഗ്രീക്ക് ലിററർജി—അതും പ്രാചീനമായ ലിററർജി—യാണു താൻ വ്യാഖ്യാനിക്കുന്നതെന്നു തിയോഡോർ പറയുന്നു.

കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിധ്യം, കുർബാന ബലിയാണെന്ന യാഥാർത്ഥ്യം കുർബാനയിലെ പരിശുദ്ധാത്മ പ്രവർത്തനം എന്നിവ അദ്ദേഹം ചർച്ച ചെയ്യുന്നു. കൂദാശയുടെ വെറും സിംബോളിക് വ്യാഖ്യാനം അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. കുർബാന സ്വീകരിക്കുന്നവൻ ഘനമായ പാപമുള്ളവനാണെങ്കിൽ രഹസ്യമായി പട്ടക്കാരൻെറയടുത്തു പാപം ഏററു പറഞ്ഞു മോചനം പ്രാപിച്ചിട്ടേ കുർബാന സ്വീകരണത്തിനണയാവൂ. കുർബാനസ്വീകരണത്താൽത്തന്നെ ലഘുപാപങ്ങൾ മായിക്കപ്പെടും. അതിനാൽ ലഘുപാപം നിമിത്തം കുർബാന സ്വീകരണത്തിൽ നിന്നു മാറി നിൽക്കരുതെന്നു നവശിഷ്യരെ അദ്ദേഹം ഉപദേശിക്കുന്നു. കുർബാന സ്വീകരിക്കുന്നവൻ പൂർണമായി ക്രിസ്തുവിനെ സ്വീകരിക്കുന്നു.

## ക്രിസ്തുശാസ്ത്രം

തിയഡോറിൻെറ ക്രിസ്തുശാസ്ത്രം സംബന്ധിച്ചാണു പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുള്ളത്. തിയഡോർ നെസ്തോറിയനിസം പഠിപ്പിച്ചു എന്നു പറയുന്നത് അദ്ദേഹത്തിൻെറ ക്രിസ്തു ശാസ്ത്രത്തെ അസ്പദമാക്കിയാണ്. തിയഡോർ രചിച്ച 'തിരുവവതാരം' എന്ന കൃതിയിൽ നിന്നു ബൈസാൻസ്യത്തിലെ ലെയോൺസ്യുസ് ശേഖരിച്ച ഭാഗങ്ങളും 'അപ്പൊള്ളിനാരിയസിനെതിരെ' എന്ന കൃതിയിൽ നിന്നുള്ള ഭാഗങ്ങളുമാണ് ആരോപണത്തിനാധാരം. അഞ്ചാം സാർവത്രിക സൂന്നഹദോസിൽ അവ ചർച്ചാവിഷയമായി. അവയുടെ വെളിച്ചത്തിൽ തിയഡോർ പാഷണ്ഡിയായി മുദ്രകുത്തപ്പെട്ടു. എന്നാൽ അദ്ദേഹം ജീവിച്ചിരുന്നപ്പോൾ പാഷണ്ഡതകളൊന്നും തന്നെ അദ്ദേഹത്തിലാരോപിക്കാൻ ആരും മുതിർന്നില്ല! അദ്ദേഹത്തെ പാഷണ്ഡിയായി വിധിക്കാൻ തയ്യാറാക്കിയ ഗ്രന്ഥഭാഗങ്ങൾ അവയുടെ യഥാർത്ഥ പശ്ചാത്തലത്തിൽ നിന്നു മന:പൂർവം മാററിയെടുത്തു കെട്ടിച്ചമച്ചുണ്ടാക്കിയവയാണെന്ന് ഇന്നു പലരും കരുതുന്നു.

പ്രാചീന സഭയിലും ആധുനികസഭയിലും തിയഡോർ തർക്കവിഷയമായിരുന്നു. അഞ്ചാം സാർവത്രിക സിനഡിൻെറ (533) തീരുമാനത്തിനു സർവ്വത്ര എതിർപ്പു നേരിട്ടന്നതിനെപ്പററി മുകളിൽ സൂചിപ്പിച്ചല്ലോ. ആധുനികകാല പണ്ഡിതന്മാർക്കും തിയഡോറിനെപ്പററി ഏകാഭിപ്രായമല്ല.

www.malankaralibrary.com



എന്നാൽ ഈയടുത്ത കാലത്തു ഭൂരിഭാഗം പണ്ഡിതരും തിയഡോർ സത്യവിശ്വാസിയായിരുന്നെന്നു് അംഗീകരിക്കുന്നവരാണു്

തിയഡോർ മരിച്ചശേഷം ഉണ്ടായ ക്രിസ്തുശാസ്ത്ര തത്വങ്ങളുടെ വെളിച്ചത്തിൽ തിയഡോറിനെ വിധിക്കുന്നതു ശരിയല്ല. തിയഡോറിന്റെ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തെ അളക്കേണ്ടതു സിറിലിന്റെ അലക്സാണ്ഡ്രിയൻ ക്രിസ്തുശാസ്ത്രം കൊണ്ടോ സെന്തോമസിന്റെ സ്കൊളാസ്റ്റിക് ക്രിസ്തുശാസ്ത്രം കൊണ്ടോ ആയിരിക്കരുതു്. എഫേസോസിൽ അലക്സാൺഡ്രിയൻ ക്രിസ്തുശാസ്ത്രത്തിന്റെ വൻവിജയവും അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ പരാജയവുമായിരുന്നു. എഫേസോസിന്റെ (431) വെളിച്ചത്തിൽ തിയഡോറിനെ വിമർശിച്ചതു തെററായിപ്പോയി എന്നാൽ തുടർന്നുണ്ടായ സിനഡിൽ (451) തിയഡോറിന്റെ ചിന്തകളുടെ സ്വാധീനം ദൃശ്യമാണു്. തിയഡോർ അഞ്ചാം നൂററാണ്ടിൽ ജീവിക്കേണ്ട ആളായിരുന്നില്ല. അന്നുണ്ടായ ക്രിസ്തുശാസ്ത്ര തർക്കങ്ങളിൽ അലക്സാണ്ഡ്രിയിൻ ഭാഷ്യത്തിനായിരുന്നു മേല്ക്കോയ്മ. അതു് സഭയുടെ ക്രിസ്തുശാസ്ത്രമായിത്തീർന്നു.

തിയഡോർ 'വചന—മാംസ' ക്രിസ്തുശാസ്ത്രത്തിന്റെ വിമർശകനായിരുന്നു. അലക്സാണ്ഡ്രിയക്കാരുടെ ക്രിസ്തു ശാസ്ത്രമാണിതു്. പ്രസ്തുത ചിന്താധാരയനുസരിച്ച് യേശുക്രിസ്തുവിന്റെ മാനുഷിക വശത്തിനുവേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്നു തിയഡോർ കരുതി. മാനിക്കേയർ, ജ്ഞാനവാദികൾ, ആരിയൂസിന്റെ പിൻഗാമികൾ, അപ്പൊള്ളിനാരിയർ എന്നിവർ തിയഡോറിന്റെ എതിരാളികളായിരുന്നു. 'വചന—മാംസ' ക്രിസ്തു ശാസ്ത്രത്തിൽ ക്രിസ്തുവിന്റെ മനുഷ്യാത്മാവിനു വേണ്ടത്ര പ്രാധാന്യം നൽകപ്പെട്ടിരുന്നില്ല. മനുഷ്യാത്മാവിന്റെ സ്ഥാനത്താണു് വചനമായ ദൈവമെങ്കിൽ, ശരീരം ആവശ്യങ്ങൾക്ക വിധേയമാകുമായിരുന്നില്ല. എന്നാൽ ക്രിസ്തു മാനുഷിക ബലഹീനതകൾക്ക വിധേയനായെങ്കിൽ, അതിനു കാരണമായ ഒരു തത്വം ഉണ്ടായിരിക്കണം. അതായതു് ഒരു മനുഷ്യാത്മാവു. മനുഷ്യരുടെ ആത്മാവിനെയും ശരീരത്തെയും രക്ഷിക്കാൻ വന്ന കർത്താവു് മനുഷ്യാത്മാവും മനുഷ്യശരീരവും സ്വീകരിച്ചിരിക്കണം. ഈ രീതിയിലേ മേല്പറഞ്ഞ പാഷണ്ഡതകളെ നിശ്ശേഷം അമർച്ച ചെയ്യുനാവൂ എന്നും അദ്ദേഹം വിശ്വസിച്ചു.

അന്ത്യോക്യൻ സഭയുടെ 'വചന—മനുഷ്യ' ക്രിസ്തുശാസ്ത്രത്തിന്റെ വക്താവായിരുന്നു തിയഡോർ. മനുഷ്യനെന്നു

www.malankaralibrary.com



നിലയിൽ യേശുക്രിസ്തു ആത്മാവും ശരീരവും ഉള്ള പൂർണ മനുഷ്യനായിരുന്നു. യേശുക്രിസ്തുവിൻെറ ഏകത്വം ദ്വിത്വവും രണ്ടു തട്ടിൽ കാണണം എന്നു അദ്ദേഹം വാദിച്ചു. ഏകത്വത്തെ എത്ര ആവർത്തിച്ചു പ്രഖ്യാപിച്ചാലും അതു ദ്വിത്വത്തെ (പൂർണ മനുഷ്യത്വത്തെയും പൂർണദൈവത്വത്തെയും) ഹനിക്കുന്നില്ല. യേശുക്രിസ്തുവിനെ പൂർണ മനുഷ്യൻ എന്നു പറയുന്നതു ഏക ആളത്വത്തെ ബലഹീനമാക്കുന്നില്ല. അതേ സമയം സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അന്തരം വ്യക്തമാക്കാനും തിയഡോർ ശ്രമിച്ചു. രണ്ടു തുല്യശക്തികൾ തമ്മിലുള്ള ഐക്യമല്ല യേശുക്രിസ്തുവിൽ നടന്നതു. സ്രഷ്ടാവാണു ദാസൻെറ രൂപമെടുത്തതു (പ്രസംഗം, 8:1). ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യം ഉത്ഭവത്തിൻെറ ആദ്യനിമിഷം മുതൽ പൂർണമായിരുന്നു. ക്രിസ്തുവിലെ ഇരുസ്വഭാവങ്ങളും തമ്മിലുള്ള ഐക്യത്തെ കുറിക്കാൻ താഴെപ്പറയുന്ന പദങ്ങൾ അദ്ദേഹം ഉപയോഗിച്ചിരിക്കുന്നു.

(a) നാഖീപൂസാ ഹതീതാ: ഈ പദം പല രീതിയിൽ ഈ കൃതിയിൽ വിവർത്തനം ചെയ്തിട്ടുണ്ടു. (1) സമ്പൂർണമായ ഐക്യം (പേജ് 27, 64, 66. 67); (2) അഭേദ്യമായ ഐക്യം (പേജ് 29. 30); (3) ഗാഢൈക്യം (പേജ് 63); (4) ദൃഢമായ ഐക്യം (പേജ് 25,64). (5) പരിപൂർണമായ ഐക്യം (64, 96, 98). (b) നാഖീപൂസാ ദ്മെംസ്യം: നിതാന്തമായ ഐക്യം (28). (c) നാഖീപൂസാ ദ്ലാ മെസ്മല്ലാ: അവാച്യമായ ഐക്യം (86, 92, 94). (d) നാഖീപൂസാ ദ്ലാ മെസ്പർശാ: അഭേദ്യമായ ഐക്യം (96); അഭേദ്യബന്ധം (98). (e) ശൗതാപൂസാ ഗ്മിർതാ: പരിപൂർണ ഐക്യം (63). 'ഐക്യം' എന്നതിനുപയോഗിച്ചിരിക്കുന്നതു നാഖീപൂസാ (Synapheia-conjunction) എന്ന വാക്കാണു്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിനും, പുത്രൻെറ ഈ സ്വഭാവങ്ങളും തമ്മിലുള്ള ബന്ധത്തിനും ഇരു വാക്കുതന്നെ (പേജ് 63, 64, 67, 90, 93, 94, 96).

ഇരുസ്വഭാവങ്ങളെപ്പററി പ്രതിപാദിക്കുന്നവയെല്ലാം ഒരേയൊരാളിനെപ്പററിയാണു്: അൽഹാദ് പർസോപാ (26–27. 29, 63); അക് ദ്ൽഅൽ ഹാദ് ബ്രാ(63, 66). പുത്രൻ പിതാവുമായി സമസത്തയാണു് (31, 41, 43, 44, 46, 47, 66, 106, 116, 117). 'സമസത്ത' എന്ന പദം ഹോമോഉസിയോസ് (Consubstantial) എന്നതിൻെറ വിവർത്തനമാണു്. പിതാവിനും പുത്രനും ഒരേ സത്തയാണു്, രണ്ടല്ല എന്നതു ഈ പദത്തിൻെറ അർത്ഥം. പിതാവിൻെറ അതേ സത്ത തന്നെ പുത്രനും; പുത്രൻെറ സത്തതന്നെ പരിശുദ്ധാത്മാവിനും. ഇരുസ്വഭാവ

www.malankaralibrary.com



ങ്ങളെപ്പററിയും സംസാരിക്കുന്നു (26, 27, 30, 64). ഇതു് കത്തോലിക്കാസഭയുടെ പ്രബോധനമാണു് (25, 126, 129, 130). പുത്രന്റെ രക്ഷാകര വ്യാപാരം (1, 2, 47, 48, 51, 66, 71, 73, 74, 79, 101 ff.) ഈ രീതിയിൽ നാം മനസ്സിലാക്കുന്നു. അവിടുന്നു തന്റെ ഭാവിനന്മകളിൽ (ദാനങ്ങളിൽ) നമ്മെ ഭാഗഭാക്കുകളാക്കും (2, 3, 5, 59, 70, 73, 79, 96, 104, 105, 106, 114, 117, 119, 128, 155ff.). ഈ ഐക്യം ഒരിക്കലും തകർക്കപ്പെട്ടിട്ടില്ല. മരണംപോലും ഈ ഐക്യം അവസാനിപ്പിച്ചില്ല. യേശുക്രിസ്തു; പൂർണമായ പ്രകൃതികൾ (സ്വഭാവങ്ങൾ) ഉള്ള ഏക കർത്താവാകുന്നു.

'വചനമായ ദൈവം ഒരു മനുഷ്യനെ എടുത്തു' എന്നു തുടങ്ങിയ പ്രയോഗങ്ങൾ കാണാം. എടുത്തു, സ്വീകരിച്ചു എന്നതു വിശുദ്ധ പൗലോസിൽനിന്നു വരുന്നതാണു്. 'ദൈവത്തിന്റെ സാദൃശ്യത്തിലായിരുന്നവൻ ദാസന്റെ സാദൃശ്യം എടുത്തു' (ഫിലി. 2:6–7). ദൈവസ്വഭാവമുള്ള വചനം തന്റെ ദൈവിക ആളിൽ നമ്മുടെ മനുഷ്യസ്വഭാവംകൂടി സ്വീകരിച്ചു എന്നാണതിന്റെ അർത്ഥം. തിയഡോറും മററു് അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞന്മാരും ദൈവം എന്ന പദവും ദൈവസ്വഭാവം എന്ന പദവും മാറിമാറി ഒരേ അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ടു്. അതുപോലെതന്നെ മനുഷ്യനും മനുഷ്യസ്വാഭവവും. 'മനുഷ്യനെ എടുത്തു' എന്നാൽ മനുഷ്യ പ്രകൃതി സ്വീകരിച്ചു എന്നേ അർത്ഥമുള്ളൂ. യേശുക്രിസ്തുവിന്റെ മനുഷ്യത്വം പൂർണമായ മനുഷ്യത്വമായിരുന്നു. അവിടുന്നു് ആത്മാവും ശരീരവും സ്വീകരിച്ചു. യേശുക്രിസ്തു പൂർണമനുഷ്യനായിരുന്നു. പൂർണമനുഷ്യൻ എന്നു പറയുന്നതുവഴി 'പുത്രത്വം' എന്ന ദൈവിക ആളത്വത്തിൽനിന്നു് വ്യത്യസ്തമായ ഒരാളത്വം യേശുക്രിസ്തുവിൽ ഉണ്ടായിരുന്നതായി അർത്ഥമാക്കുന്നില്ല. 'മനുഷ്യനെ എടുത്തു' എന്നു പറഞ്ഞാൽ 'വചനവും മാംസവും' കൂടി യോജിക്കുന്നതിനു മുമ്പു് മനുഷ്യൻ സ്ഥിതിചെയ്തിരുന്നു എന്നോ; പിന്നെ യോജിപ്പുണ്ടായി' എന്നോ അർത്ഥമാക്കുന്നില്ല. പരിശുദ്ധാത്മപ്രവർത്തനത്താൽ കന്യകമറിയാമിൽ മനുഷ്യശരീരം രൂപീകരിക്കപ്പെട്ടതും ആത്മാവും ദൈവത്വവും യോജിച്ചതും ഒരു നിമിഷത്തിലാണു്. ഇരു സ്വഭാവങ്ങളുടെ യോജിപ്പും മനുഷ്യന്റെ ഉത്ഭവവും ഒരേ ഒരു നിമിഷം സംഭവിച്ചു. വചനം ആത്മാവുമായും ശരീരവുമായും ഐക്യപ്പെട്ടു. ഇതിനെ 'എടുത്തു' എന്നു തിയഡോർ പറയുന്നു എന്നു മാത്രം.

ക്രിസ്തുശാസ്ത്ര വികസനത്തിനു് തിയഡോർ നൽകിയത്രയും സംഭാവന ക്രി. വ. 381–നും 431–നും ഇടയ്ക്കു ജീവിച്ച ദൈവശാസ്ത്രജ്ഞന്മാരിൽ ആരുംതന്നെ നൽകിയിട്ടില്ല.

www.malankaralibrary.com



കാൽസിഡൺ സിനഡിൻെറ ദൈവശാസ്ത്രത്തിലേക്കു വഴി തെളിച്ച പല ചിന്താധാരകളും തിയഡോറിൻെറ നേട്ടങ്ങളായി എടുത്തു പറയേണ്ടവയാണ്. അപ്പൊള്ളിനാരിയസിൻെറയും അലക്സാണ്ഡ്രിയക്കാരുടെ 'വചന—മാംസ' ക്രിസ്തുശാസ്ത്രത്തിൻെറയും കുറവുകളെ ചൂണ്ടിക്കാട്ടിയതു തിയഡോറിൻെറ നേട്ടംതന്നെയാണ്. ക്രിസ്തുവിൻെറ മനുഷ്യാത്മാവിനു് അർഹിക്കുന്ന ദൈവശാസ്ത്ര പ്രാധാന്യം നൽകിയതിൽ അദ്ദേഹം വിജയിച്ചു. ദൈവശാസ്ത്ര വളർച്ചയിൽ തിയഡോറിയൻ സംഭാവന വിസ്മരിച്ചിട്ടു ചെയ്യാത്ത തെററുകൾ ആരോപിക്കുന്നതു ശരിയല്ല. തിയഡോറിൻെറ ജീവിതകാലത്തു ക്രിസ്തുവിൻെറ ആളത്തത്തെ സംബന്ധിച്ച പഠനങ്ങൾ—ഫ്യൂസിസ്, ഹ്യൂപ്പോസ്റ്റസിസ്, പർസോപ്പാ എന്നിവ തമ്മിലുള്ള ബന്ധം തുടങ്ങിയവ—കൃത്യമായി ഒരു സാർവത്രിക സൂനഹദോസിലും വ്യക്തമാക്കിയിരുന്നില്ല. തിയഡോറിൻെറ എതിരാളികൾ ശേഖരിച്ച രേഖാശകലങ്ങൾ ഉപയോഗിച്ചാണല്ലോ വിധി നടന്നതു്. അതു മാററിവച്ചിട്ട്, സുറിയാനി വിവർത്തനങ്ങളിലേക്കു പോയേ മതിയാവൂ എന്നു പണ്ഡിതന്മാർ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. തിയഡോറിനെതിരെ അഞ്ചാം സാർവത്രിക സിനഡ് പാസ്സാക്കിയവിധി വാചകവും മാററിക്കുറിക്കണം എന്നു പല പണ്ഡിതന്മാരും വാദിക്കുന്നു.

തിയഡോറിൻെറ മതാധ്യാപന പ്രസംഗത്തിൽ പാഷണ്ഡതയില്ലെന്നു തറപ്പിച്ചു പറയാൻ സാധിക്കും. ഇവിടെ വിവർത്തനത്തിനുപയോഗിച്ചതു മുഖ്യമായും താഴെപ്പറയുന്ന കൃതികളാണ്: A. Mingana, Commentary of Theodore of Mopsuestia on the Nicene Creed (WoodbrookeStudies,5),Cambridge 1932; Commentary of Theodore of Mopsuestia on the Lord's prayer and on the Sacramens of Baptism and the Eucharist (Woodbrocke Studies, 6), Cambridge, 1933; R. Tonneau-R. Devreesse, Les Homelies Catechetique de Theodore de Mopsueste, (ST 145), Vatican City, 1949.

ഒന്നാം പ്രസംഗം 'വിശ്വാസത്തെ' സംബന്ധിച്ചാണ്. 'മഹനീയ സംഗതികളെ'പ്പററി ചർച്ച ചെയ്യാൻ മനുഷ്യമനസ്സ് അപര്യാപ്തമാണെന്ന ആമുഖത്തോടുകൂടിയാണ് പ്രസംഗം ആരംഭിക്കുക. തുടർന്നു നിഖ്യാവിശ്വാസ പ്രമാണത്തിലെ ഓരോ ഭാഗവും വിശകലന വിധേയമാക്കുന്നു.

1 സർവശക്തനായ പിതാവും....ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു I. 8 ff. പേജ്—6 ff). രണ്ടാം പ്രസംഗവും ഏക ദൈവത്തിലുള്ള 'വിശ്വാസത്തെപ്പററി'ത്തന്നെയാണ് പ്രതിപാദിക്കുക. മൂന്നാം പ്രസംഗം 'നമ്മുടെ രക്ഷയ്ക്കു

www.malankaralibrary.com



വേണ്ടി മനുഷ്യനായിത്തീർന്ന പുത്രനെപ്പററിയാണ്: (2) ദൈവത്തിന്റെ ഏകപുത്രനും....കർത്താവീശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു (iii. 1ff. പേജ് 23 ff). ഈശോമിശിഹായുടെ ഇരുസ്വഭാവങ്ങളും തമ്മിലുള്ള ഐക്യത്തെ ചർച്ചാവിഷയമാകുന്നു (iii.6 ff: പേജ്? 26 ff). ഇരുസ്വഭാവങ്ങളുള്ള ഏകയാളിനെപ്പററിയാണു ചർച്ച. ആ ആരം പുത്രൻ തമ്പുരാനാണ് (iii.7; പേജ് 27 ff). ഈ ഐക്യത്തെക്കുറിക്കാൻ പല പദങ്ങരം തിയഡോററിൽ കാണാം (മുകളിൽ പേജ് കാണുക). ത്രിത്വത്തിലെ ഐക്യവും ക്രിസ്തുവിലെ ഐക്യവും സൂചിപ്പിക്കാൻ 'നാഖീപൂസാ' എന്ന ഒരേ പദമാണ് ഉപയോഗിക്കുന്നതു്. എന്നാൽ ത്രിത്വത്തിൽ വ്യക്തികളാണെന്നും ക്രിസ്തുവിൽ സ്വഭാവങ്ങളാണെന്നും തിയഡോർ വ്യക്തമായി അറിഞ്ഞിരുന്നു. ഈശോമിശിഹായിലെ ത്രിത്വം പ്രസ്പഷ്ടമാക്കാനാണ് 'നാഖീപൂസാ' എന്ന പദം ഉപയോഗിക്കുന്നതു്.

നാലാം പ്രസംഗം പുത്രനെപ്പററിയുള്ള നിഖ്യാ പ്രബോധനം തുടർന്ന് അപഗ്രഥിക്കുന്നു: (3) 'യുഗങ്ങരംക്കെല്ലാം മുൻപ് പിതാവിൽനിന്നു ജനിച്ചവനും' [iv,1: പേജ് 35 ff). (4) സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും' (iv. 8: പേജ് 38ff). (5) 'അവനാൽ ലോകങ്ങരം നിർമ്മിക്കപ്പെടുകയും സമസ്തവും സൃഷ്ടിക്കപ്പെടുകയും ചെയ്തു (iv. 18; പേജ് 43 ff). ഈ അധ്യായത്തിൽ നിത്യതയിൽ പിതാവിനോടുകൂടിയിരുന്ന വചനമായ ദൈവത്തെപ്പററിയാണു പരാമർശനം.

അഞ്ചാം പ്രസംഗം പുത്രന്റെ രഹസ്യപൂർണമായ മനുഷ്യാവതാരത്തെ അപഗ്രഥിക്കുന്നു. (6) 'ഏകജാതനായ പുത്രനും സർവസൃഷ്ടികളുടെയും ആദ്യജാതനും' (v. 1 ff. പേജ് 46) (7) 'നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും താഴെക്കിറങ്ങിവന്നു' (v. 3 ff. പേജ്47 ff). (8) അവിടുന്നു ജഡം ധരിച്ചു മനുഷ്യനായി (v. 7 ff. പേജ് 50). അവിടുന്നു എപ്രകാരം ഏകജാതനും ആദ്യജാതനുമായിരിക്കുന്നു; അവിടുന്ന് എപ്രകാരം പൂർണാത്മാവും പൂർണശരീരവുമുള്ള മനുഷ്യനെ സ്വീകരിച്ചു; അതുമായി ബന്ധപ്പെട്ട അബദ്ധ പ്രബോധനങ്ങരം ഏവയെല്ലാം എന്നിവ ഇവിടെ ചർച്ചചെയ്യുന്നു. ആറാം പ്രസംഗവും വിശ്വാസപ്രമാണസത്യങ്ങളെക്കുറിച്ചുള്ള ചർച്ചതുടരുകയാണ്. (9) 'അവിടുന്നു കന്യകാമറിയത്തിൽനിന്നു ജനിച്ചു; പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെട്ടു' (vi. 1 ff:പേജ് 61 ff:) ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം—ഈശോമിശിഹായിലെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ബന്ധം—ഇവിടെ വിശകലന വിധേയമാക്കുന്നു. ഈ ഐക്യം ഉത്ഭവത്തിന്റെ ആദ്യനാഴികമുതൽ പരിപൂർണവും

www.malankaralibrary.com


ദഢവും അവാച്യവും നിതാന്തവും നിരന്തരവും ആണ്. അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അർത്ഥമെന്തെന്നും ഈ ഭാഗം വ്യക്തമാക്കുന്നു (പേജ് 69 ff).

ഏഴാം പ്രസംഗവും കർത്താവിന്റെ മനുഷ്യാവതാര വ്യാപാരത്തെപ്പറ്റിയാണ്. തൽസംബന്ധമായി ഇതു് മൂന്നാം പ്രസംഗമാണ്. (10) 'അവൻ കബറടക്കപ്പെട്ടു; എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം ഉത്ഥാനം ചെയ്തു' (vii: 3 ff: പേജ് 77ff). കർത്താവിന്റെ മരണവും ഉയിർപ്പും ചർച്ച ചെയ്യുന്നു. (11) 'സ്വർഗത്തിലേക്കു കരേറി' (vii. 9; പേജ് 81 ff). (12) 'ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും' (vii. 11: പേജ് 82 ff). നമ്മുടെ മരണം കർത്താവിന്റെ മരണവുമായി ബന്ധിക്കുന്നു. എട്ടാം പ്രസംഗം ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ബന്ധം വ്യാഖ്യാനിക്കുന്നു (പേജ് 87 ff). രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും രണ്ടാളുകളായി വേർതിരിക്കപ്പെടാത്തതിന്റെ കാരണങ്ങൾ ആരായുന്നു.

ഒൻപതാം പ്രസംഗം പരിശുദ്ധാത്മാവിനെപ്പററിയാണ്.(13)'പരിശുദ്ധാത്മാവിലും'(ix. 1: 101 ff). പരിശുദ്ധാത്മാവിനു പിതാവിനോടും പുത്രനോടുമുള്ള ബന്ധം ഇവിടെ ചർച്ച ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച ചിലരുടെ കപട പ്രബോധനങ്ങൾക്കെതിരെ ജാഗരൂകരായിരിക്കാൻ അദ്ദേഹം ജനങ്ങളെ ഉപദേശിക്കുന്നു. പത്താം പ്രസംഗത്തിലും പരിശുദ്ധാത്മാവിനെപ്പററി ചർച്ചയുണ്ട് (x. 1–14). തുടർന്നു് (14) 'ഏക കത്തോലിക്കാ സഭയിലും' (x. 15. പേജ്, 126ff). (15) 'പാപമോചനത്തിനുള്ള മാമോദീസായിലും' (x. 20: 130). (16) 'ശരീരത്തിന്റെ ഉയിർപ്പിലും നിത്യജീവനിലും' (x. 21: പേജ് 131 ff). എന്ന വിശ്വാസസത്യങ്ങൾ അപഗ്രഥിക്കുന്നു.

ഇപ്രകാരം ഒന്നു മുതൽ പത്തുവരെയുള്ള പ്രസംഗങ്ങൾ (പേജ് 1–132) നിഖ്യാവിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമാണ്. ഇവ സ്നാനത്തിനു മുൻപു നല്കപ്പെടുന്നു. ആദ്യത്തെ പത്തു പ്രസംഗങ്ങൾ ഒരാളും പിന്നത്തെ ആറെണ്ണം വേറൊരാളും ഗ്രീക്കിൽനിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്തിരിക്കാനാണു സാധ്യത.

പതിനൊന്നാം പ്രസംഗം: കർതൃ പ്രാർത്ഥന അപഗ്രഥിക്കുന്നു. ആദ്യമായി പ്രാർത്ഥനയെപ്പററി പൊതുവായി ചർച്ച ചെയ്യുന്നു (xi.1–5: പേജ് 133–138). പിന്നീടു കർതൃപ്രാർത്ഥ

www.malankaralibrary.com



നയിലെ ഓരോ ഭാഗവും വിശദീകരിക്കുന്നു. (1) 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' (xi. 7ff: പേ. 139ff). (2) 'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ' (xi. 10:141–142); (3) നിന്റെ രാജ്യം വരണമെ (xi. 11; പേ. 142–3). (4) നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ (xi: 12ff പേ. 143–145). (5) ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു നൽകണമെ (xi. 14; പേ. 146–148). (6) ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ (xi. 16; 148–149). (7) ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ (15.148) (8) ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ (17:149–150) (9) ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ (xi. 18–19: പേ. 150–151).

തുടർന്നുള്ള മൂന്നുപ്രസംഗങ്ങൾ മാമോദീസായെപ്പററിയാണ് (12–13–14: പേജ് 152ff). മാമോദീസായുടെ ദൈവശാസ്ത്രവ്യാഖ്യാനം കർമങ്ങളുടെ അർത്ഥം ആദിയായ സംഗതികളെല്ലാം അർത്ഥമിക്ക വിവരിച്ചു കൊടുക്കുന്നു: പേരെഴുത്ത് (പേ. 162); തലതൊടുന്നയാൾ (162), പിശാചിനെ ഉപേക്ഷിക്കൽ (165ff): 'ഞാൻ സാത്താനെയും അവന്റെ എല്ലാ ദൂതന്മാരെയും....ഉപേക്ഷിക്കുന്നു. പിതാവിന്റെയും പുത്രന്റെയും....മാമോദീസാ മുക്കപ്പെടുന്നു' (പേ. 177), റൂശ്മാ (പേ. 187): 'ഇന്നാർ പിതാവിന്റെയും....റൂശ്മാ ചെയ്യപ്പെടുന്നു.' അഭിഷേകതൈലം കൊണ്ടുള്ള പൂശൽ (197). മാമോദീസാ (197ff) 'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കപ്പെടുന്നു'(202 ff). വെള്ളവസ്ത്രം ധരിക്കുന്നു (പേ. 213). പരിശുദ്ധാത്മദാനം ലഭിക്കാനുള്ള റൂശ്മാ (213) എന്നീ ക്രമത്തിലാണു ചർച്ച.

പതിനഞ്ചും പതിനാറും പ്രസംഗങ്ങൾ വി. കർബാനയെ സംബന്ധിച്ചുള്ളതാണ്. സ്നാനം സ്വീകരിക്കുന്നവർ അവശ്യാവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികൾ ഈ പതിനാറു പ്രസംഗങ്ങളിൽ അടങ്ങിയിരിക്കുന്നു.

'ക്രിസ്തീയതത്വങ്ങൾ' എന്ന ഒരനുബന്ധംകൂടി ഈ കൃതിയിൽ ചേർത്തിട്ടുണ്ട്. പല പ്രശ്നങ്ങളെ സംബന്ധിച്ചും തിയഡോറിന്റെ വീക്ഷണഗതി ഗ്രഹിക്കാൻ ഇതു സഹായിക്കും.

Cfr. A. Mingana, Synopsis of Christian Doctrine in the Fourth Century according to Theodore of Mopsuestia (Woodbrooke Studies, 5), Cambridge, 1932, p. 296-316).

www.malankaralibrary.com



തിയഡോറിന്റെ പ്രസംഗങ്ങളുടെ മലയാളവിവർത്തനം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നു. ഇതിന്റെ വിവർത്തനം, തിരുത്തൽ, പകർത്തി എഴുത്ത് എന്നിവയിൽ സഹകരിച്ച റവ. ഫാ. കുര്യൻ വാലുപറമ്പിൽ, റവ. പോരം മണിയാട്ട്; സൂസൻ ജോയി; സി. ഡി. തോമസ്, എം. എ.; ലിസി മാത്യു, എന്നിവർക്ക് ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം രൂപസൗഷ്ഠവത്തോടെ വെളിച്ചത്തു കൊണ്ടുവരുവാൻ ബുദ്ധിമുട്ടിയ മാങ്ങാനം ആശ്രമം പ്രസ്സിലെ അധികാരികളെയും എല്ലാ പ്രവർത്തകരെയും കൃതജ്ഞതാപൂർവം ഓർക്കുന്നു. ഈ കൃതി മലയാളഭാഷയിലാക്കി പ്രസിദ്ധീകരിക്കാൻ എല്ലാ പ്രേരണയും സഹായവും പ്രോത്സാഹനവും തന്ന ഈ. ആർ. ഹംബി അച്ചനും പൗരസ്ത്യ തിരുസംഘത്തിനും ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നു.

മലങ്കര കത്തോലിക്കാ സഭാധ്യക്ഷനും ഭാരത കത്തോലിക്കാമെത്രാന്മാരുടെ സംഘത്തിന്റെ ഇപ്പോഴത്തെ ഉപാധ്യക്ഷനും തിരുവനന്തപുരം ആർച്ചു ബിഷപ്പുമായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ സ്മൃതി സ്മാരകമായി (ഫെബ്രുവരി 1,1986) ഈ കൃതി സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഈ കൃതി ആദ്യന്തം വായിച്ച് ഒരവതാരിക എഴുതിത്തന്ന അഭിവന്ദ്യ പിതാവിനോടും ആശംസാസന്ദേശം നൽകിയ വന്ദ്യഗുരുഭൂതൻ ബ. ഡോ. കൂടപ്പുഴയച്ചനോടും ഉള്ള കടപ്പാട് രേഖപ്പെടുത്തിക്കൊള്ളട്ടെ. ഭാരതത്തിലെ മാർ തോമ്മാ നസ്രാണികളുടെ ദൈവശാസ്ത്രവികസനത്തിന് ഈ വിശിഷ്ട കൃതി സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി സഹൃദയ സമക്ഷം സസന്തോഷം ഇതു സമർപ്പിക്കുന്നു.

പൗരസ്ത്യവിദ്യാപീഠം — ഫാദർ ഗീവർഗീസ് ചേടിയത്ത്
കോട്ടയം, 686010
16–7–1986

www.malankaralibrary.com

# ജി. ചേടിയത്തിന്റെ കൃതികൾ

| | | |
|---|---|---|
| സഭാപിതാക്കന്മാർ, | കോട്ടയം | 1980 |
| ആദിമസഭയുടെ സന്ദേശം, | ,, | 1981 |
| മലങ്കരഗീതങ്ങൾ, | ,, | 1981 |
| കൂദാശാഭാഷ്യം, | ,, | 1982 |
| ക്രൈസ്തവഗീതങ്ങൾ, | ,, | 1982 |
| സുറിയാനിസഭാപിതാക്കന്മാർ, | ,, | 1982 |
| സഭാചരിത്രപഠനങ്ങൾ, | ,, | 1982 |
| ഹെർമാസിന്റെ ഇടയൻ, | ,, | 1982 |
| കർതൃപ്രാർത്ഥന (ed.), | ,, | 1982 |
| ഗിരിപ്രഭാഷണം (ed.), | ,, | 1982 |
| The Christology of Babai, | ,, | 1982 |
| ബൈബിൾ ഗീതങ്ങൾ, | ,, | 1983 |
| ആദിമസഭാ പിതാക്കന്മാർ, | ,, | 1983 |
| പ്രാചീന സന്യാസചരിത്രം, | ,, | 1983 |
| Bibliographical Survey (co-ed.), | ,, | 1984 |
| ഇൻഡ്യൻ അനാഫറ, | ,, | 1984 |
| മാർ തോമാശ്ലീഹായുടെ ദുക്റാന, | ,, | 1984 |
| എവുസേബിയസ്, തിരുസഭാചരിത്രം (ed.), | ,, | 1985 |
| മാർത്തോമ്മായുടെ നടപടികൾ (ed.) | ,, | 1985 |
| സന്യാസത്തിന്റെ അന്തർധാര, | ,, | 1985 |
| പൗരസ്ത്യകാതോലിക്കോസ്, | ,, | 1985 |
| ഒരിജെൻ, ഉത്തമഗീതഭാഷ്യം (ed.), | ,, | 1986 |
| തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ | ,, | 1986 |
| അന്ത്യോക്യൻസഭ—ഉത്ഭവവും വളർച്ചയും | ,, | 1986 |

www.malankaralibrary.com

# 1

# ഒന്നാം പ്രസംഗം

## വിശ്വാസം

നമ്മുടെ കർത്താവീശോമിശിഹായുടെ ശക്തിയാൽ, മുന്നൂററിപതിനെട്ടു പിതാക്കന്മാർ രചിച്ച വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാതാവായ മാർ തിയഡോർ രചിച്ച ഭാഷ്യം എഴുതുവാൻ തുടങ്ങുന്നു.

1. നമ്മുടെ മുൻപിലുള്ള വിഷയങ്ങളുടെ മഹനീയതയ്ക്കു തുല്യമായി ഏതു ബുദ്ധിയാണുള്ളത്? 'എന്തു പ്രതിപാദനമാണ് അതിന് അനുയോജ്യമായിട്ടുള്ളത്? അല്ലെങ്കിൽ ഈ രഹസ്യങ്ങൾ പഠിപ്പിക്കുവാൻ കഴിവുററ ഏതു നാവാണുള്ളത്? നിർമ്മാതാവു തന്റെ മഹാ വിജ്ഞാനത്താൽ സൃഷ്ടിച്ചിരിക്കുന്ന സൃഷ്ടവസ്തുക്കളുടെ സൃഷ്ടസ്വഭാവത്തെപ്പററി കൃത്യമായി വിവരിക്കുവാൻ നമ്മുടെ നാവുകൾ അശക്തങ്ങളാണെങ്കിൽ നമ്മുടെ സ്വഭാവത്തെക്കാൾ ഉപരിസ്ഥമായവ മനുഷ്യമനസ്സുകളെക്കാൾ എത്രയോ ഉപരിസ്ഥമാണ്? നാം സംസാരിക്കുവാൻ ആഗ്രഹിക്കുന്ന സംഗതികൾ അത്തരത്തിലുള്ളതാണ്. അവ തീർച്ചയായും നമുക്ക് അവർണ്ണ്യമാണ്. ഭാഗ്യവാനായ പൗലോസ് ഇവയെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തി പറയുന്നു: 'തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം സജ്ജീകരിച്ചിരിക്കുന്നവ കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; മനുഷ്യമനസ്സ് വിഭാവനം ചെയ്തിട്ടുമില്ല' (1കൊരി. 2: 9).

2. ഇത്തരം മഹനീയ സംഗതികളെപ്പററി പ്രതിപാദിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഈ ദിവ്യ രഹസ്യങ്ങളുടെ സന്തുഷ്ടിയിലേക്കാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. പെസഹായുടെ വലിയ പെരുന്നാളിന്റെ ഈ അവസരം അവയെപ്പററിയുള്ള പഠനത്തിനു തികച്ചും യോജിച്ചതാണ്. ആ സ്വർഗീയ ദാനങ്ങൾ നാം അറിയേണ്ടതില്ലെന്നു ദൈവം തീരുമാനിച്ചിരുന്നെങ്കിൽ അവയെപ്പററി പ്രതിപാദിക്കുവാൻ നമുക്കു സാധിക്കയില്ലായിരുന്നുവെന്നു വ്യക്തമാണ്. അറിയാത്തവയെക്കുറിച്ച് ആർക്ക് പ്രതിപാദിക്കാനാവും? എന്നാൽ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ രക്ഷാകര വ്യാപാര

www.malankaralibrary.com



ത്തിൽ വ്യക്തമാക്കിയ അവനിലെ വിജ്ഞാനം നമുക്കു വെളിപ്പെടുത്തണമെന്നു ലോകസ്ഥാപനത്തിനു മുമ്പ് (യോഹ. 17: 24) ആദിമുതൽക്കേ അവിടുന്നാഗ്രഹിച്ചതിനാൽ (എഫേ. 1: 8–9; കൊളോ. 1. 26; 4: 3–7) ഈ നിഗൂഢ രഹസ്യങ്ങളും ഈ ദാനങ്ങളുടെ മഹത്ത്വവും നമുക്കു വെളിപ്പെടുത്തിത്തന്നു. പരിശുദ്ധാത്മാവിലൂടെ അവയെക്കുറിച്ചുള്ള അറിവ് മനുഷ്യർക്കു നൽകുകയും ചെയ്തു. ഈ ഭാവി നന്മകളിലേക്ക് വിശ്വാസംവഴി പടിപടിയായി യോഗ്യമായ രീതിയിൽ നാം മുന്നേറുവാനായി, പരിശുദ്ധാത്മശക്തിയാൽ പരികർമ്മം ചെയ്യപ്പെടുന്ന മഹത്തരവും അവാച്യവുമായ രഹസ്യങ്ങൾ ദൈവം തന്റെ ആത്മാവു മുഖേന നമുക്കു വെളിപ്പെടുത്തുകയും നമ്മെ കാണിക്കുകയും ചെയ്തിരിക്കുന്നു (1 കൊരി. 2: 10). നമുക്കു നൽകപ്പെട്ട ദൈവകൃപയ്ക്ക് അനുസൃതമായി നമ്മെക്കാൾ ഉപരിസ്ഥമായ ഈ അവാച്യ സംഗതികളെപ്പററി ആത്മവിശ്വാസത്തോടുകൂടി പ്രതിപാദിക്കുവാൻ നാം ആഗ്രഹിച്ചതു് ഈ കാരണത്താലാണ്. ഭീതിജനകമായ ഈ രഹസ്യങ്ങളിൽ ഭാഗഭാക്കാകാൻ ആഗ്രഹിക്കുന്നവരോട് ഇവയെപ്പററി സംസാരിക്കുവാൻ ഈ പെരുന്നാളിന്റെ അവസരം ഇതാ വഴിയൊരുക്കിയിരിക്കുന്നു.

3. 'കർത്താവിനു് ഒരു പുതിയ ഗീതം ആലപിക്കുവിൻ, എന്തെന്നാൽ അവിടുന്നു മഹനീയ കാര്യങ്ങൾ ചെയ്തിരിക്കുന്നു' (സങ്കീ. 96: 1) എന്നു് പറയുവാനുള്ള സമയമാണിപ്പോൾ! വാസ്തവത്തിൽ, പുതിയ സംഗതികൾക്കു പുതിയ ഗീതം വേണ്ടിയിരിക്കുന്നു. ഈ വിശുദ്ധ ഗ്രന്ഥവാചകം പുതിയനിയമത്തെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ രക്ഷാകര വ്യാപാരത്താൽ പഴയവ നീക്കി അവയുടെ സ്ഥാനത്തു പുതിയവ സ്ഥാപിച്ചുകൊണ്ടു മനുഷ്യകുലത്തോടു് ദൈവം പ്രഖ്യാപിച്ച വാചകമാണിതു്. കാരണം 'ക്രിസ്തുവിൽ ആയിരിക്കുന്ന ഏവനും പുതിയ സൃഷ്ടിയാകുന്നു; പഴയതു കടന്നുപോയി; എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു' എന്നു് പറയപ്പെട്ടിരിക്കുന്നു (2കൊരി. 5:17). മരണവും നാശവും ഇല്ലാതായി; വേദനകളും വ്യതിയാനങ്ങളും നീങ്ങിപ്പോയി; പുതിയ സൃഷ്ടിയുടെ ജീവിതം ഇതാ, വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മരിച്ചവരിൽനിന്നുള്ള നമ്മുടെ ഉത്ഥാനശേഷം ഈ ജീവൻ പ്രാപിക്കാമെന്നു് നാം പ്രതീക്ഷിക്കുന്നു. മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിൽ അവിടുന്നു നമ്മെ പഴയതിനു പകരം പുതുതാക്കും; നാശത്തിനും മരണത്തിനും പകരം അമർത്ത്യരും അനശ്വരരുമാക്കും.

www.malankaralibrary.com



നവീകരിക്കപ്പെടുന്നവർക്കു ചേരുന്ന ഈ പുതിയ ഉടമ്പടി അവിടുന്നു നമുക്കു നല്കി; ഈ രഹസ്യങ്ങളെപ്പററിയുള്ള അറിവ് ഈ ഉടമ്പടിവഴി ലഭിക്കുന്നു. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് സ്രഷ്ടാവിൻെറ പ്രതിച്ഛായക്കനുസൃതം നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുന്നതിനാണിത്. അവിടെ ഗ്രീക്കുകാരനെന്നോ, സ്വതന്ത്രനെന്നോ, അടിമയെന്നോ വ്യത്യാസം ഇല്ല. മിശിഹാ എല്ലാററിലും എല്ലാമാകുന്നു (കൊളോ. 3:9–11). നാം അമർത്ത്യരും നാശമില്ലാത്തവരും ആയിത്തീരുന്നതും നമുക്ക് ഭാഗഭാഗിത്വം ലഭിക്കുന്നതും ക്രിസ്തുവിനെപ്പററി നാം നിരന്തരം ധ്യാനിച്ചുകൊണ്ടിരിക്കുന്നതും യൂദനെന്നോ, യവനനെന്നോ, സ്വതന്ത്രനെന്നോ, അടിമയെന്നോ ഉള്ള അവസ്ഥ നീക്കപ്പെടുന്നതും ഈ ലോകത്തിൻെറ ഛായയുടെ എല്ലാ വഴികളും പരിപൂർണമായി അപ്രത്യക്ഷമാകുന്നതുമായ ഭാവിലോകത്തിലാണിതു സംഭവിക്കുന്നത്. ഭാഗ്യവാനായ പൗലോസിൻെറ സാക്ഷ്യമനുസരിച്ച്, ക്രിസ്തുവിൻെറ ഛായയിൽ അമർത്ത്യവും നാശരഹിതവുമായ സ്വഭാവമുള്ളവരായി തീർന്നവർക്ക് യൂദനെന്നോ, ഗ്രീക്കുകാരനെന്നോ സ്വതന്ത്രനെന്നോ, അടിമയെന്നോ ഉള്ള അവസ്ഥ എന്തു വ്യത്യാസമാണ് ഉണ്ടാക്കുന്നത്? (റോമ. 8: 29; 1 കൊറി. 15: 49; 2 കൊറി. 3: 18).

4. ഭാവി ദാനങ്ങളുടെ വാസ്തവികതയിലുള്ള ഉറച്ച വിശ്വാസം നമുക്ക് അനിവാര്യമായി ഉണ്ടായിരിക്കണം. അവയുടെ മാഹാത്മ്യം നിമിത്തം അവയെപ്പററി നാം ലവലേശം സംശയിക്കാൻ പാടില്ല. അവ നമ്മുടെ സ്വഭാവത്തിൽ നിന്നു വളരെ അകന്നും ഉപരിസ്ഥവുമായി നാം കാണുന്നു. ഭീതിജനകമായ ഈ രഹസ്യങ്ങൾവഴി പ്രതിരൂപങ്ങളിലൂടെയെന്നവണ്ണം, ആത്മവിശ്വാസത്തോടുകൂടി നമ്മുടെ ഭാവി പ്രത്യാശയെ നാം സമീപിക്കുന്നതിനും ഈ ദാനങ്ങളിൽ സംശയലേശമെന്യേ വിശ്വാസം ഉണ്ടാകുന്നതിനുമായി ഇവ നമുക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നു. പുതിയ ലോകത്തിനു ചേർന്ന വിധം ജീവിതം ക്രമീകരിച്ചുകൊണ്ടു നമുക്കു ജീവിക്കാം. നമ്മുടെ സേവനം സ്വർഗത്തിലാണ് (ഫിലി. 3: 20). 'നമ്മുടെ വാസം സ്വർഗീയമാണ്.' കരനിർമ്മിതമല്ലാത്ത ഒരു ഭവനം നമുക്ക് സ്വർഗത്തിലുണ്ട് (2 കൊറി. 5: 1; എബ്രാ. 9: 11–24) എന്നീ വാചകങ്ങൾക്കനുസൃതമായി നമ്മുടെ കഴിവനുസരിച്ച് ഈ ലോകത്തിൽ നമ്മുടെ ജോലികൾ ക്രമീകരിച്ച് ജീവിക്കാം.

ഈ രഹസ്യങ്ങൾ വഴി ഭാവിലോകത്തിൻെറ ഭീതിജനകമായ മഹത്വത്തിലേക്ക് ഈ ഭൂമിയിൽ ആയിരിക്കവേതന്നെ

www.malankaralibrary.com



നാം പേരെഴുതപ്പെട്ടിരിക്കുന്നു. എന്നാൽ കഴിയുംവിധം ദൃശ്യവസ്തുക്കളെ നിസ്സാരമായി കരുതിക്കൊണ്ടും സ്വർഗീയമായവയെ കാംക്ഷിച്ചുകൊണ്ടും നാം സ്വർഗീയ ജീവിതം നയിക്കണം. ഭീതിജനകമായ ഈ രഹസ്യങ്ങളിൽ ഉടനെ പങ്കുചേരുന്നവർ അപ്രകാരം ചെയ്യുന്നതു് ദൈവകൃപയാൽ പ്രചോദിതരായിട്ടാണു്. നിസ്സാരവും സാധാരണവുമായ ദാനങ്ങളിൽ പങ്കുകൊള്ളാനല്ല, പിന്നെയോ പുതിയ മനുഷ്യരായി, പരിപൂർണമായി രൂപാന്തരപ്പെടുന്നതിനും ദൈവകൃപാവരത്താൽ ലഭിക്കുന്ന വിവിധ ദാനങ്ങൾ സ്വന്തമാക്കുന്നതിനുമാണിതു്. മർത്ത്യർ അമർത്ത്യരായിത്തീരുന്നു. നശ്വരർ അനശ്വരരായിത്തീരുന്നു. സഹനാധീനർ സഹനാതീതരായിത്തീരുന്നു. വ്യതിയാനവിധേയർ വ്യതിയാനരഹിതരായിത്തീരുന്നു; ബന്ധിതർ സ്വതന്ത്രരായിത്തീരുന്നു; ശത്രുക്കൾ മിത്രങ്ങളായിത്തീരുന്നു. അപരിചിതർ മക്കളായിത്തീരുന്നു. അവർ ഇനിയും ആദാമിന്റെ ഭാഗമായിട്ടല്ല, മിശിഹായുടെ ഭാഗമായിട്ടത്രേ കരുതപ്പെടുക. ആദാമിനെയല്ല, തങ്ങളെ നവീകരിച്ച മിശിഹായെയത്രേ അവർ തങ്ങളുടെ ശിരസ്സായി കണക്കാക്കുക. മുള്ളുകളും മുൾച്ചെടികളും മുളപ്പിക്കുന്ന ഭൂമിയിൽ (ഉൽപ. 3: 18) അവർ ഇനിയും കൃഷി ചെയ്യുകയില്ല. പിന്നെയോ എല്ലാവിധ വേദനകളും കഷ്ടതകളും ഒഴിഞ്ഞ സ്വർഗത്തിൽ അവർ വസിക്കും. മേലിൽ അവരുടെമേൽ മരണം ഭരണം നടത്തുകയില്ല. അവർ പാപത്തിന്റെ അടിമകളായിരിക്കാതെ നീതിയുടെ പടയാളികളായിരിക്കും. സാത്താന്റെ ദാസന്മാരായിരിക്കാതെ എന്നേയ്ക്കും മിശിഹായുടെ ഉററ സ്നേഹിതരായിരിക്കുന്ന പുതിയ ലോകത്തിൽ ഭരണകർത്താക്കളായിരിക്കും.

5. മനുഷ്യകുലത്തിന്റെ പൊതു പിതാവായ ആദത്തിനു പറുദീസായിലെ വാസം ലഭിച്ചു. എന്നാൽ അവന്റെ നന്ദികേടും പാപവും നിമിത്തം അവൻ അതിൽനിന്നു പുറത്താക്കപ്പെട്ടു. അവന്റെ സ്വഭാവത്തിന്റെയും ശിക്ഷയുടെയും അവകാശികളായിത്തീർന്ന നാം ഈ രഹസ്യങ്ങളിലുള്ള നമ്മുടെ ഭാഗഭാഗിത്വത്തിലൂടെ ക്രിസ്തുവിലുള്ള വിശ്വാസത്താൽ സ്വർഗത്തിലേക്കു കയറുന്നു. 'ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല' എന്നു നമ്മുടെ കർത്താവു പറഞ്ഞതനുസരിച്ചാണിതു് (യോഹ. 3: 5). ഇപ്രകാരം ആത്മീകമായി ജനിച്ച മനുഷ്യന്റെ പേരു സ്വർഗത്തിൽ ഉടനെ എഴുതപ്പെട്ടുകഴിഞ്ഞു. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ അവൻ ഭാവിദാനങ്ങളുടെ പങ്കാളിയും അവകാശിയും ആയിത്തീരുന്നു (റോമ. 8: 17; ഗലാ. 3: 29; 4: 7). കാരണം, മരിച്ചവരിൽ

www.malankaralibrary.com



നിന്നുള്ള ഉയിർപ്പിനുശേഷം സ്വർഗത്തിൽ വസിക്കുമെന്നു പ്രതീക്ഷിക്കുന്നവരാണു ക്രിസ്തുവിൽ വിശ്വസിക്കുന്നവർ. നമുക്കു വേണ്ടി നമ്മിൽ ഒന്നാമനായ മിശിഹാ പോയ സ്വർഗത്തിലേക്കു പോകാമെന്നു നാം യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്നു. ഈ രഹസ്യങ്ങൾവഴി ആ വാസസ്ഥലത്തേക്കു സത്യമായും തെരഞ്ഞെടുക്കപ്പെട്ടവരാണു നാം.

6. മഹനീയ വാഗ്ദാനങ്ങളിൽനിന്നു വീണുപോകാതിരിക്കുവാനും പറുദീസായിൽനിന്നു ബഹിഷ്കൃതനായ ആദാമിൻെറ വിധി നമുക്കുണ്ടാകാതിരിക്കാനും വളരെ കരുതലോടും അതീവ ശ്രദ്ധയോടുംകൂടി നാം വ്യാപരിക്കണം. സത്യവിശ്വാസത്തോടുകൂടി ഭീതിജനകമായ ഈ രഹസ്യങ്ങളിൽ നാം പങ്കെടുക്കേണ്ടതും ഈ വിശ്വാസം മറക്കാതെ, നാം പ്രാപിച്ചവ അതീവ ശ്രദ്ധയോടുകൂടി സംരക്ഷിക്കേണ്ടതും ഇക്കാരണത്താലാണ്. ഈ സ്വർഗീയദാനങ്ങളിൽ നാം സന്തോഷിക്കുവാനായി പൂർണമായ രീതിയിൽ അവ നാം പ്രാപിക്കുകയും നമ്മുടെ പ്രവൃത്തികളിലൂടെ അവയുടെ അവകാശികളായി തീരുകയും ചെയ്യുമ്പോൾ അവയിൽനിന്നു നാം വീണുപോവുക അസാധ്യമാണ്. എന്നാൽ ഭൂമിയിൽ ആയിരിക്കുന്നിടത്തോളം കാലം ഈ രഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വത്തിലൂടെ പ്രത്യാശവഴി മാത്രം നാം ഇവ പ്രാപിക്കുന്നു. നമുക്ക് വ്യതിയാനവിധേയമായ സ്വഭാവമുള്ളതുകൊണ്ട് അവയിൽനിന്നു വീണുപോകുവാൻ സാധ്യതയുണ്ട്. അവയെ സംബന്ധിച്ചു നമുക്ക് അതീവ ശ്രദ്ധയും ഭീതിയും ഉണ്ടായിരിക്കണം. അതുപോലെ നമ്മുടെ ആത്മാക്കളിൽ ഭാവിയെക്കുറിച്ചുള്ള പ്രത്യാശ ഉറുത്തിരിയാൻ നാം പരിശ്രമിക്കണം.

7. നാം സന്തോഷിക്കുന്ന ഈ സ്വർഗീയ ദാനങ്ങളെക്കുറിച്ചുള്ള പ്രത്യാശയിൽ രഹസ്യങ്ങളിൽ നമ്മെ ഭാഗഭാക്കുകളാക്കുന്ന വിശ്വാസവും വാഗ്ദാനങ്ങളും എന്താണ്? നമ്മുടെ മാമോദീസായ്ക്കു മുമ്പു നമ്മുടെ കർത്താവായ മിശിഹായുടെ മുൻപാകെ നാം ചെയ്യുന്ന വിശ്വാസപ്രഖ്യാപനത്തിൽ ഇവ കാണുന്നു. ശ്രവണംവഴി മാത്രം അവയുടെ ശക്തി മനസ്സിലാക്കാൻ സാധിക്കുമെങ്കിൽ നമ്മുടെ വാക്കുകൾ പ്രയോജനരഹിതമാണ്. കാരണം, അവ ഉരുവിടുന്നതു കേട്ട ശ്രോതാക്കൾ ഗ്രഹിക്കുമായിരുന്നു. എന്നാൽ വലിയ ശക്തി അവയിൽ ഗോപനം ചെയ്തിരിക്കുന്നതിനാൽ ഈ രഹസ്യങ്ങൾ സ്വീകരിക്കുവാൻ പോകുന്നവരെ അതു പഠിപ്പിക്കുകയും അവയിൽ മറഞ്ഞിരിക്കുന്ന അർത്ഥവും വ്യാഖ്യാനവും കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. എളുപ്പത്തിൽ പഠിക്കുവാനും ഓർമ്മി

www.malankaralibrary.com



കുവാനും പറ്റുന്ന ചുരുങ്ങിയ വാക്കുകളിൽ അവാച്യമായ ഒരു നിക്ഷേപമായിട്ടാണു വിശുദ്ധ പിതാക്കന്മാർ അവ നമുക്ക് ഏൽപ്പിച്ചുതന്നത്. തങ്ങൾ സമീപിക്കുവാൻ ആഗ്രഹിക്കുന്ന ദാനത്തിന്റെ മാഹാത്മ്യം ഗ്രഹിക്കുകയും തങ്ങളുടെ മതത്തിന്റെയും തങ്ങൾ എന്തിനുവേണ്ടി വലിയ ദാനം പ്രാപിച്ചുവോ ആ വാഗ്ദാനങ്ങളുടെയും അർത്ഥം മനസ്സിലാക്കുകയും ചെയ്യുമ്പോൾ തങ്ങൾക്കു ഭരമേൽപ്പിക്കപ്പെട്ട വിശ്വാസം ശ്രദ്ധാപൂർവം തങ്ങളുടെ ആത്മാക്കളിൽ അവർ സൂക്ഷിക്കും.

8. 'സർവശക്തനായ പിതാവും ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവുമായ ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.' ഈ രഹസ്യങ്ങളിൽ ശ്രദ്ധാപൂർവം നിങ്ങൾ പാലിക്കേണ്ട വിശ്വാസത്തിന്റെയും വാഗ്ദാനങ്ങളുടെയും തത്വം ഇതാണ്. നമ്മുടെ കർത്താവിന്റെ കൃപയാൽ ഈ വാക്കുകൾ ഓരോന്നായി വ്യാഖ്യാനിക്കാം; കാരണം, അവയുടെയെല്ലാം ശക്തി നിങ്ങൾ ഗ്രഹിക്കുന്നതു നല്ലതാണ്. നിങ്ങളുടെ വിശ്വാസപ്രഖ്യാപനത്തിൽ തുടങ്ങിയിടത്തുതന്നെ ശരിയായി നമുക്കു തുടങ്ങാം.

'സർവശക്തനായ ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.' ദൈവികമതത്തിന്റെ അടിസ്ഥാനമിതാണ്. 'എന്തുകൊണ്ടെന്നാൽ ഹൃദയംകൊണ്ടു വിശ്വസിച്ചു നീതീകരിക്കപ്പെടുന്നു; അധരങ്ങൾകൊണ്ട് ഏറ്റുപറഞ്ഞു രക്ഷിക്കപ്പെടുന്നു' (റോമ. 10: 19). ഇതത്രേ വിശ്വാസസംബന്ധമായ യഥാർത്ഥ പ്രബോധനത്തിന്റെ ചുരുക്കം. അദൃശ്യവും അവാച്യവുമായവയിലുള്ള വിശ്വാസത്തിൽ മതസംഹിതകൾ അധിഷ്ഠിതമായതിനാൽ അദൃശ്യമായ വസ്തുവിനെ മനസ്സിനു കാട്ടിക്കൊടുക്കുന്ന വിശ്വാസം ആവശ്യമാണ്. കാണപ്പെടുന്ന ദൃശ്യവസ്തുക്കൾ നമ്മുടെ കണ്ണുകൾകൊണ്ടു നാം കാണുന്നു. എന്നാൽ അദൃശ്യമായവ വിശ്വാസംകൊണ്ടു മാത്രമേ കാണാൻ സാധിക്കുകയുള്ളു. 'വിശ്വാസം എന്നതു പ്രതീക്ഷിക്കുന്ന സംഗതികളെക്കുറിച്ചുള്ള ഉറപ്പും കാണപ്പെടാത്തവയെക്കുറിച്ചുള്ള ബോധ്യവുമാണ്' (എബ്രാ. 11: 1).

9. ഇതുവരെ നാം പ്രാപിച്ചിട്ടില്ലാത്തവയെ ഈ വിശ്വാസം മനസ്സിൽ കൊണ്ടുവരുന്നു. ഇതുവരെ യാഥാർത്ഥ്യമായിത്തീരാത്ത മൃതരുടെ സ്വർഗപ്രവേശവും ഭാവിജീവിതവും വിശ്വാസംവഴി സത്യമെന്നു നാം അംഗീകരിക്കുന്നു. അദൃശ്യവും അവാച്യവുമായ സംഗതികൾ കാണുന്നതിനും മനസ്സിലാക്കുന്നതിനും വിശ്വാസം ആത്മാവിനിടയാക്കുന്നു.

www.malankaralibrary.com



'താൻ മാത്രം അദൃശ്യനും അനശ്വരനും അതുല്യപ്രഭാപൂരത്തിൽ വസിക്കുന്നവനും മനുഷ്യരാൽ കാണപ്പെടാത്തവനും കാണാൻ കഴിയാത്തവനും' (1 തിമൊ. 6: 16) ആയ ദൈവത്തിന്റെ സ്വഭാവം അറിയുന്നതിനു വിശ്വാസംവഴി നാം യോഗ്യരായിത്തീരുന്നു. നമ്മുടെ ബാഹ്യനേത്രങ്ങൾ കുററമററതും കാഴ്ചശക്തിയുള്ളതും കാഴ്ച തടയുന്നതൊന്നും ഇല്ലാത്തതും ആണെങ്കിൽ നമുക്കു ഭൗതിക വസ്തുക്കൾ കാണാൻ കഴിയും. എന്നാൽ അവയ്ക്കു കേട് സംഭവിച്ചാൽ യഥാർത്ഥത്തിൽ ദൃശ്യമാണെങ്കിലും ദൃശ്യവസ്തുക്കളെല്ലാം അദൃശ്യമായിത്തീരും. അതുപോലെ നമ്മുടെ വിശ്വാസം ശരിയായിട്ടുള്ളതാണെങ്കിൽ മതം നമ്മെ പഠിപ്പിക്കുന്ന അദൃശ്യവും അവാച്യവുമായ സംഗതികൾ കൃത്യമായി നമുക്കെല്ലാവർക്കും കാണാം. എന്നാൽ ശരിയായ വിശ്വാസമില്ലാത്തവർക്ക് അതു കാണുവാൻ സാധിക്കുകയില്ല.

മതകാര്യങ്ങൾ രണ്ടു സംഗതികളിലടങ്ങിയിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനവും ദൈവം നിർമ്മിച്ചതും നിർമ്മിക്കാനിരിക്കുന്നതുമായ നിരവധി സംഗതികളെപ്പററിയുള്ള വിശ്വാസപ്രഖ്യാപനവും. ഭാഗ്യവാനായ പൗലോസ് ചൂണ്ടിക്കാണിക്കുന്നതുപോലെ ഇവ രണ്ടിലും വിശ്വാസം ആവശ്യമാണ്: ദൈവികമതത്തിലേക്ക് അടുത്തുവരുന്നവർ ദൈവമുണ്ടെന്നും, ദൈവത്തിന്റെ വചനത്താൽ ലോകങ്ങൾ നിർമ്മിക്കപ്പെട്ടു എന്നും, ദൃശ്യമായവ അദൃശ്യമായവയിൽ നിന്നുണ്ടായി എന്നും വിശ്വസിക്കണം (എബ്രാ. 11: 6–3).

ഇവയിലൂടെ അവൻ ആദ്യമായി കാണിക്കുന്നതു ദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനംപോലും ദൈവഭയമാണ് എന്നത്രേ. രണ്ടാമതായി, 'ദൈവം സൃഷ്ടിച്ച വസ്തുക്കളെ മനസ്സിലാക്കാനും വിവരിക്കാനും വിശ്വാസത്തിലൂടെയല്ലാതെ മറെറാരു രീതിയിലും നമുക്കു സാധിക്കയില്ല; മതത്തിന്റെ സത്യത്തിൽ പൂർണമായി വിശ്വാസം സ്വീകരിക്കുന്നവരെ അതു പൂർണരാക്കുന്നു; എന്നാൽ അതിൽനിന്ന് അകലുന്നവർ പൂർണമായി തെററിലേക്ക് വീഴുന്നു' എന്നത്രേ.

10. പൗലോസ് ദൈവത്തിന്റെ സഭയെ സത്യത്തിന്റെ തൂണും അടിസ്ഥാനവുമെന്നു വിളിക്കുന്നു (1 തിമോ. 3: 15). കാരണം, അതിനു ശരിയായ വിശ്വാസമുണ്ട്; മതപ്രബോധനത്തിൽ അതു ശരിയായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വിശ്വാസം സ്വീകരിക്കാത്ത പുറജാതികൾ, യൂദന്മാർ, പാഷണ്ഡികൾ മുതലായവർ വിശ്വാസമില്ലാത്തവരാകയാൽ സത്യത്തിൽനിന്നു വഴിതെററുന്നു. വാസ്തവത്തിൽ, പുറജാതി

www.malankaralibrary.com



കറംകട്ട് വിശ്വാസമില്ലാത്തതിനാൽ, ദൈവം എപ്രകാരം ഇല്ലായ്മയിൽനിന്നു് സൃഷ്ടിച്ചുവെന്നും നിർമ്മിച്ചുവെന്നും അസ്തിത്വത്തിൽ കൊണ്ടുവന്നുവെന്നും മനസ്സിലാക്കുവാൻ കഴിവില്ല; അനാദികാലം മുതലേ ദൈവത്തോടൊത്തു വസിക്കുന്ന ഒരു സഖി ദൈവത്തിനുള്ളതായി അവർ തെററായി സങ്കല്പിക്കുന്നു. സത്യത്തിൽനിന്നകന്നു് അവർ മററു് നിരവധി പൊട്ടക്കഥകരം കെട്ടിച്ചമയ്ക്കുന്നു.

11. 'യെഹൂദന്മാരാകട്ടെ പുത്രന്റെ നാമത്തിൽ ഇടറിവീണു. അവരുടെ വിശ്വാസരാഹിത്യത്താൽ സത്യപുത്രനെ അവർ മനസ്സിലാക്കുന്നില്ല. ഇതേ രീതിയിൽ, സഭയ്ക്കു പുറത്തുള്ളവരും ക്രിസ്തുവിന്റെ നാമത്തോടുകൂടി സ്വന്തം മിഥ്യാസങ്കല്പങ്ങളെ കൂട്ടിച്ചേർത്തവരും ആയ പാഷണ്ഡികരം വിശ്വാസമില്ലാത്തതിനാൽ വഴിതെററി സത്യത്തിൽനിന്നകന്നു മാറുന്നു. എല്ലാ പാഷണ്ഡതകളും നിങ്ങളോടു വിവരിക്കേണ്ട കാര്യമില്ലാത്തതിനാൽ ആരിയൂസിനെക്കുറിച്ചും, എവ്വുണോമിയസിനെക്കുറിച്ചും അവരുടെ അഭിപ്രായങ്ങളോടു യോജിക്കുന്നവരെക്കുറിച്ചും പ്രതിപാദിച്ചാൽ മതിയല്ലോ? അവർക്കും യെഹൂദന്മാരുടെ ദുഷ്പ്രവണതയുണ്ടായിരുന്നുവെന്നു മനസ്സിലാക്കുക. 'പുത്രൻ ദൈവികസ്വഭാവത്തിൽനിന്നാണെന്നും പിതാവിന്റെ സ്വഭാവത്തെപ്പററി പറഞ്ഞിരിക്കുന്നതെല്ലാം പുത്രന്റെ സ്വഭാവത്തെപ്പററിയും പറയാമെന്നും തന്റെ സ്വഭാവത്തിന്റെ യഥാർത്ഥ പ്രതിച്ഛായയായ ഒരു സത്യപുത്രൻ തനിക്കുണ്ടു് എന്നുള്ളതു് പിതാവിന്റെ സ്വഭാവത്തെ ബലഹീനമാക്കുന്നില്ല എന്നും അവർ മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്തില്ല. കാരണം വിശ്വാസമില്ലായ്മ തന്നെയാണു്.

12. സത്യത്തിൽനിന്നു വഴിതെററിപ്പോയവരെ കുററപ്പെടുത്തുവാനും അവർ വഴിതെററിപ്പോയതു വിശ്വാസരാഹിത്യം മൂലമാണെന്നു് കാണിക്കുവാനും വേണ്ടിയാണു് അനേകം സംഗതികളിൽനിന്നു ചിലതു മാത്രം ഇവിടെ എടുത്തുകാട്ടിയതു്. യഥാർത്ഥത്തിൽ, വിശ്വാസരാഹിത്യംമൂലം വഴിതെററിപ്പോയ മനുഷ്യരുടെ തെററു വലുതും പലവിധമുള്ളതുമത്രേ. വിശ്വാസത്തിൽനിന്നുള്ള അകൽച്ചക്കനുസൃതം തെററു് വർദ്ധിക്കുന്നതുപോലെ വിശ്വാസത്തോടുള്ള അടുപ്പമനുസരിച്ചു് അറിവു വർദ്ധിക്കുന്നു. വിശ്വാസം വഴി ദൈവം ഉണ്ടെന്നും ആ ദൈവം എല്ലാററിന്റേയും സ്രഷ്ടാവാണെന്നും അവിടുന്നു് എല്ലാററിനെയും ഇല്ലായ്മയിൽനിന്നു് സൃഷ്ടിച്ചുവെന്നും നാമറിയുന്നു. കാരണം, മരിച്ചു് മൺമറഞ്ഞവർ സ്രഷ്ടാവു് ഇച്ഛിക്കുമ്പോരം വീണ്ടും ജീവനിലേക്കും അസ്തിത്വത്തിലേക്കും വരുമെന്നു വിശ്വാസംവഴി നാം മനസ്സിലാക്കുന്നു. ദൈവ

www.malankaralibrary.com



ത്തിന് തന്റെ സ്വഭാവത്തിൽ നിന്നുള്ള ഒരു പുത്രനുണ്ടെന്നും ആ പുത്രൻ പിതാവിനെപ്പോലെ ദൈവമാണെന്നും വിശ്വാസം വഴിയാണ് നാമറിയുന്നത്. പരിശുദ്ധാത്മാവിനു പിതാവായ ദൈവത്തിന്റെ അതേ സ്വഭാവമാണെന്നും അവിടുന്ന് എപ്പോഴും പിതാവിനോടും പുത്രനോടും കൂടിയാണെന്നും വിശ്വാസം വഴി നാം അംഗീകരിക്കുന്നു. ക്രിസ്തുവിന്റെ രക്ഷാകര പ്രബോധനത്തെ സംബന്ധിച്ച് നമുക്കു സംശയമോ ചാഞ്ചല്യമോ ഉണ്ടാകാത്തതും വിശ്വാസംമൂലമാണ്. അതുകൊണ്ടാണു നമ്മുടെ ഭാഗ്യവാന്മാരായപിതാക്കന്മാർ വിശ്വാസത്തെ നമ്മുടെ ആത്മീയപ്രബോധനത്തിന്റെയും ഉടമ്പടിയുടെയും ദിവ്യരഹസ്യങ്ങളുടെയുംമുമ്പിൽഅടിസ്ഥാനംപോലെ ശരിയായി വച്ചത്.

13. 'സർവശക്തനായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്ന് മതപ്രബോധനങ്ങളെല്ലാം കൂട്ടി ചുരുങ്ങിയ വാക്കുകളിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ എഴുതി നമുക്കു നൽകിയതിൽ ഒട്ടും അത്ഭുതത്തിനവകാശമില്ല. കാരണം, സുദീർഘമായ പ്രതിപാദനം മറ്റൊരവസരത്തിലും മറ്റാളുകൾക്കുമാകാം എന്ന് അവർ കരുതി. അനേക നാളായി ലോകത്തിൽനിന്ന് അകന്നു സത്യവിശ്വാസത്തിലേക്കു സന്മനസ്സോടുകൂടി വരികയും അതീവ ശ്രദ്ധയോടും നല്ല മനസ്സാക്ഷിയോടും കൂടെ ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാൻ ഒരുങ്ങുകയും ചെയ്യുന്ന നിങ്ങൾക്കും ചുരുങ്ങിയ വാക്കുകൾ മതി. ചുരുങ്ങിയ വാക്കുകൾ ഓർത്തിരിക്കാൻ എളുപ്പമാണല്ലോ. ദിവ്യരഹസ്യങ്ങൾക്കുവേണ്ടി നിങ്ങൾ നടത്തുന്ന വിശ്വാസപ്രഖ്യാപനത്തിന്റെയും ഉടമ്പടിയുടെയും അനുസ്മരണമായി ഈ വാക്കുകൾ ഓർത്തിരിക്കണം. ഇതു നിങ്ങളുടെ പ്രബോധനത്തിനാണ്. അതു് കൃത്യമായി നിങ്ങൾ മനസ്സിലാക്കണം. സത്യവിശ്വാസത്തിന്റെ ശത്രുക്കളുടെ വാക്കുകളിൽനിന്ന് അതു നിങ്ങളെ കാത്തുകൊള്ളും. നിങ്ങൾക്കു ലഭിച്ച ദൈവിക പ്രബോധനത്തിൽ നിങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യും.

14. 'സർവശക്തനായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്നു തുടങ്ങുവാനും പറയുവാനും പിതാക്കന്മാർ നമ്മോടു പറഞ്ഞതു ശരിയായിട്ടുള്ളതാണ്. പിതാവായ ഏകദൈവത്തിലുള്ള സത്യവിശ്വാസപ്രഖ്യാപനത്തിന്റെ ആദ്യവാക്കിലൂടെതന്നെ എപ്രകാരം ഭാഗ്യവാന്മാരായ പിതാക്കന്മാർ ബഹുദേവതാരാധനയുടെ തെറ്റിൽ നിന്നും യൂദമതത്തിന്റെ അബദ്ധത്തിൽനിന്നും നമ്മെ നീക്കിയെന്നു കാണുക. പഴയനിയമപ്രബോധനം മുഴുവൻ അതിന്റെ പൂർണതയിൽ അതു പ്രയോഗത്തിൽ കൊണ്ടുവരുന്നു.

www.malankaralibrary.com



മിശിഹായെ സംബന്ധിച്ചുള്ള പുതിയനിയമവാക്കുകൾ പഴയനിയമത്തിലെ പ്രവാചകന്മാരിൽ കാണുന്നുണ്ട്. പ്രവാചകന്മാരിൽ അവ ഉപമകളും അടയാളങ്ങളുമായിട്ടാണ് കാണുന്നത്. മിശിഹാ ഒരു മനുഷ്യനായി തങ്ങൾക്കു പ്രത്യക്ഷനാകുമെന്ന് ഈ ഉപമകളിലൂടെയും അടയാളങ്ങളിലൂടെയും യഹൂദന്മാർ പ്രതീക്ഷിച്ചു. എന്നാൽ ഏകജാതൻെറ–വചനമായ ദൈവത്തിൻെറ—ദൈവത്വത്തെപ്പററി അവർക്കാർക്കും അവബോധം ഉണ്ടായിരുന്നില്ല. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ നമുക്ക് ഒരു പരിപൂർണ്ണ പ്രചോദനം നല്കി. സത്യമതവുമായി ബന്ധപ്പെട്ടവരെ അതു പേഗനിസത്തിൽ നിന്നു വേർതിരിക്കുന്നു. മതത്തിൻെറ പ്രമാണങ്ങൾ അനുസരിക്കുന്നവരെ അതു് ബഹുദേവതാരാധനയുടെ തെററിൽനിന്നു പരിപൂർണ്ണമായി നീക്കുന്നു. ദൈവത്വത്തിൻെറ സ്വഭാവം ബഹുവിധമല്ലെന്നും വ്യത്യസ്തമല്ലെന്നും പഠിപ്പിക്കുന്നതോടൊപ്പം ദൈവം ഏകനും എല്ലാററിൻെറയും കാരണമായ നിത്യനുമാണെന്നും അതു പഠിപ്പിക്കുന്നു ഇപ്രകാരമുള്ളവനാണ് ദൈവം. അവനു പുറമെ മറെറാരു ദൈവമില്ല. നിത്യനും എല്ലാററിൻെറയും കാരണവുമായ യാഥാർത്ഥ്യമാണ് ദൈവം. ഇതിനോടു് തുല്യമല്ലാത്ത ഒരു യാഥാർത്ഥ്യവും സ്വഭാവത്താലേ ദൈവമല്ല. നിത്യനായ ഒരു യാഥാർത്ഥ്യമാണ് എല്ലാററിൻെറയും കാരണം. നിത്യനും എല്ലാററിൻെറയും കാരണവും അല്ലാത്ത ഒരുയാഥാർത്ഥ്യവും ദൈവമല്ല. പിന്നെയോ, ദൈവത്തിൻെറ സൃഷ്ടിയാണ്. എല്ലാററിനെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കുവാൻ കഴിവുള്ളവൻ അവിടുന്നു മാത്രമാണ്.

15. ദൈവത്വത്തിൽ ഒരു സ്വഭാവമാണെന്നു നാം പഠിക്കുന്നതിനു വേണ്ടിയാണ് അവിടുന്നു പറഞ്ഞതു്, 'നിൻെറ ദൈവമായ കർത്താവു് ഏക കർത്താവാകുന്നു' (ആവ.6:4; മത്താ. 12:29). കർത്താവു്, ദൈവം എന്നീ നാമങ്ങൾ ആ ദൈവത്വത്തിൻേറതാണ്. എല്ലാററിൻെറയും കാരണമല്ലാത്തവൻ ദൈവമല്ല എന്നു നാം മനസ്സിലാക്കുവാൻ വേണ്ടിയാണ് അവൻ പറഞ്ഞതു്, 'ആകാശവും ഭൂമിയും നിർമ്മിക്കാത്ത ദേവന്മാർ ഭൂമിയിൽനിന്നും ആകാശത്തിൻ കീഴിൽനിന്നും നശിച്ചുപോകും' (യിരെ. 10:11). എല്ലാററിൻെറയും കാരണമായ ഏകൻ മാത്രമാണു ദൈവം. നിത്യത്വം മുതലേ സത്യമായും ഉണ്ടായിരുന്നവനും എപ്പോഴും ഉള്ളവനും ദൈവമായിരിക്കുന്നവനും അവനാണെന്നു നാം പഠിക്കുന്നതിനുവേണ്ടിയാണ് അവൻ മോശയോടു പറഞ്ഞതു്, 'ഞാനാണ് എല്ലാററിൻെറയും കാരണം' (ആവ. 32:39). ഈ ഗുണവിശേഷം ഇല്ലാത്തവനും നിത്യനല്ലാത്തവനും യഥാർത്ഥത്തിൽസ്വയംഭൂവല്ല;പിന്നെയോ

www.malankaralibrary.com



അവൻ സൃഷ്ടിയാണ്. നിത്യനായ ദൈവം അതിനെ സൃഷ്ടിക്കുവാൻ ആഗ്രഹിച്ചസമയത്ത് ഇല്ലാത്തഅവസ്ഥയിൽ നിന്നു യഥാർത്ഥമായി അതിനെ സൃഷ്ടിച്ചതാണ്.

ആദിയിലും അനാദിയിലും വാഴുന്ന ദൈവം അവനാണ്. സൃഷ്ടിക്കപ്പെട്ട മറ്റൊരു ദൈവം ഉണ്ടായിരിക്കുകയെന്നതു് അസാധ്യമാണ്. നാം ഇതു മനസ്സിലാക്കുവാൻ വേണ്ടി അവിടുന്നു പറഞ്ഞു 'ആദിയും അന്ത്യവുമായ ദൈവം ഞാനാകുന്നു. എനിക്കു മുമ്പേമറ്റൊരു ദേവൻ ഉണ്ടായിട്ടില്ല. എനിക്കുശേഷം ഒരു ദേവനും ഉണ്ടായിരിക്കുകയില്ല' (ഏശ. 44: 6).

16. ഈ വാക്കുകളെല്ലാം മതത്തിൻെറ പ്രബോധനത്തിൽ നമ്മെ വളർത്തുകയും പേഗനിസത്തിൻെറ അബദ്ധം നീക്കുകയും ചെയ്യുന്നു. വിജാതീയർക്കു വിവിധതരം ദേവന്മാർ ധാരാളമായുണ്ട്. ചിലതു പ്രായംകുറഞ്ഞതും ചിലതു പ്രായം കൂടിയതുമാണ്. വ്യത്യസ്ത സിദ്ധികളുള്ളവരാണ് ഈ ദേവന്മാർ. ചിലതു നശിക്കുന്നു. മറ്റുചിലതു കുറേക്കാലംകൂടി തുടരുന്നു. ഇവയെല്ലാം വിവിധ സ്വഭാവങ്ങരം ഉള്ളവയാണ്. നാം ഇവയെല്ലാം പരിത്യജിക്കണമെന്നു പ്രവാചകന്മാരിലൂടെ പഴയനിയമം പഠിപ്പിക്കുന്നു. പുറജാതികളുടെ ദേവന്മാരെല്ലാം കപടമാണ്. അവ ദൈവമല്ലെന്നു പ്രവാചകന്മാർ പരിശുദ്ധാത്മാവുവഴി സംസാരിച്ചു. ദൈവം ഏകനാണ്. അവിടുന്നു നിത്യത്വം മുതലുള്ളവനാണ്; എല്ലാററിൻെറയും കാരണമാണ്. അവിടുന്നു പറഞ്ഞതുപോലെ 'നിങ്ങളുടെ ഇടയിൽ ഒരു അന്യദേവൻ ഉണ്ടാകുയില്ല' (സങ്കീ. 81:9). അതായതു് ഒരു പുതിയ ദേവൻ. 'ഒരു അന്യദേവനെയും നിങ്ങരം ആരാധിക്കുകയില്ല' (സങ്കീ: 81:9). കാരണം, പുതിയതൊന്നും ദൈവമല്ല. 'പുതിയതായി ഉണ്ടായതൊക്കെ പുതിയ ദേവന്മാരാണ്'' (ആവ. 32:17).

ദൈവസ്വഭാവം ഏകവും നിത്യവുമാണ്. ദൈവസ്വഭാവം സൃഷ്ടിക്കപ്പെട്ടതല്ല. എന്തെന്നാൽ അതു് എല്ലാററിൻെറയും കാരണമാണ്. അവൻ മാത്രം ദൈവമായിരിക്കുന്നതിൻെറ കാരണം ഇതത്രേ. മറ്റൊരാളാൽ സൃഷ്ടിക്കപ്പെട്ടവ സൃഷ്ടിക്കപ്പെട്ട എന്നതിനാൽത്തന്നെ സ്വഭാവത്താലേ ദൈവമായിരിക്കുക സാധ്യമല്ല. എല്ലാ സൃഷ്ടവസ്തുക്കളും സ്രഷ്ടാവായ ദൈവത്തോടു് തങ്ങളുടെ അസ്തിത്വത്തിനു ശരിയായി കടപ്പെട്ടിരിക്കുന്നു. അവർ തങ്ങളുടെ അസ്തിത്വത്തിന് ദൈവത്തോടാണു കടപ്പെട്ടിരിക്കുന്നതു്. അതിനാൽ അവർ ദൈവത്തോടു് നന്ദിയുള്ളവരായിരിക്കുന്നു. ദൈവം തൻെറ നല്ല ഇച്ഛയാലും ശക്തിയാലും അവ എന്തായിരിക്കണമോ അതു് അവയ്ക്കു നല്കുന്നു.

www.malankaralibrary.com



17. 'ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്ന വാചകത്തിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ മഹനീയമായ ഈ പ്രബോധനങ്ങളെല്ലാം സംക്ഷിപ്തമായി ഉൾപ്പെടുത്തി. അതുകൊണ്ടു പ്രവാചകന്മാരുടെ പ്രഘോഷണമനുസരിച്ചും പിതാക്കന്മാരുടെ പ്രബോധനമനുസരിച്ചും ഏകദൈവത്തിലുള്ള വിശ്വാസം നമുക്കു സ്വീകരിക്കാം. ദൈവസ്വഭാവം സത്യമായും ഒന്നാണ്. അതു നിത്യത്വംമുതൽ സ്ഥിതിചെയ്യുന്നു. അത് എല്ലാററിന്റേയും കാരണമാണ്. വിവിധതരത്തിലുള്ള അനേകദേവന്മാരുണ്ടെന്ന് പുറജാതികൾ തെററായി പറയുന്നതുപോലെയല്ലിത്.

നിങ്ങളോടു പറഞ്ഞവ അനുസ്മരിക്കാൻ നിങ്ങൾക്കു കഴിയുന്നതിന് എല്ലാററിനെക്കുറിച്ചും സാവധാനം നിങ്ങളെ പഠിപ്പിക്കേണ്ടതു് ആവശ്യമാണ്. മേൽപ്പറഞ്ഞവയോടു ചേരുന്നവർക്ക് ഇവയെല്ലാം അപരിത്യാജ്യമാണ്. ദൈവകൃപയുടെ സഹായത്താൽ നിങ്ങളോടുള്ള വാഗ്ദാനം പാലിക്കാമെന്നു നാം പ്രതീക്ഷിക്കുന്നു. എന്നാൽ ഇന്നത്തേക്ക് ഇന്നു പറഞ്ഞതിത്രയും മതി. നമുക്കു പിതാവിനേയും, പുത്രനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും മഹത്വപ്പെടുത്താം.

www.malankaralibrary.com

# 2

# രണ്ടാം പ്രസംഗം

## വിശ്വാസം

1. നമുക്കു ദൈവകൃപ ലഭിച്ചതനുസരിച്ച് മതത്തിന്റെ അടിസ്ഥാനതത്ത്വമായ വിശ്വാസത്തെപ്പററി ആവശ്യാനുസൃതം നിങ്ങളുടെ സ്നേഹത്തോട് ഇന്നലെ നാം സംസാരിച്ചു. നമ്മുടെ വിശ്വാസപ്രമാണത്തിലെ വാക്കുകളെ നാം സമീപിക്കുകയും ഏകദൈവത്തിലുള്ള വിശ്വാസം വഴി പുറജാതികളുടെ ബഹുദേവതാവാദത്തിന്റെ എല്ലാവിധ അബദ്ധങ്ങളും എങ്ങനെ നീങ്ങിപ്പോകുന്നുവെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു. പുറജാതികളുടെ എല്ലാ മാർഗഭ്രംശങ്ങളും മാറേറണ്ടതെങ്ങനെയെന്നു പ്രവാചകരുടെ വിശുദ്ധ ഗ്രന്ഥങ്ങളിൽനിന്നു നാം പഠിച്ചു—പുറജാതികൾക്കു ബഹുവിധമുള്ള നിരവധി ദേവന്മാർ ഉണ്ടല്ലോ—അതുപോലെ, കർത്താവെന്നും ദൈവമെന്നും വിളിക്കപ്പെടേണ്ട ദിവ്യസ്വഭാവം ഏകമാണെന്നും നാം പഠിച്ചു. അവിടുന്നു മാത്രം അനാദി മുതലുള്ളവനും എല്ലാററിന്റെയും കാരണവുമാകുന്നു.

സൃഷ്ടവസ്തുക്കൾ നിത്യത്വം മുതലേ ഉണ്ട് എന്നംഗീകരിക്കാൻ പ്രയാസമാണ്; അവയെ സ്വഭാവത്താലേ യഥാർത്ഥമായി കർത്താവെന്നും ദൈവമെന്നും വിളിക്കുവാൻ പാടില്ല; എല്ലാ സൃഷ്ടവസ്തുക്കളും ഈ സ്വഭാവത്തിൽനിന്നു വളരെ അകന്നവയാണ്. സൃഷ്ടവസ്തുവിനു ഇല്ലായ്മയിൽനിന്നു മറെറാരു വസ്തു സൃഷ്ടിക്കുവാനോ നീതിപൂർവം ദൈവമെന്നു വിളിക്കപ്പെടുവാനോ ഒരിക്കലും സാധ്യമല്ല. പിന്നെയോ, അതിനെ സൃഷ്ടിച്ചയാളിനെ മാത്രമേ അവശ്യാവശ്യം വിളിക്കാനാവൂ. ഇതുകൊണ്ടാണു വിശുദ്ധ പ്രവാചകന്മാർ നമ്മെ പഠിപ്പിച്ചതുപോലെ ഒരു ദൈവമേയുള്ളുവെന്നു നാം പറയുന്നതു്. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ദൈവസ്വഭാവത്തെപ്പററി അവർ സംസാരിക്കുകയും നിർവചിക്കുകയും ചെയ്തു. അതിനപ്പുറത്തു വ്യക്തമായി മറെറാന്നും അവർ പഠിപ്പിച്ചില്ല.

www.malankaralibrary.com



2. പിതാവിനെയും പുത്രനെയും സംബന്ധിച്ചുള്ള പ്രബോധനം നമ്മുടെ കർത്താവായ മിശിഹാ പരസ്യപ്പെടുത്തുവാൻ നീക്കിവയ്ക്കപ്പെട്ടിരുന്നു. മുമ്പ് അജ്ഞാതമായിരുന്നതും മനുഷ്യർക്കു വെളിപ്പെടാത്തതുമായ സംഗതികൾ മിശിഹാ തന്റെ ശിഷ്യരെ പഠിപ്പിച്ചു. 'നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകുവിൻ' (മത്താ. 28:18) എന്നു വ്യക്തമായി പറഞ്ഞുകൊണ്ടു മററുള്ളവരെയും പഠിപ്പിക്കുവാൻ അവിടുന്ന് അവരോടു കൽപ്പിച്ചു. എല്ലാ പ്രവാചകന്മാരും പഠിപ്പിക്കുകയും കൈമാറുകയും ചെയ്ത പ്രബോധനം, അതായത്, 'നിന്റെ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു' (ആവ. 6:4) എന്നു ഭാഗ്യവാനായ മോശ തന്റെ തത്ത്വമായി പരസ്യപ്പെടുത്തിയപ്പോൾ പറഞ്ഞതുപോലെ നമ്മുടെ കർത്താവായ മിശിഹാ തന്റെ പ്രബോധനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നൽകി. പ്രവാചകന്മാർ വ്യക്തമായി പഠിപ്പിച്ചതിനാൽ കർത്താവിനെയും ദൈവത്തെയും സംബന്ധിച്ചു നാം പഠിക്കുകയും മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതിനെപ്പററി അവിടുന്നു പറഞ്ഞില്ല. പ്രവാചകന്മാരുടെ പ്രബോധനത്തിൽ കുറവുള്ളത് എല്ലാ ജാതികളെയും പഠിപ്പിക്കുവാൻ അവിടുന്നു തന്റെ ശിഷ്യരോടു പറഞ്ഞു: 'നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകുവിൻ.' ഇവരിലാരെങ്കിലും ദൈവമല്ലെന്നോ ഇവർക്കു പുറമേ വേറെ ദൈവമുണ്ടെന്നോ നാം ചിന്തിക്കാൻ പാടില്ല. മറിച്ച് ഇവർ മാത്രം ദൈവസ്വഭാവത്തെ അതാക്കിത്തീർക്കുന്നു എന്നു നാം വിശ്വസിക്കണം. അതു് ഏകമാണെന്നു മുമ്പേ പ്രവാചകന്മാരിൽനിന്നു നാം പഠിച്ചിരിക്കുന്നു.

3. ബഹുവിധ കാര്യങ്ങൾക്കു പ്രാപ്തിയുള്ളതും പ്രായമേറിയതും പ്രായംകുറഞ്ഞതും ബലഹീനവും ശക്തവുമായ നിരവധി ദേവന്മാരുടെ ബഹുത്വതത്ത്വം നേരത്തെ പുറജാതികൾ പഠിപ്പിച്ചു. അതിനാൽ പേഗനിസത്തിന്റെ എല്ലാവിധ അബദ്ധത്തിൽനിന്നും പിൻതിരിഞ്ഞ് ദൈവസ്വഭാവത്തിന്റെ ഐക്യത്തിൽ വിശ്വസിക്കുവാൻ എല്ലാ ജാതികളെയും പഠിപ്പിക്കണമെന്നു കർത്താവു തന്റെ ശിഷ്യരോടു കൽപ്പിച്ചു. മനുഷ്യകുലത്തെ ആദ്യം പഠിപ്പിച്ച പ്രബോധനം ഇതായിരുന്നു. അങ്ങനെയാണു മതത്തെപ്പററിയുള്ള അറിവ് ലഭ്യമായതു്. അതുപോലെ നിത്യത്വം മുതലുള്ളവനും എല്ലാററിന്റെയും കാരണമായവനും ഏകദൈവസ്വഭാവമാണെന്നും പിതാവ്,

www.malankaralibrary.com



പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളിൽ അറിയപ്പെടുന്നതു് ഏകദൈവസ്വഭാവമാണെന്നും നാം പഠിക്കുവാൻ മിശിഹാ കൽപ്പിച്ചു.

4. ഇങ്ങനെ പഴയനിയമ പ്രബോധനം പുതിയനിയമ പ്രബോധനവുമായി ഒത്തു പോകുന്നു. അതുപോലെ ദൈവത്തെ സംബന്ധിച്ച് പ്രവാചകന്മാർ പറഞ്ഞവ ശ്ലീഹന്മാർവഴി പുറജാതികളോടു നമ്മുടെ കർത്താവായ മിശിഹാ സംസാരിച്ചതിനു് അന്യമോ വിരുദ്ധമോ അല്ല. ദൈവം ആരാണെന്നും സൃഷ്ടിക്കപ്പെടാത്ത സ്വഭാവമുള്ള യാഥാർത്ഥ്യം എന്താണെന്നും മാത്രം പ്രവാചകന്മാർ വഴി നാം മനസ്സിലാക്കി. എന്നാൽ നമ്മുടെ കർത്താവീശോമിശിഹായുടെ പ്രബോധനം ഏകദൈവസ്വഭാവമുള്ള ആളുകളെപ്പററിയും ഉറപ്പായി നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണു ബഹുദൈവവിശ്വാസമാകുന്ന അബദ്ധം ഉന്മൂലനം ചെയ്യാൻ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ, പഴയനിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ ആദ്യം ഏക ദൈവത്തിലുള്ള വിശ്വാസത്തെപ്പററിയുള്ള പ്രബോധനം നൽകുകയും പിന്നീടു മിശിഹായുടെ പ്രബോധനം അനുസരിച്ചു് ആളുകളെപ്പററിയുള്ള അറിവു പകർന്നു തരികയും ചെയ്തതു്. 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്ന നമ്മുടെ കർത്താവിൻെറ വാക്കുകൾ ആവർത്തിക്കുവാൻ അവർക്കു കഴിഞ്ഞു. അതവർക്കു് എളുപ്പമായിരുന്നു. എന്നാൽ പാഷണ്ഡികൾക്കെതിരെ അവർ ഈ വിശ്വാസപ്രമാണം എഴുതിയതിനാൽ, അബദ്ധം നീക്കുവാനും മിശിഹായുടെ പ്രബോധനം പഠിപ്പിക്കുവാനും നമ്മുടെ കർത്താവു് ഉച്ചരിച്ച അനേക വാക്കുകളിൽനിന്നു് കഴിവുള്ളിടത്തോളം അവർ പഠിപ്പിച്ചു. അങ്ങനെ യഥാർത്ഥ വിശ്വാസത്തെ എതിർക്കുന്നവരെ തങ്ങളുടെ വ്യാഖ്യാനത്തിലൂടെ അവർ കുററപ്പെടുത്തി. അതുകൊണ്ടാണു് 'ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്നതിനോടുകൂടി യുക്തമായി പിതാവിൻെറ നാമം അവർ കൂട്ടിച്ചേർത്തതു്.

5. ദൈവത്തെ സംബന്ധിച്ചുള്ള വാക്കുകൾക്കുശേഷം ക്രിസ്തീയ വിശ്വാസത്തിൻെറ സത്യപ്രബോധനവും ക്രിസ്തുവിൻെറ ശിഷ്യരായവർക്കുവേണ്ടിയുള്ള സത്യജ്ഞാനവുമായ, ആളുകളെപ്പററിയുള്ള പ്രബോധനത്തിലേക്കു് അവർ കടന്നു. ഈ വാചകം ദൈവസ്വഭാവത്തെക്കുറിക്കുന്നതിനാൽ അതു മൂന്നാളുകളെ കുറിക്കുന്നു. ആളുകളെപ്പററിയുള്ള പ്രബോധനം ഒരാളെപ്പററി മാത്രമെന്നു ചിന്തിക്കാൻ സാധിക്കാത്തതിനാൽ ഓരോ ആളിനെപ്പററിയും യഥാർഹം പ്രത്യേകം പ്രത്യേകം അവർ നമ്മോടു സംസാരിച്ചു. പിതാവിനെ അവതരിപ്പിച്ചു

www.malankaralibrary.com



കൊണ്ടാണ് അവർ ആരംഭിച്ചത്. പിതാവിൽ നിന്നാണ പുത്രനും പരിശുദ്ധാത്മാവും. പിതാവാണ് സത്യമായും പിതാവു മാത്രമായിരിക്കുന്നവൻ. എന്നാൽ മൂന്നാളുകളിലെ ഓരോരുത്തരെയും ദൈവമായി നാം അംഗീകരിക്കുന്നു. കാരണം, ഈ മൂന്നാളുകളെപ്പററിയുള്ള പ്രബോധനം ക്രിസ്തു തൻെറ സത്യപ്രബോധനത്തിൽ ഉൾപ്പെടുത്തി. പിതാവെന്ന നാമം അർത്ഥമില്ലെന്നമട്ടിലല്ല നാം ശ്രവിക്കുക. പിന്നെയോ, ദൈവം പിതാവാണെന്നും സത്യപിതാവാണെന്നും നാം മനസ്സിലാക്കുന്നു. കാരണം, അവിടുന്നു പിതാവു മാത്രമാണ്. ദൈവസ്വഭാവത്തിനു മാത്രം ചേർന്ന രീതിയിൽ ഈ പിതാവു ദൈവമാണെന്നും നാം വിശ്വസിക്കുന്നു.

6. [സൃഷ്ടവസ്തുക്കളെല്ലാം അവയുടെ സൃഷ്ടിക്കു ശേഷം മാത്രമാണ പിതാവ് എന്ന അവസ്ഥ പ്രാപിക്കുന്നത്. തൻെറ അസ്തിത്വത്തോടുകൂടി പിതൃത്വം എന്ന ഗുണവിശേഷം ഒരുമനുഷ്യനും കിട്ടുന്നില്ല. മററൊരു മനുഷ്യനിൽനിന്നു ജനിക്കാത്ത ആദ്യ മനുഷ്യനായ ആദാംപോലും തൻെറ അസ്തിത്വത്തോടുകൂടി പിതൃത്വമെന്ന ഗുണം പ്രാപിച്ചില്ല. അവൻ ആദ്യം അസ്തിത്വത്തിലേയ്ക്കുവന്നു. അനന്തരം പിതാവായിത്തീരുവാനുള്ള ശക്തി പ്രാപിച്ചു. 'ആദാം തൻെറ ഭാര്യയെ അറിഞ്ഞു. അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു' (ഉത്പ. 4:1) എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ ഹവ്വായുമായുള്ള സംയോഗാനന്തരം ദീർഘനാളത്തെ വളർച്ചയുടെ ശേഷം, പ്രസവവേദനയോടുകൂടിയുള്ള തൻെറ ശിശുവിൻെറ ജനനം കഴിഞ്ഞാണ് അവൻ പിതാവായതും പിതാവെന്നു വിളിക്കപ്പെട്ടതും. ഈ പ്രവർത്തനങ്ങളിലേതെങ്കിലും ദൈവസ്വഭാവത്തിനാരോപിക്കുന്നതു തെററാണ്. തൻെറ അസ്തിത്വത്തിനു സമയത്തിൻെറ ആവശ്യം ഇല്ലാത്തവനു പിതാവാകുവാനും സമയത്തിൻെറ ആവശ്യമില്ല. അവിടുന്നു നിത്യത്വം മുതലേ ഉണ്ടായിരുന്നതിനാൽ നിത്യത്വം മുതലേ പിതാവാണ്.

7. പിതാവായ ദൈവം സത്യമായും പിതാവാണ്. അവിടുന്നത് ഒരു പ്രത്യേക സമയത്തിൽ സ്വീകരിച്ചതല്ല. കാരണം, കുറെ സമയത്തിനു ശേഷമല്ല അവിടുത്തേക്കു പുത്രനുണ്ടായത്. പിന്നെയോ നിത്യത്വം മുതലേ പുത്രൻ തന്നോടുകൂടി ഉണ്ടായിരുന്നു. നിത്യത്വം മുതലേ പുത്രനായി അവിടുന്നു പിതാവിൽനിന്നുണ്ടായി. തൻെറ ശിഷ്യന്മാർക്കു് അദ്ഭുത പ്രബോധനം നൽകിയപ്പോൾ 'പിതാവിൻെറ നാമത്തിൽ സ്നാനപ്പെടുത്തുവിൻ' എന്നു പറഞ്ഞത് ഇതിനാലാണ്. താൻ ആരെയാണ് പിതാവെന്നു വിളിക്കുന്നതെന്നു കാണിക്കു

www.malankaralibrary.com



വാൻ 'പഠിപ്പിച്ചു സ്നാനപ്പെടുത്തുക' എന്നു പറഞ്ഞാൽ മതിയായിരുന്നു. പ്രവാചകന്മാരുടെ പ്രബോധനം അനുസരിച്ച്, നിത്യത്വം മുതലേ ദൈവമായിരുന്നവനിൽ അവർ വിശ്വസിക്കുകയും അവന്റെ നാമത്തിൽ സ്നാനപ്പെടുകയും ചെയ്യേണ്ടിയിരുന്നു. അവിടുത്തെയാണു മ്ശിഹാ പിതാവായ ദൈവമെന്നു വിളിച്ചത്.

8. നിത്യത്വം മുതലുള്ളവൻ കുറേ സമയത്തിനുശേഷം പിതാവായിരിക്കുക സാധ്യമല്ല. പിതാവെന്നുള്ള നാമം മറ്റൊന്നും കൂട്ടിച്ചേർക്കാതെതന്നെ ഇതു കാണിക്കുന്നു. നമ്മെപ്പോലെ അവിടുന്നു പിന്നീടാണു പിതാവായി തീർന്നതെങ്കിൽ വാക്കിന്റെ അർത്ഥത്തിലും ഗുണവിശേഷത്തിലും കൂടി അവിടുന്നു നമ്മെപ്പോലെയാകുമായിരുന്നു. പിതാവ് എന്ന വാക്കു അനേകം ആളുകളെക്കുറിക്കാൻ ഉപയോഗിക്കുന്നതിനാൽ ആരെയാണു പിതാവ് എന്നു വിളിച്ചതെന്നു നാം ശരിയായി അന്വേഷിക്കണം. സത്യപിതാവ്, പിതാവ് മാത്രമായിരിക്കുന്നവനാണ്. സ്വഭാവത്താലേ അവിടുന്നു നിത്യനായിരിക്കുന്നതുപോലെ അവിടുന്നു നിത്യമായി പിതാവാണ്. അവിടുന്നു മാത്രം ഈ നാമത്താലും വാക്കിന്റെ പൂർണമായ അർത്ഥത്തിലും വിളിക്കപ്പെടുന്നതുകൊണ്ടും അവിടുത്തെ നാമംതന്നെ സത്യപിതാവിനെ ചൂണ്ടിക്കാണിക്കുന്നതുകൊണ്ടും പിതാവെന്നു വിളിക്കപ്പെടുന്നതാരാണെന്ന് അന്വേഷിക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്നു.

9. 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; എന്നേയ്ക്കുമുള്ള എന്റെ നാമം ഇതാകുന്നു. ഇങ്ങനെവേണം എല്ലാ തലമുറകളിലും ഞാൻ അനുസ്മരിക്കപ്പെടാൻ' (പുറ. 3: 14–15) എന്ന് അവിടുന്ന് പറയുമ്പോൾ ദൈവം സത്യമായും ദൈവമായിരിക്കുന്നതിനാൽ ഈ നാമത്താൽ വിളിക്കപ്പെടുന്നുവെന്നും എല്ലാ സൃഷ്ടവസ്തുക്കളും സ്രഷ്ടാവിന്റെ ഇച്ഛയനുസരിച്ച് ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടതിനാൽ അവ ശ്യഥാർത്ഥ്യമല്ലെന്നും നാം മനസ്സിലാക്കുന്നു. അവിടുന്നാണ് സത്യയാഥാർത്ഥ്യം. അവിടുന്നു മറ്റൊന്നിൽനിന്ന് ഉണ്ടാക്കപ്പെട്ടതല്ലാത്തതിനാൽ 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നു വിളിക്കപ്പെടുന്നു.

അവിടുന്നു നമ്മെപ്പോലെയല്ലാത്തതിനാൽ അവിടുന്നു നമ്മെപ്പോലെ പിതാവല്ല. കാരണം, പിതാവാകുവാനുള്ള അധികാരം അവിടുന്നു സമയത്തിൽ സ്വീകരിച്ചതല്ല. അതുകൊണ്ടു പിതാവെന്ന വാക്കു നാം കേൾക്കുമ്പോൾ പിതാവാകുവാനുള്ള അധികാരം സമയത്തിൽ പ്രാപിക്കാതിരിക്കുകയും

www.malankaralibrary.com



സംയോഗം ആവശ്യമില്ലാതിരിക്കുകയും ചെയ്ത സത്യപിതാവിനെപ്പററി നാം ശരിയായി ചിന്തിക്കണം. അവിടുന്നു് സത്യപിതാവും നിത്യത്വം മുതലേ പൂർണ സ്വഭാവവുമാണു്. അവനോടൊപ്പം നിത്യത്വം മുതലേ അവൻെറ പുത്രനും സ്ഥിതിചെയ്യുന്നു.

10. 'പിതാവായ ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്ന വാചകം ഈ സംഗതികളൊക്കെ നമ്മെ പഠിപ്പിക്കുന്നു. അതിനുശേഷംവരുന്ന ഭാഗമാണു് 'ദൃശ്യവും അദൃശ്യവുമായ' എല്ലാററിൻെറയും സ്രഷ്ടാവെന്നുള്ളതു്. അവിടുന്നു പുത്രൻെറ പിതാവു് മാത്രമല്ല, എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവു് കൂടിയാണെന്നും പിതാവും സ്രഷ്ടാവും തമ്മിലും പുത്രനും സൃഷ്ടികളും തമ്മിലും വ്യത്യാസം ഉണ്ടെന്നും നാം മനസ്സിലാക്കുന്നതിനുവേണ്ടിയാണിതു്. അവിടുന്നു് പുത്രൻെറ പിതാവും സൃഷ്ടികളുടെ സ്രഷ്ടാവുമാണു്. സൃഷ്ടികൾ പിന്നീടു സൃഷ്ടിക്കപ്പെട്ടു; എന്നാൽ പുത്രനാകട്ടെ ആരംഭംമുതലേ അവനോടുകൂടിയും അവനിൽനിന്നുമായിരുന്നു. ഇതാണു് പിതാവും സ്രഷ്ടാവും തമ്മിലുള്ള വ്യത്യാസം. തന്നിൽനിന്നു ജനിച്ചവൻെറ പിതാവെന്നു് അവൻ വിളിക്കപ്പെടുന്നു. തനിക്കു പുറത്തുള്ളതും തൻെറ ഇച്ഛയാൽ ഇല്ലായ്മയിൽനിന്നു് സൃഷ്ടിക്കപ്പെട്ടതുമായ എല്ലാ സ്വഭാവങ്ങളുടെയും സ്രഷ്ടാവെന്നു് അവൻ വിളിക്കപ്പെടുന്നു. ഇക്കാരണത്താലാണു് പിതാവിനെപ്പററിയുള്ള പ്രബോധനത്തിൽ അവർ മറെറാന്നും കൂട്ടിച്ചേർക്കാഞ്ഞതു്. വാസ്തവത്തിൽ, പിതാവെന്നപദം മാത്രം മതി പുത്രനെ സൂചിപ്പിക്കുവാൻ. കാരണം, പുത്രനെ കൂടാതെ ഒരു പിതാവും ഇല്ല. എവിടെയെല്ലാം പിതാവുണ്ടോ അവിടെയെല്ലാം പുത്രനുമുണ്ടു്. പുത്രനെക്കുറിച്ചു തങ്ങളുടെ കഴിവനുസരിച്ചു തുടർന്നു് പഠിപ്പിക്കുവാൻ അവർ മുതിരുന്നു.

11. 'സ്രഷ്ടാവു്' എന്ന വാക്കിനോടുകൂടി 'ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളുടെയും' എന്നു് അവർ കൂട്ടിച്ചേർക്കുന്നതു് പുത്രനും സൃഷ്ടികളും തമ്മിലുള്ള വ്യത്യാസം കാണിക്കുന്നതിനാണു്: അവിടുന്നു് പുത്രൻെറ മാത്രം പിതാവാണു്, എന്നാൽ എല്ലാ വസ്തുക്കളും ഇല്ലായ്മയിൽനിന്നു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ അവിടുന്നു ദൃശ്യാദൃശ്യങ്ങളായ എല്ലാററിൻെറയും സ്രഷ്ടാവാണു്. പുത്രനും സൃഷ്ടികളും തമ്മിൽ വലിയൊരന്തരം ഇല്ലായിരുന്നെങ്കിൽ അവിടുന്നു് പുത്രൻെറ പിതാവെന്നും സൃഷ്ടികളുടെ സ്രഷ്ടാവെന്നും വിളിക്കപ്പെടുകയില്ലായിരുന്നു. പുത്രനും സൃഷ്ടികളും തമ്മിൽ വ്യത്യാസമുണ്ടു്. അവിടുന്നു പുത്രൻെറ പിതാവാണു്. ഇപ്രകാരം വിളിക്കപ്പെടുന്നു. കാരണം, തൻെറ പുത്ര

www.malankaralibrary.com



നെന്നു് വിളിക്കപ്പെടുന്നവനുമായി അവിടുത്തേക്കു് തുല്യ സ്വഭാവമാണുള്ളതു്. എന്നാൽ അവിടുന്നു എല്ലാററിൻേറയും സ്രഷ്ടാവാണു്. കാരണം, ഇല്ലായ്മയിൽനിന്നു് എല്ലാം സൃഷ്ടിക്കപ്പെട്ടു. ദൃശ്യവും അദൃശ്യവുമായ വസ്തുക്കളുടെ സ്വഭാവങ്ങൾ തമ്മിൽ അന്തരമുണ്ടെങ്കിലും ദൃശ്യാദൃശ്യങ്ങളായ ഈ സൃഷ്ടവസ്തുക്കളെല്ലാം തങ്ങളുടെ സ്രഷ്ടാവിൻെറ ഇച്ഛയാൽ അസ്തിത്വത്തിലേക്കു വന്നു. ഇല്ലായ്മയിൽനിന്നുണ്ടായി എന്ന സംഗതി അവയ്ക്കെല്ലാം പൊതുവാണു്. കാരണം, തങ്ങളുടെ സ്രഷ്ടാവിൻെറ ഇച്ഛയാൽ അവയെല്ലാം ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടു.

ഇക്കാരണത്താലാണു് ഭാഗ്യവാനായ ദാവീദു് പറയുന്നതു്, 'ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിക്കുക; കർത്താവിൻെറ സകല മാലാഖമാരേ, അവനെ സ്തുതിക്കുക. അവൻെറ സർവ സൈന്യങ്ങളേ, അവനെ സ്തുതിക്കുക, സൂര്യചന്ദ്രന്മാരേ, അവനെ സ്തുതിക്കുക' (സങ്കീ. 148: 1—3). ആകാശത്തിലും ഭൂമിയിലും കാണപ്പെടുന്ന ദൃശ്യവും അദൃശ്യവും മർത്ത്യവും അമർത്ത്യവും ബുദ്ധിയുള്ളതും ബുദ്ധിയില്ലാത്തതും ശാരീരികവും അശാരീരികവും ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ സൃഷ്ടികളെയും അവൻ പടിപടിയായി കുറിക്കുന്നു. ദൈവസ്തുതിക്കായി അവൻ അവയെ ക്ഷണിച്ചപ്പോൾ ഉചിതമായ ഒരു കാരണം അവൻ നൽകുന്നു. 'എന്തെന്നാൽ അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേയ്ക്കുമായി സ്ഥിരപ്പെടുത്തി. കടന്നുപോകാത്ത ഒരു നിയമം അവൻ സ്ഥാപിച്ചു' (സങ്കീ. 148: 5—6).

12. അവിടുന്നു് എല്ലാററിനെയും സൃഷ്ടിച്ചതിനാലും തൻെറ ഇച്ഛയാൽ സമസ്തവും യാഥാർത്ഥ്യത്തിലേയ്ക്കു വന്നതിനാലും ദൃശ്യാദൃശ്യങ്ങളായവയെല്ലാം സ്രഷ്ടാവിനെ സ്തുതിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ സ്തുതിക്കുവാൻ രണ്ടു് കാരണങ്ങൾ നമ്മെ നിർബന്ധിക്കുന്നു: അവിടുന്നു് ദൈവവും സ്രഷ്ടാവുമാണെന്നതത്രേ ഈ കാരണങ്ങൾ. ഇവ തമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. അവിടുന്നു പിതാവായതുകൊണ്ടല്ല അവിടുന്നു സ്രഷ്ടാവുകൂടി ആയിരിക്കുന്നതു്. അവിടുന്നു സ്രഷ്ടാവായിരിക്കുന്നതുകൊണ്ടല്ല പിതാവുകൂടിയായിരിക്കുന്നതു്. അവൻ ആരുടെ പിതാവായിരിക്കുന്നുവോ അവൻെറ സ്രഷ്ടാവല്ല. അവൻ ആരുടെ സ്രഷ്ടാവായിരിക്കുന്നുവോ അവരുടെ പിതാവല്ല. പിതാവിൻെറ മടിയിലിരിക്കുന്ന സത്യേകജാതൻെറ മാത്രം പിതാവാണവൻ; കാരണം, അവൻ അവനിൽനിന്നു ജനിച്ചവനും നിത്യത്വം മുതൽ അവനോടുകൂടിയുള്ളവനുമാണു്. എന്നാൽ തൻെറ സത്തയിൽ

www.malankaralibrary.com



നിന്നു വളരെ അകന്നവയും താൻ ഇഷ്ടപ്പെട്ടപ്പോൾ തന്റെ ഇച്ഛയാൽ സൃഷ്ടിക്കയും നിർമ്മിക്കയും ചെയ്തവയുമായ വസ്തുക്കളുടെയെല്ലാം സ്രഷ്ടാവാണവിടുന്ന്. അവിടുന്ന് പിതാവെന്നു വിളിക്കപ്പെടുന്നു. അവിടുന്ന് പുത്രന്റെ പിതാവാണ്. കാരണം, പുത്രൻ പിതാവിൽനിന്നാണ്; പിതാവിനോടുകൂടി സമസത്തയാണ്. അവിടുന്ന് സൃഷ്ടികളുടെ നിർമ്മാതാവും സ്രഷ്ടാവുമാണ്. കാരണം അവൻ അവയെ ഇല്ലായ്മയിൽനിന്ന് അസ്തിത്വത്തിലേയ്ക്കു കൊണ്ടുവന്നു.

13. അവൻ മനുഷ്യരെ സൃഷ്ടിച്ചതുകൊണ്ടല്ല മനുഷ്യരുടെ പിതാവെന്നു വിളിക്കപ്പെടുന്നത്. പിന്നെയോ, അവനോടുള്ള അവരുടെ സാമീപ്യവും ബന്ധവും നിമിത്തമാണ്. ഇക്കാരണത്താലാണ് അവൻ എല്ലാ മനുഷ്യരുടെയും പിതാവെന്നു വിളിക്കപ്പെടാതെ 'ഞാൻ മക്കളെ പോററി വളർത്തി' (ഏശാ 1:2) എന്നു പറഞ്ഞതുപോലെ തന്നോടു ബന്ധമുള്ളവരുടെ മാത്രം പിതാവെന്നു വിളിക്കപ്പെടുന്നത്. ഇങ്ങനെ വിളിക്കപ്പെടുവാൻ ഇവർക്കവൻ പ്രത്യേക പരിഗണന നല്കി. അങ്ങനെയുള്ള ഒരു വാചകമാണ്, 'ഇസ്രായേൽ എന്റെ ആദ്യ ജാതനായ പുത്രനാണ്' എന്നത് (പുറ.4:22–23). മററുള്ളവർ മക്കളായിരുന്നില്ല എന്നു സാരം.

14. ദൈവത്തെ പിതാവ്, സ്രഷ്ടാവ് എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതിലുള്ള വ്യത്യാസം നാം അറിയുന്നതുകൊണ്ടു നമ്മുടെ വിശ്വാസത്തിൽ ഈ അർത്ഥം നാം കാത്തുസൂക്ഷിക്കുന്നു. അതായതു്, ഏകജാതന്റെ പിതാവ്. ഈ ഏകജാതൻ മാത്രമാണ് യഥാർത്ഥപുത്രൻ. കാരണം, അവിടുന്നു പിതാവുമായി സമസത്തയാണ്. സൃഷ്ടിക്കപ്പെട്ടവയും ഇല്ലായ്മയിൽനിന്ന് യാഥാർത്ഥ്യത്തിലേയ്ക്കു വരികയും ചെയ്ത എല്ലാററിന്റെയും സ്രഷ്ടാവാണവിടുന്ന്. അതുകൊണ്ടു്, പിതാവു്, സ്രഷ്ടാവു് എന്നൊക്കെ നാം പറയുമ്പോൾ, പിതാക്കന്മാർ, സ്രഷ്ടാക്കൾ എന്നൊക്കെ മനുഷ്യരെ വിളിക്കുമ്പോൾ അവരെപ്പററി ചിന്തിക്കുന്ന രീതിയിൽ ദൈവത്തെപ്പററി ചിന്തിക്കാൻ പാടില്ല. പിന്നെയോ, പിതാവു്, സ്രഷ്ടാവ് എന്നിവ നമ്മേപ്പററി പറയാവുന്ന രീതിയിൽനിന്ന് അവ തമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. വാസ്തവത്തിൽ നമുക്കുപോലും പിതാവും സ്രഷ്ടാവും വ്യത്യസ്തമാണ്. നമ്മിൽനിന്നും നമ്മുടെ സ്വഭാവത്തിൽനിന്നും ജനിച്ചവരുടെ പിതാക്കന്മാരായിനാം വിളിക്കപ്പെടുന്നു. എന്നാൽനമ്മുടെ സ്വഭാവത്തിൽ നിന്നല്ലാതെ നിർമ്മിക്കപ്പെടുകയും നമുക്കു് പുറത്തുനിന്ന് അസ്തിത്വത്തിൽവരുകയും ചെയ്തവരുടെ നിർമ്മാതാക്കളായി വിളിക്കപ്പെടുന്നു. നമ്മിൽനിന്നുള്ളതല്ലാത്ത വീടു്, കപ്പൽ, അതുപോലെയുള്ളമററ് സംഗതികൾ ആദിയായവ നാം നിർമ്മിക്കുന്നു.

www.malankaralibrary.com



15. നമ്മെപ്പററി ഇങ്ങനെയാണെങ്കിൽ ദൈവത്തിൽ പിതാവു്, സ്രഷ്ടാവു് എന്നീ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസത്തെപ്പററി വ്യക്തമായി നാം ചിന്തിക്കണം. അവൻ തന്റെ സ്വഭാവത്തിൽനിന്നു ജനിച്ച ഏകജാതന്റെ പിതാവാണെന്നും സൃഷ്ടിക്കപ്പെടുകയും ഇല്ലായ്മയിൽനിന്നു് അസ്തിത്വത്തിലേയ്ക്കു വരുകയും ചെയ്ത എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവാണെന്നും മനസ്സിലാക്കേണ്ടതുണ്ടു്. സൃഷ്ടിക്കുവാൻ അവിടുത്തേയ്ക്കു പദാർത്ഥത്തിന്റെ ആവശ്യമുണ്ടായില്ല. വസ്തുക്കൾ കാണപ്പെടുകയും സ്ഥിതിചെയ്യുകയും ചെയ്യുന്ന സ്വഭാവത്തിലൂടെ അവിടുന്നു് അവയെ സൃഷ്ടിച്ചു.

16. നാം ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ നമുക്കുള്ള വസ്തുക്കളിൽനിന്നു് എടുക്കപ്പെട്ട ഛായയിലൂടെ ദൈവത്തെപ്പററി പറയപ്പെട്ടിരിക്കുന്ന ഉന്നത സംഗതികളെപ്പററി നാം വിഭാവന ചെയ്യുന്നു. ഈ രീതിയിൽ ദൈവത്തെ പിതാവായും സ്രഷ്ടാവായും വിശ്വസിക്കുന്നതിലുള്ള വ്യത്യാസം എത്ര വലുതാണെന്നു്, നാമും ദൈവവും തമ്മിലുള്ള വ്യത്യാസം വ്യക്തമാണെങ്കിലും, നമുക്കുള്ള സംഗതികളിൽനിന്നു നമുക്കു് വിഭാവന ചെയ്യാൻ സാധിക്കും. ദൈവസ്വഭാവത്തെപ്പററിയും അതിന്റെ പ്രവർത്തനങ്ങളെപ്പററിയും ചിന്തിക്കുമ്പോൾ ഈ വ്യത്യാസത്തിനു നേരെ നാം കണ്ണടച്ചുകളയരുതു്. വാസ്തവത്തിൽ നാം ദൈവസ്വഭാവത്തെപ്പററി സംസാരിക്കുമ്പോൾ ബലഹീനതമൂലം നമുക്കു സംഭവിക്കുന്ന സംഗതികളൊക്കെ നമ്മുടെ മനസ്സിൽനിന്നു പരിപൂർണമായി നാം നീക്കണം. നമുക്കു ജോലി ചെയ്യുവാൻ പ്രയത്നവും വസ്തുവും സമയവും ആവശ്യമാണു്. എന്നാൽ ദൈവം ഇവയ്ക്കെല്ലാം ഉപരിസ്ഥനാണു്. കാരണം താൻ ഇച്ഛിക്കുന്ന നിമിഷത്തിൽ ഇല്ലായ്മയിൽനിന്നു് തന്റെ കർമ്മങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. നാം വേദനയിലും മനുഷ്യരിലൂടെയും ജനിക്കുന്നു. നമുക്കു് പിതാക്കന്മാരാകുവാൻ പദാത്ഥം എന്ന നിലയിൽ സ്ത്രീസ്വഭാവവും ദീർഘമായ സമയവും ആവശ്യമാണു്. ഇവ കൂടാതെ നമുക്കു പിതാക്കന്മാരാകുവാൻ സാധ്യമല്ല. എന്നാൽ ദൈവമാകട്ടെ ഇതൊന്നും കൂടാതെ പിതാവാണു്. കാരണം, അവിടുത്തേയ്ക്കു പ്രയത്നം ആവശ്യമില്ല. മാനുഷികബീജം അവിടുന്നുപയോഗിച്ചില്ല. അവിടുത്തേയ്ക്കു് സംയോഗത്തിന്റെ ആവശ്യമില്ല. അവിടുന്നു ദീർഘകാലം കാത്തിരിക്കുന്നില്ല. പിന്നെയോ, അവിടുന്നു് നിത്യത്വം മുതലേ എന്നും പിതാവാണു്.

17. അതുകൊണ്ടു് സൃഷ്ടിനിർമ്മാണതലങ്ങളിൽ നമ്മുടെ ബലഹീനത മൂലം നമുക്കു സംഭവിക്കുന്ന സംഗതികളെപ്പ

www.malankaralibrary.com



ററിയുള്ളതും ദൈവത്തിനു ചേരാത്തതുമായവ ദൈവത്തിൽ നാം ആരോപിക്കരുത്. നമുക്കെല്ലാത്തിനും പ്രയത്നം ആവശ്യമാണ്. നമ്മുടെ സ്വഭാവം വ്യതിയാന വിധേയമാണ്. അതുവഴി അതിനു ക്ഷതം സംഭവിക്കുന്നു. ദൈവമാകട്ടെ ഇവയ്ക്കെല്ലാം ഉപരിസ്ഥനാണ്. നാം ഭരിക്കുമ്പോഴും ഗവർണറന്മാരായി തീരുമ്പോഴും വിധിക്കുമ്പോഴും സംസാരിക്കുമ്പോഴും നോക്കുമ്പോഴും മററെന്തെങ്കിലും ചെയ്യുമ്പോഴും നമുക്കു പ്രയത്നം ആവശ്യമാണ്. നാം അദ്ധ്വാനിക്കുമ്പോൾ വിയർക്കുന്നു. നമ്മുടെ സ്വഭാവം നശ്വരവും ജീർണതയ്ക്കു വിധേയവും ആകയാൽ അദ്ധ്വാനംവഴി അതു് നശിക്കുന്നു. ദൈവമാകട്ടെ, ഭരിക്കുക, പരിപാലിക്കുക, വിധിക്കുക, നിയന്ത്രിക്കുക തുടങ്ങി തന്നിക്കുള്ള എല്ലാ സംഗതികളും ക്ഷീണം കൂടാതെയും ഭൗതിക സഹായം കൂടാതെയും ചെയ്യുന്നു.

18. ദൈവത്തെപ്പററി ഇപ്രകാരമുള്ള ഒരാശയമാണു നമുക്കു വേണ്ടതു്. പിതാവായ ദൈവത്തെക്കുറിച്ച് ഇപ്രകാരമുള്ള വിശ്വാസമാണു നമുക്ക് ഉണ്ടായിരിക്കേണ്ടതു്. അവിടുത്തെ പിതാവെന്നു വിളിക്കുമ്പോൾ പുത്രൻെറ പിതാവെന്നു നാം അർത്ഥമാക്കുന്നു. നാം ആയിരിക്കുന്നതുപോലെ സ്വഭാവത്താലേ അവിടുന്നു സത്യമായും പിതാവാകുന്നു. അവിടുന്നു സ്വഭാവത്താലേ പിതാവല്ലെങ്കിൽ അവിടുന്ന് എപ്രകാരം സത്യമായി പിതാവാണെന്നു മനസ്സിലാക്കുവാൻ പ്രയാസമാണ്. അവിടുന്നു നിത്യമായും പിതാവാണ്. കാരണം, അവിടുന്നു പിതാവായിരിക്കുന്ന സ്വഭാവം നിത്യമാണ്. സ്രഷ്ടാവെന്നു നാം വിളിക്കുമ്പോൾ പരിചയജ്ഞാനംകൊണ്ടു് അവിടുന്ന് എല്ലാററിനെയും വിജ്ഞാനത്തിൽ സൃഷ്ടിച്ചുവെന്ന് അർത്ഥമാക്കുന്നു. 'നീ വിജ്ഞാനത്തിൽ അവയെല്ലാം സൃഷ്ടിച്ചു' എന്നു പറയപ്പെട്ടിരിക്കുന്നതുപോലെതന്നെ (സങ്കീ.104:24). നാമും നമുക്കുള്ള പരിചയജ്ഞാനംകൊണ്ടു പലതും ചെയ്യുന്നു.

ഇത്തരത്തിലുള്ള വിശ്വാസപ്രമാണത്തിൽ ഈ അർത്ഥത്തോടുകൂടിയാണു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പിതാവും സ്രഷ്ടാവുമായ ഏകദൈവത്തിലുള്ള വിശ്വാസം നമുക്കായി അവതരിപ്പിച്ചതു്. ഒരു ദീർഘമായ പ്രതിപാദനത്തിലൂടെ നിങ്ങളുടെ സ്നേഹത്തോട് ഇതു് വിശദീകരിക്കുവാൻ നാം പരിശ്രമിച്ചു. കൂട്ടിച്ചേർക്കൽ കൂടാതെ നിങ്ങളതു കാത്തുസൂക്ഷിക്കണം. അങ്ങനെ പാഷണ്ഡികളുടെ ദുഷ്ടാഭിപ്രായങ്ങളിൽനിന്ന് നിങ്ങൾ ഓടിയകലണം. കർത്താവീശോമിശിഹായുടെ കൃപയാൽ നിങ്ങളുടെ വിശ്വാസം കളങ്കരഹിതമായിരിക്കും. അവനു തൻെറ പിതാവിനോടും തൻെറ പരിശുദ്ധാത്മാവിനോടും കൂടെ എന്നുമെന്നേയ്ക്കും മഹത്വവും ബഹുമാനവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# 3

# മൂന്നാം പ്രസംഗം

## വിശ്വാസം

1. ദൈവഭയമുള്ള ആളുകൾ പിതാവായ ദൈവത്തെപ്പററി മനസ്സിലാക്കുകയും പറയുകയും ചെയ്യേണ്ടതു് എന്താണെന്നു് മുകളിൽ പറഞ്ഞതിൽനിന്നു നിങ്ങൾ മതിയാംവണ്ണം പഠിച്ചു കാണുമെന്നു ഞാൻ വിശ്വസിക്കുന്നു. പുത്രനെ സംബന്ധിച്ചു തങ്ങളുടെ വിശ്വാസപ്രമാണത്തിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ഉച്ചരിച്ച വാക്കുകൾ ഉദ്ധരിച്ചു പരിശോധനാ വിധേയമാക്കാം. 'ദൈവത്തിൻെറ ഏകപുത്രനും സർവസൃഷ്ടികളിലും ആദ്യജാതനുമായ നമ്മുടെ കർത്താവീശോമിശിഹായിലും (വിശ്വസിക്കുന്നു).'

പിതാവിനെ സംബന്ധിച്ചുള്ള അവരുടെ പ്രബോധനത്തിനുശേഷം, നമ്മുടെ കർത്താവിൻെറ പ്രബോധനമനുസരിച്ചു്, പുത്രനെപ്പററി ക്രമാനുസൃതം അവർ പ്രതിപാദിച്ചതു യുക്തമായിരുന്നു. പിതാവിനെപ്പററി പറഞ്ഞപ്പോൾ നമ്മുടെ കർത്താവിൻെറ പ്രബോധനമനുസരിച്ചു പിതാവെന്നു പറയുകമാത്രമല്ല, പിന്നെയോ 'എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും പിതാവുമായ ഏകദൈവത്തിൽ' എന്നും അവർ കൂട്ടിച്ചേർത്തു. 'അവൻ ഏകനാകുന്നു' എന്നു പറഞ്ഞുകൊണ്ടു ബഹുദേവതാവാദത്തിൻെറ അബദ്ധം ഖണ്ഡിക്കുവാൻ വിശ്വാസപ്രമാണത്തിൽ ദൈവത്തിൻെറ നാമം എഴുതിവച്ചു. അതിനുശേഷം 'പിതാവും എല്ലാവസ്തുക്കളുടെയും സ്രഷ്ടാവും' എന്നു് അവർ കൂട്ടിച്ചേർത്തു. പുത്രനെ സംബന്ധിച്ചു് 'ദൈവത്തിൻെറ ഏകജാതനും സർവസൃഷ്ടികളിലും ആദ്യജാതനുമായ ഏക കർത്താവീശോമിശിഹായിലും' എന്നു് അവർ കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ ഭാഗ്യവാനായ പൗലോസിൻെറ ദൃഷ്ടാന്തം അവർ വ്യക്തമായി അനുകരിച്ചിരിക്കയാണു്. വിഗ്രഹങ്ങൾക്കും തെററായ പ്രമാണങ്ങൾക്കും എതിരെ പഠിപ്പിച്ചുകൊണ്ടും ബഹുദേവതാവാദത്തിൻെറ അബദ്ധത്തെ ഖണ്ഡിച്ചുകൊണ്ടും 'ദൈവം ഏകൻ മാത്രമാണു്' (1 കൊരി. 8:6) എന്നു്

www.malankaralibrary.com



അവർ പറയുന്നു. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള വിശ്വാസപ്രമാണം നാം അംഗീകരിക്കുന്നുവെന്ന് അദ്ദേഹം അറിയുന്നതിനാൽ ഈ ആളുകളിലുള്ള വിശ്വാസത്തെ സംബന്ധിച്ച പ്രശ്നം നമ്മുടെ വിശ്വാസത്തിന് എതിരല്ലെന്നും ബഹുദേവതാ വാദത്തിന്റെ അബദ്ധത്തിലേക്കു നയിക്കുകയില്ലെന്നും പരസ്യമായി കാണിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു.

2. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദിവ്യസ്വഭാവം ഏകമാണെന്ന് നമുക്കറിയാവുന്നതുകൊണ്ടും സംക്ഷിപ്തമായി ഈ വിശ്വാസം നമ്മെ പഠിപ്പിക്കുവാൻ ആഗ്രഹിച്ചതുകൊണ്ടും ശ്ലീഹാ പറഞ്ഞു: 'നമുക്കു പിതാവായ ദൈവം ഏകൻ മാത്രമാണ്. എല്ലാം അവനിൽനിന്നുണ്ടായി'(1 കൊരി. 8:6). 'പിതാവായ ഏകദൈവം' എന്നു പറയുമ്പോൾ ബഹുദേവതാ വാദത്തിന്റെ അബദ്ധത്തെ അദ്ദേഹം ഖണ്ഡിക്കുകയും ഏക ദൈവസ്വഭാവമാണു നമ്മോടു പ്രസംഗിക്കപ്പെട്ടതെന്നു കാണിക്കുകയും ചെയ്യുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു:'ഏകകർത്താവീശോമിശിഹായും; അവനാൽ എല്ലാ വസ്തുക്കളും ഉണ്ടായി' (1 കൊരി. 8:6). പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഒന്നിച്ചു പ്രഘോഷിക്കുവാൻവേണ്ടിയാണിത്. അതുപോലെ, നമുക്കുവേണ്ടി സംഭവിച്ചതും ദൈവസ്വഭാവം നമ്മുടെ രക്ഷകനായിതീർന്നതും ആയ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും അദ്ദേഹം തന്റെ വാചകത്തിൽ ഉൾപ്പെടുത്തി. 'ഏകകർത്താവ്; അവൻവഴി എല്ലാ വസ്തുക്കളും ഉണ്ടായി' എന്ന് അദ്ദേഹം പറയുമ്പോൾ തന്റെ പിതാവിനോട് സമസത്തയായ സത്യപുത്രനെ, വചനമായ ദൈവത്തെ, അദ്ദേഹം പരാമർശിക്കുകയാണ്. പിതാവായ ദൈവത്തിന്റെ ദൈവസ്വഭാവത്തിൽ നിന്നാണ് അവിടുന്ന് എന്നു നമ്മെ മനസ്സിലാക്കുവാൻ വേണ്ടി അവിടുത്തെ ശരിയായി കർത്താവെന്ന് അദ്ദേഹം വിളിക്കുന്നു.

പുത്രൻ ദൈവമല്ലെന്ന അർത്ഥത്തിലല്ല 'ഏക ദൈവം' എന്നു നാം പറയുന്നത്. അതുപോലെ, 'പിതാവു കർത്താവല്ല' എന്ന അർത്ഥത്തിലല്ല 'ഏകകർത്താവായ പുത്രനിലും' എന്നു നാം പറയുന്നത്. കാരണം, സത്യദൈവം സത്യകർത്താവുമാണ്; അതുപോലെ സത്യകർത്താവു സത്യദൈവവുമാണ് എന്നതു വ്യക്തവും സുവിദിതവുമാണ്. സത്യദൈവമല്ലാത്തവൻ സത്യകർത്താവല്ല എന്നും വ്യക്തമാണല്ലോ. 'നിന്റെ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു' (ആവ.6:4).

www.malankaralibrary.com



സത്യത്തിൽ അവൻ മാത്രമാകുന്നു അപ്രകാരമുള്ളവൻ. ഈ സത്യഗുണങ്ങളുള്ളവൻ മാത്രമേ സത്യത്തിൽ കർത്താവെന്നും ദൈവമെന്നും വിളിക്കപ്പെടുന്നുള്ളു. സത്യത്തിൽ കർത്താവെന്നും ദൈവമെന്നും വിളിക്കപ്പെടാവുന്നതൊന്നും തന്റെ സ്വഭാവത്തിനു പുറത്തില്ല.

3. 'ഏകദൈവം' എന്നു പറയുന്നവൻ ഒരു കർത്താവേ ഉള്ളു എന്നു കാണിക്കുന്നു. 'ഏക കർത്താവേ ഉള്ളു' എന്നു പറയുന്നയാളും ഏകദൈവമേ ഉള്ളു എന്ന് ഏററു പറയുന്നു. പൗലോസ് ആദ്യം പറഞ്ഞു: 'ഏകദൈവം മാത്രമെ ഉള്ളു.' ആളുകളെ വേർതിരിക്കുവാൻ വേണ്ടി അതോടുകൂടി ഉടനെ കൂട്ടിച്ചേർത്തു, 'ഏകകർത്താവുമാത്രമേ ഉള്ളു.' അവരിൽ ഓരോരുത്തരെപ്പററിയും 'ഏകം' എന്ന പദം ആവർത്തിക്കുന്നതുവഴി രണ്ടാളുകളും സത്യമായും കർത്താവും ദൈവവുമായ ഏകദൈവസ്വഭാവമായി അറിയപ്പെടണമെന്ന് അദ്ദേഹം കാണിച്ചു.

4. നമ്മുടെ രക്ഷയ്ക്കുവേണ്ടി എടുക്കപ്പെട്ട മനുഷ്യസ്വഭാവവും തങ്ങളുടെ പ്രസ്താവനയിൽ ഉൾപ്പെടുത്താൻ 'ഏകകർത്താവീശോമിശിഹായിലും' എന്ന് അവർ പറഞ്ഞു. 'അവൾ ഒരു പുത്രനെ പ്രസവിക്കും; അവൻ ഈശോ എന്നു പേർവിളിക്കപ്പെടും' (മത്താ. 1:21; ലൂക്കാ. 1:31) എന്നു മാലാഖാ പറഞ്ഞതുപോലെ ദൈവം ധരിച്ച മനുഷ്യന്റേതാണ് ഈ നാമം. മിശിഹാ എന്ന വാക്കും അവർ കൂട്ടിച്ചേർത്തു. 'പരിശുദ്ധാത്മാവുകൊണ്ടും ശക്തികൊണ്ടും ദൈവം അഭിഷേകം ചെയ്ത നസ്രായനീശോ' എന്നെഴുതപ്പെട്ടിരിക്കുന്നതുപോലെ (നട. 10: 38) പരിശുദ്ധാത്മാവിനെപ്പററി പരാമർശിക്കുവാനാണ് അവർ ഇപ്രകാരം ചെയ്തത്. ദൈവസ്വഭാവവുമായുള്ള ദൃഢമായ ഐക്യംകൊണ്ട് അവിടന്നു ദൈവമാണ്. ആ ദൈവസ്വഭാവം സത്യമായും ദൈവമാണ്.

ഈ രീതിയിൽ കത്തോലിക്കാസഭയുടെ ശ്രേഷ്ഠമായ നിഖ്യാസുനഹദോസിൽ ഒന്നിച്ചുകൂടിയ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പൗലോസിനെപ്പോലെ ദൈവസ്വഭാവത്തെപ്പററി പറഞ്ഞു. അതോടൊപ്പം അവിടന്നു ധരിച്ച മനുഷ്യന്റെ രൂപത്തെ (ഫിലി. 2:7) സൂചിപ്പിക്കുന്ന ഒരു പദം കൂടി കൂട്ടിച്ചേർക്കുകയും ചെയ്തു. അങ്ങനെ 'ദൈവത്തിന്റെ ഏകജാതനും സർവസൃഷ്ടികളിലും ആദ്യജാതനുമായ ഏകകർത്താവീശോമിശിഹായിൽ' എന്ന് അവർ പറഞ്ഞു. പുത്രന്റെ ദൈവസ്വഭാവത്തെപ്പററി അവർ പറഞ്ഞപ്പോൾ മനുഷ്യകുലത്തെ ഇപ്രകാരം പഠിപ്പിക്കാനാണ് അവർ ആഗ്രഹിച്ചത്.

www.malankaralibrary.com



അവന്റെ ദൈവസ്വഭാവം സ്ഥിതിചെയ്യുന്ന മനുഷ്യസ്വഭാവവും അതിൽ പ്രഘോഷിക്കപ്പെടുന്നു. ഈ ദൈവസ്വഭാവം ഇപ്രകാരം അറിയിക്കപ്പെടുകയും 'ദൈവം ജഡത്തിൽ പ്രത്യക്ഷനായി' എന്ന പൗലോസിന്റെ വചനംപോലെയും (1 തിമോ. 3:16) 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു; അവിടുത്തെ മഹത്വം, സത്യവും കൃപയും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം, നമ്മൾ ദർശിച്ചു' എന്ന യോഹന്നാന്റെ വാക്കുകൾ പോലെയും (1:14) പ്രസംഗിക്കപ്പെടുകയും ചെയ്തു. ദൈവസ്വഭാവവുമായി അവാച്യമായ ഐക്യമുള്ള നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തെ അവഗണിക്കാതിരിക്കാൻ നമ്മുടെ പിതാക്കന്മാർ നന്നേ ശ്രദ്ധിച്ചു.

5. അതിനാലവർ 'ഈശോമിശിഹാ ആയ ഏക കർത്താവിലും' എന്നു പറഞ്ഞു 'ദൈവസ്വഭാവമുള്ള ഏകകർത്താവിൽ ഞങ്ങൾ വിശ്വസിക്കുന്നു; കർത്താവ്, ദൈവം എന്നീ നാമങ്ങൾ ദൈവസ്വഭാവത്തിനു സത്യമായും അർഹിക്കുന്നവയാണ്' എന്നത്രേ അതിന്റെ അർത്ഥം. വചനമായ ദൈവത്തെപ്പററി പറയുമ്പോൾ 'എല്ലാവസ്തുക്കളും അവനാലാണ്' എന്ന് അവർ പറഞ്ഞു. 'സമസ്തവും അവൻ വഴി ഉണ്ടായി. ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല' എന്നു സുവിശേഷകൻ പറഞ്ഞതുപോലെ (യോഹ. 1:3) ആണിത്. അതിന്റെ അർത്ഥം 'ഈ ആളിനെ നാം ഏകകർത്താവായി മനസ്സിലാക്കുന്നു. അവിടുന്നു പിതാവായ ദൈവത്തിന്റെ ദൈവസ്വഭാവത്തിൽനിന്നുള്ളവനാണ്'; അവിടുന്നു നമ്മുടെ രക്ഷയ്ക്കു വേണ്ടി മനുഷ്യനെ ധരിച്ച് അവനിൽ വസിച്ചു. അവനിലൂടെ കാണപ്പെടുകയും മനുഷ്യർക്ക് അറിയപ്പെടുകയും ചെയ്തു' എന്നത്രേ. 'അവൻ യേശു എന്നു വിളിക്കപ്പെടും' (മത്താ. 1:21) എന്നു മാലാഖ പറഞ്ഞത് ഈ മനുഷ്യനെപ്പററിയാണ്. അവൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. ഭാഗ്യവാനായ പൗലോസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ 'അവൻ അവനിൽ പൂർണനാക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തു' (നട. 10:38; 1 തിമോ. 3:16; എബ്രാ. 2:9–10).

6. പിതാക്കന്മാർ ഇവയൊക്കെ പറഞ്ഞു. ദൈവസ്വഭാവവും ദൈവം ധരിച്ച മനുഷ്യസ്വഭാവവും അവർ വ്യക്തമാക്കി. അതിനുശേഷം 'ഏകജാതനും സർവ സൃഷ്ടികളിലും ആദ്യജാതനും' എന്ന് അവർ കൂട്ടിച്ചേർത്തു. ഇതുവഴി അവർ ഇരുസ്വഭാവങ്ങളെയും പരാമർശിച്ചു. ഈ വാക്കുകൾ തമ്മിലുള്ള വ്യത്യാസം കൊണ്ട് ഇരുസ്വഭാവങ്ങളും തമ്മിലുള്ള വ്യത്യാസം നമ്മെ മനസ്സിലാക്കി. ഇപ്പറഞ്ഞ ദ്വിപദങ്ങൾ ഏക

www.malankaralibrary.com



ആളിനെ സൂചിപ്പിക്കുന്നു. അങ്ങനെ ഇരുസ്വഭാവങ്ങളും തമ്മിലുള്ള സമ്പൂർണമായ ഐക്യം അവർ ചൂണ്ടിക്കാട്ടി. ഈ വാക്കുകളാകട്ടെ അവരുടെ ചിന്തയിൽ നിന്നുദിച്ചതല്ല; വിശുദ്ധഗ്രന്ഥപ്രബോധനത്തിൽനിന്ന് അവർ എടുത്തിട്ടുള്ളതാണ്. ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'സർവോപരി ദൈവമായ ക്രിസ്തു ജഡത്തിൽ അവരിൽ നിന്നാണ്'' (റോമ. 9:5). അവൻ ജഡത്തിൽ ദാവീദിന്റെ വംശത്തിൽ നിന്നാണ് എന്ന വസ്തുതയല്ല അവൻ സ്വഭാവത്താലേ ദൈവമായിരിക്കുന്നതിനടിസ്ഥാനം. 'ജഡത്തിൽ' എന്ന് അദ്ദേഹം പറഞ്ഞത് എടുക്കപ്പെട്ട മനുഷ്യസ്വഭാവത്തെ സൂചിപ്പിക്കുവാനത്രേ. 'സർവോപരി ദൈവം' എന്നു പറഞ്ഞത് എല്ലാററിനേക്കാളും ഉപരിസ്ഥവും കർത്താവുമായ ദൈവസ്വഭാവത്തെ കുറിക്കുവാനാണ്.

7. രണ്ടു വാക്കുകളും ഒരാളിനെപ്പററി ഉപയോഗിച്ചിരിക്കുന്നു. അത് ഇരുസ്വഭാവങ്ങളുടെയും സമ്പൂർണമായ ഐക്യത്തെപ്പററി പഠിപ്പിക്കുന്നതിനും ദൈവം എടുത്തു ധരിച്ച മനുഷ്യനു ലഭിച്ച മഹത്വവും ബഹുമാനവും വ്യക്തമാക്കുന്നതിനുമാണ്. അതുപോലെ 'ഏകജാതനും സർവസൃഷ്ടികളിലും ആദ്യജാതനും' എന്നും പിതാക്കന്മാർ പറഞ്ഞു. ഇരുസ്വഭാവങ്ങളെപ്പററി നമ്മെ ബോധവാന്മാരാക്കാൻ അവർ തുടങ്ങുകയായിരുന്നു. താഴേയ്ക്കിറങ്ങിവന്ന ദൈവസ്വഭാവം ഏതെന്നും, എടുക്കപ്പെട്ട മനുഷ്യസ്വഭാവം ഏതെന്നും വ്യക്തമാക്കി. അവയിലൂടെ രണ്ടു സ്വഭാവങ്ങളും ചൂണ്ടിക്കാട്ടാൻ നേരത്തെതന്നെ അവർ ഈ രണ്ടു പ്രയോഗങ്ങളും സ്വീകരിച്ചു. 'ഏകജാതനും സർവസൃഷ്ടികളിലും ആദ്യജാതനും' എന്ന് അവർ പറയുമ്പോരം ഒരേ ഒരു സ്വഭാവത്തെപ്പററിയല്ല സംസാരിക്കുന്നതെന്നു വ്യക്തമാണല്ലോ. കാരണം ഏകജാതനും ആദ്യജാതനും തമ്മിൽ വലിയ അന്തരം ഉള്ളതുകൊണ്ടു് ഈ രണ്ടു പ്രയോഗങ്ങളും ഏകസ്വഭാവത്തെസൂചിപ്പിക്കാൻ സാധ്യമല്ലല്ലോ. ഏകജാതൻ, ആദ്യജാതൻ എന്നീ പ്രയോഗങ്ങരംക്കൊന്നിനെത്തന്നെ കുറിക്കാനാവില്ലല്ലോ. ആദ്യജാതന് അനേകം സഹോദരന്മാരുണ്ടു്. എന്നാൽ ഏകജാതന് സഹോദരന്മാരാരുമില്ല. ഏകാന്തവാസിയും സമൂഹവാസിയും തമ്മിലുള്ള അന്തരത്തോട് ഏകജാതനും ആദ്യജാതനും തമ്മിലുള്ള അന്തരം താരതമ്യപ്പെടുത്താവുന്നതാണ്. അത്ര വലിയ അന്തരം അവർ തമ്മിലുണ്ടു്. സഹോദരന്മാർ ആരുമില്ലാത്തയാളെ ഏകജാതൻ എന്നു് നാം വിളിക്കുന്നു; സഹോദരന്മാരുള്ളയാളെ ആദ്യജാതൻ എന്നും വിളിക്കുന്നു.

www.malankaralibrary.com



8. വിശുദ്ധഗ്രന്ഥം കൃത്യമായി നമ്മെ ഇതു പഠിപ്പിക്കുന്നു. ഏകജാതനെപ്പററി സംസാരിക്കാൻ ആഗ്രഹിക്കുമ്പോൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'നമ്മൾ അവിടുത്തെ മഹത്വം, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം ദർശിച്ചു' (യോഹ. 1:14). 'പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ' എന്നും അവൻ കൂട്ടിച്ചേർത്തിരിക്കുന്നു (1:18). അങ്ങനെ തന്റെ പിതാവുമായുള്ള ഐക്യംകൊണ്ട് അവിടുന്ന് ഏകജാതനായി അറിയപ്പെടുന്നു. 'നമ്മൾ അവിടത്തെ മഹത്വം, പിതാവിന്റെ ഏകജാതന്റെ മഹത്വം ദർശിച്ചു' എന്ന വാചകം,അവിടുന്ന് മാത്രമാണ് ജന്മനാ പിതാവിന്റെ സ്വഭാവമുള്ളയാൾ എന്നും അവിടുന്നു മാത്രമാണു പുത്രൻ എന്നുമാണ് അർത്ഥമാക്കുന്നത്. 'മടിയിൽ' എന്ന വാക്ക് നിതാന്തമായ ഐക്യത്തെ കുറിക്കുന്നു. ദൈവത്തിന്റെ ശരീരത്തിലെ മടിയെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത് എന്ന് കരുതുന്നത് അയുക്തമായിരിക്കുമല്ലോ. കണ്ണിനെ കാഴ്ചയെന്നും കേൾവിയെ ചെവിയെന്നുമൊക്കെ വിളിക്കാമെങ്കിൽ നിതാന്തമായ ഐക്യത്തെ 'മടി' എന്നും വിളിക്കാം. 'ഞങ്ങളുടെ അയൽക്കാർക്ക്അവരുടെ മടിയിൽ ഏഴു മടങ്ങ് നൽകണമെ' എന്നും എഴുതപ്പെട്ടിരിക്കുന്നു (സങ്കീ. 79:12). അതായത്, അവർ നിരന്തരമായും എപ്പോഴും ശിക്ഷാവിധിക്കർഹരാകട്ടെ എന്നർത്ഥം. 'ഏകജാതൻ' എന്നതിനർത്ഥം അവിടുന്നു മാത്രം പിതാവിൽനിന്നു ജനിച്ചു എന്നും അവിടുന്നു മാത്രം പുത്രനാണെന്നും അവിടുന്ന് എപ്പോഴും പിതാവിനോടൊത്താണെന്നും പിതാവിനോടൊത്ത് അറിയപ്പെടുന്നെന്നും ആണ്; അവിടുന്ന് തന്റെ പിതാവിൽനിന്നുള്ള സത്യപുത്രനാണല്ലോ.

9. 'സർവസൃഷ്ടികളിലും ആദ്യജാതൻ' എന്നത് നാം ഇപ്രകാരമാണു മനസ്സിലാക്കുന്നത്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. 'അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ മുൻകൂട്ടി നിശ്ചയിച്ചു. തന്റെ പുത്രൻ അനേക സഹോദരന്മാരിൽ ആദ്യജാതനാകുവാൻവേണ്ടി അവരെ തന്റെ പുത്രന്റെ ഛായയിലേക്ക് അവിടുന്നു രൂപീകരിച്ചു' (റോമ.8:29). അവിടുന്നു പുത്രൻ മാത്രമല്ല. പിന്നെയോ അവിടുത്തേക്ക് നിരവധി സഹോദരന്മാരുണ്ടെന്നും ദത്തുപുത്രസ്ഥാനത്തിലൂടെ അവർ അവനോടു കൂടി ഓഹരിക്കാരായിതീർന്നതിനാൽ അവൻ അനേകരുടെയിടയിൽ അറിയപ്പെട്ടെന്നും അവർ തന്റെ സഹോദരങ്ങളാകയാൽ അവർ നിമിത്തം അവൻ ആദ്യജാതനെന്നു വിളിക്കപ്പെട്ടെന്നും നമ്മെ ഗ്രഹിപ്പിക്കുവാൻവേണ്ടിയാണു പൗലോസ് ഈ വാക്കുപയോഗിച്ചിരിക്കുന്നത്. 'അവൻ സർവസൃഷ്ടികളിലും

www.malankaralibrary.com



ആദ്യജാതനാണെന്നു' മറെറാരു ഭാഗത്തും എഴുതപ്പെട്ടിരിക്കുന്നു (കൊളോ: 1:15). ഇതും മിശിഹായുടെ മനുഷ്യത്വത്തെക്കുറിച്ചുള്ളതാണ്. കാരണം 'ആദ്യജാതൻ' എന്നു മാത്രമല്ല, 'സർവസൃഷ്ടികളിലും ആദ്യജാതൻ' എന്നും പൗലോസ് പറഞ്ഞിരിക്കുന്നു.

സഹോദരങ്ങളില്ലാത്ത ആരെയും ആദ്യജാതനെന്നു വിളിക്കാറില്ലല്ലോ. ആദ്യജാതനെന്നു വിളിക്കപ്പെടുന്നതുതന്നെ സഹോദരങ്ങളുള്ളതിനാലത്രേ. അതുകൊണ്ട 'സർവസൃഷ്ടികളിലും ആദ്യജാതൻ' എന്ന പ്രയോഗത്തിനു് അർത്ഥമുണ്ട്. മരിച്ചവരിൽ നിന്നുള്ള തൻെറ ഉത്ഥാനത്താൽ ആദ്യം നവീകരിക്കപ്പെടേണ്ടതു് അവിടുന്നായിരുന്നു; അവിടുന്നു നവീനവും അത്ഭുതാവഹവുമായ ഒരു ജീവിതത്തിലേക്കു് മാററപ്പെട്ടു; അവിടുന്നു് സൃഷ്ടിയെ മുഴുവൻ നവീകരിക്കയും നവീനവും ഉന്നതവുമായ സൃഷ്ടിയിലേക്കു് അവയെ കൊണ്ടുവരികയും ചെയ്തു. ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: 'ക്രിസ്തുവിലുള്ളവയെല്ലാം പുതിയ സൃഷ്ടികളാകുന്നു. പഴയവ കടന്നുപോയി; നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു' (2 കൊരി. 5:17). അവിടുന്നു സർവസൃഷ്ടികളിലും ആദ്യജാതനാണ്; കാരണം, താൻതന്നെ നവീകരിക്കപ്പെട്ട നവീകരണത്തിൽനിന്നു് തൻെറ കൃപയാൽ അവിടുന്നു സൃഷ്ടികളെ മുഴുവൻ നവീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്തു; അവിടുന്നു് ഒരു നവജീവിതത്തിലേക്കു കടന്നു; സർവസൃഷ്ടികൾക്കും ഉപരിസ്ഥനായി.

10. അവനെ സർവസൃഷ്ടികളിലും ആദ്യജാതൻ എന്നു വിളിക്കുന്നതു് വളരെ ശരിയാണ്. അവൻ ആദ്യം നവീകരിക്കപ്പെട്ടു. അവൻ പിന്നീടു് സൃഷ്ടികളെയെല്ലാം നവീകരിച്ചു. എന്നാൽ അവനാകട്ടെ ബഹുമാനത്തിൽ അവരെല്ലാവരെയുംകാൾ ഉപരിസ്ഥനാണ്. ഇങ്ങനെയാണു് ഈ സംജ്ഞകൾ തമ്മിലുള്ള വ്യത്യാസം നാം ഗ്രഹിക്കുന്നതു്. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നു വിജ്ഞാനം സ്വീകരിച്ച നമ്മുടെ പിതാക്കന്മാർ, ഏകയാളിനെ സംബന്ധിച്ചാണു് ഈ വ്യത്യാസം എന്നു ഗ്രഹിച്ചു് 'ഏകജാതനിൽ, സർവസൃഷ്ടികളിലും ആദ്യജാതനിൽ' എന്നു പറയുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇരുസ്വഭാവങ്ങളും തമ്മിലുള്ള അഭേദ്യമായ ഐക്യം വ്യക്തമാക്കാനാണു് അവർ ഇപ്രകാരം പറഞ്ഞതു്. അതുകൊണ്ടു് അവർ ആദ്യം 'ഏകജാതൻ' എന്നും പിന്നെ 'ആദ്യജാതൻ' എന്നും പറഞ്ഞതു് ശരിതന്നെ. ദൈവത്തിൻെറ ഛായയിലുള്ളവൻ (ഫിലി. 2: 7) ആരാണെന്നു് ആദ്യമേ

www.malankaralibrary.com


കാണിക്കേണ്ടതു് യഥാർത്ഥത്തിൽ ആവശ്യമായിരുന്നു; എന്നാൽ തന്റെ കരുണയാൽ അവിടുന്നു സ്വയം നമ്മുടെ സ്വഭാവമെടുത്തു. നമ്മുടെ രക്ഷയെ പ്രതി എടുക്കപ്പെട്ട ദാസന്റെ സാദൃശ്യത്തെപ്പററി പിന്നീടു് അവർ ചർച്ചചെയ്തു. ഈ രീതിയിൽ പദങ്ങൾ മാററി പ്രയോഗിച്ചതുവഴി രണ്ടു സ്വഭാവങ്ങളും അവയുടെ വ്യത്യാസങ്ങളും അവർ വ്യക്തമാക്കുകയായിരുന്നു. അതുപോലെ, ദൈവേഷ്ടത്താൽ സംഭവിച്ച അഭേദ്യമായ ഐക്യംവഴി സംജാതമാകുന്ന പുത്രത്വത്തിന്റെ ഐക്യവും അവർ വെളിപ്പെടുത്തി. ഈ രീതിയിൽ അവർ സംഗതികളുടെ ശരിയായക്രമം കാത്തു സൂക്ഷിക്കുന്നു. തന്റെ കൃപയാൽ നമ്മുടെ പക്കലേക്കിറങ്ങിവന്നു് നമ്മുടെ മനുഷ്യത്വം സ്വീകരിച്ച ദൈവസ്വഭാവത്തെപ്പററി അവർ ആദ്യം പഠിപ്പിച്ചു; അതിനുശേഷം തന്റെ കൃപയാൽ എടുക്കപ്പെട്ട നമ്മുടെ മനുഷ്യത്വത്തെപ്പററി പഠിപ്പിച്ചു. സത്യം വളച്ചൊടിക്കാൻ യത്നിക്കുന്ന പാഷണ്ഡികളെ നിശ്ശബ്ദരാക്കാൻ അവർ അപ്രകാരം സത്യപ്രബോധനം നല്കി.

വിശ്വാസപ്രമാണത്തിന്റെ ആരംഭത്തിൽ അവർ ചർച്ച ചെയ്ത ദൈവസ്വഭാവത്തെപ്പററി 'യുഗങ്ങൾക്കെല്ലാം മുൻപേ ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും' എന്നു പറഞ്ഞുകൊണ്ടു് അവർ വീണ്ടും ചർച്ചചെയ്യുന്നു.

11. തർക്കത്തിനു മുതിരാത്തവർക്കു് 'ഏകജാതൻ' എന്ന പദം മാത്രം പുത്രനെപ്പററിയുള്ള സത്യപ്രബോധത്തിനു് മതിയായതാണു്. അവരുടെ പദപ്രയോഗം ദൈവസ്വഭാവത്തെക്കുറിക്കാനാണെന്നു വ്യക്തമാണല്ലോ. അവിടുന്നു് ഏകജാതനാണെങ്കിൽ പിതാവിൽനിന്നു പിറന്നതു് അവൻ മാത്രമാണെന്നും അവൻ മാത്രം പിതാവുമായി സമസത്തയാണെന്നും വ്യക്തമാണു്. 'ഏകജാതൻ' എന്ന പദം ഇതും ഇതിലുപരിയും സൂചിപ്പിക്കുന്നു; കാരണം, ദൈവമക്കളെന്നു വിളിക്കപ്പെടുന്നവർ അനേകരാണു്; എന്നാൽ അവിടുന്നു മാത്രം 'ഏകജാതനാണു്'. സത്യമായും ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'നിങ്ങൾ ദേവന്മാരാണെന്നും നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണെന്നും ഞാൻ പറഞ്ഞു' (സങ്കീ. 82:6). വീണ്ടും, 'ഞാൻ മക്കളെപോററിവളർത്തി' (ഏശ. 1:2). അനേകർ മക്കളെന്നു വിളിക്കപ്പെടുമ്പോൾ അവിടുന്നു മാത്രം ഏകജാതനെന്നു് വിളിക്കപ്പെടണമെങ്കിൽ തമ്മിൽ വലിയ വ്യത്യാസമുണ്ടായിരിക്കുകതന്നെവേണം. അവർ കൃപയാലാണു് മക്കളെന്നു് വിളിക്കപ്പെടുന്നതു്. കാരണം അവർ ദൈവസമക്ഷം അടുപ്പിക്കപ്പെട്ടു. ഭവനത്തിലെ അംഗങ്ങളാക്കപ്പെട്ടു. ഭവനത്തിലെ ഈ അംഗത്വം വഴി കൃപയാൽ ഈ നാമത്താൽ വിളിക്കപ്പെടാൻ

www.malankaralibrary.com



അവർ അർഹരായിത്തീർന്നു. അവിടുന്നു മാത്രം തൻെറ പിതാവുമായി സമസത്തയുള്ള പുത്രനായതിനാലത്രേ ഏകജാതനെന്നു് വിളിക്കപ്പെടുന്നതു്. മററുള്ളവരെപ്പോലെ കൃപയാൽ ദത്തുപുത്രത്വംവഴി പുത്രനായി തീർന്ന ആളല്ല അവിടുന്നു്. പിന്നെയോ, പിതാവിൻെറ അതേ സ്വഭാവത്തിൽനിന്നു പിറന്നവനാകയാലാണു് അവിടുന്നു പുത്രനായിരിക്കുന്നതും പുത്രനെന്നു് വിളിക്കപ്പെടുന്നതും. വിശുദ്ധ ഗ്രന്ഥങ്ങളിൽ ഇതു് സുവ്യക്തവും സുഗ്രാഹ്യവുമാണു്. സ്വപിതാവിൻെറതന്നെ സ്വഭാവം ഉണ്ടെങ്കിലേ ഒരാരം ഏകജാതനായിരിക്കൂ എന്നതു് എല്ലാവർക്കും സുസ്പഷ്ടവുമാണു്. എന്നിട്ടും പാഷണ്ഡികളുടെ ദുഷ്ടവും അബദ്ധപൂർണവുമായ അഭിപ്രായം തിരുത്തപ്പെടാതെനിന്നു.

12. ക്രിസ്തുവിനെക്കുറിച്ചു് ജ്ഞാനം പ്രാപിച്ചവരിൽ ആരിയൂസാണു് 'പുത്രൻ ഒരു സൃഷ്ടിയാണെന്നും' ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടതാണെന്നും' ഭക്തിരഹിതമായി പറയാൻ ആദ്യം മുതിർന്നതു്. ഈ ചിന്താരീതി പൊതുചിന്താരീതിക്കും പ്രകൃതിനിയമങ്ങരംക്കുമെതിരാണു്. സൃഷ്ടിക്കപ്പെട്ടവൻ പുത്രനല്ല. പുത്രൻ സൃഷ്ടിയുമല്ലല്ലോ. സൃഷ്ടി യഥാർത്ഥപുത്രനായിരിക്കുകയെന്നതും യഥാർത്ഥ പുത്രൻ സൃഷ്ടിയായിരിക്കുക എന്നതും അസാധ്യമാണല്ലൊ. ഇതു് നമ്മുടെ അനുഗൃഹീത പിതാക്കന്മാരെ എല്ലാ ഭാഗത്തുനിന്നും ഒന്നിച്ചുകൂടി ബിത്തീനിയ ജില്ലയിലെ നിഖ്യാപട്ടണത്തിൽ വച്ചു് വിശുദ്ധ സൂനഹദോസ് കൂടുവാനും സത്യവിശ്വാസം ഉയർത്തിപ്പിടിച്ചു് ആരിയൂസിൻെറ ദുഷ്ടതയെ തോൽപ്പിക്കുന്നതിനും, ചതിയനായ എവ്യുണോമിയസിൻെറ പിൻഗാമികളായി അറിയപ്പെടുന്നവരെ തറപററിക്കുന്നതിനും തെററായ അഭിപ്രായങ്ങളിൽനിന്നു് ഉയർന്നുവന്ന പാഷണ്ഡികളെ പരാജയപ്പെടുത്തുന്നതിനും നിർബന്ധിച്ചു.

13. പുത്രനെപ്പററിയുള്ള ഈ സംഗതി സ്വാഭാവികനിയമം അനുസരിച്ചും പൊതുജനാഭിപ്രായമനുസരിച്ചും വിശുദ്ധ ഗ്രന്ഥങ്ങളുടെ പ്രബോധനമനുസരിച്ചും സുവ്യക്തവും സുഗ്രാഹ്യവും ആയിരുന്നു. എങ്കിലും 'ജനിച്ചവനെങ്കിലും സൃഷ്ടിയല്ലാത്തവനാണു'' എന്നു പിതാക്കന്മാർ കൂട്ടിച്ചേർത്തു. പുത്രനിലുള്ള വിശ്വാസത്തിനു ചേർന്നവിധത്തിലുള്ള വാക്കുകരം അവർ ഉപയോഗിച്ചു. 'ഞങ്ങരം അവനെ പുത്രനെന്നു വിളിക്കുന്നു. വെറുമൊരു മനുഷ്യനെന്നല്ല. ദത്തെടുക്കൽ വഴി മക്കളെന്നു ചിലരെ വിളിക്കുന്നതുപോലെ പ്രതീകാത്മകമായിട്ടുമല്ല. എന്നാൽ അവിടുന്നു മാത്രം സത്യപുത്രനാണു് എന്നു പറയുന്നതിനു തുല്യമാണിതു്. അവിടുന്നു സത്യപുത്രനാണു്.

www.malankaralibrary.com



കാരണം, അവിടുന്ന് ഏകജാതനാണ്; അവിടുന്നു സ്വപിതാവിൽനിന്നു ജനിച്ചു; അവൻ പിതാവിൽ നിന്നും പിതാവിന്റെ സ്വഭാവത്തിൽനിന്നുമാണ്; നിത്യമായി അവൻ പിതാവിനു തുല്യനാണ്. ലോകങ്ങൾക്കു മുമ്പുള്ളവൻ മാത്രം നിത്യതമുതലുള്ളവനാണ്. എന്നാൽ സൃഷ്ടവസ്തുക്കളൊന്നും ലോകങ്ങൾക്കു മുമ്പുള്ളതല്ല. പിതാവു നിത്യനായിരിക്കുന്നതുപോലെ പിതാവിൽനിന്നുള്ള പുത്രനും നിത്യതയിലേ ഉണ്ട്. അവൻ കുറേക്കാലം കഴിഞ്ഞുണ്ടായതല്ല; പിന്നീട് ജനിച്ചതുമല്ല; പിന്നെയോ, നിത്യത മുതലുള്ളവനിൽനിന്ന് ലോകങ്ങൾക്കുമുമ്പേ നിത്യമായി പുത്രൻ ജനിച്ചു. 'ആദിയിൽ വചനം ഉണ്ടായിരുന്നു' എന്നു സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ (യോഹ. 1:1). നിത്യത മുതലേ പുത്രൻ പിതാവിനോടു കൂടെ ആയിരുന്നു.

പുത്രൻ നിത്യതയിലേ ഉള്ളവനാണ്. പിന്നീട് ഉണ്ടായതല്ല. എല്ലാററിനും മുമ്പേ ആരംഭത്തിലേ അവൻ ഉണ്ടായിരുന്നു. പിന്നീടുണ്ടായതിനെ അവസാനത്തേതെന്നു നാം വിളിക്കുന്നു. അവസാനത്തേതു് ആദ്യത്തേതല്ലല്ലോ. ആദ്യത്തേതില്ലാത്തവൻ ആരംഭരഹിതനല്ലല്ലോ. അപ്പോൾ, അവൻ ആരംഭത്തിലേ ഉണ്ടായിരുന്നെങ്കിൽ ആരംഭത്തിനു മുമ്പേ ഒന്നുമില്ലാത്തതിനാൽ അവൻ ഒന്നാമനുമായിരിക്കണം. അവൻ ഒന്നാമനാണെങ്കിൽ അവസാനത്തവനല്ല; അവൻ അവസാനത്തവനല്ലെങ്കിൽ പിന്നീടുണ്ടായതല്ല. ആദിയിൽ അവൻ ഉണ്ടായിരുന്നു; ആദിയിൽ അവൻ ദൈവത്തിൽ നിന്നായിരുന്നു; അവൻ നിത്യതമുതലും ലോകങ്ങൾക്കുമുമ്പും ദൈവത്തോടുകൂടിയായിരുന്നു.

14. അവൻ ദൈവത്തോടു കൂടിയാണെന്നും ദൈവിക പ്രകൃതിയിൽ നിന്നല്ലാതെയും ദൈവിക പ്രകൃതിക്കന്യമായും ഒന്നും തന്നിലില്ല എന്നും കാണിക്കാൻ ഭാഗ്യവാനായ സുവിശേഷകൻ അവിടുത്തെ 'വചനം' എന്നു വിളിച്ചു. കാരണം, വചനം മനുഷ്യനിൽനിന്നും മനുഷ്യന്റേതുമാണ്. നിത്യതം മുതൽ നിത്യനായിരിക്കുന്നതിൽ നിന്ന് നിത്യതയിലേ അവൻ ഉണ്ടായിരുന്നെന്ന സംഗതി ശ്രോതാക്കൾ സംശയിക്കാതിരിക്കാൻ അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു. കാരണം, തന്നോടുകൂടിയുള്ളവൻ മറെറാരാളിൽ നിന്നാകാനും സാധ്യതയുണ്ടല്ലോ. ആത്മാവിന്റെ ബൗദ്ധികസ്വഭാവം അതിൽത്തന്നെ പൂർത്തീകരിക്കപ്പെടുന്നു. വാസ്തവത്തിൽ, ആത്മാവിന്റെ വചനം അതിനോടുകൂടിയും സ്വഭാവത്താലേ അതിലും ആണ്; ഈ ആത്മാവുതന്നെ ബൗദ്ധികമാണെന്ന് അറിയപ്പെടുന്നതും അതിലൂടെയുമാണ്. അതു് ആത്മാവിൽ നിന്നു പുറത്തുവരുന്നു;

www.malankaralibrary.com



അതിൽനിന്നും അതോടൊപ്പവും അതു് ദൃശ്യമാകുന്നു; അതു് സദാ അതിനോടുകൂടെയാണു്; അതിലൂടെ അറിയപ്പെടുന്നു.

അതുപോലെ, ആത്മാവിൽനിന്നു വചനം എന്ന വിധമാണു പുത്രൻ പിതാവിൽനിന്നു്. അവൻ നിത്യമായി പിതാവിൽ നിന്നും പിതാവിനോടുകൂടിയും പിതാവിലും ആണു്; നിത്യമായി പിതാവിനോടൊപ്പം അറിയപ്പെടുന്നു, 'അവൻ ആദിയിലേ ഉണ്ടായിരുന്നു.' അതായതു്, ആദിയിൽ എല്ലാററിനും മുൻപേ, നിത്യത മുതലേ അവനുണ്ടായിരുന്നു. അവൻ പിന്നീടുണ്ടായി എന്നയർത്ഥത്തിലല്ല, പിന്നെയോ, അവൻ ആദിയിൽ ഉണ്ടായിരുന്നു. എപ്പോഴും ഉണ്ടായിരുന്നു. ആത്മാവിനോടുകൂടിയും ആത്മാവിൽനിന്നും ആത്മാവിലും വചനം എപ്പോഴും ആയിരിക്കുന്നതുപോലെ അവൻ നിത്യമായി പിതാവിൽനിന്നും പിതാവിനോടുകൂടിയുമാണു്.

എന്നാൽ വചനം ആത്മാവിൽനിന്നു വ്യത്യസ്തമായിട്ടാണു് കാണപ്പെടുന്നതു്. ആത്മാവിൻെറ ആവിഷ്ക്കാരമാണതു്. കാരണം സ്വയം അസ്തിത്വം ഇല്ലാതെ അതു് ആത്മാവിൽ കാണപ്പെടുന്നു. ഈ ദൃഷ്ടാന്തമനുസരിച്ചു് പുത്രനു് അസ്തിത്വമില്ലെന്നോ അവൻ പിതൃസ്വഭാവത്തിൽനിന്നു് അന്യനാണെന്നോ നാം കരുതാതിരിക്കാനാണു് അദ്ദേഹം പെട്ടെന്നു് 'വചനം ദൈവമായിരുന്നു' എന്നു് കൂട്ടിച്ചേർത്തതു്. അവൻ 'ആയിരുന്നു', 'അവൻ ദൈവത്തോടുകൂടെ ആയിരുന്നു' എന്നു പറഞ്ഞശേഷം 'വചനം ദൈവമായിരുന്നു' എന്നു കൂട്ടിച്ചേർത്തു. ഇങ്ങനെ ചെയ്തതു് അവൻ ദൈവത്തിൻേറതിൽനിന്നു വ്യത്യസ്തമായ ഒരു സ്വഭാവത്തിൽനിന്നുള്ളവനല്ലെന്നും ദൈവത്വത്തിൽ പിതാവിൽനിന്നു വ്യത്യസ്തനല്ലെന്നും വ്യക്തമായി കാണിക്കാനും അവൻ പിതാവുമായി ഒന്നാണെന്നും ദൈവമായിരിക്കുന്നവനോടൊപ്പം അവനും ദൈവമാണെന്നും വ്യക്തമാക്കാനുമാണു്.

15. 'വചനം ദൈവമായിരുന്നു' എന്നു് അത്ഭുതകരമായി യോഹന്നാൻ പറഞ്ഞു. അതു് അവനും ദൈവമാണെന്നു് കാണിക്കാനാണു്. 'യുഗങ്ങൾക്കെല്ലാം മുൻപു് പിതാവിൽനിന്നു ജനിച്ചവൻ' എന്നു നമ്മുടെ പിതാക്കന്മാർ പറഞ്ഞതു് അവനെപ്പററിയാണു്. നിത്യതമുതലും യുഗങ്ങൾക്കെല്ലാം മുമ്പേ തന്നെയും ആദിയിൽ അവൻ പിതാവിൽനിന്നും പിതാവിനോടുകൂടെയും ഉണ്ടായിരുന്നു എന്നു് പഠിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പിതാക്കന്മാർ ഇതുകൊണ്ടവസാനിപ്പിച്ചില്ല. 'അവൻ ജനിച്ചവനല്ല' എന്നും അവർ കൂട്ടിച്ചേർത്തു. ഇതു് സത്യപ്രബോധനം പൂർത്തിയാക്കാനും വിശ്വാസികളെ പഠി

www.malankaralibrary.com



പ്പിക്കുവാനും പാഷണ്ഡികളുടെ അബദ്ധങ്ങളെ ഖണ്ഡിക്കാനു മത്രേ.

ഏകജാതന്റെ ദൈവത്വത്തെക്കുറിച്ച് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞ സംഗതികളെ പൂർണമായി വ്യാഖ്യാനിക്കാൻ ഉദ്യമിച്ചാൽ വളരെയധികം വിവരിക്കേണ്ടി വരും. എന്നാൽനിങ്ങളോടു പറയപ്പെട്ട നിരവധി സംഗതികളുടെ ഭാരം കുറയ്ക്കാൻ ഖണ്ഡശ്ശ: അതു് നിങ്ങൾക്കു വിവരിച്ചുതരാം. അങ്ങനെ അതു കേട്ടു ഗ്രഹിക്കാൻ നിങ്ങൾക്കു് സാധിക്കും. അതുകൊണ്ടു നിങ്ങളുടെ അനുവാദത്തോടെ ഇന്നത്തെ പ്രസംഗം അവസാനിപ്പിക്കാം. ശേഷിച്ചവ മറെറാരു ദിവസം ചർച്ചചെയ്യാം. എല്ലാററിനുംവേണ്ടി നമുക്കു പിതാവിനും ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും സ്തുതിയർപ്പിക്കാം. ആമ്മീൻ.

www.malankaralibrary.com

# 4

# നാലാം പ്രസംഗം

1. ഏകജാതന്റെ ദൈവത്വം സംബന്ധിച്ച് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞ സംഗതികൾ നമ്മുടെ കഴിവനുസരിച്ച് നിങ്ങളോട് ചുരുക്കമായി വിശദീകരിക്കുവാൻ നാം പരിശ്രമിച്ചു. കുറേ കാര്യങ്ങൾ മറെറാരു ദിവസത്തേക്കു നാം മാററിവയ്ക്കുകയുണ്ടായല്ലോ. 'യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിയല്ലാത്തവനും' എന്ന വാചകം വരെ നാം വ്യാഖ്യാനിച്ചു കണ്ടു കഴിഞ്ഞതു് ഓർക്കുന്നുണ്ടല്ലോ. ദൈവകൃപയാൽ ഈ വാചകം കൊണ്ടുതന്നെ തുടങ്ങുന്നതു നിങ്ങൾക്കിഷ്ടമാണെന്നു കരുതുന്നു. 'യുഗങ്ങൾക്കെല്ലാം മുമ്പു പിതാവിൽനിന്നു ജനിച്ചവൻ' എന്നു പറയുന്നതിന്റെ പൊരുൾ നാം വ്യക്തമാക്കി. അവിടുന്നു സത്യമായും പുത്രനാണ്. കേവലം രൂപകാർത്ഥത്തിലല്ല അവിടുന്നു പുത്രനായിരിക്കുന്നതു്. കൃപയാൽ മക്കളെന്നു വിളിക്കപ്പെട്ടവരെപ്പോലുള്ള ഒരു പുത്രൻ എന്നാണല്ലോ പാഷണ്ഡികൾ ജല്പിക്കുന്നതു്. എന്നാൽ അവിടുന്നു മാത്രമാണു പിതാവായ ദൈവത്തിന്റെ യഥാർത്ഥ പുത്രൻ. കാരണം, അവിടുന്നാണ് ഏകജാതൻ. അവിടുന്നു മാത്രം പിതാവായ ദൈവത്തിൽനിന്നു ജനിച്ചു.

2. ഇക്കാരണത്താലാണ് 'യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്നു ജനിച്ചവൻ' എന്ന് അവർ കൂട്ടിച്ചേർത്തതു്. ദൈവത്തിന്റെ ഏകജാതനായ പുത്രനെക്കുറിച്ചാണിതു്. പേരുകൊണ്ട് മാത്രം പുത്രനല്ല, യഥാർത്ഥമായി അവിടുന്നു സത്യപുത്രനാണ്. അവിടുന്നു പിതാവിന്റെ സ്വഭാവത്തിൽ നിന്നാണ്; നിത്യമായി അവനോടുകൂടിയും അവനിൽനിന്നുമാണ്. ദൈവം എല്ലാററിനും ഉപരിസ്ഥനായിരിക്കുന്നതുകൊണ്ടു പിതാവായ ദൈവത്തിനും പുത്രനായ ദൈവത്തിനുമിടയ്ക്കു മറെറാന്നു സങ്കല്പിക്കുക അസാധ്യമത്രേ. എല്ലാററിനും

www.malankaralibrary.com



ഉപരിസ്ഥനായിരിക്കുന്നവൻ സമയത്തിനുപരിസ്ഥനും നിത്യതമുതലുള്ളവനും ആണ്. പിതാവായ ദൈവം നിത്യനാണ്. പുത്രൻ ദൈവമായതിനാൽ അവനും നിത്യനാണ്; ദൈവത്തിൽ നിന്നുള്ള ദൈവവും നിത്യനിൽ നിന്നുള്ള നിത്യനും. ദൈവത്തിനും ദൈവത്തിനുമിടയ്ക്കു മറ്റൊന്നില്ല. ദൈവത്തിനുമുമ്പ സമയമോ യുഗങ്ങളോ ചിന്തിക്കാൻ സാധിക്കാത്തതുപോലെ പുത്രനും ദൈവമാകയാൽ തനിക്കുമുമ്പേ യാതൊന്നുമില്ല. കാരണം എല്ലാററിനും മുൻപ് അവിടുന്നു പിതാവിൽ നിന്നു ജനിച്ചു. നിത്യനായ ഏകനിൽനിന്നുള്ള നിത്യനാണവൻ.

3. മതസംബന്ധമായി സന്മനസ്സുള്ളവരുടെ പരിപൂർണവിശ്വാസത്തിന് 'ഏകജാതൻ' എന്ന നാമം . മതിയാകുമായിരുന്നു; അവിടുന്നു സത്യപുത്രനാണെന്ന് അവർ സമ്മതിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ നമ്മുടെ പിതാക്കന്മാർ അതിനോടു 'യുഗങ്ങൾക്കുമുൻപ് പിതാവിൽനിന്നു ജനിച്ചവൻ' എന്നു കൂട്ടിച്ചേർത്തു. 'ഏകജാതൻ' എങ്ങനെയാണ് ദൈവപുത്രനായിരിക്കുന്നതെന്നു രണ്ടു പ്രയോഗങ്ങളും ചൂണ്ടിക്കാട്ടുന്നു. 'അവൻ സൃഷ്ടിക്കപ്പെട്ടവനല്ല' എന്ന പ്രയോഗം സത്യദ്വേഷികൾക്കെതിരായി അവർ കൂട്ടിച്ചേർത്തതു ന്യായയുക്തമാണ്. അവിടുന്ന് ഏകജാതനും ദൈവപുത്രനും യുഗങ്ങൾക്കു മുമ്പ് പിതാവിൽ നിന്നു ജനിച്ചവനും ആണെന്നും പിതാവുമായി സമസത്തയാണെന്നും നാം ഏററുപറയുന്നു. 'ദൈവപുത്രൻ ഒരു സൃഷ്ടിയാണ്'' എന്നു ഭക്തിരഹിതർ പറയുന്ന അഭിപ്രായം നാം തീർത്തും തിരസ്കരിക്കുന്നു. കാരണം അവിടുന്നു പിതാവിൽനിന്നു ജനിച്ചവനാണ്; എന്നാൽ സൃഷ്ടിക്കപ്പെട്ടവനല്ല; അവിടുന്നു പിതാവിന്റെ അതേ സ്വഭാവത്തിൽനിന്നാണ്; സൃഷ്ടിയല്ല. പുത്രൻ സൃഷ്ടിയിൽനിന്നു തികച്ചും വ്യത്യസ്തനാണ്. അവിടുന്നു പുത്രനാണെങ്കിൽ സൃഷ്ടിയല്ല; സൃഷ്ടിയാണെങ്കിൽ പുത്രനുമല്ല. അവിടുന്നു പുത്രനാണെങ്കിൽ പിതാവിൽ നിന്നാണ്; പുറത്തുനിന്നല്ല. സൃഷ്ടിയാണെങ്കിൽ പുറത്തുനിന്നാണ്. അവിടുന്നു പുത്രനാണെങ്കിൽ പിതാവിൽനിന്നാണ്; പിതാവിനെപ്പോലെയാണ്; സൃഷ്ടിയാണെങ്കിൽ പുറത്തുനിന്നാണ്; പിതാവിൽനിന്നല്ല. പിതാവിനെപ്പോലെയുമല്ല.

4. സ്വാഭാവിക നിയമവും ഇതുതന്നെ നമ്മെ പഠിപ്പിക്കുന്നു; കാരണം നമ്മിൽനിന്നു ജനിച്ചവരെ നാം മക്കൾ എന്നു വിളിക്കുന്നു. സൃഷ്ടികളാകട്ടെ, ഇല്ലായ്മയിൽനിന്നു നിർമ്മിക്കപ്പെടുന്നു, അതു ബാഹ്യമായിട്ടാണു താനും. ഈ രീതിയിൽ ദൈവത്തിന്റെ നിരവധി സൃഷ്ടികളെപ്പററി നമുക്കറിയാം; എന്നാൽ പുത്രനാകട്ടെ ഒരുവൻ മാത്രം; അവിടുത്തെ നാം ഏകജാതൻ എന്നുവിളിക്കുന്നു. ഒരു പുത്രനേയുള്ളു; അവി

www.malankaralibrary.com



ട്ടന്നു നിത്യമായി പിതാവിൽ നിന്നാണ്; സൃഷ്ടികളാകട്ടെ നിരവധിയാണ്; അവയ്ക്ക് എണ്ണമില്ല. അവ പല വസ്തുക്കളിൽനിന്ന് ഉളവായവയാണ്. സ്രഷ്ടാവിന്റെ ഹിതാനുസരണം ഒററയായും കൂട്ടമായും ഉണ്ടാക്കപ്പെട്ടവയാണ് ഈ വസ്തുക്കൾ. സൃഷ്ടികൾക്കു വൈവിധ്യം ഉപകാരപ്രദമാണെന്നു ദൈവത്തിനറിയാമായിരുന്നു. കാരണം, അവ സൃഷ്ടിക്കപ്പെട്ടവയാണ്; ചിലതു് നേരത്തെ സൃഷ്ടിക്കപ്പെട്ടു, ചിലതു പിന്നീടു്; ചിലതു കുറേക്കൂടി കഴിഞ്ഞു്; ചിലതു് ഒന്നിച്ച് ഒരേസമയം ഉണ്ടായി; മററു ചിലതു് വളരെ പിന്നീടും. സൃഷ്ടവസ്തുക്കൾ എല്ലാം യാഥാർത്ഥ്യത്തിലേക്കു വരേണ്ടിയിരുന്നതിനാൽ ചിലതു് മുൻകൂട്ടിയും ചിലതു വൈകിയും ഉണ്ടാവുക ന്യായമാണ്.

5. സൃഷ്ടവസ്തുക്കൾക്കെല്ലാം ആരംഭം ഉള്ളതിനാൽ പിന്നീടുളവായവ ആദ്യം ഉളവായവയെപ്പോലെ തന്നെയാണ്. എന്നാൽ പുത്രനാകട്ടെ പിതാവിനുശേഷം ഉണ്ടായതല്ല; പിന്നെയോ, ആരംഭം മുതലേ പിതാവിൽ നിന്നായിരുന്നു; നിത്യത മുതലേ പിതാവിനോടുകൂടിയായിരുന്നു; അതിനാൽ അവൻ മാത്രം പുത്രനാണ്. നിത്യത മുതലുള്ളവനോടു് സദൃശനായവൻ പിന്നീടുണ്ടാവുക സാധ്യമല്ല; അതുപോലെ ആരംഭമുള്ളവൻ നിത്യത മുതലുള്ളവനുമായി സദൃശനാവുക അസാധ്യമാണ്.

6. നിത്യത മുതലുള്ളവനും പിന്നീടുണ്ടായവനും തമ്മിൽ വലിയ അന്തരം ഉണ്ടു്. രണ്ടും ഒന്നിച്ചു സ്ഥിതിചെയ്യാൻ അസാധ്യമാംവിധം അത്ര വലിയ അന്തരമാണ് അവ തമ്മിലുള്ളതു്. നിത്യതയിലേ ഉള്ളവനും ഇല്ലായ്മയിൽനിന്നു് സൃഷ്ടിക്കപ്പെട്ടവനും തമ്മിൽ എന്തു് ബന്ധത്തിനാണ് സാധ്യത? നിത്യനും സമയത്തിലുള്ളവനും തമ്മിൽ വലിയ അകൽച്ചയുണ്ടെന്നുള്ളതു സുവ്യക്തമാണല്ലോ. അവർ തമ്മിലുള്ള വിടവു് നികത്താനാവില്ല. ആരംഭം മുതലുള്ളവനു് അതിർത്തിയില്ല. ആരംഭം ഉള്ളവന്റെ അസ്തിത്വം തന്നെ പരിമിതമാണ്. അസ്തിത്വാരംഭം പരിമിതമായവനു് മുമ്പുള്ള സമയം പരിമിതമാണ്. നിത്യതമുതൽ സ്ഥിതിചെയ്യുന്നവനും ഇല്ലായ്മയിൽ നിന്നു കാലത്തിൽ ഉളവായവനും തമ്മിൽ ഉള്ള അന്തരം വ്യക്തമാക്കുക അസാധ്യമത്രേ. പരസ്പരം ഇത്രമാത്രം അകന്നിരിക്കുന്ന രണ്ടു് യാഥാർത്ഥ്യങ്ങൾ തമ്മിൽ എന്തു ബന്ധവും എന്തു സാദൃശ്യവുമാണുള്ളതു്? പുത്രൻ നിത്യനും നിത്യനായ പിതാവിൽ നിന്നുള്ളവനുമാകയാൽ പിന്നീടു് മറെറാരു പുത്രനും അവനെപ്പോലെ യാഥാർത്ഥ്യത്തിലേക്കു വന്നില്ല. അവൻ മാത്രം പുത്ര

www.malankaralibrary.com



നായിരുന്നു; കാരണം, അവൻ നിത്യനിൽ നിന്നുള്ള നിത്യനാണ്. അപ്രകാരം ഉള്ളവൻ മാത്രം പിതാവിൽ നിന്നുള്ള പുത്രനായിരിക്കുക ന്യായമാണ്.

7. ഇപ്രകാരം പുത്രനെ സംബന്ധിച്ചുള്ള അറിവിനെപ്പററി നമ്മുടെ പിതാക്കന്മാർ നമുക്കു മുന്നറിയിപ്പു നൽകി. സത്യപ്രബോധനം അവർ എഴുതിത്തന്നു. അങ്ങനെ ഏകജാതനിൽ നാം വിശ്വസിക്കുമ്പോൾ അവിടുന്നു പിതാവിൽ നിന്നാണെന്നു നാം മനസ്സിലാക്കണം എന്ന് അവർ പഠിപ്പിച്ചു. പാഷണ്ഡികളുടെ ഭക്തിരാഹിത്യത്തിൽ നിന്ന് ഓടിയകലണമെന്നും പുത്രൻ സൃഷ്ടിയാണെന്ന വാദം സത്യത്തിൽ നിന്നു വളരെ അകന്നതാകയാൽ അതു നാം നിരാകരിക്കണമെന്നും അവർ പഠിപ്പിച്ചു. പുത്രൻ സൃഷ്ടിയാണെന്നും നിർമ്മിക്കപ്പെട്ട വസ്തുവാണെന്നും കരുതാൻ പാടില്ല. മറിച്ച് പിതാവിനും പുത്രനും ഒരുപോലെ ചേരുന്നവ മാത്രമേ പുത്രനെപ്പററി നാം ചിന്തിക്കാവൂ. അതായതു്, പുത്രൻ പിതാവിന്റെ സത്തയിൽ നിന്നാണെന്നും പിതാവു നിർമ്മിച്ച ഒരു വസ്തുവല്ലെന്നും ഇല്ലായ്മയിൽനിന്ന് ആദ്യമായി പിതാവ് ഉണ്ടാക്കിയ ഒന്നല്ലെന്നും നാം ഗ്രഹിക്കണം.

8. ഇങ്ങനെയാണ് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പഠിപ്പിച്ചതു്. കൂടാതെ 'സത്യദൈവത്തിൽനിന്നുള്ള സത്യദൈവം' എന്ന് അതിനോടു യുക്തമായതു കൂട്ടിച്ചേർക്കുകയും ചെയ്തു. ദൈവത്തിൽനിന്നുള്ളവനും ബാഹ്യമായിട്ടല്ലാത്തവനും പിതാവിന്റെ തന്നെ സ്വഭാവത്തിൽനിന്നുള്ളവനുമായവനെപ്പററി 'സ്വഭാവത്താലേ ദൈവമായിരിക്കുന്നവൻ', അതായതു്, 'സത്യദൈവം' എന്നല്ലാതെ മറെറന്താണു നമുക്ക് ചിന്തിക്കാനാവുക? ഇക്കാര്യത്തിൽ പിതാക്കന്മാർ സുവിശേഷപ്രബോധനം അനുസരിച്ചിരിക്കയാണ്. 'വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു' എന്നു നാം വായിക്കുന്നു. 'ദൈവം ദൈവത്തോടുകൂടി ആയിരുന്നു. അവൻ എന്തായിരുന്നുവോ അതായിരുന്നു; അവൻ അവനോടുകൂടെയും അവനിൽനിന്നും ആയിരുന്നു' എന്നുപറയുന്നതുപോലെയാണിതു്. 'സത്യദൈവത്തിൽ നിന്നുള്ളസത്യദൈവം' എന്നും നമ്മുടെ പിതാക്കന്മാർ ഈ രീതിയിൽ കൂട്ടിച്ചേർത്തു.

9. 'ദൈവത്തിൽ നിന്നുള്ള ദൈവം' എന്നതിനോടുകൂടി 'സത്യത്തിൽ നിന്നുള്ള സത്യം' എന്നും അവർ ചേർത്തു. മഹനീയ സംഗതികളെക്കുറിച്ചുപോലും ധിക്കാരപൂർവം തർക്കിക്കുന്നവരുടെ ഭ്രഷ്ടതനിമിത്തമാണിതു് കൂട്ടിച്ചേർക്കേണ്ടിവന്നതു്.

www.malankaralibrary.com



പിതാക്കന്മാരുടെ ശൈലി സുവിശേഷത്തിലേതിൽനിന്നു വ്യത്യസ്തമല്ല; 'ദൈവത്തോടുകൂടി ദൈവം' എന്നു പറയുന്നവൻ 'സത്യവാനിൽനിന്നുള്ള സത്യവാൻ' എന്നും പറയുന്നു എന്നതു സുവ്യക്തമാണല്ലോ. ദേവന്മാർ എന്നു ചിലരെ മനുഷ്യർ വിളിക്കുന്നപോലെ 'അവൻ ദൈവം എന്നു വിളിക്കപ്പെടുന്നു' എന്നല്ല സുവിശേഷം പറയുന്നതു്; 'പേരിൽ മാത്രം ദൈവം എന്നു വിളിക്കപ്പെടുന്നവനോടുകൂടി ആണു് അവൻ' എന്നുമല്ല; പിന്നെയോ, 'ദൈവമായിരിക്കുന്നവനോടുകൂടി അവൻ ദൈവമാകുന്നു എന്നാണു്.

10. സ്വഭാവത്താലേ ദൈവമായ ആളിനോടുകൂടി അവനും ദൈവമായിരിക്കുക സ്വാഭാവികം മാത്രമാണു്. മനുഷ്യരെ ദേവന്മാർ എന്നു വിളിക്കുന്നു, എന്നാൽ സ്വഭാവത്താലേ അവർ ദേവന്മാരല്ല: 'നിങ്ങൾ ദേവന്മാരാണെന്നും നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണെന്നും ഞാൻ പറഞ്ഞു. എന്നാലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും' (സങ്കീ. 82:6–7). നിങ്ങൾ സ്വഭാവത്താലേ ദൈവമല്ലാത്തതിനാൽ നിങ്ങൾക്കു ബഹുമാനം നൽകുവാൻ ഞാൻ അപ്രകാരം വിളിച്ചു എന്നു മാത്രം. സ്വഭാവത്താലേ നിങ്ങൾ മർത്യരാണു്. അതു ദൈവികസ്വഭാവത്തിൽനിന്നു തികച്ചും വ്യത്യസ്തമാണു്. ഈ വസ്തുത വസ്തുക്കളുടെ സ്വഭാവത്തിൽനിന്നു തന്നെ സുവ്യക്തമാണു്. കാരണം, നിങ്ങൾ സ്വഭാവത്താലേ ദേവന്മാരായിരുന്നെങ്കിൽ നിങ്ങൾ പാപപാശത്താൽ ബന്ധിതരാകുകയില്ലായിരുന്നു. അക്കാരണത്താലാണല്ലോ നിങ്ങൾ മരിച്ചതു്. ദൈവം ദൈവമെന്നു വിളിക്കപ്പെടുക മാത്രമല്ല, സ്വഭാവത്താലേ യഥാർത്ഥത്തിൽ ആ പേരുകൊണ്ടു് അർത്ഥമാക്കുന്നതെന്തോ അതാകുന്നു. ദൈവത്തോടുകൂടി ആയിരിക്കുന്ന വചനമായ ദൈവം ദൈവമെന്നു വിളിക്കപ്പെടുന്നതു കേവലം ആലങ്കാരികമല്ല. അവിടുന്നു സ്വഭാവത്താലേ ദൈവമാകുന്നു. സ്വഭാവത്താലേ ദൈവമായിരിക്കുന്നയാൾ സത്യദൈവമല്ലാതെ മറെറന്താണു്? സ്വഭാവത്തെക്കാൾ സത്യമായിട്ടുള്ളതെന്താണു്? സ്വഭാവത്താലേ ദൈവമായിരിക്കുന്നയാൾ സത്യത്തിൽ അപ്രകാരമാകാതിരിക്കുന്നതെങ്ങനെ? അവിടുന്നു സ്വഭാവത്താലേ ദൈവമല്ലെങ്കിൽ സത്യത്തിൽ ദൈവമല്ല. ദൈവം എന്ന പദം പിശാചുക്കൾക്കും മനുഷ്യർക്കും ഉപയോഗിക്കുന്നു. പിശാചുക്കൾ വ്യാജമായും ധിക്കാരപൂർവമായും സ്വയം ദൈവം എന്നു വിളിക്കുന്നു; ബഹുമാനം എന്ന നിലയിൽ ദൈവത്തിന്റെ അനുമതിയോടുകൂടി മനുഷ്യരും ദൈവമെന്നു വിളിക്കപ്പെടുന്നു. എന്നാൽ പുത്രനാകട്ടെ പിതാവിനെപ്പോലെ സ്വഭാവത്താലേ ദൈവമാണു്.

www.malankaralibrary.com



11. ഏകജാതനെ 'ദൈവപുത്രൻ' എന്ന മററൊരർത്ഥത്തിൽ വിളിക്കാൻ അബദ്ധോപദേശകർ ധൈര്യപ്പെട്ടേക്കാം. എന്നാലും അവിടുന്ന സ്വഭാവത്താലേ ദൈവപുത്രനാകയാൽ അവിടുന്ന സത്യമായും ദൈവമാണെന്നതു സുവ്യക്തമാണ്. സ്വഭാവത്താലേ ആയിരിക്കുന്ന അവസ്ഥയെക്കാൾ സത്യമായിട്ടൊന്നുമില്ലല്ലോ. സ്വഭാവത്താലേ ദൈവമായവൻ സത്യമായും ദൈവമാണെന്ന് സ്പഷ്ടമാണ്. സത്യവാനേക്കാൾ സത്യമായിട്ടുള്ള മററൊന്നില്ല. പാഷണ്ഡികളുടെ പുതിയ സിദ്ധാന്തത്തിനു വിരുദ്ധമായി ത്രിത്വത്തിലെ മൂന്നാളുകൾ സത്യ ദൈവമാണ്. പിതാവായ ദൈവം സ്വഭാവത്താലേ ദൈവമാണെന്നും പുത്രനായ ദൈവം സ്വഭാവത്താലേ ദൈവമാണെന്നും പറയുന്നെങ്കിലും പുത്രൻ സത്യമായും ദൈവമാണെന്ന് അംഗീകരിക്കാൻ അവർ വിസമ്മതിക്കുന്നു. അതേ സമയം അവിടുന്ന സ്വഭാവത്താലേ ദൈവമാണെന്ന് അവർ അംഗീകരിക്കുകയും ചെയ്യുന്നു. 'അവിടുന്ന ദൈവമാണ്; എന്നാൽ പിതാവിനെപ്പോലെയല്ല' എന്നു പറഞ്ഞ് അവരുടെ നവീന സങ്കൽപ്പത്തിൽ അവർ പുതിയൊരു നിയമം നടപ്പാക്കുന്നു.

12. ഓരോരുത്തരും സ്വഭാവത്താലേ ദൈവവും എല്ലാവർക്കും ഒരേ സ്വഭാവവുമാണെങ്കിൽ ഒരാൾ ഉന്നതനും മററെയാൾ താഴ്ന്നവനുമാകുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. സ്വഭാവത്താലേ ദൈവമാണെന്നു വിശുദ്ധ ഗ്രന്ഥങ്ങളും അവയെ പിൻതുടർന്നവരും ആരെപ്പററി പഠിപ്പിച്ചുവോ അവനിൽ കൂട്ടിച്ചേർക്കലോ കുറയ്ക്കലുകളോ കാണുക പ്രയാസമാണ്. വിശുദ്ധ ഗ്രന്ഥമനുസരിച്ചു 'സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം' എന്നു പറഞ്ഞുകൊണ്ടു പാഷണ്ഡികളുടെ ഭക്തിരഹിതവും അർത്ഥശൂന്യവുമായ ജൽപനങ്ങൾക്കെതിരെ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ നമുക്കു മുന്നറിയിപ്പു നൽകുന്നു. അവിടുന്ന ദൈവമാണെന്നു വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. പിതാക്കന്മാർ 'സത്യ' എന്നു ബുദ്ധിപൂർവം കൂട്ടിച്ചേർത്തു. പിതാവിനെപ്പോലെ പുത്രനും സത്യദൈവമാണെന്നു നാം വിശ്വസിക്കാൻ വേണ്ടിയാണിതു്. കാരണം, പിതാവിനെപ്പോലെ സ്വഭാവത്താലേ അവിടുന്നും സത്യദൈവമാണ്.

13. പിതാവിനെ ദൈവമായി ഏററുപറയുന്നതുവഴി ബഹുദേവതാവാദം എന്ന അബദ്ധം ഖണ്ഡിക്കപ്പെടുന്നു. മനുഷ്യർ തെററായി ദേവന്മാർ എന്നു പലരേയും വിളിക്കുന്നുണ്ടല്ലോ. അതുപോലെ ദൈവപുത്രനെ സംബന്ധിച്ചുള്ള പ്രബോധനവും ബഹുദേവതാവാദം ഖണ്ഡിക്കുന്നു. പിതാവിൻെറയും പുത്രൻെറയും ദൈവസ്വഭാവം ഒന്നായിരിക്കുന്നതിനാൽ

www.malankaralibrary.com



പിതാവായ ദൈവവും പുത്രനായ ദൈവവും ഒരു ദൈവമാണെന്നു നാം വിശ്വസിക്കുന്നു.

പുത്രൻ 'സമസത്തയാണു്' എന്നു് ഇതോടുകൂടി നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ കൂട്ടിച്ചേർത്തു. 'സമസത്ത' എന്ന പദം അവിശ്വാസികളെ കുററപ്പെടുത്തുന്നതും സഭാസന്താനങ്ങളുടെ വിശ്വാസം ഉറപ്പിക്കുന്നതുമാണു്. ഇതു സുവ്യക്തമായി വിശുദ്ധ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടില്ലെങ്കിലും ഇതേ ആശയം അതിൽ കാണാവുന്നതാണു്. തങ്ങൾ നേരത്തെ പറഞ്ഞതിന്റെ അർത്ഥം കൂടുതൽ വ്യക്തമായ ഒരു വാക്കുപയോഗിച്ചു വ്യക്തമാക്കുകയത്രേ അവർ ചെയ്തതു്. കാരണം, 'പിതാവുമായി സമസത്ത' എന്നതു് 'സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം' എന്നതിൽനിന്നു വ്യത്യസ്തമല്ല. 'ദൈവമായിരുന്നവനും യുഗങ്ങൾക്കു മുൻപു പിതാവിൽനിന്നു ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും ആയവൻ ദൈവമാണു്' എന്നു മാത്രം പറയുവാനാണു് 'പിതാവുമായി സമസത്ത' എന്നതുകൊണ്ടു് അവർ ഉദ്ദേശിച്ചതു്. മറെറാന്നുമല്ല; അതു് അവർ നേരത്തെ പറഞ്ഞിട്ടുള്ള സംഗതിതന്നെയാണു്. അവിടുന്നു യുഗങ്ങൾക്കെല്ലാം മുൻപു പിതാവിൽനിന്നു ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും, സൃഷ്ടിയല്ലാത്തവനും, പിതാവിന്റെ യഥാർത്ഥപുത്രനും ആണെങ്കിൽ പിതാവിൽനിന്നു തന്നെയാണു് എന്നതു സുസ്പഷ്ടമാണു്; പുറത്തുനിന്നുണ്ടായവനല്ല. പിതാവിന്റെ തന്നെ സത്തയിൽനിന്നുളവായവനാണു്; പിതാവുമായി സമസത്തയുമാണു്. അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവമായതിനാൽ പിതാവുമായി സമസത്തയാണെന്നുള്ളതു വ്യക്തമാണു്; കാരണം, സ്വഭാവത്താലേ സത്യദൈവമായവൻ സ്വഭാവത്താലേ സത്യദൈവമായവനുമായി സമസത്തയാണു്.

14. 'പിതാവുമായി സമസത്ത' എന്ന വാചകത്തിന്റെ അർത്ഥം വ്യക്തമായി വി. ഗ്രന്ഥത്തിൽ കാണാം. 'അവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു; അവൻ ദൈവമായിരുന്നു' എന്നു പറയുക വഴി അവിടുന്നു സ്വഭാവത്താലേ ദൈവമാണെന്നും ദൈവവുമായി സമസത്തയാണെന്നും വി. ഗ്രന്ഥം വ്യക്തമാക്കുകയാണു്. 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' (യോഹ. 10:30) എന്ന വാചകത്തിന്റെ അർത്ഥവും ഇതത്രേ. പുത്രൻ പിതാവുമായി സ്വഭാവത്തിലും അധികാരത്തിലും ഒന്നായതിനാൽ അവിടുന്നു പിതാവുമായി സമസത്തയാണു്. 'എന്റെ ആടുകൾ എന്റെ സ്വരം കേട്ടു് എന്നെ അനുഗമിക്കുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു; ആരും അവയെ

www.malankaralibrary.com



എന്റെ കൈയിൽനിന്നും പിടിച്ചെടുക്കയില്ല' (യോഹ. 10: 27–28) എന്ന വാചകത്തിലൂടെ തന്റെ സർവശക്തിക്കു് അവിടുന്നു സാക്ഷ്യം വഹിക്കുന്നു; തനിക്കെതിരെ വിജയിക്കാൻ ഒരുവനും സാധിക്കയില്ലെന്നും അവിടുന്നു വ്യക്തമാക്കുന്നു. കൂടാതെ അവനിൽ കാണപ്പെട്ട അമാനുഷിക സംഗതികൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ അവിടുന്നു കൂട്ടിച്ചേർത്തു, 'അവയെ എനിക്കു തന്ന എന്റെ പിതാവു് എല്ലാവരേയും കാൾവലിയവനാണു്;എന്റെ പിതാവിന്റെ കൈയിൽനിന്നു് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കയില്ല' (യോഹ. 10:29). 'അവൻ എനിക്കുതന്നു' എന്ന വാചകത്തിലൂടെ ആ വാചകത്തിന്റെ അർത്ഥപരിധിയും നിശ്ചയിച്ചു. പിതാവിനെതിരെ ഉയരുവാൻ ആർക്കും സാധിക്കയില്ല എന്നു പിതാവിനെപ്പററി പറഞ്ഞതു തന്നെപ്പററിയുമാണു്. പിതാവിന്റെയും പുത്രന്റെയും ശക്തി ഒന്നുതന്നെയാണെന്നും എല്ലാററിനും ഉപരിസ്ഥനായ പിതാവിനെതിരെ ഉയരുവാൻ ആർക്കും കഴിയാത്തതുപോലെ തനിക്കെതിരെ ഉയരുവാൻ ആർക്കും സാധിക്കയില്ലെന്നും ചൂണ്ടിക്കാട്ടുവാനാണു 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' എന്നു് അവിടുന്നു പറഞ്ഞതു്.

15. നേരത്തെ ഉച്ചരിച്ച വാക്കുകളിൽ അന്തർഭവിച്ചിരുന്ന അർത്ഥം ഈ വാചകത്തിലൂടെ അവിടുന്നു വ്യക്തമാക്കി. 'പിതാവിന്റെ ശക്തിയും എന്റെ ശക്തിയും ഒരുപോലെയാണു്. അവിടുത്തേതുപോലെ എന്റേതും എല്ലാററിലും ഉപരിസ്ഥമാണു്. എന്റെ പിതാവിനെതിരെ ആർക്കും ഉയരുവാൻ കഴിയാത്തതുപോലെ എനിക്കെതിരെ ഉയരുവാനും ആർക്കും സാധിക്കയില്ല; കാരണം, ഞാനും എന്റെ പിതാവും ഒന്നാകുന്നു; ഞങ്ങൾക്കു് ഒരധികാരവും ഒരു ശക്തിയുമാണു്; അതു് എല്ലാററിലും ഉപരിസ്ഥമാണു്' എന്നു് അവിടുന്നു പറയുന്നതു പോലെയാണിതു്. ഇക്കാരണത്താലാണു യഹൂദർ അവനെ ദൈവദൂഷകൻ എന്നു വിളിച്ചതു്. അവനിൽ വസിച്ച ദൈവസ്വഭാവത്തെപ്പററി വാസ്തവത്തിൽ അവർ അറിഞ്ഞില്ല; എന്നാൽ അവനിൽ ദൃശ്യമായവ മാത്രമേ അവർ അറിഞ്ഞുള്ളു; ദൈവദൂഷണം പറയുന്നവനെ എന്നപോലെ അവനെ കല്ലെറിഞ്ഞു കൊല്ലാൻ അവർ ആഗ്രഹിച്ചു.

16. 'എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു'; 'ഞാൻ എന്റെ പിതാവിലും എന്റെ പിതാവു് എന്നിലുമാകുന്നു' (യോഹ. 14:9.11) എന്നു പറയുന്നതും ഇതുപോലെയാണു്. പുത്രനിൽ പിതാവിനെ കാണുന്നു എങ്കിൽ ഇരുവർക്കും ഒരേ സ്വഭാവമാണെന്നും ഒരാൾ മറെറാരാൾവഴി അറിയപ്പെടുന്നു എന്നും വ്യക്തമാണല്ലോ. അവരുടെ പരസ്പരമുള്ള

www.malankaralibrary.com



ഐക്യം അവരുടെ സ്വഭാവത്തിന്റെ ഐക്യവും പിതാവുമായി പുത്രനുള്ള സമസത്തയും വ്യക്തമാക്കുന്നു. 'പിതാവല്ലാതെ പുത്രനെ ആരും അറിയുന്നില്ല. പുത്രനല്ലാതെ പിതാവിനെയാരും അറിയുന്നില്ല' (മത്താ. 11:27) എന്ന വാചകത്തിന്റെയും അർത്ഥവും ഇതുതന്നെ. അവരിൽ ഓരോരുത്തരേയും മറെറയാൾ മാത്രമേ അറിയുകയും കാണുകയും ചെയ്യുന്നുള്ളുവെങ്കിൽ അവരുടെ സ്വഭാവത്തിലുള്ള തുല്യതയാൽ മനുഷ്യർക്കെല്ലാം അവർ അദൃശ്യരാണെന്നുള്ളതു വ്യക്തമാണല്ലോ. അവർക്ക മാത്രം പരസ്പരം അറിയാം. ഇതു് ഇപ്രകാരമായതിനാൽ പുത്രൻ പിതാവുമായി സമസത്തയാണ്.

17. ഈ വസ്തുതകളെല്ലാം വിശുദ്ധ ലിഖിതങ്ങളിൽ സുസ്പഷ്ടമാണ്. എങ്കിലും തങ്ങളുടെ ആത്മാക്കളുടെ നാശത്തിനു തിന്മയിലേക്ക തിരിയുകയും ചായുകയും ചെയ്യുന്നവർ 'പിതാവിന്റെ സ്വഭാവത്തിൽനിന്നു വ്യത്യസ്തമാണ് പുത്രന്റേതു്' എന്നു പറയുവാൻ ധൈര്യപ്പെടുന്നു. അങ്ങനെ പറയുന്നതിന്റെ അത്ഥം അവിടുന്നു പുത്രനല്ലെന്നാണ്. സത്യപുത്രന് അവന്റെ പിതാവിന്റെ അതേ സ്വഭാവമാണുള്ളതു് എന്നതു് സുവ്യക്തമാണ്. അക്കാരണത്താലാണ് നമ്മുടെ ഭാഗ്യവാന്മാരായപിതാക്കന്മാർ ബുദ്ധിപൂർവം ഈ പദപ്രയോഗം സ്വീകരിച്ചതു്. വിശുദ്ധ ലിഖിതങ്ങളിൽ അതിന്റെയർത്ഥം ഉൾക്കൊണ്ടിരുന്നു. തങ്ങളുടെ കാലത്തുള്ള വിശ്വാസികൾക്ക മുന്നറിയിപ്പു നൽകുന്നതിനും പാഷണ്ഡികളെ കുററപ്പെടുത്തുന്നതിനുമാണു പിതാക്കന്മാർ ഇപ്രകാരം ചെയ്തതു്. ചുരുങ്ങിയ വാക്കുകളിൽ അതു വ്യക്തമാക്കുവാനും അവർ ആഗ്രഹിച്ചു. 'നാം ദൈവത്തിന്റെ സന്താനങ്ങളാണ്'' (നട. 17:28); ക്രേത്തയിലുള്ളവർ നുണയരും ദുഷ്ടമൃഗങ്ങളും ഭോജനപ്രിയരുമാണ്'' (തീത്തോ. 1:12) എന്നു തുടങ്ങി ഗ്രീക്ക താത്വികർ ഉപയോഗിച്ച പദപ്രയോഗങ്ങൾ തന്റെ പ്രബോധനങ്ങളിൽ ഉദ്ധരിക്കാനും അവർക്കെഴുതാനും ഭാഗ്യവാനായ പൗലോസ് മടിച്ചില്ലല്ലോ. അങ്ങനെയെങ്കിൽ പുത്രൻ പിതാവുമായി സമസത്തയാണ് എന്നു വിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ ഉപയോഗിച്ചതു വളരെ ശരിയാണ്. ഈ വാക്ക് അതേ രീതിയിൽ വിശുദ്ധ ലിഖിതങ്ങളിൽ കാണുന്നില്ലെങ്കിലും നിരവധി ഭാഗങ്ങളിൽ അതേ ആശയം കണ്ടെത്താൻ നമുക്ക സാധിക്കും.

18. 'അവനാൽ ലോകങ്ങൾ നിർമ്മിക്കപ്പെടുകയും സമസ്തവും സൃഷ്ടിക്കപ്പെടുകയും ചെയ്തു' എന്ന് അതിനുശേഷം പിതാക്കന്മാർ പറഞ്ഞു.

www.malankaralibrary.com



വിശ്വാസപ്രമാണത്തിൽ പിതാവിനെപ്പററി പ്രതിപാദിക്കുന്ന ഭാഗത്തു് 'പിതാവു്' എന്ന വാക്കിനു ശേഷം 'എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവു്' എന്നു പിതാക്കന്മാർ കൂട്ടിച്ചേർത്തു. അതുപോലെ പുത്രനെപ്പററി പ്രതിപാദിക്കുന്ന ഭാഗത്തു് 'പിതാവിൽനിന്നു ജനിച്ചവനും പിതാവിനോടുകൂടി സമസത്തയായവനും' എന്നു പറഞ്ഞശേഷം 'അവൻ സർവത്തിന്റെയും സ്രഷ്ടാവാണു്' എന്നും അവർ കൂട്ടിച്ചേർത്തു. കാരണം, പിതാവുമായി സമസത്തയായ സത്യപുത്രൻ പിതാവിനെപ്പോലെ സത്യസ്രഷ്ടാവായിരിക്കണം. ഇതുപോലെതന്നെ 'ആദിയിൽ അവൻ ദൈവത്തോടുകൂടിയായിരുന്നു; അവൻ ദൈവമായിരുന്നു' എന്നതിനുശേഷം 'എല്ലാ വസ്തുക്കളും അവൻ വഴി നിർമ്മിക്കപ്പെട്ടു; ഉണ്ടാക്കപ്പെട്ടതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല' എന്നും ഭാഗ്യവാനായ യോഹന്നാൻ ചേർത്തു. തന്റെ പിതാവായ ദൈവത്തെപ്പോലെ അവനും സ്രഷ്ടാവാണെന്നു കാണിക്കാനാണിതു്.

19. പുത്രൻ പിതാവിൽനിന്നാണെന്നും അവൻ സത്യദൈവത്തിൽനിന്നുള്ള സത്യ ദൈവമാണെന്നും തന്റെ പിതാവുമായി അവിടുന്നു സമസത്തയാണെന്നും നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞശേഷം 'തന്നാൽ ലോകങ്ങൾ നിർമ്മിക്കപ്പെടുകയും എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെടുകയും ചെയ്തു' എന്നും കൂട്ടിച്ചേർത്തു. യുഗങ്ങൾക്കെല്ലാം മുൻപു് അവൻ തന്റെ പിതാവിനോടു കൂടെയായിരുന്നതിനാൽ തന്റെ പിതാവായ ദൈവത്തോടുകൂടെ അവൻ സർവവസ്തുക്കളുടെയും സ്രഷ്ടാവാണു് എന്നു് അവർ പറഞ്ഞു. അവൻ ലോകങ്ങളെ നിർമ്മിച്ചതിനാൽ സമസ്തസൃഷ്ടികളുടെയും സ്രഷ്ടാവാണു്. അവൻ യുഗങ്ങൾക്കെല്ലാം മുൻപുള്ളവനാണു്. കാരണം, അവൻ നിത്യതയിലേ ഉള്ളവനാണു്. കാലാന്തരത്തിൽ അസ്തിത്വത്തിലേക്കു വന്നവനല്ല. 'അവനിലൂടെ ദൈവം ലോകങ്ങളെ നിർമ്മിച്ചു' എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ (എബ്രാ. 1:2) അവൻ ആരംഭം മുതലേ ഉണ്ടായിരുന്നു; അവൻ സർവലോകങ്ങളുടെയും സ്രഷ്ടാവാണു്. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പൗലോസിനെപ്പോലെ, 'അവനാൽ ലോകങ്ങൾ നിർമ്മിക്കപ്പെട്ടു' എന്നു പറഞ്ഞശേഷം 'അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണു്' എന്നും കൂട്ടിച്ചേർത്തു. ഇപ്രകാരം ഏകജാതന്റെ ദൈവത്വത്തെ സംബന്ധിച്ചു് അവർ നമ്മെ പഠിപ്പിച്ചു. അതു വിശുദ്ധലിഖിതാനുസൃതവുമാണു്. മതസംബന്ധമായ സംഗതികളിൽ തീക്ഷ്ണതയുള്ളവരെ ഇങ്ങനെ അവർ ഉത്തേജിപ്പിച്ചു. എന്നാൽ ഏകജാതന്റെ ദൈവത്വം നിഷേധിക്കുന്നവരെ അവർ ലജ്ജിപ്പിച്ചു.

www.malankaralibrary.com



നാമാകട്ടെ നമ്മുടെ കഴിവനുസരിച്ച വിശ്വാസപ്രമാണത്തിന്റെ അർത്ഥം സംക്ഷിപ്തമായി നിങ്ങളുടെ സ്നേഹത്തോടു വിവരിച്ചുതന്നു. ഇന്നു പറഞ്ഞ സംഗ്രഹം നിങ്ങളുടെ പ്രബോധനത്തിനു് ഇന്നത്തേക്കു മതിയാകും എന്നു് എനിക്കു തോന്നുന്നു. നമുക്കു പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നുമെന്നേയ്ക്കും സ്തുതിയർപ്പിക്കാം. ആമ്മീൻ

www.malankaralibrary.com

# 5

# അഞ്ചാം പ്രസംഗം

1. ഏകജാതന്റെ ദൈവത്വത്തെ സംബന്ധിച്ച് നിങ്ങളോട് ഞാൻ സംസാരിച്ചതും പിതാവിനെപ്പറ്റിയുള്ള പ്രബോധനത്തിനുശേഷം എപ്രകാരം പുത്രനെപ്പറ്റി വിശുദ്ധ ലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിലേക്കു നിങ്ങളുടെ ശ്രദ്ധ തിരിച്ചതും പുത്രന്റെ ദൈവത്വത്തെ സംബന്ധിച്ചും നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ സ്വീകരിച്ച മനുഷ്യന്റെ സാദൃശ്യത്തെപ്പറ്റിയും നിങ്ങളുടെ സ്നേഹത്തോടു നാം സംസാരിച്ചതും നിങ്ങൾ ഓർക്കുന്നു എന്നു കരുതുന്നു. അവൻ ധരിച്ച മനുഷ്യസ്വഭാവത്തെപ്പറ്റി പിതാക്കന്മാർ നിശ്ശബ്ദത പാലിച്ചില്ല. ഏകജാതന്റെ മനുഷ്യസ്വഭാവം വഴിയാണല്ലോ അവിടുത്തെ ദൈവസ്വഭാവത്തെപ്പറ്റി നമുക്ക് അറിവു ലഭിച്ചത്.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വ്യക്തമാക്കുവാൻ 'ഏകജാതനായ പുത്രനും സർവസൃഷ്ടികളിലും ആദ്യജാതനും' എന്ന് 'ഏക കർത്താവീശോമിശിഹായിലും' എന്നതിനോട് കൂട്ടിച്ചേർത്തു. തുടന്ന് ദൈവസ്വഭാവത്തെപ്പറ്റിയും നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു ധരിച്ച മനുഷ്യന്റെ സാദൃശ്യത്തെപ്പറ്റിയും അവർ പഠിപ്പിച്ചു. അങ്ങനെ അവർ ഖണ്ഡശ്ശ: എല്ലാ സംഗതികളും കൃത്യമായി നമ്മെ ഗ്രഹിപ്പിച്ചു.

'ഏകജാതൻ പിതാവുമായി സമസത്തയാണ്'' എന്നു പറഞ്ഞ് അവന്റെ ദൈവത്വത്തിൽ വിശ്വസിക്കണമെന്ന് അവർ നമ്മെ ആദ്യമായി പഠിപ്പിച്ചു. സ്വഭാവത്താലേ അല്ലാതെ കൃപയാൽ മാത്രം മക്കൾ എന്നു വിളിക്കപ്പെടുന്ന മനുഷ്യരെപ്പോലെയല്ല അവിടുന്നു പുത്രനായിരിക്കുന്നത്. അവിടുന്നു പിതാവിൽനിന്നുള്ള സത്യപുത്രനാണ്, ഏക ജാതനാണ്. കാരണം, അവിടുന്നു മാത്രം തന്റെ പിതാവിന്റെ സ്വഭാവത്തിൽനിന്നു പിറന്നു. അവിടുന്നു പിന്നീടു പുത്രനായി തീരുകയോ അപ്രകാരം വിളിക്കപ്പെടുകയോ ചെയ്തതല്ല; പിന്നെയോ

www.malankaralibrary.com



അവിടന്ന് യുഗങ്ങൾക്കെല്ലാം മുൻപ് തന്റെ പിതാവിൽനിന്ന് നിത്യമായി ജനിച്ചു; സൃഷ്ടിക്കപ്പെട്ടതല്ല. ദൈവപുത്രൻ സൃഷ്ടവസ്തുക്കളെപ്പോലെ ഇല്ലായ്മയിൽനിന്നുണ്ടാക്കപ്പെട്ടതല്ല. 'സത്യദൈവത്തിൽനിന്നുള്ള സത്യദൈവമായി, തന്റെ പിതാവുമായി സമസത്തയായി' അവൻ നിത്യമായി തന്റെ പിതാവിൽനിന്ന് ജനിച്ചു. അതുകൊണ്ടാണ് അവനെ 'ദൈവത്തിന്റെ സൃഷ്ടി' എന്നു വിളിക്കാൻ പാടില്ലാത്തത്. അവൻ തന്റെ പിതാവിനെപ്പോലെ സ്വഭാവത്താലേ സത്യപുത്രനാകുന്നു.

2. ഏകജാതന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള ഈ വസ്തുതകൾ നമ്മുടെ പിതാക്കന്മാർ കൃത്യമായി നമ്മെ പഠിപ്പിച്ചു; നമ്മുടെ ആത്മാക്കളിൽ വിശ്വാസപ്രമാണം ഉറപ്പിച്ചു. യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്നു ജനിച്ച ദൈവപുത്രൻ സൃഷ്ടിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്തു എന്നു പറയാൻ മുതിരുന്ന ഭക്തിരഹിതരുടെ വാദം അവർ ഖണ്ഡിക്കുന്നു. പാഷണ്ഡികളുടെ എല്ലാവിധ അബദ്ധങ്ങളും നമ്മുടെ ഉള്ളിൽനിന്നു നിർമ്മാർജ്ജനം ചെയ്തിട്ട് നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം സംബന്ധിച്ച് താഴെപ്പറയുന്ന വാക്കുകളിൽ അവർ സംസാരിക്കുന്നു: 'അവൻ മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗത്തിൽ നിന്നിറങ്ങി, ശരീരമെടുത്തു, മനുഷ്യനായി.'

3. 'നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും' എന്ന് ആദ്യമേതന്നെ അവർ പറഞ്ഞത് ന്യായയുക്തമാണ്. കാരണം, അവിടത്തെ മനുഷ്യത്വത്തിന്റെ രക്ഷാകര വ്യാപാരത്തെ സംബന്ധിച്ച് അവർ പറയാൻ തുടങ്ങുകയായിരുന്നു. തദവസരം അതിന്റെ ലക്ഷ്യത്തെപ്പറ്റി പ്രതിപാദിക്കാൻ അവർ നിർബന്ധിതരായി. ഏകജാതന്റെ ദൈവത്വത്തെപ്പറ്റി പ്രതിപാദിച്ചിടത്ത് ഇതു പ്രസ്താവിക്കാൻ അവർക്കു സാധിച്ചില്ല. അവിടന്നു പിതാവിൽനിന്ന് എപ്രകാരം നിത്യമായി ഉണ്ടായി എന്നാണ് അവിടെ നമ്മോടു പറഞ്ഞത്. തന്റെ മനുഷ്യത്വത്തെപ്പറ്റി നമ്മെ പഠിപ്പിക്കാൻ അവർ ബദ്ധപ്പെട്ടതിനാൽ ദൈവസ്വഭാവം എന്തു കൊണ്ടു സ്വയംതാഴ്ത്തി നമുക്കുവേണ്ടി ദാസന്റെ വേഷം എടുത്തു (ഫിലി. 2:4) എന്നും നമ്മുടെ രക്ഷയെപ്രതി എന്തുമാത്രം പ്രവർത്തിച്ചു എന്നും എല്ലാററിനും മുൻപേ വിവരിക്കുക യുക്തമായിരുന്നു. അതുകൊണ്ടാണ് 'മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും' എന്നു നമ്മുടെ പിതാക്കന്മാർ തന്റെ മനുഷ്യത്വത്തിന്റെ രക്ഷാ

www.malankaralibrary.com



കര വ്യാപാരത്തെപ്പററി പ്രതിപാദിക്കുന്ന ഭാഗം മുതൽ പ്രബോധനം ആരംഭിക്കുന്നതു്. 'മനുഷ്യരായ നമുക്കും' എന്നതിനുശേഷം 'നമ്മുടെ രക്ഷയ്ക്കും' എന്നു ചേർത്തതു വളരെ ശരിയാണു്. അങ്ങനെ അവൻെറ ആഗമനത്തിൻെറ അർത്ഥം അവർ വ്യക്തമാക്കി. 'മനുഷ്യർക്കുവേണ്ടി മാത്രമല്ല; അവരുടെ രക്ഷയെ പ്രതിയും' കൂടിയാണു് അവിടുന്നു വന്നതു്. നശിച്ചുപോയവരെയും (മത്താ. 18:11) തിന്മയ്ക്കു് ഏല്പിക്കപ്പെട്ടവരെയും അവാച്യമായ കൃപയാൽ തിന്മയിൽനിന്നു രക്ഷിക്കാനും വിടുവിക്കാനും അവിടുന്നിറങ്ങിവന്നു.

4. അവൻ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു മാറി എന്ന അർത്ഥത്തിലല്ല 'താഴേക്കിറങ്ങിവന്നു' എന്നതു് നാം മനസ്സിലാക്കേണ്ടതു്. എല്ലായിടത്തുമുള്ള ദൈവസ്വഭാവം ഒരിടത്തുനിന്നു മറെറാരിടത്തേക്കുമാറുന്നു എന്നു ചിന്തിക്കാൻ പാടില്ല. കാരണം, ഈ ദൈവസ്വഭാവത്തിനു ശരീരമില്ല. ഒരു സ്ഥലത്തും അതിനെ ഒതുക്കി നിർത്താൻ സാധ്യമല്ല. ഒരിടത്തും ഒതുങ്ങുകയില്ലാത്തവൻ എല്ലായിടത്തുമാണു്. എല്ലായിടത്തുമുള്ളവൻ ഒരിടത്തുനിന്നു മറെറാരിടത്തേക്കു മാറി എന്നു ചിന്തിക്കാനും സാധ്യമല്ല. ഭാഗ്യവാനായ യോഹന്നാൻ ഇതിനു സാക്ഷ്യം വഹിക്കുന്നു: 'അവൻ ലോകത്തിലായിരുന്നു. അവനാൽ ലോകം നിർമ്മിക്കപ്പെട്ടു; എന്നാൽ ലോകം അവനെ അറിഞ്ഞില്ല. അവൻ സ്വജനങ്ങളുടെ പക്കലേക്കു വന്നു; എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല' (യോഹ. 1:10–11). 'അവൻ ലോകത്തിലായിരുന്നു' എന്നും 'അവൻ ലോകത്തിലേക്കു വന്നു' എന്നും ഇവിടെ യോഹന്നാൻ പറയുന്നു. എന്നാൽ അവൻ ലോകത്തിലായിരുന്നെങ്കിൽ എങ്ങനെയാണു് ലോകത്തിലേക്കു വന്നതു്? ആയിരുന്ന സ്ഥലത്തേക്കു വന്നു എന്നു യഥാർത്ഥത്തിൽ എങ്ങനെ നമുക്കു പറയാൻ കഴിയും? അവൻ എല്ലായിടത്തുമായിരുന്നു എന്നു് കാണിക്കാൻ 'അവൻ ലോകത്തിലായിരുന്നു' എന്നു യോഹന്നാൻ പറഞ്ഞു. തൻെറ മനുഷ്യത്വത്തിൻെറ രക്ഷാകര വ്യാപാരത്തെ കുറിക്കാൻ 'അവൻ സ്വജനങ്ങളുടെ പക്കലേക്കു വന്നു' എന്നും അവൻ കൂട്ടിച്ചേർത്തു. 'അവൻ സ്വർഗ്ഗം ചായിച്ചിറങ്ങിവന്നു' എന്നു ഭാഗ്യവാനായ ദാവീദും പറഞ്ഞിട്ടുണ്ടു് (സങ്കീ. 18:9). അവൻ ഇപ്രകാരം പറഞ്ഞതു പീഡനങ്ങളിൽനിന്നു് ദൈവം അവർക്കു നൽകിയ വിടുതൽ വ്യക്തമാക്കാനാണു്. ദൈവത്തിൻെറ കാരുണ്യത്തെ ദൈവത്തിൻെറ 'താഴ്ന്നിറങ്ങി വരവ്' എന്നു് അവൻ ചിത്രീകരിക്കുന്നു. ഇതിനർത്ഥം എല്ലാററിനേക്കാളും ഉപരിസ്ഥനായവൻ പീഡനങ്ങളിൽനിന്നു മനുഷ്യരെ രക്ഷിക്കാൻ താഴേക്കിറങ്ങി വന്നു എന്നാണല്ലോ. ദൈവത്തിൻെറ ഏകജാതനായ ദൈവവചനം

www.malankaralibrary.com



നമ്മുടെ രക്ഷയ്ക്കുവേണ്ടി താഴേക്കിറങ്ങിവന്നു എന്നതിന്റെ അർത്ഥമിതാണ്: അവിടുന്നു നിത്യമായി പിതാവിൽ നിന്നാണ്. എപ്പോഴും അവിടുത്തോടുകൂടിയാണ്. അവിടുന്ന് എല്ലാററിന്റെയും കാരണമായിരിക്കുന്നതിനാൽ എല്ലാററിനും ഉപരിസ്ഥനാണ്. എന്നിട്ടും ദാസന്റെ രൂപം എടുക്കുകയും അതിലായിരിക്കുകയും ചെയ്യുവാൻ തക്കവിധം വിനീതനായി. നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്ന് താഴേക്കിറങ്ങിവരുവാൻ തിരുമനസ്സായി. അവിടുന്ന് ഇപ്രകാരം ചെയ്തത് തന്റെ ധാരാളമായ ദാനങ്ങൾകൊണ്ട് നമ്മെ സന്തുഷ്ടരാക്കുവാനാണ്.

5. അതുകൊണ്ട്, അവിടുന്നു 'മനുഷ്യരായ നമുക്കു വേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗത്തിൽനിന്നിറങ്ങി' എന്നു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞതു യുക്തമത്രേ. തന്റെ മനുഷ്യത്വത്തിന്റെ വ്യാപാരത്തെ 'സ്വർഗത്തിൽനിന്നുള്ള ഇറക്കം' എന്ന് അവർ വിളിച്ചു. അതുകൊണ്ടു ഭാഗ്യവാനായ ദാവീദ് ഭയചകിതനായി വിളിച്ചുപറഞ്ഞു: 'മനുഷ്യനെ നീ അനുസ്മരിക്കുവാൻ അവൻ ആര്? മനുഷ്യപുത്രനെ നീ സന്ദർശിക്കുവാൻ അവൻ ആരാണ്?' (സങ്കീ. 8:4).

'അവിടുന്നു മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും താഴേക്കിറങ്ങിവന്നു'. അവിടുത്തെ 'താഴ്ന്നിറക്കം' എന്താണ്? അതിന്റെ ലക്ഷ്യമെന്ത്? അവിടുന്നു മനുഷ്യനെപ്പോലെയായി; ദാസന്റെ വേഷമെടുത്തു; നമ്മുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായിത്തീർന്നു; എല്ലാവർക്കും സ്വയം വെളിപ്പെടുത്തി; മനുഷ്യസ്വഭാവത്തിലുള്ളതെല്ലാം അവിടുന്നു സ്വയമെടുത്തു; എല്ലാ മാനുഷിക കഴിവുകളും അവിടുത്തേക്കുണ്ടായിരുന്നു. ഇങ്ങനെയെല്ലാം ചെയ്യേണ്ടതിന് സ്വയം താഴ്ത്തുവാൻ തക്കവിധം മനുഷ്യൻ എന്താണ് ചെയ്തത്? തന്റെ ശക്തിയാൽ അവിടുന്ന് അവനെ പൂർണനാക്കി. തന്റെ പ്രകൃതിക്കനുസൃതമായ ശാരീരിക മരണം അവിടുന്ന് അവനിൽനിന്ന് നീക്കിയില്ല. എങ്കിലും അവിടുന്ന്അവനോടുകൂടി ആയിരുന്ന് യഥാർത്ഥമരണത്തിൽനിന്നും കല്ലറയിലെ ജീർണതയിൽനിന്നും അവനെ ഉയിർപ്പിച്ചു. ശ്രേഷ്ഠമായ ബഹുമാനത്തിന് അവനെ അർഹനാക്കി. 'നിങ്ങൾ ഈ ആലയം തകർക്കുവിൻ; മൂന്നു ദിവസംകൊണ്ടു ഞാൻ അതു് പുനരുദ്ധരിക്കും' (യോഹ. 2:19) എന്ന് ഈ ആലയത്തെപ്പററിയാണ് അവിടുന്നു പറഞ്ഞത്. അപ്രകാരം അവിടുന്നു പ്രവർത്തിക്കുകയും ചെയ്തു.

6. അവന്റെ മരണത്തിൽ അവൻ അവനിൽനിന്നു വേർപിരിഞ്ഞില്ല; മരണത്തിൽ അവനെ കൈവിട്ടുമില്ല. മറിച്ച്

www.malankaralibrary.com



മരണവേദന സഹിക്കുവാൻ അവനെ സഹായിച്ചുകൊണ്ടു് അവ നോടൊത്തു വസിച്ചു. അഭേദ്യമായ ബന്ധനങ്ങളിൽനിന്നു് അവന്റെ ആത്മാവിനെ അവൻ മോചിപ്പിച്ചു. അവിടുന്ന വനെ മരണത്തിൽനിന്നുയിർപ്പിച്ചു. അമർത്ത്യജീവിതത്തിലേക്കു നീക്കി മരണരഹിതനും വ്യതിയാനരഹിതനുമാക്കി. പിതാവിന്റെ വലത്തുഭാഗത്തു് അവൻ ഇരിക്കുന്ന സ്വർഗത്തിലേക്കു് അവൻ അവനെ കരേററി. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ, 'അവൻ എല്ലാ അധികാരികൾക്കും ആധിപത്യത്തിനും പ്രതാപത്തിനും ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും പേർ വിളിക്കപ്പെടുന്ന എല്ലാററിനും ഉപരി സ്ഥനാണു്'' (എഫേ. 1:21). വചനമായ ദൈവത്തോടുള്ള പരിപൂർണമായ ഐക്യത്താൽ അവൻ സർവസൃഷ്ടികളിൽ നിന്നും നിരന്തരമായ ആരാധന സ്വീകരിക്കുന്നു.

7. അതുകൊണ്ടു്, 'അവിടുന്നു് ജഡം ധരിച്ചു മനുഷ്യനായി' എന്നു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞതു വളരെ ശരിയാണു്. നമ്മുടെ രക്ഷയെ പ്രതി തന്റെ രക്ഷാകര വ്യാപാരത്തിനനുസൃതം എല്ലാ രീതിയിലും അവിടുന്നു് പ്രവർത്തിച്ചു. തന്നിൽ വസിച്ച ദൈവത്വത്തെപ്പററി അജ്ഞരായിരിക്കുകയും ദൃശ്യമായവ മാത്രം കാണുകയും ചെയ്തവർ അവനെ വെറുമൊരു മനുഷ്യനായി മാത്രം കരുതി. യഥാർത്ഥത്തിൽ യൂദന്മാർ അതു പറയുകയും ചെയ്തു. 'ഏതെങ്കിലും നല്ല പ്രവൃത്തികൾക്കല്ല, ദൈവദൂഷണത്തിനാണു് ഞങ്ങൾ നിന്നെ കല്ലെറിയുന്നതു്. കാരണം മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു' (യോഹ. 10:33). 'അവൻ മനുഷ്യരുടെ സാദൃശ്യത്തിലായിരുന്നു. രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു' (ഫിലി 2:7). അവൻ മനുഷ്യരുടെ സാദൃശ്യത്തിലായിരുന്നു എന്നതിന്റെ അർത്ഥം അവൻ മനുഷ്യനായിരുന്നു എന്നല്ലാതെ മറെറാന്നുമല്ല. 'ദൈവം തന്റെ സ്വന്തം പുത്രനെ അയയ്ക്കുകയും അവൻ പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിലാകുകയും ചെയ്തു (റോമ.8:3) എന്നു് വിശുദ്ധ ഗ്രന്ഥം പറയുന്നിടത്തു ശരീരത്തിന്റെ സാദൃശ്യം എന്നതിന്റെ അർത്ഥം 'ശരീരം' എന്നു തന്നെയാണു്. അതുപോലെയാണു് 'അവൻ ജഡത്തിൽ കാണപ്പെട്ടു' (1 തിമോ. 3:16) എന്ന വാചകവും. ഒരിടത്തു് 'ശരീരം' എന്നും മറെറാരിടത്തു് 'സാദൃശ്യം' എന്നും പ്രയോഗിച്ചു കാണുന്നു. എന്നാൽ 'ശരീരം' 'ശരീരത്തിന്റെ സാദൃശ്യം' എന്നീ രണ്ടു പ്രയോഗങ്ങളുടെയും അർത്ഥം 'മനുഷ്യൻ' എന്നുതന്നെ. 'അവൻ ശരീരത്തിൽ കാണപ്പെട്ടു', 'അവൻ മനുഷ്യന്റെ സാദൃശ്യത്തിലായിരുന്നു' എന്നതും 'മനുഷ്യൻ' എന്ന അർത്ഥത്തിൽതന്നെയാണു്.

www.malankaralibrary.com



'അവൻ ശരീരമെടുത്തു മനുഷ്യനായി' എന്നു് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പഠിപ്പിച്ചതു ശരിയായിട്ടുതന്നെ. അവർ ഇപ്രകാരം ചെയ്തതു, ഭാഗ്യവാനായ പൗലോസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ, അവിടുന്നു് മനുഷ്യനായിരുന്നെന്നും എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി അവിടുന്നു് ഈ രക്ഷാകരവ്യാപാരം പൂർത്തിയാക്കിയെന്നും കാണിക്കാനാണു്. സഭയുടെ സത്യവിശ്വാസത്തിനനുസൃതമായി പാഷണ്ഡികളുടെ അബദ്ധത്തെ ഖണ്ഡിക്കാൻ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ഈ പദം ഉപയോഗിച്ചതു യുക്തം തന്നെ. അവാച്യമായ ഈ വ്യാപാരത്തെ സംബന്ധിച്ചും നമ്മുടെ കർത്താവെടുത്ത മനുഷ്യനെ സംബന്ധിച്ചും മനുഷ്യരുടെ ഇടയിൽ നിരവധി അഭിപ്രായഭിന്നതകൾ ഉടലെടുത്തതിനാൽ 'അവൻ ശരീരമെടുത്തു് മനുഷ്യനായി' എന്നു് വളരെ ഭംഗിയായി നമ്മുടെ പിതാക്കന്മാർ പഠിപ്പിക്കുന്നു.

8. മാർസ്യനീത്തരും മനിക്കേയരും വലൻറീനിയരും അതുപോലെ രോഗഗ്രസ്ഥരായ മററു് പാഷണ്ഡികളും പറയുന്നതു നമ്മുടെ കർത്താവു് നമ്മുടെ ശരീരത്തിൻെറയാകട്ടെ ആത്മാവിൻെറയാകട്ടെ സ്വഭാവങ്ങളൊന്നും സ്വീകരിച്ചില്ലെന്നത്രേ. പ്രവാചകരുടെ ദർശനംപോലെയോ അബ്രഹാം മൂന്നുപേരെ ദർശിച്ചതുപോലെയോ മനുഷ്യരിൽ മിഥ്യയായ തോന്നൽ ഉളവാക്കുക മാത്രമാണു് ചെയ്തതെന്നു് അവർ പറയുന്നു. അബ്രഹാമിനു കാണപ്പെട്ടവർ മാനുഷിക പ്രവൃത്തികൾ ചെയ്തു നടന്നു; സംസാരിച്ചു; ആതിഥ്യം സ്വീകരിച്ചു; ഭക്ഷിച്ചു; കുടിച്ചു എങ്കിലും കാഴ്ചയിൽ മാത്രം മനുഷ്യരായിരുന്നു. അവർക്കാർക്കും ശാരീരിക സ്വഭാവം ഇല്ലായിരുന്നു. നമ്മുടെ കർത്താവും ഇതുപോലെ ശരീരം സ്വീകരിക്കാതെ കാഴ്ചയിൽമാത്രം മനുഷ്യനായിരുന്നു എന്നു് അവർ പറയുന്നു. അവൻ മനുഷ്യരെപ്പോലെ എല്ലാം പ്രവർത്തിച്ചു; എല്ലാം അനുഭവിച്ചു: എന്നാൽ മാനുഷിക സ്വഭാവം ഇല്ലായിരുന്നു; ബാഹ്യമായി മനുഷ്യനായി കാണപ്പെട്ടെന്നുമാത്രം, യഥാർത്ഥത്തിൽ അവൻ ഒന്നും അനുഭവിച്ചില്ല; കാഴ്ചക്കാർക്കു് അവൻ അനുഭവിക്കുന്നതായി തോന്നുക മാത്രം ചെയ്തു.

9. 'അവൻ ഒരു ശരീരമെടുത്തു, എന്നാൽ ഒരാത്മാവിനെ സ്വീകരിച്ചില്ല' എന്നും 'ദൈവസ്വഭാവം ആത്മാവിൻെറ സ്ഥാനം സ്വീകരിച്ചു' എന്നും ആരിയൂസിൻെറയും എവുണോമിസിൻെറയും പക്ഷക്കാർ പറയുന്നു. ദൈവസ്വഭാവം സ്വമഹത്വത്തിൽനിന്നു മാറി ആത്മാവിൻെറ പ്രവൃത്തികൾ ചെയ്യുകയും ശരീരത്തിൽ ബന്ധിതനാകുകയും ശരീരസന്ധാരണത്തിനാവശ്യമായവ പ്രവർത്തിക്കുകയും ചെയ്യുന്നതക്ക രീതിയിൽ ഇക്കൂട്ടർ ഏകജാതൻെറ ദൈവസ്വഭാവത്തെ ഇടിച്ചു താഴ്ത്തി കാണിക്കുന്നു. ദൈവത്വം ആത്മാവിൻെറ സ്ഥാനമെടുത്തെ

www.malankaralibrary.com



ങ്കിൽ തനിക്കു വിശക്കുകയോ ദാഹിക്കുകയോ ചെയ്യുമായിരുന്നില്ല. അവിടുന്നു ക്ഷീണിതനാകുകയില്ലായിരുന്നു. അവിടത്തേക്കു് ഭക്ഷണവും വേണ്ടിവരില്ലായിരുന്നു. ശരീരത്തിൻെറ ബലഹീനത നിമിത്തമാണു് ശരീരത്തിനു് ഇവയെല്ലാം ആവശ്യമായിരിക്കുന്നതു്. ശാരീരികാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ആത്മാവിനു സാധിക്കയില്ല; മറിച്ചു് ദൈവം അതിനു കൊടുത്ത സ്വഭാവത്തിനനുസൃതമായി അതിൻേറതായ പ്രവൃത്തികൾ ആത്മാവു് ശരീരത്തിനുവേണ്ടി ചെയ്യുന്നു. ആത്മാവിനു ശരീരമാവശ്യമാണു്. എന്നാൽ അതിൻെറ സന്ധാരണത്തിനാവശ്യമായ സംഗതികളിൽ അതു് പൂർണമാണു്. ശരീരത്തിൻെറ കുറവുകൾ നികത്തുവാൻ ആത്മാവിനു കഴിയില്ലെന്നു മാത്രമല്ല, ശരീരത്തിൻെറ ബലഹീനത അതിനെയും ബാധിക്കുകയും ചെയ്യും. തൻെറ ഹിതത്തിനു് എതിരായി ശരീരത്തെ ഉപേക്ഷിക്കാൻ ആത്മാവു് നിർബന്ധിതമാകുകയും ചെയ്യും.

ദൈവത്വം ആത്മാവിൻെറ ജോലികൾ ചെയ്തുവെങ്കിൽ അവശ്യാവശ്യം ശരീരത്തിൻെറ ജോലികളും ചെയ്തിരിക്കണം. വഴിതെററിക്കുന്ന പാഷണ്ഡികളുടെ അഭിപ്രായം ഈ അർത്ഥത്തിലേ ശരിയാകൂ.അവിടുന്നു് ഒരു ശരീരം എടുത്തു എന്നതു് അവർ നിഷേധിക്കുന്നു: 'മാലാഖമാരെപ്പോലെ അവിടുന്നു കാണപ്പെട്ടതേയുള്ളു. കാഴ്ചയിൽ മാത്രമാണു് അവിടുന്നു മനുഷ്യൻ; മനുഷ്യസ്വഭാവത്തിൻെറ പ്രത്യേകതകളൊന്നും അവിടുത്തേക്കില്ലായിരുന്നു. വാസ്തവത്തിൽ, ദൈവത്വം എല്ലാം പ്രവർത്തിക്കുവാൻ കഴിവുററതാണു്; ദൈവേഷ്ടത്താൽ അബ്രഹാം മാലാഖമാരെ ദർശിച്ചതുപോലെ അവനെ ദർശിച്ചവർ ഒരു യഥാർത്ഥമനുഷ്യനെ കാണുന്നതായി ധരിച്ചു' എന്നൊക്കെ അവർ ജല്പിക്കുന്നു.

ദൈവസ്വഭാവം ഇവയ്ക്കെല്ലാം പര്യാപ്തമായിരുന്നെങ്കിൽ, ദൈവത്തിൽനിന്നു രക്ഷയുടെ കൃപാവരം ആവശ്യമായിരുന്ന മനുഷ്യസ്വഭാവം എടുക്കേണ്ട ആവശ്യമില്ലായിരുന്നു. പാഷണ്ഡികൾ പറയുന്നതുപോലെ ഈ ദൈവത്വംതന്നെ മനുഷ്യസ്വഭാവത്തിൻെറ ആവശ്യങ്ങൾ സാധിക്കുമായിരുന്നു. ദൈവത്വം ഈ പ്രവൃത്തികളെല്ലാം ചെയ്യുവാൻ കഴിവുററതാണെങ്കിൽ ഒരു ശരീരം എടുക്കുക എന്നതു് അധികപ്പററായിരുന്നു.

10. എന്നാൽ ദൈവഹിതം ഇപ്രകാരമായിരുന്നില്ല. ബൗദ്ധികവും അനശ്വരവുമായ ആത്മാവും ശരീരവുമുള്ള,അധഃപതിച്ച മനുഷ്യനെ ധരിക്കുവാനും ഉയർത്തുവാനും ദൈവം തിരു

www.malankaralibrary.com



മനസ്സായി. അങ്ങനെ 'ഒരു മനുഷ്യൻമൂലം പാപവും, പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചതുപോലെ ഒരു മനുഷ്യന്റെ നീതീകരണത്താൽ അനേകർക്കു ദൈവത്തിന്റെ കൃപയും ദാനവും സമൃദ്ധമാകുവാൻ ഇടയായി' (റോമ. 5:12,15,17). ഒരു മനുഷ്യൻമൂലം മരണം ഉണ്ടായെങ്കിൽ, മറെറാരു മനുഷ്യൻമൂലം മരിച്ചവരിൽനിന്നുള്ള ഉത്ഥാനവും ഉണ്ടായി. കാരണം, ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ, 'ആദാമിൽ നാമെല്ലാവരും മരിക്കുന്നതുപോലെ മിശിഹായിൽ നാമെല്ലാവരും പുനർജീവിക്കും' (1 കൊരി. 15:22). അതുകൊണ്ട് അവിടുന്നു ശരീരം മാത്രമല്ല ബൗദ്ധികവും അനശ്വരവുമായ ആത്മാവിനെക്കൂടി ധരിക്കുക ആവശ്യമായിരുന്നു. ശരീരത്തിന്റെ മരണം മാത്രമല്ല, ആത്മാവിന്റെ മരണമായ പാപംകൂടി നീക്കപ്പെടേണ്ടതാവശ്യമായിരുന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ 'ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചതിനാൽ മരണത്തിന്റെ കാരണമായ പാപം ആദ്യമേ നീക്കപ്പെടേണ്ടതാവശ്യമായിരുന്നു (റോമ. 5:12). അപ്പോൾ മരണം താനേ നീക്കപ്പെടും. പാപം നീക്കപ്പെട്ടില്ലെങ്കിൽനാം മർത്യതയിൽത്തന്നെ നിലനിൽക്കുമായിരുന്നു. നാം നമ്മുടെ നശ്വരതയിൽ പാപം ചെയ്യുമായിരുന്നു. നാം പാപം ചെയ്യുമ്പോൾ ശിക്ഷയ്ക്കു വിധേയരാണ്. അപ്പോൾ മരണത്തിന്റെ ശക്തി അവശ്യാവശ്യം നമ്മിൽ നിലനിൽക്കുമായിരുന്നു.

11. ആദ്യംതന്നെ പാപം നീക്കപ്പെടുക അവശ്യാവശ്യമായിരുന്നു; അതിനുശേഷം മരണത്തിനുള്ള പ്രവേശനം അടയ്ക്കപ്പെടുകയും ചെയ്തു. പാപത്തിന്റെ ശക്തിയുടെ ഉത്ഭവം (1 കൊരി. 15:16) ആത്മാവിന്റെ ഇച്ഛയിലാണ് അടങ്ങിയിരിക്കുന്നത് എന്നതു വ്യക്തമാണല്ലോ. ആദാമിന്റെ കാര്യത്തിലും അവന്റെ ശരീരമല്ല ആത്മാവാണു തെററായ പ്രബോധനം സ്വീകരിച്ചത്. ദൈവത്തെ ഉപേക്ഷിക്കാനും, ഉന്നതമായ കാര്യങ്ങൾ ആഗ്രഹിക്കുന്നതിൽ തന്റെ സഹായി ചതിയനാണെന്നു വിശ്വസിക്കാനും ശരീരത്തെയല്ല സാത്താൻ പ്രേരിപ്പിച്ചത്. പിശാചിന്റെ ഉപദേശം സ്വീകരിച്ച് അവൻ ദൈവകല്പന ലംഘിച്ചു. ദൈവകല്പനയ്ക്കെതിരായ സംഗതികൾ സ്വീകരിക്കുകയും ചെയ്തു. അവന്റെ ശരീരമല്ല ആത്മാവാണ് ഈ സംഗതികൾ അറിയേണ്ടിയിരുന്നത്. അവൻ മോഹന വാഗ്ദാനത്തിൽ കുടുങ്ങി ചതിയന്റെ ഉപദേശം സ്വീകരിക്കയും താൻ സ്വന്തമാക്കിയിരുന്ന നല്ല സംഗതികൾ നഷ്ടപ്പെടുത്തുകയും ചെയ്തു. ഇക്കാരണത്താൽ ക്രിസ്തു, ശരീരം മാത്രമല്ല ആത്മാവും സ്വീകരിക്കുക ആവശ്യ

www.malankaralibrary.com



മായിരുന്നു. ആദ്യം ആത്മാവിൻെറയും അതിനുശേഷം ശരീരത്തിൻെറയും ശത്രുവിനെ നീക്കേണ്ടിയിരുന്നു. കാരണം, പാപത്തിൽനിന്നു മരണവും മരണം ശരീരത്തിൻെറ അഴിവും ആണെങ്കിൽ ആദ്യം പാപം നീക്കപ്പെടേണ്ടിയിരുന്നു; മരണം അതുവഴി താനേ നീക്കപ്പെട്ടും.

ആത്മാവിനെ ആദ്യം പാപബന്ധനങ്ങളിൽനിന്നു വിമുക്തമാക്കി അഴിവിനു് അതീതമാക്കിയാൽ ശരീരത്തെ മരണത്തിൽനിന്നും അഴിവിൽനിന്നും രക്ഷിക്കുവാൻ എളുപ്പമാണു്. അഴിവില്ലായ്മ പ്രാപിക്കുന്നതുവഴി പാപത്തിൽനിന്നു നാം വിമുക്തരായി തീരും. പാപം നീക്കപ്പെടുന്നതുവഴി മരണവും നീക്കപ്പെട്ടും. മരണം നീക്കപ്പെടുമ്പോൾ നമ്മുടെ ശരീരം അഴിവിനും ജീർണതയ്ക്കും അതീതമായിരിക്കും.

12. ശാരീരിക വികാരങ്ങളിൽനിന്നുളവാകുന്ന സംഗതികളിൽ മാത്രമേ ആത്മാവു പാപപങ്കിലമായുള്ളു എങ്കിൽ അതിനെ പാപത്തിൽനിന്നു രക്ഷിക്കാൻ ഒരു പക്ഷേ നമ്മുടെ കർത്താവു ശരീരം മാത്രം എടുത്താൽ മതിയാകുമായിരുന്നു. എന്നാൽ ആത്മാവിൽനിന്നുളവാകുന്ന പാപങ്ങളും തിന്മകളും നിരവധിയും വൈവിധ്യമാർന്നവയുമാണു്. സാത്താനുമായുള്ള വേഴ്ചയെ വെളിവാക്കുന്ന ആദ്യപാപം അഹങ്കാരമാണു്. കാരണം, അഹങ്കരിക്കുന്നവൻ നാശത്തിനായി സാത്താൻെറ മിത്രമായിത്തീരുന്നു എന്നു ശ്ലീഹാ ചൂണ്ടിക്കാട്ടുന്നു (1 തിമൊ. 3:6). അശരീരിയായ സാത്താനെ തൻെറ ദുഷ്ടചിന്തയിൽ വഹിക്കുന്നവൻ തൻെറ ആത്മാവിൽ വികാരഭരിതനാകുന്നു; അങ്ങനെയെങ്കിൽ ആത്മാവു പാപത്തിൽനിന്നു മോചനം പ്രാപിക്കുകയും ജഡികാശകളിൽനിന്നു രക്ഷിക്കപ്പെടുകയും ചെയ്യുക അത്യാവശ്യമാണെന്നു വ്യക്തമാണല്ലോ.

13. മനുഷ്യരെ വലിച്ചിഴച്ചു് അധ:പതിപ്പിച്ച പാപങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ ഭാഗ്യവാനായ പൗലോസും നമ്മുടെ വാക്കുകൾക്കു സാക്ഷ്യം വഹിക്കുന്നു. അവൻ ഇപ്രകാരം പറയുന്നു: 'ഇക്കാരണത്താൽ ദൈവം അവരെ അനുചിതകർമ്മങ്ങൾ ചെയ്വാൻ നികൃഷ്ടചിന്തയ്ക്കു കൈവിട്ടു. അവർ എല്ലാവിധ അനീതിയും അത്യാഗ്രഹവും ദുഷ്ടതയും വ്യഭിചാരവും പകയും അസൂയയും കൊലപാതകവും കലഹവും വഞ്ചനയും വിദ്വേഷവും ഉള്ളവരും, പരദൂഷകരും, അനുസരണമില്ലാത്തവരും സമാധാനപ്പെടുത്താൻ സാധ്യമല്ലാത്തവരും ദയയില്ലാത്തവരുമായി (റോമ. 1:28–31). ഈ തിന്മകളെല്ലാം വ്യക്തവും സുഗ്രാഹ്യവുമാകയാൽ വിശദീകരണം ആവശ്യമില്ല. ഇവയിൽ മിക്കവയു

www.malankaralibrary.com



ജഡികാശകളിൽനിന്നുളവാകുന്നവയല്ല. ആത്മാവിന്റെ ഇച്ഛയിൽനിന്നുളവാകുന്നവയാണ്. യഥാർത്ഥത്തിൽ ദുഷ്ടത, പക, അസൂയ, കലഹം, വഞ്ചന, വിദ്വേഷം, അഹങ്കാരം, ആത്മപ്രശംസ, ദുരാലോചന, മാതാപിതാക്കളോടുള്ള അനുസരണമില്ലായ്മ, വിഡ്ഢിത്തം, ഉടമ്പടിലംഘനം, ദയാരാഹിത്യം എന്നിവയെല്ലാം ആത്മാവിൽനിന്നുളവാകുന്നവയാണ്.

14. അതുകൊണ്ട്, നമ്മുടെ കർത്താവ് ആത്മാവിനെ സ്വീകരിച്ചതു ന്യായയുക്തമാണ്. അങ്ങനെ അതിനെ പാപവിമുക്തവും വ്യതിയാനരഹിതവുമാക്കി; ദൈവകൃപയാൽ അതിനു മാററമില്ലായ്മ പ്രദാനം ചെയ്യാനും സാധിച്ചു. ശരീരത്തിന്റെ ദുരാശകളെ ജയിക്കാനും അതിനു കഴിഞ്ഞു. എല്ലായിടത്തുനിന്നും പാപം നീക്കപ്പെടുകയും മാററമില്ലായ്മ പ്രാപിച്ച ആത്മാവിൽ പാപത്തിനു പ്രവേശനമില്ലാതിരിക്കുകയും ചെയ്യുമ്പോൾ എല്ലാവിധ ശാപവും നീക്കപ്പെടും. മരണം അവസാനിക്കുകയും ചെയ്യും. ശരീരം മരണത്തിനതീതമായിത്തീരും. കാരണം, അതു് അമർത്യതയിൽ ഭാഗഭാഗിത്വം നേടി. ഭാഗ്യവാനായ പൗലോസ് ഇതേപ്പററി സാക്ഷ്യപ്പെടുത്തുന്നു: 'അതുകൊണ്ട് ഇപ്പോൾ യേശുക്രിസ്തുവിലായിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല. അവർ ജഡികമായി വ്യാപരിക്കുന്നില്ല; കാരണം, യേശുക്രിസ്തുവിലുള്ള ജീവന്റെ നിയമം മരണത്തിന്റെയും പാപത്തിന്റെയും നിയമത്തിൽനിന്നു നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു (റോമ. 8:1–2).

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരിൽനിന്നു മരണവിധിയും എല്ലാവിധ വിധികളും നീക്കപ്പെട്ടിരിക്കുന്നു എന്ന് അവൻ പറയുന്നു. കാരണം മരണത്തിന്റെ പാതയിൽനിന്ന് അവർ അകലുന്നു. ആത്മാവ് അമർത്യതയും മാററമില്ലായ്മയും സ്വീകരിക്കുന്നു. പാപത്തിൽനിന്നും മൃത്യുവിൽനിന്നും പരിപൂർണ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുന്നു.

15. ആകയാൽ, 'ക്രിസ്തു ആത്മാവിനെ സ്വീകരിച്ചില്ല' എന്നു കരുതുന്നതു പൈശാചികമാണ്. 'അവിടുന്നു മാനുഷിക മനസ്സ് സ്വീകരിച്ചില്ല' എന്നു പറയുന്നതു് അതിനേക്കാൾ വലിയ അപസ്മാരമാണ്. അതിന്റെയർത്ഥം ഒന്നുകിൽ അവിടുന്ന് ആത്മാവിനെ സ്വീകരിച്ചില്ല; അല്ലെങ്കിൽ അവിടുന്നു മൃഗങ്ങളുടേതുപോലെ ബുദ്ധിരഹിതമായ ആത്മാവിനെയാണ്, മനുഷ്യാത്മാവിനെയല്ല സ്വീകരി

www.malankaralibrary.com



ച്ചതു് എന്നത്രേ. മനുഷ്യാത്മാവും മൃഗാത്മാവും തമ്മിലുള്ള വ്യത്യാസം മൃഗാത്മാവിനു മൃഗത്തിന്റെ പദാർത്ഥഘടകത്തിൽനിന്നു വേറിട്ടു തനതസ്തിത്വം ഇല്ല എന്നതാണല്ലോ. തത്ഫലമായി മൃഗാത്മാവിനു പ്രത്യേകമായ അസ്തിത്വവുമില്ല; മൃഗം ചത്തുകഴിയുമ്പോൾ മൃഗാത്മാവിന്റെ അസ്തിത്വം ഇല്ലാതാകുന്നു. അക്കാരണത്താലാണു്, രക്തത്തിൽ കുടികൊള്ളുന്ന മൃഗാത്മാവു രക്തം ചിന്തപ്പെടുമ്പോൾ നശിക്കുന്നതു്. മൃഗം ചാകുന്നതിനു മുൻപു മൃഗത്തിന്റെ ആത്മാവു ആ മൃഗത്തിലും അതിന്റെ അവയവങ്ങളിലും കുടികൊള്ളുന്നു എന്നു കരുതപ്പെടുന്നു.

മനുഷ്യാത്മാവു് ഇത്തരത്തിലല്ല. അതിനു് അതിന്റേതായ അസ്തിത്വമുണ്ടു്. അതു് ശരീരത്തെക്കാൾ ഉപരിസ്ഥമാണു്. ശരീരം മർത്ത്യമാണു്. ആത്മാവിൽനിന്നു് അതു ജീവൻ പ്രാപിക്കുന്നു; ആത്മാവു് ശരീരത്തിൽനിന്നു വേർപെടുമ്പോൾ ശരീരം നിർജീവമായി നശിക്കുന്നു. എന്നാൽ ആത്മാവാകട്ടെ, ശരീരത്തിൽനിന്നു വേർപെടുമ്പോഴും നശിക്കാതെ നിലനിൽക്കുന്നു. അതു സ്വന്തമായി നിത്യം നിലനിൽക്കുന്നു. കാരണം അതു് അമർത്ത്യമാണു്. പ്രസ്തുത സാഹചര്യത്തിൽ മനുഷ്യന്റെ പീഡനങ്ങൾക്കു വിധേയമാവുക സാധ്യവുമല്ല. 'ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട' എന്നു ക്രിസ്തു പറഞ്ഞപ്പോൾ (മത്താ. 10: 28) മർത്ത്യമാകയാൽ ശരീരം മരണവിധേയമാണെന്നും, അമർത്ത്യമാകയാൽ ആത്മാവു് സ്വഭാവത്താലേ അമർത്ത്യമായി നിലകൊള്ളുമെന്നും അവിടുന്നു വ്യക്തമായി ചൂണ്ടിക്കാട്ടുകയത്രേ ചെയ്തതു്.

16. മനുഷ്യാത്മാവും മൃഗാത്മാവും തമ്മിലുള്ള വ്യത്യാസം ഇതത്രേ: മൃഗാത്മാവു് ബൗദ്ധികമല്ല; അതിനു തനതായ അസ്തിത്വമില്ല. എന്നാൽ മനുഷ്യാത്മാവു് അമർത്ത്യവും ബൗദ്ധികവുമാണെന്നു വിശ്വസിക്കുന്നു. മനുഷ്യാത്മാവിനു അറിവും ബുദ്ധിയുമില്ല എന്നു പറയാൻ മാത്രം മാനുഷിക ധാരണ ഇല്ലാതിരിക്കുകയും ഭ്രാന്തു പിടിച്ചിരിക്കുകയും ചെയ്തിരിക്കുന്നവൻ ആരാണു്? 'അമർത്ത്യമായ സ്വഭാവം അനശ്വര ജീവിതം നയിക്കുകയും അതേ സമയം ബൗദ്ധികമല്ലാതിരിക്കുകയും ചെയ്യുന്നു' എന്നു് മുൻപാരും ലോകത്തിൽ പഠിപ്പിച്ചിട്ടില്ലാത്ത, നവീന പ്രബോധനത്തിന്റെ വക്താവാകുവാൻ ആഗ്രഹിക്കുന്നവനല്ലാതെ മററാരും ജല്പിക്കാറില്ല. എന്നാൽ യാഥാർത്ഥ്യം അങ്ങനെയല്ല. കാരണം, സ്വഭാവത്താലേ അമർത്ത്യമായിരിക്കുകയും അനശ്വര ജീവിതത്തിൽ വസിക്കുകയും ചെയ്യുന്നതു സത്യമായും ബുദ്ധിയുള്ളതായിരിക്കണം.

www.malankaralibrary.com



17. ഇക്കാരണങ്ങളാലാണ് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ 'അവൻ ശരീരിയായി മനുഷ്യനായി' എന്ന് പറഞ്ഞ് നമുക്ക മുന്നറിയിപ്പ നൽകിയത്. എടുക്കപ്പെട്ടവനം, ദൈവവചനം വസിച്ചവനും ഒരു പരിപൂർണ്ണ മനുഷ്യനാണ്. അവൻ മനുഷ്യസ്വഭാവത്തിനു ചേരുന്ന സർവസംഗതികളിലും പരിപൂർണ്ണനാണ്. ഒരു മർത്യശരീരവും ബൗദ്ധികാത്മാവും ചേർന്നതാണ് അവൻെറ സത്ത. കാരണം, മനുഷ്യർക്കും അവരുടെ രക്ഷയ്ക്കുംവേണ്ടിയാണ് അവൻ സ്വർഗത്തിൽ നിന്നിറങ്ങി വന്നത്. ഇക്കാര്യങ്ങളെല്ലാം നാം വിശ്വസിക്കണം.

അവൻ ഒരു മനുഷ്യനെ എടുത്തു എന്ന് അവർ ശരിയായി പറഞ്ഞിരിക്കുന്നു. അവൻ ആരിൽനിന്ന് എടുക്കപ്പെട്ടുവോ അവർക്ക് അവൻ ദൃശ്യനാണ്. കാരണം, ലോകത്തിൽ പാപം അവതരിപ്പിച്ച ആദത്തിനു സദൃശ്യനാണ് അവിടുന്ന് എടുത്ത മനുഷ്യൻ. അതേ സ്വഭാവം ഉള്ള ഒരുവനാൽ പാപം നീക്കപ്പെടേണ്ടിയിരുന്നു. പാപം ചെയ്ത് മരണശിക്ഷയ്ക്ക വിധിക്കപ്പെട്ട ആദത്തിനു സദൃശ്യനായ മനുഷ്യനെ അവൻ ധരിച്ചു. അങ്ങനെ നമുക്ക് സദൃശ്യനായി നമ്മിൽനിന്നു പാപം നീക്കി മരണത്തെ ഇല്ലായ്മ ചെയ്യാൻ വേണ്ടിയായിരുന്നിത്.

18. 'ഈ ലോകത്തിൻെറ അധികാരി വരുന്നു; എന്നാൽ അവന് എൻെറമേൽ കാര്യമില്ല' (യോഹ. 14: 30) എന്ന് അവിടുന്നു പറഞ്ഞപ്പോഠം മരിച്ചവരിൽനിന്നുള്ള തൻെറ ഉത്ഥാനത്തിൻെറ കാരണം ഇതാണെന്ന് അവിടുന്നു കാണിക്കുകയായിരുന്നു. കാരണം, പൗലോസ് പറഞ്ഞതുപോലെ നമ്മോടു പററിച്ചേർന്നിരുന്ന പാപം നിമിത്തം സാത്താൻ മരണത്തിൻെറ അധികാരത്തിൻെറ കടിഞ്ഞാൺ പിടിക്കുകയും അവൻെറ മരണം നമ്മെ സദാ വലയം ചെയ്യുകയുമായിരുന്നു.

നാം പാപത്തിനധീനരായിരുന്നപ്പോഠം വിമോചനത്തിന് നമുക്കൊരു പ്രതീക്ഷയുമില്ലായിരുന്നു. നമുക്കുവേണ്ടി ദൈവം ധരിച്ച മനുഷ്യനെയാകട്ടെ ദൈവകൃപ പാപത്തിൽനിന്നു സ്വതന്ത്രനാക്കിയിരുന്നു. എന്നാൽ സാത്താൻ തൻെറ ചതിപ്രയോഗത്താൽ അവനെതിരേ യൂദന്മാരെ ഇളക്കുകയും മറേറതൊരു മനുഷ്യനെയുമെന്നവിധം അവനെ കൊല്ലുകയും ചെയ്തു. എന്നാൽ മരണത്തിനധീനനാക്കുന്ന പാപത്താൽ അവൻ പങ്കിലനല്ലായിരുന്നു. എങ്കിലും കൊടിയ ദുഷ്ടതയാൽ സാത്താൻ അവൻെറമേൽ വരുത്തിവച്ച മരണം നമ്മുടെ കർത്താവായ മിശിഹാ സ്വയം ഏറെറടുത്തു. അവനിൽ പാപമില്ലെന്നും അവൻ അന്യായമായിട്ടത്രേ മരണവേദന സഹിക്കുന്നതെന്നും ഈശോ

www.malankaralibrary.com



മിശിഹ ദൈവത്തിനു കാണിച്ചുകൊടുത്തു. എന്നാൽ അവൻ നിഷ്പ്രയാസം വിധിവാചകം നീക്കിക്കളഞ്ഞു. ദൈവശക്തിയാൽ അവൻ മരിച്ചവരിൽനിന്നുയിർത്തു. നവീനവും അവാച്യവുമായ ഒരു ജീവിതത്തിന് അവൻ അവകാശിയായി. അതു മനുഷ്യകുലത്തിനു മുഴുവനും അവൻ പകർന്നുകൊടുത്തു.

ഇക്കാരണത്താലാണ് 'ഈ ലോകത്തിന്റെ അധികാരി വരുന്നു; എന്നാൽ അവന് എന്റെമേൽ കാര്യമില്ല (യോഹ. 14: 30) എന്നു നമ്മുടെ കർത്താവു പറഞ്ഞത്. മറ്റൊരിടത്ത് അവിടുന്നു പറഞ്ഞു: 'ഇപ്പോഴാണ് ഈ ലോകത്തിന്റെ ശിക്ഷാവിധി; ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യും. ഞാൻ ഭൂമിയിൽ നിന്നുയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും' (യോഹ. 12: 30–32). തന്റെമേൽ മരണം വലിച്ചുകൊണ്ടുവരുവാൻ സാത്താന് മതിയായ കാരണമൊന്നുമില്ലെന്ന് ആദ്യവാചകത്തിൽ അവിടുന്നു കാട്ടുന്നു. രണ്ടാമത്തേതിലാകട്ടെ എതിരാളിയെ വിധിക്കു വിധേയനാക്കുന്നു. അവനെ വിധിച്ച് അവന്റെ ദുഷ്ടശക്തിയിൽനിന്നു പുറന്തള്ളുന്നു. ഈ സത്കൃത്യങ്ങൾ ചെയ്തശേഷം സകല മനുഷ്യരെയും അവൻ തന്റെ മഹത്വത്തിൽ ഭാഗഭാക്കുകളാക്കുന്നു.

19. അവൻ ഒരു പരിപൂർണ മനുഷ്യനെ എടുത്തു എന്നു നിങ്ങൾ മനസ്സിലാക്കുവാനാണ് 'അവൻ ശരീരിയായി' എന്നു, നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞത്. അവൻ കാഴ്ചയിൽ മാത്രമല്ല മനുഷ്യനായിരുന്നത്. യഥാർത്ഥ മനുഷ്യസ്വഭാവത്തിൽ അവൻ ഒരു മനുഷ്യനായിരുന്നു. അവൻ ഒരു ശരീരം മാത്രമല്ല എടുത്തത്. അമർത്യവും ബൗദ്ധികവുമായ ഒരാത്മാവും ശരീരവുമുള്ള പരിപൂർണ മനുഷ്യനെയാണ് എടുത്തത് എന്നു നിങ്ങൾ മനസ്സിലാക്കണം. ഇപ്രകാരമുള്ള ഒരു മനുഷ്യനെയാണ് നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ എടുത്തത്. നമ്മുടെ ജീവനുവേണ്ടി അവൻ വഴിയാണ് അവിടുന്ന് രക്ഷയുണ്ടാക്കിയത്. കാരണം, പരിശുദ്ധാത്മശക്തിയാലാണ് അവൻ നീതീകരിക്കപ്പെടുകയും കുറ്റമില്ലാത്തവനായിത്തീരുകയും ചെയ്തത്. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'അവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു' (തിമൊ. 3: 16). വീണ്ടും 'നിത്യമായ ആത്മാവിനാൽ കളങ്കരഹിതമായി ദൈവത്തിനു അവൻ സ്വയം സമർപ്പിച്ചു. (എബ്രാ. 9–14). മാനുഷിക നിയമമനുസരിച്ച് അവൻ മരിച്ചെങ്കിൽ പാപരഹിതനാകയാൽ പരിശുദ്ധാത്മ ശക്തിയാൽ, അവൻ മരണത്തിൽനിന്നുത്ഥാനം ചെയ്തു.

www.malankaralibrary.com



പ്രസ്തുത ജീവിതത്തിൽ ആത്മാവിൻെറ ആഗ്രഹങ്ങൾ വ്യതിയാനരഹിതങ്ങളാണ്, അവിടെ അവൻ ശരീരത്തെ അമർത്ത്യവും അഴിവിനതീതവുമാക്കി. ഇങ്ങനെ തൻെറ വാഗ്ദാനങ്ങളിൽ അവിടുന്ന നമ്മെയെല്ലാം ഭാഗഭാക്കുകളാക്കി; ആത്മാവിൻെറ ആദ്യഫലങ്ങളെ വാഗ്ദാനങ്ങളുടെ അച്ചാരമായി അവൻ നമുക്കു നൽകി. ഭാവി സംഗതികളെ സംബന്ധിച്ച സംശയരഹിതമായ വിശ്വാസം നമുക്കുണ്ടാകുവാൻ വേണ്ടിയാണിത്. 'അവൻ ഞങ്ങളെ നിങ്ങളോടുകൂടി ക്രിസ്തുവിൽ സ്ഥിരീകരിക്കയും മുദ്രവയ്ക്കുകയും തൻെറ ആത്മാവിനെ അച്ചാരമായി നമ്മുടെ ഹൃദയങ്ങളിലേക്കു പകരുകയും ചെയ്തു' (2 കൊരി. 1: 21—22).

20. മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ നാമും അമർത്ത്യരും അക്ഷയരുമാകുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ പാപത്തിനു നമ്മിൽ പ്രവേശനമില്ല. ഭാഗ്യവാനായ പൗലോസ് ഇതിനു സാക്ഷ്യം വഹിച്ചുകൊണ്ടു പറയുന്നു: 'ക്ഷയം അക്ഷയത്വത്തെയും മർത്ത്യത അമർത്ത്യതയെയും ധരിക്കണം. ക്ഷയം അക്ഷയത്വത്തെയും മർത്ത്യത അമർത്ത്യതയെയും ധരിച്ചു കഴിയുമ്പോൾ എഴുതപ്പെട്ടിരിക്കുന്ന ഈ ചൊല്ലു യാഥാർത്ഥ്യമായിത്തീരും. വിജയം മരണത്തെ വിഴുങ്ങിയിരിക്കുന്നു. മരണമേ, നിൻെറ വിജയം എവിടെ? പാതാളമേ, നിൻെറ ദംശനം എവിടെ? മരണത്തിൻെറ ദംശനം പാപവും പാപത്തിൻെറ ശക്തി നിയമവുമാകുന്നു' (1 കൊരി. 15: 53—56). ശ്ളീഹാ അർത്ഥമാക്കുന്നത് ഇതാണ്: നാം മരിച്ചവരിൽനിന്ന് അമർത്ത്യരായും അക്ഷയരായും ഉത്ഥാനം ചെയ്ത്, നമ്മുടെ സ്വഭാവം മാററമില്ലായ്മ സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ പാപത്തിൽ വീഴാനുള്ള സാധ്യത ഇല്ലാതാകും. നാം പാപത്തിൽനിന്നു വിമുക്തരായി കഴിയുമ്പോൾ നമുക്കു നിയമത്തിൻെറ ആവശ്യമേയില്ല. പാപത്തിൽനിന്നു വിമുക്തമായതും തിന്മയിലേക്കു ചായ്‌വില്ലാത്തതുമായ സ്വഭാവത്തിന് നിയമത്തിൻെറ ആവശ്യമെന്താണ്?

21. 'നമ്മുടെ കർത്താവീശോമിശിഹാവഴി നമുക്കു വിജയം നൽകിയവൻ' (1 കൊരി. 15: 57) എന്ന് ഇവയ്ക്കു ശേഷം ഭാഗ്യവാനായ പൗലോസ് ഭംഗിയായി പറയുന്നു. എല്ലാ നന്മയുടെയും ഉറവിടം ദൈവമാണെന്ന് ഇതു കാണിക്കുന്നു. മരണം, പാപം, അവയിൽനിന്നുടലെടുക്കുന്ന മററു തിന്മകൾ ആദിയായ എല്ലാററിൻേറയുംമേൽ നമുക്കു വിജയം നൽകിയത് അവിടുന്നാണെന്നും ഇതു സ്പഷ്ടമാകുന്നു. അവിടുന്നു നമുക്കുവേണ്ടി നമ്മുടെ കർത്താവായ ഈശോ എന്ന മനുഷ്യനെ ധരിച്ചു. മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്താൽ അവിടുന്ന്

www.malankaralibrary.com



അവനെ പുതിയൊരു ജീവിതത്തിനവകാശിയാക്കി; അവനെ തൻെറ വലത്തുവശത്തിരുത്തി: തൻെറ കൃപയാൽ അവിടുന്ന് അവനുമായുള്ള സംസർഗം നമുക്കു നൽകി. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ 'നമ്മുടെ ദുർബല ശരീരം രൂപാന്തരപ്പെട്ട് തൻെറ മഹത്വത്തിനനുസൃതം രൂപീകരിക്കപ്പെടും' (ഫിലി. 3: 21).

നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തെ സംബന്ധിച്ച ഭാഗ്യവാന്മാരായ നമ്മുടെ പിതാക്കന്മാർ പറഞ്ഞ സംഗതികൾ നിരവധിയാകയാൽ ഇന്നത്തെ നമ്മുടെ പ്രബോധനം ഇവിടെ അവസാനിപ്പിക്കാം. നമുക്കു പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേക്കും സ്തുതിയർപ്പിക്കാം.

www.malankaralibrary.com

# 6

## ആറാം പ്രസംഗം

1. വിശുദ്ധ ലിഖിത പ്രബോധനമനുസരിച്ച് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ രൂപപ്പെടുത്തി നമുക്കു കൈമാറിയ വിശ്വാസപ്രമാണത്തിൽ നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തെ സംബന്ധിച്ച് പറഞ്ഞ സംഗതികളെക്കുറിച്ച് നിങ്ങളുടെ സ്നേഹത്തോടു ഞാൻ ഇതിനോടകം വിശദീകരിച്ചിട്ടുണ്ടല്ലോ. അവരുപയോഗിച്ച വാചകങ്ങളുടെയെല്ലാം അർത്ഥം പൂർണമായി നിങ്ങൾ ഗ്രഹിക്കുവാൻ നാം വളരെയധികം വാക്കുകളുപയോഗിച്ചു; സത്യം ഉറപ്പിക്കാനും പാഷണ്ഡികളുടെ അബദ്ധോപദേശങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നു കാട്ടാനും, സാധ്യമായിരുന്നെങ്കിൽ നാം കൂടുതൽ വിശദീകരിച്ചേനേ! എന്നാൽ മതസംബന്ധമായ സംഗതികളിൽ സമ്മനസ്സുള്ളവർക്കു നാം പറഞ്ഞതത്രയും മതി എന്നു നമുക്കു തോന്നി. കാരണം, സമ്മനസ്സില്ലാത്തവരോടു കൂടുതൽ പറഞ്ഞാലും ഫലമില്ലല്ലോ. സമ്മനസ്സുള്ളവർക്കു വിശുദ്ധഗ്രന്ഥസാക്ഷ്യത്തോടുകൂടി ചെറിയൊരു പ്രതിപാദനം മാത്രംമതി. ആയതിനാൽ ദൈവകൃപയുടെ സഹായത്തോടെ നാം മുൻപു ചർച്ചചെയ്തതിൻെറ തുടർച്ചയായി ഇന്നു ചിന്തിക്കാം.

'അവൻ മനുഷ്യരായ നമുക്കു വേണ്ടിയും നമ്മുടെ രക്ഷയ്ക്കു വേണ്ടിയും സ്വർഗത്തിൽ നിന്നിറങ്ങി, അവതരിച്ചു മനുഷ്യനായി' എന്നതിനോട് 'അവിടുന്നു കന്യകമറിയത്തിൽ നിന്നു ജനിച്ചു; പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ ക്രൂശിക്കപ്പെട്ടു' എന്നു നമ്മുടെ പിതാക്കന്മാർ കൂട്ടിച്ചേർത്തു. അവനെ പഴന്തുണികളിൽ ചുററി പുൽക്കൂട്ടിൽ കിടത്തി. അവൻ നിയമത്തിനു വിധേയനായിരുന്നു. അവൻ മാമോദീസാ സ്വീകരിച്ചു. സുവിശേഷാനുസൃത ജീവിതത്തിനു മാതൃക നൽകി (ലൂക്കാ: 2:7; ഗലാ. 4:4; മത്താ. 3:3 നട. 1:1) എന്നു തുടങ്ങി കർത്താവിൻെറ ജീവിതത്തിലെ മററനേകം സംഗതികളും അവർ പറഞ്ഞുകാണും.

www.malankaralibrary.com



2. വിശുദ്ധ ലിഖിതം അവിടുത്തെപ്പററി പറഞ്ഞിരിക്കുന്ന സംഗതികളും നമ്മുടെ രക്ഷയെ പ്രതി അവിടുന്നു ചെയ്തവയും അവർക്കിഷ്ടമായിരുന്നെങ്കിൽ പിതാക്കന്മാർ വിവരിക്കുമായിരുന്നു. കാരണം, അവിടുന്നു നമുക്കുവേണ്ടി പ്രകൃതിയുടെ നിയമം പൂർണമായി പൂർത്തിയാക്കി. നമ്മുടെ പ്രകൃതിയെ നവീകരിക്കുന്നവനാണല്ലോ അവിടുന്ന്. നിയമ ദാതാവിനോടു നമുക്കുള്ള കടം വീട്ടാൻ അവിടുന്നു മോശയുടെനിയമം അനുസരിച്ചു. നമ്മുടെ മാമോദീസായുടെ കൃപാവരത്തിനു മാതൃകയായി അവിടുന്നു സ്നാനം സ്വീകരിച്ചു. എല്ലാ മനുഷ്യർക്കുമുള്ള സുവിശേഷജീവിതം തന്നിൽതന്നെ അവിടുന്നു ഫലപ്രദമായി കാട്ടി. അവസാനശത്രുവായ മരണത്തെ നശിപ്പിച്ച് (1 കൊരി. 15: 26) നവീനവും അമർത്ത്യവുമായ ജീവൻ കാണിച്ചുതരുന്നതിന് അവിടുന്നു ക്രൂശാരോഹണത്തിനും മരണത്തിനും അണഞ്ഞു.

ശ്രോതാക്കാം വേഗത്തിൽ പഠിക്കുന്നതിനും നാം വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് അവയോരോന്നും പൂർണമായി ഗ്രഹിക്കുന്നതിനും വേണ്ടി നമ്മുടെ പിതാക്കന്മാർ ചുരുക്കമായി ഈ സംഗതികളെല്ലാം പറയാൻ ബദ്ധപ്പെട്ടു. ചുരുങ്ങിയ വാക്കുകളിൽ അവർ വിശ്വാസ പ്രമാണം എഴുതി ക്രോഡീകരിച്ചു. അതുകൊണ്ടാണവർ പറഞ്ഞതു് 'അവിടുന്നു കന്യകാമറിയത്തിൽ നിന്നു ജനിച്ചു; പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെട്ടു.' നമുക്കുവേണ്ടി സംഭവിച്ച രക്ഷാകര വ്യാപാരത്തിന്റെ ആരംഭവും അന്ത്യവും മാത്രം അവർ പ്രഖ്യാപിച്ചു. മറിയത്തിൽനിന്നുള്ള അവിടുത്തെ ജനനമാണല്ലോ എല്ലാ കൃപകളുടെയും ആരംഭം; ക്രൂശാരോഹണം അവസാനവും പീഡാസഹനത്തെയും അതോടു് ബന്ധപ്പെട്ടു നടന്ന എല്ലാ സംഗതികളെയും കൂട്ടി കുരിശ് എന്നു അവർ വിളിച്ചു. അവർ അവയെല്ലാം ഒററ വാക്കിൽ ഒതുക്കി. കാരണം, കുരിശിൽ മരണവും മരണത്താൽ അമർത്ത്യജീവനും ഉണ്ടായി. 'വിശ്വസിക്കാത്തവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്; രക്ഷിക്കപ്പെടുന്ന നമുക്കാകട്ടെ അതു് ദൈവത്തിന്റെ ശക്തിയാണ്'' (1 കൊരി.1:18) എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞിട്ടുണ്ടല്ലോ. 'അവിടുന്ന് ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു; എന്നാൽ ദൈവത്തിന്റെ ശക്തിയാൽ ജീവിക്കുന്നു' എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട് (2 കൊരി.13:4). ജീവനുള്ളവർക്കു കുരിശിന്റെ വചനം ദൈവത്തിന്റെ ശക്തിയാണെന്ന് അവൻ ഇവിടെ കാട്ടുന്നു. ഇതിനാലാണല്ലോ അവിടുന്ന് മരണത്തെ നശിപ്പിച്ചതും നവജീവന്റെ ദൃഷ്ടാന്തം നൽകിയതും.

www.malankaralibrary.com



3. അതുകൊണ്ടു് സത്യം അറിയാൻ ആഗ്രഹിക്കുന്നവർക്കു് അറിവു പകരാൻ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ഇടയ്ക്കു നടന്നവയെല്ലാം തങ്ങളുടെ വിശ്വാസപ്രമാണത്തിൽ ആരംഭത്തിലും അവസാനത്തിലും നടന്നവയിൽ ഉൾപ്പെടുത്തി. ഏകജാതൻെറ ദൈവസ്വഭാവം സ്ത്രീയിൽനിന്നു് ഉത്ഭവിച്ചു എന്ന അർത്ഥത്തിൽ 'അവളിൽനിന്നു് ജനിച്ചു' എന്നു് അവർ പഠിപ്പിക്കുന്നില്ല എന്നതു് വ്യക്തമാണല്ലോ. കാരണം, യുഗങ്ങൾക്കു മുൻപു് പിതാവിൽനിന്നു ജനിക്കുകയും നിത്യമായി പിതാവിൽനിന്നും പിതാവിനോടുകൂടിയും ആയിരിക്കുകയും ചെയ്യുന്നവനു മറിയത്തിൽനിന്നു തൻെറ ആരംഭം ഉണ്ടായി എന്നു് അവർ പറഞ്ഞില്ല.

സ്വഭാവങ്ങളെപ്പററി തരം തിരിച്ചു പറയുകയും എന്നാൽ അവ തമ്മിലുണ്ടായ ഗാഢൈക്യംമൂലം ഒരാളെപ്പററിയാണെന്നു പറയുകയും ചെയ്യുന്ന വിശുദ്ധ ലിഖിതങ്ങളുടെ ശൈലിയാണു് അവരും സ്വീകരിച്ചിരിക്കുക. അവരിങ്ങനെ ചെയ്തതു് എടുക്കുന്നവനും എടുക്കപ്പെട്ടതും തമ്മിലുള്ള പരിപൂർണ ഐക്യം അവർ വേർപെടുത്തുന്നു എന്നു കരുതാതിരിക്കാനാണു്. ഈ ഐക്യം നഷ്ടപ്പെട്ടാൽ എടുക്കപ്പെട്ടതു് നമ്മേപ്പോലെ വെറുമൊരു മനുഷ്യൻ മാത്രമായിട്ടേ കാണപ്പെടൂ. വിശുദ്ധ ലിഖിതങ്ങൾ ഇരുപദങ്ങളും ഒരേയൊരു പുത്രനെപ്പററിയാണു് പരാമർശിക്കുന്നതു്. അങ്ങനെ ഒരേ വിശ്വാസത്തിൽ ഏകജാതൻെറ മഹത്വവും അവിടുന്നെടുത്ത മനുഷ്യൻെറ ബഹുമാനവും അവർ കാണിക്കുന്നു.

4. 'അവരിൽനിന്നു ക്രിസ്തു വന്നു' എന്നു പറഞ്ഞശേഷം 'ശരീരപ്രകാരം' എന്നു ഭാഗ്യവാനായ പൗലോസ് കൂട്ടിച്ചേർത്തതു് (റോമ. 9:5) സ്വഭാവങ്ങളെ വേർതിരിക്കാനും ശരീരപ്രകാരം യൂദന്മാരിൽനിന്നുള്ള മിശിഹായെപ്പററിയാണു സംസാരിക്കുന്നതെന്നു കാണിക്കാനും, നിത്യമായി പിതൃമാർവിടത്തിലായിരിക്കുകയും (യോഹ. 1;18) ആരംഭംമുതൽ ദൈവത്തോടുകൂടി ആയിരിക്കുകയും ചെയ്യുന്ന വചനമായ ദൈവത്തെപ്പററിയോ, ഏകജാതൻെറ ദൈവത്വത്തിൻെറ സ്വഭാവത്തെപ്പററിയോ അല്ല, പിന്നെയോ താനെടുത്ത ദാസൻെറ രൂപത്തെപ്പററിയാണു പറയുന്നതെന്നു കാണിക്കാനുമാണു്. ഈ വാക്കോ, ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം യൂദന്മാരിൽ നിന്നെടുത്തതാണു് എന്ന കൂട്ടിച്ചേർക്കലോ കൊണ്ടു്, ക്രിസ്തുവിൻെറ മഹത്വം കുറച്ചുകാണിക്കാതിരിക്കാനും, അവിടുന്നു സ്വഭാവത്താലേ മനുഷ്യനായതിനാലും മനുഷ്യമക്കളിൽ നിന്നു ജനിച്ചതിനാലും, മനുഷ്യരേക്കാൾ വ്യത്യസ്തമായി അവിടുത്തേയ്ക്കൊന്നുമില്ലെന്നു കരുതപ്പെടാതിരിക്കാനും, വചനമായ ദൈവത്തിൽ

www.malankaralibrary.com



നിന്ന ക്രിസ്തുവിനുള്ള മഹത്വം കാണിക്കാനും 'അവിടുന്നു സർവോപരി ദൈവമാകുന്നു' എന്ന വാചകം അവൻ കൂട്ടിച്ചേർത്തു. അവിടുന്ന് അവനെ എടുത്തു് തന്നോടുകൂടി ചേർത്തു; അവിടുന്നാണല്ലോ എല്ലാററിന്റെയും കാരണവും എല്ലാററിന്മേലും കർത്താവും. പുത്രനായ ദൈവത്തോടുകൂടി ഈ മനുഷ്യനുള്ള ദൃഢമായ ഐക്യം നിമിത്തം സൃഷ്ടിമുഴവൻ അവനെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.

'അവനിൽ ദൈവം എല്ലാററിനും ഉപരിസ്ഥനാണ്' എന്നു പറയാമായിരുന്നിട്ടും ഇരുസ്വഭാവങ്ങളും തമ്മിലുള്ള പരിപൂർണമായ ഐക്യം നിമിത്തം 'അവിടുന്ന് എല്ലാററിനും ഉപരി ദൈവമാണ്' എന്നാണ് ഭാഗ്യവാനായ പൗലോസ് പറഞ്ഞതു്. 'ശരീരപ്രകാരം യൂദന്മാരിൽ നിന്നു ജനിച്ചവൻ' സ്വഭാവത്താലേ എല്ലാററിനുമുപരി ദൈവമാണെന്നു വിശ്വസിക്കുകയോ മനുഷ്യപ്രകൃതി സ്വഭാവത്താലേ എല്ലാററിന്റെയും കാരണവും കർത്താവും ആണെന്നു പഠിപ്പിക്കുകയോ ചെയ്തില്ല; മറിച്ച് അവിടുന്നെടുത്ത മനുഷ്യന്റെ സാദൃശ്യം ശരീരത്തിൽ മിശിഹാ ആണെന്നും ആ സാദൃശ്യത്തെ എടുത്തവൻ സർവോപരി ദൈവമാണെന്നും അവൻ പഠിപ്പിച്ചു. സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം കാണിക്കാനാണ് അവൻ ഈ രണ്ടു സംഗതികളും ഒന്നിച്ചു സൂചിപ്പിച്ചിരിക്കുന്നതു്. ശരീരപ്രകാരം യൂദന്മാരിൽ നിന്നുള്ളവൻ സ്വഭാവത്താലേ ദൈവമാണെന്നോ എല്ലാററിനുമുപരി ദൈവമായിരിക്കുന്നവൻ സ്വഭാവത്താലേ യൂദന്മാരിൽ നിന്നാണെന്നോ ആരും കരുതുകയില്ലല്ലോ. എടുത്തവനും എടുക്കപ്പെട്ടവനും തമ്മിലുള്ള സമ്പൂർണമായ ഐക്യവും സ്വഭാവങ്ങളുടെ വ്യത്യാസങ്ങളോടുകൂടി, തന്നെ എടുത്ത ദൈവത്തോടുകൂടിയുള്ള ഐക്യംനിമിത്തം എടുക്കപ്പെട്ടവനു കൈവന്ന ബഹുമാനവും മഹത്വവും പ്രസ്പഷ്ടമാക്കാനാണ് രണ്ടു സംഗതികളും ഒന്നിച്ചുപറഞ്ഞിരിക്കുന്നതു്.

5. ഏതാണ്ടിതുപോലെതന്നെ ഫിലിപ്പിയാക്കാർക്കെഴുതിയപ്പോഴും അവൻ പറയുകയുണ്ടായി: 'അവൻ ദൈവത്തിന്റെ രൂപത്തിലായിരിക്കെ, ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. അവൻ സ്വയം ശൂന്യനാക്കി ദാസന്റെ രൂപം എടുത്തു. മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു (ഫിലി. 2:6—7). ഇവിടെയും സ്വഭാവങ്ങൾ തമ്മിൽ വ്യക്തമായ വ്യത്യാസം അവൻ ചൂണ്ടിക്കാട്ടുന്നു: ദൈവത്തിന്റെ രൂപത്തിലായിരുന്നവനും ദാസന്റെ രൂപത്തിലായിരുന്നവനും തമ്മിൽ, എടുത്തവനും എടുക്കപ്പെട്ടവനും തമ്മിൽ.

www.malankaralibrary.com



എടുത്തവൻ എടുക്കപ്പെട്ടവനിൽ മനുഷ്യരുടെ ആകൃതിയിൽ ആയിത്തീർന്നു എന്നും അവൻ കാണിക്കുന്നു. എടുക്കപ്പെട്ടവൻ സത്യമായി മനുഷ്യരുടെ ആകൃതിയിലായിരുന്നു. അവനെ എടുത്തവനിൽ അവൻ കാണപ്പെട്ടു. എടുത്തവൻ മനുഷ്യനല്ലാതിരിക്കെ തന്റെ അശരീരവും അപദാർത്ഥവുമായ സ്വഭാവത്തിൽ ദാസന്റെ രൂപത്തിലായിത്തീർന്നു. ദാസന്റെ രൂപം സ്വഭാവത്താലേ ശാരീരികവും പദാർത്ഥികവുമാണ്. മനുഷ്യശരീരത്തിന്റെ നിയമമനുസരിച്ച് അവിടുന്നു മനുഷ്യനായി കാണപ്പെട്ടു. അവിടുന്നു ലോകത്തിലായിരുന്നപ്പോൾ ഇപ്രകാരം സ്വയം മറച്ചു. മാനുഷികമായി അവനെ ദർശിക്കയും അതിനപ്പുറമൊന്നും കാണാതിരിക്കുകയും ചെയ്തവർ വെറുമൊരു മനുഷ്യൻ മാത്രമായി അവനെ കരുതത്തക്കവിധം മർത്ത്യരുടെ ഇടയിൽ അവിടുന്നു പെരുമാറി.

ദൈവത്തിന്റെ രൂപത്തിലായിരുന്നവന്റെയും ദാസന്റെ രൂപത്തിലായിരുന്നവന്റെയും, എടുത്തവന്റെയും എടുക്കപ്പെട്ടവന്റെയും സ്വഭാവങ്ങൾ തമ്മിലുള്ള വ്യക്തമായ വ്യത്യാസം അവൻ ഇപ്രകാരം പ്രസ്പഷ്ടമാക്കി. നമ്മുടെ കർത്താവു വസിച്ച മനുഷ്യസ്വഭാവത്തെപ്പററിയും നമ്മെ പഠിപ്പിച്ചു. അവനെടുത്ത ദാസന്റെ സാദൃശ്യത്തെപ്പററി യഥോചിതം അവൻ ഇപ്രകാരം പറയുന്നു: 'അവൻ സ്വയം വിനീതനാക്കി, മരണത്തോളം, അതേ കുരിശുമരണത്തോളം അനുസരണയുള്ളവനായി; ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു. 'അത്', യേശുവിന്റെ നാമശ്രവണത്തിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകുത്തുന്നതിനും യേശുമിശിഹാ കർത്താവാണെന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന് എല്ലാ നാവുകളും ഏററുപറയുന്നതിനുംവേണ്ടിയാണ്' (ഫിലി. 2:8–11).

6. ദൈവസ്വഭാവമല്ല മരണം സ്വീകരിച്ചതു്. ദൈവവചനത്തിന് ഒരാലയമായി സ്വീകരിക്കപ്പെട്ട മനുഷ്യനാണ് അഴിവിനു വിധേയനായതും തന്നെ എടുത്തവനാൽ ഉയിർപ്പിക്കപ്പെട്ടതും എന്ന് വ്യക്തമാണല്ലോ. ക്രൂശാരോഹണത്തിനു ശേഷം ദൈവസ്വഭാവമല്ല ഉയിർപ്പിക്കപ്പെട്ടതു്. അവിടുത്തെ ആലയമാണ് മരിച്ചവരിൽ നിന്നുയിർത്തതും സ്വർഗത്തിലേക്കുപോയതും പിതാവിന്റെ വലത്തുഭാഗത്തിരുന്നതും (കൊളോ. 3:1). എല്ലാവരും ആരാധിക്കണമെന്നും എല്ലാവരും മുട്ടുകുത്തണമെന്നും പറഞ്ഞതും എല്ലാററിന്റെയും കാരണമായ ദൈവസ്വഭാവത്തെപ്പററിയല്ല; സ്വഭാവത്താലേ ആരാധനയ്ക്കവ

www.malankaralibrary.com



കാശമില്ലാതിരുന്ന ദാസന്റെ രൂപത്തിനാണ് ആരാധന അനുഭവിച്ചത്. ഈ സംഗതികളെല്ലാം വ്യക്തമായും സ്പഷ്ടമായും മനുഷ്യസ്വഭാവത്തെപ്പറ്റി പറഞ്ഞപ്പോഴും തന്റെ ശ്രോതാക്കൾക്ക സ്വീകാര്യമാകുവാനും അവന്റെ വാചകങ്ങൾക്ക ശക്തി ഉണ്ടാകുവാനുമായി അവൻ ദൈവസ്വഭാവത്തെപ്പറ്റിയും പടിപടിയായി പറഞ്ഞു. വാസ്തവത്തിൽ എല്ലാവരാലും ആരാധിക്കപ്പെടുകഎന്നതു മനുഷ്യസ്വഭാവത്തിനതീതമാകയാൽ ഒരാളെപ്പറ്റിത്തന്നെ ഇതെല്ലാം പറഞ്ഞിരിക്കുന്നതു് നീതിയുക്തമാണ്. സ്വഭാവങ്ങൾ തമ്മിലുള്ള സമ്പൂർണമായ ഐക്യം അങ്ങനെ ഉറപ്പിക്കാൻ സാധിക്കും. കാരണം, എടുക്കപ്പെട്ടവൻ, തന്നെ എടുക്കുകയും അതിൽ വസിക്കുകയും ചെയ്ത ദൈവസ്വഭാവത്തിൽനിന്നു മാത്രമാണ് ഈ വലിയ ബഹുമാനമെല്ലാം സ്വീകരിച്ചതു് എന്നു് അവൻ വ്യക്തമായി കാണിച്ചു.

7. ഇതുമായി ഒത്തുപോകുന്ന സംഗതികളാണ് നമ്മുടെ ഭാഗ്യവാന്മാരായപിതാക്കന്മാർ വിശ്വാസപ്രമണത്തിൽ എഴുതിയിരിക്കുന്നതു്. അവർ ആദ്യമായി ഏകജാതന്റെ ദൈവസ്വഭാവത്തെപ്പറ്റി പഠിപ്പിച്ചു. അതായതു്, അവിടുന്നു യുഗങ്ങൾക്കെല്ലാം മുൻപു് പിതാവിൽനിന്നാണ്; അവിടുന്നു് നിർമ്മിക്കപ്പെട്ടവനല്ല, പിന്നെയോ, പിതാവിന്റെ സ്വഭാവത്തിൽനിന്നു ജനിച്ചവനാണ്; അവിടുന്നു തന്റെ പിതാവിൽനിന്നു ജനിച്ചതിനാൽ സത്യദൈവവും, ദൈവവുമായി സമസത്തയുമാണ്. ഈ സംഗതികളെല്ലാം ഏകജാതന്റെ ദൈവസ്വഭാവത്തെപ്പറ്റി നമ്മെ പഠിപ്പിച്ചശേഷം അവന്റെ മനുഷ്യത്വത്തിന്റെ വ്യാപാരത്തെപ്പറ്റി പഠിപ്പിക്കാൻ അവർ മുതിർന്നു. അവർ പറഞ്ഞു: 'അവൻ മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗത്തിൽ നിന്നിറങ്ങി'. മനുഷ്യവർഗം മുഴുവനും രക്ഷ പ്രദാനംചെയ്വാൻ നമ്മെപ്പോലെ ശരീരമെടുത്തു മനുഷ്യനായി. ഇങ്ങനെ മനുഷ്യസ്വഭാവത്തിനു സംഭവിച്ച ഈ സംഗതികളെല്ലാം അവർ പഠിപ്പിച്ചു. നമ്മെപ്രതിതന്റെ വ്യാപാരം സാക്ഷാത്ക്കരിക്കാൻ ദൈവം ചെയ്ത സംഗതികൾ! നമ്മുടെ രക്ഷയ്ക്കുവേണ്ടി എടുക്കപ്പെട്ടവൻ മനുഷ്യരെ സംബന്ധിക്കുന്ന സകല സംഗതികളും തന്നിൽ വഹിച്ചു. അവൻ പരിപൂർണതയ്ക്കർഹനായിത്തീരുകയും അവനുമായുള്ള നമ്മുടെ സംസർഗം വഴി നമുക്കു് അനുഗ്രഹങ്ങളുടെ ഉറവിടമായിത്തീരുകയും ചെയ്തു.

വിശുദ്ധ ലിഖിതങ്ങളുടെ പ്രബോധനങ്ങളോടു് യോജിച്ച് അവരും മുകളിൽ പറഞ്ഞവയെല്ലാം ഒരാളെപ്പറ്റിത്തന്നെയാണു പറഞ്ഞതു്. അതുകൊണ്ടു മാനുഷിക പ്രവർത്തനങ്ങൾ തന്റെ സ്വഭാവത്താലേ ദൈവത്തെ ബാധിക്കുന്നു എന്നു

www.malankaralibrary.com



വരുന്നില്ല. സമ്പൂർണമായ ഐക്യം നിമിത്തം പ്രസ്തുത മാനുഷിക പ്രവർത്തനങ്ങളും അവർ അവനിൽ ആരോപിച്ചു. അവരിങ്ങനെ ചെയ്തതിനു ഉദ്ദേശ്യമുണ്ട്: പീഡാനുഭവത്തിനുശേഷം സംഭവിച്ചവയും മനുഷ്യസ്വഭാവത്തിനതീതമായി അവനു് സംഭവിച്ചവയുമായ മഹനീയ സംഗതികൾ വിശ്വാസ്യങ്ങളാകുക. ദൈവസ്വഭാവമാണു് മനുഷ്യനെ വരിച്ചതെന്നും അവനോടുള്ള ഐക്യത്താലാണു് അതിനു് എല്ലാ ബഹുമാനവും മഹത്വവും ലഭിച്ചതെന്നും അറിഞ്ഞ് എല്ലാവരും അതു് സ്വീകരിക്കുക.

8. നാം സൂചിപ്പിച്ചതുപോലെ മാനുഷിക നിയമമനുസരിച്ചു് അനേകസംഗതികൾ അവിടുത്തേക്കു സംഭവിച്ചു; പ്രസ്തുത സംഗതികൾ സുവിശേഷത്തിൽനിന്നു നാം ഗ്രഹിക്കുന്നു. അവിടുത്തെ ജനനത്തിനുശേഷം പഴന്തുണിയിൽ പൊതിഞ്ഞു പുൽക്കൂട്ടിൽ കിടത്തി. ആചാരമനുസരിച്ചു് അവിടുന്നു് പരിച്ഛേദനസ്സു വിധേയനായി. മോശയുടെ നിയമമനുസരിച്ചു് അവനെ ദേവാലയത്തിൽ കൊണ്ടുവന്നു കർത്താവിൻെറ മുൻപാകെ കാഴ്ചവച്ചു. തൻെറ വളർച്ചയ്ക്കനുസരിച്ചു വിജ്ഞാനത്തിലും കൃപയിലും വളർന്നു് എല്ലാം അനുഭവിച്ചു. അവിടുന്നു് തൻെറ മാതാപിതാക്കൾക്കു് വിധേയനായിരുന്നു. നിയമം അനുശാസിക്കുന്നതൊക്കെ അവിടുന്നു ശരിയായി നിർവഹിച്ചു. അവിടുന്നു സ്നാനമേററു. പ്രതീകാത്മകമായി അതിൽനിന്നു പുതിയ നിയമം നൽകി. പിശാചിൻെറ പരീക്ഷണത്തിനു വിധേയനായി. അവിടുത്തേക്കു യാത്രാക്ഷീണമുണ്ടായി. വളരെ തീക്ഷ്ണതയോടുകൂടി അവിടുന്നു പ്രാർത്ഥനകളർപ്പിച്ചു ചുരുക്കിപ്പറഞ്ഞാൽ കഠിനാധ്വാനത്തോടും വിയർപ്പോടുംകൂടി അവിടുന്നു് സുവിശേഷത്തിൻെറ എല്ലാ പ്രവൃത്തികളും ചെയ്തു. തൻെറ ശത്രുക്കളോടു് അഗാധമായ ക്ഷമ കാണിച്ചു. അവസാനം ക്രൂശാരോഹണത്തിലൂടെ മരണവും വരിച്ചു. മരിച്ചവരിൽനിന്നുള്ള തൻെറ ഉത്ഥാനംവഴി അവിടുന്നു് മരണത്തെ നീക്കിക്കളഞ്ഞു.

9. നമ്മുടെ പിതാക്കന്മാർ ഇതെല്ലാം വിട്ടുകളഞ്ഞിട്ടു് പറഞ്ഞു: 'അവിടുന്നു് മറിയത്തിൽനിന്നു ജനിച്ചു; പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ ക്രൂശിക്കപ്പെട്ടു.' കാരണം നമുക്കുവേണ്ടിയുള്ള തൻെറ വ്യാപാരത്തിൻെറ ആരംഭവും അന്ത്യവും വ്യത്യസ്തമാണല്ലോ. രണ്ടിൻെറയും ഇടയ്ക്കു് അനുക്രമം വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിച്ച സംഗതികളെല്ലാം അവർ ഇവയിൽ ഉൾപ്പെടുത്തി. അവിടുന്നു് കന്യകാമറിയത്തിൽനിന്നു മനുഷ്യനായി പിറന്നു. മനുഷ്യപ്രകൃതിയുടെക്രമമനുസരിച്ചുസ്ത്രീയിൽനിന്നുരുവായി. ശ്ലീഹാ പറയുന്നു: 'ദൈവം

www.malankaralibrary.com



തൻെറ സുതനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി. നാം ദത്തുപുത്രരാകേണ്ടതിന് നിയമത്തിന് അധീനരായവരെ രക്ഷിക്കാൻ അവൻ നിയമത്തിനു് അധീനനായി (ഗലാ. 4:4–5). സ്ത്രീയിൽനിന്നു ജാതനായി എന്നു പറയുന്നതു വഴി അവൻ മനുഷ്യരീതിയനുസരിച്ച് ഒരു സ്ത്രീയിൽനിന്നു് ഈ ലോകത്തിൽ പ്രവേശിച്ചു എന്നാണ് അദ്ദേഹം വ്യക്തമാക്കുക. 'നാം ദത്തുപുത്രരാകേണ്ടതിനു നിയമത്തിനധീനരായവരെ രക്ഷിക്കാൻ അവൻ നിയമത്തിനധീനനായി' ത്തീർന്നതു് നിയമദാതാവിനോടുള്ള കടം വീട്ടി നമുക്കു് ജീവൻ പ്രദാനം ചെയ്യാൻ വേണ്ടിയാണു്.

10. അവിടുന്നു് സ്വഭാവത്താലേ നമ്മിലൊരുവനെപ്പോലെ ആയിത്തീർന്നതിനാൽ തൻെറ മാനുഷിക സഹോദരങ്ങളുടെ കടം വീട്ടുക നീതിപൂർവകമാണു്. നമ്മുടേതുതന്നെയായ തൻെറ മനുഷ്യസ്വഭാവം നിമിത്തം അവിടുന്നു് ഇതു ചെയ്യാൻ ബാദ്ധ്യസ്ഥനാണു്. അവിടുന്നു് അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. തൻെറ കൃപയാൽ അവിടുന്നു നമുക്കു നൽകിയ സ്വാതന്ത്ര്യം നിമിത്തം നാം അടിമത്തത്തിൻെറ നുകത്തിൽനിന്നു വിമുക്തരായി. അവനെ പുരുഷബീജമല്ല ഉരുവാക്കിയതു്. തൻെറ മാതാവിൻെറ ഉദരത്തിൽ പരിശുദ്ധാത്മശക്തിയാൽ അവൻ ഉരുവായി. ഇതു് മനുഷ്യ വ്യക്തികളുടെ സ്വഭാവത്തിനതീതമാണു്. എന്നാൽ അവിടുന്നു് സ്ത്രീയുടെ പ്രകൃതിയിൽനിന്നു് രൂപീകൃതനായെന്നും പ്രകൃതിനിയമമനുസരിച്ച് ജനിച്ചെന്നും കാണിക്കുവാനാണു്. 'അവിടുന്നു് സ്ത്രീയിൽ നിന്നുരുവായി' എന്നു് ശ്ലീഹാപറഞ്ഞതു്. ഒന്നു് നവീനരീതിയിലും മറേറതു പ്രകൃതി നിയമമനുസരിച്ചുമാണു് നടന്നതു്. എന്നാൽ ആദ്യത്തേതു പ്രകൃതിവിരുദ്ധമല്ല. കാരണം ഹവ്വാ ആദാമിൽ നിന്നുരുവായി. അവളുടെ ഉത്ഭവം മററെല്ലാ മനുഷ്യരുടേതിൽനിന്നും വ്യത്യസ്തമാണു് ലൈംഗിക സംസർഗം കൂടാതെ വെറുമൊരു വാരിയെല്ലിൽ നിന്നുമാണല്ലോ അവൾക്കസ്തിത്വമുണ്ടായതു്. അവൾ തൻെറ അസ്തിത്വത്തിൻെറ ആരംഭം ആദാമിൽനിന്നു സ്വീകരിച്ചതിനാൽ അവൻെറ തന്നെ പ്രകൃതിയും അവൾക്കും ലഭിച്ചു.

നമ്മുടെ കർത്താവായ മിശിഹായെപ്പററിയും നാം ഇപ്രകാരം മനസ്സിലാക്കണം. ലൈംഗിക സംയോഗംകൂടാതെ പരിശുദ്ധാത്മശക്തിയാൽ സ്ത്രീയിൽ നിന്നുരുവാകുക എന്നതു് ഒരു പുതുമതന്നെയാണു്. അവിടുന്നു് മറിയത്തിൻെറ പ്രകൃതിയിൽനിന്നാണു് എന്നതിനാൽ അവിടുന്നു് മനുഷ്യസ്വഭാവവുമായിബന്ധപ്പെട്ടിരിക്കുന്നു. ഇക്കാരണത്താലാണു് അവിടുന്നു് അബ്രഹാമിൻെറയും ദാവീദിൻെറയും ബീജത്തിൽ നിന്നുള്ളവനാണെന്നു് പറ

www.malankaralibrary.com



യുക. തന്റെ പ്രകൃതിയിൽ അവൻ അവരോട് ബന്ധപ്പെട്ടിരിക്കയാണല്ലോ. അതുകൊണ്ടാണ് ഭാഗ്യവാനായ പൗലോസ് പറഞ്ഞത് 'നാം പരാമർശിക്കുന്ന ഭാവിലോകത്തെ മാലാഖമാർക്കല്ല അവൻ വിധേയനാക്കിയത്.' 'മനുഷ്യനെ നീ ഓർക്കുവാൻ അവൻ ആരാണ്? മനുഷ്യപുത്രനെ അങ്ങ് ശ്രദ്ധിക്കുവാൻ അവൻ ആരാണ്? എന്നു വി. ഗ്രന്ഥം ആരെപ്പററി പറഞ്ഞിരിക്കുന്നുവോ അവനാണ് വിധേയനാക്കിയിരിക്കുന്നത്.' വീണ്ടും, 'അവൻ മാലാഖമാരിൽ നിന്നല്ല അബ്രഹാമിന്റെ സന്തതിയിൽ നിന്നാണ് സ്വഭാവം സ്വീകരിച്ചത്'' (എബ്രാ. 2:5–6. 16). നമ്മുടെ കർത്താവ് മാലാഖമാരിൽനിന്ന് ശരീരമെടുത്തില്ല. നാം പ്രതീക്ഷിക്കുന്ന ഭാവി സൃഷ്ടിയുടെ ശിരസ്സും നവോത്ഥാരകനുമായി മാലാഖമാരെയല്ല അവൻ നിയമിച്ചത്. അബ്രഹാമിന്റെ സന്തതിയിൽനിന്ന് അവൻ എടുത്ത മനുഷ്യനെയത്രേ. അവനിലൂടെ അവാച്യമായ എല്ലാ വ്യാപാരങ്ങളും അവൻ പൂർത്തിയാക്കി. അവനെ അവിടുന്ന മരിച്ചവരിൽനിന്നുയർപ്പിച്ചു; അമർത്ത്യവും വ്യതിയാന രഹിതവുമായ ജീവിതത്തിലേക്ക് അവനെ മാററി. സർവസൃഷ്ടികളുടെയും മകുടവും നവീകരണവുമായി അവനെ ആക്കിത്തീർത്തു. അങ്ങനെ അവൻ നീതിപൂർവം പുതിയ സൃഷ്ടിയുടെ ഭരണകർത്താവായിത്തീർന്നു എന്നാണ് അവൻ അർത്ഥമാക്കുന്നത്.

മനുഷ്യനെന്നനിലയിൽ പ്രകൃതിനിയമമനുസരിച്ച് അവിടുന്നൊരു സ്ത്രീയിൽനിന്നു ജനിച്ചു. എന്നാൽ ഇതു പുതിയൊരു രീതിയിലാണ് സംഭവിച്ചത്. അതായത് മറെറാരു മനുഷ്യനും സംഭവിക്കാത്ത വിധം അവിടുന്നുമാത്രം ലൈംഗിക സംസർഗം കൂടാതെ പരിശുദ്ധാത്മാവിനാൽ ഉദരത്തിൽ രൂപീകൃതനായി. എന്നാൽ അവിടുന്നു നമുക്കുവേണ്ടി ചെയ്തതെല്ലാം നമ്മുടെ പ്രകൃതിയുടെ നിയമമനുസരിച്ചാണ്. അവിടുന്നു പടിപടിയായി വളർന്നു പൂർണവളർച്ചയിലെത്തി. നിയമത്തിന്റെ അനുഷ്ഠാനങ്ങളെല്ലാം കൃത്യമായി നിർവഹിച്ചു. നിയമത്തിനുള്ള നമ്മുടെ കടം വീട്ടുകയും നിയമദാതാവിൽനിന്നു ജയം നേടുകയും ചെയ്തു. കാരണം, അവിടുന്നു നിയമത്തിന്റെ എല്ലാ അനുഷ്ഠാനങ്ങളും നിർവഹിച്ചു. അങ്ങനെ ചെയ്തതിനാൽ നിയമം അനുസരിക്കുന്നവർക്കു വാഗ്ദാനം ചെയ്യപ്പെട്ട അനുഗ്രഹങ്ങൾ തന്റെ സ്വന്തം കൈനീട്ടി അവൻ മനുഷ്യകുലത്തിനു നൽകി.

11. സുവിശേഷത്തിന്റെ വ്യാപാരം വഴിയാംവിധം ചെയ്യുവാനായി അവിടുന്നു സ്നാനപ്പെട്ടു. ഇതിൽ അവിടുന്നു മരിക്കുകയും മരണത്തെ നീക്കുകയും ചെയ്തു. ഉത്ഥാനശേഷം

www.malankaralibrary.com



അവിടുന്ന് അർമത്യനും അജീർണനും വ്യതിയാനരഹിതനുമാ യതുപോലെ ആദ്യം മുതലേ അവനെ അങ്ങനെ ആക്കുവാൻ ദൈവത്തിനു് നിഷ്പ്രയാസം സാധിക്കുമായിരുന്നു. എന്നാൽ അവനെ മാത്രമല്ല, തൻെറ സ്വഭാവത്തിൽ ഭാഗഭാക്കുകളായ നമ്മെയും അമർത്ത്യരും വ്യതിയാനരഹിതരുമാക്കാൻ ദൈവം ആഗ്രഹിച്ചു. 'എല്ലാക്കാര്യങ്ങളിലും അവൻ പ്രഥമസ്ഥാനീയനായി' എന്നു് ഭാഗ്യവാനായ പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ (കൊളോ. 1:18) ഈ സംസർഗം നിമിത്തം, നമ്മിൽനിന്നുള്ള ആദ്യഫലത്തെ ഉടനെ അപ്രകാരമാക്കിയില്ല എന്നതും ശരിയായ നടപടിതന്നെ. ഈ രീതിയിൽ ഈ ലോകത്തിൽവച്ചു നമുക്കു് അവനോടുള്ള സംസർഗം നിമിത്തം നീതിപൂർവം, വരാനിരിക്കുന്ന നല്ല സംഗതികളിൽ നാം അവനോടുകൂടി ഭാഗഭാക്കുകളായിരിക്കും. അവൻ സ്ത്രീയിൽനിന്നു ജനിച്ചശേഷം മാനുഷിക രീതിയിൽ അനുപദം വളർന്നു പൂർണവളർച്ചയിലെത്തുകയും നിയമത്തിനധീനനാകുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്തതുപോലെ, സുവിശേഷ ജീവിതത്തിലും അവൻ മനുഷ്യനെന്ന നിലയിൽ മനുഷ്യനു് ഒരു ദൃഷ്ടാന്തമായിത്തീർന്നു.

പിറകേ ജനിച്ചവരായ നാം മുകളിൽ പറഞ്ഞ ഭാവിനന്മകൾ സംബന്ധിച്ചു വിശ്വാസം സ്വീകരിക്കുകയും നമ്മുടെ രക്ഷകനും ശിരസ്സും നമുക്കു് എല്ലാററിൻെറയും കാരണവും നമ്മുടെ കർത്താവായ മിശിഹായാണെന്നു വിശ്വസിക്കുകയും ചെയ്യുക ആവശ്യമാണു്. അതിനാൽ ഭാവിപ്രത്യാശയനുസരിച്ചു് ഈ ലോകത്തിൽവച്ചു് കഴിവുള്ളിടത്തോളം അവനും നമ്മുടെ ജീവിതരീതി അനുവർത്തിക്കുക അവശ്യാവശ്യമായിരുന്നു. ഇക്കാര്യത്തിലും അവിടുന്നു നമ്മുടെ മാതൃകയായിത്തീർന്നതു് ശരിയായിട്ടുള്ളതു തന്നെ. നമ്മുടെ മാമോദീസായ്ക്കു പ്രതീകം നൽകുവാൻ അവനും സ്നാനമേററു. തൻെറ മാമോദീസാ വഴി നിയമത്തിൻെറ എല്ലാ ബാധ്യതകളിൽനിന്നും അവൻ സ്വതന്ത്രനായി. അവിടുന്നു സുവിശേഷത്തിൻെറ എല്ലാ വ്യാപാരവും പൂർത്തിയാക്കി. അവൻ തൻെറ ശിഷ്യരെ തെരഞ്ഞെടുത്തു. പുതിയനിയമത്തിൻെറയും പുതിയ തത്ത്വത്തിൻെറയും പ്രബോധനം അവൻ നടപ്പാക്കി. തൻെറ പ്രബോധനാനുസൃതം പഴയനിയമ പ്രബോധനത്തിൽനിന്നു വ്യത്യസ്തമായ പ്രവർത്തനരീതികൾ ഏർപ്പെടുത്തി. വിശ്വാസികളായ നമ്മുടെ പ്രവർത്തനരീതികൾ തൻെറ പുതിയ പ്രബോധനമനുസരിച്ചായിരിക്കണമെന്നു് അവൻ പഠിപ്പിച്ചു.

12. മാമോദീസാ സ്വീകരിക്കുമ്പോൾ നാമും ഭാവിലോകത്തിൻെറ പ്രതീകം നമ്മിൽ കാണിക്കുന്നു. മാമോദീസായിൽ

www.malankaralibrary.com



അവനോടൊത്തു നാം മരിക്കുന്നു. പ്രതീകാത്മകമായി നാം അവനോടുകൂടി ഉയിർക്കുന്നു. മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ അവനോടുകൂടി പങ്കുപററാനുള്ള ഭാവിനന്മകളുടെ പ്രത്യാശയിൽ തൻെറ നിയമമനുസരിച്ച് ജീവിക്കാൻ നാം പരിശ്രമിക്കുന്നു. നമ്മുടെ കർത്താവായ മിശിഹാ മരിച്ചവരിൽനിന്നുള്ള ഉത്ഥാനം ചെയ്തുടനെതന്നെ മുമ്പേ മരിച്ചവരെയെല്ലാം ഉയിർപ്പിച്ച് അവർക്കു പെട്ടെന്നു പുതിയ ജീവൻ പൂർണമായി പ്രദാനം ചെയ്തെങ്കിൽ ഒന്നും ചെയ്യേണ്ട ആവശ്യം നമുക്കില്ലായിരുന്നു. എന്നാൽ വാസ്തവത്തിൽ അവൻ തന്നിൽ മാത്രമേ വരാനിരിക്കുന്ന നവീകരണം നടപ്പാക്കിയുള്ളു. അതുവഴി അവൻ മരിച്ചവരിൽനിന്നുയിർത്തു. അവൻെറ ശരീരം അമർത്യവും ആത്മാവു വ്യതിയാനരഹിതവും ആയിത്തീർന്നു. അതുകൊണ്ട് അവനിൽ മനുഷ്യകുലം വിശ്വസിക്കുന്നതിനും ഭാവിജീവിതവും അവനോടുകൂടിയുള്ള സംസർഗത്തിൻെറ പ്രത്യാശയും പ്രാപിക്കുന്നതിനും നശ്വരവും കടന്നുപോകുന്നതുമായ ഈ ലോകം മുന്നോട്ടു പോകേണ്ടതാവശ്യമാണ്.

അവിടുന്നു നിയമത്തിൻെറ കടം വീട്ടിയതും മാമോദീസാ സ്വീകരിച്ചതും വരുവാനിരിക്കുന്ന ലോകത്തിൻെറ പ്രതീകമായ സുവിശേഷത്തിൻെറ നവീനവ്യാപാരം കാണിച്ചതും ശരിയായിട്ടുള്ളതാണ്. അതുപോലെ ക്രിസ്തുവിൽ വിശ്വസിക്കുകയും ഭാവി ലോകത്തിൻെറ പ്രതീകമായ മാമോദീസായ്ക്ക് അർഹരായിത്തീരുകയും ചെയ്ത നാം തൻെറ കല്പനകളനുസരിച്ചു ജീവിക്കേണ്ടിയിരിക്കുന്നു.

13. അക്കാരണത്താലാണ് ഭാഗ്യവാനായ പൗലോസ് പറഞ്ഞത്, 'നിങ്ങൾ പാപത്തിൻെറ അടിമകളായിരുന്നു; എങ്കിലും നിങ്ങൾക്കു ലഭിച്ച പ്രബോധനം ഹൃദയപൂർവം അനുസരിച്ചതിനാൽ ദൈവത്തിനു കൃതജ്ഞത ഉണ്ടായിരിക്കട്ടെ' (റോമ. 6:17). ഭാവിലോകത്തിൻെറ പ്രതീകമായ പുതിയ വ്യാപാരത്തിൻെറ പ്രബോധനം മാമോദീസാവഴി നാം സ്വീകരിച്ചു എന്ന് ഇതിൽ അവൻ കാണിക്കുന്നു. കഴിവനുസരിച്ച് തദനുസരണം എല്ലാവിധ പാപങ്ങളിൽനിന്നുമകന്ന് ജീവിക്കാൻ നാം ശ്രമിക്കുന്നു. എന്നാൽ നിയമരീത്യായല്ലതാനും. വാസ്തവത്തിൽ പ്രതീകാത്മകമായി അവനോടുകൂടി മരിക്കുകയും ഉയിർക്കുകയും ചെയ്തുകൊണ്ടാണ് നാം സ്നാനമേല്ക്കുന്നത്. കാരണം 'ഈശോമിശിഹായിൽ സ്നാനമേററ നാം അവൻെറ മരണത്തിലാകുന്നു സ്നാനപ്പെട്ടത്. മാമോദീസായിൽ മരണത്തിലേയ്ക്ക് നാമും സംസ്ക്കരിക്കപ്പെടുന്നു; ഈശോമിശിഹാ പിതാവിൻെറ മഹത്വത്തിൽ മരിച്ചവരിൽനിന്നുയിർത്തു

www.malankaralibrary.com



പോലെ നാമുംപുതിയ ജീവനിൽ വ്യാപരിക്കാൻവേണ്ടിയാണു്" (റോമ. 6:3—4).

മാമോദീസായുടെ കൃപ സ്വീകരിച്ചുകഴിഞ്ഞു് നാം എല്ലാനിയമാനുഷ്ഠാനങ്ങൾക്കും അന്യരായിത്തീരുകയും മറെറാരു ജീവിതത്തിലെന്നപോലെ വ്യാപരിക്കുകയും ചെയ്യുന്നു. 'ഈശോമിശിഹായുടെ ശരീരം മുഖേന നിങ്ങൾ നിയമത്തിനു മരിച്ചിരിക്കുന്നു' (റോമ. 7:4). നിങ്ങൾ മാമോദീസാജലത്തിൽ നവജീവൻ പ്രാപിച്ചതിനാലും നമ്മുടെ കർത്താവായ മിശിഹായുടെ ശരീരത്തിൻെറ ഭാഗമായി തീർന്നതിനാലുമാണു പൗലോസ് ഇപ്രകാരം പറഞ്ഞതു്. ഈ ലോകത്തിനും നിയമത്തിനും മൃതരും ഈ ലോകത്തിലെ ജീവിതത്തിൽനിന്നു് സ്വതന്ത്രരും ആയിത്തീർന്നു് ഇവിടെ അവനുമായി സംസർഗം ലഭിക്കുമെന്നു് നാം പ്രത്യാശിക്കുന്നു. നിയമത്തിനു് ഈ ലോകത്തിലാണു് അധികാരം. മാമോദീസാവഴി ഈ ലോകസംബന്ധമായവയ്ക്കു നാം പരിപൂർണമായി അന്യരായി തീരുന്നു.

14. നമുക്കുവേണ്ടി നമ്മുടെ കർത്താവായ മിശിഹാ ഈ സംഗതികളെല്ലാം ചെയ്തുകഴിഞ്ഞപ്പോൾ അവിടുന്നു മരണത്തെ സമീപിച്ചു. ഒരു രഹസ്യമരണമല്ല, എല്ലാവരും സാക്ഷികളായ പരസ്യമായ കുരിശുമരണം അവിടുന്നു് സ്വീകരിച്ചു. കാരണം നമ്മുടെ കർത്താവിൻെറ ഉത്ഥാനം ഭാഗ്യവാന്മാരായ ശ്ളീഹന്മാർ പരസ്യമാക്കാനിരുന്നതത്രേ. പരിശുദ്ധാത്മാവിനാൽ വിസ്മയകരമായി നിർവഹിക്കപ്പെട്ട അത്ഭുതങ്ങൾ അവരുടെ സാക്ഷ്യത്തിനു് മതിയായ തെളിവായിരുന്നു. അവിടുത്തെ ഉത്ഥാനം മരണത്തെ നീക്കുന്നതുപോലെ അവിടുത്തെ മരണം എല്ലാവർക്കും ദൃശ്യമാകേണ്ടിയിരുന്നു. മരണത്തിൽനിന്നുള്ള ഉത്ഥാനംവഴി അവിടുന്നു പൂർണമായി മരണവേദന ഇല്ലാതാക്കി (നട. 2:24). അവൻ സ്വർഗാരോഹിതനായി ദൈവത്തിൻെറ വലത്തുഭാഗത്തു് ഇരുന്നു (കൊളോ. 3;1). തൻെറ ഉത്ഥാനത്തിൽ നമുക്കുള്ള ഭാഗഭാഗിത്വം വഴി അവൻ നമുക്കു് ഒരു സത്യജാമ്യക്കാരനായിത്തീർന്നു (ഹെബ്രാ. 7:22). 'തന്നോടു കൂടി നമ്മെ ഉയിർപ്പിക്കുകയും സ്വർഗത്തിൽ തൻെറ വലത്തുഭാഗത്തു നമ്മെ ഇരുത്തുകയും ചെയ്തവൻെറ കൃപയാലാണു് നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു്'(2 തിമോ. 1:9). നമ്മുടെ കർത്താവീശോമിശിഹാവഴി നമ്മുടെമേൽ ധാരാളമായി ചൊരിഞ്ഞ കരുണയുടെ മാധുര്യവും സമ്പത്തിൻെറ സമൃദ്ധിയും ഭാവിലോകത്തിൽ വ്യക്തമാക്കാനാണിതു് (എഫേ. 2:5—7).

അവിടുന്നു നമ്മോടു വാഗ്ദാനം ചെയ്ത സംഗതികൾ മഹത്വപൂർണവും നമ്മെ ഉല്ലംഘിക്കുന്നവയും ആണു്. എങ്കിലും

www.malankaralibrary.com



പരിശുദ്ധാത്മാവിന്റെ ആദ്യഫലങ്ങളായ ഭാവിനന്മകളുടെ അച്ചാരം അവൻ നമുക്കു നൽകിയിരിക്കുന്നു. ഇതു നാമവയിൽ വിശ്വസിക്കാനാണ്. ഭാഗ്യവാനായ പത്രോസ് പറഞ്ഞിരിക്കുന്നതുപോലെ 'ദൈവത്തിന്റെ വലത്തുകൈയാൽ അവൻ ഉയർത്തപ്പെട്ടു; അവൻ പ്രാപിച്ച പരിശുദ്ധാത്മാവിന്റെ വാഗ്ദാനം അവൻ ഉറപ്പിക്കയും നിങ്ങൾ ഇപ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്നതുപോലെ സമൃദ്ധമായി നമ്മുടെ മേൽ ചൊരിയുകയും ചെയ്തു' (നട. 2:33). പരിശുദ്ധാത്മാവിനാൽ ഭാവിയിൽ ലഭിക്കുന്ന നന്മകളുടെ ഉറപ്പിനുവേണ്ടി നൽകപ്പെട്ട കൃപയെ 'പരിശുദ്ധാത്മാവിന്റെ വാഗ്ദാനം' എന്ന് അവൻ വിളിക്കുന്നു. വാസ്തവത്തിൽ ഈ ഭാവിനന്മകൾ പരിശുദ്ധാത്മ ശക്തിയാൽ നമ്മിൽ ഉറപ്പിക്കപ്പെട്ടിരിക്കുകയാണ്. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ നശ്വര ശരീരം വിതയ്ക്കപ്പെടുന്നു; ആത്മീയ ശരീരം ഉയിർക്കുന്നു (1 കൊരി. 15:44). ഈ ഭാവി നൽവരങ്ങൾ സംശയമെന്യേ ഉറച്ച വിശ്വാസത്തോടുകൂടി നാം സ്വന്തമാക്കുവാൻ ഈ ലോകത്തിൽ വച്ചുതന്നെ അച്ചാരമായി പരിശുദ്ധാത്മാവിന്റെ ആദ്യഫലങ്ങൾ അവൻ നമുക്കു നൽകിയിരിക്കുന്നു. അതേപ്പററി ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'അവനിൽ വിശ്വസിച്ച നിങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ട ആ പരിശുദ്ധാത്മാവിനാൽ മുദ്രകുത്തപ്പെട്ടിരിക്കുന്നു; നമ്മുടെ അവകാശത്തിന്റെ അച്ചാരമത്രേ അതു'' (എഫേ. 1:13–14). നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയുടെ വ്യാപാരവും ഇത്തരത്തിൽപെട്ടതാണ്. ഇതിനായിട്ടാണു നാം സ്നാനം സ്വീകരിച്ചതു്.

15. 'അവിടുന്നു കന്യകമറിയത്തിൽനിന്നു ജനിച്ചു; പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെട്ടു' എന്നു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറയുന്നു. ഇതു വഴി വിശ്വാസത്തിന്റെ ആദ്യഫലങ്ങളെ പരാമർശിച്ചുകൊണ്ടും ആവശ്യമുള്ളവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടും നമ്മുടെ വിശ്വാസപ്രമാണം നമുക്കു നൽകി. അവർ ഈ ചെയ്തതു ശരിയായിട്ടുതന്നെയാണ്. എന്റെ വാക്കുകൾ അൽപ്പം നീണ്ടുപോയി എന്നു് തോന്നുന്നു. ഇത്രയും നീട്ടിയതു് അപൂർണമായ ഒരു പ്രബോധനം നിങ്ങൾക്കു ലഭിക്കാതിരിക്കാനാണ്. അമിതഭാഷണത്താൽ നിങ്ങളെ ബദ്ധപ്പെടുത്താതിരിക്കാൻ മിശിഹായുടെ രക്ഷാകര വ്യാപാരത്തെപ്പററി മുകളിൽ പറഞ്ഞ വാക്കുകളിൽ നിങ്ങളോടു ഞാൻ സംസാരിച്ചു. ദൈവത്തിന്റെ അനുവാദത്തോടുകൂടി ഇവിടെ നിർത്തട്ടെ. ഇന്നു് ഇത്രയും മതിയാവും. നമുക്കു പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേക്കും സ്തുതിയർപ്പിക്കാം. ആമ്മീൻ.

www.malankaralibrary.com

# 7

# ഏഴാം പ്രസംഗം

1. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ മനുഷ്യത്വത്തിന്റെ വ്യാപാരത്തിന്റെ കൃപയെക്കുറിച്ചും നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ വിശ്വാസപ്രമാണത്തിൽ അതേപ്പറ്റി നമുക്കു കൈമാറിത്തന്നതു് എന്താണെന്നും കാണാം. ഈ വിഷയം സംബന്ധിച്ച് നിങ്ങളുടെ സ്നേഹത്തോടു നാം സംസാരിക്കുന്നതു് ഇതു മൂന്നാം ദിവസമാണല്ലോ. നിങ്ങൾ കുറേശ്ശ കുറേശ്ശ ഇതു ഗ്രഹിക്കണമെന്നും എന്റെ വാക്കുകൾ ഹൃദിസ്ഥമാക്കണമെന്നും എനിക്കതിയായ താത്പര്യമുണ്ടു്. കഴിഞ്ഞ ദിവസം പറഞ്ഞതിന്റെ തുടർച്ചയായ സംഗതികളെക്കുറിച്ച് ഇന്നു നമുക്കു ചർച്ച ചെയ്തു തുടങ്ങാം.

നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ നമ്മുടെ കർത്താവിന്റെ വ്യാപാരത്തെപ്പറ്റി പ്രതിപാദിക്കുവാൻ തുടങ്ങിയതു തന്നെ ഈ വ്യാപാരമെല്ലാം പൂർത്തീകരിക്കപ്പെട്ടതു് ആർക്കുവേണ്ടിയാണെന്നു വ്യക്തമാക്കിക്കൊണ്ടാണു്. ഈ വ്യാപാരത്തിന്റെ ലക്ഷ്യം എന്താണെന്നു വ്യക്തമാക്കാൻ 'മനുഷ്യരായ നമുക്കുവേണ്ടിയും' എന്നും അതോടുകൂടി ചേർത്തു് 'നമ്മുടെ രക്ഷയ്ക്കുവേണ്ടിയും' എന്നു് അവർ പറയുകയുണ്ടായി. അതോടൊപ്പം നമ്മുടെ പക്കലേക്കിറങ്ങിവന്നതിലുള്ള അളവില്ലാത്ത വിനയത്തെപ്പറ്റി നമ്മെ മനസ്സിലാക്കാൻ 'സ്വർഗത്തിൽനിന്നിറങ്ങി' എന്നും അവർ കൂട്ടിച്ചേർത്തു. 'അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി' എന്നു ഭാഗ്യവാനായ പൗലോസ് പ്രസ്താവിച്ചതു് (2 കൊരി. 8:9) അവർ ആവർത്തിക്കുകയായിരുന്നു. തന്റെ മഹത്വത്തിൽനിന്നും തന്റെ ശ്രേഷ്ഠതയുടെ ഔന്നത്യത്തിൽനിന്നും നമ്മുടെ നികൃഷ്ടാവസ്ഥയിലേക്കു് അവിടുന്നു സ്വയം താഴ്ത്തി. അവൻ താണിറങ്ങിവന്ന വിധം കാണിക്കാൻ 'അവൻ മനുഷ്യനായി' എന്നു് അവർ പറഞ്ഞു. സാധാരണ നിലയിലുള്ള ഒരു പരിപാലനാ

www.malankaralibrary.com



കർമ്മത്താലല്ല അവൻ സ്വയം വിനീതനാക്കിയതു്; ദിവ്യശക്തിയുടെ സഹായം അകന്ന ദാനത്താലുമല്ല. മററനേക സംഗതികൾ ചെയ്തപ്പോഴുണ്ടായിരുന്നപോലെയല്ല. പിന്നെയോ, അവിടുന്നു നമ്മുടെ സ്വഭാവം എടുക്കുകയും ധരിക്കുകയുമാണു ചെയ്തതു്. കഷ്ടതകളിൽക്കൂടി അതിനെ പൂർണ്ണമാക്കാനും തന്നോടുകൂടി ചേർക്കാനുമായി അതിലവൻ വസിക്കുകയും അതിലായിരിക്കുകയും ചെയ്തു. മനുഷ്യകുലത്തിൽ അവർ ദർശിച്ച അവൻെറ കൃപാദാനം നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ഇവ്വിധം ചൂണ്ടിക്കാട്ടി: അവിടുന്നു നമ്മിൽനിന്നുള്ള ഒരു മനുഷ്യനെ എടുത്തു. അവനിലായിരിക്കുകയും അവനിൽ വസിക്കയും ചെയ്തു. മനുഷ്യപ്രകൃതിക്കനുസൃതമായി അവിടുന്നു് എല്ലാം സഹിക്കുകയും വഹിക്കുകയും ചെയ്തു എന്നു് അവർ പഠിപ്പിച്ചു. അവിടുന്നു കാഴ്ചയിൽ മാത്രം ഒരു മനുഷ്യനല്ല. മനുഷ്യപ്രകൃതിയനുസരിച്ചു് എല്ലാ മാനുഷിക പീഡകളും സഹിച്ച യഥാർത്ഥ മനുഷ്യനായിരുന്നു എന്നു നാം മനസ്സിലാക്കാനാണിതു്.

അവിടുന്നു തുടർന്നു ചെയ്തവ തങ്ങളുടെ പ്രഭാഷണം ദീർഘമേറിയതാകാതിരിപ്പാൻ അവർ വിട്ടുകളഞ്ഞു. സുവിശേഷവായനയിൽനിന്നു കൃത്യമായി നാമതു ഗ്രഹിക്കുന്നു. വളരെ കാച്ചിക്കുറുക്കിയ വാക്കുകളിൽ അവർ പറഞ്ഞു: 'അവൻ കന്യകമറിയത്തിൽനിന്നു പിറന്നു; പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ ക്രൂശിക്കപ്പെട്ടു.' ഈ രീതിയിൽ ആദ്യന്തങ്ങളിൽ എല്ലാ വ്യാപാരങ്ങളും അവർ ഉൾപ്പെടുത്തി. ക്രൂശുമരണത്തെപ്പററി പറയുന്നതിൽ എല്ലാ വ്യാപാരങ്ങളും ഉൾപ്പെടുത്തുക വിശുദ്ധ ലിഖിതങ്ങളുടെ പതിവാണെന്നു നിങ്ങളുടെ സ്നേഹത്തോടു നാം പറഞ്ഞതു നിങ്ങൾ അനുസ്മരിക്കുമല്ലോ. അവിടുന്നു കുരിശുവഴിയാണു മൃതനായതു്. അവിടുന്നു തൻെറ മരണത്താൽ മരണം നീക്കിക്കളയുകയും നവീനവും അമർത്ത്യവും വ്യതിയാനരഹിതവുമായ ജീവിതം വെളിപ്പെടുത്തുകയും ചെയ്തു.

ഈ വാക്കുകളിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ എല്ലാ വ്യാപാരങ്ങളും ഉൾപ്പെടുത്തി. എന്നാൽ പീഡാനുഭവം മാനുഷികബുദ്ധിക്കതീതമാകയാൽ അതേപ്പററി പറഞ്ഞിരിക്കുന്ന വാക്കുകളും അതിൽ സംഭവിച്ച സംഗതികളും പ്രത്യേകം പരിഗണിക്കണമെന്നും അവർക്കറിയാമായിരുന്നു. പീഡാനുഭവത്തിൻെറ ഔന്നത്യം നിമിത്തം അതിൻെറ യാഥാർത്ഥ്യത്തെപ്പററി ശ്രോതാക്കളുടെ മനസ്സിൽ അല്പം പോലും സംശയം ഉണ്ടാകാതിരിപ്പാനും, അതു സംഭവിച്ചതായി തോന്നലുണ്ടായതേയുള്ളു എന്നു് അവരാരും ചിന്തിക്കാതിരിക്കാനും അവിടുന്നു

www.malankaralibrary.com



യഥാർത്ഥത്തിൽ മരിച്ചു എന്നു മനസ്സിലാക്കുവാനും യേശുമിശിഹായുടെ ഉത്ഥാനത്തിൽ മാനുഷികമരണവും എല്ലാ പീഡാസഹനങ്ങളും നീക്കിക്കളഞ്ഞു എന്നു കാണിക്കാനും അവർ തങ്ങളുടെ വാക്കുകൾ ഊന്നിപ്പറയുകയുണ്ടായി. എല്ലാവർക്കും തന്റെ മരണവും മരണംവഴി മരണം നീക്കിയ ഉത്ഥാനവും വ്യക്തമാക്കിക്കൊടുക്കാൻ ക്രിസ്തു കുരിശുമരണം വരിച്ചെങ്കിൽ, നമ്മുടെ പിതാക്കന്മാർ ആദ്യംതന്നെ മരണത്തെപ്പററിയും പിന്നെ തന്റെ ഉത്ഥാനത്തെപ്പററിയും നമ്മെ പഠിപ്പിച്ചതു ന്യായമാണ്.

2. ഇക്കാരണത്താലാണ്, 'പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെട്ടു' എന്നതിനുശേഷം 'കബറടക്കപ്പെട്ടു' എന്ന് അവർ കൂട്ടിച്ചേർത്തത്. അവിടുന്നു മരിച്ചു എന്നു തോന്നിക്കുകയല്ല ചെയ്തത്. അയഥാർത്ഥമായി മരിക്കുകയല്ല ചെയ്തത്. മറിച്ചു യഥാർത്ഥത്തിൽ സ്വാഭാവികമരണം വരിച്ചു. മരണശേഷം മനുഷ്യപ്രകൃതിയുടെ നിയമമനുസരിച്ച് അവിടുത്തെ ശരീരം അടക്കപ്പെട്ടു. ഇക്കാര്യങ്ങളെല്ലാം പഠിപ്പിക്കാനാണിത്. ഭാഗ്യവാനായ പൗലോസിന്റെ പ്രബോധനമാണ് ഇതിൽ അവർ പിൻചെന്നത്. കോറിന്തോസുകാരോടു മരിച്ചവരുടെ ഉത്ഥാനത്തെപ്പററി പറയുമ്പോൾ നമ്മുടെ കർത്താവായ മിശിഹായുടെ ഉത്ഥാനത്തെപ്പററി സൂചിപ്പിക്കുന്നു. അദ്ദേഹം ക്രിസ്തുവിന്റെ ഉത്ഥാനം അടിസ്ഥാനമാക്കി പൊതുവായ ഉത്ഥാനത്തെക്കുറിച്ച് തറപ്പിച്ചു പറയുന്നു. ക്രിസ്തു യഥാർത്ഥത്തിൽ മരിച്ചു എന്നു പറഞ്ഞു ശ്ലീഹാ ആദ്യം ക്രിസ്തുവിന്റെ മരണത്തെപ്പററി പഠിപ്പിക്കുന്നു. കാരണം ആദ്യം യേശുവിന്റെ മരണം സ്ഥാപിച്ചുകഴിഞ്ഞാൽ, അവിടുത്തെ ഉത്ഥാനം സംബന്ധിച്ചുള്ള പ്രഭാഷണത്തിലെ വാക്കുകൾ പെട്ടെന്നു സ്വീകാര്യമാകുമല്ലോ. അവൻ പറഞ്ഞു: 'എനിക്കു ലഭിച്ചതു് എല്ലാററിനും മുൻപു ഞാൻ നിങ്ങൾക്ക് ഏൽപിച്ചുതന്നു. അതായതു്, എഴുതപ്പെട്ടിരിക്കുന്നപ്രകാരം മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും കബറടക്കപ്പെടുകയും ചെയ്തു' (1 കൊറി. 15:3–4). 'കബറടക്കപ്പെടുകയും ചെയ്തു' എന്നു വെറുതെ പ്രയോഗിച്ചതല്ല; പിന്നെയോ, മാനുഷികനിയമമനുസരിച്ചു സത്യമായി അവിടുന്നു മരിക്കുകയും മർത്ത്യസ്വഭാവമനുസരിച്ചു ശരിയാംവിധം മരണത്തിനു വിധേയനാകുകയും ചെയ്തു എന്നു കാണിക്കാനാണ്.

3. അതുപോലെ, 'പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ അവൻ ക്രൂശിക്കപ്പെട്ടു' എന്നു പറഞ്ഞതിനുശേഷം അവൻ മരിച്ചു എന്നു കാണിക്കാൻ 'കബറടക്കപ്പെട്ടു' എന്നും നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ കൂട്ടിച്ചേർത്തു.

www.malankaralibrary.com



ശ്ളൈഹിക പ്രബോധനമനുസരിച്ച് അവിടുന്നു സത്യമായും മരിച്ചു എന്നു കാണിക്കാനാണിതു്.

വീണ്ടും, അവിടുന്നു സത്യമായി മരിക്കുകയും കബറടക്കപ്പെടുകയും ചെയ്തു എന്നു പറഞ്ഞശേഷം 'എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാംദിവസം ഉത്ഥാനം ചെയ്തു' എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞിരിക്കുന്നു (5:4). ഇവ്വിധമാണു ക്രിസ്തുവിന്റെ മരണശേഷമുള്ള ഉത്ഥാനത്തെപ്പററി പഠിപ്പിക്കാനും തന്റെ ശ്രോതാക്കളിൽ അവിടുത്തെ മരണത്തെപ്പററിയുള്ള സത്യവിശ്വാസം ഉറപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചതു്. അതുപോലെ 'അവൻ കബറടക്കപ്പെട്ടു' എന്നു പറഞ്ഞശേഷം 'എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാംദിവസം ഉത്ഥാനംചെയ്തു' എന്നു നമ്മുടെഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ വാക്കുകളിൽത്തന്നെ അവർ നമുക്കു ഉത്ഥാനത്തിലുള്ള വിശ്വാസം പകർന്നു തന്നിരിക്കുന്നു.

4. ഉത്ഥാനത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രശ്നം അത്ര നിസ്സാരമല്ല. കാരണം അവിശ്വാസികൾക്കു ഇതു് മരണാപകടവും എല്ലാ നന്മകളിൽനിന്നുമുള്ള വീഴ്ചയുമാണർത്ഥമാക്കുക. എന്നാൽ വിശ്വാസികൾക്കു് അതേ ഉത്ഥാനം ആത്മധൈര്യം പ്രദാനം ചെയ്യുകയും മിശിഹായുടെ വ്യാപാരത്തിൽ സാധിച്ച എല്ലാ മഹനീയ കർമ്മങ്ങളും മുദ്രവയ്ക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഉത്ഥാനം ക്രിസ്തുവിന്റെ എല്ലാ വ്യാപാരങ്ങളുടെയും അന്ത്യവും അവിടുന്നു ചെയ്ത എല്ലാ നവീകരണങ്ങളുടെയും പ്രധാന ലക്ഷ്യവുമാണ്. അതായതു്, ഇതു വഴിയാണു് മരണം നീക്കംചെയ്യപ്പെട്ടതു്; അഴിവ് നശിപ്പിക്കപ്പെട്ടതു്; ദുർവികാരങ്ങൾ ഇല്ലാതാക്കപ്പെട്ടതു്; വ്യതിയാനം നീക്കപ്പെട്ടതു്; പാപത്തിന്റെ അമിതവികാരങ്ങൾ ഇല്ലാതായതു്; സാത്താന്റെ ശക്തി കീഴമർത്തപ്പെട്ടതു്; പിശാചിന്റെ പ്രേരണകൾ ഇല്ലാതായതു്; നിയമത്തിൽ നിന്നുളവാകുന്ന പീഡനം തുടച്ചു നീക്കപ്പെട്ടതു്. ഇപ്പോൾ അമർത്യവും വ്യതിയാനരഹിതവുമായ ഒരു ജീവൻ ഭരണം നടത്തുന്നു. മുകളിൽ പറഞ്ഞ എല്ലാ തിന്മകളും നീക്കി നശിപ്പിക്കപ്പെട്ടിരിക്കുന്നു. അവവഴിയത്രേ പിശാചുക്കൾ നമുക്കെതിരേ യുദ്ധം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ടതു്.

5. ഇക്കാരണത്താലാണു് ഭാഗ്യവാനായ പൗലോസ് പറഞ്ഞതു്. 'മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ മിശിഹായും ഉയിർത്തിട്ടില്ല; മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസം

www.malankaralibrary.com



ഗം വ്യർത്ഥമാകുന്നു. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15:14. 16–14). മരിച്ചവർക്കുയിർക്കാൻ സാധിക്കുന്നില്ലെങ്കിൽ മിശിഹാ ഉയിർത്തിട്ടില്ലെന്നു വ്യക്തം; കാരണം, തന്റെ ശരീരം മററ് മനുഷ്യരുടേതുപോലെ ആയിരുന്നു. പ്രകൃതിനിയമമനുസരിച്ച് അതു മരണവിധേയമായി. ക്രിസ്തു ഉയിർത്തു എന്നു നാം വിശ്വസിക്കുന്നതിൽനിന്ന് ഉത്ഥാനം സത്യമായൊരു സംഗതിയാണെന്നു വ്യക്തവും സുസ്പഷ്ടവുമാണല്ലോ. കാരണം, അവനെ സംബന്ധിച്ചുപോലും അസാധ്യമായ സംഗതി നടക്കുകയില്ലല്ലോ. മറിച്ച് ഇന്ന് അവന് ഇതു സംഭവിച്ചതിനാൽ ഇതു സാധ്യമാണെന്നു വ്യക്തവും സ്പഷ്ടവുമാണ്.

ഉത്ഥാനം ഒരസാധ്യസംഗതിയായി നാം നിഷേധിക്കേണ്ട കാര്യമില്ല; മറിച്ച് അത് വിശ്വസിച്ചാൽ മതി. കാരണം, ഇതൊരിക്കൽ സംഭവിച്ചതാണ്. നമ്മുടെ കർത്താവായ മിശിഹായിൽ അതിന്റെ ആരംഭവുമായി. പൊതുവായ ഉത്ഥാനം നിഷേധിക്കുന്നവൻ ക്രിസ്തുവിന്റെ ഉത്ഥാനവും നിഷേധിക്കുന്നു; കാരണം തന്റെ ശരീരത്തിൽ അവിടുന്നു മനുഷ്യസ്വഭാവത്തിന്റെഭാഗമാണ്; അത് നിഷേധിക്കുന്നവൻ 'ഞങ്ങളുടെപ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' എന്നു കാണിക്കുന്നു. മിശിഹായുടെ തിരുഅവതാര വ്യാപാരത്തിന്റെ പ്രധാനഫലം ഉത്ഥാനമാകയാൽ, ഉത്ഥാനം നിഷേധിക്കുന്നവൻ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാക്കുന്നു. ഉത്ഥാനം വഴി എല്ലാ ദുഷ്ടസംഗതികളും മാഞ്ഞുപോകുകയും എല്ലാ ശ്രേഷ്ഠവസ്തുക്കളിലേക്കുമുള്ള പ്രവേശനം ലഭിക്കുകയും ചെയ്യുന്നു. മരണം നീക്കംചെയ്യപ്പെട്ടില്ലെങ്കിൽ ദുഷ്ടസംഗതികളുടെ ആധിപത്യം ഇപ്പോഴും നിലനിൽക്കുന്നു; നാം ഇപ്പോഴും നല്ല സംഗതികളെ നോക്കിപ്പാർക്കുന്നില്ല. ഉത്ഥാനം സംഭവിച്ചില്ലെങ്കിൽ മരണം ഇപ്പോഴും ആധിപത്യം നടത്തുകയാണ് എന്നതു് വാസ്തവത്തിൽ വ്യക്തമാണല്ലോ. അങ്ങനെയെങ്കിൽ മരണത്തെ കീഴ്പ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ മരണത്താൽ തന്നെ പാപം അടിക്കടി വർധിക്കുകയേ ഉള്ളു; എല്ലാ ദുഷ്ടസംഗതികളും നമ്മെ വലയംചെയ്യുകയും ചെയ്യും. കാരണം പൗലോസ് പറഞ്ഞു: 'മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ മിശിഹായും ഉയിർത്തിട്ടില്ല; മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ, നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്; നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപത്തിൽ തന്നെയാണ്ജീവിക്കുന്നതു്(1 കൊരി. 15:16–17). ഉത്ഥാനംവഴി മരണവും മരണംവഴി പാപവും നീക്കിക്കളഞ്ഞു എന്ന് അവിടുന്നു കാണിക്കുന്നു. ഉത്ഥാനാനന്തരം നാം അമർത്യരും വ്യതിയാനരഹിതരും ആയിത്തീരും. ഉത്ഥാനം

www.malankaralibrary.com



സംഭവിക്കുന്നില്ലെങ്കിൽ വിശ്വാസം വ്യർത്ഥമാകും; മരണം പാപത്തോടുകൂടി ഭരണം നടത്തും, നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപത്തിലായിരിക്കും. ഉത്ഥാനം വഴി നിങ്ങൾക്കു ലഭിക്കുമെന്നു ഞങ്ങൾ പ്രഖ്യാപിച്ച നല്ല സംഗതികളുടെ പ്രതീക്ഷയ്ക്കൊട്ടും വകയുമില്ലാതാകും.

6. അതുകൊണ്ട്, ശ്ലീഹായുടെ വാക്കുകൾക്കനുസൃതം നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ മിശിഹായുടെ വ്യാപാരത്തിന്റെ പ്രധാനഫലം ആദ്യമായി സൂചിപ്പിച്ചുകൊണ്ട് 'അവൻ മരിച്ചവരിൽനിന്നുയിർത്തു' എന്നു പറകയും അതിനുശേഷം, 'സ്വർഗത്തിലേക്കു കരേറി' എന്ന വാചകം കൂട്ടിച്ചേർക്കുകയും ചെയ്തതു് ന്യായയുക്തമാണ്. അവൻമരിച്ചവരിൽനിന്നുയിർത്തു എന്നറിഞ്ഞശേഷം, ഉത്ഥാനാനന്തരം അവൻ എവിടേക്കുപോയി എന്നു നാം അറിയേണ്ടതു് ആവശ്യമായിരുന്നു. ദൈവം ആദാമിനെ മെനഞ്ഞു എന്നു പറഞ്ഞശേഷം, എങ്ങനെ എന്തിൽനിന്ന്, ഭൗമികജീവിതം നയിക്കാൻ ഏതു സ്ഥലത്തു് അവനെ ആക്കി എന്നു തുടങ്ങിയ സംഗതികളും വിശുദ്ധ ഗ്രന്ഥം നല്കുംപോലെയാണ് നമ്മിൽ നിന്നെടുക്കപ്പെട്ടവനും നമ്മുടെ പ്രകൃതിയനുസരിച്ചുള്ളവനുമായ നമ്മുടെ കർത്താവീശോമിശിഹാ. കാരണം, അവൻ മരിച്ചവരിൽനിന്നുയിർത്തു എന്നു പറഞ്ഞശേഷം 'അവൻ സ്വർഗത്തിലേക്കു കരേറി' എന്ന് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ശരിയായി കൂട്ടിച്ചേർത്തു. അവിടുന്ന് ഒരമർത്ത്യപ്രകൃതിയിലേക്കു മാററപ്പെട്ടു എന്നും സ്വർഗത്തിലേക്കു കരേറി എന്നും നാം മനസ്സിലാക്കാനാണിതു്. അവിടുന്ന് എല്ലാററിനും ഉപരിസ്ഥനായിരിക്കേണ്ടതു് ആവശ്യമായിരുന്നല്ലോ.

7. മരിച്ചവരിൽനിന്നുള്ള തന്റെ ഉത്ഥാനം എല്ലാ സുവിശേഷകരും വിവരിക്കുകയും ഉത്ഥാനം കൊണ്ട് സുവിശേഷങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്നു. കാരണം, അവിടുന്നു മരിച്ചവരിൽനിന്നുയിർത്തു്, അമർത്ത്യവും വ്യതിയാനരഹിതവുമായ ഒരു ജീവിതത്തിലേക്കു നീങ്ങി. ഭാവിയിലെ നന്മകളിൽ അവിടുത്തോടുകൂടിയുള്ള ഭാഗഭാഗിത്വത്തിന്റെ പ്രത്യാശ നമുക്കു നല്കി എന്നു മാത്രം നാം പഠിച്ചാൽ മതിയെന്ന് അവർക്കറിയാമായിരുന്നു. 'അവൻ സ്വർഗത്തിലേക്കു കരേറി' എന്നു സുവിശേഷകരിൽ ഒരുവനായ ഭാഗ്യവാനായ ലൂക്കോസ് എടുത്തു പറയുന്നു (24: 54). ഉത്ഥാനശേഷം അവൻ എവിടെയാണെന്നു നാം അറിയാൻവേണ്ടിയാണിതു്. ഇതേകാര്യം നടപടിപുസ്തക

www.malankaralibrary.com



സംഭവിക്കുന്നില്ലെങ്കിൽ വിശ്വാസം വ്യർത്ഥമാകും; മരണം പാപത്തോടുകൂടി ഭരണം നടത്തും, നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപത്തിലായിരിക്കും. ഉത്ഥാനം വഴി നിങ്ങൾക്കു ലഭിക്കുമെന്നു ഞങ്ങൾ പ്രഖ്യാപിച്ച നല്ല സംഗതികളുടെ പ്രതീക്ഷയ്ക്കൊട്ടും വകയുമില്ലാതാകും.

6. അതുകൊണ്ട്, ശ്ലീഹായുടെ വാക്കുകൾക്കനുസൃതം നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ മിശിഹായുടെ വ്യാപാരത്തിന്റെ പ്രധാനഫലം ആദ്യമായി സൂചിപ്പിച്ചുകൊണ്ട് 'അവൻ മരിച്ചവരിൽനിന്നുയിർത്തു' എന്നു പറകയും അതിനുശേഷം, 'സ്വർഗത്തിലേക്കു കരേറി' എന്ന വാചകം കൂട്ടിച്ചേർക്കുകയും ചെയ്തതു് ന്യായയുക്തമാണ്. അവൻമരിച്ചവരിൽ നിന്നുയിർത്തു എന്നറിഞ്ഞശേഷം, ഉത്ഥാനാനന്തരം അവൻ എവിടേക്കുപോയി എന്നു നാം അറിയേണ്ടതു് ആവശ്യമായിരുന്നു. ദൈവം ആദാമിനെ മെനഞ്ഞു എന്നു പറഞ്ഞശേഷം, എങ്ങനെ എന്തിൽനിന്നു്, ഭൗമികജീവിതം നയിക്കാൻ ഏതു സ്ഥലത്തു് അവനെ ആക്കി എന്നു തുടങ്ങിയ സംഗതികളും വിശുദ്ധ ഗ്രന്ഥം നല്കുംപോലെയാണ് നമ്മിൽ നിന്നെടുക്കപ്പെട്ടവനും നമ്മുടെ പ്രകൃതിയനുസരിച്ചുള്ളവനുമായ നമ്മുടെ കർത്താവീശോമിശിഹാ. കാരണം, അവൻ മരിച്ചവരിൽനിന്നുയിർത്തു എന്നു പറഞ്ഞശേഷം 'അവൻ സ്വർഗത്തിലേക്കു കരേറി' എന്നു് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ശരിയായി കൂട്ടിച്ചേർത്തു. അവിടുന്നു് ഒരമർത്യപ്രകൃതിയിലേക്കു മാററപ്പെട്ടു എന്നും സ്വർഗത്തിലേക്കു കരേറി എന്നും നാം മനസ്സിലാക്കാനാണിതു്. അവിടുന്നു് എല്ലാററിനും ഉപരിസ്ഥനായിരിക്കേണ്ടതു് ആവശ്യമായിരുന്നല്ലോ.

7. മരിച്ചവരിൽനിന്നുള്ള തന്റെ ഉത്ഥാനം എല്ലാ സുവിശേഷകരും വിവരിക്കുകയും ഉത്ഥാനം കൊണ്ട് സുവിശേഷങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്നു. കാരണം, അവിടുന്നു മരിച്ചവരിൽനിന്നുയിർത്തു്, അമർത്യവും വ്യതിയാനരഹിതവുമായ ഒരു ജീവിതത്തിലേക്കു നീങ്ങി. ഭാവിയിലെ നന്മകളിൽ അവിടുത്തോടുകൂടിയുള്ള ഭാഗഭാഗിത്വത്തിന്റെ പ്രത്യാശ നമുക്കു നല്കി എന്നു മാത്രം നാം പഠിച്ചാൽ മതിയെന്നു് അവർക്കറിയാമായിരുന്നു. 'അവൻ സ്വർഗത്തിലേക്കു കരേറി' എന്നു സുവിശേഷകരിൽ ഒരുവനായ ഭാഗ്യവാനായ ലൂക്കോസ് എടുത്തു പറയുന്നു (24: 54). ഉത്ഥാനശേഷം അവൻ എവിടെയാണെന്നു നാം അറിയാൻവേണ്ടിയാണിതു്. ഇതേകാര്യം നടപടിപുസ്തക

www.malankaralibrary.com



ത്തിൻെറ ആരംഭത്തിലും ലൂക്കോസ് പഠിപ്പിച്ചു (1: 9–10). തുടർന്നുള്ള സംഗതികളും അനുക്രമം വിവരിക്കുന്നുണ്ടല്ലോ.

തൻെറ ഉത്ഥാനത്തിൽ മാത്രമല്ല സ്വർഗത്തിലേക്കുള്ള തൻെറ ആരോഹണത്തിലും ക്രിസ്തു നമ്മുടെ ആദ്യഫലമാണ് (1 കൊരി. 15: 22). രണ്ടിലും അവിടുന്നു തൻെറ കൃപയിൽ നമ്മെയും ഭാഗഭാക്കുകളാക്കി. അതുകൊണ്ട് രണ്ടിലും നാം പ്രബുദ്ധരാകേണ്ടതു് ആവശ്യമാണ്. കാരണം, മരണത്തിൽനിന്നുള്ള ഉത്ഥാനം മാത്രമല്ല, സ്വർഗത്തിലേക്കുള്ള ആരോഹണവും നാം പ്രതീക്ഷിക്കുന്നു. അവിടെ നാം നമ്മുടെ കർത്താവായ മിശിഹായോടുകൂടെ ആയിരിക്കും.

8. ഈ രീതിയിൽതന്നെ ഭാഗ്യവാനായ പൗലോസും പറകയുണ്ടായി, 'നമ്മുടെ കർത്താവുതന്നെ അധികാരശബ്ദത്തോടും പ്രധാന മാലാഖയുടെ സ്വരത്തോടും ദൈവത്തിൻെറ കാഹളധ്വനിയോടും കൂടി സ്വർഗത്തിൽ നിന്നിറങ്ങി വരും; അപ്പോൾ മിശിഹായിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴുന്നേല്ക്കും. അതിനുശേഷം, ജീവനോടെ അവശേഷിക്കുന്ന നാം ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാൻ, അവരോടുകൂടി മേഘങ്ങളിൽ സംവഹിക്കപ്പെടും; അങ്ങനെ നാം എപ്പോഴും നമ്മുടെ കർത്താവിനോടുകൂടെ ആയിരിക്കും' (1 തെസ്സ. 4:16–17). മറെറാരു ഭാഗത്തു് അവൻ പറയുന്നു: 'നമ്മുടെ സേവനം സ്വർഗത്തിലാണ്. അവിടെനിന്ന് നമ്മുടെ രക്ഷകനായ കർത്താവീശോമിശിഹായെ നാം നോക്കിപ്പാർക്കുന്നു; അവിടുന്നു നമ്മുടെ ബലഹീനശരീരത്തെ തൻെറ മഹത്വമുള്ള ശരീരം പോലെ രൂപാന്തരപ്പെടുത്തും' (ഫിലി. 3:20–21). നാം സ്വർഗ്ഗത്തിലേക്കു മാററപ്പെടുമെന്നാണതിൻെറയർത്ഥം. അവിടെനിന്നു നമ്മുടെ കർത്താവായ മിശിഹാ വരും. മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിൽ നമ്മെ രൂപാന്തരപ്പെടുത്തും. നമ്മെ തൻെറ ശരീരത്തിൻെറ രൂപത്തിലാക്കും. നാം എപ്പോഴും തന്നോടുകൂടിയായിരിക്കുവാൻ നമ്മെ സ്വർഗത്തിലേക്ക് എടുക്കുകയും ചെയ്യും. വീണ്ടും അവൻ പറയുന്നു: 'ഞങ്ങളുടെ ഈ ഭൗമിക ഭവനം നശിച്ചുപോകുമെങ്കിലും കരനിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽനിന്നുള്ളതുമായ ഭവനം സ്വർഗത്തിൽ ഞങ്ങൾക്കുണ്ടെന്നു ഞങ്ങൾ അറിയുന്നു (1 കൊരി. 5:1). ഉത്ഥാനത്തിൽ നാം അമർത്യരായി സ്വർഗത്തിൽ വസിക്കുമെന്നാണിതിൻെറ അർത്ഥം.

9. വീണ്ടും അവൻ പറയുന്നു: 'ശരീരത്തിൽ ആയിരിക്കുമ്പോൾ ഞങ്ങൾ നമ്മുടെ കർത്താവിൽ നിന്നകലെയാണ്; ഞങ്ങൾ കാഴ്ചയാലല്ല വിശ്വാസത്താലാണ് വ്യാപരിക്കുന്നതു്;

www.malankaralibrary.com



ഈ ശരീരത്തിൽ നിന്നകന്നു ക്രിസ്തുവിനോടുകൂടി ആയിരിക്കാൻ ഞങ്ങൾ താത്പര്യപ്പെടുന്നു. അങ്ങനെ ഞങ്ങൾ ആത്മധൈര്യം പുലർത്തുന്നു (2 കൊരി 5:4–8).

നാം ഈ മർത്ത്യ ശരീരത്തിൽ ആയിരിക്കുന്നിടത്തോളം കാലം നമ്മുടെ കർത്താവിൽനിന്നകന്നും വിദൂരത്തിലും എന്നവണ്ണം ആണ് കഴിയുക; കാരണം, വരാനിരിക്കുന്ന നല്ല സംഗതികൾ നാം ഇപ്പോഴും യഥാർത്ഥമായി അനുഭവിക്കുന്നില്ലല്ലോ; നാം അവ വിശ്വാസത്താൽ സ്വീകരിച്ചിട്ടേയുള്ളു. അവ അങ്ങനെയാണെങ്കിലും, സ്വന്തമാകുമെന്ന് നമുക്കു വലിയ ഉറപ്പുണ്ട്. നമ്മുടെ മർത്ത്യ ശരീരം ഉരിഞ്ഞു നമ്മിൽ നിന്നെടുത്തു കളഞ്ഞു, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിൽ അമർത്ത്യരും വ്യതിയാനരഹിതരുമായി തീരാനുള്ള സമയത്തെ നാം അതീവ താത്പര്യത്തോടെ നോക്കിപ്പാർത്തുകൊണ്ടിരിക്കയാണ്; വളരെക്കാലം കൊണ്ടും ഈ ലോകത്തിന്റെ ദൈർഘ്യത്തോളവും സന്നിഹിതരല്ലാതെയും കർത്താവിനോടൊത്തു കഴിയാൻ പ്രതീക്ഷിച്ചവരെപ്പോലെയും നാം എപ്പോഴും നമ്മുടെ കർത്താവിനോടു കൂടെയായിരിക്കും.

ഇക്കാരണത്താലാണ് അദ്ദേഹം പറഞ്ഞത്, 'മുകളിലുള്ള യറുശലേം സ്വതന്ത്രയാണ്; അവളാണ് നമ്മുടെയെല്ലാം അമ്മ (ഗലാ. 4:26). ഉത്ഥാനത്തിൽ നാം വീണ്ടും ജനിക്കുന്ന സ്വർഗീയ വാസസ്ഥലത്തെ 'മുകളിലുള്ള യറുശലേം' എന്ന് അദ്ദേഹം വിളിക്കുന്നു. അവിടെ നാം അമർത്ത്യരും വ്യതിയാനരഹിതരും ആകും. പരിപൂർണ സ്വാതന്ത്ര്യവും സന്തോഷവും അവിടെ നാം അനുഭവിക്കും. ഒന്നും നമ്മെ തടയില്ല 'ഒരു വേദനയും നമ്മെ പീഡിപ്പിക്കയില്ല' പിന്നെയോ നാം അനശ്വരമായ സന്തോഷത്തിലും അവസാനിക്കാത്ത ആനന്ദത്തിലും ആയിരിക്കും. ഈ സന്തോഷം അനുഭവിക്കാമെന്നു നാം പ്രത്യാശിക്കുന്നു. ഇതിൽ നമ്മുടെ കർത്താവായ മിശിഹായാണു നമ്മുടെ ആദ്യഫലം (1കൊരി. 15:23). വചനമായ ദൈവം അവനെ ധരിക്കുകയും ദൃഢമായ ഐക്യത്താൽ എല്ലാ ബഹുമാനത്തിനും അർഹനാക്കുകയും താനുമായുള്ള സംസർഗത്തിനുള്ള പ്രത്യാശ നമുക്കു നൽകുകയും ചെയ്തു.

അവൻ മരിച്ചവരിൽനിന്നുയർക്കുക മാത്രമല്ല, സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു എന്നുകൂടി വിശുദ്ധ ലിഖിതം നമ്മെ പഠിപ്പിക്കുന്നതു ന്യായമാണ്. 'അവൻ മൂന്നാം ദിവസം ഉത്ഥാനം ചെയ്തു' എന്നു പറഞ്ഞശേഷം 'സ്വർഗത്തിലേക്കു കരേറി' എന്നു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പഠിപ്പിച്ചതിൽ അടങ്ങിയിരിക്കുന്ന സംഗതികൾ നാമും പഠിപ്പിക്കാൻ വേണ്ടിയാണിത്.

www.malankaralibrary.com



10. അവൻ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നു എന്നും അവർ കൂട്ടിച്ചേർത്തു. എടുക്കപ്പെട്ട മനുഷ്യനു്, വചനമായ ദൈവം ധരിച്ച മനുഷ്യനു്, വചനമായ ദൈവവുമായുള്ള ഐക്യം നിമിത്തം കൈവന്ന വലിയ ബഹുമാനം ആദ്യമേതന്നെ കാണിക്കാനാണിതു്. രണ്ടാമതു്, നമുക്കവനുമായി യഥാർത്ഥ സംസർഗം ഉണ്ടെങ്കിൽ നമുക്കു ലഭിക്കാൻ പോകുന്ന നന്മയുടെ സ്വഭാവം ഗ്രഹിക്കാൻ നമുക്കു സാധിക്കാൻ വേണ്ടിയാണു്. 'അപരാധങ്ങളും പാപങ്ങളും മൂലം നിങ്ങൾ മൃതരായിരുന്നു. എന്നാൽ മിശിഹായോടുകൂടി അവൻ നിങ്ങളെ ജീവിപ്പിച്ചു' എന്നു പറഞ്ഞിട്ടു് (എഫേ. 2:1) 'നിങ്ങൾ രക്ഷിക്കപ്പെട്ടു. യേശുമിശിഹായോടുകൂടി അവൻ നമ്മെ ഉയിർപ്പിച്ചു സ്വർഗത്തിൽ അവനോടുകൂടി ഇരുത്തുകയും ചെയ്തു' എന്നു ഭാഗ്യവാനായ പൗലോസു് പറഞ്ഞിരിക്കുന്നു. (എഫേ. 2:1,5–6). അവനുമായുള്ള നമ്മുടെ സംസർഗത്തിൻെറ ശ്രേഷ്ഠത വ്യക്തമാക്കാനാണു് അവനിതു പറഞ്ഞിരിക്കുന്നതു്.

11. 'ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും' എന്നും അവർ ശരിയായി കൂട്ടിച്ചേർത്തു. ശ്ളീഹാപറയുന്നതുപോലെ, തൻെറ മഹത്വമുള്ള ശരീരത്തിനനുസൃതം നമ്മെ രൂപപ്പെടുത്തുവാൻ സ്വർഗത്തിൽനിന്നു് അവിടുന്നു വരുന്നതിനു സത്യമായും നോക്കിപ്പാർത്തുകൊണ്ടിരിക്കുന്ന നാം തൻെറ രണ്ടാംവരവിൽ അവനോടുകൂടി സംസർഗം ഉള്ളവരായിത്തീരും എന്നു നമ്മെ അനുസ്മരിപ്പിക്കാനാണിതു പറഞ്ഞിരിക്കുന്നതു്. അവൻെറ വരവിനെപ്പററി പറഞ്ഞശേഷം 'ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ' എന്നു അവർ ചേർത്തിരിക്കുന്നതു്, നല്ല സംഗതികളെപ്പററി സൂചിപ്പിക്കുന്നതോടൊപ്പം നമ്മിൽ ഭയം ഉളവാക്കുകയും ഈ വ്യാപാരത്തിൻെറ മഹത്വദാനത്തിനു നമ്മെ തയ്യാറാക്കുകയും ചെയ്യാൻ വേണ്ടിയാണു്. 'ജീവിക്കുന്നവരുടെയും മരിച്ചവരുടെയും' എന്നാണു് അവർ പറഞ്ഞതു്. മരിച്ചവർ വിധിക്കപ്പെടും എന്ന അർത്ഥത്തിലല്ല; ഒരനുഭവവുമില്ലാത്ത മരിച്ചവർക്കു് എന്തുതരം വിധിയാണു്? മറിച്ചു് ആദാമിൽനിന്നു ജനിച്ചവരെയും, അതായതു് മരണവിധേയരായ എല്ലാമനുഷ്യരെയും തൻെറ വരവിൽ എഴുന്നേൽപ്പിക്കുകയും അമർത്ത്യ പ്രകൃതിയിലേക്കു രൂപാന്തരപ്പെടുത്തുകയും ചെയ്യും എന്നാണർത്ഥമാക്കുക.

പൊതുവായ ഉത്ഥാനത്തിൻെറ അവസരം ജീവിച്ചിരിക്കുന്നവരെ അവൻ രൂപാന്തരപ്പെടുത്തുകയും മർത്ത്യാവസ്ഥയിൽ നിന്നു് അമർത്ത്യാവസ്ഥയിൽ ആക്കുകയും ചെയ്യുകയേ ഉള്ളു. ഇക്കാരണത്തലാണു് 'ജീവിക്കുന്നവരെയും മരിച്ചവരെയും' എന്നു്

www.malankaralibrary.com



അവർ പറഞ്ഞത്. ഉത്ഥാനാവസരം ജീവിച്ചിരിക്കുന്നവരെ 'ജീവിക്കുന്നവർ' എന്നും മരിച്ചു കടന്നുപോയവരെ 'മരിച്ചവർ' എന്നും അവർ വിളിച്ചു. മനുഷ്യരെല്ലാവരും വിധിക്കപ്പെടുമെന്നും ആർക്കും പരിശോധനയിൽ നിന്നൊഴിയാനാകില്ലെന്നും, അവർ വിധിക്കപ്പെടുമ്പോൾ ഓരോരുത്തരുടേയും പ്രവൃത്തികൾക്കനുസൃതമായ വിധി ലഭിക്കുമെന്നും ചിലർ പ്രതിഫലത്തിനർഹരാകുമെന്നും മററു ചിലർ ശിക്ഷിക്കപ്പെടുമെന്നും ആണ് അവർ അർത്ഥമാക്കിയത്.

12. കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിലും ഭാഗ്യവാനായ പൗലോസ് പറയുന്നു: 'നാമെല്ലാവരും നിദ്രപ്രാപിക്കുകയില്ല: അവസാന കാഹളം മുഴങ്ങുമ്പോൾ കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ, ഞൊടിയിടയിൽ നാമെല്ലാവരും രൂപാന്തരപ്പെടും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും' (1കൊറി 15:51–52). നാമെല്ലാവരും മരിക്കുകയില്ലെങ്കിലും നാമെല്ലാം രൂപാന്തരപ്പെടുമെന്നാണ് ഈ വാക്കുകളിൽ അദ്ദേഹം പറയുക. മരിച്ചവർ അമർത്യരും അഴിവില്ലാത്തവരും ആയി ഉയിർക്കും; ജീവിച്ചിരിക്കുന്നവർ അമർത്യ പ്രകൃതിയിലേക്കു രൂപാന്തരപ്പെടും. ഇമവെട്ടുന്നതിനിടയിൽ രണ്ടും സംഭവിക്കും. അപ്പോൾ ജീവിക്കുന്നവരെക്കുറിച്ചാണ് 'നാം രൂപാന്തരപ്പെടും' എന്ന് അവൻ പറഞ്ഞത്. കാരണം അതെഴുതിയപ്പോൾ അവൻ ജീവിച്ചിരിക്കുകയായിരുന്നല്ലോ. അപ്പോൾ, ജീവിക്കുന്നവർക്ക് അവൻ ചേതനത്വമാരോപിച്ചു എന്നു മാത്രം.

തെസ്സലോനിക്ക്യർക്കുള്ള ലേഖനത്തിലും ഏതാണ്ടിതുപോലെ അദ്ദേഹം എഴുതിയിട്ടുണ്ട്: 'അവശേഷിക്കുന്ന ജീവനോടിരിക്കുന്ന നാം നിദ്രപ്രാപിച്ചവർക്കു മുന്നിലായിരിക്കുകയില്ല; കാരണം നമ്മുടെ കർത്താവു തന്നെയും അധികാരശബ്ദത്തോടും പ്രധാന മാലാഖയുടെ സ്വരത്തോടും ദൈവത്തിൻെറ കാഹളധ്വനിയോടും കൂടിസ്വർഗത്തിൽനിന്നിറങ്ങിവരും. അപ്പോൾ മിശിഹായിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴുന്നേൽക്കും. അതിനുശേഷം, ജീവനോടെ അവശേഷിക്കുന്ന നാം ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാൻ അവരോടുകൂടി മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും നമ്മുടെ കർത്താവിനോടുകൂടെ ആയിരിക്കും' (1 തെസ്സ. 4:15–17). ഇവയെല്ലാം ഞൊടിയിടകൊണ്ടു സംഭവിക്കുന്നവയാണ്. മരിച്ചവർ നമ്മുടെ കർത്താവിനെ എതിരേൽക്കാൻ പോകുമ്പോൾ ജീവിച്ചിരിക്കുന്ന നാം അവരെ തടസ്സപ്പെടുത്തുകയില്ല എന്നാണ് അവൻ പറയുന്നത്. മരിച്ചവർ ഉയിർക്കുകയും ജീവിച്ചിരിക്കുന്നവർ രൂപാന്തരപ്പെടുകയും ചെയ്യും.

www.malankaralibrary.com



ഇരുകൂട്ടരും നമ്മുടെ കർത്താവിനെ എതിരേൽക്കാൻ ഒന്നിച്ചെടുക്കപ്പെടും എന്നും അവൻ കാണിക്കുന്നു.

13. നമുക്കു മുന്നറിയിപ്പുനൽകാനും നമ്മിൽ ഭയം ജനിപ്പിക്കാനും ഭാവിയിലെ കണക്കു തീർക്കാൻ നമ്മേ സജ്ജരാക്കാനുമാണു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ഈ സംഗതികൾ പറഞ്ഞിരിക്കുന്നത്. 'ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ' എന്ന വാചകം, നമ്മെപ്രതി എടുക്കപ്പെട്ട മനുഷ്യനെപ്പററിയാണ്. വചനമായ ദൈവത്തിന്റെ ആലയത്തിനുണ്ടായ ബഹുമാനം അതുവഴി അവർ നമ്മെ കാണിക്കുന്നു; അതായതു നമ്മുടെ രക്ഷയെ പ്രതി എടുക്കപ്പെട്ട മനുഷ്യൻ എന്നു സാരം. ഭാവി വിധിയെപ്പററി നമ്മുടെ ഉള്ളിൽ ഭയം ജനിപ്പിക്കാൻ ഈ വാക്കുകൾ വഴി അവർ ശ്രമിക്കുന്നു. നമുക്കു ക്രമരഹിതവും ദൂഷിച്ചതുമായ മനസ്സാണുള്ളതെങ്കിൽ ആ വിധി കഠിനതരമായിരിക്കും. നമുക്കുവേണ്ടി എടുക്കപ്പെട്ട ആ മനുഷ്യനെ ഇടിച്ചുതാഴ്ത്തി കാണിക്കുന്നതു നമുക്കു ചേർന്നതല്ല. അവൻ വലിയ ബഹുമാനം അർഹിക്കുന്നു. അവൻ ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കും. കാരണം, അവൻ എല്ലാ പാപത്തിൽനിന്നും വിമുക്തനായിരുന്നു. തനിക്കു ലഭിച്ച ബഹുമാനത്തിനനുസരിച്ചു മരണവിമുക്തനുമാകുന്നു. 'എന്റെ ജീവൻ സമർപ്പിക്കാനും തിരികെ എടുക്കുവാനും എനിക്കധികാരമുണ്ട്' (യോഹ. 10:18) എന്ന് അവിടുന്നു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിന്റെയർത്ഥം അവിടുന്നു കർത്താവാണെന്നും മരിക്കാനും മരിക്കാതിരിക്കാനും അവിടുത്തേക്കധികാരമുണ്ടെന്നും അത്രേ. എന്നാൽ അവിടുന്നു സ്വമേധയാ മരണം സ്വീകരിച്ചു. തനിക്കുണ്ടായിരുന്ന ആത്മവിശ്വാസം കൊണ്ട് അതിനെ ജയിക്കാൻ അവിടുത്തേക്കു കഴിഞ്ഞു. മനുഷ്യവർഗം മുഴുവനും മൃത്യുവിൽ നിന്നുള്ള വിടുതൽ അവിടുന്നു പ്രദാനം ചെയ്തു. അവൻ നമ്മിൽ നിന്നാണ്; നമ്മുടെ മനുഷ്യസ്വഭാവത്തിൽ നിന്നാണ്; തന്റെ ഔന്നത്യത്തിന്റെ ശ്രേഷ്ഠതയാൽ മരണത്തിൽനിന്നു വിമുക്തനാണ്; പരിശുദ്ധാത്മശക്തിയാൽ എപ്പോഴും പാപവിമുക്തനായിരുന്നു. എങ്കിലും അവൻ സഹനങ്ങളും പീഡയും സ്വയം വരിച്ചു. അതോ ക്രൂശാരോഹണം വഴിയുള്ള നിന്ദ്യമായ മരണം! ഭാവിസന്തോഷങ്ങളിൽ നമ്മെ സന്തോഷിപ്പിക്കാനാണ് അവൻ ഇപ്രകാരം ചെയ്തത്. നമുക്കുവേണ്ടി ഇതെല്ലാം സഹിച്ച മനുഷ്യനെ ഇടിച്ചു താഴ്ത്തി സംസാരിക്കുക നമുക്കു ചേർന്നതല്ല. മറിച്ച്, അവന്റെ സ്നേഹത്തിൽ ഉറച്ചുനിൽക്കയും അവന്റെ കല്പനകൾ അനുസരിക്കുകയും മററന്തിനേക്കാളും അവന്റെ സ്നേഹവും താല്പര്യവും

www.malankaralibrary.com



വിലമതിക്കയും ചെയ്യുകയാണു വേണ്ടതു്. അവൻ വഴി നമുക്കു കൈവരുന്ന സീമാതീതമായ നന്മകളെ പ്രതി നാം ഈ വികാരങ്ങൾ ഉള്ളവരായിരിക്കണം.

14. അവിടുത്തെ മനുഷ്യത്വം, പീഡാസഹനം, ഉത്ഥാനം എന്നിവയെപ്പററി സംസാരിക്കുമ്പോൾ അതേ ആൾ വിധിക്കാൻ ഇരിക്കും എന്നു് അവർ പറഞ്ഞതിൽനിന്നു് അവരുടെ പ്രസ്താവനയുടെ ശക്തി പരിശോധിക്കുക. വെറുമൊരു മനുഷ്യനായിരിക്കും സൃഷ്ടിയെ മുഴുവൻ വിധിക്കുക എന്നു് ഒരുവനും ചിന്തിക്കാതിരിക്കാനായി 'വീണ്ടും' എന്ന ഒരു വാക്കു കൂടി അവർ കൂട്ടിച്ചേർത്തു. അങ്ങനെ, ഒരുടയാളത്താൽ എന്നവണ്ണം വിധികർമ്മം ഏകജാതൻെറ ദൈവത്വത്തിനു് അവർ ആരോപിക്കുന്നു. ഏകജാതൻ അവനിലായിരുന്നല്ലോ. എല്ലാ ബഹുമാനവും ഏകജാതനിൽ നിന്നാണല്ലൊ അവൻ പ്രാപിച്ചതു്. ഇതു് അവർ ഉദ്ദേശിച്ചില്ലെങ്കിൽ 'അവൻ ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരും' എന്നു പറഞ്ഞാൽ മതിയായിരുന്നു. എന്നാൽ 'വീണ്ടും' എന്നതുവഴി അവർ അവൻെറ ദൈവത്വത്തെയാണു് സൂചിപ്പിക്കുക. നമ്മിൽ നിന്നെടുക്കപ്പെട്ട മനുഷ്യനാണു സത്യത്തിൽ പരസ്യമായി വരാനിരിക്കുന്നതു്. അവനാണു് സ്വർഗത്തിൽനിന്നു വരുന്നവൻ. ഒരിടത്തുനിന്നു മറെറാരിടത്തേക്കു മാറുന്നുവെന്നു് അവനെപ്പററിയത്രേ ശരിയായി പറയാൻ സാധിക്കുക. 'നിങ്ങളിൽ നിന്നു് സ്വർഗത്തിലേക്കെടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും' എന്നു് എഴുതപ്പെട്ടിട്ടുണ്ടല്ലോ (നട. 1:11). അവർ കാണുകയും അവരോടുകൂടി ആയിരിക്കുകയും ഇപ്പോൾ അവരിൽ നിന്നെടുക്കപ്പെടുകയും ചെയ്ത അതേ മനുഷ്യൻ വരികയും എല്ലാവരും അവനെ ദർശിക്കുകയും ചെയ്യും എന്നു് അവർക്കു വിശദീകരിക്കാനാണിതു്. ഈ മനുഷ്യനു് 'വീണ്ടും' എന്ന വാക്കു് ചേരുന്നതല്ല. വാസ്തവത്തിൽ ഈ മനുഷ്യനല്ല വന്നതു്. ദൈവത്വമാണു് സ്വർഗത്തിൽ നിന്നിറങ്ങിവന്നതു്. ഒരു സ്ഥലത്തു നിന്നു മറെറാരിടത്തേക്കു മാറി എന്നയർത്ഥത്തിലല്ല. മറിച്ചു്, നമ്മെപ്രതി എടുക്കപ്പെട്ട മനുഷ്യനിൽ. നമ്മെ പ്രതി അവിടുന്നു കാണിച്ച തൻെറ പരിപാലനയാലും കൃപയാലും അത്രേ. നമുക്കുവേണ്ടി എടുക്കപ്പെട്ട മനുഷ്യനെപ്പററി 'വീണ്ടും' എന്ന വാക്കു് അടുത്തലോകത്തിൽ പറയാവുന്നതാണു്. നമുക്കുവേണ്ടി എടുക്കപ്പെട്ട മനുഷ്യൻ ഇപ്പോൾ ആദ്യമായി സ്വർഗത്തിലേക്കു പോയി. അവൻ ആദ്യമായി സ്വർഗത്തിൽ നിന്നു വീണ്ടും വരും. എന്നാൽ നമ്മുടെ ഭാഗ്യവാന്മാ

www.malankaralibrary.com



രായ പിതാക്കന്മാർ ദൈവസ്വഭാവത്തെക്കുറിച്ചു സംസാരിച്ചതിനാൽ, അവന്റെ വരവ് അവർ രണ്ടാമത്തേതായി പരിഗണിക്കുന്നു. ഒന്നാമത്തു് ആ മനുഷ്യനിലൂടെ അവൻ വന്നതു്. രണ്ടാമത്തു് ദൈവവുമായി ആ മനുഷ്യനുള്ള അവാച്യമായ ഐക്യത്തിൽ എടുക്കപ്പെട്ട അതേ മനുഷ്യനിലൂടെ അവൻ വീണ്ടും വരുമ്പോഴാം.

15. 'മഹോന്നത ദൈവത്തിന്റെ മഹത്വമുള്ള പ്രത്യക്ഷീകരണത്തെ നാം നോക്കിപ്പാർക്കുന്നു' എന്നു പറഞ്ഞിട്ട് 'രക്ഷകനായ യേശുമിശിഹായുടേയും' എന്നു് ഭാഗ്യവാനായ പൗലോസ് കൂട്ടിച്ചേർക്കുന്നതു് ഇക്കാരണത്താലാണു് (തീത്തു. 2:13). എല്ലാററിനേക്കാളും ഉപരസ്ഥമായ ദൈവസ്വഭാവം പ്രത്യക്ഷപ്പെടുന്നതിനും എല്ലാ മനുഷ്യർക്കും കാണപ്പെടുന്നതിനുമായി നാം നോക്കിപ്പാർക്കുന്നു എന്നു് അദ്ദേഹം കാണിക്കുന്നു. കാരണം, ഈ ദൈവസ്വഭാവം സാധാരണ കണ്ണുകൾക്കു് അദൃശ്യമായതിനാൽ കാഴ്ചക്കാരുടെ ശക്തിക്കനുസരിച്ച് അതു് കാണപ്പെടും.

'നമ്മുടെ രക്ഷകനായ യേശുമിശിഹായുടേയും' എന്നു് കൂട്ടിച്ചേർത്തതുവഴി ദൈവസ്വഭാവം പ്രത്യക്ഷപ്പെടുന്ന വിധത്തെക്കുറിച്ചു നമ്മുടെ പ്രതീക്ഷ എന്താണെന്നു് അദ്ദേഹം കാണിക്കുന്നു. അദ്ദേഹം ഇവിടെ ശാരീരിക മനുഷ്യനെയാണു് ഉദ്ദേശിക്കുന്നതു്. ആ മനുഷ്യന്റെ വരവിലും ദർശനത്തിലുമാണു ദൈവസ്വഭാവത്തിന്റെ പ്രത്യക്ഷീകരണം ഉണ്ടാകുന്നതെന്നു് അദ്ദേഹം വ്യക്തമായി കാണിക്കുന്നു. ഈ മനുഷ്യൻ വഴിയാണു് അവിടുന്നു മുമ്പു നമ്മെ രക്ഷിച്ചതു്. ഈ അവാച്യനന്മകൾ പ്രദാനം ചെയ്യാൻ ഈ മനുഷ്യനിലത്രേ അവിടുന്നു പ്രത്യക്ഷപ്പെടാൻ പോകുന്നതു്.

ദൃശ്യമനുഷ്യനു വിധിക്കാനുള്ള മഹാഭാഗ്യം നൽകിയ ദൈവസ്വഭാവം വ്യക്തമാക്കാനാണു് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ, 'വീണ്ടും' എന്നു് ശരിയാംവിധം കൂട്ടിച്ചേർത്തതു്. യേശു എന്ന മനുഷ്യനിലൂടെ ഭൂമി മുഴുവൻ വിധിക്കപ്പെടും എന്ന ശ്ലൈഹിക വചനമനുസരിച്ചു് (2 തിമോ:4:1) ആ ദൈവസ്വഭാവമായിരിക്കും ലോകത്തെ മുഴുവൻ വിധിക്കുക. നമ്മെ പ്രതി എടുക്കപ്പെടുകയും നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പിനു് മരിച്ചവരിൽ നിന്നു മൂന്നാംനാൾ ഉയിർക്കയും ചെയ്ത ആ മനുഷ്യൻ വഴിയായിരിക്കും ദൈവം ധരയെ മുഴുവൻ വിധിചെയ്യുക എന്നു് ഭാഗ്യവാനായ പൗലോസ് ചൂണ്ടിക്കാട്ടുന്ന എന്നതു വ്യക്തമാണല്ലോ.

ഇന്നത്തേക്കിത്രയും മതി. നമുക്കു പിതാവിനും ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും സ്തുതിയർപ്പിക്കാം.

www.malankaralibrary.com

# 8

## എട്ടാം പ്രസംഗം

1. കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ പ്രബോധനമനുസരിച്ച് മിശിഹായെപ്പററിയുള്ള തത്വങ്ങൾ പടിപടിയായും മതിയാംവണ്ണവും നിങ്ങളുടെ സ്നേഹത്തോട് നാം സംസാരിച്ചു. വളരെ ശ്രദ്ധാപൂർവം നിങ്ങളോടു പറഞ്ഞ സംഗതികൾ അനുസ്മരിക്കുക ഉചിതമത്രേ. വിശുദ്ധ ലിഖിതഭാഷ്യമനുസരിച്ചു നമ്മുടെ കർത്താവായ മിശിഹായെ സംബന്ധിച്ച് അവർ രണ്ടുതരം പ്രബോധനം നമുക്കു പ്രദാനം ചെയ്തു. അതായത്, അവിടുന്നു ദൈവം മാത്രമോ മനുഷ്യൻ മാത്രമോ അല്ല, പിന്നെയോ, സത്യമായും സ്വഭാവത്താലേയും രണ്ടുമാകുന്നു. അതായത്, മനുഷ്യനും ദൈവവും, എടുത്ത വചനമായ ദൈവവും എടുക്കപ്പെട്ട മനുഷ്യനും. ദൈവത്തിൻെറ രൂപത്തിലായിരുന്നവനാണു സ്വയം ദാസൻെറ രൂപമെടുത്തതു് (ഫിലി. 1:6—7). ദാസൻെറ രൂപമല്ല സ്വയം ദൈവത്തിൻെറ രൂപമെടുത്തതു്. ദൈവത്തിൻെറ രൂപത്തിലായിരുന്നവൻ സ്വഭാവത്താലേ ദൈവമാണു്. അവൻ ദാസൻെറ രൂപമെടുത്തു. ദാസൻെറ രൂപത്തിലുള്ളവൻ സ്വഭാവത്താലേ മനുഷ്യനാണു്; നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ എടുക്കപ്പെട്ടു.

എടുത്തവനും എടുക്കപ്പെട്ടവനും ഒന്നല്ല; എടുക്കപ്പെട്ടവനും എടുത്തവനും ഒന്നല്ല; എടുത്തതു ദൈവമാണു്, എടുക്കപ്പെട്ടതു് മനുഷ്യനും. ദൈവത്തോടുകൂടി ദൈവമായിരിക്കുന്നതിനാലും ദൈവത്തോടുകൂടി ആയിരിക്കുന്നതിനാലും, എടുത്തവൻ, സ്വഭാവത്താലേ പിതാവായ ദൈവം സ്വഭാവത്തിലേ ആകുന്നതാണു്; എന്നാൽ എടുക്കപ്പെട്ടവൻ സ്വഭാവത്താലേ ദാവീദും അബ്രഹാമും ആകുന്നതത്രേ. സ്വഭാവത്താലേ അവൻ അവരുടെ പുത്രനും അവരുടെ ബീജത്തിൽ നിന്നുള്ളവനുമാകുന്നു. ഇക്കാരണത്താലാണു് അവിടുന്നു കർത്താവും ദാവീദിൻെറ പുത്രനു

www.malankaralibrary.com



മായിരിക്കുന്നത്. സ്വഭാവത്താലേ ദാവീദിന്റെ പുത്രൻ. തനിക്കു കൈവന്ന ബഹുമാനംകൊണ്ട് കർത്താവ്. അവനെ എടുത്ത സ്വഭാവംനിമിത്തം തന്റെ പിതാവായ ദാവീദിനേക്കാൾ അവൻ ഉന്നതനാണ്.

2. 'മിശിഹാ ആരുടെ പുത്രനാണ്?' എന്ന് നമ്മുടെ കർത്താവു ചോദിച്ചപ്പോൾ 'ദാവീദിന്റെ പുത്രൻ' എന്ന് പ്രീശർ പ്രത്യുത്തരിച്ചതിൽ കർത്താവ് അതൃപ്തി രേഖപ്പെടുത്താഞ്ഞതിന്റെ കാരണമിതാണ് (മത്താ 22:42). പ്രീശരുമായുള്ള ഈ സംവാദം രേഖപ്പെടുത്തിയ സുവിശേഷകനായ മത്തായിതന്നെ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ എഴുതുന്നു: 'അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുമിശിഹായുടെ സുവിശേഷത്തിന്റെ ആരംഭം' (മത്താ. 1:1). ഇത് നമ്മുടെ കർത്താവ് അംഗീകരിച്ചില്ലെന്നറിഞ്ഞിരുന്നെങ്കിൽ തന്റെ സുവിശേഷാരംഭത്തിൽമത്തായി ഇപ്രകാരം രേഖപ്പെടുത്തുകയില്ലായിരുന്നു. വാസ്തവത്തിൽ മിശിഹായുടെ കൽപനാനുസൃതം വിശ്വസ്തതയോടുകൂടി സുവിശേഷം എഴുതാൻ ബദ്ധപ്പെട്ട മത്തായി ക്രിസ്തുവിനു ദോഷം വരുന്ന ഒരു പ്രസ്താവന എഴുതിച്ചേർക്കാൻ ധൈര്യപ്പെടുകയില്ലായിരുന്നു.

3. മിശിഹാ ദാവീദിന്റെ പുത്രനാണ് എന്നതു നന്നായും ശരിയായും അല്ല പറഞ്ഞത് എന്ന രീതിയിൽ നമ്മുടെ കർത്താവ് നിരാകരിച്ചില്ലഎന്നത്‌വാസ്തവത്തിൽ വ്യക്തമാണ്. കാരണം, ദാവീദിന്റെ ബീജത്തിൽനിന്നുള്ള ഒരു സാധാരണ മനുഷ്യനായി മിശിഹാ വരും എന്നു പ്രീശരും യൂദരും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതിൽ പ്രവാചക വാക്കുകളുമായി അവർ ഒത്തുപോകുന്നു. എന്നാൽ ദാവീദിന്റെ വംശത്തിൽ നിന്നുള്ളവനെ എടുക്കുന്നവൻ ദൈവത്തിന്റെ ഏകജാതനാണെന്നും അവനിൽ അവിടുന്നു വസിക്കുന്നെന്നും അവൻ വഴി നമ്മുടെ രക്ഷയെപ്രതിയുള്ള വ്യാപാരങ്ങളെല്ലാം അവിടുന്നു പൂർത്തിയാക്കുന്നുവെന്നും അവനെ തന്നോടു ചേർക്കുന്നെന്നും സർവസൃഷ്ടിക്കും മേലായി അവനെ ഉയർത്തി എന്നും അവർ അറിഞ്ഞിരുന്നില്ല.

പ്രീശർക്കിതൊന്നും അറിവില്ലാതിരുന്നതിനാലാണ് 'മിശിഹാ ആരുടെ പുത്രനാണ്'? എന്ന് നമ്മുടെ കർത്താവ് അവരോടു ചോദിച്ചത്. 'ദാവീദിന്റെ പുത്രനാണ്' എന്ന് അവർ പറഞ്ഞു കഴിഞ്ഞപ്പോൾ അവൻ അവരോടു പറഞ്ഞു: 'കർത്താവു് എന്റെ കർത്താവിനോടരുൾ

www.malankaralibrary.com



ചെയ്തു: നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക' എന്നു പറഞ്ഞുകൊണ്ട് ദാവീദ് എങ്ങനെയാണ് അവനെ അരൂപിയിൽ കർത്താവെന്നു വിളിക്കുന്നത്? ദാവീദ് അവനെ കർത്താവ് എന്നു വിളിക്കുന്നെങ്കിൽ അവന്റെ പുത്രനാകുന്നതെങ്ങനെ?' (മത്താ. 22:43—45). ഈ വാക്കുകളിൽ ദൈവത്വത്തെ സംബന്ധിച്ച പ്രബോധനം സ്പഷ്ടമായിട്ടല്ല, സൂചനയായി അവൻ അവർക്കു നൽകി. എന്നാൽ ആ അവസരം ഇതു് അവരുടെ ബുദ്ധിക്കതീതമായിരുന്നു; ക്രൂശാരോഹണത്തിനു മുൻപ് ഭാഗ്യവാന്മാരായ ശ്ലീഹന്മാർപോലും ഇതു് ഗ്രഹിച്ചില്ല. 'നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു' (യോഹ 8:19). വീണ്ടും, 'ഞാൻ ഇത്രയുംനാൾ നിങ്ങളോടുകൂടി ഉണ്ടായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിഞ്ഞില്ലയോ?' (യോഹ. 14:9). വീണ്ടും, 'ഈ കാര്യങ്ങൾ നിങ്ങളോട് ഉപമകളിൽ ഞാൻ സംസാരിച്ചിരിക്കുന്നു; എന്നാൽ ഉപമകളിൽ അല്ലാതെ സ്പഷ്ടമായി പിതാവിനെപ്പററി നിങ്ങളോടു പറയുന്ന സമയം വരുന്നു' (യോഹ.16:25). വീണ്ടും 'ഇതുവരെ എന്റെ നാമത്തിൽ നിങ്ങളൊന്നും ചോദിച്ചിട്ടില്ല' (യോഹ. 16:24). വീണ്ടും, 'എനിക്കു നിങ്ങളോടിനിയും വളരെ കാര്യങ്ങൾ പറയുവാനുണ്ട്; എന്നാൽ അവ ഗ്രഹിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല; സത്യാത്മാവു വന്നുകഴിയുമ്പോൾ അവിടുന്നു സർവസത്യങ്ങളിലും നിങ്ങളെ നടത്തും' (യോഹ. 16:12–13).

ഏകജാതന്റെ ദൈവത്വത്തെപ്പററി ക്രൂശാരോഹണത്തിനുമുൻപു ശ്ലീഹന്മാർക്കറിയില്ലായിരുന്നു എന്നു് സുവിശേഷഗ്രന്ഥത്തിൽ നിരവധി ഭാഗങ്ങളിൽ കാണാൻ സാധിക്കും. വചനമായ ദൈവം പിതാവിന്റെ പുത്രനാണെന്നോ, തന്റെ പിതാവുമായി സമസത്തയായി നാം മനസ്സിലാക്കുന്ന സത്യപുത്രനാണെന്നോ അവർക്കറിയില്ലായിരുന്നു.

4. തന്റെ ദൈവത്വത്തെപ്പററിയുള്ള പ്രബോധനം പരസ്യമായി പ്രഖ്യാപിക്കാൻ സമയമായിട്ടില്ല എന്നു് അവിടുത്തേക്കറിയാമായിരുന്നു; താൻ വെറുമൊരു മനുഷ്യനാണെന്നു വിശ്വസിക്കുകയും, ദൈവസ്വഭാവം തന്നിൽവസിക്കുന്നു എന്നും അക്കാരണത്താലാണ് ദാവീദിന്റെ ബീജത്തിൽ നിന്നുള്ളവൻ കർത്താവെന്ന നിലയിൽ ബഹുമാനത്തിനർഹനായി തീർന്നതെന്നും മനസ്സിലാക്കാതിരിക്കുകയും ചെയ്തതിനാൽ ക്രിസ്തുവിനെപ്പററിയുള്ള സമ്പൂർണജ്ഞാനം അവർക്കു ലഭിക്കയില്ല എന്നു് തന്റെ ചോദ്യത്തിൽ അവിടുന്നു് അവർക്കൊരു സൂചനമാത്രം

www.malankaralibrary.com



നൽകുകയുണ്ടായി. തന്റെ അതേ പ്രകൃതിയിൽനിന്നുള്ളവൻ മനുഷ്യപ്രകൃതിയിൽനിന്ന് ഉപരിസ്ഥനാണെന്നും കർത്താവുമായുള്ള ഐക്യംമൂലം വലിയ ബഹുമാനത്തിലേക്കുയർത്തപ്പെട്ടതിനാൽ കർത്താവെന്ന് വിശ്വസിക്കപ്പെട്ടെന്നും വിശ്വസിച്ചില്ലായിരുന്നെങ്കിൽ, സ്വഭാവത്താലേ തന്റെ ബീജത്തിൽ നിന്നുള്ളവനെ ദാവീദ് കർത്താവെന്നു വിളിക്കുകയില്ലായിരുന്നു അതുകൊണ്ട് ദാവീദിന്റെ ബീജത്തിൽനിന്നുള്ളവനാകയാൽ അവനും ദാവീദിന്റെ അതേ പ്രകൃതിയാണ്. എന്നാൽ എല്ലാററിന്റെയും കാരണവും എല്ലാററിന്റേയുംനാഥനുമായദൈവസ്വഭാവവുമായുള്ള ഐക്യം നിമിത്തംഅവനെ നാംകർത്താവായും മനസ്സിലാക്കുന്നു.

5. അതുകൊണ്ട്, എടുത്തവന്റെയും എടുക്കപ്പെട്ടവന്റെയും സ്വഭാവങ്ങൾ നാം അറിയണം. ആദ്യത്തേത് ദൈവവും രണ്ടാമത്തേത് ദാസന്റെ രൂപവുമാണെന്നും ദൈവമാണ് അവനിൽ വസിക്കുന്നതെന്നും ദൈവം തന്റെ ആലയമായി പണിതു സ്ഥാപിച്ചവാസസ്ഥലമാണു മനുഷ്യനെന്നും നാം മനസ്സിലാക്കണം. അതുകൊണ്ടാണ് അവിടുന്നു പറഞ്ഞത്: 'ഈ ആലയം തകർക്കുവിൻ; മൂന്നുദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും' (യോഹ. 2:19). എന്തെന്നാൽ അവൻ തന്റെ ശരീരമാകുന്ന ആലയത്തെപ്പററിയാണ് ഇതു പറഞ്ഞത് എന്ന് സുവിശേഷകൻ വ്യാഖ്യാനിച്ചു പറയുന്നു (2:21). എടുക്കപ്പെട്ട മനുഷ്യനെ അവൻ തന്റെ ആലയമെന്നു വിളിക്കുകയും താൻതന്നെ ആ ആലയത്തിൽ വസിക്കുന്നു എന്നു കാട്ടുകയും ചെയ്യുന്നു; തന്റെ ഇച്ഛയനുസരിച്ചു തന്റെ ആലയത്തെ മരണനാശത്തിന് കയ്യാളിക്കുകയും തന്റെ ശക്തിയുടെ മഹത്വത്താൽ അതിനെ ഉയിർപ്പിക്കുകയും ചെയ്തപ്പോൾ തന്റെ ആലയംവഴി അവിടുന്നു തന്റെ ശക്തി പ്രദർശിപ്പിച്ചു. അതിന്റെ സ്വഭാവമനുസരിച്ചു മരിക്കാൻ അതിനെ അവിടുന്നു പീഡനത്തിനു കയ്യാളിച്ചു; കർത്താവെന്ന നിലയിൽ അതിനെ അഴിവിൽനിന്നു തടയുകയും ജീർണതയിൽനിന്നു വിടുവിക്കുകയും ചെയ്തു. അവിടുന്നാഗ്രഹിച്ചതിനാൽ അതു മരിക്കാൻ അനുവദിച്ചു. മരണത്തിനുശേഷം തന്റെ ഇഷ്ടമനുസരിച്ച് അതിനെ അവിടുന്നുയർത്തി.

'ഈ ആലയം തകർക്കുവിൻ' എന്നു പറയാൻ തനിക്കധികാരമുണ്ടെന്ന് അറിഞ്ഞിരുന്നില്ലെങ്കിൽ അവിടുന്നിപ്രകാരം പറയുകയില്ലായിരുന്നു; താൻ കർത്താവാകയാൽ, 'ഈ ആലയം തകർക്കുവിൻ' എന്ന വാചകത്തിൽ രണ്ടു സംഗതികൾ അവിടുന്ന് ഉൾക്കൊള്ളിക്കുന്നു.

www.malankaralibrary.com



6. 'തകർക്കപ്പെടുക എന്നതു് അതിന്റെ പ്രകൃതിയനുസരിച്ചുള്ളതാണെങ്കിലും അങ്ങനെ സംഭവിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്യുക എന്റെ അധികാരത്തിൽപ്പെടുന്ന സംഗതിയത്രേ. അതിന്റെ പ്രകൃതിയനുസരിച്ച് തകർക്കപ്പെടാൻ ഞാൻ അതിനെ അനുവദിക്കുന്നു; അതിനു് എനിക്കിഷ്ടമില്ലെങ്കിൽ തകർച്ചയിൽനിന്നു് അതിനെ ഒഴിവാക്കാനും എനിക്കു് അധികാരമുണ്ടു്. 'ഈ ആലയം തകർക്കുവിൻ' കാരണം, എന്റെ പ്രകൃതി തകർക്കലിനു് അതീതമാണല്ലോ. എന്നാൽ ഈ ആലയം തകർക്കപ്പെടാൻ ഞാൻ അനുവദിക്കുന്നു. കാരണം, അങ്ങനൊരു സംഗതി അതിന്റെ പ്രകൃത്യനുസൃതമാണു്; അതിനുവേണ്ടി ഉപരിശ്രേഷ്ഠമായൊരു സംഗതി ചെയ്വാൻ എനിക്കു് ഉദ്ദേശ്യമില്ലായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കാൻ ഞാൻ അനുവദിക്കയില്ലായിരുന്നു. ഇതിനുവേണ്ടി മറ്റൊരു കാര്യം ചെയ്വാൻ ഞാൻ ഒരുങ്ങുന്നതിനാലാണു് ഇതു സംഭവിക്കാൻ ഞാൻ അനുവദിക്കുന്നതു്.

'മൂന്നു ദിവസത്തിനകം ഞാനതു് പുനരുദ്ധരിക്കും' എന്ന വാചകത്തിന്റെ അർത്ഥമെന്താണു്? അതിന്റെയർത്ഥം അതു തകർക്കപ്പെട്ടു കഴിയുമ്പോൾ ഞാനതിനെ വീണ്ടും പണിയും. മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ ആദ്യത്തേതിനെക്കാൾ ശ്രേഷ്ഠതരവും ഉന്നതവുമായ അവസ്ഥയിൽ ഞാനതിനെ എഴുന്നേല്പിക്കും. ഇപ്പോൾ ആയിരിക്കുന്നതുപോലെ, മർത്ത്യവും തകർക്കപ്പെടാവുന്നതുമായ പ്രകൃതിയായിരിക്കയില്ല അതിനപ്പോൾ ഉണ്ടാകുക, പിന്നെയോ അമർത്ത്യവും അഴിവിനതീതവും സഹനാതീതവും വ്യതിയാനരഹിതവും ആയിരിക്കും. സ്വഭാവത്താലേ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയെക്കാൾ ഉന്നതമായ അവസ്ഥയിലേക്കു് ഈ രീതിയിലായിരിക്കും ഞാനതിനെ ഉയർത്തുക. ഉന്നതമായ ഒന്നു് അതിനു ചെയ്വാൻ അതു തകർക്കപ്പെടാൻ ഞാൻ അനുവദിക്കുന്നു. അതുകൊണ്ടു് 'ഈ ആലയം തകർക്കുവിൻ'; നിങ്ങളുടെ ഇഷ്ടം നടക്കട്ടെ; നിങ്ങൾക്കു ചെയ്വാനുള്ളതു് ചെയ്യുവിൻ. നിങ്ങൾക്കിഷ്ടമുള്ളതു ചെയ്വാൻ ഞാനനുവദിക്കും. നിങ്ങൾ അങ്ങനെ ചെയ്തശേഷം എല്ലാററിനെക്കാളും വലുതായ എന്റെ ശക്തി നിങ്ങൾക്കനുഭവവേദ്യമാകാനാണതു്. അതുവഴി ഞാനതിനെ മരിച്ചവരിൽനിന്നുയിർപ്പിക്കുകയും ഇപ്പോഴായിരിക്കുന്ന അവസ്ഥയെക്കാൾ ഉന്നതമായ ഒന്നാക്കിത്തീർക്കുകയും ചെയ്യും. ഞാൻ ഇച്ഛിച്ചില്ലായിരുന്നെങ്കിൽ നിങ്ങൾക്കിതു തകർക്കുവാൻ സാധിക്കയില്ലായിരുന്നെന്നും ഞാനനുവദിച്ചില്ലായിരുന്നെങ്കിൽ മരിക്കയില്ലായിരുന്നെന്നും അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. ഞാനതു് ആഗ്രഹിച്ചതിനാൽ അതു് അതിനു

www.malankaralibrary.com



നന്മയ്ക്കാണ്.' അതുകൊണ്ട് 'നിങ്ങൾ ഈ ആലയം തകർക്കുവിൻ; മൂന്നു ദിവസത്തിനകം ഞാനതു് പുനരുദ്ധരിക്കും.'

7. അവിടുന്നു താനും തകർക്കപ്പെടാവുന്നതും തമ്മിലുള്ള അന്തരം ഈ വാക്കുകളിലൂടെ മതിയാംവണ്ണം വ്യക്തമാക്കി. കാരണം, രണ്ടാമത്തേതു് ആലയവും ആദ്യത്തേതു് അതിൽ വസിക്കുന്നവനുമാണ്. രണ്ടാമത്തേതു് ആലയമായി അവന്റെ വാസസ്ഥലം. ആദ്യത്തേതു് ദൈവമായി അതിൽ വസിക്കുന്നവൻ. അല്പസമയത്തേക്കു മാത്രമുള്ള ആലയമല്ല. ദൈവവചനം ചിലപ്പോൾ വസിക്കുന്നതും ചിലപ്പോൾ വസിക്കാത്തതുമായ ആലയമല്ല. പിന്നെയോ, ഒരിക്കലും വേർപിരിയാത്ത ആലയമത്രേ, കാരണം, അതിൽ വസിക്കുന്നവനുമായി അവാച്യമായ ഐക്യമാണ് ഈ ആലയത്തിനുള്ളതു്. ഭാഗ്യവാനായ പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ 'സഹനം വഴി അവിടുന്ന് അതിനെ പൂർണമാക്കി' (എബ്രാ: 2:10). തന്റെ പ്രകൃതിക്കനുസൃതമായാണ് അതു് ഈ പീഡനങ്ങൾ സ്വീകരിച്ചതു്. എന്നാൽ പീഡനങ്ങളിൽനിന്നു തന്നെ വിടുവിക്കുകയും തന്റെ പ്രകൃതി മാററുകയും സഹനാതീതനാക്കി ത്തീർക്കുകയും പീഡനങ്ങൾവഴി കിരീടമണിയിക്കുകയും ചെയ്യുവനെ അതിനാവശ്യമായിരുന്നു. അവനാകട്ടെ അതിൽ വസിച്ചു. അവൻ സ്വഭാവത്താലേ സഹനാതീതനത്രേ. എന്നാൽ സ്വഭാവത്താലേ സഹനവിധേയനായവനെ സഹനാതീതനാക്കാനുള്ള കഴിവുള്ളവനാണവിടുന്ന്. ഇങ്ങനെ നമ്മുടെ രക്ഷയ്ക്കുവേണ്ടി നമ്മിൽനിന്നെടുത്ത, മനുഷ്യനെ ദാസന്റെ രൂപത്തെ, വേദനകൾവഴി അമർത്ത്യവും വ്യതിയാനരഹിതവുമായി അവിടുന്നു പൂർണനാക്കി.

8. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'നാം പരാമർശിക്കുന്ന ഭാവിലോകത്തെ മാലാഖമാർക്കല്ല അവിടുന്ന് അധീനമാക്കിയതു്. പിന്നെയോ മനുഷ്യനെ നീ ഓർക്കുവാൻ അവൻ ആരാണ്? മനുഷ്യപുത്രനെ നീ സന്ദർശിക്കുവാൻ അവൻ ആരാണ്? മാലാഖമാരെക്കാൾ അല്പം താഴ്ന്നവനായി അവനെ നീ സൃഷ്ടിച്ചു. മഹത്വവും ബഹുമാനവുംകൊണ്ട് അവനെ നീ കിരീടം ധരിപ്പിച്ചു. നിന്റെ കൈവേലകൾക്കു മേലായി അവനെ നീ സ്ഥാപിച്ചു; എല്ലാം അവന്റെ പാദങ്ങൾക്കു കീഴാക്കി തീർക്കുകയും ചെയ്തു എന്ന് വി. ലിഖിതം ആരേപ്പററി സാക്ഷിക്കുന്നുവോ ആ ആളിനാണ് അവിടുന്നു കീഴ്പ്പെടുത്തിയതു് (എബ്രാ. 2: 5—8). മാലാഖമാരുടേതല്ല, മനുഷ്യപ്രകൃതിയാണ് അവൻ എടുത്തതെന്ന് കാണിച്ചിട്ട് ഈ മനുഷ്യനാരാകുന്നു എന്നു വിശദീകരിച്ചുകൊണ്ട് അവൻ പറയുന്നു: 'മരണത്തെ ആശ്ലേഷിക്കുവാനായി മാലാഖമാരേക്കാൾ അല്പം

www.malankaralibrary.com



താഴ്ത്തപ്പെട്ട ഈ മിശിഹാ മരണത്തിനു് അധീനനാകുകയും മഹത്വവും ബഹുമാനവും അണിഞ്ഞവനായി കാണപ്പെടുകയും ചെയ്തു. നമ്മുടെ രക്ഷയ്ക്കായി എടുക്കപ്പെട്ട ഈശോ എന്ന മനുഷ്യൻ മാലാഖമാരെക്കാറം അല്പം താഴ്ത്തപ്പെട്ടവനായി തീർന്നു എന്നു കാണിക്കാനാണിതു്. കാരണം അവൻ മരണം ആസ്വദിച്ചു. മഹത്വവും ബഹുമാനവും അവന്റെ ശിരസ്സിൽ വയ്ക്കപ്പെട്ടു. എന്തെന്നാൽ അവൻ മരണത്തിൽനിന്നുത്ഥിതനായി; ദൈവവുമായുള്ള ഐക്യംവഴി എല്ലാ സൃഷ്ടികളേക്കാളും ഉന്നതനായിത്തീർന്നു.

9. അവൻ സഹിക്കയും 'അല്പം താണവനായിത്തീരുകയും' ചെയ്തതെന്തിനു് എന്നു പഠിക്കാൻ അദ്ദേഹം പറയുന്നു: 'ദൈവം ഒഴികെ എല്ലാവർക്കുംവേണ്ടി അവൻ മരണം ആസ്വദിച്ചു' (എബ്രാ. 2: 9).

അവൻ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കണമെന്നു് ദൈവസ്വഭാവം ഇച്ഛിച്ചു എന്നു് അതു വ്യക്തമാക്കുന്നു. എന്നാൽ മരണവിധിയാൽ പീഡ സഹിച്ചവനിൽനിന്നു ദൈവത്വം വ്യത്യസ്തമായിരുന്നു. കാരണം ദൈവത്വം ശ്രദ്ധാപൂർവം അവനിൽനിന്നു് വ്യത്യസ്തനായിരുന്നില്ലെങ്കിൽ മരണക്കാസാ നുകരുക അവനു് അസാധ്യമായിരുന്നു. എന്നാൽ എടുക്കപ്പെട്ട സ്വഭാവത്തിനു് അവശ്യാവശ്യമായ സംഗതികറം ചെയ്യുവാൻ ദൈവത്വം വേണ്ടവണ്ണം അടുത്തുമായിരുന്നു. 'ആർക്കുവേണ്ടിയും ആരുമൂലവും എല്ലാം നിലനിൽക്കുന്നുവോ, ആരു് അനേകം പുത്രന്മാരെ മഹത്വത്തിലേക്കു നയിക്കുന്നുവോ, ആ രക്ഷയുടെ നായകനെ സഹനംവഴി പരിപൂർണ്ണനാക്കുക യുക്തമായിരുന്നു' (എബ്രാ. 2: 10).

മരണ പരീക്ഷണത്താൽ അവിടുന്നു് പരീക്ഷിക്കപ്പെട്ടില്ലെങ്കിലും അവിടുന്നു് അവന്റെ സമീപത്തു് ആയിരുന്നു. എല്ലാററിന്റെയും നിർമ്മാതാവു് എന്ന നിലയിൽ അവിടുത്തെ ദൈവസ്വഭാവത്തിനു ചേർന്ന സംഗതികറം ചെയ്തുകൊണ്ടുമിരുന്നു. അതായതു് സഹനങ്ങളിലൂടെ അവിടുന്നവനെ പൂർണ്ണതയിലെത്തിച്ചു; അവനുമായി സംസർഗമുള്ള കൂട്ടങ്ങളുടെ രക്ഷയ്ക്കുവേണ്ടി അവനെ എന്നേയ്ക്കുമായി അമർത്യനും സഹനാതീതനും അഴിവിനതീതനും വ്യതിയാനരഹിതനുമാക്കി.

10. ഈ രീതിയിൽ വിശുദ്ധഗ്രന്ഥങ്ങറം രണ്ടു സ്വഭാവങ്ങറം തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു; അതുകൊണ്ടു്, എടുത്തവനെയും എടുക്കപ്പെട്ടവനെയും വ്യക്തമാക്കേണ്ടതു്

www.malankaralibrary.com



ഒഴിച്ചുകൂടാൻ പാടില്ലാത്ത സംഗതിയത്രേ. നമുക്കുവേണ്ടി എല്ലാം പ്രവർത്തിക്കുന്ന ദൈവസ്വഭാവമാണ് എടുത്തവൻ. എല്ലാററിൻെറയും കാരണമായവനാൽ നാമെല്ലാവരേയും പ്രതി എടുക്കപ്പെട്ട മനുഷ്യസ്വഭാവമാണു മററത്. ഒരിക്കലും വേർപിരിയാത്തവണ്ണം അവാച്യമായ ഐക്യത്താൽ അതു മനുഷ്യത്വത്തോടു യോജിച്ചിരിക്കുന്നു. ഇക്കാരണത്താൽ, അതുമായുള്ള സംസർഗത്താൽ, ലഭിക്കുമെന്നു നാം പ്രതീക്ഷിച്ചിരുന്ന ദാനം സത്യമായി നമ്മോടൊത്തിരിക്കും. അവ തമ്മിൽ സംഭവിച്ച ഐക്യത്തിൻെറ അദ്ഭുതപരതയും മഹനീയതയും നാം മനസ്സിലാക്കാനായി ഒന്നിനർഹമായതു മററതിനും അർഹമാണെന്ന് അവർ പ്രസ്താവിക്കുമ്പോഴും, ഒരോ സ്വഭാവത്തെപ്പററിയുള്ള അറിവു പകർന്നുതരുമ്പോഴും വിശുദ്ധ ലിഖിതങ്ങൾ ഈ ഐക്യത്തെപ്പററി നമ്മെ പഠിപ്പിക്കുന്നു.

'ശാരീരികമായി അവരിൽനിന്നു വന്ന മിശിഹാ എല്ലാററിനുമുപരി ദൈവമാണ്' (റോമ. 9:5) എന്ന പ്രസ്താവന അത്തരത്തിൽ പെട്ടതാണ്. ശാരീരികമായി യൂദന്മാരിൽ നിന്നുള്ളവനല്ല സ്വാഭാവികമായി എല്ലാററിനുമുപരി ദൈവം; സ്വഭാവത്താലേ എല്ലാററിനുമുപരി ദൈവമായവനല്ല സ്വാഭാവികമായി യൂദന്മാരിൽനിന്നുള്ളവൻ. എന്നാൽ ഈ വാചകത്തിൽ ശ്ലീഹാ ഇരുസ്വഭാവങ്ങളും വ്യക്തമാക്കുന്നു. 'ശാരീരികമായി മിശിഹാ അവരിൽനിന്നാണ്' എന്നു പറയുന്നത് അവിടുത്തെ മനുഷ്യത്വത്തെ കുറിക്കുന്നു; 'എല്ലാററിനുമുപരി ദൈവമായവൻ' എന്നതു തൻെറ ദൈവത്വത്തിൻെറ സ്വഭാവത്തെപ്പററിയാണ്. 'ശാരീരികമായി അവരിൽനിന്നുള്ള മിശിഹാ എല്ലാററിനുമുപരി ദൈവമാകുന്നു' എന്നു പറഞ്ഞുകൊണ്ട് ഒരേ ഒരാളെപ്പററി അദ്ദേഹം പഠിപ്പിക്കുന്നു.

11. അത്തരത്തിൽപ്പെട്ടതാണു നമ്മുടെ കർത്താവു സുവിശേഷത്തിൽ പറഞ്ഞ വാക്കുകളും: 'മനുഷ്യപുത്രൻ ആദ്യം ആയിരുന്ന സ്ഥലത്തേക്ക് ആരോഹണം ചെയ്യുന്നതു നിങ്ങൾ കണ്ടാലോ?' (യോഹ. 6:62). സ്വഭാവത്താലേ മനുഷ്യനായിരുന്ന മനുഷ്യപുത്രൻ നേരത്തെ സ്വർഗത്തിലായിരുന്നില്ല: എന്നാൽ സ്വർഗത്തിലായിരിക്കുകയും അവനിൽ ആയിരിക്കുകയും ചെയ്ത ദൈവസ്വഭാവം നിമിത്തമാണ് അവൻ കരേറിയത് എന്നതു വ്യക്തമാണല്ലോ. തൻെറ ശരീരം ഭക്ഷിക്കുന്നവർക്ക് അമർത്യജീവൻ പ്രദാനം ചെയ്യും എന്നു നമ്മുടെ കർത്താവു പറഞ്ഞപ്പോൾ (6:51) ശ്രോതാക്കൾ അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല. ഇപ്പോൾ തൻെറ വാക്കുകൾ അവിശ്വസനീയമായി തോന്നാമെങ്കിലും പിന്നീട് വിശ്വസനീയമായിരിക്കും എന്നതുവഴി അവരെ

www.malankaralibrary.com



ബോധ്യപ്പെടുത്താൻ അവൻ ശ്രമിച്ചു. താഴെപ്പറയുന്നതുപോലെ അവൻ പ്രസ്താവിച്ചതിനു തുല്യമാണിതു്: ഞാൻ അമർത്ത്യനായി സ്വർഗത്തിലേക്കു് ആരോഹണം ചെയ്യുന്നതു നിങ്ങൾ കാണുമ്പോൾ എനിക്കു സംഭവിക്കുന്നവയിൽ നിങ്ങൾക്കും എന്നോടുകൂടിയുള്ള സംസർഗം നിമിത്തം ഭാഗഭാഗിത്വം കിട്ടും എന്നു നിങ്ങളും വിശ്വസിക്കും. കാരണം, നേരത്തെ സ്വർഗത്തിലായിരിക്കുകയും എന്നിൽ വസിക്കുകയും ചെയ്യുന്ന ദൈവസ്വഭാവം ഇവനു് അമർത്ത്യത പ്രദാനം ചെയ്യുകയും അവനെ സ്വർഗത്തിലേക്കെടുക്കുകയും അവനോടുകൂടി നിങ്ങൾക്കും സംസർഗം നൽകുകയും ചെയ്യും. ഇരു സ്വഭാവങ്ങളും തമ്മിലുണ്ടായ അടുത്ത ഐക്യം വ്യക്തമാക്കാൻ ഒന്നിനെപ്പററിത്തന്നെ അവൻ ഈ വാക്കുകൾ ഉച്ചരിക്കയുണ്ടായി. 'മനുഷ്യപുത്രൻ ആദ്യം ആയിരുന്ന സ്ഥലത്തേക്കു് ആരോഹണം ചെയ്യുന്നതു് നിങ്ങൾ കണ്ടാലോ?' ഇതു് ഇപ്രകാരമല്ലെങ്കിൽ അവിടുന്നു പറയണമായിരുന്നു: മനുഷ്യപുത്രനിൽ വസിക്കുന്നവൻ ആയിരുന്നിടത്തേക്കു മനുഷ്യപുത്രൻ കയറുന്നതു നിങ്ങൾ കാണുമ്പോൾ എന്നിൽ വസിക്കുന്ന ദൈവസ്വഭാവത്തിന്റെ മഹത്വം നിങ്ങൾക്കു മനസ്സിലാകും; എനിക്കും ഞാൻ നിമിത്തം നിങ്ങൾക്കും സംഭവിക്കാനിരിക്കുന്ന അത്ഭുതകരമായ സംഗതികളെക്കുറിച്ചു നിങ്ങൾ അദ്ഭുതപരതന്ത്രരാകും.

12. അതുപോലെയാണു താഴെപ്പറയുന്ന വാചകത്തിന്റെയും അർത്ഥം: 'സ്വർഗത്തിലുള്ള മനുഷ്യപുത്രൻ, സ്വർഗത്തിൽനിന്നിറങ്ങിയവൻ, അല്ലാതെ ഒരു മനുഷ്യനും സ്വർഗത്തിലേക്കു കയറിയിട്ടില്ല' (യോഹ. 3:13). 'ഒരു മനുഷ്യനും സ്വർഗത്തിൽ കയറിയിട്ടില്ല; എന്നിൽ വസിക്കുന്ന ദൈവസ്വഭാവം നിമിത്തം ഞാൻ കരേറി; അതിപ്പോഴും സ്വർഗത്തിലാണു്' എന്നു് അവൻ പറഞ്ഞില്ല; പിന്നെയോ ഒന്നിനെപ്പററിത്തന്നെയാണു് അവൻ തന്റെ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതു്. 'സ്വർഗത്തിലുള്ള മനുഷ്യപുത്രൻ, സ്വർഗത്തിൽ നിന്നിറങ്ങിയവൻ അല്ലാതെ ഒരു മനുഷ്യനും സ്വർഗത്തിലേക്കു കയറിയിട്ടില്ല'. 'സ്വർഗത്തിലായിരിക്കുകയും ഇറങ്ങി വരികയും അവനിൽ വസിക്കുകയും ചെയ്ത മനുഷ്യപുത്രൻ അല്ലാതെ ഒരു മനുഷ്യനും സ്വർഗത്തിൽ കയിറിയിട്ടില്ല' എന്നു തരംതിരിച്ചു പറയാൻ അവൻ ആഗ്രഹിച്ചില്ല. ഈ രീതിയിലുള്ള സംസാരരീതി അവിടുന്നു് അംഗീകരിച്ചില്ല; ഒരേ ഒരാളിനെപ്പററി പറയുന്ന രീതിയിലാണു് അവൻ ഈ വാചകം ഉച്ചരിച്ചിരിക്കുന്നതു്. ദൃശ്യനായവനു ചെയ്ത അദ്ഭുതസംഗതികൾ കാണിക്കാനും ഉറപ്പിക്കാനുമാണിതു്.

www.malankaralibrary.com



മനുഷ്യസ്വഭാവത്തിനു ചെയ്യപ്പെട്ട സംഗതികളെപ്പററി പറയാൻ ആഗ്രഹിക്കുമ്പോഴൊക്കെ വിശുദ്ധ ഗ്രന്ഥം അവ ദൈവ സ്വഭാവത്തെപ്പററി പരാമർശിക്കുന്നു. കാരണം, അവ നമ്മുടെ പ്രകൃതിക്കുപരിസ്ഥമായവയാണ്; മനുഷ്യനു ചെയ്യപ്പെട്ടവ വിശ്വസനീയം എന്നു വരുത്താൻ ദൈവസ്വഭാവത്തിന് ആ മനുഷ്യനോടുള്ള ഐക്യം ഇതിൽ അതു കാണിക്കുന്നു; അവനുമായി ഐക്യപ്പെട്ട അദ്ഭുതകരമായ ദൈവസ്വഭാവം വഴിയാണ് അവൻ ഈ ബഹുമാനത്തിനും മഹത്വത്തിനും അർഹനായിത്തീർന്നത് എന്നും അതു കാണിക്കുന്നു. ഭാവിയിൽ ഇതേ സംഗതികൾ നമുക്കും ചെയ്യപ്പെടും എന്ന് അത് ഉറപ്പു നൽകുന്നു. ദൈവവുമായി ആ മനുഷ്യനു ഐക്യം ഇല്ലായിരുന്നെങ്കിൽ ഇത്തരം മഹാനന്മ അവൻ സ്വന്തമാക്കില്ലായിരുന്നു. ദാസന്റെ രൂപമെടുത്ത ദൈവസ്വഭാവം ദാസന് എല്ലാ നല്ല സംഗതികളും നൽകുന്നതിനും അവയുടെ ആമോദം നമുക്കു നീട്ടിത്തരുന്നതിനും ഇഷ്ടപ്പെട്ടില്ലായെങ്കിൽ നാം എല്ലാവിധ ഭാവിനന്മകളും പ്രതീക്ഷിക്കയില്ലായിരുന്നു.

13. ഇവയെല്ലാം അനുസരിച്ച് വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്, സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസവും അവയുടെ ഐക്യവും നമുക്കു പഠിക്കാം. ഈ പ്രബോധനം നമുക്കു മുറുകെപ്പിടിക്കാം. ഈ സ്വഭാവങ്ങൾ തമ്മിലുള്ള അന്തരം നമുക്കു മനസ്സിലാക്കാം. എടുത്തവൻ ദൈവവും ഏകജാതനായ പുത്രനുമാണ്. എടുക്കപ്പെട്ടവൻ ദാസന്റെ രൂപമാണ്. മനുഷ്യനാണ്. ദൈവം മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടി മനുഷ്യനെ എടുത്തു. സുകൃതത്തിൽ നിലനിൽക്കുന്നതിനും തന്റെ കൃപയിൽ നമുക്കും ഭാഗഭാഗിത്വം നൽകുന്നതിനും മനുഷ്യൻ എടുക്കപ്പെട്ടു. ആ അഭേദ്യമായ ഐക്യത്തെപ്പററി നാം ഓർമ്മയുള്ളവരായിരിക്കണം. അതുവഴി ആ മനുഷ്യന്റെ രൂപത്തിന് ഒരിക്കലും ഒരു സാഹചര്യത്തിലും തന്നെ ധരിച്ച ദൈവവചനത്തിൽനിന്നു വേർപെട്ടിരിക്കാൻ സാധിക്കയില്ല. സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം പരിപൂർണമായ ഐക്യത്തെ ഇല്ലാതാക്കുന്നില്ല. പരിപൂർണമായ ഐക്യം സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ നശിപ്പിക്കുന്നുമില്ല. സ്വഭാവങ്ങൾ വ്യത്യസ്തമായി തങ്ങളുടെ തന്നെ അസ്തിത്വത്തിൽ നിലനിൽക്കുന്നു. ഐക്യം അഭംഗുരം പാലിക്കപ്പെടുന്നു. കാരണം, എടുക്കപ്പെട്ടവൻ ബഹുമാനത്തിലും മഹത്വത്തിലും എടുത്തവനുമായി എടുത്തവന്റെ ഇച്ഛാനുസരണം ഐക്യപ്പെട്ടിരിക്കുന്നു.

14. രണ്ടു സ്വഭാവങ്ങളെന്നു നാം പറയുന്നതുകൊണ്ടു രണ്ടു കർത്താക്കളെന്നോ രണ്ടു പുത്രന്മാരെന്നോ പറയാൻ നാം

www.malankaralibrary.com



നിർബന്ധിക്കപ്പെടുന്നില്ല; അതു വലിയ അബദ്ധമായിരിക്കും. ഒരു വശത്തുകൂടി നോക്കുമ്പോൾ രണ്ടായും, മറെറാരുവശത്തുകൂടി നോക്കുമ്പോൾ ഒന്നായും കാണപ്പെടുന്ന സംഗതികൾ ഐക്യംവഴി ഒന്നായിത്തീരുന്ന പ്രക്രിയ സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കുന്നില്ല. സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം അവ ഒന്നായിരിക്കുന്ന അവസ്ഥയെ തടസ്സപ്പെടുത്തുന്നുമില്ല. അങ്ങനെ, 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' (യോഹ. 10:30) എന്ന വാചകത്തിലെ 'ഒന്നു്' രണ്ടായിരിക്കുന്ന 'ഞാനും എന്റെ പിതാവും' എന്ന സംഗതി ഇല്ലാതാക്കുന്നില്ല. ഭാര്യാഭർത്താക്കന്മാരെപ്പററിപ്പറയുന്ന മറെറാരിടത്തു്, 'ഇനി അവർ രണ്ടല്ല, ഒരു ശരീരമാകുന്നു' (മത്താ. 19:6) എന്നു പറഞ്ഞിരിക്കുന്നു. 'ഭാര്യാഭർത്താക്കന്മാർ ഒരു ശരീരമാകുന്നു' എന്ന സംഗതി അവർ രണ്ടായിരിക്കുന്ന അവസ്ഥയെ തടയുന്നില്ല. യഥാർത്ഥത്തിൽ അവർ രണ്ടായതിനാൽ രണ്ടായിത്തന്നെ ഇരിക്കും; 'അവർ രണ്ടല്ല, ഒന്നാണു്' എന്നതിനാൽ അവർ ഒന്നാണു്. ഇവിടെയും ഇതുപോലെ സ്വഭാവത്താലേ അവർ രണ്ടാണു്; ഐക്യംവഴി ഒന്നാണു്; സ്വഭാവത്താലേ രണ്ടു്. കാരണം, സ്വഭാവങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടു്; ഐക്യംവഴി ഒന്നു്; കാരണം, എടുക്കപ്പെട്ടവനു് നൽകുന്ന ആരാധന അവനെ എടുക്കുന്നവനു നൽകുന്നതിൽനിന്നു വ്യത്യാസമില്ല. ആദ്യത്തേതു് ആലയമാണു്; അതിൽ വസിക്കുന്നവനു് അതിൽനിന്നു വിട്ടുപോകാൻ സാധ്യമല്ല.

15. രണ്ടെന്ന നമ്പർ അവ സ്വീകരിക്കുന്ന ഘടകങ്ങളാൽ ഒന്നു വേർതിരിക്കപ്പെടാത്തപ്പോൾ രണ്ടിനെപ്പററി പറയപ്പെടുന്ന സംഗതികളെല്ലാം രണ്ടിന്റെയും സവിശേഷതകളെടുക്കുന്നു. നാലു മൃഗങ്ങളെപ്പററി പ്രതിപാദിക്കുന്ന വിശുദ്ധഗ്രന്ഥഭാഗം അത്തരത്തിൽപ്പെട്ടതാണു്: സിംഹം, കരടി, പുള്ളിപ്പുലി, കുറേക്കൂടി ഭീകരമായ മറെറാന്നു്. 'നാലു്' എന്നു വിശുദ്ധ ഗ്രന്ഥം പറഞ്ഞിരിക്കുന്നതു് ഓരോന്നും അതിന്റെ പ്രകൃതത്തിൽ മൃഗമാണു് എന്നതിനാലത്രേ (ദാനി. 7:4ff). അതുപോലെയാണു്, 'രണ്ടാളുകളുടെ സാക്ഷ്യം സത്യമാണു്' എന്ന വാചകം (യോഹ. 8:17). കാരണം, ഓരോന്നും സ്വഭാവത്താലേ മററതെന്തോ അതാകുന്നു. 'രണ്ടു് യജമാനന്മാരെ സേവിക്കാൻ ആർക്കും സാധിക്കയില്ല' എന്ന വാചകവും അപ്രകാരമാണു് (മത്താ. 6:24). കാരണം, ദൈവത്തെ സേവിക്കുന്നതുപോലെയുള്ള ശ്രദ്ധയോടുകൂടി മാമോനെ സേവിക്കുന്നവനു് രണ്ടു് യജമാനന്മാരുണ്ടു്.

ഇവിടെയും, അവയിൽ ഓരോന്നും സ്വഭാവത്താലേ പുത്രനും കർത്താവുമായിരുന്നെങ്കിൽ രണ്ടു പുത്രന്മാരെന്നോ

www.malankaralibrary.com



രണ്ടു കർത്താക്കന്മാരെന്നോ, ആളുകളുടെ എണ്ണമനുസരിച്ച പറയാമായിരുന്നു. എന്നാൽ ഒന്നു സ്വഭാവത്താലേ പുത്രനും കർത്താവുമായിരിക്കുകയും മററു സ്വഭാവത്താലേ പുത്രനും കർത്താവും അല്ലാതിരിക്കുകയും ചെയ്യുമ്പോഠം ഏകജാതനായ ദൈവവചനവുമായുള്ള പരിപൂർണമായ ഐക്യത്തിൽനിന്നാണു രണ്ടാമത്തേതു് ഈ വിശേഷങ്ങഠം സ്വീകരിക്കുന്നതെന്നു നാം വിശ്വസിക്കുന്നു. അതുകൊണ്ടു് ഒരേ ഒരു പുത്രനെയുള്ളു എന്നു നാം പ്രഖ്യാപിക്കുന്നു. സത്യമായും പുത്രനും കർത്താവുമായിരിക്കുന്നവനാണു സ്വഭാവത്താലേ ഇവ സ്വന്തമായിട്ടുള്ളതെന്നു നാം മനസ്സിലാക്കുന്നു. അവൻ ആരിൽ വസിക്കുന്നുവോ ആ ആലയത്തെ ചിന്തയിൽ നാം കൂട്ടിച്ചേർക്കുന്നു. അവനുമായുള്ള അഭേദ്യബന്ധത്താൽ അവനിൽ അവിടുന്നെപ്പോഴും അഭേദ്യമായി വസിക്കുന്നു. അക്കാരണത്താൽ അവൻ പുത്രനും കർത്താവുമാണെന്നു നാം വിശ്വസിക്കുന്നു.

16. ഇനിയും ഏതെങ്കിലും വേദഭാഗത്തു്, എടുക്കപ്പെട്ടവനെ 'പുത്രൻ' എന്നു വിളിക്കുന്നെങ്കിൽ, തന്നെ എടുത്തവൻ നിമിത്തമാണു് അവൻ പുത്രൻ എന്നു വിളിക്കപ്പെടുന്നതു് എന്നു കാണാവുന്നതാണു്. 'ശാരീരികമായി ദാവീദിൻെറ വംശത്തിൽ നിന്നുണ്ടായ പുത്രനെക്കുറിച്ചു്' (റോമ.1:3) എന്നു പറയുമ്പോഠം ദൈവവചനത്തെയല്ല, എടുക്കപ്പെട്ട ദാസൻെറ രൂപത്തെ, ശാരീരികമായി ദാവീദിൻെറ ബീജത്തിൽ നിന്നുള്ളവനെ, ആണു് പുത്രൻ എന്നു് അവൻ വിളിക്കുന്നതെന്നു വ്യക്തമാണല്ലോ. വാസ്തവത്തിൽ, ദൈവമല്ല മാംസമായിത്തീർന്നതു്; ദൈവമല്ല ദാവീദിൻെറ വംശത്തിൽനിന്നുത്ഭവിച്ചതു്. പിന്നെയോ, നമ്മെപ്രതി എടുക്കപ്പെട്ട മനുഷ്യനാണു്; അവനെയാണു ഭാഗ്യവാനായ പൗലോസ് പുത്രനെന്നു വിളിച്ചതു്. നാം അവനെ പുത്രനായി മനസ്സിലാക്കുകയും അങ്ങനെ വിളിക്കുകയും ചെയ്യുന്നു; അവൻ നിമിത്തമല്ല, പിന്നെയോ, സത്യപുത്രനുമായി അവനുള്ള ഐക്യം നിമിത്തമാണു്.

17. 'നിങ്ങഠംപോയി എല്ലാ ജനതകളെയും പഠിപ്പിച്ചു് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ' (മത്താ. 28:19) എന്നു നമ്മുടെ കർത്താവു തൻെറ ശിഷ്യരെ പഠിപ്പിച്ചു പറഞ്ഞതു് ഈയർത്ഥത്തിലാണു്.

ഈ പ്രബോധനം ഈ രീതിയിൽ നാം ഉയർത്തിപ്പിടിക്കുന്നു. പിതാവിനെ ദൈവസ്വഭാവമെന്നും പരിശുദ്ധാത്മാവിനെ പിതാവിൽനിന്നുള്ള ദൈവസ്വഭാവമെന്നും നാം വിളി

www.malankaralibrary.com



ക്കുന്നതുപോലെ, പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും കാര്യത്തിലെന്നപോലെ, പുത്രനെ ഏകജാതൻെറ ദൈവസ്വഭാവമെന്നു നാം വിളിക്കുന്നു. എന്നാൽ ദൈവത്വത്തെ സംബന്ധിച്ചുള്ള നമ്മുടെ അറിവിനോട് എടുക്കപ്പെട്ട മനുഷ്യനെ നാം കൂട്ടിച്ചേർക്കുന്നു; അവൻ വഴിയാണ് അവനെ എടുത്ത ദൈവസ്വഭാവത്തെപ്പററി നമുക്ക് അറിവുണ്ടായതു്. അതായതു്, വചനമായ ദൈവവും അവൻെറ പിതാവും പരിശുദ്ധാത്മാവും. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'എന്നിൽ വസിക്കുന്ന പിതാവാണ് ഈ പ്രവൃത്തികൾ ചെയ്യുന്നതു്' (യോഹ. 14:10) പരിശുദ്ധാത്മാവു പ്രാവുപോലെ ഇറങ്ങി അവനിൽ വസിച്ചു എന്നു പരിശുദ്ധാത്മാവിനെപ്പററിയും എഴുതപ്പെട്ടിരിക്കുന്നു (മത്താ. 3:16). 'ഞാനെൻെറ പിതാവിലും എൻെറ പിതാവു് എന്നിലും ആകുന്നു' (യോഹ. 17:21) എന്നതനുസരിച്ചു്, പിതാവിനെ പുത്രനിൽനിന്നും പുത്രനെ പിതാവിൽനിന്നും വേർതിരിക്കാൻ സാധിക്കാത്തതുപോലെ പിതാവിനെ പരിശുദ്ധാത്മാവിൽനിന്നും വേർതിരിക്കാൻ സാധിക്കയില്ല. വിശുദ്ധഗ്രന്ഥം പറയുന്നു: 'മനുഷ്യൻെറ മനോഗതങ്ങൾ അവൻെറ അന്തരാത്മാവല്ലാതെ ആരാണറിയുക? ദൈവത്തിൻെറ വിചാരങ്ങളെ ദൈവത്തിൻെറ ആത്മാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല' (1 കൊരി. 2:11). നാം ജീവനുള്ള മനുഷ്യജീവികളായിരിക്കുന്നിടത്തോളം നമ്മുടെ ആത്മാവു നമ്മിൽനിന്നു വേർപെട്ടുല്ല കഴിയുക. അതുപോലെ പരിശുദ്ധാത്മാവു വേർപാടു കൂടാതെ, എപ്പോഴും പിതാവായ ദൈവത്തോടുകൂടിയാണെന്നു് ഇതു കാണിക്കുന്നു. അതുകൊണ്ടു് അവനെടുത്ത ആ ദാസൻെറ രൂപത്തിൽ അവശ്യാവശ്യം അവൻ പുത്രനായിരുന്നു; പിതാവു പുത്രനോടും പരിശുദ്ധാത്മാവിനോടുമൊപ്പം ഉണ്ടായിരുന്നു.

18. 'എന്നെ സ്നേഹിക്കുന്നവൻ എൻെറ കൽപ്പനകൾ കാക്കുന്നു; ഞാനവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും' (യോഹ. 14:23) എന്നും 'ഞാനും എൻെറ പിതാവും അവൻെറ പക്കലേക്കു വരുകയും ഞങ്ങളുടെ വാസം അവനോടുകൂടെ ആക്കുകയും ചെയ്യും' (യോഹ. 14:21) എന്നും മനുഷ്യരെ കുറിച്ചു് അവിടുന്നു പറഞ്ഞെങ്കിൽ, ജഡത്തിലുള്ള മിശിഹാകർത്താവിൽ പിതാവു പുത്രനോടും പരിശുദ്ധാത്മാവിനോടുമൊപ്പം വസിക്കുന്നതിൽ അദ്ഭുതപ്പെടുന്നതെന്തു്?' 'പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു്' എന്നു പറയുമ്പോൾ നാം ദൈവസ്വഭാവത്തിനു പേരുനൽകുന്നു; അതിലൂടെയാണു മതത്തിലേക്കു നാം അനീതരാകുന്നതും സ്നാനപ്പെടുന്നതും. അതുപോലെ 'പുത്രൻ' എന്നു

www.malankaralibrary.com



പറയുമ്പോഠം ഏകജാതന്റെ ദൈവസ്വഭാവത്തെയാണ നാം പരാമർശിക്കുക. അതേ സമയം നമ്മുടെ രക്ഷയ്ക്കുവേണ്ടി എടുക്കപ്പെട്ട മനുഷ്യനെയും നാം നമ്മുടെ ചിന്തയിൽ ശരിയായി ഉഠംപ്പെടുത്തുന്നു. വചനമായ ദൈവം വെളിപ്പെട്ടതും പ്രസംഗിക്കപ്പെട്ടതും ഇപ്പോഠം വസിക്കുന്നതും അവനിലാണ്. എന്നാൽ പിതാവും പരിശുദ്ധാത്മാവും അവനിൽനിന്നു വിദൂരത്തിലല്ല. കാരണം, ത്രിത്വം വേർതിരിക്കാൻ പാടില്ലാത്തതാണ്; അതിനു് അശരീരവും യാതൊന്നിനാലും നിയന്ത്രിക്കപ്പെടാത്തതുമായ ഒരേ ഒരു സ്വഭാവമാണുള്ളതു്. ഈ സംഗതികഠംവിശുദ്ധ ലിഖിതത്തിൽനിന്നു നാം ഗ്രഹിച്ചിരിക്കുന്നു; അതനുസരിച്ചു നാം ചിന്തിക്കയും വിശ്വസിക്കയും വേണം.

നാം പ്രസംഗിച്ച ഇത്രയും സംഗതി മതിയായതിനാൽ അതോടുകൂടി പിതാവായ ദൈവത്തിനും തന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും എന്നുമെന്നേയ്ക്കും മഹത്വം കൂട്ടിച്ചേർക്കാം. ആമ്മീൻ.

www.malankaralibrary.com

# ൯
# ഒൻപതാം പ്രസംഗം

1. പിതാവിനെയും പുത്രനെയും കുറിച്ചു നമ്മുടെ അനുഗൃഹീതപിതാക്കന്മാരുടെ പ്രബോധനം നിങ്ങൾ ശ്രവിച്ചല്ലോ. ആ വന്ദ്യപിതാക്കന്മാർ നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങൾ അവഗണിക്കാതെ തന്നെ വിശുദ്ധ ലിഖിതങ്ങളുടെ പ്രബോധനം അനുസരിച്ചും ക്രമമായുമാണ് പഠിപ്പിച്ചത്. അതിന്റെ ബാക്കിയായി എഴുതപ്പെട്ടിരിക്കുന്നവ സംബന്ധിച്ച് ഇന്നു നമുക്ക് ചർച്ച ചെയ്യാം. പരിശുദ്ധാത്മാവിനെപ്പററിയാണ് ഇന്നത്തെ പ്രതിപാദനം. ശ്രേഷ്ഠമായ സിനഡിനായി എല്ലാ ഭാഗങ്ങളിൽനിന്നും നിഖ്യാനഗരത്തിൽ ഒന്നിച്ചുകൂടിയ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ വിശദീകരണമൊന്നും കൂടാതെ ഋജുവായി 'പരിശുദ്ധാത്മാവിലും' എന്നു മാത്രം പറഞ്ഞുവച്ചു. ആ കാലഘട്ടത്തിലെ ശ്രോതാക്കൾക്ക് ഇത്രമാത്രം മതിയെന്ന് അവർ കരുതി. ആര്യന്മാരുടെ പീഡനങ്ങൾ നിമിത്തം പൗരസ്ത്യദേശത്തു വരാൻ സാധിക്കാതിരുന്ന പാശ്ചാത്യ മെത്രാന്മാർ തങ്ങളുടേതായ ഒരു സിനഡുകൂടി പരിശുദ്ധാത്മാവിനെപ്പററിയുള്ള ഒരു സമ്പൂർണ പ്രബോധനം മററവർക്കുശേഷം നമുക്ക് പ്രദാനം ചെയ്തു. പിന്നീട്, ദൈവകൃപ മതപീഡനത്തിന് അന്ത്യം കുറിച്ചപ്പോൾ പൗരസ്ത്യമെത്രാന്മാർ പാശ്ചാത്യ സിനഡു കൈമാറിയ പ്രബോധനം സന്തോഷപൂർവം അംഗീകരിക്കുകയും മററവരുടെ തീരുമാനവുമായി യോജിക്കുകയും അവർ പറഞ്ഞതിനെ പിൻതാങ്ങുകയും ചെയ്തു. അതിനോടുള്ള യോജിപ്പ് കാണിച്ചു. ലോകം മുഴുവനുംനിന്നു നിഖ്യാനഗരത്തിൽ കൂടിയ ആദ്യത്തെ സിനഡിൽവച്ച് ഭാഗ്യവാന്മാരായ പിതാക്കന്മാർ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു പഠിപ്പിച്ച സംഗതിയുടെ പൂർത്തീകരണത്തിനായി പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയ്ക്ക് അവർ വ്യക്തമായ കാരണം നൽകുന്നു എന്ന് സംഗതികളുടെ ആഴത്തിലേക്കിറങ്ങിച്ചെന്നാൽ സ്പഷ്ടമാകും.

www.malankaralibrary.com



2. പരിശുദ്ധാത്മാവിനെപ്പററി പിന്നീട് പറയപ്പെട്ട സംഗതികളെല്ലാംകൂടി പൂർണരൂപത്തിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ നൽകാതിരുന്നതിൻെറ കാരണം വ്യക്തവും സുസ്പഷ്ടവുമാണ്. അക്കാലത്താണ് ഭക്തിരഹിതനായ ആരിയസ്, ദൈവത്തിൻെറ ഏകജാതനും വചനമായ ദൈവവുമായവൻ സൃഷ്ടിക്കപ്പെട്ടവനും ഇല്ലായ്മയിൽ നിന്നുണ്ടാക്കപ്പെട്ടവനും ആണെന്ന് പഠിപ്പിച്ച് ദൈവപുത്രനെതിരേ ആദ്യമായി ദൂഷണം പറഞ്ഞു ദുഷ്ടത പ്രചരിപ്പിച്ചത്. ഇതുനിമിത്തം നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ശരിയായി ഒന്നിച്ച ശ്രേഷ്ഠമായ ഒരു സിനഡുകൂടി. പാഷണ്ഡികളുടെ ദുഷ്ടതയെ നശിപ്പിക്കുന്നതിനും സഭയുടെ വിശ്വാസം ഉറപ്പിക്കുന്നതിനുംവേണ്ടി സമ്മേളിക്കാൻ ദൈവസ്നേഹിതനും ഭാഗ്യവാനുമായ കോൺസ്ററൻൈറൻ അവരെ പ്രേരിപ്പിച്ചതിനാൽ അതു് സിനഡിനു പററിയ മുഹൂർത്തമായിരുന്നു. ഇക്കാരണത്താലാണ് ദൈവത്തിൻെറ സഭയുടെ സത്യവിശ്വാസം ഉറപ്പിക്കുന്നതിനും ആരിയസിൻെറ പാഷണ്ഡതയെ തകർക്കുന്നതിനും വേണ്ടി വ്യക്തമായ പ്രസ്താവനകളും നിരവധി വാക്കുകളും പുത്രനെപ്പററി പഠിപ്പിച്ചപ്പോഴും അവർ ഉപയോഗിച്ചത്. പരിശുദ്ധാത്മാവിനെപ്പററി അവർ അപ്രകാരം ചെയ്യാഞ്ഞതിൻെറ കാരണം പാഷണ്ഡികൾ അക്കാലത്തൊന്നും അവിടത്തേപ്പററി തർക്കങ്ങൾ ഉന്നയിച്ചിരുന്നില്ല എന്നതത്രേ. സത്യവിശ്വാസത്തിൻെറ പൂർണതയ്ക്ക് തങ്ങളുടെ വിശ്വാസപ്രമാണത്തിൽ ശരിയായ സ്ഥാനത്ത് നമ്മുടെ കർത്താവിൻെറ പ്രബോധനമനുസരിച്ച പരിശുദ്ധാത്മാവിൻെറ നാമം ചേർത്താൽ മതിയെന്നും പിതാവിനോടും പുത്രനോടും കൂടി വിശ്വാസപ്രമാണത്തിലും വിശ്വാസപ്രഖ്യാപനത്തിലും ഇതും പ്രഖ്യാപിക്കപ്പെടേണ്ടതാണെന്ന് എല്ലാവരേയും പഠിപ്പിക്കേണ്ടതാണെന്നും അവർ കരുതി. പിതാവിനോടും പുത്രനോടുമൊപ്പം പരിശുദ്ധാത്മാവിനെയും പേരു പറഞ്ഞു് പ്രഖ്യാപിക്കാതെയും പരിശുദ്ധാത്മാവിൽ വിശ്വസിക്കാതെയും ദൈവഭയമുള്ളവനായിരിപ്പാൻ ഒരുവനും കഴിയുന്നതല്ല.

3. 'പരിശുദ്ധാത്മാവിലും' എന്ന അവരുടെ വാക്കുകളുടെ അർത്ഥമിതാണ്. ഒരു സൃഷ്ട വസ്തുവിനെയും ഉൾപ്പെടുത്താതിരുന്ന മനുഷ്യർ അതേ വിശ്വാസപ്രമാണത്തിൽ, സൃഷ്ടിക്കപ്പെടാത്ത സ്വഭാവത്തിൽനിന്ന് എല്ലാ സൃഷ്ട വസ്തുക്കളെയും വേർതിരിക്കാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ പിതാവിനോടും പുത്രനോടുംകൂടെ തങ്ങളുടെ വിശ്വാസത്തിലും പ്രമാണത്തിലും ശ്രദ്ധാപൂർവം പരിശുദ്ധാത്മാവിനെ ഉൾപ്പെടുത്തുകയില്ലായിരുന്നു. ഇപ്രകാരം പിതാവിനോടും പുത്ര

www.malankaralibrary.com



നോടുംകൂടെ പരിശുദ്ധാത്മാവിനെ പേരു പറഞ്ഞ് പ്രഖ്യാപിക്കേണ്ടതു് ആവശ്യമായിരുന്നു. കാരണം പരിശുദ്ധാത്മാവും സൃഷ്ടിക്കപ്പെടാത്ത സ്വഭാവത്തിൽ നിന്നാണ്. അവിടുന്നു് നിത്യതയിലേ ഉണ്ടായിരുന്ന ആളും എല്ലാററിന്റെയും കാരണവും ആകുന്നു. ഒരു സൃഷ്ടിക്കും നൽകപ്പെടാത്ത ആരാധനയ്ക്കു് അവനും അർഹനാണ്. ഇതു് എപ്രകാരമാണെന്നു നമ്മുടെ വിശ്വാസപ്രമാണം സാക്ഷിക്കുന്നു. സൃഷ്ടിക്കപ്പെട്ട പ്രകൃതിയിലല്ല ദൈവികവും സൃഷ്ടിക്കപ്പെടാത്തതുമായ സ്വഭാവത്തിലാണ് നാം വിശ്വാസപ്രഖ്യാപനം നടത്തുക. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ തങ്ങളുടെ ബുദ്ധിയുപയോഗിച്ച് ഒരു നവീനോപദേശം കണ്ടുപിടിച്ചു കുറിച്ചു വയ്ക്കുകയല്ല ചെയ്തതു്. പ്രത്യുത 'നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ മാമോദീസാ മുക്കുവിൻ' എന്നു് നമ്മുടെ കർത്താവു് തന്റെ ശിഷ്യരെ പഠിപ്പിച്ച പ്രബോധനത്തെ (മത്താ. 28:19) അവർ വ്യക്തമായി പിൻചെല്ലുക മാത്രമാണു ചെയ്തതു്.

അവിടുന്നു തന്റെ ശിഷ്യരെ സമസ്തലോകത്തിന്റെയും പ്രബോധനകരാക്കി. തങ്ങൾ നേരത്തെ ഉൾപ്പെട്ടിരുന്ന ബഹുദേവതാരാധന എന്ന അബദ്ധത്തിൽനിന്നു ജനതകളെ മാനസാന്തരപ്പെടുത്താൻ അവിടുന്നു കല്പിച്ചു എന്നതു വ്യക്തവും സുസ്പഷ്ടവുമാണല്ലോ. ജനതകൾ സൃഷ്ടികളെ സ്രഷ്ടാവെന്നു വിളിക്കുകയും ബഹുമാനമർഹിക്കാത്ത പ്രകൃതികൾക്കു ബഹുമാനം കൊടുക്കുകയും ചെയ്തു വന്നു. നിത്യവും സൃഷ്ടിക്കപ്പെടാത്തതും എല്ലാററിന്റെയും ഹേതുവുമായ ദൈവസ്വഭാവത്തിന് സത്യാരാധനയർപ്പിക്കണം എന്നു് ജാതികളെ പഠിപ്പിക്കാൻ അവിടുന്നു് കല്പിച്ചു. സ്വഭാവത്താലേ ദൈവമല്ലാത്തയാളിന്റെ ശിഷ്യരാകുവാനായിട്ടല്ല സ്വഭാവത്താലേ ദൈവമല്ലാത്തവയെ ആരാധിക്കുക എന്ന അബദ്ധത്തിൽനിന്നു ജനതകളെ മാനസാന്തരപ്പെടുത്താൻ ആണ് അവിടുന്നു കല്പിച്ചതു്. ദൈവങ്ങൾ എന്നു് തെററായി വിളിക്കപ്പെടുന്നവയ്ക്കുപകരം സൃഷ്ടിക്കപ്പെടാത്തതും എല്ലാററിന്റെയും കാരണവും സ്വഭാവത്താലേ കർത്താവും ദൈവവും ആകയാൽ കർത്താവെന്നും ദൈവമെന്നും ഉള്ള പേരിനു ശരിയായി അർഹവുമായ സ്വഭാവത്തെപ്പററി പ്രസംഗിക്കാനാണ് അവിടുന്നു് കല്പിച്ചതു്. ഈ വിശ്വാസമത്രേ മതത്തെ സംബന്ധിച്ച ശരിയായിട്ടുള്ള വിജ്ഞാനം, എല്ലാ നല്ല സംഗതികളുടെയും കാരണവും ഈ വിശ്വാസം തന്നെയാണ്.

www.malankaralibrary.com



നാം സ്നാനമേററതും മാമ്മോദീസാവഴി ദിവ്യവും അവാച്യവുമായ നന്മകളിലുള്ള ഭാഗഭാഗിത്വം നമുക്ക് വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നതും ഈ നാമത്തിലാണ്. നമുക്കു ലഭിക്കുമെന്നു നാം പ്രതീക്ഷിക്കുന്ന നന്മകളുടെ കാരണമല്ലാത്ത ഒരാളെ മാമോദീസായിൽ പേരു ചൊല്ലി വിളിക്കുകയില്ല. സ്വർഗീയവും അനശ്വരവുമായ ദാനങ്ങൾ നമുക്കു നൽകും എന്ന പ്രതീക്ഷയിൽ മാമ്മോദീസാ എന്ന ദാനം നാം സ്വീകരിക്കുമ്പോൾ അതു നൽകാൻ അവിടുത്തേക്കു കഴിവുള്ളതിനാലാണ് അവനെ നാം പേർ വിളിക്കുന്നത്.

4. 'നസ്രായനേശുവിന്റെ നാമത്തിൽ എഴുന്നേററു നടക്കുക' എന്ന പ്രഖ്യാപനത്തിൽ (നട. 3.5) മുടന്തന്റെ സൗഖ്യത്തിന് കാരണക്കാരൻ ക്രിസ്തുവാണ് എന്ന് അവൻ കാണിക്കുന്നു. അതുപോലെ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ മുക്കുക' എന്ന കല്പന വഴി നമുക്കു ലഭിക്കുമെന്നു നാം പ്രതീക്ഷിക്കുന്ന എല്ലാ നന്മകളുടെയും കാരണം മാമോദീസായുടെ അവസരം ഉച്ചരിക്കപ്പെടുന്ന ഈ നാമങ്ങളാണെന്ന് അവൻ വ്യക്തമായി കാണിക്കുന്നു. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്ന് പറഞ്ഞിരിക്കുന്നത് വൃഥായല്ല, പിന്നെയോ ഭാവിയിലെ നല്ല സംഗതികൾ നമുക്ക് ലഭിക്കും എന്ന പ്രത്യാശ ഈ നാമത്തിൽ നിന്നു നമുക്കു ലഭിക്കാൻ വേണ്ടിയാണ്.

'നിന്നെയല്ലാതെ വേറൊരു കർത്താവിനെയും ഞങ്ങളറിയുന്നില്ല നിന്റെ നാമത്തിൽ ഞങ്ങൾ വിളിക്കപ്പെടുന്നു' എന്ന പ്രവാചകവാക്യവും (ഏശ. 27:13) ഇത്തരത്തിൽപ്പെട്ടതാണ്. സത്യകർത്താവല്ലാതെ മററാരേയും അവർ അംഗീകരിക്കുന്നില്ല, കർത്താവെന്ന് വിളിക്കുന്നുമില്ല എന്നാണു പ്രവാചകൻ വ്യക്തമാക്കുന്നത്. വീണ്ടും 'നിന്റെ തിരുനാമത്തിൽ ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ കാൽക്കീഴമർത്തും' (സങ്കീ. 44:5) 'നിന്റെ നാമത്തിൽ ഞങ്ങളുടെ കൊമ്പ് ഉയർത്തപ്പെടും' (സങ്കീ. 89:24) എന്നതു് തന്റെ നാമത്തിൽ ശത്രുക്കളുടെമേൽ അവർ വിജയശ്രീലാളിതരായി എന്നു കാണിക്കാനത്രേ. മറെറാരിടത്തു് അവൻപറയുന്നു 'കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും' (സങ്കീ. 116:17). അതായതു് അവിടുന്ന് കർത്താവാണെന്നും എന്റെ എല്ലാ നന്മകളുടേയും കാരണം അവിടുന്നാണെന്നും ഞാൻ വിശ്വസിച്ചു.

5. രാജ്യങ്ങളെല്ലാം തങ്ങളുടെ എല്ലാ നന്മകളുടേയും കർത്താവായി ഈ നാമത്തെ നോക്കിപ്പാർത്തുകൊണ്ടിരിക്കുക

www.malankaralibrary.com



യായിരുന്നു എന്നു തൻെറ ശിഷ്യർ ഗ്രഹിക്കാൻ വേണ്ടി 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്ന് ഇവിടെ നമ്മുടെ കർത്താവു് പറയുന്നു. കാരണം നാം സ്നാനപ്പെട്ട 'പിതാവു് പുത്രൻ പരിശുദ്ധാത്മാവു്' എന്നു വിളിക്കപ്പെടുന്ന സ്വഭാവം സത്യമായും കർത്താവാകുന്നു. നാം പ്രതീക്ഷിക്കുന്ന സ്വർഗ്ഗീയ നന്മകൾ നല്കുവാൻ അവിടുന്നു് കഴിവുററവനാണു്. ഈ നന്മകളുടെ പ്രത്യാശയിലാണല്ലോ മാമോദീസായുടെ കൃപയിലേക്കു നാം അടുക്കുന്നതു്.

നാം ശിഷ്യത്വത്തിലേക്കാനീതരാകുന്ന പ്രവൃത്തിയിലും സ്നാനത്തിലും പിതാവിനെ പേരുവിളിക്കാൻ അവിടുന്നു കല്പിച്ചു. കാരണം, നിത്യവും എല്ലാററിൻെറയും ഹേതുവും മാമോദീസായുടെ വാഗ്ദാനത്തിൽ ഉൾക്കൊണ്ടിരിക്കുന്ന നന്മകൾ നമുക്കു നൽകാൻ കഴിവുററതുമായ ദൈവസ്വഭാവമാണു് അവിടുന്നു്. പുത്രനെയും പേരുചൊല്ലി വിളിക്കാൻ അവിടുന്നു കല്പിച്ചു. കാരണം, പുത്രനും പിതാവിൻെറ അതേ സ്വഭാവമാണു്. അതേ നന്മകൾ നമുക്കു പ്രദാനംചെയ്യാൻ അവിടുന്നു് കഴിവുററവനാണു്. ഇക്കാരണത്താൽ തന്നെയാണു് അവിടുന്നു് പിതാവിനോടും പുത്രനോടുംകൂടി പരിശുദ്ധാത്മാവിനെയും പേരുവിളിച്ചതു് എന്നു് വ്യക്തമാണു്. അതായതു്, നിത്യവും എല്ലാററിൻെറയും കാരണവും യഥാർത്ഥത്തിൽ കർത്താവെന്നും ദൈവമെന്നും വിളിക്കപ്പെടാൻ അർഹവുമായ അതേ സ്വഭാവമാണു് അവിടുത്തേക്കുള്ളതു്.

6. സൃഷ്ടവും സൃഷ്ടിയല്ലാത്തതുമായ പ്രകൃതികളെക്കുറിച്ചു് ഈ വിശ്വാസത്തിൽ പ്രതിപാദിക്കണമെന്നവിടുന്നാഗ്രഹിച്ചിരുന്നെങ്കിൽ, സൃഷ്ടിക്കപ്പെട്ട കോടാനുകോടി വസ്തുക്കളെ, അതായതു്, എല്ലാററിനെയും, അവിടുന്നു് വിട്ടുകളഞ്ഞു എന്നു് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. സുബുദ്ധിയുള്ളവരാരും ഇങ്ങനെ ചിന്തിക്കയില്ലല്ലോ.

നമ്മുടെ കർത്താവു് ദിവ്യജ്ഞാനത്തിൻെറ പ്രബോധനം നമുക്കു് പകർന്നുതരികയും ദിവ്യനാമത്തെപ്പററി നമ്മേ പഠിപ്പിക്കുകയും ചെയ്യുകയായിരുന്നു എന്നതു് വ്യക്തമാണു്. ആ ദിവ്യനാമം ദിവ്യസ്വഭാവത്തിനു ചേർന്ന വിധമത്രേ. ആ ദിവ്യസ്വഭാവത്തിലാണു് നാം സ്നാനപ്പെട്ടതു്. നമുക്കു് ഭാവിനന്മകൾ നല്കുവാൻ അതു കഴിവുററതുമാണു്. നിത്യവും എല്ലാററിൻെറയും കാരണവുമായ ദിവ്യസ്വഭാവം അല്ലാതെ മറെറാരു നാമവും ഭാവിനന്മകളുടെ കാരണമായി നാം അന്വേഷിക്കേണ്ടതില്ലെന്നു് അവൻ നമ്മോടു് അനുശാസിക്കുന്നു. നിത്യവും എല്ലാററിൻെറയും കാരണവുമായ ദിവ്യസ്വഭാവം ഏകമല്ലെങ്കിൽ

www.malankaralibrary.com



പിതാവിനോടൊപ്പം പരിശുദ്ധാത്മാവിനെയും അവൻ പേരു വിളിക്കുകയില്ലായിരുന്നു എന്നതു് വ്യക്തമാണല്ലോ. കർത്താവു്, ദൈവം എന്നീ പേരുകൾ ആ ദിവ്യസ്വഭാവത്തിനു സത്യമായും ചേർന്നതാണു്. അതിന്റെ കൃപയാൽ നാമും ഭാവിയിലെ നന്മകളിൽ ഭാഗഭാക്കുകളാകും.

'പരിശുദ്ധാത്മാവിലും' എന്നു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പറഞ്ഞപ്പോൾ അവർ ഇതും ഉദ്ദേശിച്ചു. നമ്മുടെ കർത്താവിന്റെ പ്രബോധനങ്ങളെ അവർ പിൻതുടരുന്നു എന്നു മററുള്ളവർ അവരെപ്പററി ധരിക്കാൻ അത്രേ അവരിതു പറഞ്ഞതു്. അതുപോലെ, കർത്താവിന്റെ പ്രബോധനമനുസരിച്ചു പിതാവിനോടും പുത്രനോടുമൊപ്പം അവർ പരിശുദ്ധാത്മാവിനെയും പേർ പറഞ്ഞു എന്നു് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാനുമത്രേ. കാരണം, അവനും പുത്രനെപ്പോലെ, പിതാവിന്റെ അതേ ദൈവസ്വഭാവമാണു്. നാം അവനിൽ വിശ്വസിക്കുകയും ഭാവി നന്മകളുടെ ഹേതുഭൂതൻ എന്ന നിലയിൽ അവനെ ആരാധിക്കുകയും വേണം.

7. പരിശുദ്ധാത്മാവിനെതിരെ പാഷണ്ഡികൾ സംശയങ്ങളൊന്നും ഉന്നയിക്കാതിരുന്നതിനാലത്രേ കൂട്ടിച്ചേർക്കലുകൾ കൂടാതെ, മുകളിൽ പറഞ്ഞ ലഘുവാചകത്തിൽ അവർ എല്ലാം ഉൾക്കൊള്ളിച്ചതു്. നമ്മുടെ കർത്താവിന്റെ പ്രബോധനം അനുസരിച്ചു് 'ആത്മാവു്' എന്ന പേരിനു മുൻപു് വിശുദ്ധ എന്ന വിശേഷണം സത്യത്തെ ബഹുമാനിക്കുന്നവർക്കുള്ള പരിപൂർണപ്രബോധനത്തിനു മതിയായതാണെന്നു് അവർ കരുതി.

നമ്മുടെ കർത്താവിന്റെ പ്രബോധനം അനുസരിച്ചു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ വാചകം സന്മനസ്സുള്ളവർക്കു വാസ്തവത്തിൽ മതിയായതാണു്. കാരണം ദൈവത്തെ സംബന്ധിച്ചുള്ള നമ്മുടെ വിശ്വാസപ്രഖ്യാപനത്തിൽ ഒരു മനുഷ്യനെക്കുറിച്ചുള്ള സംഗതികളിൽഎങ്ങനെ വിശ്വസിക്കണമെന്നു് അവർക്കു് പഠിപ്പിക്കാനാകുമായിരുന്നില്ല.പുത്രൻപിതാവിനോടുകൂടി സമസത്തയാണെന്നു്വിശ്വസിക്കണം എന്നു് വ്യക്തമായി പഠിപ്പിച്ചവർ, പരിശുദ്ധാത്മാവും പിതാവായ ദൈവത്തിന്റെ അതേ ദൈവസ്വഭാവമാണെന്നു് അറിഞ്ഞിരുന്നില്ലെങ്കിൽ പരിശുദ്ധാത്മാവിനെപ്പററി തങ്ങളുടെവിശ്വാസപ്രമാണത്തിൽ ഇപ്രകാരമുള്ള ഒരു വാക്കുകൂട്ടിച്ചേർക്കുകയില്ലായിരുന്നു.

www.malankaralibrary.com



8. വിശുദ്ധ ലിഖിതം പഠിപ്പിച്ചതുപോലെ അവൻെറ സ്വഭാവം വ്യക്തമാക്കുവാൻ പരിശുദ്ധാത്മാവ് എന്ന നാമം മാത്രം മതിയാകുന്നതാണ്. പരിശുദ്ധാത്മാവ് ദൈവസ്വഭാവത്തിൽ നിന്നല്ലെങ്കിൽ ഈ ദൈവിക നാമത്താൽ അവൻ അപ്രകാരം വിളിക്കപ്പെടുകയില്ലായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ ആത്മാവ് എന്ന വാക്ക് അനേക സംഗതികളെ കുറിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്: മാലാഖമാർ ആത്മാക്കൾ എന്നു വിളിക്കപ്പെടുന്നു. 'അവൻ തൻെറ മാലാഖമാരെ ആത്മാക്കളായി ഉണ്ടാക്കി' (സങ്കീ. 104:4). നമ്മുടെ ആത്മാക്കളെ കുറിക്കാൻ: 'അവൻെറ ആത്മാവു് അവനിൽനിന്നു പോകുമ്പോൾ അവൻ മണ്ണിലേക്കു മടങ്ങുന്നു' (സങ്കീ.146:4). അതുപോലെ കാററിനെപ്പററിയും: 'അവൻ കാററടിപ്പിക്കുന്നു. വെള്ളമൊഴുകുന്നു'. (സങ്കീ. 147:18). നമ്മുടെ ഇന്ദ്രിയങ്ങൾക്കു കൃത്യമായി ഗ്രഹിക്കുവാനും വ്യക്തമായി വിവരിക്കുവാനും സാധിക്കാത്ത ദൃശ്യവസ്തുക്കളോടു താരതമ്യപ്പെടുത്തുമ്പോൾ സൂക്ഷ്മസ്വഭാവമുള്ള എല്ലാ വസ്തുക്കളേയും നാം ആത്മാക്കൾ എന്നു വിളിക്കുന്നു.

9. സാധാരണ ഭാഷയിൽ 'ആത്മാക്കൾ' എന്ന വാക്ക് അനേക സംഗതികളെക്കുറിക്കുവാൻ ഉപയോഗിക്കുന്നുവെങ്കിലും ആത്മാവെന്ന ഈ വാക്ക്, വിശുദ്ധ ലിഖിതം നമ്മെ പഠിപ്പിക്കുന്നതുപോലെ, അശരീരിയും അതിർത്തി നിർണയിക്കാൻ പാടില്ലാത്തതുമായദൈവസ്വഭാവത്തിനു മാത്രമുള്ളതാണ്. പരിശുദ്ധാത്മാവു് അപ്രകാരം വിളിക്കപ്പെടുന്നു. അതുപോലെ അവൻ സത്യാത്മാവാണ്. ഇതിന് വിശുദ്ധ ലിഖിതം സാക്ഷ്യം വഹിക്കുന്നു. ഇക്കാരണത്താലാണ് 'ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ സത്യത്തിലും ആത്മാവിലും ആരാധിക്കണം' എന്നു സമറിയാസ്ത്രീയോടു് നമ്മുടെ കർത്താവു പറഞ്ഞതു് (യോഹ. 4:24). ദൈവത്തെ ആരാധിക്കേണ്ടതു് ഒരു പ്രത്യേക സ്ഥലത്താണെന്നു പറഞ്ഞു യൂദന്മാർക്കെതിരേ തർക്കിക്കുകയും, ജറുശലേമിലാണോ ഗരിസീം മലയിലാണോ ദൈവത്തെ ആരാധിക്കുന്നതിനു് യോജിച്ച സ്ഥലമെന്നു ചോദിക്കുകയും ചെയ്തവളാണ് ആ സ്ത്രീ. നമ്മുടെ കർത്താവു പറഞ്ഞതിൻെറ അർത്ഥം ഇതാണ്: ദൈവം ഈ സ്ഥലത്തോ ആ സ്ഥലത്തോ കൂടുതലായി ഉണ്ടു് എന്നു വിശ്വസിക്കുന്നതിനാൽ നിങ്ങൾക്കെല്ലാവർക്കും വഴി തെററിപ്പോയി. അശരീരിയും അതിർത്തി നിശ്ചയിക്കപ്പെടാത്തവനുമായ ദൈവം ഒരു സ്ഥലത്തും ബന്ധിതനല്ല. മറിച്ച് എല്ലാ സ്ഥലത്തും ഒരുപോലെയാണ്. ദൈവം അശരീരിയും അതിർത്തിയില്ലാത്തവനും ആണെന്നു വിശ്വസിക്കുകയും, ദൈവം ഒരു സ്ഥലത്തും ബന്ധിതനും പരിധികല്പിക്കപ്പെട്ടവനും അല്ലെന്നു്

www.malankaralibrary.com



ശ്രദ്ധമനസ്സാക്ഷിയോടുകൂടി ചിന്തിക്കുകയും ചെയ്തുകൊണ്ടു ദൈവത്തെ ആരാധിക്കുമ്പോൾ അതു് നല്ലതും ചേരേണ്ടതുമായ സത്യാരാധനയാകുന്നു.

10. 'ഞാൻ ആകുന്നു' എന്ന നാമം വഹിക്കുന്ന നിരവധി ജീവികൾ ഉണ്ടു്. ഇല്ലായ്മയിൽനിന്നു് സൃഷ്ടിക്കപ്പെട്ടവ സ്ഥിതിചെയ്യുന്നതിനാൽ ഇപ്രകാരം വിളിക്കപ്പെടാവുന്നതാണു്. തന്റെ നാമത്തെപ്പററി ചോദിച്ച ഭാഗ്യവാനായ മോശയോടു് ദൈവം, 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു. ഇതാണു് എന്നേയ്ക്കുമുള്ള എന്റെ നാമം. ഇങ്ങനെവേണം എല്ലാ തലമുറകളിലും ഞാൻ അനുസ്മരിക്കപ്പെടാൻ' (പുറ. 3:14–15) എന്നരുളിച്ചെയ്തു. മറെറാന്നും ഇല്ല എന്ന അർത്ഥത്തിലല്ല 'ഞാൻ ആകുന്നു' എന്നു് അവൻ പറഞ്ഞതു്. പിന്നെയോ, 'ഞാൻ ആകുന്നു' എന്ന നാമം ശ്രേഷ്ഠമായ രീതിയിൽ തനിക്കുള്ളതാണു് എന്ന അർത്ഥത്തിലത്രേ. അവൻ ഒരിക്കൽ ആയിരിക്കുകയും ഒരിക്കൽ അല്ലാതിരിക്കുകയും ചെയ്തു എന്ന അർത്ഥത്തിലല്ല. പിന്നെയോ നിത്യമായും എന്നേക്കും അവൻ 'ഞാനാകുന്നവൻ' എന്നത്രേ. അതുപോലെ 'ആത്മാക്കൾ' എന്ന പേരിൽ അനേക ജീവികൾ ഉണ്ടു്. എന്നാൽ 'ആത്മാവു്' എന്ന വാക്കു് അശരീരിയും അതിർത്തി നിർണയിക്കപ്പെടാത്തതുമായ ദൈവസ്വഭാവത്തിനു ശ്രേഷ്ഠമായും സത്യമായും ചേരുന്നതാണു്.

11. 'പരിശുദ്ധാത്മാവു്' എന്നു വിശുദ്ധ ലിഖിതം പറയുമ്പോൾ പൊതുവായ അർത്ഥത്തിലാണു് പറയുന്നതു്; ശ്രോതാക്കളുടെ മനസ്സിൽ ദ്വയാർത്ഥം ജനിപ്പിക്കുന്നു. 'പരിശുദ്ധാത്മാവു്' എന്നു കേൾക്കുമ്പോൾ വിശുദ്ധ ഗ്രന്ഥം ഉദ്ദേശിക്കുന്ന കൃത്യമായ അർത്ഥം എന്താണു്? ആത്മാക്കൾ എന്നു വിളിക്കപ്പെടുന്ന ജീവികൾക്കെല്ലാം ഈ പദം ഉപയോഗിക്കുന്നുണ്ടല്ലോ? എന്നു ചിന്തിക്കുകയും പറയുകയും ചെയ്യാനിടയാകും' എന്നൊക്കെ തർക്കിക്കുവാൻ സാധ്യമാണെങ്കിൽ, 'ഞാൻ ആകുന്നു' എന്ന നാമത്തിനു് തുല്യമാണു് ഇതു് എന്നു പറയേണ്ടിയിരിക്കുന്നു. വിശുദ്ധ ലിഖിതം ദൈവത്തെക്കുറിക്കാൻ ഇതുപയോഗിക്കുന്നു. കാരണം 'ഞാനാകുന്നു' എന്ന പേരിനാൽ അനേക ജീവികൾ അറിയപ്പെടുന്നതിനാൽ ആരെപ്പററിയാണു് ഇതെന്നു കൃത്യമായി മനസ്സിലാക്കുവാൻ നമുക്കു പ്രയാസമാണു്. മനുഷ്യനെപ്പററിയാണോ മറേറതെങ്കിലും ജീവിയെപ്പററിയാണോ എന്നു് വ്യക്തമല്ല. അപ്പോൾ ഇതു സൂചിപ്പിക്കുന്ന ആളിനെപ്പററി ആകുന്നതിനു് ഈ പദത്തോടു കൂട്ടിച്ചേർക്കൽ ആവശ്യമത്രേ. ദൈവത്തെ 'ഞാനാകുന്നു' എന്നോ 'ആത്മാവു്' എന്നോ നാം വിളിക്കുമ്പോൾ ഈ അർത്ഥത്തിലല്ല നാം മനസ്സിലാക്കേണ്ടതു്. കാരണം 'ഞാനാകുന്നു'വെന്നു്

www.malankaralibrary.com



നാം ദൈവത്തെ വിളിക്കുമ്പോഠം സത്യത്തിൽ അവൻ മാത്രം ഞാനാകുന്നുവെന്നും 'ആത്മാവെന്നു' വിളിക്കുമ്പോഠം സത്യത്തിൽ അവൻ മാത്രം ആത്മാവാകുന്നു എന്നും നാം മനസ്സിലാക്കുന്നു.

12. 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്നു വിശുദ്ധ ലിഖിതം പറയുമ്പോഠം ഏതുതരം ആത്മാവിനെപ്പററിയാണ് അതു പറയുന്നതെന്നു മനസ്സിലാക്കുകയും പരിശുദ്ധാത്മാവിനെപ്പററി നാം ചർച്ചചെയ്യുകയും ചെയ്യുക ആവശ്യമാണ്. എന്നാൽ ഈ വേദഭാഗം ചർച്ച ചെയ്യേണ്ടതാണെന്നു കരുതുക ഭ്രാന്താണ്. കാരണം പിതാവിനോടും പുത്രനോടുമൊപ്പം എല്ലായിടത്തും ആരെമാത്രം ഈ പേരിൽ വിശുദ്ധലിഖിതം വിളിക്കുന്നുവോ, ആ ആളിനെപ്പററിത്തന്നെയാണിതു്. മാമോദീസായിൽ ഈ നാമമാണു നമുക്കു നൽകപ്പെട്ടതു്. എല്ലാ ആത്മാക്കളും പൊതുവായി 'അരൂപികഠം' എന്ന പൊതുനാമം സ്വീകരിക്കുന്നു. കാരണം, ദൃശ്യ വസ്തുക്കളുമായി താരതമ്യപ്പെടുത്തുമ്പോഠം അവയ്ക്കു സൂക്ഷ്മ സ്വഭാവമാണുള്ളതു്. നമ്മുടെ ബാഹ്യേന്ദ്രിയങ്ങഠംകൊണ്ടു് ഒരു രീതിയിലും അവയെ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ആത്മാവെന്ന പദം ശരിയായും ശ്രേഷ്ഠമായ രീതിയിലും ദൈവസ്വഭാവത്തെക്കുറിക്കുന്നു. കാരണം, അശരീരിയും അതിർത്തിയില്ലാത്തവനുമായ സത്യാത്മാവാണ് അവിടുന്നു്. ദൈവസ്വഭാവത്തെ ഈ രീതിയിലാണു നാം മനസ്സിലാക്കുക. പിതാവിനോടും പുത്രനോടുമൊപ്പം ഈ നാമത്താൽ പരിശുദ്ധാത്മാവു വിളിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. കാരണം അവരുമായി അവൻ സമസത്തയാണ്.

നിരവധി 'പിതാക്കന്മാർ' ഉണ്ടെങ്കിലും 'പിതാവു്' എന്ന വാക്കുകേഠംക്കുമ്പോഠം നിത്യനും ശക്തനുമായ ദൈവത്തെ സത്യമായി കുറിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. 'പുത്രൻ' എന്നു് അനേകരെ വിളിക്കാമെങ്കിലും നിത്യനായ പിതാവിൻെറ പുത്രനും അവനിൽ നിത്യമായി സ്ഥിതിചെയ്യുന്നവനും ആയിരിക്കുന്നവനും സത്യമായി അവൻ മാത്രമാണെന്നു നാം മനസ്സിലാക്കുന്നു—നമ്മോടുകൂടിയുള്ള പുത്രന്മാർ മനുഷ്യബീജത്തിൻെറ രൂപാന്തരീകരണത്തിലൂടെ ജനിക്കുകയും പിന്നീടു പുത്രന്മാരെന്നു വിളിക്കപ്പെടുകയും ചെയ്യുന്നവരത്രേ—അതുപോലെ പരിശുദ്ധാത്മാവെന്നു നാം കേഠംക്കുമ്പോഠം ആത്മാവെന്നു വിളിക്കപ്പെടുന്ന ജീവികളിൽ ഒന്നിനെപ്പററിയല്ല നാം ചിന്തിക്കുക. പിന്നെയോ, ഈ പേരിനാൽ സത്യമായി വിളിക്കപ്പെടുകയും അശരീരിയും അതിർത്തി ഇല്ലാത്തവനും പിതാവിനോടും

www.malankaralibrary.com



പുത്രനോടും കൂടി ആരാധിക്കപ്പെടുകയും ചെയ്യുന്ന ഏക ദൈവ സ്വഭാവത്തെയാണ് നാം ഉദ്ദേശിക്കുക.

13. 'ആത്മാവ്' എന്ന നാമത്തിനുള്ള അർത്ഥമാണു 'വിശുദ്ധ' എന്ന വിശേഷണത്തിനുള്ളത്. 'അവൻെറ പിതാവിൻെറയും അവൻെറ വിശുദ്ധമാലാഖമാരുടെയും മഹത്വത്തിൽ അവൻ വരുമ്പോൾ' (ലൂക്കോ. 9:26; മത്താ. 25:31) എന്ന വാചകത്തിലെപ്പോലെ 'വിശുദ്ധ' എന്ന വിശേഷണമുള്ള നിരവധി ജീവികൾ ഉണ്ടെങ്കിലും, 'അത്യുന്നതൻെറ കൂടാരം 'വിശുദ്ധം' ആകുന്നു' എന്നവാചത്തിലെപ്പോലെ (സങ്കീ. 46:4) ഈ പേരിൽ അറിയപ്പെടുന്ന നിരവധി വസ്തുക്കൾ ഉണ്ടെങ്കിലും, ദൈവത്തിൽനിന്നു വിശുദ്ധി പ്രാപിച്ച എന്ന അർത്ഥത്തിൽ പൊതു ഉപയോഗം കൊണ്ടു മാത്രം ഇവ വിശുദ്ധം എന്നു വിളിക്കപ്പെടുന്നവയാണു്. 'നീ പരിശുദ്ധനും നിൻെറ നാമം ബഹുമാന്യവും' എന്നു സത്യമായി പറയപ്പെട്ടിരിക്കുന്നു (സങ്കീ. 111:9). ശ്ലീഹന്മാർപോലും ദൈവസ്വഭാവത്തിനു ചേർന്ന രീതിയിൽ, ദൈവത്തെ മഹത്വപ്പെടുത്തുന്നതങ്ങളുടെ സ്തുതിഗീതത്തിൽ 'സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും തൻെറ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു' എന്നു പാടി (ഏശാ. 6:8).

മാററമില്ലാത്തതും വ്യതിയാന രഹിതവുമായ സ്വഭാവം ഉള്ളവനും മറെറാരാളിൽനിന്നു വിശുദ്ധി കിട്ടിയിട്ടില്ലാത്തവനും തനിക്കിഷ്ടമുള്ളവർക്കെല്ലാം വിശുദ്ധി പ്രദാനം ചെയ്യുന്നവനും മാത്രമാണു സത്യമായും വിശുദ്ധൻ. ഈ രീതിയിൽ വിശ്വാസപ്രഖ്യാപനത്തിൻെറയും മാമോദീസായുടെയും അവസരം പിതാവിനോടും പുത്രനോടുംകൂടി ഏററുപറയുന്നവനെ മാത്രം പരിശുദ്ധാത്മാവെന്നു വിശുദ്ധ ലിഖിതം വിളിക്കുന്നു. കാരണം, പരിശുദ്ധാത്മാവ് എന്ന നാമം ദൈവസ്വഭാവത്തിനു മാത്രം സത്യമായും അർഹിക്കുന്നതാണു്. ഇക്കാരണത്താലാണ്, പരിശുദ്ധാത്മാവെന്ന നാമശ്രവണത്തിൽ ഇതു് ആരെപ്പററിയാണെന്നു നാം ചോദിക്കാത്തതു്. കാരണം, സ്വഭാവത്താലേ അവിടുന്നു മാത്രം പരിശുദ്ധാത്മാവാണെന്നും തൻെറ സ്വഭാവത്തിന് അർഹമായ രീതിയിൽ പിതാവിനോടും പുത്രനോടുമൊപ്പം പേർ വിളിക്കപ്പെടുന്നവനാണെന്നും നാം അറിയുന്നു.

14. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും സ്വഭാവം ഏകമാകുന്നു. പിതാവിനെയും പുത്രനെയും അതേ തലത്തിൽ പരിശുദ്ധാത്മാവിനെയും പ്രതി

www.malankaralibrary.com



ഷ്ഠിച്ചതുവഴി നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ മതിയാം വിധം പരിശുദ്ധാത്മാവിന്റെ സ്വഭാവത്തെപ്പററി നമ്മേ പഠിപ്പിച്ചു എന്നു സൻമനസ്സുള്ള എല്ലാവർക്കും ഇതിൽനിന്നു് എളുപ്പം മനസ്സിലാകും. നമ്മുടെ കർത്താവു തന്റെ ശിഷ്യരോടു് ഉച്ചരിച്ച വാക്കുകൾക്കു ചേർന്ന രീതിയിലത്രേ അവർ ഇക്കാര്യം വ്യക്തമായി പഠിപ്പിച്ചതു്. തന്റെ ദൈവസ്വഭാവത്തിനു ചേർന്ന രീതിയിലുള്ള ഒരു നാമമാണു് അവർ അവിടുത്തേക്കു നല്കിയതു്. തങ്ങൾ പഠിപ്പിച്ച വിശ്വാസ പ്രമാണത്തിൽ ഈ നാമം ചേർക്കുക മാത്രം മതി എന്നു് അവർ തീരുമാനിച്ചു. കാരണം, അവിടുത്തെ സ്വഭാവം വ്യക്തമാക്കുവാൻ അവിടുത്തേക്കു മാത്രമുള്ള ഈ നാമം മതിയായതാണെന്നു് അവർ കരുതി.

സംഗതി ഇങ്ങനെയിരിക്കെ ദുഷ്ടന്മാർ മാത്രമാണധിക്കാരപൂർവം പരിശുദ്ധാത്മാവിനെ ദാസനെന്നും സൃഷ്ടിയെന്നും വിളിക്കുക. അവരുടെ ഇടയിലുള്ള മററു ചിലരാകട്ടെ ഈ വാക്കുകൾ ഇതുപോലെ പ്രയോഗിക്കുന്നില്ലെങ്കിലും അവനെ ദൈവമെന്നു വിളിക്കുവാൻ വിസമ്മതിക്കുന്നു. അതുകൊണ്ടു്, ലോകത്തിന്റെ എല്ലാഭാഗത്തുനിന്നും ഒന്നിച്ചുകൂടുകയും, ഭാഗ്യവാന്മാരായ ആദിപിതാക്കന്മാരുടെ പിൻഗാമികൾ ആയിരിക്കുകയും ചെയ്ത സഭാമല്പാന്മാർ ചുമതലാബോധത്തോടുകൂടി എല്ലാ മനുഷ്യരുടെയും മുൻപാകെ തങ്ങളുടെ പിതാക്കന്മാരുടെ ഹിതം പ്രഖ്യാപിക്കുകയും കൃത്യമായ ചർച്ചകളിലൂടെ അവരുടെ വിശ്വാസത്തിന്റെ വാസ്തവികത വ്യക്തമാക്കുകയും അവരുടെ മനസ്സു വ്യാഖ്യാനിക്കുകയും ചെയ്തു. വിശ്വാസമുള്ള മക്കൾക്കു് മുന്നറിയിപ്പു നൽകുവാനും പാഷണ്ഡികളുടെ തെററിനെ നശിപ്പിക്കുവാനും അവർ നമുക്കായി എഴുതിവച്ചു. ആരിയൂസിന്റെ നിരീശ്വരത്വത്തെ തറപററിക്കാനായി പുത്രനെപ്പററിയുള്ള തങ്ങളുടെ വിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ ചെയ്തതുപോലെ, പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറഞ്ഞവർക്കെതിരെ അവർ പരിശുദ്ധാത്മാവിനെപ്പററിയും എഴുതി.

15. മാമോദീസായിൽ തന്റെ നാമം സൂചിപ്പിക്കുന്നതുവഴി മരണത്തിൽനിന്നും ജീർണതയിൽനിന്നും നമ്മെ സ്വതന്ത്രരാക്കി നമ്മുടെ കർത്താവിന്റെ പ്രബോധനം അനുസരിച്ചു നമ്മെ നവീകരിക്കുന്നവനെ ഒരു സൃഷ്ടിയെന്നും ദാസനെന്നും വിളിക്കുന്നതു് ഏററം വലിയ തെററായിരിക്കുമെന്നും അവർ കരുതി. കാരണം, നമ്മെ സ്വതന്ത്രരാക്കുവാൻ ഒരു സൃഷ്ടിയ്ക്കും കഴിയുകയില്ല. നമ്മെ നവീകരിക്കുവാൻ ഒരു ദാസ

www.malankaralibrary.com



നെക്കൊണ്ടാവില്ല. ഒരു സൃഷ്ടിയും ദാസനുമല്ലാത്തവൻ ദൈവമാണെന്നുള്ളതു് വ്യക്തമായതിനാൽ സത്യദൈവത്തെ ദൈവമെന്നു വിളിക്കുവാൻ വൈഷമ്യം കാട്ടുന്നതു് തെററായി അവർ കരുതി. അവൻ സൃഷ്ടിയാണെങ്കിൽ അവൻ ദാസനുമാണു്. ദാസനും സൃഷ്ടിയും സത്യദൈവം അല്ല. പിതാവിനോടും പുത്രനോടും കൂടി അവൻെറ നാമം വിളിക്കപ്പെടുന്നതുവഴി അവൻ നമുക്കു സ്വാതന്ത്ര്യവും നവീകരണവും പ്രദാനം ചെയ്യുമെന്നു നാം വിശ്വസിക്കുന്നു. അങ്ങനെയുള്ള ആളെ സൃഷ്ടിയെന്നോ, ദാസനെന്നോ വിളിക്കുന്നതു വലിയ തെററും കൊടിയ ദൈവദൂഷണവും ആണു്. അവനെ ദൈവമെന്നു വിളിക്കുവാൻ കടമ നമ്മെ നിർബന്ധിക്കുന്നു. കാരണം, നമ്മേ സൃഷ്ടിക്കുവാനും നവീകരിക്കുവാനും സ്വതന്ത്രരാക്കുവാനും ദൈവസ്വഭാവത്തിനല്ലാതെ മറെറാരു സ്വഭാവത്തിനും സാധിക്കുകയില്ല. സൃഷ്ടിക്കപ്പെടാത്തതും നിർമ്മിക്കപ്പെടാത്തതും എല്ലാററിൻെറയും കാരണവുമായ ദൈവസ്വഭാവത്തിനു മാത്രമേ തൻെറ ഇച്ഛാനുസരണം തൻെറ സൃഷ്ടികളെ നവീകരിക്കുവാൻ കഴിയൂ. തനിക്കിഷ്ടമുള്ളപോലെ അവയ്ക്കു സ്വാതന്ത്ര്യം നൽകുവാൻ അവനു മാത്രമേ അധികാരമുള്ളു.

16. ഇക്കാരണത്താൽ പിതാവിനോടും പുത്രനോടുംകൂടെ പരിശുദ്ധാത്മാവു് ദൈവസ്വഭാവമാണെന്നു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ തങ്ങളുടെ വിശ്വാസപ്രമാണത്തിൽ പ്രഖ്യാപിച്ചതു ശരിയായിട്ടുതന്നെയാണു്, 'ഏക പരിശുദ്ധാത്മാവിലും' എന്ന ചുരുങ്ങിയ വാക്കുകളിലൂടെ വിശുദ്ധ മാമോദീസായ്ക്കണയുന്നവർക്കു് സഭയുടെ സത്യപ്രബോധനം ഉറപ്പിക്കുവാൻ വേണ്ടിയാണു് അവർ ഇപ്രകാരം ചെയ്തതു്. 'പരിശുദ്ധാത്മാവിലും' എന്നതിൽനിന്നു് വ്യത്യസ്തമല്ല നമ്മുടെ പിതാക്കന്മാർ എഴുതിയ സംഗതി. വിശുദ്ധലിഖിതം നമ്മെ പഠിപ്പിച്ചതുപോലെ പരിശുദ്ധാത്മാവു് ഏകനാണു് എന്നു നന്നായി അറിയാമായിരുന്നിട്ടും നമ്മുടെ പിതാക്കന്മാർ 'ഏക' എന്ന ഈ വാക്കു് ഉപയോഗിച്ചു് 'ഏകപരിശുദ്ധാത്മാവിലും' എന്നു പറഞ്ഞുകൊണ്ടു് അതിൻെറ അർത്ഥം വ്യക്തമാക്കി. അങ്ങനെ വിശുദ്ധ ലിഖിതങ്ങളുടെ ഭാഷ അവരും സ്വീകരിച്ചു. വിശുദ്ധ ലിഖിതങ്ങൾ ഏകപിതാവിലും ഏകപുത്രനിലും ഏകപരിശുദ്ധാത്മാവിലും എന്നാണു് പറയുന്നതു്.

'ഏക ആത്മാവിൽ ഒരു ശരീരത്തിലേക്കു നാമെല്ലാവരും സ്നാനപ്പെട്ടു' എന്നു് ഭാഗ്യവാനായ പൗലോസ് ഒരിടത്തു പറഞ്ഞിരിക്കുന്നതു് (1 കൊരി. 12: 18) ഇക്കാരണത്താലാണു്. 'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ഒരു

www.malankaralibrary.com



ശരീരവും ഒരാത്മാവുമേയുള്ളു. സകലത്തിലുമുപരിയും സകലത്തിലൂടെയും നാമെല്ലാവരിലും വർത്തിക്കുന്നവനും എല്ലാവരുടെയും പിതാവുമായ ദൈവം ഒരുവൻ എന്നു് മറെറാരിടത്തും പറയുന്നു (എഫേ. 4: 5:6). വീണ്ടും, 'ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവു ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവു ഒന്നുതന്നെ. പ്രവർത്തനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാററിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒന്നുതന്നെ' എന്നു് വേറൊരിടത്തും കാണുന്നു (1 കൊരി. 12: 4–6). ഒരു കർത്താവേ ഉള്ളൂ. കാരണം അവിടുന്നു കർത്താവാണു്. അവനല്ലാതെ വേറെ കർത്താവില്ല. ഒരു ദൈവമേയുള്ളു; അവനെ കൂടാതെ വേറെ ദൈവമില്ല. അതുപോലെ ഒരു ആത്മാവേ ഉള്ളു; അവനല്ലാതെ വേറെ ആത്മാവില്ല എന്നു് അവൻ വ്യക്തമായി ഇവിടെ കാണിക്കുന്നു. സൃഷ്ടവസ്തുക്കൾ നിരവധിയും തങ്ങളുടെ സ്വഭാവത്തിൽ വൈവിധ്യം ഉള്ളവയും ആണു്. എന്നാൽ എല്ലാററിൻെറയും കാരണവും വ്യതിയാനരഹിതവുമായ സ്വഭാവം ഒന്നുമാത്രമേയുള്ളു. സൃഷ്ടവസ്തുക്കളുടെ കാരണമായും സൃഷ്ടിക്കപ്പെടാത്തതായും ഈ പ്രകൃതിക്കപ്പുറത്തു യാതൊന്നും ഇല്ല. ഈ സ്വഭാവം ഉള്ളവൻ സത്യമായും സൃഷ്ടിക്കപ്പെടാത്തതും എല്ലാററിൻെറയും കാരണവും ആണു്.

സത്യപിതാവും ദൈവസ്വഭാവവും ആയി ഒരേ ഒരു പിതാവും സത്യപുത്രനും ദൈവസ്വഭാവത്തിൽനിന്നുള്ളവനുമായി ഒരേ ഒരു പുത്രനും പരിശുദ്ധാത്മാവായി ഒരേ ഒരു പരിശുദ്ധാത്മാവും മാത്രം ഉള്ളതു് ഈ കാരണത്താലാണു്. ദൈവത്തെ ഈ നാമത്താൽ വിളിക്കുവാൻ വിശുദ്ധഗ്രന്ഥത്തിൽനിന്നു നാം പഠിച്ചിരിക്കുന്നു. പരിശുദ്ധാത്മാവു നിത്യസ്വഭാവത്തിൽ നിന്നുള്ളവനും ദൈവവും എല്ലാററിൻെറയും കാരണവും ആകുന്നു. അവനും സത്യദൈവവും കർത്താവും ആണു്. എന്തെന്നാൽ അവൻ എല്ലാററിനെയും സൃഷ്ടിച്ചു. അവനു് എല്ലാററിന്മേലും അധികാരമുണ്ടു്. അവൻ അപ്രകാരം വിളിക്കപ്പെടുന്നു. അവൻ സത്യാത്മാവാണു്. കാരണം അവൻ സത്യമായും അശരീരിയും അതിർത്തി ഇല്ലാത്തവനും അത്രേ. സ്വഭാവത്താലേ അവൻ മാത്രം വിശുദ്ധനും വ്യതിയാനരഹിതനും ആയതിനാൽ വിശുദ്ധി അവനു ചേർന്നതാകുന്നു. അവൻ തനിക്കിഷ്ടമുള്ളവർക്കു് വിശുദ്ധി പ്രദാനം ചെയ്യുന്നു. തിൻമയിലേക്കുള്ള ചായ്ചിലിൽനിന്നു് അവൻ അവരെ സ്വതന്ത്രരാക്കുന്നു.

സൃഷ്ടവസ്തുക്കൾ ഒന്നും സ്വഭാവത്താലേ വിശുദ്ധമല്ല. പിന്നെയോ, അവയുടെ കാരണത്തിൽനിന്നു് വിശുദ്ധി സ്വീകരിക്കുകയാണു്.

www.malankaralibrary.com



17. ഭാഗ്യവാനായ പൗലോസ് ഐക്യത്തിനും ഏകമനസ്സോടുകൂടി വ്യാപരിക്കുന്നതിനും എഫേസിയരെ ഉപദേശിച്ചപ്പോഠം അവർ ഏകമനസ്സോടുകൂടി ഇരിക്കേണ്ട ഈ സ്വഭാവത്തെപ്പററി ശരിയാംവണ്ണമാണ് പറഞ്ഞതു്. 'സമാധാനത്തിൻെറ ബന്ധത്തിൽ ആത്മാവിൻെറ ഐക്യം കാത്തുസൂക്ഷിക്കുവാൻ ശ്രദ്ധിക്കുവിൻ' (എഫേ. 4: 3). നിങ്ങളുടെ ആത്മീയ ബന്ധത്തിൽ ഒന്നായിരിക്കുവാൻ നിങ്ങഠം ആത്മാവിൽനിന്നു ജനിച്ചതുപോലെ ഐക്യപ്പെട്ട പരസ്പരം ബന്ധിതരായും ഇരിക്കണം. ഈ വാചകം വിശദീകരിച്ചുകൊണ്ടു് അവൻ പറഞ്ഞു: 'നിങ്ങളുടെ വിളിയുടെ ഏകപ്രത്യാശയിൽ നിങ്ങഠം വിളിക്കപ്പെട്ടിരിക്കുന്നതുപോലെ ഒരേ ശരീരവും ഒരേ ആത്മാവും' (എഫേ. 4: 4). കാരണം, ഒരേ ആത്മാവിൽ നിന്നു നിങ്ങഠം ജനിച്ചതിനാൽ ശിരസ്സായ ക്രിസ്തുവിൻെറ ഏകശരീരമായി നിങ്ങഠം തീർന്നിരിക്കുന്നു. എടുക്കപ്പെട്ട മനുഷ്യനിലൂടെ ദൈവസ്വഭാവവുമായി നമുക്കു ബന്ധമുണ്ടാകുവാനാണിതു്. ഭാവിലോകത്തിൽ അവനുമായി സംസർഗം ഉണ്ടാകുമെന്നു് നാം പ്രതീക്ഷിക്കുന്നു. നമ്മുടെ ബലഹീനശരീരം മാററപ്പെട്ടു് തൻെറ മഹത്വമുള്ള ശരീരത്തെപ്പോലെ ആയിത്തീരുമെന്നു് നാം വിശ്വസിക്കുന്നു (ഫിലി. 3: 21). ഇവയുടെ പ്രത്യാശയിലേക്കു് നാം വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിൻെറശക്തിയാൽ മാമോദീസായിൽ നാം ജനിച്ചിരിക്കുന്നു. അടയാളമായും ഭാവിസംഗതികളുടെ അച്ചാരമായും ആത്മാവിൻെറ ആദ്യഫലങ്ങഠം നാം സ്വീകരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിലൂടെ നാം വീണ്ടും ജനിച്ചിരിക്കുന്നു. മിശിഹായുടെ ഏകശരീരമായിരിക്കുക എന്ന ദാനം അവനിലൂടെ നാം പ്രാപിച്ചിരിക്കുന്നു.

18. ഈ വാചകം കുറേക്കൂടി വിവരിച്ചുകൊണ്ടു് ഭാഗ്യവാനായ പൗലോസ് പറയുന്നു: 'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ഒരു ശരീരവും ഒരു ആത്മാവുമേയുള്ളൂ. സകലത്തിലുമുപരിയും സകലത്തിലൂടെയും നാമെല്ലാവരിലും വർത്തിക്കുന്നവനും പിതാവുമായ ദൈവം ഏകൻ' (എഫേ. 4:5—6) നമ്മുടെ കർത്താവായി നാം വിശ്വസിക്കുന്ന കർത്താവു് ഏകൻ. നമ്മുടെ നിർമ്മാതാവായി നാം വിശ്വസിക്കുന്ന ദൈവം ഏകൻ. മാമോദീസായുടെ കൃപാവരത്താൽ അവനെ പിതാവെന്നു വിളിക്കുവാൻ നാം യോഗ്യരായിത്തീർന്നു. അതുപോലെ ആത്മാവും ഒന്നു്. അവനിലൂടെ നിങ്ങഠം വീണ്ടും ജനിച്ചു. ഒരു വിശ്വാസവും ഒരു മാമോദീസായും. പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നു നാം പറയുന്നുവെങ്കിലും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും

www.malankaralibrary.com



ഒരേ ഒരു സ്വഭാവം നാം പ്രഖ്യാപിക്കുന്നു. നമ്മുടെ വിശ്വാസത്തിലേക്ക് അതിനാലാണു നാം ആനീതരായിരിക്കുന്നത്. മാമോദീസായിൽ നാം അതിനെ പേരു വിളിക്കുന്നു. അതിലൂടെയാണു നമുക്കു ശിഷ്യത്വം ലഭിക്കുന്നത്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നാമങ്ങൾ ഒരേ സ്വഭാവം ആണെന്ന് അറിഞ്ഞിരുന്നില്ലെങ്കിൽ 'ഒരു വിശ്വാസം' എന്ന് അവൻ പറയുകയില്ലായിരുന്നുവെന്നു വ്യക്തമാണ്. മാമോദീസായുടെ അവസരം ഉച്ചരിക്കപ്പെടുന്ന ആ നാമങ്ങൾക്ക് ഒരേ ഒരു ശക്തിയും ഒരേ ഇച്ഛയും ഒരേ പ്രവൃത്തിയും ആണെന്ന് അവന് അറിയില്ലായിരുന്നുവെങ്കിൽ 'ഒരു മാമോദീസാ' എന്ന് അവൻ പറയുകയില്ലായിരുന്നു. നമ്മുടെ രണ്ടാം ജനനത്തിന്റെ കൃപ ഇതുവഴിയാണ് പൂർത്തീകരിക്കപ്പെട്ടത്.

'ഒന്ന്' എന്ന വിശേഷണപദം പരിശുദ്ധാത്മാവിന്റെ ദൈവസ്വഭാവം കൃത്യമായും മതിയാംവണ്ണവും നമ്മെ പഠിപ്പിക്കുന്നു. പിതാവ് ഒരുവനും പുത്രൻ ഒരുവനും ആയിരിക്കുന്നതുപോലെ അവനും ഒരുവനാണ്, എന്നാൽ അവർ ഓരോരുത്തരുടെയും സ്വഭാവം ഒന്നുതന്നെ. കാരണം, സൃഷ്ടിക്കപ്പെടാത്തതും നിത്യവും എല്ലാററിന്റെയും കാരണവും ആയ ദൈവസ്വഭാവം ഏകമാണ്. നിർമ്മാതാവിന്റെ ഇഷ്ടം അനുസരിച്ച് സൃഷ്ടവസ്തുക്കൾ നിരവധിയും വിവിധ സ്വഭാവങ്ങൾ ഉള്ളവയും ആണ്. സൃഷ്ടിക്കപ്പെടാത്തതും എല്ലാററിന്റെയും കാരണവും ആയ സ്വഭാവത്തിൽ എപ്പോഴും ആശ്രയിക്കുവാൻ അവ നിർബന്ധിതമാണ് എന്നതു സ്പഷ്ടമാണല്ലോ.

ഇന്നത്തേയ്ക്കു പറഞ്ഞ സംഗതികൾ ഇത്രയും മതിയാകുന്നതാണ്. ദൈവം അനുവദിക്കുമെങ്കിൽ ബാക്കിയുള്ളവ മറെറാരു ദിവസത്തേയ്ക്കു മാററിവയ്ക്കാം. അതുകൊണ്ട് നമ്മുടെ ഇന്നത്തെ പ്രസംഗം ഇങ്ങനെ അവസാനിപ്പിക്കാം. നമുക്കു പിതാവായ ദൈവത്തിനും ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും സ്തുതി അർപ്പിക്കാം. ആമ്മീൻ; ആമ്മീൻ.

www.malankaralibrary.com

# 10

# പത്താം പ്രസംഗം

1. ജ്ഞാനസ്നാനാവസരം പിതാവിനോടും പുത്രനോടുമൊപ്പം പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു എന്ന യാഥാർത്ഥ്യത്തിൽനിന്നു തന്റെ മഹത്വത്തിന്റെ ഔന്നത്യം പ്രസ്പഷ്ടമാക്കിക്കൊണ്ടു പരിശുദ്ധാത്മാവിനെപ്പററി നിങ്ങളുടെ സ്നേഹത്തോടു നാം സംസാരിച്ചതു നിങ്ങളുന്ന സ്മരിക്കുമെന്ന് എനിക്കറിയാം. വി. ലിഖിതങ്ങൾ ദൈവസ്വഭാവത്തിനു മാത്രം നൽകുന്ന 'പരിശുദ്ധാത്മാവ്' എന്ന നാമത്താൽ അവൻ മാത്രം വിളിക്കപ്പെടുന്നു എന്ന സംഗതിയാൽ മററതിനോടു തുല്യമായ മറെറാരു കാരണംകൂടി നാം മുന്നോട്ടു വയ്ക്കുകയുണ്ടായി. ഏകപുത്രൻ, ഏകദൈവം, ഏകകർത്താവ് എന്നപോലെ ഏക ആത്മാവ് എന്ന് അവൻ വിളിക്കപ്പെടുന്നു എന്ന സംഗതിയിൽനിന്നു നാം തെളിവു നൽകി. മതസംബന്ധമായ കാര്യങ്ങളിൽ സന്മനസുള്ളവർക്കു വിശുദ്ധലിഖിതത്തിൽ എഴുതിയിരിക്കുന്ന സംഗതി മതിയാവും. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ പ്രബോധനങ്ങളിലും ഇവയെല്ലാം എഴുതപ്പെട്ടിട്ടുണ്ട്. ദുഷ്ടമനസ്സിനെ പെട്ടെന്നു ബോധ്യപ്പെടുത്താൻ പററിയ വാക്കുകളില്ലാത്തതിനാൽ സത്യവിശ്വാസികൾക്കു മുന്നറിയിപ്പു നൽകുവാനും പാഷണ്ഡികളുടെ അബദ്ധത്തെ ഖണ്ഡിക്കാനും ആവശ്യമായി വന്നതിനാൽ പിതാക്കന്മാർ തങ്ങളുടെ പ്രബോധനത്തോട് ഒരു വാചകം കൂട്ടിച്ചേർത്തു. അങ്ങനെ, പുത്രനെപ്പററി പറഞ്ഞിരിക്കുന്നതിനോടു സാമ്യമുള്ള വാക്കുകൾ അവർ തങ്ങളുടെ പ്രബോധനത്തിൽ ഉൾപ്പെടുത്തി. 'ഏകജാതൻ' എന്നു വിളിക്കപ്പെടുന്നവൻ സത്യമായും തന്റെ പിതാവുമായി സമസത്തയായ പുത്രനാണ് എന്നതു് സത്യസ്നേഹികളായ സകലർക്കും മതിയായ സംഗതിയത്രേ; എന്നാൽ നാശത്തിലേക്കു തിരിഞ്ഞിരിക്കുന്ന ദുഷ്ടമനുഷ്യർ നിമിത്തം അവർ കൂട്ടിച്ചേർത്തു 'യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽ നിന്നു ജനിച്ചവനും നിർമ്മിക്ക

www.malankaralibrary.com



പ്പെടാത്തവനും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും തൻെറ പിതാവുമായി സമസത്തയും'. വിശ്വാസികളെ ഉറപ്പിക്കാനും സത്യദ്വേഷികളെ ശാസിക്കാനും 'ഏകജാതൻ' എന്ന നാമത്തിൻെറ അർത്ഥം ഈ രീതിയിൽ അവർ എല്ലാവർക്കും വ്യക്തമാക്കി.

2. അതുപോലെ, പരിശുദ്ധാത്മാവിനെ സംബന്ധിച്ച് വിശുദ്ധ ലിഖിതം നമുക്കു തന്ന നാമത്തിൻെറ ശരിയായ അർത്ഥം നൽകുന്ന ഒരു പദം ഇവിടെയും പിതാക്കന്മാർകൂട്ടിച്ചേർത്തു. സ്നാനത്തിൻെറയും നമ്മുടെ ക്രിസ്തീയ ജനനത്തിൻെറയും അവസരം ഈ നാമവും പിതാവിനോടും പുത്രനോടും കൂടി നാം ഏററുപറയുന്നു. പരിശുദ്ധാത്മാവു പിതാവായ ദൈവത്തിൻെറ ദൈവസ്വഭാവമാണ് എന്നതു് മതസംബന്ധമായ കാര്യങ്ങളിൽ സന്മനസ്സുള്ളവർക്ക് മതിയായതാണ്. എന്നാൽ ധിക്കാരികളും അബദ്ധത്തിൽ നിലനിൽക്കുന്നവരും ദൈവദൂഷകരുമായ ആളുകളെപ്രതിയും വിശ്വാസപ്രമാണങ്ങൾ വ്യക്തമാക്കുവാനും വിശ്വസനീയമായ പ്രബോധനങ്ങൾക്കു ശേഷവും, നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ചെറിയൊരു സംഗതി കൂട്ടിച്ചേർത്തു. ഇതു് എല്ലാവരുടെയും, പ്രത്യേകിച്ചു പരിശുദ്ധാത്മദാനം ഉടനെ സ്വീകരിക്കാൻ പോകുന്ന നിങ്ങളുടെയും ഗുണത്തിനുവേണ്ടിയാണ്.

3. 'ഏകപരിശുദ്ധാത്മാവിലും' എന്നു് അവർ പറഞ്ഞതു പുതുതായി കണ്ടുപിടിച്ച ഒരു പദപ്രയോഗമല്ല. നമ്മുടെ കർത്താവിൻെറ പ്രബോധനത്തിൽനിന്നു് എടുത്തിട്ടുള്ളതാണ്. മനുഷ്യനു ദൈവം നൽകുവാനിരിക്കുന്ന ഉത്ഥാനം ഏതുതരത്തിലുള്ളതായിരിക്കും എന്നു പഠിപ്പിക്കുവാൻ ആഗ്രഹിച്ച അവസരം തൻെറ എല്ലാ ശിഷ്യരോടുമായി പരിശുദ്ധാത്മാവിൻെറ കൃപ അവരിൽ ചൊരിയുമെന്നും അത്ഭുതാവഹവും സ്വീകരിക്കുവാൻ അർഹരായവരിൽ സ്ഥായിയായി നിലനില്ക്കുന്നതുമായ ഭാവി നന്മകളുടെ സന്തോഷം പരിശുദ്ധാത്മാവിൽ നിന്നാണുദ്ഭൂതമാകുന്നതു് എന്നും തൻെറ പീഡാനുഭവത്തിനു മുൻപ് നമ്മുടെ കർത്താവ് പറയുകയുണ്ടായി.

പരിശുദ്ധാത്മാവിൻെറ ഔന്നത്യവും മഹത്വവും സംബന്ധിച്ചു് തൻെറ പ്രബോധനത്തിൽ അവിടുന്നു് നമ്മെ നന്നായി പഠിപ്പിച്ചിട്ടുണ്ട്. വിശ്വാസികൾക്കു നൽകപ്പെടുന്ന കൃപയുടെ ഔന്നത്യം അവിടുന്നു നമ്മെ കാണിച്ചു. നമുക്കു നൽകപ്പെടുവാനിരിക്കുന്നതും നമ്മിൽനിന്നു് ഒരിക്കലും എടുക്കപ്പെടാത്തതുമായ അത്ഭുതകരമായ നന്മകളിൽ നാം ഉറപ്പായി വിശ്വ

www.malankaralibrary.com



സിക്കുന്നതിനുവേണ്ടിയാണിത്. അവിടുന്നിപ്രകാരം അരുളം ചെയ്തു. 'നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ കാക്കുവിൻ; ഞാനെന്റെ പിതാവിനോട്ട ചോദിക്കുകയും നിത്യവും നിങ്ങളോടുകൂടി ആയിരിക്കുവാൻഒരാശ്വാസപ്രദനെ അവൻ നിങ്ങൾക്കു നൽകുകയും ചെയ്യും'(യോഹ.14: 15–16). ഈ വാക്കുകളുടെ അർത്ഥമിതാണ്: 'എന്റെ കല്പനകൾ കാക്കുന്നതിൽ നിങ്ങൾ സ്ഥിരതയുള്ളവരായിരിക്കണം; ഒരു രീതിയിലും അവയിൽ നിന്നകന്നു മാററരുത്; വെറും സാധാരണവും സാന്ദർഭികവുമല്ലാത്ത ഒരു സംഗതി നിങ്ങൾ സ്വീകരിക്കുന്നതിനാൽ നിങ്ങൾ വലിയ ശ്രദ്ധയും താത്പര്യവും കാണിക്കേണ്ടിയിരിക്കുന്നു; പരിശുദ്ധാത്മാവിന്റെ കൃപയേക്കാൾ കുറഞ്ഞൊരു ദാനമല്ല നിങ്ങൾക്കു ലഭിക്കുക; അതെപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കും; നിങ്ങൾക്കു സ്വർഗീയദാനങ്ങൾ സദാ പ്രദാനംചെയ്യുകയും ചെയ്യും. പരിശുദ്ധാത്മാവിനർഹമായ ബഹുമാനത്തെപ്പററി പറയപ്പെട്ടതിനെ ഉറപ്പിച്ചുകൊണ്ടു 'സത്യാത്മാവ്' എന്നു അവൻ കൂട്ടിച്ചേർത്തു (യോഹ. 14:17). വ്യത്യാസമൊന്നും കൂടാതെ എല്ലാം സത്യത്തിൽ നൽകുക എന്നതു വാസ്തവത്തിൽ ആത്മാവിന്റെ സ്വഭാവമാണ്. പരിശുദ്ധാത്മാവ് നിത്യനും വ്യതിയാനരഹിതനും തന്റെ സ്വഭാവത്തിൽ മാററമില്ലാത്തവനും ആണല്ലോ. മാററമില്ലാത്തതും അനശ്വരവുമായ സ്വർഗീയദാനങ്ങളുടെ സന്തുഷ്ടി മററുള്ളവർക്കു നൽകുവാൻ അവൻ കഴിവുററവനാണ്.

4. അസത്യം അസ്ഥിരവും നശ്വരവുമാണെന്നും സത്യം സ്ഥിരവും അനശ്വരവുമാണെന്നും വിശുദ്ധ ലിഖിതം പറയുന്നു. ഇല്ലാത്ത സംഗതി ഉണ്ടെന്നു പറയുന്നവൻ കള്ളംപറയുന്നു; ഉള്ളതു് ഉണ്ടെന്നു പറയുന്നവൻ സത്യം പറയുന്നു. അതുകൊണ്ടു കള്ളത്തെ നിലനില്ക്കാത്ത സംഗതി എന്നു വിളിക്കുന്നു. കാരണം, അതു് ഇല്ലാത്ത ഒരുസംഗതിപോലെയായിത്തീരുന്നു. എന്നാൽ സത്യത്തെ സ്ഥിരമായി സ്ഥിതിചെയ്യുന്നതും നിലനിൽക്കുന്നതുമായ സംഗതി എന്നു വിളിക്കുന്നു. ഇക്കാരണത്താലാണ് ഭാഗ്യവാനായ ദാവീദ് പറഞ്ഞതു്: 'മനുഷ്യരെല്ലാം നുണയരാണെന്നു് എന്റെ പരിഭ്രാന്തിയിൽ ഞാൻ പറഞ്ഞു' (സങ്കീ.116:11). അതായതു്, ഞാൻ ഗർവിഷ്ഠനായിത്തീരുകയും എന്നെപ്പററി അഹന്ത ചിന്തിക്കയും ചെയ്തപ്പോൾ ഞാൻ ഒന്നുമല്ലാത്തപോലെയായി; നിന്റെ അത്ഭുതകരമായ സഹായം എന്നെ സഹായിച്ചില്ലെങ്കിൽ നാശത്തിന്റെ വക്കിലെത്തിയതുപോലെയായി ഞാൻ പെട്ടെന്നു് വലിയ കുഴപത്തിൽ നിപതിക്കുകയും അപകടത്തിലാകുകയും ചെയ്യും.

www.malankaralibrary.com



എൻെറമേൽ നിപതിച്ച നിരവധിയും ബഹുലവുമായ ആപത്തുകറം കണ്ട ഞാൻ അമ്പരന്നു; ഞാൻ എന്നെപ്പററി അഹന്ത ചിന്തിച്ചതു തെററായിട്ടാണെന്നു് എനിക്കു മനസ്സിലായി. ധനം, അധികാരം, ശക്തി ആദിയായി മനുഷ്യർ കാമ്യവും ശ്രേഷ്ഠവും ആയി പരിഗണിക്കുന്ന എല്ലാ സംഗതികളും ഇല്ലായ്മയാണെന്നും വാസ്തവത്തിൽ പൊള്ളയാണെന്നും എൻെറ അനുഭവത്തിൽനിന്നു് എനിക്കു മനസ്സിലായി. ഈ സംഗതികളെല്ലാം, പോരാ, നമ്മുടെ അസ്തിത്വംതന്നെയും പൊള്ളയാണു്; കാരണം, നമ്മെ കാണുന്നവരെ ചതിക്കാൻ നമ്മുടെ അസ്തിത്വംതന്നെ നാം അവതരിപ്പിക്കുന്നു. എന്നാൽ മരണം നമ്മെ വേർപെടുത്തി നാം ഇല്ലായ്മയാണെന്നു നമ്മെ അനുസ്മരിപ്പിക്കുന്നു. നമുക്കുണ്ടെന്നു നാം കരുതുന്ന വലിയ കാര്യങ്ങളൊക്കെ നമ്മുടെ ജീവിതാവസാനം നമ്മെ വിട്ടകലുന്നു.

5. കള്ളത്തെ നിലനില്ക്കാത്ത സംഗതിയെന്നും, സത്യത്തെ നശിച്ചുപോകാത്തതും നിലനില്ക്കുന്നതുമായ സംഗതിയെന്നും വിശുദ്ധഗ്രന്ഥം വിളിക്കുന്നു. 'ദയയും സത്യവും കണ്ടുമുട്ടുന്നു' (സങ്കീ. 84:10) എന്നു് അതു പറയുന്നു. ദൈവം സത്യമായി നമ്മോടു് ദയചെയ്യും എന്നു് ഇതു് കാണിക്കുന്നു. സത്യദൈവം എന്നു് അവിടുന്നു വിളിക്കപ്പെടുന്നതു്, നമുക്കെല്ലാവർക്കും സത്യമായി അതു് പ്രദാനംചെയ്യാൻ അവനു കഴിവുണ്ടു് എന്നതിനാലാണു്. 'കർത്താവേ, സത്യവാനായ ദൈവമേ, നീ ഞങ്ങളെ രക്ഷിച്ചു' (സങ്കീ. 31:5). കാരണം, നിനക്കിഷ്ടമുള്ളവർക്കു് അനശ്വരവും സുസ്ഥിരവുമായ നന്മകറം പ്രദാനംചെയ്യാൻ നീ മാത്രം കഴിവുററവനാകുന്നു. ദൈവം എല്ലാം പ്രദാനംചെയ്യാൻ സത്യമായും കഴിവുററവനാണെന്നു് കാണിക്കാൻ ദൈവത്തെപ്പററി ഈ സംഗതികളെല്ലാം ദാവീദു പറയുകയും ദൈവത്തെ സത്യദൈവമെന്നു് വിളിക്കുകയും ചെയ്യുന്നു.

6. പരിശുദ്ധാത്മാവു് ഭാവിലോകത്തിൽ നമുക്കു നൽകുന്ന നന്മകളുടെ യാഥാർത്ഥ്യം ഉറപ്പിക്കാനായി നമ്മുടെ കർത്താവും ഇതുപോലുള്ള കാര്യങ്ങറം പരിശുദ്ധാത്മാവിനെപ്പററി പറഞ്ഞിരിക്കുന്നു. അതിൻെറയത്ഥം ഇതത്രേ: 'പരിശുദ്ധാത്മാവിൻെറ കൃപാദാനം നിങ്ങറം പ്രാപിക്കുന്നു; തനിക്കിഷ്ടമുള്ളവർക്കു സ്വർഗീയവും അനശ്വരവുമായ നന്മകറം നൽകുന്നതു പരിശുദ്ധാത്മാവാണു്. അവിടുന്നു തൻെറ സ്വഭാവത്തിൽ നിത്യനും വ്യതിയാനരഹിതനും മാററമില്ലാത്തവനും ആകയാൽ അവൻ പ്രദാനംചെയ്യുന്നവ എന്നേക്കും നിലനിൽക്കുന്നവയാണു്. അവ മാററത്തിനു് വിധേയമാകുകയോ,

www.malankaralibrary.com



നശിക്കുകയോ ഇല്ല. അനശ്വരവും ശാശ്വതവുമായ ദാനങ്ങൾ പ്രദാനം ചെയ്യുന്നവൻ തന്റെ സ്വഭാവത്തിൽ നിത്യനും അനശ്വരനും ആകാതിരിക്കാൻ സാധ്യമല്ല.' അപ്രകാരമുള്ളവൻ നിത്യമായ ദൈവസ്വഭാവമാണ്. സ്വയമേനിത്യം നിലനില്ക്കാൻ കഴിവുള്ളതൊന്നുംസൃഷ്ടവസ്തുക്കളുടെ ഇടയിലില്ല. അപ്രകാരം എന്തെങ്കിലും ഉണ്ടെങ്കിൽ അതു് മററെന്തെങ്കിലും മൂലമാണ്. വാസ്തവത്തിൽ തന്റെ നിർമ്മാതാവു് നൽകാതെ സൃഷ്ടവസ്തുവിനുഎങ്ങനെയാണ് 'സ്ഥിരത' എന്നഗുണവിശേഷംഉണ്ടായിരിക്കുക? തന്റെ സ്വഭാവത്തിൽ വ്യതിയാനരഹിതനായ നിത്യന മാത്രമേ തനിക്കിഷ്ടമുള്ളവർക്കു് അനശ്വരനന്മകൾ പ്രദാനം ചെയ്യാൻ കഴിവുള്ളു.

ചുരുക്കത്തിൽ 'സത്യത്തിന്റെ ആത്മാവു്' എന്നു പറയുന്നതു വഴി പരിശുദ്ധാത്മാവിന്റെ സ്വഭാവത്തെപ്പററി നമ്മുടെ കർത്താവു നമുക്കുവലിയസാക്ഷ്യംനൽകിയിരിക്കുന്നു. ഈ പ്രയോഗം സൃഷ്ടവസ്തുക്കൾക്കൊന്നും ചേരുന്നതല്ല സൃഷ്ടാവസ്ഥയിൽനിലനിൽക്കുന്നതിനുപോലും അവയ്ക്കു തങ്ങളുടെ നിർമ്മാതാവിന്റെ ആവശ്യമുണ്ടു്. 'അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ ലോകത്തിനു് അവനെ സ്വീകരിക്കാൻ സാധിക്കുകയില്ല' എന്നു് അവിടുന്നു ശരിയായവണ്ണം പറഞ്ഞിരിക്കുന്നു (യോഹ. 14:17). പരിശുദ്ധാത്മാവു് തന്റെ സ്വഭാവത്തിൽ സമസ്തസൃഷ്ടിയെക്കാളും ശ്രേഷ്ഠനാണ്. അതിനാൽ തന്റെ സ്വഭാവത്തിലും അധികാരത്തിലും അവിടുന്നപ്രകാരമാണ് എന്നതിൽ അത്ഭുതത്തിനു വകയില്ല. അവിടുന്നു തന്നെ തന്റെ ഇഷ്ടാനുസരണം മനുഷ്യകുലത്തിനു തന്റെ അറിവു് പ്രദാനം ചെയ്യുന്നില്ലെങ്കിൽ ഒരു സൃഷ്ട വസ്തുവിനും അവനെ അവന്റെ സ്വഭാവത്തിൽ കാണുവാനോ അവനെ സ്വീകരിക്കാനോ മനസ്സിലാക്കുവാനോ സാധിക്കയില്ലായിരുന്നു. 'എന്നാൽ അവൻ നിങ്ങളോടുകൂടി ആയിരിക്കുകയും നിങ്ങളിൽ വസിക്കുകയും ചെയ്യുന്നതിനാൽ നിങ്ങൾ അവനെ അറിയുന്നു' എന്നു് കർത്താവു് കൂട്ടിച്ചേർത്തതു് (യോഹ. 14:17) ഇക്കാരണത്താലാണ്. അവന്റെ കൃപാദാനം നിങ്ങൾ പ്രാപിച്ചതിനാൽ അവന്റെ അറിവു് നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. നിങ്ങളെ അമർത്യരും വ്യതിയാന രഹിതരുമാക്കുന്നു. ഭാവി നന്മകളിലുള്ളസന്തുഷ്ടിയുടെ ഉറപ്പിനായി അതു എന്നേക്കും നിങ്ങളോടുകൂടെയായിരിക്കും.

7. നമ്മുടെ കർത്താവിൽനിന്നു ലഭിച്ചതുപോലെ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ പരിശുദ്ധാത്മാവിനെപ്പററിയുള്ള ഈ പദപ്രയോഗം ഉൾപ്പെടുത്തുകയും 'പിതാവിൽ നിന്നു പുറപ്പെടുന്നു' എന്നതു് ഇതോടുകൂടി ചേർക്കുകയും ചെയ്തു.

www.malankaralibrary.com



നമ്മുടെ കർത്താവു് തന്റെ ശിഷ്യർക്ക നൽകിയ പ്രബോധനത്തിൽ ഇതും കാണുന്നു. 'ഞാനയയ്ക്കുന്ന ആശ്വാസപ്രദനായ പരിശുദ്ധാത്മാവു്, പിതാവിൽനിന്നു പുറപ്പെടുന്ന സത്യത്തിന്റെ ആത്മാവു്, വരുമ്പോൾ എന്നെപ്പററി സാക്ഷ്യപ്പെടുത്തും' (യോഹ. 15:26). തന്റെ ഉത്ഥാനത്തിനുശേഷം തന്റെ എല്ലാശിഷ്യരുടെമേലും ചൊരിയപ്പെടുവാനിരുന്ന പരിശുദ്ധാത്മാവിന്റെ കൃപാദാനത്തെ ഇവിടെയും അവൻ മുൻകൂട്ടി വെളിപ്പെടുത്തി. 'ഞാനയയ്ക്കുന്ന പരിശുദ്ധാത്മാവു് വരുമ്പോൾ' എന്നു പറയുമ്പോൾ അവരുടെ മേൽ അവൻ ചിന്തുവാനിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയെയാണു് സൂചിപ്പിക്കുന്നതു്. എല്ലായിടത്തുമുള്ള ആത്മാവിന്റെ ദൈവസ്വഭാവത്തെ അവർക്കയച്ചു കൊടുക്കമെന്നല്ല അവൻ പറഞ്ഞതു്. പിന്നെയോ അവരുടെമേൽ ചൊരിയപ്പെട്ട കൃപാദാനത്തെപ്പററിയാണു് പരാമർശിച്ചതു്. അവൻ പരിശുദ്ധാത്മാവിനെ 'ആശ്വാസപ്രദൻ' എന്നും വിളിക്കുന്നു. കാരണം ഈ ലോകത്തിലെ നിരവധി പരീക്ഷണങ്ങളിൽ ആത്മാവിനു് ആശ്വാസം പകരാനുള്ള അറിവു് പ്രദാനം ചെയ്യാൻ അവിടുന്നു് കഴിവുള്ളവനാണു്.

8. പരിശുദ്ധാത്മാവിന്റെ കൃപാവരം എന്ന ദാനത്തെപ്പററി സംസാരിച്ചശേഷം അവർ പ്രാപിക്കാനിരിക്കുന്ന കൃപയുടെ സ്വഭാവം എന്തെന്നു കാണിക്കാനായി പരിശുദ്ധാത്മാവിന്റെ സ്വഭാവവും അവനർഹമായ ബഹുമാനത്തിന്റെ ശ്രേഷ്ഠതയും വ്യക്തമാക്കിക്കൊണ്ടു് അവൻ പറയുന്നു. 'സത്യത്തിന്റെ ആത്മാവു്' തനിക്കിഷ്ടമുള്ള എല്ലാവർക്കും അനശ്വര നന്മകൾ പ്രദാനം ചെയ്യുന്ന അവന്റെ സ്വഭാവത്തിന്റെ ശ്രേഷ്ഠതയും ശക്തിയും ഈ പദം സൂചിപ്പിക്കുന്നു. അവൻ എപ്പോഴും പിതാവായ ദൈവത്തോടുകൂടിയാണെന്നും അവനിൽനിന്നു് അഭേദ്യനാണെന്നും സൂചിപ്പിക്കാൻ 'പിതാവിൽനിന്നു പുറപ്പെടുന്ന' എന്ന വാചകംകൂടി അവർ കൂട്ടിച്ചേർത്തു. ഭാഗ്യവാനായ പൗലോസ് ഇതും പറഞ്ഞിട്ടുണ്ടു്: മനുഷ്യന്റെ അന്തർഗതങ്ങൾ അവന്റെ ആത്മാവല്ലാതെ മററാരാണറിയുക? അതുപോലെ തന്നെ ദൈവത്തിന്റെ ആത്മാവിനല്ലാതെ മററാർക്കും ദൈവത്തിന്റെ ചിന്തകൾ ഗ്രഹിക്കാനാവില്ല (1കൊരി. 2:11). ഒരാൾ മനുഷ്യനായിരിക്കുന്നിടത്തോളംകാലം അവന്റെ മനുഷ്യാത്മാവു് അവനിൽനിന്നു വേർപിരിയുന്നില്ല. അതുപോലെ പരിശുദ്ധാത്മാവും പിതാവായ ദൈവത്തിൽനിന്നു വേർപിരിഞ്ഞിരിക്കുന്നില്ല. കാരണം അവൻ പിതാവിൽനിന്നും പിതാവിന്റെ സ്വഭാവത്തിൽനിന്നും ആണു് പിതാവിനോടുകൂടി എപ്പോഴും അറിയപ്പെടുകയും ഏററുപറയപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com



9. 'അവൻ പിതാവിൽനിന്ന് പുറപ്പെടുന്നു' എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് ഒരു സൂചനയെന്നവിധം ഇതേപ്പററി പറഞ്ഞിരിക്കുന്നു. കാരണം, ഒരുറവ എന്ന രീതിയിൽ പരിശുദ്ധാത്മാവ് എപ്പോഴും ദൈവത്തോടുകൂടിയാണ്. അവനിൽനിന്നൊരിക്കലും അകന്നിരിക്കുന്നുമില്ല. അവൻ പിന്നീട് സൃഷ്ടിക്കപ്പെട്ടവനല്ല. നിത്യമായി അവൻ അവനിലാണ്. അവൻ പിതാവായ ദൈവത്തിൻെറ സ്വഭാവത്തിൽ നിന്നാണ്. നിത്യനമാണ്. പ്രവഹിക്കുന്ന അരുവികണക്കെ തനിക്കിഷ്ടമുള്ളവരിൽ അവൻ തൻെറ ദാനങ്ങൾ ചൊരിയുന്നു.

'എന്നിൽ വിശ്വസിക്കുന്നവൻെറ ഉള്ളിൽനിന്നു വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിൻെറ അരുവികൾ ഒഴുകും' (യോഹ. 7:38). ഈ വാചകം വ്യാഖ്യാനിച്ചുകൊണ്ട് സുവിശേഷകൻ പറയുന്നു 'തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കുവാനിരിക്കുന്ന ആത്മാവിനെപ്പററിയാണ് അവൻ ഇപ്രകാരം പറഞ്ഞത്. അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല' (യോഹ. 7:39). ആത്മാവിൻെറ ദാനങ്ങളെപ്പററിയാണ് താൻ സംസാരിക്കുന്നതെന്നു വ്യക്തമായി അവൻ വിശദീകരിക്കുന്നു: 'യേശു അതുവരെ മഹത്വീകരിക്കപ്പെട്ടിരുന്നില്ല' എന്ന് അവൻ പറഞ്ഞപ്പോൾ പരിശുദ്ധാത്മാവിൻെറ ആളത്വത്തെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ അല്ല 'അതുവരെയും നൽകപ്പെട്ടില്ലായിരുന്നു' എന്ന് അവിടുന്ന് പറഞ്ഞത്. കാരണം സൃഷ്ടികൾക്കെല്ലാം മുൻപ് നിത്യമായി അവിടുന്നുണ്ടായിരുന്നു. അവിടുന്ന് പറഞ്ഞതു പരിശുദ്ധാത്മാവിൻെറ ദാനത്തെപ്പററിയാണ്. നമ്മുടെ കർത്താവിൻെറ സ്വർഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവിൻെറ ദാനം ചൊരിയപ്പെടുകയും ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ മേലും അവരോടു കൂടി ഉണ്ടായിരുന്നവരുടെ മേലും ദൃശ്യമാകുകയും ചെയ്തു. തന്നിൽ വിശ്വസിക്കുന്നവരുടെ മേൽ, അനർഗളം പ്രവഹിക്കുന്ന അരുവിപോലെ പരിശുദ്ധാത്മാവിൻെറ ദാനം ചിന്തപ്പെടും എന്നാണ് അവിടുന്ന് പറഞ്ഞത്. കാരണം അതു ദൈവാത്മാവിനാൽ നൽകപ്പെടുന്നതാണ്. തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ നൽകുക എന്ന തൻെറ ജോലി അപ്രകാരം അവൻ വെളിപ്പെടുത്തുന്നു.

10. പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു എന്നു പറയുമ്പോൾ അവിടുന്നു നിത്യമായി പിതാവായ ദൈവത്തോടു കൂടിയാണെന്നും തന്നിൽനിന്നു വേർപെട്ടല്ലെന്നും

www.malankaralibrary.com



കാട്ടുന്നു. എന്തെന്നാൽ അവിടുന്ന് എപ്പോഴും നിത്യമായും പിതാവിലാണ്. പരിശുദ്ധാത്മാവിൽനിന്ന് അരുവി പോലെ ദാനങ്ങൾ പ്രവഹിക്കുകയും ഈ ആത്മാവ് പിതാവായ ദൈവത്തിൽനിന്ന് പുറപ്പെടുകയും ചെയ്യുന്നെങ്കിൽ അവൻ നിത്യമായി പിതാവിൽനിന്നും പിതാവിനോടുകൂടിയും ആണെന്നും പിന്നീട് അസ്തിത്വത്തിലേക്ക് വന്നതല്ലെന്നും വ്യക്തമാണല്ലോ. തോട്ടം നനയ്ക്കാൻ ഏദനിൽനിന്ന് ഒരു നദി ഒഴുകി. അവിടെ വച്ച് അത് നാല് കൈവഴികളായി പിരിഞ്ഞു എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു (ഉല്പ.2:10). ഏദനിൽ നിന്ന് ഈ നദികൾ ഒഴുക്കിയ ഉറവിടം നാലായി തിരിഞ്ഞില്ല എന്ന് ശരിയായി നാം മനസ്സിലാക്കുന്നു. കാരണം അത് അവിടെ നിന്നാണ് ഒഴുകുന്നത് അതുപോലെ പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു. പരിശുദ്ധാത്മാവിനെപ്പററി ഉപമയിൽ നമ്മുടെ കർത്താവ് പറയുമ്പോൾ പരിശുദ്ധാത്മാവ് പിതാവിൽനിന്നു വേർപെട്ടല്ല പിന്നയോ നിത്യമായിപിതാവിൽനിന്നും പിതാവിലും പിതാവിനോടുകൂടിയും ആണെന്നും അവിടുന്നു നമ്മെ മനസ്സിലാക്കുന്നു. അനുസൃതം പ്രവഹിക്കുന്ന അരുവിപോലെ, സ്വീകരിക്കുന്നവരുടെ വിശ്വാസത്തിനനുസൃതം അവൻ സമസ്തസൃഷ്ടികൾക്കും തന്റെ ദാനങ്ങൾ പങ്കിട്ടുകൊടുക്കുന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ 'ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒന്നു തന്നെ ഓരോരുത്തർക്കും ആത്മാവിന്റെ പ്രകാശനം നൽകപ്പെടുന്നതു് പൊതു നന്മയ്ക്കു വേണ്ടിയാണ് (1കൊരി. 12:47).

നമ്മുടെ കർത്താവിന്റെ ഈ വാക്യം നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ വിശദീകരിച്ചു: 'പിതാവിന്റെ സ്വഭാവത്തിൽനിന്ന് അവിടുന്ന് പുറപ്പെടുന്നു. അവിടുന്ന് പിതാവിൽനിന്ന് നിത്യമായി പുറപ്പെടുന്നു. അവിടുന്ന് എപ്പോഴും പിതാവിലാണ്. പിന്നീടുണ്ടായതല്ലതാനും. നിത്യമായി പിതാവിൽനിന്നുള്ളവനും പിതാവിനോടുകൂടെ ഉള്ളവനും പിതാവിന്റെ സ്വഭാവത്തിൽനിന്നു പുറപ്പെടുന്നു എന്നതു് സുവ്യക്തമാണ്. ദൈവത്തോടുകൂടി ആയിരിക്കുകയും അതേ സമയം സ്വഭാവത്താലേ ദൈവത്തിൽ നിന്നല്ലാതിരിക്കയും ചെയ്യുക അസാധ്യമാണല്ലോ.

11. ഇതിനുശേഷം പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തങ്ങളുടെ പ്രബോധനത്തിൽ 'ജീവദാതാവ്' എന്ന് അവർ കൂട്ടിച്ചേർത്തു. മുകളിൽ ചർച്ചചെയ്തവയെപ്പോലെ പരിശുദ്ധാത്മാവ് ദൈവമാണെന്ന് ഇതു ശരിയായി കാണിക്കുന്നു. 'ഞാൻ നൽകുന്ന ജലം നിത്യജീവനിലേക്ക് ഒഴുകുന്ന നീരുറവ

www.malankaralibrary.com



യായിത്തീരും' എന്നു നമ്മുടെ കർത്താവു പറഞ്ഞു (യോഹ. 4:14). യോഗ്യരായവർക്കു നിത്യജീവൻ നൽകുന്ന പരിശുദ്ധാത്മാവിൻെറ ദാനത്തെ ഈ വാക്കുകളിലൂടെ അവിടുന്നു സൂചിപ്പിക്കുന്നു. 'എന്നിൽ വിശ്വസിക്കുന്നവൻെറ ഉള്ളിൽ നിന്നു വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിൻെറ അരുവികൾ ഒഴുകും' (യോഹ. 7:38) എന്നു് മറെറാരുഭാഗത്തു പറയുന്നു. പരിശുദ്ധാത്മാവിൻെറ ദാനത്തെ 'ജീവജലം' എന്നു് അവൻ വിളിക്കുന്നു. കാരണം, നിത്യജീവൻ പ്രദാനംചെയ്യാൻ അതിനു കഴിവുണ്ടു്. 'അക്ഷരം കൊല്ലുന്നു; എന്നാൽ ആത്മാവോ ജീവിപ്പിക്കുന്നു' എന്നു് ശ്ലീഹായും പറയുന്നു' (2 കൊരി. 3:6). അവൻ നമ്മെ അമർത്യരാക്കും എന്നു് അദ്ദേഹം കാട്ടുന്നു. 'ഒന്നാമത്തെ ആദാം ജീവനുള്ള ആത്മാവായിത്തീർന്നു. രണ്ടാമത്തെ ആദാം ജീവദാതാവായ ആത്മാവായിത്തീർന്നു' എന്നു് മറെറാരു ഭാഗത്തും പറയുന്നു (1 കൊരി. 15:45). പരിശുദ്ധാത്മാവിൻെറ ശക്തിയാൽ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിൽ നമ്മുടെ കർത്താവായ മിശിഹായ്ക്കു് അമർത്യത കൈവന്നു എന്നു് ഈ വാക്കുകൾ കാണിക്കുന്നു. മറെറാരിടത്തു് അവൻ പറയുന്നു: 'നമ്മുടെ കർത്താവായ ഈശോമിശിഹാ മരിച്ചവരിൽ നിന്നുയിർത്തു; വിശുദ്ധിയുടെ ആത്മാവിൽ ശക്തിയോടുകൂടി ദൈവപുത്രനായി പ്രഖ്യാപിക്കപ്പെട്ടു' (റോമ. 1:4) വീണ്ടും, 'നമ്മുടെ കർത്താവീശോമിശിഹായെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവൻെറ ആത്മാവു നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, ഈശോമിശിഹായെ മരിച്ചവരിൽനിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തൻെറ ആത്മാവിനാൽ നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും' (റോമ. 8:11) എന്നും പറഞ്ഞിരിക്കുന്നു.

12. മററുള്ളവരെ ഈ സംഗതി ഗ്രഹിപ്പിക്കാനും, പരിശുദ്ധാത്മാവിൽനിന്നാണു തനിക്കും അമർത്യത ലഭിക്കുന്നതെന്നു് കാണിക്കാനും 'ആത്മാവാണു് ജീവിപ്പിക്കുന്നതു്; ശരീരംഒന്നിനും ഉപകരിക്കുന്നില്ല' എന്നു് തൻെറ ശരീരത്തെപ്പററി നമ്മെ പഠിപ്പിച്ച അവസരം നമ്മുടെ കർത്താവും പറയുകയുണ്ടായി (യോഹ. 6.63). വാസ്തവത്തിൽ ഇത്തരം പ്രവൃത്തി നിത്യവും എല്ലാററിൻെറയും കാരണവുമായ സ്വഭാവത്തിൻേറതാണു്.

ഇല്ലായ്മയിൽനിന്നു് സൃഷ്ടിക്കുവാൻ കഴിവുള്ളവനാണു് ജീവൻ പ്രദാനം ചെയ്യുന്നവൻ. അതായതു്, നാം എന്നും ജീവിക്കാൻ നമ്മെ അമർത്യരാക്കി തീർക്കുന്നവൻ. സൃഷ്ട

www.malankaralibrary.com



വസ്തുക്കളുടെ ഇടയിൽപോലും, അമർത്ത്യ സ്വഭാവമുള്ളവ മററുള്ളവയേക്കാരം ശ്രേഷ്ഠമായി കരുതപ്പെടുന്നവയല്ലേ. അമർത്ത്യമായ ജീവൻ പ്രദാനം ചെയ്വാൻ കഴിവുള്ളവൻ മററു പ്രവൃത്തികളും ചെയ്വാൻകഴിവുള്ളവനാണ് എന്നതു് വ്യക്തവും സുസ്പഷ്ടവുമാണല്ലോ. 'ഞാനാകുന്നു; ഞാനല്ലാതെ മററു് ദൈവമില്ല; ഞാൻ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നു ഞാൻ മുറിവേൽപ്പിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു എന്നു് പറയുന്നതുവഴി (ആവ. 32:39) ഇതു് ദൈവസ്വഭാവത്തിനു ചേർന്നതാണെന്നു് ദൈവം തന്നെ കാണിക്കുന്നു. മരിച്ചവരിൽ നിന്നുയിർപ്പിക്കുന്നതും, മുറിവേററവരുടെ വേദനകരം അകററുന്നതും തൻെറ മാത്രം ജോലിയാണെന്നു് അവൻ കാണിക്കുന്നു.

13. പരിശുദ്ധാത്മാവും പിതാവായ ദൈവത്തിൻെറ ദൈവസ്വഭാവത്തിൽ നിന്നാണെന്നു നാം വിശ്വസിക്കണമെന്നു് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ മേല്പറഞ്ഞ വാക്കുകളിൽ നമ്മെ പഠിപ്പിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്തു. വിശ്വാസപ്രഖ്യാപനത്തിൻെറയും മാമോദീസായുടെയും അവസരം പിതാവിനോടും പുത്രനോടുംകൂടെ പരിശുദ്ധാത്മാവിനെ ഏററുപറയുന്നതും അവനിൽ വിശ്വസിക്കുന്നതും ഇക്കാരണത്താലാണ്. നമ്മുടെപിതാക്കന്മാരുടെ പ്രബോധനമനുസരിച്ചു നാം ഓരോരുത്തരും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ സ്വീകരിച്ചു. നമ്മുടെ കർത്താവിൻെറ പ്രബോധനത്തിൽ നിന്നാണിതു്. മിശിഹായുടെ കല്പന അനുസരിച്ചു് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ സത്യവിശ്വാസപ്രബോധനം നമുക്കു് നല്കി എന്നു് എല്ലാവർക്കും വ്യക്തമാകാനും വെളിപ്പെടാനുമാണിതു്. നമ്മുടെ കർത്താവിൻെറ പ്രബോധനത്തിൽ കാണപ്പെടുന്ന വാക്കുകളുടെ വിശദീകരണവും വ്യാഖ്യാനവും മാത്രമാണു വിശ്വാസപ്രമാണത്തിലെ വാക്കുകരം. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ പുറജാതികളെ സ്നാനപ്പെടുത്തുവാൻ കല്പിച്ചവൻ പിതാവിൻെറയുംപുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ദൈവസ്വഭാവം ഏകമാണെന്നു വ്യക്തമായി നമ്മെ കാണിച്ചു. നിത്യമായി സ്ഥിതിചെയ്യുന്നതും എല്ലാററിൻെറയും കാരണവുമായഅവരുടെ ദിവ്യസ്വഭാവം അവനറിയില്ലായിരുന്നെങ്കിൽ ബഹുദേവതാവാദത്തിൻെറ അബദ്ധത്തെ ദൂരെയെറിഞ്ഞും, ദേവന്മാർ എന്നു തെററായി വിളിക്കപ്പെടുന്നവരെ തിരസ്കരിച്ചും സത്യവിശ്വാസത്തിലേക്കു മാനസ്സാന്തരപ്പെട്ടു പിതാവിലേക്കും പുത്രനിലേക്കും പരിശുദ്ധാത്മാവിലേക്കും അടുപ്പിക്കുന്ന ഒരു പ്രബോധനം സ്വീകരിക്കാൻ പുറജാതി

www.malankaralibrary.com



കളെ പ്രേരിപ്പിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. വാസ്തവത്തിൽ ദൈവമല്ലാത്തവയെ ദൈവങ്ങളെന്നു വിളിക്കുന്നതിൽ നിന്നു നമ്മെ പിൻതിരിപ്പിക്കാനും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ഏക ദൈവസ്വഭാവത്തിൽവിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കാനും അവൻ തുനിയുകയില്ലായിരുന്നു. സൃഷ്ടികളെ ദൈവങ്ങളെന്നു വിളിക്കുന്നതിൽ നിന്നു പിൻതിരിയാനും കഴിയുമായിരുന്നില്ല. സൃഷ്ടിക്കപ്പെടാത്ത സ്വഭാവം ഏകമാണെന്ന് വിശ്വസിക്കാനും സാധ്യമായിരുന്നില്ല. കാരണം, ഇല്ലായ്മയിൽ നിന്ന് എല്ലാം ഉണ്ടാക്കാൻ കഴിവുള്ളവൻ സത്യമായും കർത്താവുംദൈവവുമാണല്ലോ. അവനു ഈ ബഹുമാനം തികച്ചും അർഹവും ആണ്.

14. ഇക്കാരണത്താലാണ് വിശ്വാസപ്രഖ്യാപനത്തിനു ശേഷം മാമോദീസാ മുക്കുവാൻ നമ്മുടെ കർത്താവിടയാക്കിയതു്; അങ്ങനെ മാമോദീസാ വിശ്വാസപ്രഖ്യാപനത്തിനുശേഷം വരുന്നു. കള്ളദേവന്മാരെ തിരസ്കരിക്കയും പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകവുംനിത്യവും എല്ലാററിൻെറയും കാരണവുമാണെന്നു പഠിക്കയും ചെയ്തവർ, അത്ഭുതകരമായ സന്തോഷത്തിനുവേണ്ടി ചൊരിയപ്പെടുന്നദാനവും വരാനിരിക്കുന്ന അവാച്യനന്മകളുടെ അച്ചാരവുമായ മാമോദീസാ ദാനം ഈ നാമങ്ങളിലൂടെ പ്രാപിക്കുക ആവശ്യമാണ്.

ഈ നാമങ്ങൾ ഉച്ചരിച്ചുകൊണ്ടു് നാം മാമോദീസായിൽ വിശ്വാസം പ്രഖ്യാപനം ചെയ്യുന്നു. കാരണം, നിത്യവും എല്ലാററിൻെറയും കാരണവും ഇല്ലായ്മയിൽനിന്ന് എല്ലാററിനെയും സൃഷ്ടിക്കാൻ കഴിവുള്ളതും എപ്പോഴും അവയെ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതുമായ ഏകദൈവസ്വഭാവത്തെ ഈ നാമങ്ങൾ ഉച്ചരിക്കുന്നവർ സൂചിപ്പിക്കുന്നു. മാമോദീസായുടെ അവസരം ഉച്ചരിക്കപ്പെടുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നാമങ്ങൾ വഴി യഥാർത്ഥസ്വാതന്ത്ര്യവും നവീകരണവും പ്രാപിക്കുമെന്നു നാം പ്രത്യാശിക്കുന്നു.

15. മാമോദീസായിൽ വിശ്വാസപ്രഖ്യാപനത്തിനുശേഷം നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ 'ഏകകത്തോലിക്കാസഭയിലും' എന്ന് വിശ്വാസപ്രമാണത്തോടു് കൂട്ടിച്ചേർത്തു. അതിൻെറ അർത്ഥം ഏതാണ്ടിതാണ്: 'ഏകശരീരം, ഏക ആത്മാവ്, നിങ്ങളുടെ വിളിയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന ഏകപ്രത്യാശ', എന്ന് ഭാഗ്യവാനായപൗലോസ്

www.malankaralibrary.com



പറഞ്ഞിരിക്കുന്നതുപോലെ (എഫെ. 4:4) ഈ വലിയ സഭാ ഗാത്രത്തിലെ ഒരംഗമായിത്തീരുവാൻ ഞാൻ മാമോദീസാ സ്വീകരിക്കുന്നു. കെട്ടിടത്തിനുള്ളിലുള്ള വിശ്വാസികളുടെ സമൂഹം നിമിത്തമാണു കെട്ടിടത്തെ സഭയെന്നു വിളിക്കുന്നത്. എന്നു വരികിലും കൈകളാൽ ഉണ്ടാക്കപ്പെട്ട കെട്ടിടത്തെയല്ല അവൻ സഭയെന്നു വിളിക്കുക. പിന്നെയോ, ശരിയായ രീതിയിൽ ദൈവത്തെ ആരാധിക്കുകയും, കർത്താവിന്റെ വരവു മുതൽ ലോകാവസാനംവരെ നമ്മുടെ കർത്താവിനെ നോക്കിപ്പാർക്കുകയും, സ്വർഗത്തിൽനിന്നുള്ള രണ്ടാമത്തെ വരവുവരെ തന്നിൽ വിശ്വസിക്കുകയും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിളിക്കപ്പെടുകയും ചെയ്യുന്ന വിശ്വാസികളുടെ സമൂഹത്തെയാണ് അവൻ സഭ എന്നു വിളിക്കുന്നത്. 'നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകുവിൻ, ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ' എന്നു നമ്മുടെ കർത്താവു ഭാഗ്യവാന്മാരായ ശിഷ്യന്മാരോടു പറഞ്ഞു. അപ്പോൾത്തന്നെ കർത്താവു വീണ്ടും പറഞ്ഞു, 'ഇതാ, ഞാനോ, ലോകവസാനംവരെ എല്ലാ നാളുകളും നിങ്ങളോടുകൂടിയുണ്ട്' (മത്താ. 28:19–20).

16. 'നിങ്ങളോടുകൂടെ' എന്നു് തന്റെ ശിഷ്യരോട് അവൻ പറഞ്ഞപ്പോൾ എല്ലാ രാജ്യങ്ങളിൽനിന്നും തന്നിൽ വിശ്വസിച്ചു തന്റെ പ്രബോധനമനുസരിച്ചു ലോകാവസാനംവരെ സ്നാനപ്പെട്ടവരെയാണ് അവൻ ഉദ്ദേശിച്ചത്.

'നീ പത്രോസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; നരകവാതിലുകൾ അതിനെതിരെ പ്രബലപ്പെടുകയില്ല' എന്നു നമ്മുടെ കർത്താവു പറഞ്ഞപ്പോൾ (മത്താ. 16:19) ദൈവഭയമുള്ള വിശ്വാസികളുടെ ഈ സമൂഹത്തെയാണു സഭ എന്ന് അവൻ വിളിച്ചത്. ദൈവഭയമുള്ള സകല മനുഷ്യരെയും ഈ വിശ്വാസത്തിലേക്കും ഈ വിശ്വാസപ്രമാണത്തിലേക്കും ഒന്നിച്ചുകൂട്ടുമെന്നും, ശത്രുക്കളോടുള്ള യുദ്ധത്തിൽ അവരുടെ സമൂഹം നശിച്ചു പോകുകയോ, ശത്രുക്കൾ അവരുടെ മേൽ പ്രബലരാകുകയോ ചെയ്യുകയില്ലെന്നും അവൻ വാഗ്ദാനം ചെയ്തു. 'യുഗങ്ങൾക്കു മുൻപു നമ്മുടെ കർത്താവീശോമിശിഹായിൽ ദൈവം നിശ്ചയിച്ച ബഹുമുഖജ്ഞാനം സഭവഴി സ്വർഗീയ തലങ്ങളിലുള്ള ശക്തികൾക്കും അധികാരങ്ങൾക്കും വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടി' എന്ന് ഇതേപ്പറ്റി ഭാഗ്യവാനായ പൗലോസ് പറയുന്നു (എഫേ. 3:10–11).

www.malankaralibrary.com



ദൈവാരാധനയിലേക്ക് എല്ലാ മനുഷ്യരേയും ഒന്നിച്ചു കൂട്ടി വിശുദ്ധ മാമോദീസാ ആകുന്ന രണ്ടാം ജനനത്തിൽ അവരെയെല്ലാം ക്രിസ്തുവിൻെറ ഏകശരീരമാക്കുകയും വരാനുള്ള ലോകത്തിലെ ഭാവി നന്മകളിൽ അവനോടൊപ്പം ഭാഗഭാഗിത്വം ലഭിക്കുമെന്നുള്ള പ്രത്യാശയ്ക്കു അവരെ ഒരുക്കുകയും ചെയ്തതിൽ അദൃശ്യശക്തികൾ ദൈവത്തിൻെറ വൈവിധ്യമാർന്ന വിജ്ഞാനത്തെക്കുറിച്ചു് അത്ഭുതപരതന്ത്രരായി എന്നു് അവൻ കാണിക്കുന്നു.

17. ഈ സഭയെ അവൻ ക്രിസ്തുവിൻെറ ശരീരം എന്നു വിളിക്കുന്നു. കാരണം മാമോദീസാവഴി പുനർജന്മത്തിൽ ഈ ലോകത്തിൽ പ്രതീകാത്മകമായും വരുവാനിരിക്കുന്ന ലോകത്തിൽ യഥാർത്ഥമായും സത്യമായും അവനുമായി നമുക്കു സംസർഗം ലഭിക്കുന്നു. അവിടെ നമ്മുടെ ദുർബല ശരീരം രൂപാന്തരപ്പെട്ടു്, തൻെറ മഹത്വമുള്ള ശരീരത്തിൻെറ സാദൃശ്യത്തിൽ രൂപീകരിക്കപ്പെടും (ഫിലി. 2:21). ഈ ലോകത്തിൽ വച്ചു് ആദാമിൻേറതുപോലുള്ള ശരീരമുള്ളവരാകയാൽ നമ്മുടെ ശരീരത്തിൽ നാം അവനോടു സാദൃശ്യപ്പെട്ടിരിക്കുന്നു. അതുപോലെ നമ്മുടെ കർത്താവായ മിശിഹായുടെ ശരീരം എന്നു നാം വിളിക്കപ്പെടും. കാരണം, നമ്മുടെ ദുർബല ശരീരം രൂപാന്തരപ്പെടുമ്പോൾ, നാം തൻെറ ശരീരത്തിൻെറ മഹത്വം പ്രാപിക്കും.

18. ഭാഗ്യവാനായ പൗലോസ് മറെറാരിടത്തു് ഇതു വ്യക്തമാക്കുന്നു: 'നിങ്ങളെ പ്രതിയുള്ള എൻെറ ക്ലേശങ്ങളിൽ ഞാൻ സന്തോഷിക്കുന്നു; ക്രിസ്തുവിൻെറ സഹനങ്ങളുടെ കുറവിനെ സഭയാകുന്ന അവിടുത്തെ ശരീരത്തെ പ്രതി എൻെറ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു. ഞാൻ സഭയിലെ ഒരു ശുശ്രൂഷകനായി' (കൊളോ. 1:24). സഭയെ മിശിഹായുടെ ശരീരം എന്നു് അവൻ വ്യക്തമായി വിളിക്കുന്നു; അതിൻെറ സന്ധാരണത്തിനുവേണ്ടി അവനൊരു ശുശ്രൂഷകനായി തീർന്നിരിക്കുന്നു. ഇക്കാരണത്താൽ അവൻ സഹിക്കയും വളരെയധികം കഷ്ടപ്പെടുകയും ചെയ്തു. പരിശുദ്ധാത്മാവിൻെറ ശക്തിയാൽ വിശ്വാസികളെല്ലാവരും ഏകശരീരമായി തീർന്നിരിക്കുന്നു എന്നു് അവൻ കാണിക്കുന്നു. കാരണം, അവരെല്ലാം ഒരേ ഭാവി പ്രത്യാശയിലേക്കു വിളിക്കപ്പെട്ടവരാണു്. ഇക്കാരണത്താലാണു കൊരിന്തോസ്കാർക്കെഴുതിയപ്പോൾ അവൻ പറഞ്ഞതു്, 'നിങ്ങൾ നമ്മുടെ കർത്താവായ മിശിഹായുടെ ശരീരമാകുന്നു' (1 കൊരി. 12:27). നമ്മുടെ കർത്താവും പ്രാർത്ഥനാരൂപത്തിൽ തൻെറ ശിഷ്യർക്കുവേണ്ടിയുള്ള വാക്കുകളിൽ പറയുകയുണ്ടായി: 'ഇവർക്കുവേണ്ടി മാത്ര

www.malankaralibrary.com



മല്ല ഞാൻ പ്രാർത്ഥിക്കുന്നതു്; പിന്നെയോ, ഇവരുടെ വാക്കുകേട്ടു് എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടെയാണു്; പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുവാൻ തന്നെ' (യോഹ. 17:20—21). അതായതു് ഇവർ മാത്രമല്ല, ഇവർ വഴി എന്നിൽ വിശ്വസിക്കുന്നവരും, ഭാവിനന്മകൾ സ്വന്തമാക്കുവാൻവേണ്ടി അവർക്കു സംഭവിക്കുന്ന മാററത്തിൽ, ഒന്നായിത്തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു; എനിക്കു നിന്നോടുകൂടി അവാച്യവും പരിപൂർണവുമായ ഐക്യം ഉള്ളതുപോലെ നമ്മിലുള്ള അവരുടെ വിശ്വാസത്തിൽ ഒന്നായിരിക്കട്ടെ. ആ നന്മകൾ സമ്പാദിക്കാനുള്ള മാററത്തിൻെറ പൂർണതയിലൂടെ അവരിതു നേടട്ടെ. എൻെറ മഹത്വംപോലെ അവർ മഹത്വം പ്രാപിക്കട്ടെ. എന്നോടുള്ള ഐക്യവും അവർ നേടട്ടെ. ഇതു വഴി ദൈവസ്വഭാവവുമായുള്ള ബന്ധത്തിൻെറ ബഹുമാനത്തിലേക്കു് അവരും പടിപടിയായി അടുക്കട്ടെ.

19. ഭാഗ്യവാനായ പൗലോസിൻെറ സാക്ഷ്യമനുസരിച്ചു മാമോദീസായിൽ പ്രതീകാത്മകമായി നാം ക്രിസ്തുവിനോടുകൂടി മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്യുന്നു (റോമ. 6:4). ഇക്കാരണത്താലാണു നാമോരോരുത്തരും വിളംബരം ചെയ്യുന്നതു്: 'ഏകവും വിശുദ്ധവുമായ കത്തോലിക്കാസഭയിലൂടെ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഞാൻ വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നു.' ഈ വാക്കുകളുടെ അർത്ഥം ഇതത്രേ: 'വിശ്വാസികൾ മാമോദീസാവഴി അവാച്യമായ വിശുദ്ധിയും ഭാവിയിലെ അമർത്യതയുടെയും വ്യതിയാന രാഹിത്യത്തിൻെറയും പ്രത്യാശയും സഭയിൽ സ്വീകരിക്കുന്നു. വിശ്വാസികളുടെ സമൂഹമായ സഭയിൽ ഞാൻ നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരം എന്നു വിളിക്കപ്പെടുവാൻ അർഹനായിത്തീരുന്നു.'

മാമോദീസായിലൂടെയാണു് അവർ പ്രസ്തുത സമൂഹത്തിൽ അംഗങ്ങളായിത്തീരുന്നതു്. അവർ മാമോദീസാസ്വീകരിക്കുന്നതു നിസ്സാരസംഗതികൾക്കല്ല, പിന്നെയോ, മഹനീയവും അദ്ഭുതാവഹവും സ്വർഗീയവുമായ നന്മകൾ പ്രതീക്ഷിച്ചുകൊണ്ടാണു്.

'ദൈവത്തിൻെറ ആദ്യജാതൻ; എഴുതപ്പെട്ടിരിക്കുന്ന സ്വർഗീയസഭ' എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ (എബ്രാ. 12:23) വിശ്വസിക്കുകയും സ്വർഗീയജീവിതം ലഭിക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്ന എല്ലാ

www.malankaralibrary.com



രാജ്യങ്ങളിലുമുള്ള എല്ലാവരെയും ആശ്ലേഷിക്കുന്ന സഭ ഏകമാണ്. അവനെ 'ആദ്യജാതൻ' എന്ന് അവൻ വിളിച്ചത് ആദ്യത്തെ മുൻനിർണ്ണയത്തിൽ അവർ അദ്ഭുതകരമായ പുത്രസ്വീകാര്യത്വം സ്വീകരിക്കും എന്നതിലത്രേ. അതു യൂദന്മാരുടേതുപോലെ താൽക്കാലിക പ്രതിഭാസം അല്ല; പിന്നെയോ അർഹരായവർക്കു് എന്നേയ്ക്കും അവാച്യമായ അമർത്ത്യതയും മാററമില്ലായ്മയും പ്രദാനം ചെയ്യുന്നതാണതു്. അവർ വസിക്കാനിരിക്കുന്നതു സ്വർഗത്തിലാകയാൽ 'സ്വർഗത്തിൽ എഴുതപ്പെട്ട' എന്നും അവൻ പറയുന്നു.

പരിശുദ്ധാത്മാവിൽനിന്നു സഭയ്ക്കു ലഭിക്കുന്ന വിശുദ്ധിയും മാററമില്ലായ്മയും നിമിത്തം സഭയെ അവർ 'വിശുദ്ധം' എന്നു വിളിച്ചു. എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലുമുള്ള വിശ്വാസികളുടെ ഗണത്തെ സൂചിപ്പിക്കാൻ 'കത്തോലിക്കാസഭ' എന്ന് അവർ വിളിച്ചു. ക്രിസ്തുവിൽ വിശ്വസിച്ചവർ മാത്രം ഭാവിനന്മകൾക്കർഹരായിത്തീരും; അവർ അത്രേ 'ഏകവും വിശുദ്ധവുമായ സഭ.' അതിനാൽ 'ഏകസഭയിലും' എന്ന് അവർ വിളിച്ചു.

20. ഈ വിശ്വാസപ്രമാണത്തിൽനിന്നുദ്ഭൂതമാകുന്ന പ്രയോജനം എടുത്തു കാട്ടുവാൻ 'പാപമോചനത്തിനും' എന്ന് അവർ പറഞ്ഞു. ഈ വാക്കുകളിൽ അവർ ഉദ്ദേശിച്ചതു പാപങ്ങളുടെ വെറുമൊരു മോചനമല്ല; മറിച്ച്, പരിപൂർണ്ണമായ നീക്കം ചെയ്യലാണ്. നമ്മുടെ കർത്താവും പറഞ്ഞു: 'ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു' (മത്താ. 26:26; 1 കൊരി. 11). അതായതു്, എല്ലാ പാപങ്ങളും തുടച്ചുനീക്കപ്പെടും. 'ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു്' (യോഹ. 1:29) എന്നു ഭാഗ്യവാനായ യോഹന്നാൻ പറഞ്ഞിരിക്കുന്നതുപോലെ, യഥാർത്ഥ പാപമോചനം കുറേ പാപങ്ങളുടെ മാത്രമല്ല, എല്ലാപാപങ്ങളുടെയും മോചനമാണ്. ഉത്ഥാനാനന്തരം നാം അമർത്ത്യരും വ്യതിയാനരഹിതരുമാകയും എല്ലാ പാപപ്രേരണകളും അവസാനിക്കുകയും ചെയ്യുന്നു. അടുത്ത ലോകത്തിൽ മാത്രമേ ഇതു പൂർണ്ണമായി സാധിക്കൂ. ഇക്കാരണത്താലാണ് ഭാഗ്യവാനായ പൗലോസും പറഞ്ഞതു്, 'മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ ക്രിസ്തു ഉയിർത്തിട്ടില്ല; ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ, നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്; നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപങ്ങളിൽ കഴിയുന്നു' (1 കൊരി. 15:16–17). മരിച്ചവരിൽനിന്നുള്ള ഭാവി ഉത്ഥാനത്തിൽ പാപങ്ങളുടെ പരിപൂർണ്ണമായ ഇല്ലാതാക്കൽ നാം പ്രതീക്ഷിക്കുന്നു എന്ന് ഇതിൽ അവൻ വ്യക്തമാക്കുന്നു.

www.malankaralibrary.com



21. 'പാപങ്ങളുടെ മോചനം' എന്നു പറഞ്ഞശേഷം, 'ശരീരത്തിൻെറ ഉത്ഥാനത്തിലും നിത്യജീവനിലും' എന്ന് നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ കൂട്ടിച്ചേർത്തു. മരിച്ചവരിൽനിന്നു നാമുയിർത്ത്, അവസാനിക്കാത്ത നല്ല സംഗതികളുടെ സന്തോഷം അനുഭവിക്കുമ്പോൾ നാം ഇവ പ്രാപിക്കുമെന്ന് അവർ കാണിക്കുന്നു. അപ്പോൾ നാം സത്യമായും വ്യതിയാനരഹിതരായിത്തീരും. പാപം പൂർണമായി നീക്കപ്പെടുകയും ചെയ്യും. നാം അവാച്യമായ വിശുദ്ധി പ്രാപിച്ച് അമർത്യരും വ്യതിയാനരഹിതരുമായി, എപ്പോഴും മിശിഹായോടു കൂടിയിരിക്കാൻ അർഹരായിത്തീരുന്നതിനാൽ, 'ഏകവും വിശുദ്ധവും കാതോലികവുമായ സഭ'യായിത്തീരും. 'അഴിവുള്ളത് അഴിവില്ലായ്മയേയും മർത്യത അമർത്യതയെയും ധരിക്കുമ്പോൾ, എഴുതപ്പെട്ടിരിക്കുന്ന ചൊല്ല് നിവർത്തിയാകും: മരണത്തെ വിജയം വിഴുങ്ങി, കല്ലറയേ, എവിടെയാണു നിൻെറ വിജയം? മരണമേ, എവിടെയാണു നിൻെറ മുള്ള്? മരണത്തിൻെറ മുള്ളു പാപമാണ്; പാപത്തിൻെറ ശക്തി നിയമമാണ്'' (1 കൊരി 14:56). അപ്പോൾ മരണം, പാപം, അഴിവ് എന്നിവയെല്ലാം നീക്കപ്പെടും. ഇവയോടൊപ്പം നിയമവും നീക്കപ്പെടും; കാരണം അമർത്യരും അഴിവിനതീതരുമായിത്തീർന്ന വിശുദ്ധർക്കു മേലിൽ നിയമത്തിൻെറ ആവശ്യമില്ല.

22. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ ആദ്യമായി നമുക്കു ശരിയായ രീതിയിൽ വിശ്വാസപ്രമാണം തന്നു. നമ്മുടെ കർത്താവിൻെറ തത്ത്വങ്ങൾ അനുസരിച്ചുള്ള പ്രബോധനം അതുവഴി നമുക്കു ലഭിച്ചു. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ചു പഠിക്കേണ്ടവ നാം മനസ്സിലാക്കി. അതായത്, പിതാവും പുത്രനും പരിശുദ്ധാത്മാവും നിത്യവും എല്ലാററിൻെറയും കാരണവുമായ ഒരേ ഒരു ദൈവസ്വഭാവമാണെന്നു നാം ഗ്രഹിച്ചു. ഈ സ്വഭാവം മാത്രം ശരിയായി കർത്താവും ദൈവവുമാണെന്നും, ഈ സ്വഭാവത്തെയാണു നാം ഏററുപറയേണ്ടതെന്നും, അവനിൽ നാം വിശ്വസിക്കണമെന്നും, സർവസൃഷ്ടികളും അവനെ ആരാധിക്കണമെന്നും, നാം മനസ്സിലാക്കി. ഇവയെല്ലാം കർത്താവിൻെറ പ്രബോധനമനുസരിച്ചാണെന്നു കാണിക്കാനായി, സ്നാനാവസരം ചെയ്യേണ്ട വിശ്വാസപ്രഖ്യാപനവും അവർ നമുക്കു നല്കി. അവിടുന്നു പറഞ്ഞു: 'നിങ്ങൾ പോയി പഠിപ്പിച്ച്, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ നല്കുവിൻ' (മത്താ. 28:19). ഇപ്രകാരം സ്നാനാർത്ഥികളെ നാം പഠിപ്പിക്കുകയും, പിതാവിൻെറയും

www.malankaralibrary.com



പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽമാമോദീസാ മുക്കുകയും ചെയ്യുന്നു.

എല്ലാ സൃഷ്ടവസ്തുക്കളിലും എല്ലാ നന്മകളും വർഷിക്കുന്ന സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സ്വഭാവത്താൽ സ്നാനാർത്ഥികരം നാമകരണം ചെയ്യാൻ പാടില്ല. കാരണം, അവാച്യമായ നന്മകളുടെ പ്രത്യാശയെയത്രേ അവർ നോക്കിപ്പാർക്കുന്നത്. ഭാവിനന്മകളെക്കുറിച്ചുള്ള വിശ്വാസപ്രഖ്യാപനവും ഇതിനോടുകൂട്ടിച്ചേർത്തതു് ഇതുകൊണ്ടാണ്. അവയുടെ പ്രത്യാശയിലാണ് നാം മാമോദീസായുടെ കൃപാവരത്തിനണയുന്നതു്. എത്തരംനന്മകളാണ് ഇവിടെ ലഭിക്കുന്നതെന്നു നാം ഗ്രഹിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവസ്വഭാവമാണെന്ന് നാം മനസ്സിലാക്കണം. വിശുദ്ധ മാമോദീസായിലെ രണ്ടാംജനനത്തിൽ നിത്യവും എല്ലാററിൻെറയും കാരണവുമായ ദൈവസ്വഭാവത്തിന് നമ്മുടെ മേൽ ചൊരിയാൻ കഴിവുള്ള സ്വർഗീയവും അശ്വരവുമായ നന്മകളിലുള്ള വിശ്വാസം നാം പ്രാപിക്കുമെന്ന് അവശ്യാവശ്യം നാം അറിഞ്ഞിരിക്കണം.

23. വിശ്വാസപ്രമാണം സമ്പൂർണമായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടു കഴിഞ്ഞ പല ദിവസങ്ങളിൽ നിങ്ങളുടെ സ്നേഹത്തോടു നാം സംസാരിച്ചു. ഭാവി നന്മകളുടെ സന്തോഷം സത്യമായി നിങ്ങരം പ്രാപിച്ച് വിശുദ്ധസഭയുടെ വിശ്വാസപ്രമാണം കൂട്ടിച്ചേർക്കലുകരം കൂടാതെ നിങ്ങരം അനുസരിക്കാൻ, നിങ്ങളോടു പറഞ്ഞ സംഗതികരം ശ്രദ്ധാപൂർവം നിങ്ങരം അനുസരിക്കേണ്ടതുണ്ടു്. തൻെറ ഏകജാതനും നമ്മുടെ കർത്താവുമായ ഈശോമിശിഹായുടെ കൃപയാൽ ദൈവം നമ്മെ അതിനു യോഗ്യരാക്കട്ടെ. അവനും അവൻെറ പിതാവിനും പരിശുദ്ധാത്മാവോടുകൂടി മഹത്വവും ബഹുമാനവും ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# 11

# പതിനൊന്നാം പ്രസംഗം

## കർതൃപ്രാർത്ഥന

കർത്താവേശൂ മിശിഹായേ, അങ്ങയുടെ സഹായത്താൽ ഭാഗ്യവാനായ മാർ തിയഡോർ രചിച്ച കൂദാശാ ഭാഷ്യം ഞാൻ എഴുതാൻ തുടങ്ങുന്നു. ഞങ്ങളുടെ കർത്താവേ ഈ കൃതി പൂർത്തീകരിക്കാൻ എന്നെ സഹായിക്കണമെ. ആമ്മീൻ.

1. നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ രചിച്ചവിശ്വാസ പ്രമാണത്തെപ്പറ്റി കഴിഞ്ഞ ദിവസം ദൈവകൃപയാൽ നിങ്ങളോട് ഞാൻ സംസാരിച്ചു. നമ്മുടെ കർത്താവിന്റെ പ്രബോധനമനുസരിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നമ്മെ ആനീതരാക്കുവാനാണ് അവർ വിശ്വാസപ്രമാണം രചിച്ചതു്. വിശുദ്ധ ലിഖിതത്തിന്റെ വാക്കുകൾക്കനുസൃതമായി നമ്മുടെ പഠനത്തിനു ഉദ്ദേശിച്ചുള്ളതാണ്. ആയതുകൊണ്ടു നമ്മുടെ കർത്താവു പഠിപ്പിച്ച പ്രാർത്ഥനയെക്കുറിച്ചുള്ള അത്യാവശ്യ സംഗതികൾ ഇന്നു നിങ്ങളോടു നാം സംസാരിക്കുന്നതു് ഉചിതമത്രേ. മാമോദീസായ്ക്കണയുന്നവർ വിശ്വാസപ്രമാണത്തിലെ വാക്കുകൾക്കുശേഷം കർതൃപ്രാർത്ഥനയും പഠിച്ചു ഹൃദിസ്ഥമാക്കണമെന്ന് അവർ തീർപ്പു കൽപിച്ചു. 'ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകുവിൻ' എന്നു പറഞ്ഞശേഷം 'ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ' എന്ന് നമ്മുടെ കർത്താവു് കൂട്ടിച്ചേർത്തു (മത്താ. 28:19–20). ദൈവഭയം, ശരിയായ അറിവു് എന്നിവയോടുകൂടി ദൈവകൽപ്പനയുമായി പൊരുത്തപ്പെട്ടുപോകുന്ന ഒരു ജീവിതം നാം കരുപ്പിടിപ്പിക്കണം എന്നാണ് ഇതു വഴി അവിടുന്ന് കാട്ടുന്നതു്. ചുരുങ്ങിയ വാക്കുകളിൽ നമ്മുടെ കർത്താവു തന്റെ ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥന വിശ്വാസപ്രമാണത്തിലെ വാക്കുക

www.malankaralibrary.com



ളോട്ട് അവർ കൂട്ടിച്ചേർത്തു. കാരണം, സൽപ്രവൃത്തികൾക്കുവേണ്ട പ്രബോധനം ഇതിലുണ്ട്. പ്രാർത്ഥനകളെല്ലാം സൽപ്രവൃത്തികൾക്കാഹ്വാനം നടത്തുന്നു എന്ന് സ്വകർത്തവ്യത്തെപ്പററി ശ്രദ്ധാപൂർവം ചിന്തിക്കുന്നവർക്കു കണ്ടെത്താനാവും. കാരണം, നമ്മുടെ പ്രവൃത്തികൾ എന്തായിത്തീരണമെന്ന് നമ്മുടെ പ്രാർത്ഥനകളിൽ നാം യാചിക്കുന്നുവോ അതായിത്തീരാൻ നാം ആഗ്രഹിക്കുന്നു. അതുകൊണ്ടു പൂർണതയ്ക്കായി ശ്രദ്ധിക്കുകയും ദൈവത്തിനു സ്വീകാര്യമായ സംഗതികൾ ചെയ്യാൻ ശ്രദ്ധാലുക്കളാകുകയും ചെയ്യുന്നവൻ മറെറന്തിനേക്കാളും കൂടുതൽ പ്രാർത്ഥനയിൽ ശ്രദ്ധപതിക്കും. യാതൊരു സുകൃതത്തിലും ശ്രദ്ധിക്കാതെയും ദൈവത്തിനിഷ്ടമുള്ളവ ചെയ്യാൻ നിഷ്കർഷിക്കാതിരിക്കയും ചെയ്യുന്നവൻ പ്രാർത്ഥിക്കുന്നതിൽ അലസനായിരിക്കും എന്നതു് സുവ്യക്തമാണല്ലോ.

2. നാം ഏററം ഇഷ്ടപ്പെടുന്ന വ്യക്തിയെ എപ്പോഴും കാണാനും സ്നേഹം പ്രകടിപ്പിക്കാനും സംസാരിക്കാനും നാം താത്പര്യം കാണിക്കുന്നു. നമുക്കിഷ്ടമില്ലാത്തവരെ കാണാനോ അവരുമായി സംസാരിക്കാനോ നാം താൽപര്യം കാണിക്കാറില്ല. അതുപോലെ തങ്ങളുടെ ഉള്ളിൽ ദൈവത്തെ സ്വന്തമാക്കുകയും ദൈവത്തിനിഷ്ടമുള്ളതു ചെയ്യാൻ അതീവ തല്പരരായിരിക്കുകയും ചെയ്യുന്നവർ നിരന്തരമായി പ്രാർത്ഥിക്കുന്നു. കാരണം തങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു സംഭാഷണം നടത്തുകയും ദൈവത്തോടുകൂടി അധ്വാനിക്കുകയും ചെയ്യുന്നു എന്ന് അവർ വിശ്വസിക്കുന്നു. ഇക്കാരണത്താലാണ് നാം സദാ പ്രാർത്ഥിക്കണമെന്ന് ഭാഗ്യവാനായ പൗലോസ് നമ്മോടു കൽപിക്കുന്നതു് (1 തെസ. 5:17). അങ്ങനെ നിരന്തരപ്രാർത്ഥന വഴി ദൈവസ്നേഹവും ദൈവത്തിനിഷ്ടമുള്ള സംഗതികളിലുള്ള തീക്ഷ്ണതയും നമ്മുടെ ഉള്ളിൽ നാം പരിപോഷിപ്പിക്കണം.

കാഴ്ചയിലും സ്വഭാവത്തിലും മനുഷ്യനായിരിക്കയും ഈ ജീവിത രീതി സ്വീകരിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്ത നമ്മുടെ കർത്താവ് പ്രാർത്ഥിക്കാൻ വലിയ തീക്ഷ്ണ കാണിച്ചതു് ഇക്കാരണത്താലാണ്. പകൽ സമയത്തു് അത്യാവശ്യസംഗതികളിൽ അവിടുന്നു മുഴുകിയതിനാൽ രാത്രിയാമങ്ങൾ പ്രാർത്ഥനയിൽ ചെലവഴിച്ചു. ദൈവത്തെ ധ്യാനിക്കുന്നതിനും തൻെറ ആത്മാവിൻെറ ദൃഷ്ടികൾ ദൈവസമക്ഷം ഉയർത്തുന്നതിനും മറെറാന്നിലും ചിന്ത പതറിപ്പോകാതിരിപ്പാനും പ്രാർത്ഥിക്കുന്നവൻ എല്ലാവിധ പര്യാകുലതകളിൽനിന്നും അകന്നിരിക്കണം എന്നു പഠിപ്പിക്കുവാൻവേണ്ടി

www.malankaralibrary.com



അവിടുന്നു വിജനസ്ഥലത്തേക്കു പോകുക പതിവായിരുന്നു. ആത്മാവിനെ അലട്ടുകയും പീഡിപ്പിക്കുകയും തന്റെ ഉള്ളിലുള്ള വിഷയങ്ങളിൽനിന്നു ചിലപ്പോഴം സ്വേച്ഛാനുസരണമല്ലാതെ ശ്രദ്ധ പതിക്കുകയും ചെയ്യുന്ന എല്ലാവിധ പര്യാകുലതകളിൽനിന്നും വിമുക്തരാകുവാനും നമ്മെ ആകർഷിക്കാനുംവേണ്ടി അവിടുന്നു പ്രാർത്ഥനയ്ക്കുള്ള സ്ഥലവും സമയവും തെരഞ്ഞെടുത്തിരുന്നു.

3. ഭാഗ്യവാനായ ലൂക്കോസ് പറഞ്ഞതുപോലെ അവിടുന്ന് ഈവിധം ഈ സംഗതികൾ ചെയ്തിരുന്നതിനാൽ അവന്റെ ശിഷ്യർ അടുത്തു വന്ന് യോഹന്നാൻ തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് അവനോട് പറഞ്ഞു (11:1). ചുരുങ്ങിയ പ്രാർത്ഥനാവാക്കുകളിൽ അവിടുന്നവരെ സൗകര്യപൂർവം പരിപൂർണത അഭ്യസിപ്പിച്ചു. 'നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ' എന്ന് അവരോടരുൾ ചെയ്തു. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ. പിന്നെയോ, ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും ഇപ്പോഴും എപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ' (മത്താ. 6:9–13).

സൽപ്രവൃത്തികൾ, സ്നേഹം, കടമ നിർവഹണത്തിനുള്ള തീക്ഷ്ണത എന്നതിനേക്കാൾ ശ്രേഷ്ഠമല്ല വാക്കുകളിൽ അധിഷ്ഠിതമായ പ്രാർത്ഥന എന്നു പറയുന്നതിനു തുല്യമാണ് അവിടുന്നുപയോഗിച്ച ഈ ചുരുങ്ങിയവാക്കുകൾ. വാസ്തവത്തിൽ സൽപ്രവൃത്തികളിൽ തത്പരനായ മനുഷ്യൻ തന്റെ ജീവിതകാലം മുഴുവൻ പ്രാർത്ഥനാനിരതനായിരിക്കണം. സൽപ്രവൃത്തികളുടെ തെരഞ്ഞെടുപ്പിലാണ് അവന്റെ പ്രാർത്ഥന കാണപ്പെടുക. പ്രാർത്ഥന അവശ്യാവശ്യം സൽപ്രവൃത്തികളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്, കാരണം സ്വന്തമാക്കാൻ കൊള്ളാത്ത വസ്തുവിനുവേണ്ടി പ്രാർത്ഥിക്കാറില്ലല്ലോ. ദൈവകൽപനകൾക്കെതിരായ സംഗതികൾ നൽകണമേയെന്നു പ്രാർത്ഥിക്കാനിടയായാൽ അതു വഴി കിട്ടുന്ന മരണം കല്ലേറുകൊണ്ടുള്ള മരണത്തേക്കാൾ പരിതാപകരമായിരിക്കും. ഇങ്ങനെ ദൈവത്തോടു പ്രാർത്ഥിക്കുന്നവർ ദൈവനിരപ്പും ദയയും എന്നതി

www.malankaralibrary.com



നേക്കാറം ദൈവകോപം വിളിച്ചു വരുത്തുകയാണ്. യഥാൎത്ഥ പ്രാർത്ഥന സൽപ്രവൃത്തികളിലും ദൈവസ്നേഹത്തിലും ദൈവത്തിനിഷ്ടമുള്ള സംഗതികളിലുള്ള താത്പര്യത്തിലും അധിഷ്ഠിതമാണ്. ഈ സംഗതികളിൽ ശ്രദ്ധാലുവായിരിക്കുകയും ഇവയെ ധ്യാനിക്കുകയും ചെയ്യുന്നവൻ ദൈവത്തിന് പ്രീതികരമായവ ചെയ്യുമ്പോഴൊക്കെ തടസ്സം കൂടാതെയും നിരന്തരമായും പ്രാർത്ഥിക്കുകയാണ്. തന്റെ ജീവിതം മുഴുവൻ ദൈവഹിതാനുസൃതമായിരിക്കാൻ പ്രാൎത്ഥനകറം ഉരുവിടുന്നതു എപ്പോഴും അപ്രകാരമുള്ളവനു് ആവശ്യമാണ്. സൽപ്രവൃത്തികളുടെ പിന്നാലെ പോകുന്നവൻ താൻ പിൻചെല്ലുന്നവയിൽത്തന്നെ സഹായിക്കണമെന്നു ദൈവത്തോടപേക്ഷിക്കുന്നതു യുക്തമാണ്. അപ്രകാരമുള്ളവന്റെ പ്രാൎത്ഥന കേറംക്കപ്പെടുക തന്നെ ചെയ്യും എന്നതു സ്പഷ്ടമാണ്. കാരണം, നിയമദാതാവിന്റെ ദൈവിക കല്പനകളിൽ ശ്രദ്ധാലുവായിരിക്കയും അതനുസരിച്ചു പ്രവർത്തിക്കുകയും, അവ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവന്നു ദൈവത്തിൽനിന്നു സഹായം ലഭിക്കാതിരിക്കുക അസാധ്യമാണ്. ദൈവകല്പനകറംക്കനുസൃതമല്ലാത്ത ജീവിതം നയിക്കുന്നവൻ പ്രാൎത്ഥനവഴി സഹായമൊന്നും പ്രാപിക്കയില്ല; കാരണം ദൈവത്തിനിഷ്ടമില്ലാത്ത സംഗതികളിലാണ് അവൻ ശ്രദ്ധിക്കുന്നതു്. തന്റെ ജീവിതകാലം മുഴുവൻ തനിക്കിഷ്ടമുള്ളവയ്ക്കുവേണ്ടിയാണ് അവൻ പ്രാൎത്ഥിക്കുന്നതു്.

4. ഭാഗ്യവാനായ ലൂക്കോസ് പറയുന്നതുപോലെ, ഇക്കാരണത്താലാണു പ്രാൎത്ഥനയിൽ മടുപ്പു തോന്നരുതെന്നു നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചതും ഒരുപമ വഴി നമ്മെ പ്രബോധിപ്പിച്ചതും (18:1). അവൻ പറഞ്ഞു: 'ദൈവത്തെ ഭയക്കുകയോ മനുഷ്യനെ മാനിക്കുകയോ ചെയ്യാത്ത ഒരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരു വിധവയും ഉണ്ടായിരുന്നു. അവളേക്കാറം കരുത്തനായ ഒരുവൻ അവളോട് അനീതി പ്രവർത്തിച്ചു. അവറം ന്യായാധിപന്റെ പക്കൽ നിരന്തരം വന്ന് തന്നോടു കാട്ടിയ അനീതി അവസാനിപ്പിക്കണമെന്ന് അപേക്ഷിച്ചു. നീണ്ടകാലാവധി അവളുടെ കേസ് നീട്ടിവച്ചു. എന്നാൽ അവളുടെ കേസ് അവൻ പരിഗണിച്ച്തന്നേക്കാറം ശക്തനും തന്നോട് അനീതി പ്രവൎത്തിക്കുന്നവനുമായ ദുഷ്ടനിൽ നിന്നു വിടുവിക്കണമെന്ന് അവറം അവനെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നതിനാൽ അയാറം അവസാനം വഴിപ്പെട്ടു. അവൻ കൂട്ടിച്ചേർത്തു: 'നീതിയില്ലാത്ത ആ ന്യായാധിപൻ പറഞ്ഞതെന്തെന്നു ശ്രദ്ധിക്കു. 'അവളുടെ തുടർച്ചയായ ആഗമനത്താൽ അവറം എന്നെ ശല്യപ്പെടുത്താതിരിക്കാൻ ഞാൻ

www.malankaralibrary.com



അവർക്ക നീതി നടത്തിക്കൊടുക്കും'. അങ്ങനെയെങ്കിൽ രാവും പകലും തന്നെ വിളിച്ചപേക്ഷിക്കുന്ന തൻെറസ്വന്തം തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ദീർഘശാന്തത കാട്ടിയാലും ദൈവം നീതിനടത്താതിരിക്കുമോ? (ലൂക്കോ. 18:1–8).

പരിപൂർണതയ്ക്കായി പരിശ്രമിക്കുന്നവർക്ക് ഈ ലോകത്തിൽ നിരന്തരം സമരം ചെയ്യേണ്ടതുണ്ട്. പ്രകൃതിയുടെ ചാച്ചിലുകളിൽനിന്നും പിശാചിൻെറ പ്രേരണകളിൽനിന്നും അനേകർ കാലിടറി വീഴാനിടയാകുന്നു. കടമകളുടെ പാതയിൽനിന്നു വ്യതിചലിപ്പിക്കുന്ന അനുദിന സംഭവങ്ങളിൽനിന്നു നിരന്തര ശല്യം അവരഭിമുഖീകരിക്കണം. തങ്ങളുടെ അനുദിനജീവിത സമരത്തിൽനിന്ന് ഒരു നിമിഷത്തേക്കുപോലും വിശ്രാന്തിയില്ലാത്തതിനാൽ ദൈവം തങ്ങളെ കൈവിട്ടു കളഞ്ഞു എന്ന് അവർ ചിന്തിക്കാതിരിക്കാൻ നീതിരഹിതനായ ന്യായാധിപൻെറ കാര്യം അവൻ സൂചിപ്പിക്കുന്നു. സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല എന്ന സംഗതി ഉറപ്പു വരുത്താനാണ് അവനുമായി അവിടുന്നു താരതമ്യപ്പെടുത്തിയത്. നീതിയെപ്പററി ലവലേശം പരിഗണനയില്ലാത്തവനും ദൈവത്തെ ഭയക്കാതെയും മനുഷ്യനെ ശങ്കിക്കാതെയുമിരുന്ന ആ ക്രൂരൻ ആ സ്ത്രീയുടെ നിരന്തരമായ ശല്യപ്പെടുത്തൽ കാരണം അവൾക്കെതിരേ അനീതി കാട്ടിയവനെതിരേ പ്രതിഫലേച്ഛ കൂടാതെ തൻെറ കടമ നിർവഹിച്ചു നീതി നടത്തിക്കൊടുത്തെങ്കിൽ, ദയാനിധിയും കരുണാപൂർണനും നമ്മുടെ രക്ഷയ്ക്കും വിടുതലിനുമായി എല്ലാം പ്രവർത്തിച്ചവനും പാപം ചെയ്തവരെപ്പോലും ഒരിക്കലും ഉപേക്ഷിക്കാത്തവനുമായ ദൈവം സൽപ്രവൃത്തികൾക്ക പരിശ്രമിക്കയുംതന്നെ പ്രസാദിപ്പിക്കുന്ന സംഗതികളിൽ ശ്രദ്ധാലുക്കളായിരിക്കയും ചെയ്യുന്നവരെ ഉപേക്ഷിക്കുമോ?

വാസ്തവത്തിൽ പ്രലോഭനങ്ങളും അനുദിനപരീക്ഷകളും അവരെ അലട്ടാൻ അവൻ അനുവദിക്കുന്നത് അവരെ ഉപേക്ഷിച്ചു കളഞ്ഞതിനാലല്ല. തങ്ങളുടെ ഹിതത്തിനെതിരായി അലട്ടപ്പെടാൻ അവർ നിർബന്ധിതരായി തീരുന്നതാണ്. അവ സ്വാഭാവിക പ്രേരണകൾ കൊണ്ടാകാം; തങ്ങളിൽതന്നെ കുടികൊള്ളുന്ന ബലഹീനതയാലാകാം; അതു മൂലം ചെയ്യരുതാത്ത പ്രവൃത്തികളിലേക്കു തങ്ങളുടെ ഇഷ്ടത്തിനു വിരുദ്ധമായി അവർ ആനീതരാകുന്നു. അതുപോലെ പിശാചിനെതിരേ അവൻ വലിയ പോരാട്ടം നടത്തേണ്ടിയിരിക്കുന്നു. സ്വാഭാവിക സംഭവങ്ങളിൽ നിന്നുളവാകുന്ന ദുരാശകൾക്കെതിരായി പോരാട്ടം നടത്താൻ അവർ നിരന്തരം നിർബന്ധിതരാകുന്നു.

www.malankaralibrary.com



ഈ പ്രലോഭനങ്ങരം നിമിത്തം ഉണ്ടാകുമെന്ന വാഗ്ദാനം ചെയ്യപ്പെട്ട നന്മകരം നിസ്സാരങ്ങളല്ല. അവിടുന്ന് അവരുടെ ആഗ്രഹങ്ങരം സാധിച്ചുകൊടുക്കുകയും തന്റെ വലിയ പരിപാലനയ്ക്ക് അവരെ അർഹരാക്കുകയും ചെയ്യുന്നു. അവമൂലം നിത്യവും അവാച്യവുമായ ദാനങ്ങരം അവർ പ്രാപിക്കുന്നതിനാണ് ഈ ലോകത്തിൽ വച്ചു പരീക്ഷണങ്ങളും പ്രലോഭനങ്ങളും അവർക്കുണ്ടാകുവാൻ അവൻ അനുവദിക്കുന്നത്.

5. ഇക്കാരണത്താലാണ് പ്രാർത്ഥിക്കേണ്ടതു് എങ്ങനെയെന്നു ചോദിച്ച ശിഷ്യരോടു മേല്പറഞ്ഞവാക്കുകരം നമ്മുടെ കർത്താവു് ഇവിടെ ഉച്ചരിച്ചതും. അവൻ പറഞ്ഞതിന്റെ അർത്ഥം ഇതത്രേ: നിങ്ങരം പ്രാർത്ഥിക്കാൻ ഒരുങ്ങുമ്പോരം, അതു വാക്കുകളിൽ അധിഷ്ഠിതമല്ലെന്നും, ദൈവസ്നേഹത്തിലും കടമനിർവഹണത്തിലും സുകൃതജീവിതത്തിന്റെ തെരഞ്ഞെടുപ്പിലും അടങ്ങിയിരിക്കുന്നു എന്നു് മനസ്സിലാക്കുക. ഈ സംഗതികളിൽ നിങ്ങരം തീക്ഷ്ണതയുള്ളവരാണെങ്കിൽ നിങ്ങളുടെ ജീവിതം മുഴുവൻ നിങ്ങരം പ്രാർത്ഥിക്കുകയായിരിക്കും. അവയുടെ നേർക്കു നിങ്ങരംക്കുള്ള സന്മനസ്സും അവയുടെ തിരെഞ്ഞെടുപ്പും നിമിത്തം പ്രാർത്ഥിക്കാനുള്ള വലിയൊരാഗ്രഹം നിങ്ങരം സമ്പാദിക്കുകയും എന്താണു ചോദിക്കേണ്ടതെന്നു സംശയലേശമെന്യേ മനസ്സിലാക്കുകയും ചെയ്യും. കടമനിർവഹണത്തിനുദ്യമിച്ചാൽ, അതിനു പുറത്തുള്ള സംഗതികരംക്കായി പ്രാർത്ഥിക്കാൻ നിങ്ങരംക്കു പ്രേരണയുണ്ടാകില്ല. കാരണം, നിങ്ങരംക്കൊരു താത്പര്യവുമില്ലാത്ത സംഗതികരംക്കായി അപേക്ഷിക്കാൻ നിങ്ങരം ഉദ്യമിക്കുകയില്ല. നിങ്ങരം സുകൃത സമ്പാദനത്തിനു പരിശ്രമിക്കുന്നതിനാൽ അതിലായിരിക്കും നിങ്ങളുടെ താല്പര്യം. അപ്പോരം അതിനു ചേരുന്ന പ്രാർത്ഥനകളായിരിക്കും നിങ്ങരം ദൈവത്തിനർപ്പിക്കുന്നതു് എന്നു വ്യക്തമാണല്ലോ. നിങ്ങരം ഇപ്രകാരം ജീവിക്കുകയും തീക്ഷ്ണതാ പൂർവം ഈ രീതിയിൽ ദൈവത്തോടു ചോദിക്കയും ചെയ്താൽ നിങ്ങരംക്കു നിശ്ചയമായി ലഭിക്കുകതന്നെ ചെയ്യും.

6. നിങ്ങരം ശ്രദ്ധ കാണിക്കേണ്ട സംഗതികരം ഏവയെന്നും നിങ്ങളിൽ നിന്നാവശ്യപ്പെടുന്ന ജീവിതരീതിയും പ്രവൃത്തികളും എന്തെല്ലാമാണെന്നും നിങ്ങരം നിരന്തരം ചെയ്യേണ്ടവയും നിരന്തരം പ്രാർത്ഥിക്കേണ്ടവയും നിശ്ചയമായി കേരംക്കപ്പെടുന്നവയുമായ അപേക്ഷകരം എപ്രകാരമുള്ളവയാണെന്നും ചുരുങ്ങിയ വാക്കുകളിൽ കേട്ടാലും:

സുവിശേഷകൻ പറയുന്നു: അവിടുന്നു് ഒരു സ്ഥലത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോരം

www.malankaralibrary.com



ശിഷ്യരിൽ ഒരാറം അവനോടു പറഞ്ഞു: കർത്താവേ, യോഹന്നാൻ തൻെറ ശിഷ്യരെ പഠിപ്പിച്ചതുപോലെ, പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമെ. അവിടുന്ന് അവരോടു പറഞ്ഞു: നിങ്ങറം പ്രാർത്ഥിക്കുമ്പോറം ഇങ്ങനെ പറയുവിൻ: 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമെ' (ലൂക്കോ. 11:1–2). 'അവൻ ഒരു സ്ഥലത്തു പ്രാർത്ഥിച്ചു കൊണ്ടിരുന്നു' എന്ന വാചകം സുവിശേഷകൻ മറെറാരിടത്തു പറഞ്ഞിരിക്കുന്നതിനു തുല്യമാണ്: 'ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കുവാനായി ഒരു മലയിലേക്കു പോയി. രാത്രി മുഴുവൻ ദൈവത്തോടുള്ള പ്രാർത്ഥനയിൽ ചെലവഴിച്ചു' (ലൂക്കോ. 6: 12). 'ഒരു സ്ഥലത്ത്' എന്നതിൻെറയർത്ഥം ശാന്തവും മനുഷ്യശബ്ദമില്ലാത്തതുമായ ഒരു സ്ഥലത്തായിരുന്നു അവിടുന്നു പ്രാർത്ഥന അർപ്പിച്ചിരുന്നത് എന്നത്രേ. കർത്താവു് ജാഗ്രതാപൂർവ്വം പ്രാർത്ഥിക്കുന്നതു് കണ്ട ശിഷ്യന്മാർ പ്രാർത്ഥന വെറുമൊരു സാധാരണ സംഗതി അല്ലെന്നും മററു സംഗതികളെക്കാറം പ്രാധാന്യമേറിയതാണെന്നും മനസ്സിലാക്കി. അതുകൊണ്ടു് യോഹന്നാൻ തൻെറ ശിഷ്യരെ പഠിപ്പിച്ചതുപോലെ, തങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് അവർ അവനോടപേക്ഷിച്ചു. തദവസരം മുകളിൽ പറഞ്ഞ വാക്കുകറം അവൻ ഉച്ചരിച്ചു. അതിനർത്ഥം ഇങ്ങനെ പറയാം: നിങ്ങറം പ്രാർത്ഥിക്കാൻ ജാഗ്രതയുള്ളവരാണെങ്കിൽ ദൈവത്തോടു പറയേണ്ട സംഗതികറം വ്യക്തമായി നിങ്ങറം അറിഞ്ഞിരിക്കണം. ദൈവത്തോടു ചോദിക്കേണ്ട സംഗതികളെ സംബന്ധിച്ചു സൂക്ഷ്മം ഉള്ളവരായിരിക്കണം.

നിങ്ങറം പ്രാർത്ഥിക്കേണ്ട സംഗതികറം ഏവയാണ്? ഏതെല്ലാം സംഗതികളിൽ നിങ്ങറം സൂക്ഷ്മം ഉള്ളവരായിരിക്കണം?

7. **'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ':** എല്ലാററിനും, മുൻപേ നിങ്ങറം എന്തായിരുന്നെന്നും ദൈവത്തിൽനിന്നു നിങ്ങറംക്കു ലഭിച്ച ദാനത്തിൻെറ സ്വഭാവവും വ്യാപ്തിയും എന്താണെന്നു നിങ്ങറം മനസ്സിലാക്കണം. നിങ്ങറംക്കു മുൻപു ജീവിച്ച മനുഷ്യർക്കു സംഭവിച്ചവയെക്കാറം ശ്രേഷ്ഠമാണ് നിങ്ങറംക്കു സംഭവിച്ച സംഗതികറം. എന്നിൽ വിശ്വസിക്കുകയും എൻെറ ശിഷ്യരാകുകയും ചെയ്യുന്നവർക്കു ഞാൻ വഴി അപ്രകാരം സംഭവിക്കും. മോശയുടെ നിയമത്തിൻ കീഴിൽ ജീവിച്ചവർക്കു സംഭവിച്ചവയെക്കാറം ശ്രേഷ്ഠതരമാണവ. കാരണം, സീനായ് മലയിൽവച്ചു നൽകപ്പെട്ട ആദ്യനിയമം ദാസ്യത്വത്തെ പ്രസവിച്ചു. അവളും അവളുടെ മക്കളും അടിമത്തത്തിൽ വേല ചെയ്തു (ഗലാ. 4: 24–25). യഥാർത്ഥ

www.malankaralibrary.com



ത്തിൽ, കല്പനകളുടെ നിയമത്തിൻ കീഴിലായിരുന്നവരെല്ലാം അടിമകളായിരുന്നു (എഫേ 2: 15). തങ്ങൾ എപ്രകാരം വ്യാപരിക്കണം എന്നതു സംബന്ധിച്ച് അവർക്കു കല്പനകൾ ലഭിച്ചു. മരണശിക്ഷയിൽനിന്ന് ആരും രക്ഷപ്പെടാനാകാത്തവിധം അവർ നിയമലംഘനത്തിൽ ബന്ധിതരായിരുന്നു. നിങ്ങളാകട്ടെ എന്നിലൂടെ ലഭിച്ച പരിശുദ്ധാത്മദാനംവഴി ദത്തുപുത്രത്വവും (ഗലാ. 4: 5) ദൈവത്തെ പിതാവെന്നു വിളിക്കാനുള്ള ആത്മവിശ്വാസവും പ്രാപിച്ചിരിക്കുന്നു. വീണ്ടും അടിമത്തത്തിലും ഭയത്തിലും ആയിരിക്കാൻവേണ്ടിയല്ല നിങ്ങൾ ആത്മാവിനെ പ്രാപിച്ചതു്, പിന്നെയോ, ആത്മവിശ്വാസത്തോടുകൂടി ദൈവത്തെ പിതാവേ, എന്നു വിളിക്കുന്ന പുത്രസ്വീകാര്യത്വത്തിന്റെ ആത്മാവിനു യോഗ്യരാകുവാനത്രേ (റോമ. 8: 15). ഇതിൽനിന്നു സ്വർഗീയ ജറുസലേമിലെ (ഗലാ. 4: 26) സേവനം (ഫിലി. 3: 20) നിങ്ങൾക്കു ലഭിച്ചു; നിങ്ങൾ ഉത്ഥാനത്തിൽ അമർത്യരും വ്യതിയാനരഹിതരുമായിത്തീരുകയും പ്രസ്തുത പ്രകൃതിയോടുകൂടി സ്വർഗത്തിൽ വസിക്കുന്നവർക്കു ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ജീവിതത്തിനു് യോഗ്യരാകുകയും ചെയ്തിരിക്കുന്നു.

8. നിയമത്തിനധീനരായവരും നിങ്ങളും തമ്മിൽ വ്യത്യാസമുണ്ടു്. 'നിയമമെന്ന അക്ഷരം കൊല്ലുന്നു' (2 കൊരി. 3: 6). നിയമലംഘനം നടത്തുന്നവർക്കു മരണശിക്ഷ ലഭിക്കും. അതിൽനിന്നു രക്ഷപെടാൻ ഒരു മാർഗവുമില്ല. 'ആത്മാവാകട്ടെ ജീവിക്കുന്നു' (2 കൊരി. 3: 6; യോഹ. 6: 63) ഉത്ഥാനംവഴി ആത്മാവു് നിങ്ങളെ അമർത്യരും വ്യതിയാനരഹിതരുമാക്കും. അങ്ങനെയാണെങ്കിൽ നിങ്ങൾ സ്വന്തമാക്കേണ്ട ഈ സ്വാതന്ത്ര്യത്തിനു ചേർന്ന പ്രവൃത്തികളുടെ സ്വഭാവം എല്ലാററിനും മുൻപു് അറിഞ്ഞിരിക്കുക എന്നതു് തികച്ചും ഉചിതമത്രേ. ദൈവാത്മാവിൽ ജീവിക്കുന്നവർ ദൈവത്തിന്റെ മക്കളാണു്. എന്നാൽ നിയമത്തിനധീനരായവർ മക്കൾ എന്ന പേരു മാത്രം ലഭിച്ചവരത്രേ. 'നിങ്ങൾ ദേവന്മാരാണെന്നും അത്യുന്നതന്റെ മക്കളാണെന്നും ഞാൻ പറഞ്ഞു. എന്നാൽ മനുഷ്യരെപ്പോലെ നിങ്ങൾ മരിക്കും' (സങ്കീ. 82:6–7).

പരിശുദ്ധാത്മാവിനെ പ്രാപിച്ച് അതുവഴി ഉറപ്പായി അമർത്യത പ്രതീക്ഷിക്കുകയും ഈ ലോകത്തിലായിരിക്കുകയും ചെയ്യുന്നവർ ആത്മാവിൽ ജീവിക്കുകയും സ്വയം ആത്മാവിനു സമർപ്പിക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന മനുഷ്യരുടെ സ്വാതന്ത്ര്യത്തിനു ചേർന്ന മാനസികാവസ്ഥ സ്വന്തമാക്കുകയും എല്ലാ പാപപ്രവൃത്തികളിൽ

www.malankaralibrary.com



നിന്നും ഓടിയകലുകയും സ്വർഗീയ ജീവിതത്തിലെ പൗരത്വത്തിനുചേർന്ന സ്വഭാവം സമ്പാദിക്കുകയും ചെയ്യുക എന്നതു ന്യായയുക്തമത്രേ.

9. ഇക്കാരണത്താലാണ് 'ഞങ്ങളുടെ കർത്താവേ,' 'ഞങ്ങളുടെ ദൈവമേ' എന്നു പറയാൻ നിങ്ങളെ ഞാൻ പഠിപ്പിക്കാത്തതു്. അവിടുന്നു ദൈവവും കർത്താവും നിങ്ങളുടെയും എല്ലാററിൻെറയും നിർമ്മാതാവും ആണെന്നും ഈ നന്മകളാസ്വദിക്കാൻ നിങ്ങൾക്കവസരം തരുന്നതു് അവിടുന്നാണെന്നും നിങ്ങൾ അറിയേണ്ടതാണെന്നും വ്യക്തമാണു്. എന്നാൽ അവനെ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കാൻ നിങ്ങളോടു ഞാൻ കല്പിക്കുന്നു; നിങ്ങളുടെ സ്വാതന്ത്ര്യത്തെയും നിങ്ങൾക്കു ഭാഗഭാഗിത്വം ലഭിച്ച ബഹുമാനത്തെയും നിങ്ങളുടെയും എല്ലാററിൻെറയും 'കർത്താവിൻെറ മക്കൾ' എന്നു നിങ്ങൾ സമ്പാദിച്ച ഔന്നത്യത്തെയും പററി നിങ്ങൾ അറിഞ്ഞുകഴിയുമ്പോൾ തദനുസരണം അന്ത്യംവരെ നിങ്ങൾ പ്രവർത്തിക്കും. 'എൻെറ പിതാവേ,' എന്നല്ല, 'ഞങ്ങളുടെ പിതാവേ' എന്നു നിങ്ങൾ പറയാനാണു് ഞാനാഗ്രഹിക്കുക. കാരണം, അവൻ പിതാവാണു് എന്നതു് അവൻെറ കൃപപോലെ എല്ലാവർക്കും പൊതുവാണു്. അവൻെറ കൃപയിൽ നിന്നാണല്ലോ നാം ദത്തുപുത്രസ്ഥാനം സ്വീകരിച്ചതു്. അതെല്ലാവർക്കും പൊതുവാണു്. ഈ രീതിയിൽ നിങ്ങൾ ഉചിതമായ സംഗതികൾ ദൈവത്തിനു് അർപ്പിക്കുക മാത്രമല്ല, പരസ്പരം ഭ്രാതൃത്വം സൃഷ്ടിക്കയും നിലനിർത്തുകയും വേണം. കാരണം നിങ്ങൾ സഹോദരന്മാരും ഏക പിതാവിൻെറ കരത്തിനു കീഴിലുള്ളവരുമാണു്.

'സ്വർഗസ്ഥനായ' എന്നു ഞാൻ കൂട്ടിച്ചേർത്തതു നിങ്ങൾക്കു ലഭിക്കാനിരിക്കുന്ന സ്വർഗീയ ജീവിതത്തിൻെറ സാദൃശം നിങ്ങളുടെ നയനങ്ങൾക്കു മുൻപിൽ ചിത്രീകരിക്കപ്പെടാൻവേണ്ടിയാണു്. നിങ്ങൾക്കു ദത്തുപുത്രത്വം ലഭിച്ചുകഴിയുമ്പോൾ നിങ്ങൾ സ്വർഗത്തിൽ വസിക്കും. ആ വാസസ്ഥലം ദൈവമക്കൾക്കു യോജിച്ചതാണു്.

10. ഈ രീതിയിൽ ചിന്തിക്കുന്നവർ എങ്ങനെയാണു് പ്രവർത്തിക്കേണ്ടതു്? **'നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമേ.'**

നിങ്ങളുടെ പിതാവായ ദൈവത്തിൻെറ മഹത്വം വർദ്ധിക്കുവാനുതകുന്ന സംഗതികൾ എല്ലാററിനും മുൻപു് നിങ്ങൾ ചെയ്യണം. 'മനുഷ്യർ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തുവാൻ നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ' (മത്താ. 5: 16) എന്നു പറഞ്ഞവൻതന്നെയാണു്

www.malankaralibrary.com



'നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമെ' എന്നു പറഞ്ഞതു്. അതിൻെറ അർത്ഥം ഇതത്രേ: ദൈവനാമത്തെ എല്ലാവരും മഹത്വീകരിക്കുവാൻ ഉതകുന്ന പ്രവൃത്തികൾ ചെയ്യുവാൻ പരിശ്രമിക്കുവിൻ. അതുപോലെ നിങ്ങളുടെമേൽ ചൊരിയപ്പെട്ട തൻെറ കൃപയും തൻെറ ദയയും ഭയത്തോടുകൂടി ഓർത്തു ധ്യാനിക്കുവിൻ. അവിടുന്നു നിങ്ങളെ ലക്ഷ്യമില്ലാതെയല്ല തൻെറ മക്കളാക്കിത്തീർത്തതു്. പിന്നെയോ, നിങ്ങൾ സൗഹൃദത്തിൽ വളർന്നു വരുന്നതിനും ദൈവത്തെ പിതാവേ എന്നു വിളിക്കുവാൻ യോഗ്യരായവരുടെ പ്രവൃത്തികൾ ചെയ്യുന്നതിനുമാണു് അവൻ തൻെറ ദയയിൽ നിങ്ങൾക്കു് ആത്മാവിനെ നൽകിയതു്. നാം അഭക്തകർമ്മങ്ങൾ ചെയ്യുമ്പോൾ ദൈവദൂഷണത്തിനു് ഇടനൽകുന്നു. കാരണം, നാം അഭക്ത കർമ്മങ്ങൾ ചെയ്യുമ്പോൾ ദൈവമക്കളായിരിക്കുവാൻ അനർഹരാണെന്നു നമ്മെ കാണുന്ന ചുററുമുള്ളവർ പറയാൻ ഇടയാകും. അതുപോലെ നാം സൽപ്രവൃത്തികൾ ചെയ്യുമ്പോൾ നമ്മുടെ പിതാവിൻെറ സ്വാതന്ത്ര്യത്തിനു് അർഹരായ ദൈവമക്കളാണു നാം എന്ന സംഗതി നാം ഉറപ്പിക്കുന്നു. നാം ശിക്ഷണം ലഭിച്ചവരും നമ്മുടെ പിതാവിനു യോജിച്ച ജീവിതം നയിക്കുന്നവരും ആണെന്നു് നാം കാണിക്കുന്നു. ദൈവദൂഷണം അകററുന്നതിനും ഔന്നത്യത്തിലേക്കു നിങ്ങളെ കൊണ്ടുവരുന്ന ദൈവത്തിനു് എല്ലാ അധരങ്ങളിൽനിന്നും സ്തുതി ഉണ്ടാകുന്നതിനും അതിനു പററിയ പ്രവൃത്തികൾ ചെയ്യുവാൻ പരിശ്രമിക്കുവിൻ.

## നിൻെറ രാജ്യം വരണമെ

11. നേരത്തെ ഉള്ളതിനോടു് ഈ വാചകം കൂടി അവൻ ശരിയായി കൂട്ടിച്ചേർത്തു. ദത്തുപുത്രസ്ഥാനത്തിൽ ദൈവരാജ്യത്തിലേക്കു വിളിക്കപ്പെടുകയും ക്രിസ്തുവിനോടുകൂടി സ്വർഗത്തിൽ വസിക്കാമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നവർ 'ആകാശത്തിൽ നമ്മുടെ കർത്താവിനെ എതിരേല്ക്കുവാൻ നാം മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും നമ്മുടെ കർത്താവിനോടുകൂടി ആയിരിക്കുകയും ചെയ്യും' (1 തെസ്സ. 4:17) എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ ആ രാജ്യത്തിനു് യോജിച്ച സംഗതികളെപ്പററി ചിന്തിക്കുകയും സ്വർഗീയ പൗരത്വത്തിനു ചേർന്നവ പ്രവർത്തിക്കുകയും ഭൗമിക സംഗതികൾ നിസ്സാരമെന്നു കരുതുകയും ഇവയെപ്പററി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതു് തങ്ങളുടെ മഹത്വത്തിനു ചേർന്നതല്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നതു ന്യായയുക്തമാണു്.

www.malankaralibrary.com



രാജസദസ്സിൽ ജീവിക്കുവാൻ അനുഗ്രഹം ലഭിച്ചവൻ, എപ്പോഴും രാജാവിനെ കാണുവാനും സംഭാഷണം ചെയ്യുവാനും യോഗ്യനായി പരിഗണിക്കപ്പെട്ടവൻ, ചന്തസ്ഥലങ്ങളിലും സത്രങ്ങളിലും അലഞ്ഞുതിരിയാറില്ല. അവൻെറ സംസർഗം രാജസദസിലുള്ളവരുമായിട്ടായിരിക്കും. അതുപോലെ സ്വർഗ്ഗരാജ്യത്തിലേക്കു വിളിക്കപ്പെട്ട നാം അതുമായുള്ള സഖിത്വം ഉപേക്ഷിക്കരുത്. അവിടുത്തെ പൗരത്വത്തിനു ചേർന്നവ വിട്ടുകളകയുമരുത്. അഭക്തകർമ്മങ്ങളും ദുർവ്യാപാരങ്ങളും നിറഞ്ഞ വ്യവഹാരങ്ങളിൽ മുഴുകാനും പാടില്ല.

ഇതു് എങ്ങനെ നടക്കും? നമ്മുടെ പിതാവിൻെറ സ്വാതന്ത്ര്യത്തോടു് ഒത്തുപോകുന്ന പ്രവൃത്തികൾ എപ്രകാരമാണു് നാം ചെയ്യേണ്ടതു്?

12. സ്വർഗീയ പൗരത്വത്തെ എങ്ങനെയാണു് നാം പിൻ ചെല്ലേണ്ടതു്? ദൈവനാമത്തിനു വലിയ മഹത്വം ഉണ്ടാകുന്ന പ്രവൃത്തികൾ എങ്ങനെയാണു നാം ചെയ്യേണ്ടതു്?

## നിൻെറ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ

നാം സ്വർഗത്തിൽ നയിക്കാൻപോകുന്ന ജീവിതത്തെ നമ്മുടെ കഴിവിനനുസൃതം ഈ ലോകത്തിൽവച്ചു് അനുകരിച്ചാൽ ഇതു സംഭവിക്കും; കാരണം, ദൈവത്തിനു ചേരാത്തതൊന്നും സ്വർഗത്തിൽ ഇല്ല. പാപം നീക്കപ്പെടുകയും പിശാചുക്കളുടെ ശക്തി അവസാനിക്കുകയും ചെയ്യും. ചുരുക്കത്തിൽ, നമുക്കെതിരായി യുദ്ധം ചെയ്യുന്നവയൊക്കെ നശിപ്പിക്കപ്പെടും. എല്ലാ ഭൗമികവസ്തുക്കളും ഇല്ലാതാകുമ്പോൾ നാം മരിച്ചവരിൽനിന്നുയിർക്കുകയും അമർത്ത്യവും വ്യതിയാനരഹിതവുമായ പ്രകൃതിയോടുകൂടി സ്വർഗത്തിൽ വസിക്കുകയും ചെയ്യും. ദൈവം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുപോലെ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയും സ്വർഗീയ സംഗതികൾ ചിന്തിക്കുകയും ചെയ്യുന്നതുവഴി നാം മററെന്തിനേക്കാൾ കൂടുതൽ ദൈവത്തിൻെറ ഇഷ്ടം പ്രവർത്തിക്കും. നമ്മെ ദൈവഹിതത്തിനെതിരായി പ്രേരിപ്പിക്കുന്ന ദുർവികാരങ്ങളും ശക്തികളും ഒന്നും സ്വർഗത്തിലുണ്ടായിരിക്കുകയില്ല. ഈ ലോകത്തിൽവച്ചു കഴിവുള്ളിടത്തോളം ദൈവഹിതം പ്രവർത്തിക്കാനും ദൈവത്തിനെതിരേ ഒന്നും ഇച്ഛിക്കുകയോ പ്രവർത്തിക്കയോ ചെയ്യാതിരിക്കാനും നാം ശ്രദ്ധാലുക്കളായിരിക്കണം. ദൈവഹിതം സ്വർഗത്തിൽ ഭരണം നടത്തുന്നു എന്നു നാം വിശ്വസിക്കുന്നതുപോലെ ഭൂമിയിലും സംഭവിക്കണം.

www.malankaralibrary.com



അതുപോലെ ദൈവഹിതത്തിനെതിരെ നമ്മുടെ ചിന്തയിലോ ഇച്ഛയിലോ നിസ്സാരപ്രവൃത്തിപോലും ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കണം. നാം നമ്മുടെ മർത്ത്യവും വ്യതിയാനവിധേയവുമായ സ്വഭാവത്തിൽ ആയിരിക്കുന്നിടത്തോളം ഇതു സാധ്യമല്ല. എന്നാൽ ദൈവഹിതത്തിനെതിരേയുള്ള ദുരാശകളിൽനിന്നു നമ്മുടെ ഇച്ഛയെ നാം ദൂരെയകററണം. ഒരു തരത്തിലും അവയെ ശ്രദ്ധിക്കരുത്. ഭാഗ്യവാനായ പൗലോസ് കല്പിച്ചവ പ്രവർത്തിക്കണം: 'നിങ്ങൾ ഈ ലോകത്തിനു അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിൻെറ നവീകരണംവഴി രൂപാന്തരപ്പെട്ടുവിൻ; അപ്പോൾ ദൈവതിരുമനസ്സ് എന്തെന്നും നല്ലതും സ്വീകാര്യവും പൂർണവുമായതെന്തെന്നും വിവേചിച്ചറിയാൻ നിങ്ങൾക്കു സാധിക്കും.' (റോമ. 12:2). ദുർവ്വികാരങ്ങൾ നമ്മെ അലട്ടരുതെന്നല്ല അവൻ കല്പിക്കുക; മറിച്ച് ഈ ലോകത്തോടുകൂടി നിശ്ചയമായും മറഞ്ഞുപോകുന്ന സംഗതികളുമായി നാം താദാത്മ്യപ്പെടരുത്; നമ്മുടെ മനസ്സ് ഈ ലോകത്തിൻെറ മാർഗങ്ങൾക്കനുസൃതമാക്കുകയുമരുത്.

ദുഃഖകരമോ സന്തോഷപ്രദമോ ശ്രേഷ്ഠമോ നികൃഷ്ടമോ ആയ എല്ലാ സംഭവങ്ങൾക്കും, ഒററവാക്കിൽ ഉപദ്രവകരമായ ചിന്തകളിലേക്കു നമ്മെ വഴിതെററിച്ചു സച്ചിന്തകളിൽനിന്നു നമ്മുടെ മനസ്സിനെ അകററുന്ന ചെറുതോ വലുതോ ആയ എല്ലാ സംഗതികൾക്കും എതിരേ നാം ആയോധനം നടത്തണം. നമ്മുടെ സ്നേഹം അവയോടാകാതിരിപ്പാൻ നാം ശ്രദ്ധിക്കണം. നമ്മുടെ ചിന്തകളെ ശക്തിപ്പെടുത്തുന്നതിൽ അനുദിനം പുരോഗമിക്കണം. ഈ ലോകത്തിൻെറ ദുർവാസനകളിൽനിന്നുളവാകുന്ന ഹാനികരമായ പ്രേരണകൾ നാം ദൂരെയകററണം, ദൈവത്തെ പ്രസാദിപ്പിക്കുന്ന സംഗതികൾ തേടിക്കൊണ്ടു് അനുദിനം നമ്മുടെ മനസ്സിനെ സുകൃതത്തിലേക്കു തിരിക്കാം. ദൈവത്തിനിഷ്ടമുള്ളവ മാത്രം യഥാർത്ഥനന്മയായി കണക്കാക്കണം, ലൗകിക മോഹങ്ങളെ പരിത്യജിക്കാൻ സദാ പരിശ്രമിക്കണം. നമുക്കുണ്ടാകുന്ന പരീക്ഷണങ്ങൾ നാം സഹിക്കണം. എല്ലാററിനുമുപരി ദൈവഹിതം തേടണം. ഈ ലോകത്തിലെ എല്ലാ ക്ലേശങ്ങളുംകൂടി നമ്മെ വലയം ചെയ്താലും, ഇപ്രകാരം പ്രവർത്തിക്കുമ്പോൾ നാം ഭാഗ്യവാന്മാരാണെന്നു കരുതണം. നാം ഇപ്രകാരം പ്രവർത്തിക്കുന്നില്ലെങ്കിൽ, ഭൗമിക സമൃദ്ധി എത്രതന്നെ ഉണ്ടെങ്കിലും എല്ലാ മനുഷ്യരെക്കാളും നാം നികൃഷ്ടരായിരിക്കും.

13. മുകളിൽ പറഞ്ഞ ചുരുങ്ങിയ വാക്കുകളിൽ സുകൃതപൂർണത എന്താണെന്നു നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചു.

www.malankaralibrary.com



തന്നെ പിൻചെല്ലുന്നവർ സൽപ്രവൃത്തികൾക്കായി പരിശ്രമിക്കണമെന്ന് അവിടുന്നു കല്പിച്ചു. അവർ സ്വർഗീയജീവിതത്തെപ്പററി ചിന്തിക്കണമെന്നും ലൗകികസംഗതികളെ നിന്ദിക്കണമെന്നും വരാനിരിക്കുന്ന ലോകത്തിലെ സംഗതികളെ കഴിവുള്ളിടത്തോളം അനുകരിക്കണമെന്നും അവിടുന്നു കല്പിച്ചു. ഇക്കാര്യങ്ങൾക്ക് അവസാനം വരെ ദൈവത്തോടു യാചിക്കണമെന്ന് അവിടുന്നാഗ്രഹിച്ചു.

നാം ആരോഗ്യമുള്ളവരും മനസ്സുള്ളവരും ഈ സംഗതികളെക്കുറിച്ചു യഥാർത്ഥസ്നേഹം ഉള്ളവരുമായിരിക്കണം. ദൈവസഹായമെന്യേ ഒന്നും ചെയ്വാൻ നമുക്കു കഴിയില്ല എന്നു നമുക്കറിയാം. അതിനാൽ പ്രാർത്ഥനവഴി ഈ സംഗതികൾ ചെയ്വാൻ അവിടുന്നു കൽപിച്ചിരിക്കുന്നതു ശരിതന്നെയാണല്ലോ. പരിപൂർണസ്നേഹത്തോടുകൂടെ അവയെ നാം സമീപിക്കുന്നതിനും നല്ലതും പ്രയോജനപ്രദവുമായ സംഗതികൾ എന്ന നിലയിൽ ദൈവത്തോട് അവ യാചിക്കുന്നതിൽ തീക്ഷ്ണതയോടും താത്പര്യത്തോടും നിലനിൽക്കുന്നതിനും വേണ്ടിയാണിത്. ദൈവം നമ്മെ സഹായിക്കുന്നില്ലെങ്കിൽ, നാം അവയെ തെരഞ്ഞെടുത്താലും അവ നമുക്കു ലഭിക്കണമെന്നു പതിനായിരം തവണ ആഗ്രഹിച്ചാലും അവ നമ്മുടെ സ്വന്തമായിത്തീരുകയില്ല. എന്നാൽ നാം ആദ്യം ദൈവത്തോടു യാചിക്കയും അവ തെരഞ്ഞെടുക്കുകയും ചെയ്താൽ നിശ്ചയമായും അവ നമ്മുടെ സ്വന്തമായിത്തീരും.

14. നമ്മുടെ കർത്താവായ മിശിഹാ ചൊല്ലിക്കൊടുത്ത പ്രാർത്ഥനയോടുകൂടി ഭാഗ്യവാനായ ലൂക്കോസ് നിരവധി സംഗതികൾ കൂട്ടിച്ചേർത്തു. അദ്ദേഹമിങ്ങനെ ചെയ്തതു പ്രാർത്ഥിക്കുന്നവർ യാചിക്കുന്ന സംഗതികൾ നിശ്ചയമായി നൽകപ്പെടുമെന്ന സംഗതി ഉറപ്പിക്കാനാണ്.

നാം വസിക്കേണ്ട ഭാവിലോകത്തെ അനുകരിക്കാൻ നമ്മെ ക്ഷണിക്കാൻ അവൻ ആഗ്രഹിച്ചു. അതിനാൽ നാം എപ്പോഴും ഭൗമിക സംഗതികളേക്കാൾ വളരെ ഉപരിസ്ഥമായിരിക്കണം; നമുക്ക് ഒന്നിനും കുറവുണ്ടാകയില്ല. അമർത്യജീവിതം അനുകരിക്കാൻ അവിടുന്നാവശ്യപ്പെട്ടപ്പോൾ സ്വഭാവത്താലേ മർത്യരും ഈ ലോകത്തിൽ നിരവധി സംഗതികൾ ആവശ്യമുള്ളവരുമായ മനുഷ്യർക്ക് അസാധ്യമായ ഒരു സംഗതി അവിടുന്ന് ആവശ്യപ്പെടുന്നു എന്നു കരുതപ്പെടാതിരിക്കാൻ അവിടുന്ന് ഇപ്രകാരം കൂട്ടിച്ചേർത്തു:

www.malankaralibrary.com



**ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു നൽകണമെ.** ഇതിൻെറയർത്ഥം ഇതാണ്: നിങ്ങൾ, വരുവാനിരിക്കുന്നലോകത്തിൻെറ സംഗതികൾ ശ്രദ്ധിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. നിങ്ങൾ ഈ ലോകത്തിലായിരിക്കവെ, ദീർഘകാലം വരുവാനിരിക്കുന്ന ലോകത്തിലായിരുന്നാൽ എന്നവണ്ണം നിങ്ങളുടെ കഴിവനുസരിച്ചു ജീവിതം ക്രമപ്പെടുത്തണം. നിങ്ങൾ ഭക്ഷിക്കയോ, കുടിക്കയോ ചെയ്യരുതെന്നോ ജീവിതാവശ്യങ്ങളൊന്നും നിർവഹിക്കരുതെന്നോ അല്ല അതിനർത്ഥം. മറിച്ച്, നിങ്ങളുടെ തിരഞ്ഞെടുപ്പു നല്ലതാകയാൽ നിങ്ങളതിനെ സ്നേഹിക്കുകയും നിരന്തരം അതേപ്പററി ചിന്തിക്കുകയും വേണം. ഈ ലോക സംഗതികളെ സംബന്ധിച്ചാണെങ്കിൽ, ആവശ്യമുള്ളവയൊക്കെ ഉപയോഗിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കുന്നു. അവയുടെ ഉപയോഗത്തിൽ കവിഞ്ഞൊന്നും നിങ്ങൾ ചോദിക്കുകയോ അവ ലഭിക്കാൻ പരിശ്രമിക്കയോ ചെയ്യരുതു്. 'ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ നമുക്കു തൃപ്തരാകാം' എന്നു ഭാഗ്യവാനായ പൗലൊസ് പറഞ്ഞതു് (തിമോ. 6:8) നമ്മുടെ കർത്താവു് ഇവിടെ 'അപ്പം' എന്നു വിളിച്ചു. അതുവഴി നമുക്കപരിത്യാജ്യമായ ഒരു സംഗതിയത്രേ കർത്താവു സൂചിപ്പിക്കുക. മററെന്തിനേക്കാളും ഭൗമിക ജീവിതസന്ധാരണത്തിനു് അപ്പം അവശ്യാവശ്യമാണെന്നു യഥാർത്ഥത്തിൽ കരുതപ്പെടുന്നു. 'ഇന്നു്' എന്നതിൻെറയർത്ഥം 'ഇപ്പോൾ' എന്നാണു്. കാരണം നാം നാളെയിലല്ല ഇന്നിലാണു്. നാം നാളെയെ ദർശിക്കുമെങ്കിലും ഇന്നിലായിരിക്കുമ്പോൾ നാം ഇന്നിലാണു്.

'ഇന്നു നിങ്ങൾ അവൻെറ സ്വരം കേൾക്കുന്നെങ്കിൽ അവനെ പ്രകോപിക്കുവാൻ തക്കവിധം നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുതു്. ഇന്നു് എന്നു വിളിക്കപ്പെടുന്ന ദിവസം ഉള്ളിടത്തോളം പരസ്പരം പ്രബോധിപ്പിക്കുവിൻ' എന്നു ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ (എബ്രാ. 3:7—8.13) വിശുദ്ധഗ്രന്ഥം ഈ ദിവസത്തെ ഇപ്പോൾ സ്ഥിതി ചെയ്യുന്നതും സമീപസ്ഥവുമായ ഒന്നായിട്ടത്രേ ചിത്രീകരിക്കുന്നതു്. അതിൻെറയർത്ഥം ഇതത്രേ: നാം ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളംകാലം, ഒരേ സ്വരത്തിൽ ഓരോ ദിവസവും മനസ്സിൽ പതിയുന്ന ഈ വാക്കു ശ്രവിക്കുന്നു എന്നു നമുക്കു സങ്കല്പിക്കാം. നമ്മുടെ സ്വഭാവ സംസ്കരണത്തിനും തിന്മകളുടെ തിരസ്കരണത്തിനും സുകൃതത്തിനുള്ള പ്രബോധത്തിനുമായി നമുക്കതിനെ ഉയർത്താം. അനുതാപത്തിനും അഭിവൃദ്ധിക്കും ഈ ലോകത്തിൽ സൗകര്യമുണ്ടു്. അതു പ്രയോജനപ്പെടുത്തി നമുക്കു് അനുദിനം പുരോഗമിക്കാം. കാര

www.malankaralibrary.com



ണം, ഇവിടംവിട്ടു കഴിഞ്ഞാൽ അനുതാപത്തിനും അഭിവൃദ്ധിക്കുമുള്ള അവസരം കടന്നുപോയിക്കഴിയും. വിധിയുടെ വിനാഴിക അപ്പോഠം സമാഗതമാകും. നാം ഈ ലോകത്തിലായിരിക്കുമ്പോഠം നമുക്കാവശ്യമുള്ള ആഹാരം എന്നയർത്ഥത്തിലാണ 'ഞങ്ങഠംക്കാവശ്യമുള്ള ആഹാരം ഇന്നു ഞങ്ങഠംക്കു തരണമെ' എന്ന് ഇവിടെ നമ്മുടെ കർത്താവു പറഞ്ഞത്. ശരീരസന്ധാരണാർത്ഥമുള്ള ആഹാരമോ വസ്ത്രമോ പാനീയമോ ഒന്നും പാടില്ലെന്ന് പറയുകയോ വിലക്കുകയോ ചെയ്തിട്ടില്ല. നമുക്കാവശ്യമുള്ളവയും നമുക്കുള്ളപ്പോഠം നമുക്കു് ഉപയോഗിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളവയും മററുള്ളവരിൽനിന്നു സ്വീകരിക്കുന്നതു കുററകരമായി കരുതപ്പെടാത്തതുമായ സംഗതികഠം ദൈവത്തോടു ചോദിക്കുന്നതു കുററകരമല്ല. നമ്മുടെ മനുഷ്യപ്രകൃതിയുടെ സന്ധാരണത്തിനു് ആവശ്യമായ സംഗതികഠം ദൈവത്തോടു ചോദിക്കുവാൻ നമുക്കനുവാദം ഉള്ളപ്പോഠം അവ ഉപയോഗിക്കുന്നതു് എങ്ങനെ കുററകരമായിത്തീരും?

അതുകൊണ്ടു മനുഷ്യപ്രകൃതിയുടെ സന്ധാരണത്തിനു് ആവശ്യമായ സംഗതിയാണു് അവിടുന്നു് അപ്പമെന്നു വിളിക്കുന്നതു്. 'ആവശ്യമായ' എന്ന പ്രയോഗത്തിൻെറ അർത്ഥം നമ്മുടെ പ്രകൃതിക്കനുസൃതം എന്നത്രേ. അതായതു നമ്മുടെ പ്രകൃതിയുടെ ആവശ്യത്തിനും പ്രയോജനത്തിനുംവേണ്ടി എന്നാണു്. ആഹാരമായി അവശ്യാവശ്യം നമുക്കു് ഉണ്ടായിരിക്കണമെന്നു് സ്രഷ്ടാവു നിശ്ചയിച്ച ഒരു വസ്തുവത്രേ അപ്പം.

ജീവിതാവശ്യങ്ങളെക്കാഠം കൂടുതൽ സംഗതികഠം സമ്പാദിച്ചു കൂട്ടുന്നതു പരിപൂർണതയ്ക്കു പരിശ്രമിക്കുന്നവർക്കു് അനുവദനീയമല്ല. 'ആവശ്യമുള്ള' എന്ന വാക്കിലൂടെ ജീവിതാവശ്യങ്ങളിലേക്കാണു പ്രാർത്ഥനയിൽ ശരിയായി വിരൽ ചൂണ്ടുന്നതു്. അതായതു നമ്മുടെ പ്രകൃതിക്കു പ്രയോജനപ്രദവും ഉപകാരപ്രദവുമായ സംഗതികഠം എന്നത്രേ. 'ഇന്നു്' എന്നതിൻെറ അർത്ഥം ഇതാണു്. മനുഷ്യപ്രകൃതിയുടെ സന്ധാരത്തിനു സ്രഷ്ടാവു ജീവിതാവശ്യങ്ങഠം നിശ്ചയിച്ചിരിക്കുന്നു. അതിനാൽ അവ ചോദിക്കുന്നതും ഉപയോഗിക്കുന്നതും നിയമാനുസൃതമാണു്. എന്നാൽ ഈ അവശ്യ സംഗതികളെക്കാഠം കൂടുതൽ ദൈവത്തോടു ചോദിക്കുന്നതിനും അവ സാധിക്കുന്നതിനു തീക്ഷ്ണതാപൂർവം പരിശ്രമിക്കുന്നതിനും ആർക്കും അനുവാദമില്ല. നമ്മുടെ സന്ധാരണത്തിനും ഈ ലോകത്തിൽ നമ്മുടെ ആഹാരത്തിനും ആവശ്യമുള്ള സംഗതികളെല്ലാം നാം വാരിക്കൂട്ടിയാൽ അതു മററുള്ളവരിലേയ്ക്കു് ഒഴുകും. അവ കാത്തു

www.malankaralibrary.com



സൂക്ഷിച്ചവനോ, അതു ശേഖരിച്ചവനോ അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അവനിഷ്ടമില്ലെങ്കിലും അവന്റെ മരണശേഷം അതു മററുള്ളവർക്കു ലഭിക്കും. നമ്മുടെ കർത്താവ് ഉപരിപ്ളവമായ സംഗതികൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിനെ പരിപൂർണമായി അവഗണിച്ചു. എന്നാൽ നമ്മുടെ സന്ധാരണത്തിനു് ആവശ്യമായ സംഗതികൾ ഉപയോഗിക്കുന്നതു് അവിടുന്നു നിരോധിച്ചില്ല. മറിച്ച് അവ ദൈവത്തോടു ചോദിക്കുവാൻ കല്പിച്ചിരിക്കുന്നു.

## 'ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ'

15. ആദ്യത്തെ വാചകങ്ങളിൽ കുററമററ പെരുമാററത്തിന്റെയും പുണ്യപൂർണതയുടെയും തത്വങ്ങൾ അവൻ വരച്ചു കാട്ടി. 'ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ' എന്ന കൂട്ടിച്ചേർക്കൽ വഴി നമുക്കാവശ്യമുള്ളതിലേയ്ക്കു മാത്രം അവൻ ശ്രദ്ധ കേന്ദ്രീകരിച്ചു. നമ്മുടെ പ്രകൃതിയുടെ ബലഹീനതമൂലം മനസ്സറിയാതെ നിരവധി തെററുകളിലേയ്ക്കു നാം വീഴാനിടയാകുന്നു. അതുകൊണ്ടു നാം പരിപൂർണതയ്ക്കായി എത്രമാത്രം പരിശ്രമിച്ചാലും എപ്പോഴും പാപം കൂടാതിരിക്കുക അസാധ്യമത്രേ. ക്ഷമിക്കുവാനുള്ള അപേക്ഷയിലൂടെ അതിനു പെട്ടെന്നു് ഒരു പ്രതിവിധി അവൻ കണ്ടെത്തി. താഴെപ്പറയുന്നതുപോലെയാണതു്: നന്മചെയ്യുവാനും അതു പിൻചെല്ലുവാനും നിങ്ങൾക്കു താൽപര്യമുണ്ടെങ്കിൽ ഉപരിപ്ളവമായ സംഗതികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ സന്ധാരണത്തിനു് ആവശ്യമുള്ളവ മാത്രം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ മനസ്സറിയാതെ ചെയ്ത പാപങ്ങളുടെ മോചനം നിങ്ങൾക്കു ലഭിക്കുമെന്നു നിങ്ങൾക്കുറപ്പായി കരുതാം. സൽപ്രവൃത്തികൾ ചെയ്യുകയും ദുഷ്കർമ്മങ്ങളിൽനിന്നു് ഒഴിഞ്ഞു മാറുവാൻ ശ്രദ്ധിക്കുകയും ചെയ്യുന്നവൻ മനസ്സറിയാതെ മാത്രമെ വീഴുകയുള്ളു എന്നതു വ്യക്തമാണു്. ദുഷ്പ്രവൃത്തികൾ വെറുക്കുകയും സൽപ്രവൃത്തികൾ കാംക്ഷിക്കുകയും ചെയ്യുന്നവൻ എങ്ങനെയാണു സ്വമനസ്സാ കാലിടറുന്നതു്? അങ്ങനെയുള്ളയാൾ അറിവുകൂടാതെ ചെയ്യുന്ന പാപങ്ങൾക്കു സംശയാതീതമായി മോചനം ലഭിക്കും എന്നതു വ്യക്തമാണല്ലോ.

16. 'ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ' എന്നും അവിടുന്നു കൂട്ടിച്ചേർത്തു. നമുക്കെതിരെ തെററു ചെയ്യുന്നവരോടു് നമ്മുടെ കഴിവനുസരിച്ച് ക്ഷമിച്ചാൽ നമുക്കു് പാപമോചനം ലഭിക്കും എന്നുള്ള ഉറപ്പ് ഉണ്ട് എന്നു് അവൻ കാണിക്കുന്നു. നാം നന്മ തിരഞ്ഞെടുക്കുകയും അതിൽ സന്തുഷ്ട

www.malankaralibrary.com



രായിരിക്കുകയും ചെയ്യുന്നു. എന്നാൽ, ബലഹീനതമൂലം ദൈവത്തിനും മനുഷ്യർക്കുമെതിരെ നിരവധി സംഗതികൾ തെററായി പ്രവർത്തിക്കാനിടയായാൽ ഈ രണ്ടു പാപങ്ങൾക്കും സൗകര്യപ്രദമായ പ്രതിവിധി അവൻ നിർദേശിക്കുന്നു. അതായത്, നമുക്കെതിരെ തെററു ചെയ്യുന്നവരോട് നാം ക്ഷമിച്ചാൽ ദൈവത്തിൽനിന്നു നമ്മുടെ ലംഘനങ്ങൾക്കു സംശയമെന്യേ മോചനം പ്രാപിക്കുമെന്നു നമുക്കുറപ്പുണ്ട്. നാം തെററു ചെയ്യുമ്പോൾ സാഷ്ടാംഗ പ്രണാമം ചെയ്തു് ദൈവത്തോടു യാചിച്ച് മാപ്പപേക്ഷിക്കുന്നു; അതുപോലെ നമുക്കെതിരെ തെററുചെയ്യുകയും എന്നാൽ ക്ഷമചോദിക്കുകയും ചെയ്യുന്നവരോട് നാമും ക്ഷമിക്കണം. ഏതെങ്കിലും രീതിയിൽ നമുക്കുപദ്രവമോ നമുക്കെതിരേ തെറേറാ ചെയ്തവർ അനുതപിച്ച് തെററിനെപ്പററി മാപ്പപേക്ഷിച്ചാൽ നാം വാത്സല്യപൂർവം സ്വീകരിക്കണം. ദൈവത്തോടു പ്രാർത്ഥിക്കാൻ ആഗ്രഹിക്കുമ്പോൾ തെററുക്ഷമിച്ചവർക്ക് ഇപ്രകാരം സംഭവിക്കും. നമ്മോട് തെററു ചെയ്തവരോട് നാം ക്ഷമിച്ചതുപോലെ, മാപ്പപേക്ഷിക്കാൻ വ്യക്തമായി നമ്മുടെ കർത്താവു് നമ്മോട് കല്പിച്ചിരിക്കുന്നു.

17. നാം ഈ ലോകത്തിലായിരിക്കുമ്പോൾ പലവിധം അലട്ടലുകൾക്കു വിധേയരാവും. ശാരീരിക രോഗങ്ങൾ മനുഷ്യരുടെ ദുഷ്പ്രവൃത്തികൾ തുടങ്ങി നമ്മെ അരിശം കൊള്ളിക്കുന്നതും ബുദ്ധിമുട്ടിക്കുന്നതുമായ നിരവധി സംഗതികളുണ്ടല്ലോ. സുകൃതസ്നേഹം ആത്മാവിൽനിന്ന് ദൂരെയെറിയാൻ പ്രലോഭിതമാകുന്ന ചിന്തകൾ നമ്മെ അലട്ടാം. അതുകൊണ്ടു് കർത്താവു് ശരിയായി ഇപ്രകാരം കൂട്ടിച്ചേർത്തു.

**'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ'.** നമ്മുടെ കഴിവനുസരിച്ച് പ്രലോഭനങ്ങളിൽനിന്നു നാം രക്ഷപെടാനാണിതു്. അവ നമ്മെ ആക്രമിച്ചാൽ നാം പ്രതീക്ഷിക്കാത്ത പീഡനങ്ങൾ ധൈര്യപൂർവം സഹിക്കാൻ നമ്മുടെ കഴിവനുസരിച്ച് പരിശ്രമിക്കാം. പ്രലോഭനങ്ങളൊന്നും നമ്മെ അലട്ടാതിരിക്കാൻ എല്ലാററിനും മുൻപ് ദൈവത്തോടു നാം പ്രാർത്ഥിക്കണം. എന്നാൽ നാം അതിലേക്കാനീതരാകാൻ ഇടയായാൽ ധൈര്യപൂർവം അതിനെ നേരിടുക. പെട്ടെന്ന് അതു് കടന്നുപോകുവാൻ പ്രാർത്ഥിക്കുകയും ചെയ്യുക. ഈ ലോകത്തിൽ ബഹുവിധ രീതികളിൽ നിരവധി പ്രലോഭനങ്ങൾ നമ്മുടെ മനസ്സിനെ അലട്ടുന്നു എന്നതു വ്യക്തമാണല്ലോ; നീണ്ട മാരക ശാരീരിക രോഗങ്ങൾക്കു വിധേയരായവരെ രോഗം വലിയ ദുരിതത്തിൽ ആഴ്ത്തുന്നു. തെററായ ശാരീരിക ചാച്ചിലുകൾ കർത്തവ്യപാതയിൽനിന്ന് വഴിതെററാനും മനസ്സുകൂടാതെ കാലിടറാനും ഇടയാക്കുന്നു. മനോഹര

www.malankaralibrary.com



രൂപത്തിന്റെ പെട്ടെന്നുള്ള കാഴ്ച നമ്മുടെ പ്രകൃതിയിലുള്ള വികാരങ്ങളെ ആളിക്കത്തിക്കുന്നു. ആകസ്മികമായി നമ്മെ ആക്രമിക്കുകയും സൽപ്രവൃത്തികളിൽനിന്ന് അഭക്തകർമ്മങ്ങളിലേക്ക് നമ്മുടെ മനസ്സിനെ ശക്തിയായും നമ്മുടെ ഇഷ്ടം കൂടാതെയും തിരിക്കുകയും ചെയ്യുന്നു. തിന്മചെയ്യാൻ തത്പരായ അഭക്തരും പരദൂഷകരുമായ മനുഷ്യരുടെ അഭിപ്രായങ്ങളെ സംബന്ധിച്ച് ഇതു് ഏറെ വാസ്തവമാണ്; കാരണം, അവരുടെ അഭിപ്രായങ്ങൾ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ നാം ഇഷ്ടപ്പെടുന്നവയിൽനിന്നു നമ്മെ തിരിപ്പിക്കാൻ തികച്ചും പര്യാപ്തമാണ്. പരിപൂർണതയിൽ തീക്ഷ്ണതയുള്ളവരെപ്പോലും വഴിതെറ്റിക്കാൻ അവർക്കു കഴിയും. ഇക്കൂട്ടർ വിശ്വാസികളുടെ സമൂഹത്തിൽ ഉൾപ്പെട്ടവരാണെങ്കിൽ അതേറ്റം വേദനാജനകമാണ്. അവർക്കെതിരെ നമ്മുടെ കർത്താവു് പറഞ്ഞു: 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു് ഇടർച്ച വരുത്തുന്നതിനേക്കാൾ മെച്ചം കഴുത്തിൽ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുന്നതാണ്' (മത്താ. 18:6) നമുക്കെതിരെ നില്ക്കുന്ന മർക്കടമുഷ്ടിക്കാരായ മനുഷ്യരെപ്പററിയാണ് അവിടുന്നിതു പറഞ്ഞതു്; അവശരും വിനീതരുമായ മനുഷ്യരെ കർത്തവ്യപാതയിൽനിന്നു് അകററാൻ തങ്ങളുടെ പരദൂഷണവും ദുഷ്ടതയുംകൊണ്ടു പരിശ്രമിക്കുന്നവർക്കു് ഗൗരവമായ ശിക്ഷ നൽകുമെന്നു് അവിടുന്നു മുന്നറിയിപ്പു നൽകുന്നു: എളിയതും ശുദ്ധവുമായ ജീവിതം നയിച്ചു പൂർണതയ്ക്കായി പരിശ്രമിക്കുന്നവരെ ദുഷ്ടതയും മർക്കടമുഷ്ടിയുംകൊണ്ടു് മുറിപ്പെടുത്തുന്ന പ്രവൃത്തിയെയാണ് 'ഇടർച്ചവരുത്തുക' എന്നതുകൊണ്ടു് അവിടുന്നുദ്ദേശിക്കുന്നതു്. ഇക്കാരണത്താൽ, 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതു്' എന്നതിനുശേഷം അവൻ കൂട്ടിച്ചേർത്തു:

18. 'ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ'. കാരണം, മുകളിൽ പറഞ്ഞ എല്ലാ സംഗതികളിൽ ദുഷ്ടപിശാചു് ധാരാളമായി നമ്മെ മുറിപ്പേടുത്തുന്നു. നമ്മുടെ സ്നേഹത്തിൽനിന്നും കർത്തവ്യ നിർവഹണത്തിൽനിന്നും നമ്മെ പിൻതിരിപ്പിക്കാമെന്നു കരുതി നിരവധി രീതികളിൽ അവൻ പരിശ്രമിക്കുന്നു.

19. മുകളിൽ പറഞ്ഞ പ്രാർത്ഥനാവാചകങ്ങളിലൂടെ പൂർണതയുടെ പ്രവൃത്തികൾ ഏവയെന്നു് നമ്മുടെ കർത്താവു് വരച്ചു കാട്ടി. നാം എങ്ങനെ ആയിരിക്കണമെന്നും, എന്തിലെല്ലാം ഉത്സാഹമുള്ളവരായിരിക്കണമെന്നും, എന്തിൽനിന്നെല്ലാം

www.malankaralibrary.com


നാം ഓടിപ്പോകണമെന്നും, ദൈവത്തോട് എന്തെല്ലാം യാചിക്കണമെന്നും വ്യക്തമായി അവിടുന്ന നമ്മെ പഠിപ്പിച്ചു.

സത്യവിശ്വാസത്തോടും സത്യപ്രബോധനത്തോടുംകൂടെ സൽപ്രവൃത്തികൾക്കും സുകൃതജീവിതത്തിനും നാം പരിശ്രമിക്കണം എന്ന കരുതി നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ മാമോദീസായ്ക്കണയുന്നവർക്കായി ഈ പ്രാർത്ഥന നിർദ്ദേശിച്ചു. വിശ്വാസപ്രമാണം സംബന്ധിച്ചുള്ള സത്യപ്രബോധനത്തോടുകൂടി പ്രാർത്ഥനവഴി, ഈ ലോകത്തിലായിരിക്കവേ തന്നെ നമ്മെ സ്വർഗീയ പൗരന്മാരാക്കുന്ന മാമോദീസാ എന്ന ദാനം സ്വീകരിക്കുന്നവർക്കുണ്ടായിരിക്കേണ്ട പൂർണത നേടുവാൻ ജീവിതം ക്രമീകരിക്കാനാണിതു്.

കർത്തൃപ്രാർത്ഥനയിൽനിന്നു്, ചുരുങ്ങിയ വാക്കുകളിൽ നിങ്ങൾ പഠിച്ച സംഗതികൾ വ്യക്തമായി നിങ്ങളുടെ മനസ്സിൽ സൂക്ഷിപ്പാൻ ശ്രദ്ധിക്കുവിൻ. ശ്രദ്ധാപൂർവം അവയെപ്പററി ധ്യാനിക്കുവിൻ; വരുവാനിരിക്കുന്ന ലോകത്തിൽ നിന്നകന്നു്, ഈ ലോകത്തിലായിരിക്കവേ, നമ്മുടെ കർത്താവിൻെറ പ്രബോധനങ്ങളെ അനുകരിച്ചു് പിൻചെല്ലുന്നതിനും സ്വർഗീയ നന്മകൾക്കർഹരാകുന്നതിനും വേണ്ടിയാണിതു്; ദൈവത്തിൻെറ ഏകജാതൻെറ കൃപയാൽ അവയിൽ ഭാഗഭാക്കുകളാകുവാൻ നമുക്കിടയാകും. അവനു് തൻെറ പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം ഇപ്പോഴും എന്നുമെന്നേയ്ക്കും മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# 12

# പന്ത്രണ്ടാം പ്രസംഗം

## മാമോദീസാ

**ചുരുക്കം**

വിശുദ്ധ മാമോദീസായുടെ ദാനത്തിനണയാൻ ആഗ്രഹിക്കുന്നയാൾ ദൈവത്തിൻെറ സഭയിലേക്കു വരുന്നു. ശരിയായി നിയമിതനായ വ്യക്തി അയാളെ അവിടെ സ്വീകരിക്കുന്നു. മാമോദീസായ്ക്കു് അണയുന്നവരുടെ പേരെഴുതുക എന്നൊരു പതിവുണ്ടു്. അയാളുടെ ജീവിതത്തെ സംബന്ധിച്ചു് ചുമതലക്കാരൻ വേണ്ട അന്വേഷണം നടത്തുന്നു. തലതൊട്ടപ്പൻ എന്നു വിളിക്കപ്പെടുന്നയാൾ മാമോദീസാ മുക്കുന്നവർക്കാണു് ഈ ചടങ്ങു് നിർവഹിക്കുന്നതു്. ചുമതലയുള്ളയാൾ നിങ്ങളുടെയും നിങ്ങളുടെമധ്യസ്ഥൻെറയും, അഥവാ പട്ടണത്തിൽ നിങ്ങളുടെ സഹായി ആയി വർത്തിക്കുന്ന ആളിൻെറയും, പേരു് സഭാ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. ഭൂതോച്ചാടകൻ എന്നു വിളിക്കപ്പെടുന്നയാളിൻെറ സേവനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്; കാരണം, കോടതിയിൽ കേസുവാദിക്കുമ്പോൾ പ്രതി നിശ്ശബ്ദനായിരിക്കുക ആവശ്യമാണല്ലോ. നിങ്ങൾ പ്രാർത്ഥനാരൂപത്തിൽ കൈകൾ നീട്ടി, താഴേക്കു നോക്കിനിൽക്കുന്നു. ഇക്കാരണത്തിലാണു് നിങ്ങൾ മേൽ വസ്ത്രം നീക്കി, നിഷ്പാദുകരായി ചാക്കിൻെറ പുറത്തു് നില്ക്കുന്നതു്. വിശ്വാസം സംബന്ധിച്ചവ ആ ദിവസങ്ങളിൽ നിങ്ങൾ ധ്യാനിക്കണം.

1. നമ്മുടെ കർത്താവിൻെറ പ്രബോധനമനുസരിച്ചു നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ രചിച്ച വിശ്വാസപ്രമാണത്തെപ്പററി കഴിഞ്ഞദിവസം സമഗ്രഹമായി നിങ്ങളോടു് ഞാൻ സംസാരിച്ചു എന്നു കരുതുന്നു. നിങ്ങൾ പഠിച്ചു് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ സ്വീകരിക്കണമെന്നു് അവർ ആഗ്രഹിച്ചു. മാമോദീസായുടെ ദാനത്തിനണയുന്ന നിങ്ങളോടു് ആ ദിവസങ്ങളിൽ ഞാൻ സംസാരിക്കയുണ്ടായി. നിങ്ങൾ വിശ്വസിക്കേണ്ടതെന്താണെന്നു് ഗ്രഹിക്കുന്നതിനും ദൈവനാമത്തിൽ മാമോ

www.malankaralibrary.com



ദീസാ സ്വീകരിക്കുന്നതിനുമാണത്. നമ്മുടെ കർത്താവിൻെറ പ്രബോധനമനുസരിച്ചാണു നിങ്ങൾ പ്രബോധനം സ്വീകരിക്കുന്നതെന്നും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലാണു് നിങ്ങൾ മാമോദീസാ സ്വീകരിക്കുന്നതെന്നും മനസ്സിലാക്കണം.

അതോടുകൂടി പ്രാർത്ഥനയെപ്പററി ഞാനൊരു പ്രസംഗം പറകയുണ്ടായി. മാമോദീസാ എന്ന മഹാദാനം സ്വീകരിക്കുന്നവരുടെ ജീവിതത്തിനു ചേർന്ന സൽപ്രവൃത്തികൾ ഏവയെന്നു് നിങ്ങൾ ശരിയായി അറിയാനാണിതു്. മാമോദീസായുടെ സമയം അടുത്തിരിക്കുന്നതിനാലും ദൈവകൃപയാൽ വിശുദ്ധമാമോദീസായിൽനിങ്ങൾ ഭാഗഭാക്കുകളാകാൻ പോകുന്നതിനാലും മാമോദീസായുടെ ശക്തിയും മാമോദീസായുമായിബന്ധപ്പെട്ട ചടങ്ങുകളും ഓരോന്നിൻെറയും കാരണവും നിങ്ങൾക്കു് വിശദീകരിക്കുന്നതു് ആവശ്യവും ന്യായയുക്തവുമാണു്. ഇവയുടെയെല്ലാം കാരണമെന്തെന്നു് നിങ്ങൾ ഗ്രഹിക്കുമ്പോൾ വലിയ സ്നേഹത്തോടുകൂടി ഈ കർമ്മങ്ങളിൽ നിങ്ങൾ പങ്കെടുക്കും.

2. ദൃശ്യമായ അടയാളങ്ങളും സാദൃശ്യങ്ങളും വഴി അദൃശ്യവും അവാച്യവുമായവയുടെ ആവിഷ്കരണമാണല്ലോ ഓരോ കൂദാശയും. കൂദാശയുടെ ഫലം അതിനണയുന്നവർ ഗ്രഹിക്കുവാൻ അവ വിവരിക്കുകയും വിശദീകരിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്. കൂദാശ ദൃശ്യമായ ഘടകങ്ങളിൽ മാത്രം അധിഷ്ഠിതമാണെങ്കിൽ വാക്കുകൾ ഉപയോഗരഹിതമാണു്. അവിടെ സംഭവിക്കുന്ന സംഗതികൾ ഓരോന്നായി കാണിക്കുവാൻ കാഴ്ചയ്ക്കു കഴിയുമല്ലോ. എന്നാൽ കൂദാശകൾ ആകട്ടെ സംഭവിക്കുകയോ സംഭവിച്ചു കഴിഞ്ഞവയോ ആയ സംഗതികളുടെ അടയാളങ്ങൾ ആയതിനാൽ അടയാളങ്ങളുടെയും രഹസ്യങ്ങളുടെയും ശക്തി വിവരിക്കുവാൻ വാക്കുകൾ ആവശ്യമാണു്. യൂദന്മാർ സ്വർഗീയസംഗതികളുടെ നിഴലുകളെയും സാദൃശ്യങ്ങളെയും ശുശ്രൂഷിച്ചു (എബ്രാ. 8:5). കാരണം, നിയമം വരുവാനിരിക്കുന്ന നന്മകളുടെ നിഴൽ മാത്രമായിരുന്നു. അല്ലാതെ ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ അവയുടെ തനി രൂപമല്ല (എബ്രാ. 10:1). നിഴൽ, വസ്തുക്കളുടെ സാമീപ്യം വിളിച്ചറിയിക്കുന്നു. പദാർത്ഥം കൂടാതെ നിഴലിനു് അസ്തിത്വം ഇല്ല. തനിരൂപത്തിൽ സംഭവിക്കുന്നതുപോലെ നിഴൽ സംഗതികളെ പ്രതിഫലിപ്പിക്കുന്നില്ല. നാം ഒരു തനിരൂപത്തെ നോക്കുമ്പോൾ അതിൽ പ്രതിഫലിക്കുന്ന ആളിനെ—നേരത്തെ ആ ആളിനെ നമുക്കറിയാമെങ്കിൽ—കൃത്യമായി വരച്ച പടംമൂലം തിരിച്ചറിയുന്നു. എന്നാൽ നിഴൽ മാത്രം കൊണ്ടു് ഒരാളെതിരിച്ചറിയുവാൻ സാധിക്കുകയില്ല. കാരണം, യഥാർത്ഥശരീരവുമായി അതിൽ നിന്നു പുറപ്പെടുന്ന

www.malankaralibrary.com



നിഴലിന്റെ സാദൃശ്യമില്ല. നിയമവും ഇപ്രകാരമാണ്. ശ്ലീഹാ പറഞ്ഞതുപോലെ അവ സ്വർഗീയ സംഗതികളുടെ നിഴൽ മാത്രമാണ്. ഈ നിഴലിന്റെ സ്വഭാവം നിങ്ങൾ പഠിക്കണം.

3. ഒരു ദിവ്യദർശനത്തിൽ താൻ ഗ്രഹിച്ചതുപോലെ മോശ രണ്ടു കൂടാരങ്ങൾ ഉണ്ടാക്കി. ഒന്ന് വിശുദ്ധമെന്നും മററത് അതിവിശുദ്ധമെന്നും അവൻ വിളിച്ചു. ഒന്ന് നാം ഇപ്പോൾ വസിക്കുന്ന ഭൂമിയിലെ ജീവിതത്തിന്റെയും വാസത്തിന്റെയും സാദൃശ്യമായിരുന്നു. അതിവിശുദ്ധമെന്നു വിളിക്കപ്പെട്ട രണ്ടാമത്തേത് ദൃശ്യാകാരത്തിന് ഉപരിസ്ഥമായ പ്രദേശങ്ങളുടെ സാദൃശ്യമായിരുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി എടുക്കപ്പെട്ട കർത്താവായ മിശിഹാ അതിലേക്ക് കരേറി. അവിടുന്ന് ഇപ്പോൾ അതിലത്രേ. അവിടെ ആയിരിക്കുന്നതിനും അവനോടൊത്തു വസിക്കുന്നതിനും വേണ്ടി അവിടേക്കു പോകുവാൻ അവൻ നമ്മെ അനുവദിച്ചു. ഭാഗ്യവാനായ പൗലോസ് പറഞ്ഞു, 'മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേയ്ക്കും മഹാപുരോഹിതനായ മിശിഹാ നമ്മുടെ മുന്നോടിയായി അവിടെ പ്രവേശിച്ചു' (എബ്രാ. 6:20).

അവൻ മഹാപുരോഹിതന്മാരുടെ ക്രമപ്രകാരം ആയിത്തീർന്നുവെന്ന് അവനെപ്പററി പറയപ്പെട്ടിരിക്കുന്നു. കാരണം, അവിടുന്നാണ് അവിടെ ആദ്യം പ്രവേശിച്ചത്. അവിടെ പ്രവേശിക്കുവാനുള്ള കൃപ അവൻമൂലം നമുക്കു ലഭിച്ചു. സ്വയം ദൈവത്തിൻ പക്കലേക്ക് അടുക്കുക എന്നതാണ് മഹാപുരോഹിതന്റെ പ്രഥമദൗത്യം. മററുള്ളവരും അവനെ അനുഗമിച്ചും അവനോടൊപ്പവും ദൈവത്തിൽപക്കലേക്കടുക്കണം. എന്നാൽ ഈ സംഗതികൾ ഇതുവരെ സംഭവിച്ചിട്ടില്ല. അവസാനത്തിലേ സംഭവിക്കൂ. അതിനാൽ നിയമത്തിന്റെ പുരോഹിതന്മാർ നിയമം അനുസരിച്ചുള്ള തങ്ങളുടെ ശുശ്രൂഷവഴി, അതിവിശുദ്ധസ്ഥലം എന്നു വിളിക്കപ്പെടുന്നിടത്ത് ഇത്തരം ഒരു പ്രവൃത്തിയും ചെയ്തില്ല. അവരാരും ഒരിക്കലും അതിൽ പ്രവേശിച്ചില്ല.

4. മഹാപുരോഹിതൻ ആണ്ടിൽ ഒരിക്കൽ മാത്രം അവിടെ പ്രവേശിക്കുകയും അവിടെ പ്രവേശിക്കുന്നതിനു മുൻപ് ബലിയർപ്പിക്കുകയും ചെയ്തുവന്നു. എപ്പോഴും അവിടെ പ്രവേശിക്കുന്നതിന് അവന് അവകാശമില്ലായിരുന്നു. നിയമത്തിന്റെ പ്രവൃത്തികളെല്ലാം ഭൂമിയിലെ മനുഷ്യജീവിതത്തെ സംബന്ധിച്ചുള്ളതായിരുന്നു എന്നു കാണിക്കാനാണ് അവർ

www.malankaralibrary.com



ആണ്ടിലൊരിക്കൽ അവിടെ പ്രവേശിച്ചതു്. സ്വർഗ്ഗീയ സംഗതികളുമായി അവയ്ക്കു് ഒരു തരത്തിലും ബന്ധമില്ലായിരുന്നു. അതുപോലെ നാം നമ്മുടെ മർത്ത്യപ്രകൃതിയിലായിരിക്കുന്നിടത്തോളം കാലം നമുക്കു സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല. നമ്മിൽ നിന്നുള്ള ഒരു മനുഷ്യൻ എടുക്കപ്പെടുകയും മനുഷ്യപ്രകൃതിയുടെ നിയമം അനുസരിച്ചു് മരിക്കുകയും മരിച്ചവരിൽ നിന്നു് മഹത്വത്തോടുകൂടി ഉയിർക്കുകയും സ്വഭാവത്താലേ അമർത്ത്യനും വ്യതിയാനരഹിതനും ആയിത്തീരുകയും സ്വർഗ്ഗാരോഹണത്തിന്റെ അച്ചാരമായിത്തീരുകയും ചെയ്തതിനു ശേഷമേ മനുഷ്യനു സ്വർഗീയസ്ഥലങ്ങളിൽ പ്രവേശിക്കുവാൻ സാധിച്ചുള്ളു.

5. നിയമത്തിൽ വരുവാനിരിക്കുന്ന നന്മകളുടെ നിഴൽ മാത്രം ഉണ്ടായിരുന്നു. നിയമത്തിൻ കീഴിൽ ജീവിച്ചവർക്കു് ഭാവി സംഗതികളുടെ രൂപം മാത്രം ലഭിച്ചിരുന്നു. ഈ രീതിയിൽ സ്വർഗീയ സംഗതികളുടെനിഴലും അടയാളവുമായി മാത്രമായിരുന്നു അവരുടെ ശുശ്രൂഷ. കാരണം, കൂടാരവും അതിനുള്ളിൽ നടന്നവയും വഴി സ്വർഗീയ ജീവിതത്തിന്റെ രൂപവും ഒരു തരത്തിലുള്ള പ്രത്യക്ഷീകരണവും അവരുടെ ശുശ്രൂഷ ചൂണ്ടിക്കാട്ടി. അതു് നമ്മുടെ കർത്താവായ മിശിഹാ തന്റെ സ്വർഗാരോഹണത്താൽ നമുക്കു കാണിച്ചുതന്നു. അക്കാലത്തു് ജീവിച്ചിരുന്ന ആളുകളിൽ നിന്നു് അതു് മറയ്ക്കപ്പെട്ടിരുന്നു. എന്നാൽ അതിൽ ഭാഗഭാക്കുകളാകുവാൻ അവൻ നമുക്കെല്ലാവർക്കും അനുഗ്രഹം നല്കി. ഉത്ഥാനത്തെപ്പററി പ്രതീക്ഷയുണ്ടായിരുന്ന യഹൂദർക്കു് അതേപ്പററി വളരെ അവ്യക്തമായ ഒരാശയമേ ഉണ്ടായിരുന്നുള്ളു. അമർത്ത്യജീവിതത്തിലേക്കു് നാം രൂപാന്തരപ്പെടുമെന്നു് ചിന്തിച്ചതേയില്ല. മറിച്ചു് തിന്നുകയും കുടിക്കുകയും വിവാഹം ചെയ്യുകയും ചെയ്യുന്ന ഒരു സ്ഥലമായി അവർ അതിനെ കരുതി. നമ്മുടെ കർത്താവിന്റെ വാക്കുകറം നാം വിശ്വസിക്കുകയാണെങ്കിൽ ഇതു വളരെ ലജ്ജാകരമായി നാം പരിഗണിക്കണം. 'നിങ്ങറം വിശുദ്ധ ഗ്രന്ഥങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാതെ വഴി തെററിപ്പോകുന്നു. കാരണം, ഉത്ഥാനത്തിൽ അവർ വിവാഹം ചെയ്യുന്നില്ല, വിവാഹത്തിനു് കൊടുക്കുന്നുമില്ല; അവർ മാലാഖമാരെപ്പോലെയത്രേ'. 'അവർ ഉത്ഥാനത്തിന്റെ മക്കളാകയാൽ ദൈവത്തിന്റെ മക്കളാണു്'' (മത്താ. 22:29–30; ലൂക്കാ. 20:36). ഉത്ഥാനം സംബന്ധിച്ചു് അവരുടെ തെററായ ആശയത്തെ അവിടുന്നു വിമർശിക്കുന്നു. അവർ മാലാഖമാരെപ്പോലെ ആയിരിക്കും എന്നു് വ്യക്തമായി പറഞ്ഞതു

www.malankaralibrary.com



വഴി ഉത്ഥാനം ചെയ്യുന്നവർക്ക് ഒരുതരം ദൈവികജീവൻ ലഭിക്കുമെന്ന് നാം വിശ്വസിക്കണമെന്ന് അവൻ പഠിപ്പിച്ചു.

6. നമ്മിൽ നിന്ന് എടുക്കപ്പെട്ടുകയും മാനുഷികനിയമം അനുസരിച്ച് നമുക്കുവേണ്ടി മരിക്കുകയും ഉത്ഥാനംവഴി അമർത്യനും വ്യതിയാനരഹിതനും ഒരിക്കലും മാററമില്ലാത്തവനും സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടവനും നമ്മുടെപ്രകൃതിയുമായി തനിക്കുള്ള ഐക്യംവഴി ഈ സംഭവത്തിൽ നമുക്കുള്ള ഭാഗഭാഗിത്വത്തിന്റെ അച്ചാരമായി തീർന്നവനുമായ നമ്മുടെ കർത്താവീശോ മിശിഹായിൽ, പ്രാചീനർ ഉപമകളും നിഴലുകളും ആയി കരുതിയിരുന്നവ യാഥാർത്ഥ്യമായിത്തീർന്നു. 'മിശിഹാ മരിച്ചവരിൽനിന്ന് ഉയിർത്തെങ്കിൽ മരിച്ചവരിൽ നിന്നുള്ള ഉയിർപ്പില്ലെന്ന് നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ?' (1കൊറി. 15:12) എന്നു പറയുന്നതുവഴി ഉത്ഥാനമുണ്ടെന്ന് എല്ലാവരും വിശ്വസിക്കണമെന്നും നാമും തുല്യമായി അതിൽ ഭാഗഭാക്കുകളാകുമെന്ന് വിശ്വസിക്കണമെന്നും ശ്ലീഹാ വ്യക്തമായി കാണിച്ചു. നേരത്തെ സംഭവിച്ചവ നമുക്കും സംഭവിക്കും എന്ന ഉറപ്പായ വിശ്വാസം നമുക്കുള്ളതിനാൽ നമ്മുടെകർത്താവിന്റെ ഉത്ഥാനത്തിൽ സംഭവിച്ചവ നമുക്കും സംഭവിക്കുമെന്ന് നാം വിശ്വസിക്കുന്നു. നമ്മുടെ കർത്താവായ മിശിഹായുടെ വ്യാപാരത്തിന്റെ അഗ്രാഹ്യങ്ങളായ അടയാളങ്ങൾ ഉൾക്കൊള്ളുന്ന അവാച്യമായ കൂദാശയുടെ ഉള്ളടക്കം നമുക്കു സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് നാം പരികർമ്മംചെയ്യുന്നു. ശ്ലീഹായുടെ വാക്കനുസരിച്ച് ഉത്ഥാനത്തിന്റെ പ്രത്യാശ നമ്മിൽ ഉറപ്പിക്കുവാൻ നാം മാമോദീസായോ കുർബാനയോ പരികർമ്മം ചെയ്യുമ്പോൾ ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും അനുസ്മരിച്ചുകൊണ്ടാണ് അതു ചെയ്യുന്നത് എന്നതു സുവ്യക്തമാണല്ലോ.

7. ഉത്ഥാനത്തെ സംബന്ധിച്ച് അവൻ പറഞ്ഞു: 'യേശുമിശിഹായിൽ സ്നാനപ്പെട്ടവരായ നാമെല്ലാവരും മാമോദീസാവഴി മരണത്തിൽ അവനോടുകൂടി സംസ്കരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു പിതാവിന്റെമഹത്വത്തിലൂടെ മരിച്ചവരിൽ നിന്ന് ഉയിർത്തതുപോലെ നാമും പുതിയ ജീവനിൽ വ്യാപരിക്കുവാൻ വേണ്ടിയാണിത്' (റോമ. 6:3–4). നാം നമ്മിൽ തന്നെ നമ്മുടെ കർത്താവിന്റെ മരണവും ഉത്ഥാനവും അനുകരിക്കണമെന്ന് അവൻ പഠിപ്പിച്ചു. സംഭവിച്ചസംഗതികളുടെ

www.malankaralibrary.com



അനുസ്മരണയിൽനിന്നു ഭാവി സംഗതികളിൽ നമുക്കുള്ള പ്രത്യാശയുടെ ഉറപ്പു ലഭിക്കുന്നതിനുവേണ്ടി നാം സ്നാനപ്പെട്ടു എന്നും വ്യക്തമായി അവൻ പഠിപ്പിച്ചു. വിശുദ്ധകുർബാനയുടെ സ്വീകരണത്തെപ്പററി അവൻ പറഞ്ഞു, 'നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ കാസാ കുടിക്കുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണമാണു തൻെറ വരവുവരെ അനുസ്മരിക്കുന്നതു'' (1 കൊരി. 11:26). നമ്മുടെ കർത്താവും പറഞ്ഞു, 'ഇതു നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എൻെറ ശരീരം ആകുന്നു; ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തമാകുന്നു' (മത്താ. 26: 26—27; 1 കൊരി. 11:24). ശുശ്രൂഷയും സ്വീകരണവും കർത്താവിൻെറ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും അനുസ്മരണം ആണെന്നു ഇതിൽനിന്നു വ്യക്തമാണല്ലോ. നമുക്കെല്ലാവർക്കും അവനുമായി സംസർഗം ഉണ്ടാകും എന്ന പ്രതീക്ഷ ഇതിൽനിന്നുളവാകുന്നു. നമ്മുടെ കർത്താവീശോമിശിഹായുമായി ബന്ധപ്പെട്ട സംഗതികൾ കൂദാശാപരമായി നാം പരികർമ്മം ചെയ്യുന്നു. ഇതാണല്ലോ നമ്മുടെ അനുഭവം. അവനുമായുള്ള ബന്ധം നമ്മുടെ പ്രത്യാശയെ ഉറപ്പിക്കുന്നു. അതുകൊണ്ടു എല്ലാ അടയാളങ്ങളുടെയും രഹസ്യങ്ങളുടെയും ആന്തരാർത്ഥം നിങ്ങൾക്കു വിശദീകരിച്ചു തരുന്നതു പ്രയോജനപ്രദമെന്നു കരുതുന്നു.

8. നമ്മുടെ കർത്താവായ ദൈവം മനുഷ്യനെ മണ്ണിൽനിന്നു തൻെറ ഛായയിൽ നിർമ്മിച്ചു; നിരവധി സംഗതികൾ കൊണ്ടു അവിടുന്നവനെ ബഹുമാനിച്ചു. അവനെ 'ച്ഛായ' എന്നു വിളിച്ചു പ്രത്യേകമായി അവൻ ബഹുമാനിച്ചു; അതു വഴി മനുഷ്യൻ മാത്രം 'ദൈവമെന്നും' 'ദൈവപുത്രനെന്നും' വിളിക്കപ്പെടാൻ അർഹനായി. മനുഷ്യൻ സദ്ബുദ്ധിയുള്ളവനായിരുന്നെങ്കിൽ എല്ലാ നന്മയുടെയും ഉറവിടമായ ദൈവത്തോടുകൂടി നിലനിൽക്കുമായിരുന്നു, എല്ലാ നന്മകളും സത്യമായി മനുഷ്യനുണ്ടായിരുന്നു. എന്നാൽ അവൻ പിശാചിൻെറ ച്ഛായ സ്വീകരിക്കയും പൂർത്തിയാക്കുകയും ചെയ്തു. ഒരു വിപ്ളവകാരിയെപ്പോലെ അവൻ ദൈവത്തിനെതിരെ മത്സരിച്ചു. ദൈവത്തിനർഹമായ മഹത്വം തൻേറതാക്കാൻ അവൻ ആഗ്രഹിച്ചു. ചതുരുപായങ്ങൾ വഴി ദൈവത്തിൽനിന്നു മനുഷ്യനെ അകററാനും ദൈവമഹത്വത്തിന്മേൽ കടന്നാക്രമണം നടത്താനും ശ്രമിക്കുന്നവനാണല്ലോ പിശാച്. അങ്ങനെ ദൈവത്തിൻെറ എതിരാളിയായി നിന്നു അവനെ അവഹേളിക്കാമെന്നു ആ ദുഷ്ടൻ കണക്കുകൂട്ടി. ആ വഞ്ചകൻ ഒരു സഹായിയുടെ രൂപവും ഭാവവും പൂണ്ടു. മനുഷ്യൻ അവൻെറ വാക്കുക

www.malankaralibrary.com



ളിൽ മയങ്ങി. ദൈവം നൽകിയ വിലക്കുകൾ തിരസ്കരിച്ചു. അവനെ തന്റെ യഥാർത്ഥ സഹായിയായി കരുതി അവൻ ആ വഞ്ചകനെ പിൻചെന്നു. അപ്പോൾ എവിടെനിന്നു മനുഷ്യൻ എടുക്കപ്പെട്ടുവോ, ആ പൊടിയിലേക്കു തിരിച്ചുകൊണ്ടു ദൈവം അവനെ ശിക്ഷിച്ചു.

മുകളിൽ പറഞ്ഞ പാപം വഴി ലോകത്തിൽ മരണം പ്രവേശിച്ചു. ഈ മരണം മനുഷ്യപ്രകൃതിയെ ബലഹീനമാക്കി. പാപത്തിലേക്കുള്ള ഒരു വലിയ ചായ്‌വ് മനുഷ്യപ്രകൃതിയിൽ ഉളവാക്കി. ഇതു രണ്ടും ഒന്നിച്ചു വളർന്നു. ഭീകര മരണം ശക്തിപ്രാപിക്കയും പാപം പെരുകിപ്പടരുകയും ചെയ്തു. മനുഷ്യപ്രകൃതിയെ ബലഹീനമാക്കിക്കൊണ്ടു മർത്യത നിരവധി പാപങ്ങൾക്കു ജന്മം നൽകി. അവയെ നിയന്ത്രിക്കാൻ ദൈവം നൽകിയ കൽപനകൾപോലും പാപം വർദ്ധിക്കാൻ കാരണമായി. കൽപ്പന ലംഘിച്ചവർ, പാപത്തിന്റെ ആവർത്തനംവഴി ശിക്ഷയ്ക്കും കൂട്ടി. ഇതിൽനിന്ന് എതിരാളിയുടെ ദുഷ്ടത വർദ്ധിച്ചു. നമുക്കെതിരെ അവൻ പ്രവർത്തിച്ചതിനാൽ നമുക്കുണ്ടായ ക്ഷതം മൂലം അവൻ ആർത്തുല്ലസിച്ചു. അനുദിനം വഷളായിക്കൊണ്ടിരുന്ന നമ്മുടെ സ്ഥിതിവിശേഷം കണ്ട് അവൻ തുള്ളിച്ചാടി.

9. ഈ അവസ്ഥാവിശേഷം നിരാശാജനകമായിത്തീർന്നപ്പോൾ അതു നേരെയാക്കാൻ നമ്മുടെ കർത്താവായ ദൈവം തന്റെ കരുണയിൽ തിരുമനസ്സായി. ദൈവ കൽപനകൾ വിശ്വസ്തതാപൂർവം കാത്തു സൂക്ഷിക്കുന്ന നമ്മിൽനിന്നുള്ള ഒരു മനുഷ്യനെ അവിടുന്ന് ഈ ലക്ഷ്യപ്രാപ്തിക്കായി എടുത്തു. എല്ലാവിധ പാപങ്ങളിൽനിന്നും അയാൾ വിമുക്തനായിരുന്നു. എന്നാൽ മരണത്തിൽനിന്ന് ഒഴിവാക്കപ്പെട്ടില്ല. ഒന്നും ചെയ്യാൻ കഴിവില്ലാത്ത ശത്രുവാകട്ടെ, നീതിരഹിതമായ മരണത്തിനു തന്റെ ദാസരായ യൂദന്മാരുടെ കരങ്ങളാൽ അവനെ വിധേയനാക്കി. അവരാകട്ടെ സ്വമേധയാ അതു സ്വീകരിച്ചു. നീതിയുള്ള ന്യായാധിപനായ ദൈവത്തിന്റെ മുമ്പാകെ വിധിയാളനായി അവിടുത്തോടുകൂടി അവൻ ഉപവിഷ്ടനായി. തന്റെ മേൽ നീതിരഹിതമായും ദുഷ്ടമായും നിപതിപ്പിച്ച മരണശിക്ഷയ്ക്ക് അവനെ വിധിച്ചില്ല. അവൻ എന്നേക്കും മരണത്തിൽനിന്നു വിമുക്തനായിത്തീർന്നു. അപ്രകാരം അവിടുന്നു സ്വഭാവത്താലേ അമർത്യനും വ്യതിയാനരഹിതനുമായി സ്വർഗാരോഹിതനായി. പിശാചിന്റെ ദുഃഖപ്പെടുത്തലുകൾക്കും ഉപദ്രവങ്ങൾക്കും എന്നേക്കും അതീതനായിത്തീർന്നു. അമർത്യനും അഴിവില്ലാത്തവനും വ്യതിയാനരഹിതനും

www.malankaralibrary.com



സ്വർഗ്ഗവാസിയും ദൈവസ്വഭാവവുമായി സമ്പൂർണ്ണമായ ഐക്യമുള്ളവനുമായ വ്യക്തിക്ക് എന്തെങ്കിലും ഉപദ്രവം ചെയ്യാൻ പിശാച് അശക്തനായിത്തീർന്നു. നമ്മിൽ നിന്നെടുക്കപ്പെട്ട മനുഷ്യനു ദൈവമുമ്പാകെ ആത്മവിശ്വാസം ഉണ്ടായിരുന്നതിനാൽ, തന്റെ വലിയ മാററത്തിൽ മനുഷ്യകുലം മുഴുവൻ ഭാഗഭാക്കാകുവാൻ അവൻ അവർക്കെല്ലാം വേണ്ടി ദൂതനായിത്തീർന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നു, 'ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കെതിരെ ആരു് കുററമാരോപിക്കും? നീതീകരിക്കുന്നവൻ ദൈവം! ആരു് ശിക്ഷാവിധി നടത്തും? മരിക്കയും ഉത്ഥാനം ചെയ്യുകയും ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നതു ക്രിസ്തുവാണല്ലോ' )റോമ. 8:33—34). നമുക്കു ലഭിക്കാനിരിക്കുന്ന നന്മകൾ മാററമില്ലാത്തവയും വ്യതിയാന രഹിതവുമാണെന്ന് അവൻ കാണിക്കുന്നു. കാരണം, നമുക്കുവേണ്ടി മരിക്കയും മരിച്ചവരിൽ നിന്നുയിർക്കുകയും ദൈവസ്വഭാവവുമായി സുദൃഢബന്ധം പുലർത്തുകയും ചെയ്യുന്ന ക്രിസ്തു നമുക്കു വേണ്ടിയുള്ള തന്റെ മാധ്യസ്ഥ്യം വഴി ഉത്ഥാനത്തിലേക്കു് നമ്മെ വലിച്ചടുപ്പിക്കുന്നു.

10. നാം ഈ കൂദാശയ്ക്കണയുന്നു; കാരണം, അപകടങ്ങളിൽനിന്ന് അപ്രതീക്ഷിതമായുണ്ടായ മോചനത്തിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകങ്ങൾ അതിൽ നാം പരികർമ്മം ചെയ്യുന്നു. അതുപോലെ, നമ്മുടെ കർത്താവായ മിശിഹായിൽ ആരംഭം കുറിച്ച നവീനവും മഹത്തുമായ ഈ നന്മകളിലുള്ള നമ്മുടെ ഭാഗഭാഗിത്വവും അതിൽ നാം അനുഷ്ഠിക്കുന്നു. നമ്മുടെ പ്രകൃതിക്കുപരിസ്ഥവും നമുക്കെപ്പോഴെങ്കിലും ലഭിക്കുമെന്നു നാം ഒരിക്കലും ചിന്തിക്കപോലും ചെയ്യാതിരുന്നതുമായ ഈ നന്മകളിൽ ഭാഗഭാഗിത്വം ലഭിക്കുമെന്ന യഥാർത്ഥത്തിൽ നാം പ്രത്യാശിക്കുന്നു.

നമ്മുടെ വാക്കുകൾ നന്നായി മനസ്സിലാക്കാനത്രേ നാം ഈ രീതിയിൽ സംസാരിച്ചതു്. കൂദാശയിലെ ഓരോ കർമ്മത്തിന്റെയും അർത്ഥം വിവരിക്കാനുള്ള സമയമാണിതു്.

11. വിശുദ്ധ മാമോദീസാ എന്ന ദാനത്തിനണയുവാൻ ആഗ്രഹിക്കുന്നവൻ ദൈവത്തിന്റെ സഭയിലണയുന്നു. ഈ ലോകത്തിൽ വിശ്വാസികൾക്കു സ്വർഗീയ സംഗതികളുടെ പ്രതീകമായി നമ്മുടെ കർത്താവായ മിശിഹാ സഭയെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. നമ്മുടെ കർത്താവു പറഞ്ഞു: 'നീ പത്രോസാകുന്നു; ഈ പാറമേൽ ഞാനെന്റെ സഭയെ പണിയും; നരകവാതിലുകൾ അതിനെതിരെ പ്രബലപ്പെടുകയില്ല;

www.malankaralibrary.com



സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും' (മത്താ. 16:18–19). സഭയോടു ബന്ധപ്പെട്ടിരിക്കുന്നവൻ സ്വർഗീയ സംഗതികളുമായി ബന്ധപ്പെട്ടിരിക്കുവാനും സഭയ്ക്കു അപരിചിതനായിരിക്കുന്നവൻ സ്വർഗീയ സംഗതികൾക്കു വ്യക്തമായി അപരിചിതനായിരിക്കുവാനും സഭയ്ക്കധികാരം നൽകിയെന്നു് ഇതുവഴി അവിടുന്നു കാണിക്കുന്നു.

സഭയുടെ അധ്യക്ഷസ്ഥാനത്തിരിക്കുന്നവരെയാണു സഭയെ ഭരിക്കുന്ന ജോലി ഏൽപിച്ചിരിക്കുന്നതു്. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ അവർക്കുണ്ടെന്നും അവർ ഭൂമിയിൽ കെട്ടുന്നവ സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കുമെന്നും അവർ ഭൂമിയിൽ അഴിക്കുന്നവ സ്വർഗത്തിൽ അഴിക്കപ്പെട്ടിരിക്കുമെന്നും ഭാഗ്യവാനായ പത്രോസിനോടു പറഞ്ഞപ്പോൾ അവരെയാണു് അവിടുന്നുദ്ദേശിച്ചതു്. ഈ സംഗതിയിൽ, അവർ മനുഷ്യരുടെ ഗുരുക്കന്മാരാണെന്നയർത്ഥത്തിലല്ലിതു്. പിന്നെയോ, സഭയുമായി ബന്ധപ്പെട്ടിരിക്കുകയും അതിന്റെ അധ്യക്ഷസ്ഥാനത്തിരിക്കുന്നവരുടെ സംരക്ഷണയിലായിരിക്കയും ചെയ്യുന്നവർക്കു് അവശ്യാവശ്യം സ്വർഗവുമായി ഒരു ബന്ധം ഉണ്ടാകുന്നു. സഭയ്ക്കു പുറത്തുള്ളവർക്കു സ്വർഗീയ സംഗതികളുമായി യാതൊരു സംസർഗവുമില്ല എന്ന രീതിയിൽ സഭ ദൈവത്തിൽ നിന്നു് അധികാരം പ്രാപിച്ചു എന്ന അർത്ഥത്തിലത്രേ.

12. നമ്മുടെ കർത്താവായ മിശിഹാ സ്വർഗത്തിൽ ഒരു രാജ്യം സ്ഥാപിച്ചു. അതൊരു പട്ടണമായി അവിടുന്നു സ്ഥാപിച്ചു. അവിടെയത്രേ അവിടുത്തെ രാജ്യം. ഭാഗ്യവാനായ പൗലോസ് അതിനെ 'നമ്മുടെയെല്ലാം അമ്മയും സ്വതന്ത്രയുമായ മുകളിലുള്ള യറുശലേം' എന്നു വിളിക്കുന്നു (ഗലാ. 4:26). അതിനുള്ളിൽ വസിക്കാമെന്നും പാർക്കാമെന്നുമാണു് നാം പ്രതീക്ഷിക്കുന്നതു്. ആ പട്ടണം അമർത്യരും വ്യതിയാന രഹിതരുമായ മാലാഖമാരുടെയും മനുഷ്യരുടെയും എണ്ണമററ നിരകൾ കൊണ്ടു നിറഞ്ഞതാണു്. വാസ്തവത്തിൽ, ഭാഗ്യവാനായ പൗലോസ് പറഞ്ഞു, 'സീയോൻ മലയോടും സജീവ ദൈവത്തിന്റെ നഗരമായ സ്വർഗീയ യറുശലേമിനോടും സംഖ്യാതീതമായ മാലാഖമാരുടെ ഗണങ്ങളോടും സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സഭയോടും അത്രേ നിങ്ങൾ അടുത്തു വന്നിരിക്കുന്നതു്'' (എബ്രാ. 12:22–23). ദത്തുപുത്രസ്ഥാനത്തിനർഹരായവരെപ്പോലെ അമർത്യരും വ്യതിയാന രഹിതരുമായവരെ ആദ്യജാതർ എന്നു് അവൻ വിളിക്കുന്നു.

www.malankaralibrary.com



അവർ ഉത്ഥാനത്തിന്റെ മക്കളാകയാൽ ദൈവത്തിന്റെ മക്കളാണു്' (ലൂക്കോ. 20:36) എന്നു് അവരെപ്പററിയാണു നമ്മുടെ കർത്താവു പറഞ്ഞതു്. സ്വർഗവാസികളായി പേരെഴുതപ്പെട്ടവരാണവർ.

13. 'ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ നാം മേഘങ്ങളിൽ എടുക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടി ആയിരിക്കും' എന്ന ശ്ലൈഹിക വചനമനുസരിച്ചു് (1 തെസ. 4:17) വരുവാനിരിക്കുന്ന ലോകത്തിൽ യാഥാർത്ഥ്യമായി ഈ സംഗതികൾ കാണപ്പെടും. തന്റെ രാജ്യമായ സ്വർഗത്തിലേക്കു് അവിടുന്നു നമ്മെ എടുത്തുയർത്തും; അവിടെ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നുമൊഴിഞ്ഞു സ്വർഗീയ നന്മകൾ പൂർണമായി ആസ്വദിച്ചുകൊണ്ടു സന്തോഷത്തോടും ആനന്ദത്തോടും കൂടെ നാം അവിടുത്തോടുകൂടിയായിരിക്കും. ഈ ലോകത്തിൽ വച്ചു തന്റെ പക്കലണയുന്നവർ ദൈവഭയവും വിശ്വാസവും വഴി, സ്വർഗീയ സംഗതികളുടെ പ്രതീകത്തിലെന്നതുപോലെ ആയിരിക്കാൻ കർത്താവാഗ്രഹിച്ചു. അങ്ങനെ സ്വർഗ്ഗീയസംഗതികളുടെ അടയാളമായി അവിടുന്നു സഭയെ സ്ഥാപിച്ചു. തന്നിൽ വിശ്വസിക്കുന്നവർ അതിൽ ജീവിക്കുന്നതിനും അവിടുന്നു തിരുമനസ്സായി. ഇക്കാരണത്താലാണു്, 'സത്യത്തിന്റെ അടിസ്ഥാനവും തൂണും സജീവദൈവത്തിന്റെ സഭയും ആയ ദൈവഭവനത്തിൽ എപ്രകാരം വ്യാപരിക്കണം എന്നതു നീ അറിയാനായി' എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞതു് (1 തിമോ. 3:15). 'സജീവ ദൈവത്തിന്റെ സഭ' എന്നതിന്റെയർത്ഥം തന്റെ നാമം എന്നുമെന്നേയ്ക്കും ഉള്ളതാണെന്നും വിശ്വാസികൾ ജീവനെ നിത്യമായി അനുഭവിക്കുമെന്നും അത്രേ. 'സത്യത്തിന്റെ തൂണും അടിസ്ഥാനവും' വിശ്വാസികളുടെ ഉറച്ചതും ബലമുള്ളതും കുലുങ്ങാത്തതും മാററമില്ലാത്തതുമായ ജീവിതവും അവർക്കു ലഭിക്കുന്ന ചൈതന്യവും സൂചിപ്പിക്കുന്നു.

14. അതുകൊണ്ടു്, മാമോദീസാ സ്വീകരിക്കാനണയുന്നവർ ദൈവത്തിന്റെ സഭയിലേക്കു വരുന്നു; അതുവഴി സ്വർഗീയ ജീവിതം പ്രാപിക്കാമെന്നു് അവൻ പ്രത്യാശിക്കുന്നു. നവീനവും മഹനീയവുമായ നഗരത്തിലെ പൗരനായിത്തീരാൻ പോകയാണെന്ന കാര്യം അവൻ ചിന്തിക്കണം. അതുകൊണ്ടു് അതിൽ പേരെഴുതപ്പെടുന്നതിനു മുൻപ് എല്ലാ കാര്യങ്ങളിലും വലിയ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. മാമോദീസായ്ക്കണയുന്നവരുടെ പേരെഴുതുന്ന ഒരു പതിവുള്ളതിനാൽ അവൻ ദൈവത്തിന്റെ സഭയിലേക്കു വരുന്നു. അവിടെ ശരിയായ രീതിയിൽ നിയമിതരായിരിക്കുന്നവർ അവരെ സ്വീകരിക്കുന്നു.

www.malankaralibrary.com



ഒരു വലിയ നഗരത്തിലെ പൗരത്വത്തിനു ചേർന്ന സവിശേഷതകൾ എല്ലാം അവനുണ്ടോ എന്നറിയാൻ പേരെഴുതുന്നയാൾ അവൻെറ ജീവിതരീതി സംബന്ധിച്ച് അന്വേഷണം നടത്തുന്നു. ഈ ലോകത്തിൽ കാണപ്പെടുന്ന തിന്മയെ തള്ളിപ്പറകയും തൻെറ മനസ്സിൽനിന്ന് അവയെ പരിപൂർണമായി പുറം തള്ളുകയും ചെയ്തശേഷം സ്വർഗരാജ്യത്തിലെ പൗരത്വത്തിനും അതിൽ പേരെഴുതുന്നതിനും അർഹനാണെന്ന് അവൻ കാണിക്കണം.

പേരെഴുതപ്പെടുന്നവൻ ഈ നഗരത്തിനും ഇതിലെ പൗരത്വത്തിനും അപരിചിതനാണെന്ന രീതിയിൽ ആനയിക്കപ്പെടുന്നു. പേരെഴുതപ്പെടാൻ പോകുന്ന പട്ടണത്തിൽനിന്നുള്ളവനും അതിലെ ജീവിതരീതിയിൽ പരിചയമുള്ളവനും എന്നനിലയിൽ പ്രത്യേകം നിയമിതനായ വ്യക്തി പേരെഴുത്തുകാരൻെറ പക്കലേക്ക് അവനെ ആനയിക്കുകയും, ആ നഗരത്തിനും അതിൻെറ പൗരത്വത്തിനും അർഹനാണെന്ന് അവനെപ്പററി സാക്ഷിക്കുകയും ചെയ്യുന്നു. അവന് ആ പട്ടണത്തിലെ ജീവിതവുമായി പരിചയമില്ലാത്തതിനാലും അവിടെ പെരുമാറേണ്ട രീതികൾ അവന് അറിയാൻ പാടില്ലാത്തതിനാലും അവൻെറ പരിചയക്കുറവിൽ വഴികാട്ടിയായി അവനെ സഹായിക്കാൻ അവൻ സന്നദ്ധനാകുന്നു.

15. തലതൊട്ടപ്പൻ എന്നു വിളിക്കപ്പെടുന്ന ആളാണ് സ്നാനം സ്വീകരിക്കുന്നവർക്കുവേണ്ടി ഈ കർമ്മം നിർവഹിക്കുക. എന്നാൽ സ്നാനാർത്ഥിയുടെ ഭാവിപാപങ്ങൾക്ക് അവൻ ചുമതല ഏറെറടുക്കുന്നില്ല. കാരണം, തങ്ങളുടെ പാപങ്ങൾക്കു ദൈവമുൻപാകെ ഓരോ വ്യക്തിയും കണക്കു പറയേണ്ടിയിരിക്കുന്നു. സ്നാനാർത്ഥി ചെയ്യുതിനെപ്പററി അവൻ സാക്ഷ്യം നൽകുക മാത്രമേ ചെയ്യുന്നുള്ളു.

ആ നഗരത്തിനും അതിൻെറ പൗരത്വത്തിനും യോഗ്യനാകുവാൻ അവൻ സ്വയം തയ്യാറായി എന്നും സാക്ഷിക്കുന്നു. തലതൊട്ടപ്പൻ എന്ന് അവൻ ശരിയായി വിളിക്കപ്പെടുന്നു. കാരണം, അവൻെറ വാക്കുകളാൽ സ്നാനാർത്ഥി സ്നാനസ്വീകരണത്തിനു യോഗ്യനെന്നു കരുതപ്പെടുന്നു. ഈ ലോകത്തിൽ രാജ്യങ്ങളുടെയും അവയിലുള്ള ജനങ്ങളുടെയും കണക്കെടുക്കുവാൻ സർക്കാർ ഉത്തരവു പുറപ്പെടുവിക്കുമ്പോൾ ആ രാജ്യങ്ങളിൽ പേരു രജിസ്ററർ ചെയ്തിരിക്കുന്നവർക്കു തങ്ങളുടെ നാമത്തിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള വയലുകളിൽ കൃഷി ചെയ്യുന്നതിനും രാജാവിനു ഭൂനികുതി നൽകുന്നതിനും സാധി

www.malankaralibrary.com



കുന്നു. 'നമ്മുടെ സേവനം സ്വർഗത്തിൽ ആകയാൽ' (ഫിലി. 3:20) സ്വർഗീയ നഗരത്തിലും അതിലെ പൗരത്വത്തിലും പേരെഴുതപ്പെട്ടവരിൽനിന്ന് ഇതുപോലൊന്ന് ആവശ്യപ്പെടുന്നു. സ്വർഗത്തിൽ പേരെഴുതപ്പെട്ടവർക്ക് ഉചിതമായ രീതിയിൽ എല്ലാ ഭൗമിക വസ്തുക്കളും തള്ളിക്കളയണം. സ്വർഗത്തിലെ ജീവിതത്തിനും സംഭാഷണത്തിനും യോജിച്ച രീതിയിലുള്ള സംഗതികൾ മാത്രം പ്രവർത്തിക്കണം. അവൻ ബുദ്ധിയുള്ളവനാണെങ്കിൽ നിത്യനികുതികൾ നല്കും. അതുപോലെ മാമോദീസായ്ക്കു ചേർന്ന രീതിയിലുള്ള ജീവിതം നയിക്കുകയും ചെയ്യും.

16. യൂദയാ, റോമൻ ആധിപത്യത്തിൽ ആയിരുന്നപ്പോൾ ഓരോരുത്തരും സ്വന്തം പട്ടണത്തിൽ പേരെഴുതണമെന്നു റോമാക്കാർ കല്പിച്ചു. ജോസഫ് ദാവീദിന്റെ വംശത്തിൽനിന്നും ഗോത്രത്തിൽനിന്നും ഉള്ളവനായിരുന്നതിനാൽ ഭാഗ്യവതിയായ മറിയത്തോടുകൂടി പേരെഴുതിക്കുവാനായി ബേത്ലഹേമിലേക്ക് പോയി (ലൂക്കാ. 2:1–5). ക്രിസ്തുവിൽ വിശ്വസിക്കുന്ന നാമും ഇപ്രകാരം ചെയ്യണം. യഥാർത്ഥത്തിൽ അവിടുന്ന് യുദ്ധം ചെയ്തു തന്റെ ശത്രുക്കളെയെല്ലാം കീഴ്പ്പെടുത്തി പിശാചിന്റെ ആധിപത്യത്തിൽനിന്ന് മനുഷ്യകുലത്തെ വിടുവിച്ചു. അടിമത്തത്തിന്റെ ദാസ്യത്തിൽനിന്നു നമ്മേ സ്വതന്ത്രരാക്കി. നമ്മെ തന്റെ ആധിപത്യത്തിലേക്കാനയിച്ചു. 'അവൻ സ്വർഗത്തിലേയ്ക്കു കരേറി അടിമത്തത്തെ അടിമയാക്കി എന്നു് പറയപ്പെട്ടിരിക്കുന്നു' (സങ്കീ. 68:18). അവിടുന്നു വരുവാനിരിക്കുന്ന ലോകവും അത്ഭുതകരമായ വ്യാപാരവും കാണിച്ചു. അതു് സ്വർഗീയജറുസലേം എന്നു വിളിക്കപ്പെടുന്നു (എബ്രാ. 12:22). അതിലാണ് ക്രിസ്തു തന്റെ അനശ്വര സാമ്രാജ്യം സ്ഥാപിച്ചതു്. അതിനാൽ അവിടുത്തെ രാജ്യത്തിന്റെ അധികാരത്തിൻ കീഴിൽ കഴിയുന്ന നാമെല്ലാവരും വിശ്വാസംവഴി മാമോദീസായ്ക്കണയുന്നതിനും സ്വർഗത്തിൽ പേരെഴുതപ്പെടുന്നതിനു യോഗ്യരായി തീരുന്നതിനും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക അത്യാവശ്യമാണ്.

മാമോദീസ എന്ന ദാനത്തിനണയുന്ന നിങ്ങളെ സംബന്ധിച്ച് ശരിയായി നിയമിതനായ വ്യക്തി നിങ്ങൾക്കുവേണ്ടി ഉത്തരം പറയുകയും പട്ടണത്തിൽ നിങ്ങളുടെ വഴികാട്ടിയായിരിക്കുകയും അവിടെ നേതാവായിരിക്കുകയും ചെയ്യുന്നു. നിങ്ങളുടെ തലതൊട്ടപ്പനോടുകൂടി സഭാപുസ്തകത്തിൽ നിങ്ങളുടെ പേരു് എഴുതുന്നതു് ഇക്കാരണത്താലാണ്. സമയത്തിനു്

www.malankaralibrary.com



വളരെ മുൻപ് ഈ ഭൂമിയിലായിരിക്കവെ തന്നെ നിങ്ങൾ സ്വർഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നതിനാണിതു്. ഈ വലിയ പട്ടണത്തിനു് അപരിചിതരും നവാഗതരുമായ നിങ്ങളെ അതിലെ ഒരംഗമായ തലതൊട്ടപ്പൻ വലിയ ശ്രദ്ധയോടുകൂടി ആ പട്ടണത്തെയും അതിന്റെ പൗരത്വത്തെയുംപററി പഠിപ്പിക്കുന്നു. ബുദ്ധിമുട്ടോ ഭീതിയോ കൂടാതെ അതിന്റെ ജീവിതവുമായി നിങ്ങൾ പൊരുത്തപ്പെട്ടുപോകുവാൻ വേണ്ടിയാണിതു്.

17. നിങ്ങൾ പേരെഴുതപ്പെട്ടതു ലക്ഷ്യമില്ലാതെയോ ആകസ്മികമായോ അല്ല. പിന്നെയോ, നിങ്ങളെ സംബന്ധിച്ചുള്ളവലിയ വിധിവാചകത്തിനുശേഷമാണു്. തുടർന്നുള്ള സംഗതികളെ സംബന്ധിച്ചു് ഇപ്പോൾ നിങ്ങൾ ഗ്രഹിക്കേണ്ടിയിരിക്കുന്നു. ദൈവപരിപാലനയെ സമീപിക്കുന്ന നിങ്ങൾ നിങ്ങളെ ആക്രമിച്ച ക്രൂരനിൽനിന്നു് ആദ്യമായി മോചിക്കപ്പെടേണ്ടിയിരിക്കുന്നു. ശത്രുവിന്റെ എല്ലാവിധ ഉപദ്രവത്തിൽനിന്നും ഓടിയകന്നു് അടിമത്തം തട്ടിനീക്കിക്കഴിയുമ്പോൾ ഈ പേരെഴുതലിന്റെ സന്തോഷം പൂർണമായി അനുഭവിക്കുവാൻ നിങ്ങൾക്കു സാധിക്കും. സർക്കാരിന്റെ കൽപന അനുസരിച്ചു് കാനേഷുമാരി കണക്കെടുക്കുന്നു എന്നിരിക്കട്ടെ. തദവസരം ധാന്യസമൃദ്ധവും ഫലപുഷ്ടവുമായ ഒരു നിലത്തിന്മേൽ ഒരാൾ തന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുവിൻ വരുന്നു എന്നിരിക്കട്ടെ. അതിന്റെ ഉടമസ്ഥനു വളരെ അധികം സന്തോഷം പ്രദാനം ചെയ്യുന്നതത്രേ അതിലുള്ള ഉത്തമദ്രവ്യങ്ങൾ. മുൻപ് ഈ ആളിന്റെ ശത്രുവായിരുന്ന ഒരാൾ ഇതേപ്പററി അറിഞ്ഞു് ഈ സന്തോഷത്തിൽ അസൂയാലു ആകുന്നു എന്നും കരുതുക. അവൻ നേരത്തെ ഈ സന്തോഷം അനുഭവിച്ചു വരുകയായിരുന്നു. കാരണം, ഈ നിലം വളരെ കാലത്തേയ്ക്കു് അവന്റേതായിരുന്നു ഈ ആൾ ഈ വസ്തു രജിസ്ററർ ചെയ്യുവാൻ ഉദ്ദേശിക്കുന്നവന്റെ അടുത്തു ചെന്നു് ഈ നിലം പിൻതുടർച്ചവഴി തന്റേതാണു്, അതിന്റെ ഉടമസ്ഥാവകാശം വേറൊരുവനു വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നു പറയുന്നുവെന്നും കരുതുക. വസ്തു സ്വന്തമാക്കുവാൻ ആഗ്രഹിച്ചവൻ തീക്ഷ്ണതയുള്ളവനാണെങ്കിൽ ന്യായാധിപന്റെ പക്കൽ പോയി തന്റെ ഉടമസ്ഥാവകാശം ഉറപ്പിക്കുക ന്യായമാണു്. നിലത്തിന്റെ ഉടമസ്ഥൻ എന്നു പറയുകയും അക്കാരണത്താൽ അതു് തന്റേതാക്കാൻ ശ്രമിക്കുകയും ഈ സംഗതി കോടതിയിൽ കൊണ്ടുവരുകയും ചെയ്യുന്നവനെ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും.

www.malankaralibrary.com



ഇതുപോലെ മനുഷ്യരുടെ മുൻപാകെ ദൈവം തന്റെ സ്വർഗരാജ്യം സ്ഥാപിച്ചു. സ്വർഗവാസികൾ ചേരുന്നരീതിയിൽ അവർ അമർത്ത്യവും വ്യതിയാനരഹിതവുമായ അവസ്ഥയിൽ അവിടെ ആയിരിക്കണമെന്നും അവിടുന്നു തീരുമാനിച്ചു. ഈ ലോകത്തിൽ സ്വർഗീയ സംഗതികളുടെ പ്രതീകമായി സഭയെ അവിടുന്ന് നൽകുകയും അതിന്റെ ജീവിതത്തിൽ നമ്മേ ഭാഗഭാക്കുകളാക്കുകയും ചെയ്യുന്നു. മാമോദീസാ വഴി ആ സ്വർഗീയ നഗരത്തിലേക്കു നമ്മേയും അടുപ്പിക്കുവാൻ നാം അവനോട് അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു.

18. എപ്പോഴും നമ്മുടെ രക്ഷയേയും നമ്മുടെ വിടുതലിനെയും കുറിച്ച് അസൂയാലുവായിരിക്കയും നമുക്കെതിരെ വ്യവഹാരം നടത്തുകയും ചെയ്യുന്ന ക്രൂരനായ സാത്താനെതിരായി നമുക്കുവേണ്ടി വിധി പ്രസ്താവിക്കുക ആവശ്യമായിരുന്നു. ഇവിടെയും പിശാച് നമുക്കെതിരെ തന്റെ ദുർമനസ് കാണിക്കുന്നു. തന്റെ ഉടമസ്ഥതയ്ക്കു പുറത്തു നമുക്ക് ഒരവകാശവും ഇല്ലാത്തതുപോലെ നമ്മേ വിധിക്കായി കൊണ്ടുവരുവാൻ അവൻ കിണഞ്ഞു പരിശ്രമിക്കുന്നു. പ്രാചീനകാലം മുതൽ നമ്മുടെ വംശത്തലവന്റെ സൃഷ്ടി മുതൽ അവകാശത്താലേ നാം അവന്റേതാണെന്നാണ് അവന്റെ ഭാവം. എപ്രകാരം ആദം തന്റെ വാക്കുകൾ ശ്രവിച്ചെന്നും തന്റെ ഇച്ഛയാൽ തന്റെ നിർമ്മാതാവിനെ തിരസ്കരിച്ചെന്നും അവന്ന് ശുശ്രൂഷ ചെയ്യുവാൻ തീരുമാനിച്ചെന്നും ഉള്ള ആദാമിന്റെ കഥ വി. ഗ്രന്ഥം വിവരിക്കുന്നു. ഇത് എപ്രകാരം ദൈവകോപം ആളിക്കത്തിച്ചെന്നും ദൈവം അവനെ പറുദീസായിൽനിന്നു ബഹിഷ്കരിച്ചെന്നും അവന്റെമേൽ മരണവാചകം ഉച്ചരിച്ചെന്നും 'നിന്റെ നെററിയിലെ വിയർപ്പുകൊണ്ടു നീ അപ്പം ഭക്ഷിക്കും" എന്നും 'അതു നിനക്കു മുള്ളും മുൾച്ചെടികളും മുളപ്പിക്കും. നീ പൊടി ആകുന്നു. പൊടിയിലേക്കു നീ തിരികെച്ചേരും" എന്നും പറഞ്ഞുകൊണ്ട് അവനെ ഈ ലോകവുമായി ബന്ധിച്ചു എന്നും നാം വായിക്കുന്നു (ഉൽപ. 3:18–19). 'ഈ ലോകത്തിന്റെ അടിമത്തത്തിന് അവനെ വിധിച്ച ഈ വാക്കുകളിൽനിന്നും സ്വേച്ഛയാ അവൻ എന്റെ കർതൃത്വം തെരഞ്ഞെടുത്തു എന്ന സംഗതിയിൽനിന്നും വ്യക്തമായി അവൻ എന്റേതാണ് എന്ന് വ്യക്തമാണല്ലോ. കാരണം അന്തരീക്ഷശക്തികളുടെ അധികാരിയാണു ഞാൻ (എഫേ. 2:3). അനുസരണയില്ലാത്ത മക്കളിൽ ഞാൻ പ്രവർത്തിക്കുന്നു. ആരംഭം മുതലേ, പൂർവപിതാക്കന്മാരുടെ കാലം മുതലേ, എന്റേതായിരുന്ന ഈ മനുഷ്യനെ ഈ ലോകത്തിൽനിന്ന് എടുത്തു മാററി അവന്റെ പ്രകൃതിക്കുപരിസ്ഥമായ അമർത്ത്യത പ്രദാനം

www.malankaralibrary.com



ചെയ്യുകയും സ്വർഗത്തിലെ ജീവിതവും പൗരത്വവും നൽകുകയും ചെയ്യുന്നതെങ്ങനെ? മനുഷ്യനോ മനുഷ്യപ്രകൃതിയുള്ളവനോ ഉള്ളതല്ലല്ലോ സ്വർഗീയ വാസം? ഉന്നതപ്രകൃതിയോടുകൂടിയവർ മനുഷ്യപ്രകൃതിയിൽനിന്ന് വ്യത്യസ്തരാണല്ലോ'

19. പിശാച് ആരംഭം മുതലേ നമുക്കെതിരാണ്. എന്നാൽ എല്ലാ വാക്കുകൾക്കും എല്ലാ മനുഷ്യമനസ്സിനും ഉപരിസ്ഥവും അവാച്യവുമായ ഈ പേരെഴുത്തു നമുക്കു ലഭിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നതിനാൽ സാത്താൻ ഇപ്പോൾ കൂടുതൽ അസൂയാലുവായിരിക്കുകയാണ്. അവൻ പറയുന്നതായും വാദിക്കുന്നതായും ആണ് മേൽപറഞ്ഞ സംഗതികൾ നാം ചിത്രീകരിച്ചത്. 'തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം സജ്ജീകരിച്ചിരിക്കുന്നതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല മനുഷ്യമനസ്സ് ഗ്രഹിച്ചിട്ടുമില്ല' (1 കൊരി. 1;9) നാം ഏററം താല്പര്യത്തോടുകൂടി ന്യായാധിപന്റെ പക്കലേയ്ക്കോടി നമ്മുടെ ഉടമസ്ഥാവകാശം കാണിച്ചുറപ്പിക്കണം അതായത്, ആരംഭം മുതലേ നമ്മുടെ പിതാക്കന്മാരുടെ കാലം മുതലേ നാം ഒരിക്കലും സാത്താന്റെ സ്വന്തമല്ലായിരുന്നു. നാം ഇല്ലാതിരുന്നപ്പോൾ ദൈവമാണ് നമ്മേ സൃഷ്ടിക്കുകയും തന്റെ ഛായയിൽ നമ്മേ നിർമ്മിക്കുകയും ചെയ്തതു്. ആ ദൈവത്തിന്റെ സ്വന്തമാണു നാം. ദുഷ്ടന്റെ ദുഷ്ടതയും ചതിയും നമ്മുടെ ശ്രദ്ധക്കുറവും നിമിത്തമത്രേ നാം തിന്മയിലേയ്ക്കു നയിക്കപ്പെട്ടതു്. നമ്മുടെ ഛായയുടെ ബഹുമാനവും മഹത്വവും നമുക്കു നഷ്ടമായി. നമ്മുടെ പാപം നിമിത്തം നാം മരണശിക്ഷയേൽക്കുകയും ചെയ്തു. ദീർഘകാലം സാത്താൻ നമ്മുടെമേൽ ആധിപത്യം നടത്തുന്നതിനു കാരണമായി. നീണ്ടകാലഘട്ടം ക്രൂരവും പൈശാചികവുമായ അടിമത്തത്തിൻ കീഴിൽ കഴിഞ്ഞതിനാൽ നിന്ദ്യവും ഗർഹണീയവുമായ പാപകർമ്മങ്ങൾ മാധുര്യവും സ്വീകാര്യവുമായി നാം സങ്കൽപിച്ചു. നമ്മുടെമേൽ സാത്താൻ ആധിപത്യം ഉറപ്പിക്കാൻ കാരണമായി.

20. സംഗതികൾ ഈ രീതിയിൽ നീങ്ങിക്കൊണ്ടിരിക്കെ യാഥാർത്ഥത്തിൽ നമ്മുടെ സ്രഷ്ടാവും നാഥനും ആയ ദൈവം തന്റെ പരിപാലന വെളിപ്പെടുത്തി. അവൻ ഇല്ലായ്മയിൽനിന്നു നമ്മെ സൃഷ്ടിച്ചു. തന്റെ കൈകൾകൊണ്ട് പൊടിയിൽ നിന്നു നമ്മെ മെനഞ്ഞുണ്ടാക്കി മുൻഅസ്തിത്വമില്ലാത്ത ഒരാത്മാവിനെ അതിലേക്ക് ഊതി. അന്ത്യം വരെ നമ്മേ പീഡിപ്പിക്കാൻ മർദകനെ അവൻ അനുവദിച്ചില്ല. താൻ നിർമ്മിച്ചതാണെങ്കിലും മർദ്ദകന്റെ ദുഷ്ടതമൂലം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുന്ന തന്റെ സൃഷ്ടികൾക്കനുയോജ്യമാംവിധം അവയെ രക്ഷിക്കാൻ അവിടുന്നു തിരുമനസ്സായി. അവൻ നമ്മുടെ പാപവും തനിക്കെതിരെയുള്ള നമ്മുടെ നിയമ

www.malankaralibrary.com



ലംഘനവും നീക്കിക്കളഞ്ഞു. നമ്മുടെ സംഗതികൾ തൻെറ കൃപയാൽ നേരെയാക്കുവാൻ അവൻ തീരുമാനിച്ചു. ഇതിനായി അവൻ നമ്മിൽ ഒരുവനെ എടുത്തു നമ്മുടെ എല്ലാ നല്ല സംഗതികളുടെയും ആരംഭം അവനിൽ തുടങ്ങി. പിശാചിൻെറ എല്ലാ ദുഷ്ടപരീക്ഷണങ്ങൾക്കും അവൻ അവനെ വിധേയനാക്കി. എന്നാൽ പിശാചിൻെറ ദുഷ്ടതയ്ക്കും അസൂയയ്ക്കും ഉപരിസ്ഥനായി അവനെ നിലനിർത്തി. അവനെ മരണത്തിലെത്തിച്ച കൊടിയ പരീക്ഷണങ്ങൾക്ക വിധേയനാകുവാൻ അനുവദിച്ചു. അവൻ പിശാചിനെതിരായും നമുക്കുവേണ്ടിയും അർപ്പിച്ച പ്രാർത്ഥന അവിടുന്ന് സ്വീകരിച്ചു. അവനെതിരായി പിശാച് നിരവധി വാദങ്ങൾ നിരത്തിവച്ചു. ആരംഭം മുതൽ അവസാനം വരെ അവനെ പീഡിപ്പിക്കുന്നതിൽനിന്നു ദുഷ്ടൻ വിരമിച്ചില്ല. അവനെതിരെ ശരിയായ ഒരൊററ ആരോപണവും ഉന്നയിക്കാൻ കഴിയാഞ്ഞിട്ടും അവസാനം അവൻെറ മേൽ നീതിരഹിതമായ മരണം അവൻ വരുത്തിവച്ചു. ആരംഭം മുതൽ നമ്മുടെ വംശത്തെ എപ്രകാരം ക്രൂരമായി ഉപദ്രവിച്ചെന്നു് അവൻ വീമ്പടിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിനും മനുഷ്യവർഗം മുഴുവനും എതിരായി നിലകൊണ്ട പിശാചിൻെറ കള്ളക്കഥ ദൈവം കേട്ടു എങ്കിലും ദുഷ്ടനെ വിധിക്കുകയും അവനെതിരെ വിധി പ്രസ്താവിക്കുകയും ചെയ്തു. നമ്മുടെ കർത്താവായ മിശിഹായെ അവിടുന്ന് ഉയിർപ്പിച്ചു. അവനെ അമർത്ത്യനും വ്യതിയാനരഹിതനുമാക്കി സ്വർഗത്തിലേക്ക് എടുത്തു. ഭൂമിയിലായിരിക്കവേ തന്നെ തൻെറ ദാനങ്ങളുടെ സന്തോഷം അവൻ മനുഷ്യകുലത്തിനു മുഴുവൻ നൽകി. നമ്മെ ഉപദ്രവിക്കാൻ പിശാചിനു സാധിക്കാതവണ്ണം അവൻ എല്ലാ പഴുതുകളും അടച്ചു. നാം ഇപ്രകാരം സുകൃതപ്രകൃതിയിലും പിശാചിൻെറ ദുഷ്ടതയിൽ നിന്നുടലെടുക്കുന്ന എല്ലാ പരീക്ഷണങ്ങളേക്കാളും ഉപരിസ്ഥമായ ഉന്നത വാസസ്ഥലത്തിലും എല്ലാ പാപങ്ങളിൽനിന്നും അകന്നും വിമുക്തരായും കഴിയുന്നു. 'ഇപ്പോൾ ഈ ലോകത്തിൻെറ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്നു് ഉയിർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും' (യോഹ. 12:31–32) എന്ന നമ്മുടെ കർത്താവിൻെറ വാക്കുകളിൽനിന്നും ഈ സംഗതി നാം പഠിച്ചിട്ടുണ്ടല്ലോ

21. ഈ സംഗതികൾ സംഭവിച്ചുവെന്നും നടന്നുകഴിഞ്ഞുവെന്നും ഒരു സംഗതിയിലും ഇപ്പോൾ മുതൽ നാം പിശാചിൻെറ സ്വന്തമല്ലെന്നും ഇപ്പോൾ നാം വിശ്വസിക്കണം. പിശാചിൻെറ ദുഷ്ടതയ്ക്കു മുൻപു നാം കർത്താവിൻേറതായിരുന്നു.

www.malankaralibrary.com



നമ്മുടെ കർത്താവിലേക്ക് നാം വീണ്ടും ശരിയായി പിൻതിരിഞ്ഞു വന്നിരിക്കുന്നു. ആരംഭത്തിലെ ആയിരുന്നതു പോലെ നാം ദൈവത്തിന്റെ ഛായയിൽ ആയി. നമ്മുടെ അശ്രദ്ധമൂലം ഈ ഛായയുടെ ബഹുമാനം നമുക്ക നഷ്ടമായി. ദൈവത്തിന്റെ കൃപയാൽ ഈ ബഹുമാനം നമുക്ക തിരികെ കിട്ടി. അങ്ങനെ നാം അമർത്യരായി, സ്വർഗത്തിൽ വസിക്കുകയും ചെയ്യും. വാസ്തവത്തിൽ ഈ രീതിയിലാണു ദൈവത്തിന്റെ ഛായ സന്തോഷിക്കേണ്ടതു്. വാഗ്ദാനത്താൽ തന്റെ ഛായയിൽ ആയിരിക്കുവാനും തന്റെ ഛായയിലേക്ക് വിളിക്കപ്പെടുവാനും അർഹതയുള്ളവന്റെ ബഹുമാനം ഈ രീതിയിലാണു സമ്പാദിക്കേണ്ടതു്. അവന്റെ കൃപയാൽ നാം ഈ മർത്യലോകം വിട്ട് സ്വർഗ്ഗീയ വാസസ്ഥാനത്തേയ്ക്കും സ്വർഗീയ പൗരത്വത്തിലേക്കും നീങ്ങി. നമ്മുടെ കർത്താവിനെ അംഗീകരിച്ചു നമ്മുടെ ആദ്യഫലങ്ങളിലേക്ക് ഇപ്പോഠം നാം കുതിക്കുന്നു. ഈ ആദ്യഫലങ്ങഠം നമുക്കുവേണ്ടി ശേഖരിക്കപ്പെട്ടവയാണു്. അവവഴി എല്ലാററിന്റെയും നിർമ്മാതാവും കർത്താവുമായ ദൈവം നമുക്ക് അമർത്യജീവനും സ്വർഗീയ വാസവും സംസർഗവും പ്രദാനംചെയ്തു. പീഡനങ്ങളിൽനിന്നു വിമുക്തി പ്രാപിച്ച്, നല്ല സംഗതികളിലുള്ള പ്രത്യാശയിൽ നാമിപ്പോഠം ദൈവത്തിന്റെ സഭയിലേക്കാനീതരാകുന്നു. വിശുദ്ധ മാമോദീസാ എന്ന ദാനംവഴി സ്വർഗത്തിൽ പേരെഴുതപ്പെടുമെന്നും നാം പ്രതീക്ഷിക്കുന്നു.

22. ക്രൂരപിശാചിന്റെ അടിമത്തത്തിലാണ് ആരംഭംമുതലുള്ള നമ്മുടെ പിതാക്കന്മാരെല്ലാം ജീവിച്ചതു്. വിശുദ്ധ മാമോദീസാ എന്ന ദാനംവഴി അതിൽനിന്നു വേർതിരിക്കപ്പെട്ടെന്നു് വ്യക്തമായി നിങ്ങഠം കാണിക്കുമ്പോഠം ചോദ്യത്തിന്റെയും ഈ പരിശോധനയുടെയും കാരണം കാണിക്കുന്നതു നിങ്ങഠം തന്നെയാണു്. നമുക്കെതിരെ ഘോരമായി യുദ്ധം ചെയ്യുവാൻ ഇതു പിശാചിനെ പ്രേരിപ്പിക്കുന്നു. നമ്മുടെ കർത്താവിനെതിരെ യുദ്ധം ചെയ്യുന്നതിൽനിന്നു് അവൻ പിന്മാറിയില്ല. കാരണം, മററു മനുഷ്യരുമായുള്ള സാദൃശ്യം വഴി അവൻ വെറുമൊരു മനുഷ്യനാണെന്നു പിശാചു കരുതി. തന്റെ പ്രലോഭനങ്ങളും ഉപായങ്ങളുംവഴി ദൈവസ്നേഹത്തിൽനിന്നു് അവനെ അകററാമെന്നും അവൻ വ്യാമോഹിച്ചു.

പിശാചിനെതിരെ വാദിക്കാനും പോരാട്ടം നടത്താനും നിങ്ങഠംക്ക തന്നെ കഴിവില്ലാത്തതിനാൽ പിശാചിനെ ഒഴിക്കുന്നയാളുടെ സഹായം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ദിവ്യസഹായത്തിനു് അവൻ നിങ്ങളുടെ ഉറപ്പായി വർത്തിക്കുന്നു.

www.malankaralibrary.com



നമ്മുടെ ശത്രു ശിക്ഷിക്കപ്പെടണമെന്നും നമ്മെ ഉപദ്രവിക്കാനും പീഡിപ്പിക്കാനും ഒരു പഴുതും ഉണ്ടാകാത്ത രീതിയിൽ വിട്ടകന്നു മാറിനില്ക്കാൻ ന്യായാധിപൻ വിധി കല്പിക്കണമെന്നും നമ്മുടെ ശത്രു ശിക്ഷിക്കപ്പെടണമെന്നും എന്നേയ്ക്കുമായി അവന്റെ ദാസ്യത്തിൽനിന്ന് വിടുവിക്കപ്പെടണമെന്നും പൂർണ സ്വാതന്ത്ര്യത്തിൽ ജീവിക്കാൻ സാധിക്കണമെന്നും നമ്മുടെ ഇപ്പോഴത്തെ പേരെഴുത്തിന്റെ സന്തോഷം എന്നേയ്ക്കും അനുഭവിക്കാൻ അനുവദിക്കണമെന്നും അത്യുച്ചത്തിൽ തുടർച്ചയായി അവർ ആവശ്യപ്പെടുന്നു.

23. ന്യായാധിപന്റെ മുമ്പാകെ കേസു വിസ്താരം നടക്കുമ്പോൾ പ്രതി താൻ ജീവിച്ച ക്രൂരമായ ദാസ്യത്തെപ്പററി പറയുകയും താൻ നിരപരാധി ആണെന്ന് സമർത്ഥിക്കയും ശക്തനായ വ്യക്തി നീതിരഹിതമായി ബലപ്രയോഗത്താൽ തന്റെമേൽ കള്ളക്കേസ് കെട്ടിച്ചമച്ചുണ്ടാക്കിയതാണെന്ന് വാദിക്കയും ചെയ്താലും ന്യായാധിപൻ വിധി പ്രസ്താവിക്കുമ്പോൾ അവൻ നിശ്ശബ്ദനായി വർത്തിക്കേണ്ടതാണ്. തന്റെമേൽ ദയ ഉണ്ടാകുവാൻ തന്റെ പെരുമാററവും സ്വഭാവ വിശേഷങ്ങളും വഴി ഒരുപക്ഷേ അവനു സാധിച്ചേക്കും. അതു് സംശയലേശമെന്യേ നിങ്ങൾക്കെല്ലാം സുഗ്രാഹ്യമായ സംഗതിയാണല്ലോ. മറെറാരാൾ, വക്കീൽ, പ്രതിയുടെ നിരപരാധിത്വത്തെപ്പററി ജഡ്ജിക്കു വിവരിച്ചുകൊടുക്കുന്നു, അവനെ ഉപദ്രവിച്ചെന്നും, അവനെതിരെ ചെയ്ത തിന്മയ്ക്കു പ്രതിവിധി കണ്ടെത്തണമെന്നും രാജ്യത്തിന്റെ നിയമങ്ങൾ ഉദ്ധരിച്ചുകൊണ്ടു് അയാൾ വാദിക്കുന്നു.

അതുപോലെ, പിശാചിനെ ഒഴിക്കുന്നയാൾ അതിനുള്ള വാക്കുകൾ ഉച്ചരിക്കുമ്പോൾ, എതിരാളിയെ ഇപ്പോഴും ഭയക്കുന്നവരെപ്പോലെയും ശബ്ദമില്ലാത്തവരെപ്പോലെയും നിങ്ങൾ പരിപൂർണ നിശ്ശബ്ദരായി വർത്തിക്കുന്നു. അവൻ നിങ്ങളോടും നിങ്ങളുടെ പിതാക്കന്മാരോടും ചെയ്ത കടുത്ത അനീതി നിമിത്തം അവന്റെ നേരെ നോക്കാൻപോലും നിങ്ങൾ അശക്തരായിത്തീരുന്നു. അവൻ നിങ്ങളെ ദാസ്യത്തിലേക്കു വലിച്ചിഴച്ചു. ക്രൂരമായ അടിമത്തത്തിന്റെ നുകം നിങ്ങളുടെ മേൽവച്ചു. അവൻ നിങ്ങളുടെ ഇടയിൽ സ്ഥാപിച്ച മരണശിക്ഷയിലൂടെ മാഞ്ഞുപോകാത്ത മുറിപ്പാടുകൾ നിങ്ങളിൽ ഉണ്ടാക്കി. നിങ്ങളുടെ സ്വന്തം കൈകളാൽ നിങ്ങൾ സ്വയം വരുത്തിവച്ച അടിമത്തംവഴി അവൻ ദീർഘകാലം നിങ്ങളുടെ യജമാനൻ ആയിരുന്നു.

24. അങ്ങനെ പ്രാർത്ഥിക്കാനായി നിൽക്കുന്നതുപോലെ നിങ്ങൾ കൈകൾ യാചനാരൂപത്തിൽ നീട്ടി താഴേയ്ക്കു നോക്കി

www.malankaralibrary.com



ന്യായാധിപൻെറ കരുണയ്ക്കായി കാത്തിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ മേൽവസ്ത്രം നീക്കി, നിഷ്പാദുകരായി നിൽക്കുന്നു. ഇപ്രകാരം ചെയ്യുന്നതു, നിങ്ങൾ ദീർഘകാലം പിശാചിനെ ശുശ്രൂഷിച്ച ക്രൂരമായ ദാസ്യവൃത്തിയെ സ്വയം ചിത്രീകരിക്കാനും, അവൻ നിഷ്കർഷിച്ചതുപോലെ അവൻെറ ദുഷ്പ്രവൃത്തികളൊക്കെ നിങ്ങൾ പ്രവർത്തിച്ചതും ദാസ്യത്തിൻെറ നിയമമനുസരിച്ചതും ചിത്രീകരിക്കാനുമത്രേ.

ന്യായാധിപനെ കരുണയ്ക്കു പ്രേരിപ്പിക്കുകയാണു് നിങ്ങളുടെ നിൽപ്പിൻെറ ലക്ഷ്യം. ഏശായാവഴി ദൈവം സംസാരിച്ച വാക്കുകളിൽ അടങ്ങിയിരിക്കുന്നതും ഈ ദാസ്യചിത്രമാണു്: 'ഈജിപ്റ്റുകാർക്കും എത്യോപ്യർക്കും ഒരടയാളമായിരിക്കേണ്ടതിനു് എൻെറ ദാസനായ ഏശായാ നഗ്നനും നിഷ്പാദുകനുമായി മൂന്നുവർഷം സഞ്ചരിച്ചതുപോലെ, അസ്സീറിയാ രാജാവു് യുവാക്കളും വൃദ്ധരും ആയ ഈജിപ്റ്റുകാരെയും എത്യോപ്യരെയും നഗ്നരും നിഷ്പാദുകരുമായി വലിച്ചിഴച്ചു് അടിമത്തത്തിലേക്കു് കൊണ്ടുപോകും' (ഏശാ. 20: 3–4).

25. ചാക്കിൻെറ പരുപരുപ്പു് നിമിത്തം നിങ്ങളുടെ പാദങ്ങൾ വേദനിക്കുകയും ചൂടേൽക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ പഴയ പാപങ്ങൾ ഓർത്തു പ്രായശ്ചിത്തം ചെയ്യുകയും നിങ്ങളുടെ പിതാക്കന്മാരുടെ പാപങ്ങളെക്കുറിച്ചു് അനുതപിക്കുകയും ചെയ്യാനായി നിങ്ങൾ ചാക്കുവസ്ത്രത്തിന്മേൽ നിൽക്കുന്നു. പിതാക്കന്മാരുടെ പാപം നിമിത്തമാണല്ലോ ഈ നികൃഷ്ടാവസ്ഥയിലേക്കു് നാം വലിച്ചിഴക്കപ്പെട്ടിരിക്കുന്നതു്. ന്യായാധിപനു നിങ്ങളോടു് ദയ ഉണ്ടാകുവാൻ കരുണയ്ക്കായി അപേക്ഷിച്ചുകൊണ്ടു നിങ്ങൾ പറയുന്നു: 'നീ എൻെറ ചാക്കുവസ്ത്രം നീക്കി എന്നെ സന്തോഷംകൊണ്ടു് അര കെട്ടിയിരിക്കുന്നു' (സങ്കീ. 30: 11). ഇപ്രകാരമുള്ള മഹത്തായ നേട്ടം സമ്പാദിക്കണമെന്നു് തീരുമാനിച്ചശേഷം ജോലി ചെയ്യാതെ അലസമായി കഴിയാതിരിക്കാൻ, പിശാചിനെ ഒഴിക്കുന്ന വാക്കുകൾ നിങ്ങൾക്കു ശക്തി നൽകുന്നു. ആ ഇടക്കാല ദിവസങ്ങളിൽ വിശ്വാസപ്രമാണത്തിലെ വാക്കുകൾ ധ്യാനിക്കുന്നതിനുവേണ്ടി ഹൃദിസ്ഥമാക്കാൻ പറഞ്ഞിരിക്കുന്നു. നിങ്ങൾ നിരന്തരം ധ്യാനിച്ചു് അവയെ മനഃപാഠമാക്കുന്നതിനു് അവ നിങ്ങൾ നിരന്തരം ഉരുവിട്ടുകൊണ്ടിരിക്കുന്നു. പ്രമാണങ്ങൾ സദാ, അനുസ്മരിക്കാനായി യൂദന്മാർ നിയമം ഒരു ഗ്രന്ഥത്തിലെഴുതി കൈയിൽ തൂക്കിയിട്ടിരുന്നു. അതിനെക്കാൾ വളരെ ഉപരിസ്ഥമായ വിശ്വാസത്തിൻെറ വാക്കുകൾ മാററംകൂടാതെ

www.malankaralibrary.com



ഓർമ്മയിൽ വയ്ക്കാതിരുന്നാൽ അത് വാസ്തവത്തിൽവലി യൊരു കുറവായിരിക്കും. ദൈവകല്പന ലഭിച്ച ഉടൻതന്നെ ആദാം പിശാചിനെ കണ്ടുമുട്ടി. ദൈവകല്പനയെപ്പററി നിരന്തരം ധ്യാനിക്കാതിരുന്നതിനാൽ പിശാച് ആദാമിനെ കീഴ്പ്പെടുത്തി. ഇക്കാരണത്താൽ നിങ്ങളിൽ ഉറപ്പിക്കാനും നിങ്ങളുടെ മനസ്സിൽ ആഴമായി സ്ഥാപിക്കാനുമായി, നിങ്ങൾ വിശ്വാസപ്രമാണത്തിലെ വാക്കുകൾ നിരന്തരം ധ്യാനിക്കണം. നിങ്ങൾ നിങ്ങളുടെ മതത്തെ സ്നേഹിക്കാനാണിത്. അതു കൂടാതെ ദൈവികദാനം പ്രാപിക്കാൻ നിങ്ങൾക്കു കഴിക യില്ല. അതു സ്വീകരിച്ചാൽതന്നെയും അതു കാത്തുസൂക്ഷിക്കാനും അതു സ്വന്തമാക്കാനും സാധിക്കയില്ല.

26. കുദാശ സ്വീകരിക്കുന്ന സമയം സമാഗതമാകു മ്പോൾ, പിശാചുമായുള്ള പോരാട്ടവും അവന്റെമേലുള്ള വിധി യും അവസാനിക്കുമ്പോൾ,—പിശാചിനെ ഒഴിവാക്കുന്ന വാക്കു കൾ ഇതിനായിട്ടുള്ളതായിരുന്നല്ലോ—ദൈവനിശ്ചയത്താൽ ക്രൂ രൻ കീഴടങ്ങി മധ്യസ്ഥന്റെ ഉച്ചത്തിലുള്ള ഭാഷണത്തിനു വിധേയനാകുമ്പോൾ പിശാച് ഒരു രീതിയിലും നിങ്ങളുടെ അടുത്തു വരാതിരിപ്പാനും അവനിൽനിന്ന് ഒരുപദ്രവവും നി ങ്ങൾ ക്കുണ്ടാകാതിരിപ്പാനും അവൻ വിധിക്കപ്പെടുമ്പോൾ, ഒരു തടസ്സവുംകൂടാതെ ഈ പേരെഴുത്തിന്റെ സന്തോഷം നിങ്ങൾ സ്വന്തമാക്കിക്കഴിയുമ്പോൾ പ്രത്യേകം നിയമിതരായ വ്യക്തി കൾ നിങ്ങളെ പുരോഹിതന്റെ പക്കലേയ്ക്ക് ആനയിക്കുന്നു. നിങ്ങളുടെ ഉടമ്പടിയും ദൈവവുമായുള്ള വാഗ്ദാനവും അവരു ടെ മുൻപാകെയാണല്ലോ നിങ്ങൾ നടത്തുക.

നിങ്ങൾ ചില കാര്യങ്ങൾ ആഘോഷമായി പ്രഖ്യാപിക്ക യാണ്. അവ വിശ്വാസവും വിശ്വാസപ്രമാണവും സംബന്ധി ച്ചവയാണ്. വിശ്വാസം സ്ഥിരമായി പാലിക്കുമെന്നും നമ്മ ളുടെയെല്ലാം മൂലപിതാവായ നമ്മുടെ വംശത്തലവനായ ആദാമി നെപ്പോലെ ഉപേക്ഷിക്കുകയില്ലെന്നും നിങ്ങൾ പ്രഖ്യാപിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രബോധനത്തിൽ അന്ത്യംവരെ നിലനിൽക്കുമെന്നു നിങ്ങൾ പ്രഖ്യാപിക്കുന്നു. നിത്യവും എല്ലാററിന്റെയും കാരണവുമായ ദൈവസ്വഭാവം പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകമാണെന്നു ചിന്തിച്ചുകൊണ്ടു വിശ്വാസംവഴി ശിഷ്യത്വ ത്തിലേക്കു നിങ്ങൾ സ്വീകരിക്കപ്പെടുമെന്നും നിങ്ങൾ പ്രഖ്യാ പിക്കുന്നു. അവരുടെ ഈ പേരുകളാലാണ് സ്വർഗീയ നന്മ

www.malankaralibrary.com



കളിൽ ഭാഗഭാഗിത്വം നൽകുന്ന ഈ പേരെഴുത്തിന്റെ സന്തോഷം നിങ്ങൾ സ്വീകരിക്കുന്നതു്.

27. ഒരു ലൗകികാധികാരിയുടെ ഭവനത്തിൽ ഒരാൾ പ്രവേശിച്ചു കുറെ ജോലികൾ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നിരിക്കട്ടെ. അയാൾ നേരിട്ടു വീട്ടുടമസ്ഥന്റെ പക്കൽപോയി ഇടപാടു നടത്തി ഉടമ്പടി ചെയ്യാറില്ല. ഇത്തരമൊരു സംഭാഷണം ശ്രദ്ധിക്കുക വീട്ടുടമസ്ഥനു ചേർന്നതല്ല. എന്നാൽ അയാൾ പണിയെ സംബന്ധിച്ചു വീട്ടുകാര്യസ്ഥനുമായി ഉടമ്പടി ഉണ്ടാക്കുന്നു. അയാൾ വഴി വീടിന്റെയും അതിലുള്ള എല്ലാററിന്റെയും ഉടമസ്ഥനുമായും ഉടമ്പടിചെയ്യുന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ 'സജീവനായ ദൈവത്തിന്റെ സഭയാകുന്ന ദൈവഭവനത്തിലേക്കു'' (1തിമോ.3:15) അടുത്തുവരുന്ന നിങ്ങളും ഇപ്രകാരമാണു് പ്രവർത്തിക്കേണ്ടതു്. ദൈവം തന്റെ സ്വഭാവത്തിൽ നമ്മേക്കാൾ ഉപരിസ്ഥനും എന്നേയ്ക്കും അദൃശ്യനും അവാച്യപ്രകാശത്തിൽ വസിക്കുന്നവനും (1 തിമോ. 6:16) ആകയാൽ നമ്മേക്കാൾ വളരെ ഉന്നതനാണു്. അതുകൊണ്ടു്, നാം ആദ്യം വീട്ടുകാര്യസ്ഥനെ, അതായതു്, സഭയാകുന്ന ഭവനത്തിന്റെ കാര്യസ്ഥനായ പുരോഹിതനെ സമീപിക്കുന്നു. സഭയിൽ അധ്യക്ഷൻ ആയിരിക്കുവാൻ യോഗ്യനായി കാണപ്പെട്ടവൻ അവനത്രേ. അവന്റെ മുൻപാകെ നമ്മുടെ വിശ്വാസപ്രഖ്യാപനം നടത്തിയശേഷം അവനിലൂടെ നമ്മുടെ വിശ്വാസത്തെ സംബന്ധിച്ചുള്ള ഉടമ്പടിയും ഇടപാടും ദൈവത്തോടു നാം നടത്തുന്നു. നാം ദൈവത്തിന്റെ സേവകരായിരുന്നുകൊള്ളാമെന്നും അന്ത്യം വരെ അവനുവേണ്ടി ജോലിചെയ്യാമെന്നും അവനോടുകൂടിജീവിക്കാമെന്നും തന്നോടുള്ള സ്നേഹം സദാ സ്ഥിരമായി സംരക്ഷിക്കാമെന്നും ആഘോഷപൂർവ്വം പ്രഖ്യാപിക്കുന്നു. നമ്മുടെ വിശ്വാസപ്രഖ്യാപനവും വൈദികന്റെ മാധ്യസ്ഥതവഴി നമ്മുടെ കർത്താവായ ദൈവത്തോടുള്ള നമ്മുടെ ഉടമ്പടിയും കണ്ടു കഴിയുമ്പോൾ തന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനും അവിടെയുള്ള കാഴ്ചകളും അതിന്റെ അറിവും അതിന്റെ വാസവും അനുഭവിക്കുന്നതിനും ആ നഗരത്തിലും പൗരത്വത്തിലും പേരെഴുതപ്പെടുന്നതിനും നാം അർഹരായിത്തീരുന്നു. അപ്പോൾ നമുക്കു വലിയ ആത്മവിശ്വാസം ഉണ്ടാകും.

നമ്മുടെ വിശ്വാസപ്രഖ്യാപനത്തിനുശേഷം, നാം അണയുന്ന ഈ കൂദാശയിലൂടെ ഈ സംഗതികളെല്ലാം നമുക്കു സംഭവിക്കുന്നതിനാൽ അതെന്താണെന്നും അവ പരികർമ്മം ചെയ്യുന്ന വിധവും വിവരിക്കുക അത്യാവശ്യമാണു്. കൂദാശാസംബന്ധ

www.malankaralibrary.com



മായ പ്രബോധനം അവഗണിച്ചിട്ട് ക്കുദാശയിലെ ചടങ്ങുകഠം മാത്രം വിവരിക്കുക യഥാർത്ഥത്തിൽ ശരിയല്ലല്ലോ. നമ്മുടെ സാധാരണ സമയം കഴിഞ്ഞതിനാലും പറഞ്ഞ സംഗതികഠം തന്നെ ഓർക്കുവാൻ വിഷമം ഉള്ളവ ആയതിനാലും ബാക്കിയുള്ളവ മറെറാരു ദിവസത്തേയ്ക്കു മാററിവയ്ക്കാം. പിതാവായ ദൈവത്തെയും തൻെറ ഏകജാതനായ പുത്രനെയും തൻെറ പരിശുദ്ധാത്മാവിനെയും ഇപ്പോഴും എപ്പോഴും എന്നമെന്നേയ്ക്കും മഹത്വപ്പെടുത്തിക്കൊണ്ട് നമ്മുടെ പ്രസംഗം ഇവിടെ അവസാനിപ്പിക്കാം. ആമ്മീൻ.

www.malankaralibrary.com

# 13

# പതിമ്മൂന്നാം പ്രസംഗം

## മാമോദീസാ

**ചുരുക്കം**

നിങ്ങൾ നിങ്ങളുടെ മേൽവസ്ത്രം നീക്കി നിഷ്പാദുകരായി കൈകൾ ദൈവത്തിൻപക്കലേക്കു പ്രാർത്ഥനാപൂർവം നീട്ടിക്കൊണ്ടു നില്ക്കുന്നു. നിങ്ങൾ മുട്ടുകുത്തുന്നു; ശേഷിച്ച ശരീരഭാഗം നിവർന്നുനില്ക്കുന്നു. എന്നിട്ടു നിങ്ങൾ പറയുന്നു:'ഞാൻ സാത്താനേയും അവന്റെ എല്ലാ പ്രവൃത്തികളും, അവന്റെ എല്ലാ സേവനവും അവന്റെ എല്ലാ വഞ്ചനയും അവന്റെ എല്ലാ ലൗകികാഡംബരങ്ങളും ഉപേക്ഷിക്കുന്നു. ഞാൻ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്വയം സമർപ്പിച്ച്, വിശ്വസിച്ചു സ്നാനപ്പെടുന്നു.'

നിങ്ങൾ മുട്ടുകുത്തിനില്ക്കുകയും ശേഷിച്ച ശരീരഭാഗങ്ങൾ നിവർത്തി നില്ക്കുകയും കണ്ണുകൾ സ്വർഗ്ഗത്തിലേക്കു നോക്കി നിൽക്കുകയും കൈകൾ പ്രാർത്ഥനാരൂപത്തിൽ നീട്ടുകയും ചെയ്യുമ്പോൾ വെണ്മയുള്ളതും പ്രകാശിക്കുന്നതുമായ വിശിഷ്ടവസ്ത്രം ധരിച്ച വൈദികൻ തൈലംകൊണ്ടു നിങ്ങളുടെ നെററിയിൽ റൂശ്മാചെയ്തുപറയുന്നു:'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ റൂശ്മാചെയ്യപ്പെടുന്നു.' നിങ്ങളുടെ പിന്നിൽ നില്ക്കുന്ന നിങ്ങളുടെ തലതൊട്ടപ്പൻ ഒരു ശിരോവസ്ത്രം നിങ്ങളുടെ തലയിൽ ഇട്ട് നിങ്ങളും ഇട്ട് നിങ്ങളെ പിടിച്ചുയർത്തി നിർത്തുന്നു.

1. മാമോദീസാ സ്വീകരിക്കുന്നവരുടെമേൽ ഒരു പ്രാചീന പാരമ്പര്യമനുസരിച്ചു കൂദാശയ്ക്കുമുമ്പ് ശരിയായ രീതിയിൽ നടത്തുന്ന ചടങ്ങുകളെപ്പററി നമ്മുടെ മുൻ പ്രസംഗത്തിൽനിന്ന് മതിയാംവണ്ണം നിങ്ങൾ ഗ്രഹിച്ചുകാണുമല്ലോ. സ്വർഗ്ഗീയപൗരത്വവും വാസവും ലഭിക്കുമെന്നുള്ള പ്രത്യാശയിൽ പേരെഴുതാൻ നിങ്ങൾ പോകുമ്പോൾ, പിശാചിനെ ഒഴിക്കുന്ന ചടങ്ങിൽ പിശാചുമായി നിങ്ങൾ ഒരുതരം കേസുനടത്തുന്നു. ഒരു ദൈവിക

www.malankaralibrary.com



വിധിയിൽ ദാസ്യത്തിൽ നിന്നു് നിങ്ങ൦ സ്വാതന്ത്ര്യം നേടുന്നു. ഇങ്ങനെ നിങ്ങ൦ വിശ്വാസപ്രമാണത്തിലെയും കർതൃപ്രാർത്ഥനയിലെയും വാക്കുക൦ ഉച്ചരിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തിൽ നിലനില്ക്കുമെന്നു ദൈവത്തോടു പുരോഹിതന്റെ മുൻപാകെ നിങ്ങ൦ഒരുടമ്പടിയും വാഗ്ദാനവും ചെയ്യുന്നു. —ദിവ്യസ്വഭാവത്തെപ്പററി നിങ്ങ൦ ശരിയായി ചിന്തിച്ചാൽ: അതു നിങ്ങ൦ക്കു വലിയ നന്മകളുടെ ഉറവിടമായിരിക്കും; അതു പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ചാണു്—സ്വർഗത്തിലെ പൗരത്വത്തിനും ജീവിതത്തിനും അനുയോജ്യമായി നിങ്ങളുടെ കഴിവനുസരിച്ചു ജീവിക്കണം. കൂദാശയിൽ നടക്കുന്ന ക്രമങ്ങളെ സംബന്ധിച്ചുള്ള പ്രബോധനം ഇപ്പോ൦ സ്വീകരിക്കുക യുക്തമാണു്. അവ ഓരോന്നിന്റെയും കാരണത്തെ സംബന്ധിച്ചുള്ള ജ്ഞാനം സമ്പാദിക്കുക വലിയ സംഗതിതന്നെയാണു്. പിശാചിനെ ഒഴിക്കുന്ന വാക്കുക൦വഴി ക്രൂരന്റെ ദാസ്യത്തിൽ നിന്നു നിങ്ങ൦ മോചിക്കപ്പെടുകയും വിശ്വാസപ്രമാണം ഉച്ചരിക്കുന്നതോടുകൂടി ദൈവവുമായി, ആഘോഷമായ ഉടമ്പടി ചെയ്യുകയും ചെയ്തു കഴിയുമ്പോ൦, നിങ്ങ൦ കൂദാശയിലേക്കു തന്നെ അണയുന്നു; ഇതെപ്രകാരണമാണു പരികർമം ചെയ്യുന്നതെന്നു നിങ്ങ൦ ഗ്രഹിക്കണം.

2. നിങ്ങളുടെ മേൽവസ്ത്രം നീക്കി, നിഷ്പാദുകരായി ചാക്കുവസ്ത്രത്തിന്മേൽ, പ്രാർത്ഥിക്കുന്ന നിലയിൽ കൈക൦ യാചനാരൂപത്തിൽ നീട്ടി നിങ്ങ൦ നില്ക്കുന്നു. ഇതിലെല്ലാം പിശാചിനെ ഉപേക്ഷിക്കുന്ന ക്രമത്തിലുള്ള വാക്കുക൦ക്കു ചേന്ന വിധമാണു് നിങ്ങ൦ വ്യാപരിക്കുന്നതു്. ശിക്ഷമൂലം നിങ്ങ൦ എപ്രകാരം പിശാചിന്റെ അടിമത്തത്തിനും ദാസ്യത്തിനും വിധേയരായെന്നു് ഇതിൽ നിങ്ങ൦ വ്യക്തമാക്കുന്നു; ആ നിലയും ആ ഓർമ്മയും നീക്കിയശേഷം, ഭാവിനന്മകളിലുള്ള ഭാഗഭാഗിത്വമാകുന്ന കൂദാശസ്സ്വീകരണയുക ന്യായയുക്തമാണു്. നിങ്ങ൦ ഉപേക്ഷിച്ചുകളഞ്ഞ സംഗതികളുടെയും നിങ്ങ൦ക്കു ലഭിക്കാനിരിക്കുന്ന സംഗതികളുടെയും സ്വഭാവം നിങ്ങ൦ നന്നായറിയാനായി നിങ്ങളുടെ മുൻകാലസ്ഥിതി നിങ്ങ൦ അനുസ്മരിക്കുന്നു.

3. ആദ്യമായി നിങ്ങ൦ മുട്ടുകുത്തുന്നു. മററു ശരീരഭാഗങ്ങ൦ നിവർത്തി നില്ക്കുന്നു. പ്രാർത്ഥിക്കുന്ന നിലയിൽ യാചനാരൂപത്തിൽ ദൈവത്തിൻ പക്കലേക്കു നിങ്ങ൦ കൈക൦ നീട്ടുന്നു. നാമെല്ലാം പാപത്തിൽ നിപതിച്ചു് മരണവിധിയിൽ പൊടിയിലേക്കു് എറിയപ്പെട്ടിരുന്നല്ലോ. അതിനാൽ,

www.malankaralibrary.com



ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ 'ഈശോമിശിഹായുടെ നാമത്തിൽ നമ്മുടെ മുട്ടുകൾ കുത്തുന്നതും ഈശോമിശിഹാ കർത്താവാണെന്ന തൻെറ പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി ഏററു പറയുന്നതും ഉചിതമാണ്'' (ഫിലി.2:10–11). നമ്മുടെ കർത്താവായ മിശിഹായുടെ രക്ഷാകരവ്യാപാരം വഴി തൻെറ ദൈവസ്വഭാവത്തിലൂടെ നമുക്ക ലഭിച്ച സംഗതികൾ ഈ പ്രഖ്യാപനത്തിൽ നാം കാണിക്കുന്നു. മിശിഹായെ ദൈവം സ്വർഗ്ഗത്തിലേക്കെടുക്കുകയും എല്ലാററിൻെറയും നാഥനും നമ്മുടെ രക്ഷയുടെ നായകനുമാക്കിത്തീർക്കുകയും ചെയ്തു. ഭാഗ്യവാനായ പൗലോസിൻെറ വാക്കുകളനുസരിച്ച്, 'ഭൂമിയിലേക്ക വീണ നാമെല്ലാവരും' (നട. 26:14) ഈ സംഗതികളെല്ലാം ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ, നിങ്ങൾ നിങ്ങളുടെ മുട്ടുകൾ കുത്തുകയും നിങ്ങളുടെ പഴയവീഴ്ച വ്യക്തമാക്കുകയും എല്ലാ നന്മകളുടെയും കാരണമായ ദൈവത്തെ ആരാധിക്കുകയും ചെയ്യുക ന്യായമാണ്. ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്താൽ അതിലേയ്ക്കു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. കൂദാശവഴി നിങ്ങൾ അവാച്യമായ നന്മകളിൽ ഭാഗഭാക്കുകളാകുന്നു.

4. നിങ്ങളുടെ ബാക്കി ശരീരഭാഗം നിവർന്നുനിന്നു നിങ്ങൾ സ്വർഗത്തിലേക്ക നോക്കുന്നു. ഈ നിലയിൽ നിങ്ങൾ ദൈവത്തിനു പ്രാർത്ഥന അർപ്പിക്കുന്നു. പണ്ടത്തെ വീഴ്ചയിൽ നിന്നുള്ള മോചനവും സ്വർഗീയനന്മകളിലുള്ള ഭാഗഭാഗിത്വവും നല്കണമേയെന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നു. നിങ്ങൾ ഈ നിലയിൽ നിൽക്കുമ്പോൾ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടവർ നിങ്ങളുടെ അടുത്തേക്കുവന്ന് 'നിൻെറ പ്രാർത്ഥന കേട്ടിരിക്കുന്നു; നിൻെറ അപേക്ഷയ്ക്ക് ഉത്തരം നൽകപ്പെടുന്നു' എന്നു ഭാഗ്യവാനായ കൊർണേലിയോസിനോടു മാലാഖ പ്രത്യക്ഷനായി പറഞ്ഞതിനെക്കാൾ (നട. 10:4) ശ്രേഷ്ഠമായ കാര്യങ്ങൾ നിങ്ങളോടു പറയുന്നു. നിങ്ങൾ നേരത്തെ സഹിച്ച പരീക്ഷണങ്ങൾ ദൈവം പരിഗണിച്ചിരിക്കുന്നു. നിങ്ങൾ ദീർഘനാൾ സ്വേച്ഛാധിപതിയുടെ അടിമകളായി ക്രൂരമായ അടിമത്തത്തിനു വിധേയരായതിനാൽ ദൈവം നിങ്ങളിൽ കരുണ കാണിച്ചിരിക്കുന്നു. നിങ്ങൾ സഹിച്ച ദുരിതങ്ങളുടെ എണ്ണവും സ്വഭാവവും അവിടുന്നു ദർശിച്ചിരിക്കുന്നു. ആ അടിമത്തത്തിൽനിന്നും നിങ്ങളുടെ നേരത്തെയുള്ള നിരവധിയായ പരീക്ഷണങ്ങളിൽനിന്നും നിങ്ങളെ വിടുവിക്കുവാനും നിങ്ങളെ സ്വാതന്ത്ര്യത്തിലേയ്ക്കു കൊണ്ടുവരുവാനും അവാച്യമായ സ്വർഗീയനന്മകളിൽ നിങ്ങൾക്കു ഭാഗഭാഗിത്വം നൽകുവാനും അവിടുന്നു തിരുമനസ്സായി. അവ സ്വീകരിച്ചു കഴിയുമ്പോൾ ംശയമെന്യേ എല്ലാവിധ ആപത്തുകളിൽനിന്നും നിങ്ങൾ

www.malankaralibrary.com



സ്വതന്ത്രരാകും. മുമ്പ് നിങ്ങൾക്കുണ്ടായ പീഡനങ്ങളിൽനിന്നുള്ള വിമോചനം നിശ്ചയമായും നിങ്ങൾ പ്രാപിക്കുന്നതിനും നിങ്ങളെ കാണിച്ച നല്ല സംഗതികൾ നിങ്ങൾ അനുഭവിക്കുന്നതിനുമുള്ള മാർഗങ്ങളെപ്പറ്റി നിങ്ങൾ പഠിക്കുവാൻ ഇപ്പോൾ സമയമായി.

5. 'ഞാൻ സാത്താനെയും അവന്റെ എല്ലാ ദൂതന്മാരെയും അവന്റെ എല്ലാ സേവനവും അവന്റെ എല്ലാ വഞ്ചനയും അവന്റെ എല്ലാ ലൗകികപ്രതാപവും ഉപേക്ഷിക്കുന്നു; ഞാൻ സ്വയം സമർപ്പിച്ച വിശ്വസിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കപ്പെടുന്നു' എന്നു പറയുമ്പോൾ നിങ്ങൾ ചെയ്യുന്ന വാഗ്ദാനങ്ങളും ഉടമ്പടികളും എന്തൊക്കെയാണ്? ഭാവിനന്മകളിലുള്ള ഭാഗഭാഗിത്വവും നേരത്തെയുള്ള പീഡനങ്ങളിൽനിന്നുള്ള വിടുതലും നിങ്ങൾക്ക് അതുവഴിയാണല്ലോ ലഭിക്കുന്നത്.

നിങ്ങളുടെ പക്കലേക്ക് അടുത്തു വരുന്ന ഡീക്കന്മാർ ഈ വാക്കുകൾ ഉച്ചരിക്കുവാൻ നിങ്ങളെ ഒരുക്കുന്നു. ഈ വാക്കുകളുടെ ശക്തി എന്താണെന്നു വിവരിക്കാനുള്ള സ്ഥലമാണിത്. ഈ മഹാദാനത്തിന്റെ സന്തോഷം നിങ്ങൾ പ്രാപിക്കുന്നത് ഉടമ്പടികളും വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും വഴിയാണല്ലോ. അവയുടെ ശക്തി നിങ്ങൾ അറിയേണ്ടതിനാണിത്. കാരണം, നിങ്ങൾ പിശാചിനെ ശപിക്കുന്നു. അവൻ നിങ്ങൾക്കു ബഹുവിധവും ബഹുലവുമായ ആപത്തുകൾക്ക് കാരണമായിരുന്നു. മനുഷ്യവർഗത്തിന്റെ ആരംഭംമുതൽ അവൻ തുടങ്ങിയതാണ് ഈ വഞ്ചന. അവനെ ഉപേക്ഷിക്കാമെന്നു നിങ്ങൾ വാഗ്ദാനം ചെയ്യുന്നു. കാരണം, നിങ്ങളുടെ തന്നെ അനുഭവവും സ്ഥിതിയും അവന്റെ ഉപദ്രവത്തെപ്പറ്റി നിങ്ങളെ ബോധവാന്മാരാക്കുന്നു. ഈ കാരണത്താലാണ് 'ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു' എന്നു നിങ്ങൾ പറയുന്നത്. നേരത്തെ ഇപ്രകാരം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിച്ചുവെങ്കിലും ഈ വാക്കുകൾ ഉപയോഗിക്കുവാൻ നിങ്ങൾ ധൈര്യപ്പെട്ടില്ല. കാരണം, നിങ്ങൾ അവന്റെ അടിമത്തത്തെ ഭയപ്പെട്ടു. എന്നാൽ ഒരു ദൈവിക കൽപ്പനയാൽ ഭൂതോച്ചാടനംവഴി അവനിൽനിന്നുള്ള വിമോചനം നിങ്ങൾക്കു ലഭിച്ചതിനാൽ ആത്മവിശ്വാസത്തോടെ നിങ്ങളുടെതന്നെ വാക്കുകളിൽ നിങ്ങൾ പ്രഖ്യാപിക്കുകയും അവനെ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇക്കാരണത്താലാണ് 'ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു' എന്നു പറയുന്നത്. നേരത്തെ നിങ്ങൾക്ക് അവനോടുണ്ടായിരുന്ന സംസർഗവും ഇപ്പോഴത്തെ വേർപാടും നിങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കുന്നു. വാസ്തവത്തിൽ, നേരത്തെ തനിക്കു സംബന്ധം ഇല്ലായിരുന്ന ഒന്നിനെ ഉപേക്ഷിക്കുന്നെന്ന് ഒരുത്തനും

www.malankaralibrary.com



പറയില്ലല്ലോ. നിങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ അവനുമായി നിങ്ങൾക്കു ബന്ധമുണ്ടായിരുന്നതിനാൽ നിങ്ങളെ സംബന്ധിച്ച് ഈ പ്രയോഗം ഏറെ ശരിയാണ്. ക്രൂരവും പ്രാചീനവുമായ ഉടമ്പടിയിലൂടെ നിങ്ങൾ ദാരുണമായ അടിമത്തത്തിൽ ജീവിക്കുകയും അവനു സേവ ചെയ്യുകയും ചെയ്തു.

6. 'സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു' എന്നു ശരിയായി നിങ്ങൾ പറയുന്നു. നിങ്ങളോടുള്ള ഇടപാടിൽ അവൻ നിങ്ങൾക്കേൽപ്പിച്ച മുറിവിനുശേഷം, അവനിൽനിന്നു വിടുവിക്കപ്പെടാം എന്നുള്ളതു നിങ്ങൾക്കു മനസ്സിലാക്കാൻ അസാധ്യമായിരുന്നു. ഇനിമേലിൽ നിങ്ങൾക്ക് അവനുമായി യാതൊരു ബന്ധവുമില്ല എന്ന് ഈ വാക്കുകൾ ഉച്ചരിക്കുന്നതിലൂടെ യഥാർത്ഥത്തിൽ നിങ്ങൾ അർത്ഥമാക്കുന്നു. ഓരോ ദിവസവും നമ്മെ ഏതെല്ലാം അപകടങ്ങളിൽ ചാടിക്കാമെന്ന് അവൻ പദ്ധതികൾ ആരായുന്നെന്നു മനസ്സിലാക്കുക പ്രയാസമാണ്. പിശാചിനെ ശ്രവിച്ച നമ്മുടെ ആദ്യപിതാവ് ഏതെല്ലാം ആപത്തുകളിൽ നിപതിച്ചെന്നും എത്രമാത്രം മുറിവേറ്റെന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? അവന്റെ പിൻതലമുറ എത്രമാത്രം പിശാചിന് ഏൽപിച്ചു കൊടുത്തെന്നു നിങ്ങൾക്കറിയാമോ? അവന്റെ ദാസരാകുവാൻ സ്വയം തീരുമാനിച്ച മനുഷ്യരനുഭവിച്ച ദുരന്തങ്ങളുടെ ഭീകരത നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട മഹത്തരവും അത്ഭുതാവഹവുമായ കൃപ ഇപ്പോൾ നിങ്ങളെ ദുഷ്ടന്റെ നുകത്തിൽനിന്നു സ്വതന്ത്രരാക്കുകയും അവന്റെ അടിമത്തത്തിൽനിന്നു വിടുവിക്കുകയും നന്മകളിലുള്ള അത്ഭുതാവഹമായ ഭാഗഭാഗിത്വം നൽകുകയും ചെയ്തിരിക്കുന്നതിനാൽ ഞാൻ എന്റെ നന്മദാതാവിനെ അംഗീകരിക്കുന്നു. ഇപ്പോൾ ഞാൻ എന്റെ കർത്താവിനെ അറിയുന്നു. ഇല്ലായ്മയിൽനിന്ന് എന്നെ സൃഷ്ടിച്ച അവിടുന്നു സത്യമായും എന്റെ കർത്താവാകുന്നു. എന്റെ പേർക്കുള്ള അവിടുത്തെ അനുദിന നന്മകൾക്കൊരിക്കലും ഒരു കുറവുമില്ല; അവനെതിരെ ഞാൻ പാപം ചെയ്തപ്പോഴും അവിടുന്നെന്നെ ഉപേക്ഷിച്ചില്ല. പിന്നെയോ, തന്റെ കരുണ എന്റെമേൽ വർഷിച്ചു. ഭീതിദായകമായ ഒരു ദാനം നമുക്കവൻ വെളിപ്പെടുത്തി. പീഡനങ്ങളിൽ നിന്നുള്ള വിടുതൽ നൽകുക മാത്രമല്ല, അവാച്യമായ നന്മകളുടെ പ്രതീക്ഷയും നമ്മുടെ മുൻപിൽ വച്ചു. ഇക്കാരണത്താൽ 'ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു;' അവനുമായുള്ള സംസർഗത്തിൽനിന്നു ഞാൻ ഓടിയകലുന്നു; മേലിൽ അവന്റെ പക്കലേക്കു ഞാൻ അടുക്കുകയില്ലെന്നും അവനുമായി

www.malankaralibrary.com



ഒരു സംസർഗവും ഉണ്ടാകയില്ലെന്നും ഉടമ്പടി ചെയ്യുന്നു. ഒരു ശത്രുവിൽനിന്നും ദുഷ്പ്രവർത്തകനിൽനിന്നും എന്നവിധം അവനിൽനിന്നു പൂർണമായി ഞാൻ ഓടിയകലും. അവൻ നമുക്കു സംഖ്യാതീതമായ നാശനഷ്ടങ്ങൾക്കു കാരണക്കാരനായി. അവനു നന്മചെയ്യാനറിയില്ല. നമ്മോടു യുദ്ധം ചെയ്ത് നമ്മെ കീഴ്പ്പെടുത്താൻ തൻെറ സർവശക്തിയോടും കൂടി അവൻ കിണഞ്ഞു പരിശ്രമിക്കുന്നു. 'ഞാൻ ഉപേക്ഷിക്കുന്നു' എന്നു പറഞ്ഞാൽ അവനുമായുള്ള ഒരു സംസർഗവും ഞാൻ തിരഞ്ഞെടുക്കുകയോ സ്വീകരിക്കയോ ഇല്ല എന്നാണർത്ഥം.

7. സാത്താൻ തനിയെ ഏകനായി നമുക്കെതിരെ യുദ്ധം ചെയ്ത് നമ്മെ മറിപ്പെടുത്താൻ ഉദ്യമിച്ചിരുന്നെങ്കിൽ അവനെ തള്ളിപ്പറയുകയും അവനുമായുള്ള സംസർഗം ഉപേക്ഷിക്കുകയും ചെയ്യുന്ന, മുകളിൽ പറഞ്ഞ പ്രയോഗം മതിയാകുമായിരുന്നു; എന്നാൽ അദൃശ്യനാണെങ്കിലും, കാണപ്പെടുന്നവരിലൂടെ നമുക്കെതിരെ യുദ്ധം ചെയ്യാൻ അവനറിയാം. അതായത് ഒരിക്കൽ കീഴ്പ്പെടുത്തി തൻെറ ദുഷ്ടതയുടെ ഉപകരണമാക്കുകയും മററുള്ളവരുടെ വഴിപിഴയ്ക്കലിനു കാരണമാക്കിത്തീർക്കുകയും ചെയ്ത മനുഷ്യരിലൂടെ അവൻ പ്രവർത്തിക്കുന്നതിനാൽ നിങ്ങൾ കൂട്ടിച്ചേർക്കുന്നു, 'അവൻെറ ദൂതന്മാരെയും' എന്ന്.

8. ദുഷ്ടനിൽനിന്ന് ഏതെങ്കിലും രീതിയിലുള്ള ദുഷ്ടത സ്വന്തമാക്കുകയും മററുള്ളവരെ ഉപദ്രവിക്കാൻ അതെടുത്തു പ്രയോഗിക്കുകയും ചെയ്ത മനുഷ്യരെല്ലാവരെയും കുറിക്കാനാണ് 'അവൻെറ ദൂതന്മാർ' എന്ന പ്രയോഗം. ആരംഭത്തിൽ പാപത്തിൽ വീഴ്ത്താൻ ഹേതുവായും മററുള്ളവരെ ദ്രോഹിക്കാനുള്ള അവൻെറ സേവനത്തിന് അവനു സഹായിയായിരിക്കാനും ആരും ഇല്ലാതിരുന്നതിനാൽ സർപ്പം അവൻെറ കയ്യിൽ ഉപകരണമായിത്തീർന്നു. അതുപയോഗിച്ച് അവൻ മനുഷ്യനെ ചതിക്കയും വീഴ്ത്തുകയും ചെയ്തു. അവൻ മനുഷ്യരെ തൻെറ വലയിലാക്കി, ദീർഘകാലം തൻെറ ദാസ്യത്തിൻ കീഴമർത്തിവച്ചു. അതുകൊണ്ടു മററുള്ളവരെ ദ്രോഹിക്കാനുള്ള ജോലിക്കു പററിയ മനുഷ്യരെ അവൻ നിയോഗിക്കുന്നു. അതുകൊണ്ടാണു ഭാഗ്യവാനായ പൗലോസ് പറഞ്ഞത്: 'സർപ്പം ചതിയാൽ ഹവ്വായെ ചതിച്ചതുപോലെ യേശുക്രിസ്തുവിലുള്ള നിഷ്കളങ്കതയിൽനിന്നു നിങ്ങളെയാരും വഞ്ചിക്കാതിരിക്കട്ടെ' (2 കൊരി. 11:3). മനുഷ്യരെ തങ്ങളുടെ കർത്തവ്യത്തിൽനിന്നു പിൻതിരിപ്പിക്കാനും പാമ്പു ചെയ്തതുപോലെ

www.malankaralibrary.com



മനുഷ്യകുലത്തെ ചതിക്കാനും പിശാചിന്റെ ഭാഗം അഭിനയിക്കുന്നവരുണ്ട്. ഇക്കാരണത്താലാണ്, 'സാത്താനെ ഉപേക്ഷിക്കുന്നു' എന്നു പറഞ്ഞിട്ട് 'അവന്റെ എല്ലാ ദൂതന്മാരെയും' എന്നു നിങ്ങൾ പറയുന്നത്.

മനുഷ്യരെ ചതിച്ചു വീഴിക്കുവാൻ വേണ്ടി പിശാചിനു സേവ ചെയ്യുന്നവരെല്ലാം സാത്താന്റെ ദൂതന്മാർ എന്നു വിളിക്കപ്പെടുന്നു. ലൗകികവിജ്ഞാനത്തിൽ മുഴുകി ലോകത്തിലേക്കു പേഗനിസത്തിന്റെ അബദ്ധം വലിച്ചിഴച്ചുകൊണ്ടു വരുന്നവരെയൊക്കെ സാത്താന്റെ ദൂതന്മാരായി നാം കരുതണം. തങ്ങളുടെ കെട്ടുകഥകളാൽ വിഗ്രഹാരാധന നിലനിർത്തുകയും തങ്ങളുടെ വിജ്ഞാനത്താൽ പുറജാതിമതം ശക്തിപ്പെടുത്തുകയും ചെയ്ത കവികളും വ്യക്തമായി സാത്താന്റെ ദൂതന്മാരാണ്.

പുറജാതിക്കാരുടെ ഇടയിൽ, തത്ത്വശാസ്ത്രം എന്ന പേരു പറഞ്ഞ് നാശകരമായ പ്രബോധനം വിതച്ചു സത്യമത സംഗതികൾ ഗ്രഹിക്കാതിരിക്കത്തക്കവിധം അവരെ ദുഷിപ്പിച്ച മനുഷ്യരും സാത്താന്റെ ദൂതന്മാരാണ്. നമ്മുടെ കർത്താവിന്റെ വരവിനുശേഷം സത്യവിശ്വാസത്തിനെതിരെ അഭക്തമായ രീതിയിലുള്ള പ്രബോധനങ്ങൾ മെനഞ്ഞെടുത്ത അബദ്ധപ്രബോധനങ്ങളുടെ വക്താക്കളും സാത്താന്റെ ദൂതന്മാരാണ്. മാനി, മാർസിയൻ, വലൻറീനസ്, ആദിയായവരും സാത്താന്റെ ദൂതന്മാരാണ്. അവർ ദൃശ്യവസ്തുക്കളെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽനിന്നു വേർപെടുത്തുകയും ദൈവത്തിനു പുറത്തുള്ള മറെറാരു കാരണത്താൽ ദൃശ്യവസ്തുക്കൾ സൃഷ്ടിക്കപ്പെട്ടെന്നു ഭാവിക്കയും ചെയ്യുന്നു. മിശിഹാ വെറുമൊരു മനുഷ്യനാണെന്നു പറഞ്ഞ് യുഗങ്ങൾക്കു മുൻപുള്ള ഏകജാതന്റെ ദൈവത്വത്തെ നിഷേധിച്ച പോൾ സാമസോട്ടയും സാത്താന്റെ ദൂതനാണ്. ഏകജാതന്റെ ദൈവത്വം സൃഷ്ടിക്കപ്പെട്ടതാണെന്നും ആരംഭം മുതലുള്ളതല്ലെന്നും സൃഷ്ടവസ്തുക്കളുടെ പ്രകൃതി അനുസരിച്ച് ഇല്ലായ്മയിൽ നിന്നാണ് ഉണ്ടാക്കപ്പെട്ടതെന്നും പറയാൻ ധൈര്യപ്പെട്ട ആരിയൂസും എവ്വുണോമിയൂസും സാത്താന്റെ ദൂതന്മാരാണ്. പുത്രനും സൃഷ്ടിക്കപ്പെട്ട സ്വഭാവമാണെന്ന് അവർ വിളിച്ചു പറയുന്നു. എന്നാലും സ്വഭാവത്താലേ ദൈവമാണെന്ന് അവർ വിശ്വസിക്കുന്നതിൽ അവർ പുറജാതികളെ അനുകരിക്കുന്നു. അവിടുന്നു പിതാവിൽനിന്നുള്ള പുത്രനും സത്യമായി സത്യപുത്രനാകയാൽ പിതാവിന്റെ ദൈവത്വത്തിൽനിന്ന് നിത്യമായി അസ്തിത്വം ഉള്ളവനും ആണെന്ന യാഥാർത്ഥ്യം അവർ നിഷേധിക്കുന്നു. യൂദന്മാരുടെ ഇടയിൽ

www.malankaralibrary.com



ദൈവപുത്രൻ എന്ന് വിളിക്കപ്പെട്ടുന്നവരെപ്പോലെ മാത്രമേ— ഇവർ തങ്ങളുടെ ദൈവതചത്താലല്ല കൃപയാലാണ് ഈ പുത്രത്വം പ്രാപിച്ചത്— അവൻ പുത്രനായിട്ടുള്ള എന്ന് അവർ കരുതുന്നു.

9. അപ്പൊള്ളിനാരിയൂസും സാത്താൻെറ ദൂതനാണ്. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ചുള്ള പ്രബോധനം അയാൾ തെററായി ചിത്രീകരിച്ചു. വചനം നമ്മുടെ മനസ്സ് എടുത്തില്ല. കൃപ സ്വീകരിക്കുന്നതിൽ ശരീരത്തിനു ഭാഗഭാഗിത്വം ഉള്ളതുപോലെ ആത്മാവിനില്ലായിരുന്നു. സത്യവിശ്വാസമാണു പഠിപ്പിക്കുന്നതു് എന്ന വ്യാജേന നമ്മുടെ രക്ഷയെ അപൂർണ്ണമായി വ്യാഖ്യാനിച്ചു. പാഷണ്ഡത പഠിപ്പിക്കുന്ന വ്യാജപ്രബോധകരും നേതാക്കന്മാരുമായവർ മെത്രാനെന്നോ വൈദികനെന്നോ ഉള്ള പേരിൽ ബഹുമാനിതരായാലും സാത്താൻെറ ദൂതന്മാരാണ്. കാരണം അവരെല്ലാം വ്യാജപ്രബോധനം നിലനിർത്തുന്നവരും സംരക്ഷിക്കുന്നവരുമാണ്. ഇവയെല്ലാം സാത്താൻെറ ഹിതം അനുവർത്തിക്കുന്നവരത്രേ. സഭാസേവനത്തിൻെറ മൂടുപടമണിഞ്ഞ് തെററിലേക്ക് ചായാൻ ശ്രമിക്കുന്നവരാണിവർ.

ക്രിസ്തുവിൽ വിശ്വസിച്ചവരെ, നിയമം നീക്കിക്കളഞ്ഞശേഷവും യഹൂദരുടെ ആചാരങ്ങളിലേക്ക് വലിച്ചിഴയ്ക്കുന്നവരും സാത്താൻെറ ദൂതന്മാരാണ്. ദൈവകല്പനകൾക്കെതിരായി ദുഷ്ടവും വഞ്ചനാപരവുമായ ഉപദേശങ്ങൾ മനുഷ്യർക്കു കൊടുക്കുകയും തിന്മയുടെ സേവനത്തിനായി അവരെ നയിക്കുകയും ചെയ്യുന്നവരും സാത്താൻെറ ദൂതന്മാരാണ്.

മുകളിൽ പറഞ്ഞവരുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ നിങ്ങൾ അവരെ തള്ളിപ്പറയുന്നു. കാരണം, നിങ്ങൾ ക്രിസ്തുവിൻെറ പക്കലടുത്തു വന്നിരിക്കുന്നു. വിശുദ്ധ മാമോദീസായിലെജനനംവഴി ക്രിസ്തുവിൻെറ ശരീരവും അവയവങ്ങളുമാകാമെന്നു നിങ്ങൾപ്രതീക്ഷിക്കുകയും ചെയ്യുന്നു. അവയവങ്ങൾ ശിരസ്സുമായി ബന്ധിതമായിരിക്കുന്ന പോലെയായിരിക്കണം നമ്മുടെ കർത്താവായ മിശിഹായുമായി നിങ്ങളുടെ സംസർഗ്ഗം. സഭയുടെ വിശ്വാസത്തിൽനിന്നു നിങ്ങളെ അകററുവാൻ പരിശ്രമിക്കുന്നവരിൽനിന്നു നിങ്ങൾ അകന്നു കഴിയണം.

10. 'ഞാൻ സാത്താനെയും അവൻെറ എല്ലാ ദൂതന്മാരെയും ഉപേക്ഷിക്കുന്നു' എന്നു പറഞ്ഞശേഷം 'അവൻെറ എല്ലാ സേവനവും ഉപേക്ഷിക്കുന്നു' എന്ന് നിങ്ങൾ കൂട്ടിച്ചേർത്തു ചൊല്ലുന്നു.

സ്പഷ്ടമായി ദുഷ്ടതയാകയാൽദുഷ്ടൻെറ ഇഷ്ടം പ്രവർത്തിക്കുന്ന മനുഷ്യരിൽനിന്നും പ്രബോധനത്തിൻെറ പേരിൽ അവർ

www.malankaralibrary.com



ചെയ്യുന്ന സംഗതികളിൽനിന്നു് അകന്നുമാറുവാൻ നിങ്ങൾ പരിശ്രമിക്കണം എന്നാണിതിൻെറ്റയത്ഥം. വിജാതികളുമായി ബന്ധപ്പെട്ടതെല്ലാം പിശാചിൻെറ സേവനമാണു്. വിഗ്രഹങ്ങൾക്കുള്ള ആരാധനയും ബലികളും പ്രാചീന പാരമ്പര്യമനുസരിച്ചു് അവയുടെ സേവനത്തിലുൾക്കൊള്ളുന്ന ചടങ്ങുകളും അതിൽ ആരംഭിക്കുന്ന മററു് സംഗതികളും ഇതിൽ ഉൾപ്പെടുന്നു. യാത്ര തിരിക്കുന്നതിനും പുറത്തിറങ്ങുന്നതിനും ജോലി തുടങ്ങുന്നതിനും ഗ്രഹനില നോക്കുന്നതും സൂര്യചന്ദ്രനക്ഷത്രാദികളുടെ സ്ഥാനം നോക്കുന്നതും അവയുടെ നിലയനുസരിച്ചാണു് നന്മയും തിന്മയും ഉണ്ടാകുന്നതെന്നു വിശ്വസിക്കുന്നതും പിശാചിൻെറ സേവനമാണു്. നക്ഷത്രങ്ങളുടെ ഗതിവിഗതികൾ പരിശോധിച്ചു ഭാവി പറയുന്ന മനുഷ്യരെ വിശ്വസിക്കുന്നതു് സ്പഷ്ടമായും പിശാചിൻെറ സേവനമാണു്. തൻെറ ആശ്രയം ദൈവത്തിൽ മാത്രം വയ്ക്കുകയും അവിടുത്തെ പരിപാലനയിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഇതും ഇതുപോലുള്ളതുമായ സംഗതികളിൽ നിന്നു് അകന്നുമാറാൻ പരിശ്രമിക്കുകയും എല്ലാ നന്മകളുടെ വർഷവും അനത്ഥങ്ങളുടെ നീക്കവും ദൈവത്തിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യും. മറെറാരിടത്തുനിന്നും ഇതിനു തുല്യമായി യാതൊന്നും സംഭവിക്കില്ലെന്നു് അവൻ കരുതുന്നു. ദൈവസ്നേഹത്തിനും ദൈവാശ്രയത്തിനും വിധേയമാകാത്തതെല്ലാം ദുഷ്ടൻെറ ഭീകരസ്വാധീനത്തിലും ശക്തിയിലുമാണെന്നു് അവനറിയാം.

ക്ഷാളനങ്ങൾ, ശുദ്ധീകരണങ്ങൾ, ചരടുകെട്ടൽ, പുളിപ്പു കെട്ടിത്തൂക്കിയിടൽ, ശാരീരികനിലപാടു വീക്ഷിക്കൽ, പക്ഷികളുടെ പറക്കലും ശബ്ദവും അതുപോലുള്ള മററു് സംഗതികളും ശ്രദ്ധിക്കൽ തുടങ്ങിയവ സാത്താൻെറ സേവനമാണു്. യൂദാചാരങ്ങൾ അനുഷ്ഠിക്കുന്നതും പിശാചിൻെറ സേവനമാണു്. മതത്തിൻെറ നാമത്തിൽ പാഷണ്ഡികളുടെ ഇടയിൽ കാണപ്പെടുന്ന സേവനവും പിശാചിൻെറ സേവനമാണു്. സഭാസേവനവുമായി ഇതിനു സാമ്യം ഉണ്ടെങ്കിലും ഇതു് പരിശുദ്ധാത്മകൃപാദാനം ഇല്ലാത്തതാണു്. അഭക്തിയിൽ ചെയ്യപ്പെടുന്നതുമാണു്. നമ്മുടെ കർത്താവിൻെറ വാക്കുകൾ ശരിയാണെങ്കിൽ ഇതു സ്പഷ്ടമായി പിശാചിൻെറ സേവനമാണു്. അവിടുന്നു് പറഞ്ഞു: 'കർത്താവേ, എന്നു് എന്നെ വിളിക്കുന്നവനല്ല, സ്വർഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം പ്രവർത്തിക്കുന്നവനാണു് സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതു് (മത്താ. 7:21). ദൈവഭയം കൂടാതെ തങ്ങളുടെ മനസ്സു് അഭക്തരുടെ കൂടെയായിരിക്കെ നമ്മുടെ കർത്താവിൻെറ

www.malankaralibrary.com



നാമം വിളിച്ചപേക്ഷിച്ചാൽ ഒരു പ്രയോജനവുമില്ല എന്നതു സ്പഷ്ടമാണല്ലോ. സഭാപ്രബോധനത്തെ അനുകരിച്ച് അവർ ചെയ്യുന്ന സംഗതികളൊന്നും അവർക്കൊരു പ്രയോജനവും വരുത്തുന്നില്ല. കാരണം, ദൈവം വിലക്കിയിരിക്കുന്ന സംഗതികളാണവർ ചെയ്യുന്നതു്. അവരെല്ലാം പരിശുദ്ധാത്മദാനം ഇല്ലാത്തവരാണു്.

തീയററിലെ പരിപാടികളിലും നാടകങ്ങളിലും രാജാക്കന്മാരെ കാണാറുണ്ടല്ലോ. രാജവേഷം ഉണ്ടെങ്കിലും യഥാർത്ഥ രാജാക്കന്മാരായി അവരെ നിങ്ങൾ കണക്കാക്കാറില്ലല്ലോ. ചിരിക്കു വക നൽകുന്ന കോമാളി വേഷങ്ങളാണിവ. ഈ ലോകജീവിതത്തിൽ സാധാരണ നടക്കുന്ന സംഭവങ്ങൾ അവർ നിങ്ങളുടെ കൺമുൻപിൽ അവതരിപ്പിക്കുന്നു എന്നു മാത്രം. അതുപോലെ പ്രബോധനം എന്നപേരിൽ പാഷണ്ഡികൾ ചെയ്യുന്ന സ്നാനവും കുർബാനയും ചിരിക്കുവക നൽകുന്ന കോമാളിവേഷങ്ങൾമാത്രമാണു്. സാത്താൻെറ സേവയിൽനിന്നെന്നപോലെ നാം അവയിൽ നിന്നകന്നു പോകണം. കാരണം, അവ അഭക്തി വർദ്ധിപ്പിക്കുകയേ ഉള്ളു.

11. 'അവൻെറ എല്ലാ വഞ്ചനയും' എന്നും നിങ്ങൾ പറയുന്നു. പ്രബോധനം എന്ന പേരിൽ പുറജാതികൾ ചെയ്തുകൂട്ടുന്ന സംഗതികളെയാണു സാത്താൻെറ വഞ്ചന എന്നു വ്യക്തമായ വാക്കുകളിൽ അവർ വിളിച്ചിരിക്കുന്നതു്. കാഴ്ചക്കാരെ രസിപ്പിക്കാനും മററുള്ളവരെ വഞ്ചിക്കാനുമാണു് അവർ പ്രവർത്തിക്കുന്നതും എല്ലാം കൊട്ടിഘോഷിച്ചുകൊണ്ടു നടക്കുന്നതും. ദൈവകൃപയാൽ ഇന്നു് ഈവക സംഗതികളെല്ലാം അപ്രത്യക്ഷമായിക്കഴിഞ്ഞു. എന്നാൽ പാഷണ്ഡികൾ ചെയ്തുകൂട്ടുന്നതു് ഇതിൽനിന്നു വ്യത്യസ്തമാണെന്നു നാം കരുതിക്കൂടാ. കാരണം, ക്രിസ്തുവിൻെറ നാമത്താൽ പേഗനിസത്തിൻെറ അബദ്ധം തുടച്ചു മാററപ്പെട്ടു എന്നു കണ്ട സാത്താൻ മററു രീതികളിൽ മനുഷ്യരെ ചതിക്കാൻ പരിശ്രമിക്കുകയും പാഷണ്ഡതകൾ കണ്ടുപിടിക്കുകയും ചെയ്യുന്നു. അഭക്തിയുടെ നാശത്തിലേക്കു് ആളുകളെ വലിച്ചിഴയ്ക്കാനും സാധാരണക്കാരെ വഞ്ചിക്കാനും ദൈവനാമം ഉച്ചരിക്കുന്നതിലും കപടയോഗം കൂട്ടുന്നതിലും, സഭയിലെ അനുഷ്ഠാനങ്ങളെ അനുകരിക്കുന്നതിലൂടെ അവരുടെ അദ്ധ്യക്ഷന്മാരായിരിക്കുന്നവർ കഴിവുററവരാണെന്നു സാത്താൻ കണ്ടുപിടിച്ചു.

12. ഇതിനുശേഷം 'അവൻെറ എല്ലാ ലൗകിക പ്രതാപവും' എന്നും നിങ്ങൾ പറയുന്നല്ലോ.

www.malankaralibrary.com



തീയേററർ, സർക്കസ്, കുതിരപ്പന്തയം, മല്ലയുദ്ധം, തെറിക്കൂത്തുകൾ, ഹൈഡ്രോളിസ്, കാബറേനൃത്തം എന്നിവയാണ് അവൻെറ ആഡംബരങ്ങൾ എന്നു വിളിക്കപ്പെടുന്നവ. രസിപ്പിക്കാനെന്ന പേരിൽ സാത്താൻ ഈ ലോകത്തിൽ ആരംഭിച്ചവയാണിവയൊക്കെ. ഇവവഴി മനുഷ്യാത്മാക്കളെ അവൻ നാശത്തിലേക്കു വലിച്ചിഴയ്ക്കുന്നു. ഇവവഴി മനുഷ്യർക്കുണ്ടാകുന്ന ആത്മനാശം എത്രമാത്രമെന്നു ഗ്രഹിക്കാൻ പ്രയാസമില്ല; പുതിയ നിയമത്തിലെ കൂദാശയുടെ സ്വർഗീയ പൗരത്വത്തിനായി പേരെഴുതപ്പെട്ടവരും ഭാവിനന്മകളുടെ അവകാശികളും മാമോദീസായിലെ പുനർജ്ജന്മം വഴി നമ്മുടെ എല്ലാം ശിരസ്സും സ്വർഗത്തിൽ വസിക്കുന്നവനും നമ്മുടെ കർത്താവുമായ ഈശോ മിശിഹായുടെ അവയവവും ആയവർ ഇവയിൽ നിന്നെല്ലാം അകന്നുനില്ക്കണം. അവിടുത്തെ അവയവങ്ങളായ നാം അവനു യോജിച്ച ജീവിതം നയിക്കതന്നെ വേണം.

ഇക്കാരണത്താലാണ്, നിങ്ങളുടെ സ്നാനത്തിനു മുമ്പ്, നാം വിവരിച്ച നിലയിൽ നിന്നുകൊണ്ടു നിങ്ങൾ വാഗ്ദാനങ്ങളും ഉടമ്പടികളും ചെയ്യുന്നത്.

'ഞാൻ സാത്താനെയും അവൻെറ എല്ലാ സൈന്യങ്ങളെയും അവൻെറ എല്ലാ സേവനവും അവൻെറ എല്ലാ വഞ്ചനയും അവൻെറ എല്ലാ ലൗകികപ്രതാപവും ഉപേക്ഷിക്കുന്നു; പിതാവും പുത്രനും പരിശുദ്ധാത്മാവുമായ നിത്യവും ഭാഗ്യവുംദിവ്യവുമായ സ്വഭാവവുമായി ഞാൻ ബന്ധം പുലർത്തുന്നു'.

13. 'ഞാൻ സാത്താനെയും അവൻെറ സൈന്യങ്ങളെയും അവൻെറ സേവനവും, അവൻെറ വഞ്ചനയും അവൻെറ എല്ലാ ലൗകികപ്രതാപവും ഉപേക്ഷിക്കുന്നു' എന്നു പറഞ്ഞശേഷം 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഞാൻ വിശ്വസിക്കയും സ്നാനപ്പെടുകയും ബന്ധം പുലർത്തുകയും ചെയ്യുന്നു' എന്നു നിങ്ങൾ കൂട്ടിച്ചേർക്കുന്നു.

'ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു' എന്നു നിങ്ങൾ പറയുമ്പോൾ എന്നേയ്ക്കുമായി അവനെ ഉപേക്ഷിക്കുന്നു എന്നാണു നിങ്ങൾ അർത്ഥമാക്കുന്നത്. അവൻെറ പക്കലേക്കു തിരികയില്ലെന്നും അവനുമായിയാതൊരു ബന്ധവും മേലിൽ പുലർത്തുകയില്ലെന്നും നിങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. അതുപോലെ 'ദൈവവുമായി ഞാൻ ഉടമ്പടിചെയ്യുന്നു' എന്നു നിങ്ങൾ പറയുന്നതുവഴി അപ്രകാരം എന്നേയ്ക്കും സ്ഥിരമായി ദൈവത്തോടുകൂടി വസിക്കുമെന്നും, ഇപ്പോൾ മുതൽ ഇളക്കം കൂടാതെ ദൈവത്തോടുകൂടി

www.malankaralibrary.com



ആയിരിക്കമെന്നും അവനിൽനിന്നു നിങ്ങരം ഒരിക്കലും വേർപിരികയില്ലെന്നും ദൈവത്തോടുകൂടി ആയിരിക്കുകയും ജീവിക്കുകയും അവിടുത്തെ കല്പനകരം അനുസരിച്ചു ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുക എന്നതു മറ്റെന്തിനേക്കാളും ശ്രേഷ്ഠമായിരുത്തുന്നെന്നും നിങ്ങരം കാണിക്കുന്നു.

14. 'ഞാൻ വിശ്വസിക്കുന്നു' എന്നതും ആവശ്യമാണ്. കാരണം ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ ദൈവത്തിൻ പക്കലേക്കടുക്കുന്നവൻ ദൈവമുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു (എബ്രാ. 11:6). ദൈവസ്വഭാവം അദൃശ്യമാകയാൽ, ദൈവത്തിൻപക്കലേക്കടുക്കുകയും, ദൈവഭവനത്തിൽ നിരന്തരം ആയിരിക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നവർക്കുള്ള സഹായമാണു വിശ്വാസം (എഫേ. 2:19). നമ്മുടെ കർത്താവായ മിശിഹായുടെ രക്ഷാകര വ്യാപാരത്തിലൂടെ ദൈവം നമുക്കായി സജ്ജമാക്കിയ നന്മകളും അതുപോലെ അദൃശ്യവും അവാച്യവുമാണ്. അവയുടെ പ്രത്യാശയിലാണല്ലോ നാം അവന്റെ പക്കലേയ്ക്കണയുന്നതും മാമോദീസാ എന്ന കൂദാശ സ്വീകരിക്കുന്നതും. നമുക്കായി സജ്ജീകരിക്കപ്പെട്ടിരിക്കുന്നനല്ല സംഗതികളെ ഇപ്പോരം അദൃശ്യമാണെങ്കിലും സംശയലേശമെന്യെ ഉറപ്പായി വിശ്വസിക്കാൻ നമുക്കു വിശ്വാസം ആവശ്യമാണ്.

'ഞാൻ വിശ്വസിക്കുന്നു' എന്നതിനോടുകൂടി 'ഞാൻ സ്നാനപ്പെടുന്നു' എന്നും നിങ്ങരം കൂട്ടിച്ചേർക്കുന്നു. ഭാവിനന്മകളിലുള്ള പ്രത്യാശയിൽ വിശുദ്ധ മാമോദീസാഎന്ന ദാനത്തിനു നിങ്ങരം അണയുന്നതിനും, അങ്ങനെ വീണ്ടും ജനിക്കുന്നതിനും ക്രിസ്തുവിനോടുകൂടി മരിക്കുന്നതിനും അവിടെനിന്നുത്ഥാനം ചെയ്യുന്നതിനും (റോമ. 6:3–4) നിങ്ങളുടെ ആദ്യജനനത്തിനു പകരം മറെറാരു ജനനം പ്രാപിച്ചു നിങ്ങരംക്കു സ്വർഗത്തിൽ ഭാഗഭാഗിത്വം ഉണ്ടാകുന്നതിനും വേണ്ടിയാണിതു്. സ്വഭാവത്താലേ മർത്യരായിരിക്കുന്നിടത്തോളം കാലം നിങ്ങരംക്കു സ്വർഗീയ ഭവനത്തിൽ പ്രവേശിക്കാൻ കഴികയില്ല. എന്നാൽ മാമോദീസായിൽ വച്ചു പ്രസ്തുത പ്രകൃതി ദൂരയെറിഞ്ഞു ക്രിസ്തുവിനോടൊത്തു് ഉത്ഥാനം ചെയ്തു്,നാം പ്രതീക്ഷിക്കുന്ന നവജന്മത്തിന്റെ അടയാളം പ്രാപിച്ചു കഴിയുമ്പോരം, നിങ്ങരം സ്വർഗത്തിലെ പൗരന്മാരായും അവകാശികളായും ഗണിക്കപ്പെടും (റോമ. 8:17; തീത്തു. 3:7).

15. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നു് മുകളിൽ പറഞ്ഞ എല്ലാ വാചക

www.malankaralibrary.com



ങ്ങളോട്ടും നിങ്ങറം കൂട്ടിച്ചേർക്കുന്നു. ഇതാണ് ദൈവസ്വഭാവം; ഇതാണ് നിത്യദൈവത്വം; ഇതാണ് എല്ലാററിൻെറയും കാരണം; ഇതാണ് നമ്മെ ആദ്യം സൃഷ്ടിച്ചതും ഇപ്പോറം നമ്മെ നവീകരിക്കുന്നതും. ഇതാണ് യഥാത്ഥത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, ഇതിനെയാണ് ഇപ്പോറം നാം സമീപിക്കുന്നത്; ഇതുമായിട്ടത്രേ നാം ഉടമ്പടി ഉണ്ടാക്കുന്നത്; ആരംഭത്തിലെന്നപോലെ ഇപ്പോഴും നമുക്കുള്ള നിരവധിയും ധാരാളവുമായ നന്മകളുടെ കാരണം ഇതത്രേ. ഇപ്പോറം മുതൽ ഇതിൽ വിശ്വസിക്കാമെന്നാണ് നാം വാഗ്ദാനം ചെയ്യുന്നത്. ഈ നാമങ്ങളിലാണ് നാം മാമോദീസാ മുക്കപ്പെടുന്നത്; അടയാളരൂപേണ മുന്നാസ്വാദനമായി നമുക്കു നൽകപ്പെട്ട ഭാവിനന്മകറം നമുക്കു ലഭിക്കുമെന്നു നാം പ്രതീക്ഷിക്കുന്നതും ഇതിലൂടെയാണ്. യഥാത്ഥത്തിൽ നാം മരിച്ചവരിൽനിന്നുയിർക്കുകയും നമ്മുടെ പ്രകൃതിയിൽ അമർത്ത്യരും വ്യതിയാനരഹിതരും ആയിത്തീരുകയും ചെയ്യുമ്പോറം നമുക്കുണ്ടാകുന്ന സന്തോഷത്തിനായി നാം നോക്കിപ്പാർക്കുന്നത് ഇതിലേക്കാണ്.

16. മുകളിൽ വിവരിച്ച രീതിയിൽ നിങ്ങറം ഈ ഉടമ്പടികളും വാഗ്ദാനങ്ങളും നടത്തുന്നു. നിങ്ങളിൽനിന്ന് ദൈവത്തിനർഹമായ ആരാധനയുടെ അടയാളമായും നിങ്ങളുടെ അധഃപതനത്തിൻെറ വെളിപ്പെടുത്തലായും നിങ്ങറം തറയിൽമുട്ടുകുത്തുന്നു. മററ് ശരീരഭാഗങ്ങറം നിവർത്തി നിങ്ങറം സ്വർഗത്തിലേക്കു നോക്കിനില്ക്കുന്നു. യാചനാ രൂപത്തിൽ നിങ്ങറം കൈകറം നീട്ടിപ്പിടിക്കുന്നു, സ്വർഗസ്ഥനായ ദൈവത്തെ ആരാധിക്കുന്നതായി നിങ്ങറം കാണപ്പെടുന്നതിനാണിത്; നിങ്ങളുടെ മുൻ വീഴ്ചയിൽനിന്ന് എഴുന്നേൽക്കാമെന്ന് അവനിൽ നിങ്ങറം പ്രത്യാശിക്കുന്നു. നാം വിവരിച്ച രീതിയിലുള്ള നിങ്ങളുടെ വാഗ്ദാനങ്ങളിലൂടെയും ഉടമ്പടികളിലൂടെയും അവനിലേക്കു നിങ്ങളുടെ ജീവൻ തിരിച്ചതും പ്രതീക്ഷിക്കുന്ന ദാനത്തിനു നിങ്ങറം സ്വയം അർഹരാകുമെന്ന് വാഗ്ദാനം ചെയ്തതും ഇക്കാരണത്താലാണ്. നിങ്ങറം കൈകറം നീട്ടി അവനിലേക്ക് കണ്ണുകളുയർത്തി, കൃപയാചിച്ച്, നിങ്ങളുടെ വീഴ്ചയിൽനിന്നെഴുന്നേററ്, ഭാവിനന്മകളിൽ സന്തോഷിക്കുന്നു. ക്ലദാശയുടെ ആദ്യഫലങ്ങറം നിശ്ചയമായും നിങ്ങറംക്കു കിട്ടും എന്നും പ്രതീക്ഷിക്കുന്നു. സ്വർഗത്തിൽ കാണപ്പെടുന്ന ശ്രേഷ്ഠവും അവാച്യവുമായ സംഗതികളുടെ അച്ചാരമാണ് അവയെന്നു നിങ്ങറം വിശ്വസിക്കുന്നു.

17. നിങ്ങറം നിങ്ങളുടെ ഉടമ്പടികളും വാഗ്ദാനങ്ങളും ചെയ്തു കഴിയുമ്പോറം വൈദികൻ നിങ്ങളുടെ പക്കലേക്കണ

www.malankaralibrary.com



യുന്നു. തന്റെ സാധാരണ വസ്ത്രമോ, പുറങ്കുപ്പായമോ അല്ല പിന്നെയോ വൃത്തിയുള്ളതും ശോഭയുള്ളതും ആയ ഒരു വസ്ത്രം അദ്ദേഹം ധരിക്കുന്നു. അതിന്റെ സന്തോഷപൂർണമായ രൂപം ഭാവിലോകത്തിൽ നിങ്ങൾക്ക് ലഭിക്കാൻപോകുന്ന സന്തോഷത്തെ സൂചിപ്പിക്കുന്നു. അതിന്റെ ശോഭ ഉള്ള നിറം ഭാവിലോകത്തിൽ നിങ്ങൾക്ക ലഭിക്കുന്ന ശോഭയെ സൂചിപ്പിക്കുന്നു; അടുത്ത ലോകത്തിന്റെ സന്തോഷവും ഹൃദ്യതയും സൂചിപ്പിക്കുന്നതാണ് അതിന്റെ വൃത്തി.

വൈദികൻ ധരിക്കുന്ന വസ്ത്രങ്ങൾ വഴി ഈ സംഗതികൾ അവൻ വരച്ചു കാട്ടുന്നു. ഈ വസ്ത്രങ്ങളുടെ നിഗൂഢമായ അടയാളങ്ങൾവഴി അവൻ നിങ്ങളിൽ സ്നേഹം ജനിപ്പിക്കുന്നു. അങ്ങനെ ഈ വസ്ത്രങ്ങളുടെ നവീനതചത്താൽ ഇവ സൂചിപ്പിക്കുന്ന ശക്തിയിലേയ്ക്കു സൂക്ഷിച്ചുനോക്കുവാൻ നിങ്ങൾക്കു സാധിക്കും.

അവൻ അഭിഷേകതൈലംകൊണ്ട് നിങ്ങളുടെ നെററിയിൽ റൂശ്മാ ചെയ്തു പറയുന്നു:

'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ റൂശ്മാ ചെയ്യപ്പെടുന്നു.' കൂദാശയുടെ ഈ ആദ്യഫലങ്ങൾ അവൻ നിങ്ങൾക്കു നൽകുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലല്ലാതെമററൊന്നിലുമല്ല അവൻ ഇതു ചെയ്യുന്നതു്. ഈ നന്മകളുടെയെല്ലാം കാരണം നിങ്ങൾ പ്രതീക്ഷിക്കുന്നിടത്തു് വൈദികൻ കൂദാശ ആരംഭിക്കുന്നു. വാസ്തവത്തിൽ, അവിടെനിന്നാണ് വൈദികൻ വിളിയിലേക്ക് നിങ്ങളെ വിളിച്ചുടപ്പിക്കുന്നതു്. അതിലേയ്ക്കാണ് നിങ്ങൾ നോക്കേണ്ടതു്. ദൈവേഷ്ടപ്രകാരം എല്ലാ വസ്തുക്കൾക്കും ഉപരിയായി അവയ്ക്കനുസൃതം നിങ്ങൾ ജീവിക്കണം. ക്രിസ്തുവിന്റെ ഒരു ആട്ടിൻകുട്ടിയായും സ്വർഗീയ രാജാവിന്റെ ഒരു പട്ടാളക്കാരനായും നിങ്ങൾ മുദ്രകുത്തപ്പെട്ടു എന്നതാണ് റൂശ്മായുടെ അർത്ഥം. ഒരാളൊരാടിനെ വാങ്ങിയാലുടൻ ആരുടേതാണെന്ന് കാണിക്കുവാൻ അതിനെ മുദ്രകുത്തുന്ന പതിവുണ്ടല്ലോ. ഉടമസ്ഥന്റെ മററാടുകളോടുകൂടി അതു മേയുകയും മററാടുകളോടുകൂടി ആലയിൽ പാർക്കുകയും ചെയ്യുന്നു. പട്ടാളസേവനത്തിൽ പേരെഴുതപ്പെടുകയും രാജ്യസേവനത്തിനു് അവന്റെ ഉയരവും ശരീരപുഷ്ടിയും നിമിത്തം തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നവന്റെ കയ്യിൽ ആദ്യമായി മുദ്രകുത്തപ്പെടുന്നു. ഭാവിയിൽ അവൻ ഏതു രാജാവിനാണ് സേവനം ചെയ്യുന്നതെന്ന് ഇതു കാണിക്കുന്നു. അതുപോലെ ദൈവരാജ്യത്തിനു് തിരഞ്ഞെടുക്കപ്പെടുകയും പരിശോധനയ്ക്കു

www.malankaralibrary.com



ശേഷം സ്വർഗീയ രാജാവിന്റെ പട്ടാളക്കാരായി നിയമിക്കപ്പെടുകയും ചെയ്ത നിങ്ങളുടെ നെററിയിൽ ആദ്യം മുദ്രകുത്തപ്പെടുന്നു.

18. ശരീരത്തിന്റെ മററു ഭാഗങ്ങളെക്കാൾ ഉന്നതമാണല്ലോ നമ്മുടെ ശിരസ്സിന്റെ ആ ഭാഗം. ശരീരം മുഴുവനെക്കാൾ ഉപരിസ്ഥവും മുഖത്തിന് ഉപരിസ്ഥവുമായി നെററി വയ്ക്കപ്പെട്ടിരിക്കുന്നു. നാം സംസാരിക്കുമ്പോൾ നാം പരസ്പരം അടുക്കുന്നതും നോക്കുന്നതും അതുപയോഗിച്ചാണ്. നമുക്കു വലിയ ആത്മധൈര്യം ഉണ്ടെന്ന് കാണിക്കുവാൻ അവിടെ മുദ്രകുത്തപ്പെടുന്നു.

'ഇപ്പോൾ നാം കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു, അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും' (1 കൊരി. 13:12). 'മൂടുപടമില്ലാത്ത മുഖത്തോടുകൂടി കണ്ണാടിയിലെന്നവണ്ണം കർത്താവിന്റെ മഹത്വം അപ്പോൾ നാം കാണും. നാമെല്ലാവരും അവിടുത്തെ സാദൃശ്യത്തിലേക്ക് മഹത്വത്തിൽനിന്നു മഹത്വത്തിലേക്കു കർത്താവിന്റെ അരൂപിയാൽ രൂപാന്തരപ്പെടും' (2 കൊരി. 3,18). അതിനാൽ നമ്മുടെ മുഖത്തിന്റെ ശ്രേഷ്ഠസ്ഥാനത്ത് ശരിയായ രീതിയിൽ നാം മുദ്രകുത്തപ്പെടുന്നു. അങ്ങനെ, വളരെ ദൂരെവച്ചുതന്നെ പിശാചുക്കളെ നാം ഭയപ്പെടുത്തുന്നു. അവർക്കു നമ്മെ സമീപിക്കുവാനോ ഉപദ്രവിക്കുവാനോ സാധിക്കയില്ല. ദൈവത്തിന്റെ അടുക്കൽ നമുക്കു വലിയ ആത്മധൈര്യം ഉണ്ടെന്നും മുഖാഭിമുഖം നാം ദൈവത്തെ കാണുമെന്നും ഈ മുദ്ര വ്യക്തമാക്കുന്നു. അവിടുത്തെ ഭവനത്തിലെ അംഗങ്ങളും (എഫേ. 2:19) നമ്മുടെ കർത്താവായ മിശിഹായുടെ പട്ടാളക്കാരും ആയിത്തീരുവാൻ നമ്മേ ഇടയാക്കുന്നത് ഈ മുദ്രയാണ്.

19. വൈദികൻ ഈ സംഗതികൾ പരികർമ്മം ചെയ്ത് നിങ്ങളുടെ നെററിയിൽ മുദ്രകുത്തുമ്പോൾ, മുകളിൽ പറഞ്ഞ വാക്കുകളുടെ ഫലമായി മററുള്ളവരിൽനിന്ന് അവൻ നിങ്ങളെ വേർതിരിക്കയും നിങ്ങൾ സത്യരാജാവിന്റെ പടയാളികളും സ്വർഗത്തിലെ പൗരന്മാരും ആണെന്ന് പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. ഈ സംഗതികളിലെല്ലാം നിങ്ങൾക്കു സംസർഗവും ഭാഗഭാഗിത്വവും ഉണ്ടെന്ന് ഈ മുദ്ര കാണിക്കുന്നു.

നിങ്ങളുടെ പിന്നിൽ നിൽക്കുന്ന തലതൊട്ടനയാൾ നിങ്ങളുടെ ശിരസ്സിലെ കിരീടത്തിൽ ഒരു വസ്ത്രം ഇട്ടുകഴിഞ്ഞാലുടനെ നിങ്ങളെ പിടിച്ചെഴുന്നേൽപ്പിച്ചു നിർത്തുന്നു. അതിന്റെ അർത്ഥം ഇതാകുന്നു: 'നിങ്ങൾ നിങ്ങളുടെ പഴയ വീഴ്ച

www.malankaralibrary.com



യെ ദൂരെയെറിഞ്ഞു്, ലോകവുമായും ഭൗമിക സംഗതികളുമായുമുള്ള എല്ലാസംസർഗവും ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങളുടെ ആരാധനയും ദൈവത്തോടുള്ള പ്രാർത്ഥനയും സ്വീകരിക്കപ്പെട്ടു. അവാച്യമായ പട്ടാളസേവനത്തിന്നു് നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടെന്നുള്ളതിന്റെ അടയാളമായ മുദ്ര നിങ്ങൾ പ്രാപിച്ചിരിക്കുന്നു. നിങ്ങൾ സ്വർഗത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. എല്ലാ ഭൗമികസംഗതികളെയും നിന്ദിച്ചുകൊണ്ടു് സ്വർഗത്തിലെ ജീവിതത്തിനും പൗരത്വത്തിനും ചേർന്നവിധം നിങ്ങളുടെ ജീവിതം ക്രമീകരിക്കേണ്ടവരാണു് നിങ്ങൾ.

നിങ്ങൾ വിളിക്കപ്പെടുന്ന സ്വാതന്ത്ര്യത്തെ കുറിക്കുന്നതാണു നിങ്ങളുടെ ശിരസ്സിലെ കിരീടത്തിൽ വയ്ക്കപ്പെട്ട തുണി. അടിമകളെയും പ്രവാസികളെയുംപോലെ നിങ്ങൾ നേരത്തെ നഗ്നശിരസ്കരായി നിലകൊണ്ടു. നിങ്ങൾ മുദ്രകുത്തപ്പെട്ട ശേഷം നിങ്ങളുടെ ശിരസ്സിൽ ഒരു വസ്ത്രം ഇടുന്നു. നിങ്ങൾ വിളിക്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ അടയാളമാണതു്. സ്വതന്ത്രർ ശിരോവസ്ത്രം ധരിക്കുന്നു. വീട്ടിലായാലും പൊതുസ്ഥലത്തായാലും ഇവർക്കൊരലങ്കാരമാണതു്.

20. നമ്മുടെ കർത്താവായ മിശിഹായുടെ ഒരു പടയാളിയായി വേർതിരിക്കപ്പെട്ടു് മുദ്രകുത്തപ്പെട്ടശേഷം കൂദാശയുടെ ശേഷിച്ച ഭാഗം നിങ്ങൾ സ്വീകരിക്കുന്നു; ആത്മാവിന്റെ പൂർണകവചത്താൽ നിങ്ങൾ പൊതിയപ്പെടുന്നു. കൂദാശവഴി സ്വർഗീയ സംഗതികളിലുള്ള ഭാഗഭാഗിത്വം നിങ്ങൾക്കു കിട്ടുന്നു. ഇവ എങ്ങനെയാണു് സംഭവിക്കുന്നതെന്നു് കുറേശ്ശ കുറേശ്ശ ഞാൻ വിശദീകരിക്കാം. എന്നാൽ ഇന്നത്തേക്കു് ഇത്രമതി. പിതാവായ ദൈവത്തിനും തന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നമെന്നേയ്ക്കും സ്തുതി അർപ്പിച്ചുകൊണ്ടു് ഈ പ്രസംഗം അവസാനിപ്പിക്കാം. ആമ്മീൻ.

www.malankaralibrary.com

# 14

# പതിന്നാലാം പ്രസംഗം

## മാമോദീസാ

**ചുരുക്കം**

നിങ്ങരം വിശുദ്ധ മാമോദീസായ്ക്ക് അണയുമ്പോരം ആദ്യമായി നിങ്ങളുടെ വസ്ത്രമെല്ലാം ഉരിഞ്ഞു മാററുന്നു. അതിനുശേഷം അഭിഷേകതൈലം കൊണ്ടു നല്പതുപോലെ നിങ്ങളെ പൂശിക്കൊണ്ട് 'ഇന്നാർ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അഭിഷേകം ചെയ്യപ്പെടുന്നു' എന്നു വൈദികൻ പറയുന്നു. തുടർന്ന്, വൈദികൻ ആശീർവദിച്ച ശുദ്ധീകരിച്ച വെള്ളത്തിലേയ്ക്കു നിങ്ങരം ഇറങ്ങുന്നു. വൈദികൻ മേല്പറഞ്ഞ വസ്ത്രം ധരിച്ച് എഴുന്നേററുനിന്നു തൻെറ കരം നിങ്ങളുടെ തലയിൽവച്ചുകൊണ്ട്, 'ഇന്നാർ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ മുക്കപ്പെടുന്നു' എന്നു പറയുന്നു. തൻെറ കരം നിങ്ങളുടെ തലയിൽവച്ചുകൊണ്ട് 'പിതാവിൻെറ നാമത്തിൽ' എന്നു പറഞ്ഞുകൊണ്ട് അവൻ നിങ്ങളെ ജലത്തിൽ മുക്കുന്നു. നിങ്ങരംക്കു സംസാരിക്കുവാൻ അനുവാദം ഉണ്ടായിരുന്നെങ്കിൽ 'ആമ്മീൻ' എന്നു നിങ്ങരം പറയുമായിരുന്നു. എന്നാൽ നിങ്ങരം ജലത്തിൽ മുങ്ങി നമ്രശിരസ്ക്കരായി വർത്തിക്കുന്നു. 'പുത്രൻെറയും' എന്നു വൈദികൻ പറഞ്ഞുകൊണ്ടു നമ്രശിരസ്ക്കരായി നില്ക്കുന്ന നിങ്ങളെ വീണ്ടും ജലത്തിൽ മുക്കുന്നു. 'പരിശുദ്ധാത്മാവിൻെറയും' എന്നു പറഞ്ഞുകൊണ്ടു വീണ്ടും വൈദികൻ നിങ്ങളെ മുക്കുന്നു. നിങ്ങരം അവിടെനിന്നു കയറി ശുഭ്രവസ്ത്രങ്ങരം ധരിച്ചുകഴിയുമ്പോരം വൈദികൻ നിങ്ങളുടെ അടുത്തുവന്നു നിങ്ങളുടെ നെററിയിൽ മുദ്രകുത്തിക്കൊണ്ടു 'ഇന്നാർ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മുദ്രകുത്തപ്പെടുന്നു' എന്നു പറയുന്നു.

1. നിങ്ങരം മാമോദീസാ സൈത്തുകൊണ്ടു മുദ്രകുത്തപ്പെടുകയും സ്വർഗീയ സേവനത്തിനു പേരെഴുതപ്പെടുകയും തിര

www.malankaralibrary.com



ഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ എണ്ണപ്പെടുകയും ചെയ്യുന്നു എന്ന സംഗതിയെപ്പററിയുള്ള വാക്കുകളെക്കുറിച്ചാണ് ഇന്നലെ നമ്മുടെ മതബോധനപ്രസംഗത്തിൻെറ അവസാനം നാം പറഞ്ഞുവച്ചത്. നമ്മുടെ കർത്താവായ മിശിഹായുടെ വ്യാപാരത്തിലൂടെ ദൈവരാജ്യം വെളിപ്പെടുത്തപ്പെട്ടു. അവിടുന്നു തൻെറ പീഡാനുഭവത്തിനും ഉത്ഥാനത്തിനും ശേഷം സ്വർഗത്തിലേയ്ക്കു കയറി അവിടെ തൻെറ സാമ്രാജ്യം സ്ഥാപിച്ചു. ആ സ്വർഗീയസേവനത്തിനു വിളിക്കപ്പെട്ട നാമെല്ലാവരും സ്വർഗവുമായി സംസർഗം നടത്തുന്നതു ന്യായയുക്തമാണ്. നമ്മുടെ രാജാവിരിക്കുന്നിടത്തേക്കാണല്ലോ നാമെല്ലാവരും നീങ്ങിക്കൊണ്ടിരിക്കുന്നത്. 'ഞാൻ ആയിരിക്കുന്നിടത്ത് അവരും എന്നോടുകൂടി ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു' എന്ന് അവിടുന്നുതന്നെ പറഞ്ഞിട്ടുണ്ടല്ലോ (യോഹ. 17:24). ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ സഹനത്തിലൂടെ അവനോടുള്ള സ്നേഹം നാം കാണിച്ചാൽ അവനോടുകൂടെ ഭരണം നടത്താമെന്നു നമുക്കു പ്രതീക്ഷിക്കാം (2 തിമോ 2:12). നാം അവനോടുകൂടെ സ്വർഗത്തിൽ ആയിരിക്കുകയും തൻെറ വലിയ മഹത്വത്തിൽ ഭാഗഭാക്കുകളായിരിക്കുകയും ചെയ്യും. ഇതിനായിട്ടാണു നിങ്ങൾ മുദ്രകുത്തപ്പെട്ടിരിക്കുന്നത്. ഈ മുദ്രവഴിയാണു നിങ്ങൾ ഈ സ്വർഗീയ സേവനത്തിനു തിരഞ്ഞെടുക്കപ്പെട്ടത്. ഈ കാരണത്താലാണ്, നിങ്ങൾ എഴുന്നേററു കഴിഞ്ഞാലുടനെ സ്വാതന്ത്ര്യത്തിൻെറ അടയാളമായ ശിരോവസ്ത്രം നിങ്ങൾ ധരിക്കുന്നത്. നിങ്ങൾ സ്വർഗീയസേവനത്തിനു തിരഞ്ഞെടുക്കപ്പെട്ടെന്നും സ്വർഗീയമായ സ്വാതന്ത്ര്യം സമ്പാദിച്ച്, ഭൗമിക സംഗതികളുമായുള്ള സംസർഗത്തിൽനിന്നു വിടുതലാക്കപ്പെട്ടെന്നും ഇതു സൂചിപ്പിക്കുന്നു. അടിമ രാജാവിനു സൈന്യസേവനം ചെയ്യാൻ പാടില്ലെങ്കിൽ സ്വർഗീയ സേവനത്തിനു വേർതിരിക്കപ്പെട്ടവൻ അടിമത്തത്തിൽനിന്ന് എത്രമാത്രം അകന്നിരിക്കണം. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ സ്വർഗീയസംഗതികളുമായി സംസർഗം ലഭിച്ച നാമെല്ലാവരും 'ഉന്നതവും നാമെല്ലാവരുടെയും അമ്മയും ആയ സ്വതന്ത്ര യറുശലേമിലെ സ്വതന്ത്രരാണ്' (ഗലാ. 4:26).

2. ഇന്നലെ നാം മുദ്രയെപ്പററിയും അതുമായി ബന്ധപ്പെട്ട ചടങ്ങുകളുടെ അർത്ഥത്തെപ്പററിയും വിശദമായി നിങ്ങളോടു സംസാരിച്ചു. അതിനുശേഷമുള്ളവയെപ്പററി ഇപ്പോൾ സംസാരിക്കാം. രണ്ടാം ജനനത്തിൻെറ സാദൃശ്യങ്ങൾ പരികർമ്മം ചെയ്യപ്പെടുന്ന മാമോദീസായ്ക്കു നിങ്ങൾ അണയുന്നു. കാരണം, യഥാർത്ഥമായ രണ്ടാം ജനനം വാസ്തവത്തിൽ ലഭിക്കുന്നത്

www.malankaralibrary.com



മരിച്ചവരിൽനിന്നു് ഉയിർക്കുമ്പോഴേയുള്ളു. മരണംവഴി നഷ്ടപ്പെട്ട അവസ്ഥ അപ്പോഴാണല്ലോ കൈവരുക. വീണ്ടും ജനിക്കുന്നവൻ താൻ നേരത്തെ ഉണ്ടായിരുന്ന അവസ്ഥയിലേയ്ക്കാണു ജനിക്കുന്നതെന്നു വ്യക്തമാണല്ലോ. അതുപോലെ, മരിക്കുന്ന വ്യക്തി തന്റെ ഇപ്പോഴത്തെ അവസ്ഥ നഷ്ടപ്പെടുത്തുന്നു എന്നു വ്യക്തമാണല്ലോ. അതുകൊണ്ടു് ഉത്ഥാനത്താൽ നിങ്ങൾക്കു രണ്ടാംജനനം ഉണ്ടാകും. നിങ്ങൾ സ്ത്രീയിൽനിന്നു ജനിച്ചശേഷം നിങ്ങൾക്കു ലഭിക്കുകയും മരണംവഴി നിങ്ങൾക്കു നഷ്ടപ്പെടുകയും ചെയ്ത ആ അവസ്ഥ അപ്പോൾ നിങ്ങൾക്കു കൈവരും. ഉത്ഥാനത്തിലുള്ള ജനനത്തിനായി നിങ്ങൾക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തു വാസ്തവത്തിൽ ഇവയെല്ലാം സംഭവിക്കും. ഇപ്പോഴാകട്ടെ ഇവയെ സംബന്ധിച്ചു നിങ്ങൾക്കു നമ്മുടെ കർത്താവായ മിശിഹായുടെ വാക്കുകൾ ഉണ്ടു്. അവ സംഭവിക്കും എന്നുള്ള പ്രതീക്ഷയിൽ ഭീതിജനകമായ ഈ കൂദാശയിലൂടെ അവയുടെ അടയാളങ്ങളും പ്രതീകങ്ങളും നിങ്ങൾ ശരിയായി സ്വീകരിക്കുന്നു. ഭാവിനന്മകളിലുള്ള നിങ്ങളുടെ ഭാഗഭാഗിത്വത്തെ ചോദ്യം ചെയ്യാതിരിക്കാനാണിതു്.

3. അതുകൊണ്ടു്, നാം പ്രതീക്ഷിക്കുന്ന ജനനത്തിന്റെ പ്രതീകം ഉൾക്കൊള്ളുന്ന വിശുദ്ധ മാമോദീസായ്ക്കു നിങ്ങൾ അണയുന്നു. 'ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല' എന്നു നമ്മുടെ കർത്താവു നിക്കോദേമൂസിനോടു പറഞ്ഞതുവഴി (യോഹ. 3:3) ഇതിനെ രണ്ടാംജനനം എന്നു നമ്മുടെ കർത്താവു വിളിച്ചതു് ഇക്കാരണത്താലാണു്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നവർക്കു് രണ്ടാം ജനനം ഉണ്ടായിരിക്കണമെന്നു് ഇതുവഴി അവിടുന്നു കാണിക്കുന്നു. 'വൃദ്ധനായ മനുഷ്യനു ജനിക്കുവാൻ കഴിയുന്നതെങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ പ്രവേശിച്ചു ജനിക്കാൻ കഴിയുമോ?' എന്നു നിക്കോദേമൂസ് ചോദിച്ചപ്പോൾ (3:4) 'സ്ത്രീയിൽനിന്നു ശാരീരികമായി ജനിക്കും' എന്നാണു നിക്കോദേമൂസ് വിചാരിച്ചതു്. നമ്മുടെ ആദ്യജനനംപോലെ ആയിരിക്കുംവീണ്ടും ജനിക്കുന്നതെന്നു വിശ്വസിച്ചതിനാലാണു് അവൻ ഇതു പറഞ്ഞതു്. നാം യഥാർത്ഥത്തിൽ രണ്ടുരീതിയിൽ വീണ്ടും ജനനം—ഒന്നു് ഉത്ഥാനത്തിൽ—സ്വീകരിക്കുമെന്നു കർത്താവു് അവനു് വെളിപ്പെടുത്തിയില്ല. കാരണം ഇതു ഗ്രഹിക്കുവാൻ അവനു കഴിയില്ലായിരുന്നു എന്നു് അവനറിയാമായിരുന്നു. പിന്നെയോ, മാമോദീസാവഴി പൂർത്തീകരിക്കപ്പെടുന്ന പ്രതീകാത്മജനനംമാത്രമേ അവിടുന്നു വെളിപ്പെടുത്തിയുള്ളു. വിശ്വസിക്കുന്നവർഎല്ലാവരും ഈ മാമോദീസായ്ക്കാണു് അണയുന്നതു് .അങ്ങനെ

www.malankaralibrary.com



പ്രതീകങ്ങളിലൂടെ യാഥാർത്ഥ്യത്തിൻെറ സന്തോഷത്തിലേയ്ക്ക് അവർ നടന്നടുക്കുന്നു. അതുകൊണ്ടു നമ്മുടെ കർത്താവു് പറഞ്ഞു: 'ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ, ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല' (3:5). 'വെള്ളത്താലും' എന്നു പറയുന്നതുവഴി രീതിയെ സൂചിപ്പിക്കുന്നു, 'ആത്മാവിനാലും' എന്നു പറയുന്നതുവഴി കാരണക്കാരനെയും അവിടുന്നു് വെളിപ്പെടുത്തുന്നു. ഇക്കാരണത്താലാണു് അവിടുന്നു കൂട്ടിച്ചേർത്തതു്, 'ജഡത്തിൽനിന്നു ജനിച്ചതു് ജഡമാകുന്നു, ആത്മാവിൽനിന്നു ജനിച്ചതു് ആത്മാവും' (3: 6). ഇവിടെ അവൻ വെള്ളത്തെപ്പററി സൂചിപ്പിച്ചില്ല, കാരണം അതു് കൂദാശയുടെ അടയാളത്തിൻെറ ഭാഗമാണു്. എന്നാൽ അവൻ ആത്മാവിനെ സൂചിപ്പിച്ചു. കാരണം, ഈ ജനനം അവിടുത്തെ പ്രവർത്തനം വഴി ആണു്. ജഡത്തിൽനിന്നു് ജനിക്കുന്നവൻ സ്വഭാവത്താലേ ജഡവും മർത്ത്യനും സഹനത്തിനും അഴിവിനും വിധേയനും എല്ലാ കാര്യങ്ങളിലും മാററമുള്ളവനും ആണെന്നു് ഈ വാക്കുകളാൽ അവിടുന്നു് വ്യക്തമായി സൂചിപ്പിക്കുന്നു.

4. ഇവ എങ്ങനെ സംഭവിക്കുമെന്നു നിക്കോദേമൂസ് ചോദിച്ചപ്പോഠം കർത്താവുത്തരം പറഞ്ഞു: 'കാററ് അതിനിഷ്ടമുള്ളിടത്തു് വീശുന്നു. അതിൻെറ ശബ്ദം മാത്രം നീ കേഠക്കുന്നു. എന്നാൽ അതു് എവിടെനിന്നു വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നിനക്കറിഞ്ഞുകൂടാ' (3: 8). ഇവിടെ അവൻ വെള്ളത്തെപ്പററി സൂചിപ്പിക്കുന്നതേയില്ല. എന്നാൽ ഇതു സംബന്ധിച്ചുള്ള സംശയം ദൂരീകരിച്ചുകൊണ്ടു് ആത്മാവിൻെറ സത്യത്തിൽനിന്നു് ഇതു് വിശ്വാസ്യമാണെന്നു് കാണിക്കുന്നു. 'അതു് അതിനു് ഇഷ്ടമുള്ളിടത്തു വീശുന്നു' എന്ന വാചകം തനിക്കു് ഇഷ്ടമുള്ളതെല്ലാം ചെയ്യുവാനുള്ള ദൈവിക ശക്തിയെ സൂചിപ്പിക്കുന്നു. തനിക്കു് എല്ലാം ചെയ്യുവാൻ കഴിയുന്നെന്നു് അതത്ഥമാക്കുന്നു: തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യാൻ കഴിവുള്ളവനു്, വാസ്തവത്തിൽ പ്രയാസം കൂടാതെ താനിച്ഛിക്കുന്നതെല്ലാം ചെയ്യാൻ അവശ്യാവശ്യം കഴിവുണ്ടു്. 'ആത്മാവിൽനിന്നു് ജനിക്കുന്ന ഏവനും ഇപ്രകാരമാണു്' എന്ന വാചകം അവൻ ഉപയോഗിച്ചതു് ഈ ഉദ്ദേശ്യത്തോടുകൂടിയാണു്. നമ്മുടെ ബുദ്ധിക്കപരിസ്ഥവും ഉന്നതവുമാണെങ്കിലും ആത്മാവിൽനിന്നു വരുന്നതൊന്നും നാം ചോദ്യം ചെയ്യുകയോ അതേപ്പററി സംശയിക്കയോ ചെയ്യാൻ പാടില്ലാത്തവണ്ണം അത്ര വലിയൊരു ശക്തിയും വലിയ ബലവും ആത്മാവിനുണ്ടെന്നു് അവൻ ഇതിനാൽ സൂചിപ്പിക്കുന്നു. അവൻ മാമോദീസായെ രണ്ടാംജനനം എന്നു വിളിക്കുന്നു: കാരണം

www.malankaralibrary.com



അതു രണ്ടാംജനനത്തിന്റെ പ്രതീകമാണ്; പ്രതീകത്തിലെന്നപോലെ ഈ രണ്ടാം ജനനത്തിൽ മാമോദീസാവഴി നാം ഭാഗഭാക്കാകുന്നു. സംശയമോ ചോദ്യമോ കൂടാതെ മാമോദീസായിൽനിന്ന് ഈ രണ്ടാംജനനത്തിൽ നമുക്കു ഭാഗഭാഗിത്വം ലഭിക്കുന്നു.

5. ഇക്കാരണത്താലാണ് ഭാഗ്യവാനായ പൗലൊസ് പറഞ്ഞതു്: 'ഈശോമിശിഹായിൽ സ്നാനപ്പെട്ട നാമെല്ലാവരും അവന്റെ മരണത്തിലാണ് സ്നാനപ്പെട്ടിരിക്കുന്നതു്; മാമോദീസായാൽ മരണത്തിലേക്കു് അവനോടുകൂടി നാം സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. ഈശോമിശിഹാ തന്റെ പിതാവിന്റെ മഹത്വത്തിൽ മരിച്ചവരിൽനിന്നുയിർത്തെഴുന്നേററതുപോലെ നാമും പുതിയ ജീവനിൽ വ്യാപരിക്കാൻ വേണ്ടിയാണിതു്'' (റോമ. 6:3_4). നേരത്തെ, മിശിഹായുടെ വരവിനു മുൻപു് എല്ലാവരെയും ബാധിക്കുന്ന ഒരു ദിവ്യകല്പനയാൽ മരണം ആധിപത്യം നടത്തുകയും നമ്മുടെമേൽ വലിയ അധികാരം പ്രയോഗിക്കുകയും ചെയ്തു. എന്നാൽ നമ്മുടെ കർത്താവായ മിശിഹാ മരിച്ചുയിർത്തതുനിമിത്തം അവിടുന്ന് ആ കല്പന മാററുകയും മരണത്തിന്റെ ആധിപത്യം നീക്കുകയും ചെയ്തു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു് അതു് ഒരു ദീർഘനിദ്രയ്ക്കു തുല്യമാണ്. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'എന്നാൽ മിശിഹാ മരിച്ചവരിൽനിന്നുയിർക്കുകയും നിദ്ര പ്രാപിച്ചവരുടെ ആദ്യഫലമായിത്തീരുകയും ചെയ്തിരിക്കുന്നു' (1 കൊരി. 15: 20). ക്രിസ്തുവിന്റെ ഉത്ഥാനത്തിനുശേഷം മരിക്കുന്നവരെ 'ഉറങ്ങുന്നവർ' എന്നാണ് അവർ വിളിക്കുന്നതു്. കാരണം, അവർ ഉയിർക്കുകയും ഉത്ഥാനത്തിലൂടെ മരണത്തെ ഉരിഞ്ഞുകളയുകയും ചെയ്യും. തന്റെ ഉത്ഥാനത്താൽ നമ്മുടെ കർത്താവായ മിശിഹാ മരണത്തിന്റെ അധികാരം നീക്കിക്കളഞ്ഞതിനാൽ ശ്ളീഹാ പറഞ്ഞു: 'ഈശോമിശിഹായിൽ സ്നാനപ്പെട്ടവരായ നാം അവന്റെ മരണത്തിലാണ് സ്നാനപ്പെട്ടിരിക്കുന്നതു്.' അതിന്റെ അർത്ഥമിതാണ്. 'നമ്മുടെ കർത്താവായ മിശിഹാവഴി പണ്ടേതന്നെ മരണം നീക്കപ്പെട്ടിരിക്കുന്നു. നാം അവന്റെ പക്കലേക്കണയുന്നു. ഇപ്രകാരമുള്ള വിശ്വാസത്തോടുകൂടി നാം സ്നാനപ്പെടുന്നു എന്നു നാം അറിയുന്നു. കാരണം, അവൻ ഉത്ഥാനം ചെയ്ത രീതിയിൽ, നാമും മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ ഭാഗഭാക്കുകളാകും എന്ന പ്രത്യാശയിൽ തന്റെ മരണത്തിൽ ഭാഗഭാക്കുകളാകുവാൻ ആഗ്രഹിക്കുന്നു. ഇക്കാരണത്താലാണ് എന്റെ സ്നാനത്തിന്റെ അവസരം ഞാൻ എന്റെ തല മുക്കുമ്പോൾ നമ്മുടെ കർത്താവായ മിശിഹായുടെ മരണം ഞാൻ സ്വീകരി

www.malankaralibrary.com



ക്കുന്നതും അവിടത്തെ കബറടക്കം കാംക്ഷിക്കുന്നതും നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിൽ ഉറപ്പായി വിശ്വസിക്കുന്നതും. ഞാൻ വെള്ളത്തിൽനിന്നു കയറുമ്പോൾ പ്രതീകാത്മകമായി നേരത്തെ ഉത്ഥാനം ചെയ്തെന്നു് ഞാൻ കരുതുന്നു.

6. നാം ഇവയെല്ലാം പ്രതീകങ്ങളിലും അടയാളങ്ങളിലും ചെയ്യുന്നെങ്കിലും വെറും വ്യർത്ഥമായ അടയാളങ്ങളുപയോഗിക്കുകയല്ല. നാം വിശ്വസിക്കുന്നതും തീക്ഷ്ണമായി ആഗ്രഹിക്കുന്നതും യഥാർത്ഥമായിട്ടാണ് എന്നു കാണിക്കാനായി അവൻ പറഞ്ഞു: 'അവന്റെ മരണത്തിന്റെ കാര്യത്തിൽ അവനോടു നമുക്ക് ഐക്യമുണ്ടായെങ്കിൽ അവന്റെ ഉത്ഥാനത്തിലും ആ ഐക്യം നമുക്കുണ്ടാകും എന്നതു് തീർച്ചതന്നെ' (റോമ. 6: 5). അവൻ ഭാവികാലം ഉപയോഗിക്കുന്നതിൽനിന്നു ഭാവി യാഥാർത്ഥ്യത്തിൽ വർത്തമാനകാല സംഭവത്തെ അവൻ ഉറപ്പിക്കുകയാണ്. വരുവാനിരിക്കുന്ന സംഗതികളുടെ മാഹാത്മ്യത്താൽ മഹത്തായ പ്രതീക്ഷകളുടെ വിശ്വാസ്യത അവൻ പ്രസ്പഷ്ടമാക്കുന്നു. വരാനിരിക്കുന്ന പുതുജീവിതത്തിലേക്കു നിങ്ങൾ വീണ്ടും ജനിക്കാനായി ഈ പ്രതീകങ്ങളിലൂടെ യാഥാർത്ഥ്യങ്ങളിലുള്ള ഭാഗഭാഗിത്വത്തിലേക്ക് ആനീതരായശേഷം യഥാർത്ഥമായ ആ രണ്ടാം ജനനത്തിന്റെ പ്രതീകം നിങ്ങൾ പരികർമ്മം ചെയ്യുന്നു. ക്രിസ്തുവിനോടൊത്തു മരിക്കാനും ഉയിർക്കാനുമായിട്ടത്രേ മാമോദീസായുടെ കൃപാവരം നിങ്ങൾ സ്വീകരിക്കുന്നതും മാമോദീസായുടെ ദാനത്തിനണയുന്നതും. ഭാവി നന്മകളുടെ പ്രതീക്ഷയിലാണ് നിങ്ങളിതു ചെയ്യുന്നതു്.

പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും മഹത്വം ദൃശ്യജലത്തിലാണെന്നു നിങ്ങൾ പറഞ്ഞാൽ, ഇപ്രകാരം മുമ്പു സംഭവിച്ചിട്ടുള്ളതിനാൽ ഇതു് അപ്രധാനമായ സംഗതിയായിരിക്കും. എന്നാൽ അച്ചാരത്തിന്റെ പ്രതീകമായി കൂദാശാപരമായ രീതിയിൽ ഇപ്പോൾ നിങ്ങൾ സ്വീകരിക്കുന്ന ഈ രണ്ടാം ജനനം പരിശുദ്ധാത്മ പ്രവർത്തനത്താൽ നിർവഹിക്കപ്പെടുന്നതിനാൽ, പരികർമ്മം ചെയ്യപ്പെടുന്ന കൂദാശ മഹത്തരവും, പ്രതീകങ്ങളുടെ ശക്തി വിശ്വസനീയവും ഭീതിജനകവുമാണ്. സംശയലേശമെന്യേ ഭാവി നന്മകളിലുള്ള ഭാഗഭാഗിത്വം ഈ പ്രതീകങ്ങൾ നമുക്ക് നൽകും.

ഈ നന്മകളിൽ സന്തുഷ്ടരാകാമെന്നു നാം പ്രതീക്ഷിക്കുന്നു. കാരണം, അവയുടെ അച്ചാരമായി നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്നു. അതിൽ നിന്നാണ് ഇപ്പോൾ ഈ കൂദാശ പരികർമ്മം ചെയ്യാനുള്ള കൃപ നാം സമ്പാദിച്ചിരിക്കുന്നതു്.

www.malankaralibrary.com



ഇക്കാരണത്താലാണ് ഭാഗ്യവാനായ പൗലോസ് പറഞ്ഞതു്: 'അവനിൽ നാം വിശ്വസിച്ചു. തന്റെ മഹത്വത്തിന്റെ സ്തുതിക്കായി നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിൽ നാം മുദ്രകുത്തപ്പെട്ടിരിക്കുന്നു' (എഫെ. 1:13–14). പരിശുദ്ധാത്മാവിനാൽ നമുക്കു നല്കപ്പെട്ട കൃപയെ ഇവിടെ 'വാഗ്ദാനത്തിന്റെ ആത്മാവെന്നു'' അവൻ വിളിക്കുന്നു. ഭാവി നന്മകളുടെ വാഗ്ദാനത്തിൽ നാം ഇതു് പ്രാപിക്കുന്നു. ആ ഭാവിനന്മകളിൽ നമുക്കു ഭാഗഭാഗിത്വം ലഭിക്കുന്നതിനാലാണു് നമ്മുടെ അവകാശത്തിന്റെ അച്ചാരം എന്നു് അതു് വിളിക്കപ്പെടുന്നതു്.

7. മറെറാരു ഭാഗത്തു് അവൻ ഇപ്രകാരം പറയുന്നു: 'ദൈവം യേശുക്രിസ്തുവിൽ നിങ്ങളോടുകൂടി ഞങ്ങളെ സ്ഥിരീകരിക്കുകയും അഭിഷേചിക്കുകയും മുദ്രകുത്തുകയും അച്ചാരമായി തന്റെ ആത്മാവിനെ ഞങ്ങളുടെ ഹൃദയങ്ങളിലേക്കു പകരുകയും ചെയ്തിരിക്കുന്നു (2 കൊരി 1:21–22). വേറൊരിടത്തു് ഇപ്രകാരം പറയുന്നു. 'അവർ മാത്രമല്ല ആത്മാവിന്റെ ആദ്യഫലങ്ങൾ ഉള്ളവരായ നാം തന്നെയും നമ്മുടെയുള്ളിൽ നെടുവീർപ്പിടുകയും നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ദത്തുപുത്രസ്ഥാനം പ്രതീക്ഷിക്കുകയും ചെയ്യുന്നു'(റോമ.8:23). യാഥാർത്ഥ്യങ്ങളുടെ സന്തോഷത്തിൽ നാം ജീവിച്ചാൽ എല്ലാ കൃപയും നമുക്കു് ലഭിക്കുമെന്നു് 'ആത്മാവിന്റെ ആദ്യഫലങ്ങൾ ഉള്ളവരായ നാം' എന്ന വാക്കുകൾ അർത്ഥമാക്കുന്നു. 'നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ദത്തുപുത്രസ്ഥാനം പ്രതീക്ഷിക്കുന്നു' എന്ന വാക്കുകളിലൂടെ അവൻ ചൂണ്ടിക്കാണിക്കുന്നതു് ഇതാണു്: 'ഇവിടെ പുത്രസ്വീകാര്യത്തിന്റെ പ്രതീകം മാത്രം നാം സ്വീകരിക്കുന്നു. ഇതിനുശേഷം വീണ്ടും ജനിച്ചു് മരിച്ചവരിൽനിന്നുയിർത്തു് അമർത്യരും അഴിവില്ലാത്തവരുമായിത്തീർന്നു ശാരീരിക വേദനകളിൽ നിന്നു പരിപൂർണമോചനം പ്രാപിച്ചു് നാം യഥാർത്ഥത്തിലുള്ള ദത്തെടുക്കൽ സമ്പാദിക്കും.' അമർത്യതയും അഴിവില്ലായ്മയും എടുക്കുന്നതു നമ്മുടെ ശരീരങ്ങളുടെ 'രക്ഷ'യെന്നു വ്യക്തമായി അവൻ വിളിക്കുന്നു. കാരണം, ഇവവഴി ആണു നമ്മുടെ ശാരീരിക നാശങ്ങളുടെ പരിപൂർണവിടുതൽ നമുക്കുണ്ടാകുന്നതു്. വിശുദ്ധ മാമോദീസായുടെ ശക്തി ഇതിൽ അടങ്ങിയിരിക്കുന്നു. ഭാവി നന്മകളിലുള്ള പ്രതീക്ഷ ഇതു് നിങ്ങളിൽ സ്ഥാപിക്കുന്നു. നാം പ്രതീക്ഷിക്കുന്ന സംഗതികളിൽ പങ്കെടുക്കുവാൻ കഴിവുററതാക്കുന്നു. ഭാവിയിലെ നന്മകളുടെ അടയാളങ്ങളും പ്രതീകങ്ങളും വഴിപരിശുദ്ധാത്മാവിന്റെ ദാനത്താൽ, മാമോദീസാ സ്വീകരിക്കുമ്പോൾ നിങ്ങൾക്കു ലഭിക്കുന്ന ആദ്യഫലങ്ങളെ നിങ്ങൾക്കു നൽകുന്നു.

www.malankaralibrary.com



8. അതുകൊണ്ടു നിങ്ങൾ വിശുദ്ധ മാമോദീസായ്ക്കണയുന്നു. എല്ലാററിനും മുൻപ് നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങൾ നീക്കുന്നു. ആദം ആദിയിൽ നഗ്നനും ലജ്ജാരഹിതനും ആയിരുന്നു. എന്നാൽ കല്പന ലംഘിച്ച് മർത്യനായിത്തീർന്നപ്പോൾ ഒരു ബാഹ്യാവരണത്തിന്റെ ആവശ്യം അവനുണ്ടായി. അതുപോലെ വീണ്ടും ജനിക്കുവാനും പ്രതീകാത്മകമായി അമർത്യരായി തീരുവാനുംവേണ്ടി വിശുദ്ധ മാമോദീസായുടെ ദാനത്തിനണയുവാൻ ഒരുങ്ങി വരുന്ന നിങ്ങൾ ശരിയാംവണ്ണം നിങ്ങളുടെ വസ്ത്രം നീക്കുന്നു. ആ വസ്ത്രം മർത്യതയുടെയും ദൈവകല്പനാലംഘനത്തിന്റെ കുററപ്പെടുത്തലിന്റെയും അടയാളമാണ്. ഈ ദൈവകല്പനവഴിയത്രേ വസ്ത്രത്തിന്റെ ആവശ്യമെന്ന താഴ്ന്ന പടിയിലേക്കു നിങ്ങൾ വലിച്ചിഴയ്ക്കപ്പെട്ടതു്.

നിങ്ങളുടെ വസ്ത്രങ്ങളെല്ലാം നീക്കിയതിനുശേഷം അഭിഷേക തൈലത്താൽ നിങ്ങളുടെ ശരീരം മുഴുവൻ പൂശപ്പെടുന്നു: മാമോദീസാ വഴി ധരിക്കുവാൻ പോകുന്ന അമർത്യതയുടെ ആവരണം നിങ്ങൾക്കു ലഭിക്കും എന്നതിന്റെ അടയാളവും സൂചനയും ആണിതു്. അമർത്യതയുടെ ആവരണത്തിന്റെ അടയാളമായ അഭിഷേകം നിങ്ങൾ സ്വീകരിക്കുന്നു. ആ അമർത്യത മാമോദീസാവഴി ലഭിക്കുമെന്നു നിങ്ങൾ പ്രതീക്ഷിക്കുന്നു. ഒരടയാളമായി നിങ്ങളുടെ ശരീരം മുഴുവൻ പൂശപ്പെടുന്നു. നിങ്ങൾ വസ്ത്രം ധരിച്ചാലും അതു് എപ്പോഴും ശരീരത്തിന്റെ എല്ലാ ഭാഗങ്ങളെയും പൊതിയുന്നില്ല. കാരണം അതു് ബാഹ്യാവയവങ്ങളെ പൊതിഞ്ഞാലും ആന്തരികാവയവങ്ങളെ പൊതിയുന്നില്ല. അതുപോലെയല്ല ഇവിടെ. പിന്നെയോ ഉത്ഥാനത്തിന്റെ അവസരം നമ്മുടെ പ്രകൃതി മുഴുവൻ അമർത്യത ധരിക്കും. ബാഹ്യവും ആന്തരികവും ആയി നമ്മിൽ കാണപ്പെടുന്നതെല്ലാം സംശയലേശമെന്യേ അപ്പോൾ നമ്മോടുകൂടിയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ അഴിവില്ലായ്മയിലേക്കു മാററപ്പെടും.

നിങ്ങൾ ഈ അഭിഷേകംസ്വീകരിക്കുമ്പോൾ വൈദികൻ ഇപ്രകാരം പറയുന്നു: 'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അഭിഷേകം ചെയ്യപ്പെടുന്നു.' എന്നിട്ടു് ശുശ്രൂഷയ്ക്കായി നിയമിക്കപ്പെട്ട വ്യക്തികൾ നിങ്ങളുടെ ശരീരം മുഴുവൻ പൂശുന്നു.

9. നാം സൂചിപ്പിച്ച സമയത്തു് ഈ സംഗതികളെല്ലാം നടന്നു കഴിയുമ്പോൾ, വൈദികൻ കൂദാശചെയ്ത വെള്ളത്തിൽ

www.malankaralibrary.com



നിങ്ങരം ഇറങ്ങുന്നു. നിങ്ങരം വെറും സാധാരണ വെള്ളം കൊണ്ടല്ല പിന്നെയോ രണ്ടാം ജനനത്തിനുള്ള വെള്ളംകൊണ്ടാണ് മാമോദീസാ മുക്കപ്പെടുന്നതു്. പരിശുദ്ധാത്മാവിന്റെ ആവാസത്താലാണു് വെള്ളത്തിനു് ഇപ്രകാരം സംഭവിക്കുന്നതു്. കൂദാശക്രമം അനുസരിച്ചു വ്യക്തമായ വാക്കുകരം വൈദികൻ ഉപയോഗിക്കണം. പരിശുദ്ധാത്മാവിന്റെ ദാനം വെള്ളത്തിന്മേൽ ആവസിക്കണമെന്നും ഭീതിജനകമായ ആ ശിശുവിനെ ഗർഭം ധരിക്കുന്നതിനും കൂദാശാപരമായ ജനനത്തിനു് ഉദരമായി തീരുന്നതിനും ശക്തിനല്കണമെന്നും ദൈവത്തോടു പ്രാർത്ഥിക്കുന്നു.

ഒരു മനുഷ്യനു തന്റെ അമ്മയുടെ ഉദരത്തിൽ രണ്ടാമതും പ്രവേശിച്ചു വീണ്ടും ജനിക്കുവാൻ കഴിയുമോ? എന്നു് ചോദിച്ച നിക്കോദേമൂസിനോടു നമ്മുടെ കർത്താവു പറഞ്ഞു: 'ഒരു മനുഷ്യൻ വെള്ളത്താലും ആത്മാവാലും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല' (യോഹ. 3:4—5). ശാരീരിക ജനനത്തിൽ മാതാവിന്റെ ഉദരം മനുഷ്യബീജം സ്വീകരിക്കുകയും ദൈവകല്പനയാൽ ശിശു ഉരുവാകുകയും ചെയ്യുന്നതുപോലെ സ്നാനം സ്വീകരിക്കുന്ന ആളിനു് ജലം ഉദരമായിത്തീരുകയും ആത്മാവിന്റെ ദാനം രണ്ടാം ജനനത്തിലേയ്ക്കു സ്നാനം സ്വീകരിക്കുന്നവനെ രൂപീകരിക്കുകയും അവനെ പൂർണമായി ഒരു പുതിയ മനുഷ്യനാക്കി മാററുകയും ചെയ്യുന്നു. സ്ത്രീയുടെ ഉദരത്തിൽ പ്രവേശിക്കുന്ന ബീജത്തിനു് ജീവിതമോ ആത്മാവോ വികാരമോ ഇല്ല. എങ്കിലും ദൈവകരങ്ങളാൽ മനയപ്പെട്ടുകഴിയുമ്പോരം അതു് ആത്മാവും വികാരവും എല്ലാ മനുഷ്യിക പ്രവൃത്തികളും ചെയ്യുവാൻകഴിവുള്ള, മനുഷ്യസ്വഭാവം ഉള്ള, സജീവമനുഷ്യനായിത്തീരുന്നു.

അതുപോലെ ഇവിടെയും മാമോദീസാ സ്വീകരിക്കുന്നയാരം ബീജം ഉദരത്തിലേക്കെന്നവണ്ണം വെള്ളത്തിലേക്കു പതിക്കുന്നു. അമർത്യ സ്വഭാവത്തിന്റെ ലക്ഷണങ്ങളൊന്നും തന്നെ ആ ബീജത്തിനില്ലല്ലോ. എന്നാൽ മാമോദീസായിൽ ദിവ്യവും ആത്മീയവുമായ കൃപ പ്രാപിച്ചു കഴിയുമ്പോരം അവനിൽ ഒരു പരിപൂർണ വ്യതിയാനം ഉണ്ടാകും. മർത്യതയിൽ നിന്നു് അമർത്യതയിലേക്കും അഴിവിൽനിന്നു് അഴിവില്ലായ്മയിലേക്കും അവൻ മാററപ്പെടുന്നു. രൂപീകരിക്കുന്നവന്റെ ശക്തിമൂലം അവൻ ഒരു പുതിയ മനുഷ്യനായി പരിപൂർണമായി മാററപ്പെടുന്നു.

10. സ്ത്രീയിൽനിന്നു ജനിക്കുന്ന ശിശുവിൽ സംസാരം, കേരംവി, നടപ്പ്, കൈകരംകൊണ്ടു് ജോലി ചെയ്യൽ എന്നിവ

www.malankaralibrary.com



വയ്ക്കുള്ള കഴിവു ഗൂഢമായി സ്ഥിതിചെയ്യുന്നു. എന്നാൽ അവയൊക്കെ യഥാർത്ഥമായി ചെയ്യുവാൻ, ദൈവം നിശ്ചയിച്ചിരിക്കുന്ന സമയംവരെ അതിനു സാധിക്കയില്ല. മാമോദീസാ വഴി ജനിക്കുന്ന ആളുടെ കാര്യവും ഇതുപോലെയാണ്. വാസ്തവത്തിൽ അമർത്യവും വ്യതിയാനരഹിതവുമായ പ്രകൃതിയുടെ കഴിവുകൾ അവനിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ അവ ഉപയോഗിച്ച് വ്യതിയാനരഹിതവും സഹനാതീതവും അമർത്യവും അഴിവിനതീതവുമായ പരിപൂർണപ്രവൃത്തി ചെയ്യാൻ അവനു സാധിക്കയില്ല. മാമോദീസാവഴി ഈ പ്രവൃത്തികളെല്ലാം ചെയ്യാനുള്ള കഴിവ് ഗുപ്തമായ വിധം സമ്പാദിക്കാം. അവൻ ഒരു സ്വാഭാവിക മനുഷ്യനായിട്ടല്ല, ആത്മീയ മനുഷ്യനായിത്തീരുമ്പോൾ, പരിശുദ്ധാത്മപ്രവർത്തനം ശരീരത്തെ അഴിവിനതീതവും ആത്മാവിനെ മാററത്തിനതീതവും ആക്കുമ്പോൾ, തൻെറ ശക്തിയാൽ രണ്ടിനെയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുമ്പോൾ, ഇവ യഥാർത്ഥത്തിൽ ചെയ്യാനുള്ള ശക്തി അവനു ലഭിക്കും. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'നശ്വരതയിൽ വിതയ്ക്കപ്പെടുന്നു. അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു. ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു, അപമാനത്തിൽ വിതയ്ക്കപ്പെടുന്നു. മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. സ്വാഭാവിക ശരീരം വിതയ്ക്കപ്പെടുന്നു; ആത്മീയശരീരം പുനർജീവിക്കുന്നു' (1 കൊരി. 15:42–44). അഴിവിനതീതം, മഹത്വം, ശക്തി എന്നിവ പരിശുദ്ധാത്മപ്രവർത്തനത്താൽ മനുഷ്യനു ലഭിക്കുന്ന സംഗതികളാണ്. പരിശുദ്ധാത്മപ്രവർത്തനം ശരീരത്തെയും ആത്മാവിനെയും ബാധിക്കുന്നു. ആത്മാവ് അമർത്യവും ശരീരം അഴിവിനതീതവും ആകും. മരണത്തിൽ നിന്നുത്ഥാനം ചെയ്യുന്ന ശരീരം സ്വാഭാവികശരീരമല്ല, ആത്മീയ ശരീരമായിരിക്കും എന്ന് അവൻ ഇവിടെ കാണിക്കയത്രേ ചെയ്യുക.

പരിശുദ്ധാത്മ പ്രവർത്തനത്താൽ സ്നാനജലത്തിനു ലഭിക്കുന്ന സവിശേഷതകളൊന്നും വെറും വെള്ളത്തിനില്ല. അതുകൊണ്ടാണ പുരോഹിതൻ മുൻകൂട്ടി വൈദിക ശുശ്രൂഷ നടത്തുന്നതും എഴുതപ്പെട്ടിരിക്കുന്ന വ്യക്തമായ വാക്കുകളോടും ആശീർവാദങ്ങളോടും കൂടി പ്രാർത്ഥിക്കുന്നതും പരിശുദ്ധാത്മാവിൻെറ കൃപ വെള്ളത്തിന്മേൽ ആവസിക്കണമെന്നും അവൻ പ്രാർത്ഥിക്കുന്നു. അങ്ങനെ ഇതു് രണ്ടാംജനനത്തിനുള്ള സംപൂജ്യമായ ഉദരമായി തീരുന്നു. ഇതിൽ ഇറങ്ങുന്നവർ പരിശുദ്ധാ

www.malankaralibrary.com



ത്മാവിന്റെ കൃപയാൽ പുതുതായി രൂപീകരിക്കപ്പെടുന്നു. നവീനവും സുകൃതപൂർണവുമായ മനുഷ്യപ്രകൃതിയിലേയ്ക്കു വീണ്ടും ജനിക്കുന്നു.

വെള്ളം സജ്ജമാക്കപ്പെടുകയും പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അതിനു ശക്തി ലഭിക്കുകയും ചെയ്യുമ്പോൾ ഭീതിദായകമായ രക്ഷയും മുകളിൽ വിവരിച്ച രീതിയിലുള്ള നന്മകളും ലഭിക്കുമെന്നുള്ള പ്രത്യാശയിൽ നിങ്ങൾ അതിൽമുങ്ങുന്നു.

11. അതുകൊണ്ടു തീച്ചൂളയിലേക്ക് എന്നവണ്ണം വെള്ളത്തിലേയ്ക്ക് ഇറങ്ങുന്നെന്ന് ചിന്തിക്കുന്നതു് ശരിയാണ്. അവിടെ നിങ്ങൾ നവീകരിക്കപ്പെടുകയും പുതിയതായി രൂപീകരിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ നിങ്ങളുടെ പഴയ മർത്യതദൂരെക്കളയുന്നു. തൽസ്ഥാനത്ത് അഴിവിനതീതമായ പ്രകൃതി പൂർണമായി ധരിച്ചുകൊണ്ട് ഉന്നത പ്രകൃതിയിലേയ്ക്കു നീങ്ങുന്നു. ആദിയിൽ നിങ്ങൾ ജലത്തിൽനിന്നും ഭൂമിയിൽനിന്നും രൂപീകരിക്കപ്പെട്ടു. നിങ്ങൾ പാപത്തിലേയ്ക്കു വീണപ്പോൾ മരണവിധിയിലൂടെ പൂർണമായ അഴിവ് ധരിച്ചു. എന്നാൽ ജലത്തിൽവച്ച് ജനനം സംബന്ധിച്ച ഈ സംഗതികൾ നിങ്ങൾക്കു സംഭവിക്കുന്നു.

കുശവൻ പാത്രങ്ങളുണ്ടാക്കുമ്പോൾ ഏതെങ്കിലുമൊന്ന് ശരിയായില്ലെങ്കിൽ താനുദ്ദേശിക്കുന്ന രൂപത്തിൽ പുതുതായി ഉണ്ടാക്കുന്നതിനായി വീണ്ടും വെള്ളം ചേർത്തു കളിമണ്ണ് കുഴയ്ക്കുന്ന പതിവുണ്ടല്ലോ. ഇക്കാരണത്താലാണ് ദൈവം യിരേമ്യാ പ്രവാചകനെ കുശവന്റെ പക്കലയച്ചതു്. കുശവൻ പാത്രം മെനയുന്നതായി അദ്ദേഹം ദർശിച്ചു. അതു ശരിയാകാതെ വന്നപ്പോൾ അവൻ വെള്ളം ചേർത്തു വീണ്ടും കുഴച്ച് താനുദ്ദേശിച്ച രൂപം ഉണ്ടാക്കി. അപ്പോൾ ദൈവം പ്രവാചകനോടു പറഞ്ഞു: 'ഇസ്രായേൽ ഭവനമേ, ഈ കുശവനെപ്പോലെ നിങ്ങളോട് പ്രവർത്തിക്കാൻ എനിക്കു സാധിക്കയില്ലേ? എന്നു കർത്താവു ചോദിക്കുന്നു' (യിരെ. 18:1–6). 'എന്നെപ്പോലെ നീയും കളിമണ്ണുകൊണ്ടുണ്ടാക്കപ്പെട്ടവനാണ്'' (ഇയ്യോ. 33:6) എന്നും 'കളിമൺ ഭവനത്തിൽ പാർക്കുന്നവരോടു ക്ഷമിക്കുക, കാരണം, നാമും അതേ കളിമണ്ണിനാൽ ഉണ്ടാക്കപ്പെട്ടവരാണ്'' (4:19) എന്നും എഴുതപ്പെട്ടിരിക്കുന്നതുപോലെ നാമും പൂഴിയും കളിമണ്ണുംകൊണ്ടുണ്ടാക്കപ്പെട്ടവരാണ്. ആകയാൽ നാം വീഴുകയും പാപം നമ്മെ ചീത്തയാക്കുകയും ചെയ്തപ്പോൾ ദൈവികവിധി വാചകത്തിൽനിന്ന് പൂർണമായ അഴിവ് നമുക്കു കിട്ടി. എന്നാൽ പിന്നീട് നമ്മുടെ കർത്താവും നിർമാതാവുമായവൻ തന്റെ അവാച്യശക്തിയാൽനമ്മെ വീണ്ടും രൂപീകരിക്കുകയും പുനർനിർമ്മാണം നടത്തുകയും ചെയ്തു.

www.malankaralibrary.com



അവിടുന്ന് തന്റെ ഉത്ഥാനത്താൽ മരണത്തെ നീക്കിക്കളയുകയും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിന്റെയും ഇപ്പോഴത്തേതിനേക്കാറം ഉന്നതമായ ലോകത്തിന്റെയും പ്രത്യാശ നമുക്കു നൽകുകയും ചെയ്തു. അവിടെ നാം പാർക്കുക മാത്രമല്ല അമർത്യരും അഴിവില്ലാത്തവരും ആയിത്തീരുകയും ചെയ്യും.

12. വിവരണാതീതമാംവിധം അത്ഭുതകരമായ രീതിയിൽ ഈ സംഗതികരം സംഭവിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. സ്നാനത്തിലും ജലത്തിലും നാം പ്രതീകങ്ങളും അടയാളങ്ങളും പരികർമ്മം ചെയ്യുന്നു. ഉത്ഥാനത്തിന്റെ പ്രതീകം പരികർമ്മം ചെയ്യാൻ നാം ശരിയായി അഭ്യസിപ്പിക്കപ്പെട്ടിരിക്കുന്നു. നാം സ്വഭാവത്താലേ കളിമണ്ണാൽ ഉണ്ടാക്കപ്പെട്ടെന്നും നാം വീഴുകയും പാപം നമ്മെ ദുഷിപ്പിക്കുകയും ചെയ്തെന്നും അതുവഴി നാം ഗ്രഹിക്കുന്നു. ഇക്കാരണത്താൽ മരണവിധി ലഭിച്ചവരാണു നാം. എന്നാൽ ദൈവകൃപയാൽ നാം നവീകരിക്കപ്പെട്ട് വീണ്ടും രൂപീകരിക്കപ്പെട്ടിരിക്കുന്നു. അതു നമുക്ക് അമർത്യപ്രകൃതി പ്രദാനംചെയ്തു. അതു് ഒരുത്തന്റെയും ചിന്തയിലോ ഭാവനയിലോ ഉദിച്ചിട്ടില്ല. വെള്ളത്തിൽ ഈ സംഗതികളുടെ അടയാളങ്ങളും പ്രതീകങ്ങളും നാം പരികർമ്മം ചെയ്യുന്നു. അതിലെ പരിശുദ്ധാത്മ പ്രവർത്തനത്താൽ നാം നവീകരിക്കപ്പെട്ട് വീണ്ടും രൂപീകരിക്കപ്പെടുന്നു. മാമോദീസായ്ക്കണയുന്ന നാം കൂദാശയിൽനിന്നു പ്രതീകങ്ങളിൽ ഈ നന്മകരം പ്രാപിക്കുന്നു; എന്നാൽ വരുവാനിരിക്കുന്ന ലോകത്തിൽ യഥാർത്ഥമായി നാമെല്ലാവരും നമ്മുടെ പ്രകൃതിയുടെ നവീകരണം പ്രാപിക്കും.

13. വെള്ളം ചേർത്തു കുഴച്ചു നവരൂപം പ്രാപിച്ച കളിമൺ മാത്രം ചുട്ടെടുക്കുന്നതുവരെ കളിമണ്ണ് മാത്രമായിരിക്കുന്നു. എന്നാൽ തീയിലിട്ട് ചുട്ടുകഴിഞ്ഞാൽ സംശയമെന്യേ അതിന്റെ രൂപം നിലനിൽക്കുകയും അതു കളിമൺ പാത്രമായിത്തീരുകയും ചെയ്യുന്നു. അതുപോലെ മർത്യരായ നാം സ്നാനം വഴി ശരിയായി നവീകരണം പ്രാപിക്കുന്നു. ഈ സ്നാനത്താൽ പുതിയ രൂപവും പരിശുദ്ധാത്മദാനവും പ്രാപിക്കുന്നു. അഗ്നി ചെയ്യുന്നതിനേക്കാറം അതു് നമ്മെ ഉറപ്പുള്ളവരാക്കുന്നു.

നാമൊരു രണ്ടാംനവീകരണം പ്രതീക്ഷിക്കാത്തതിനാൽ രണ്ടാമതൊരു സ്നാനം ഇല്ല. നാം ഒരേ ഒരുത്ഥാനമേ പ്രതീക്ഷിക്കുന്നുള്ളു; അതുവഴി നാം അമർത്യരായിത്തീരും. പിന്നൊരിക്കലും മരണവിധേയരാകില്ല. അതുകൊണ്ട് രണ്ടാമതൊരു നവീകരണത്തിന്റെ ആവശ്യമില്ല. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ നമ്മുടെ കർത്താവായ മിശിഹായെ സംബന്ധിച്ചും ഇതാണ് വാസ്തവം: 'മരിച്ചവരിൽനിന്നുത്ഥാനം

www.malankaralibrary.com



ചെയ്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കയില്ല; മരണത്തിനു് അവന്റെ മേൽ അധികാരം ഇല്ല'(റോമ. 6:9).

14. വിശുദ്ധ മാമോദീസായിലെ ദാനത്തിൽ നിങ്ങൾക്ക സംഭവിക്കുന്നതും ഇപ്രകാരമാണു്.

ഈ നന്മകളുടെയെല്ലാം കാരണക്കാരനും നിങ്ങളെ അഗ്നിയാൽ നവീകരിക്കുന്നവനും ഉന്നതമായ പ്രകൃതിയിലേക്ക രൂപാന്തരപ്പെടുത്തുവനും മർത്ത്യതയിൽനിന്നു് അമർത്ത്യതയിലേക്കും അഴിവിൽനിന്നു് അഴിവില്ലായ്മയിലേക്കും മാററുന്നവനും ആരാണെന്നറിയുവാനുള്ള അവസരമാണിതു്.

നിങ്ങൾ മുട്ടകുത്തി നിൽക്കുമ്പോൾ വൈദികൻ മുകളിൽ പറഞ്ഞ വസ്ത്രം ധരിച്ചുകൊണ്ടു് നിങ്ങളുടെ നെററിയിൽ റൂശ്മാ ചെയ്യുന്നു; പിന്നീടു് വെള്ളം കൂദാശ ചെയ്യുന്നു. അതിനുശേഷം അർത്ഥിയെ സമീപിച്ച് അവന്റെ തലയിൽ കൈവച്ചുകൊണ്ടു് 'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കപ്പെടുന്നു' എന്നു പറയുന്നു. ഈ വസ്ത്രം ധരിച്ചുകൊണ്ടാണു് അവൻ മാമോദീസായുടെ ദാനം പരികർമ്മം ചെയ്യുന്നതു്. അടുത്ത ലോകത്തിലെ നവീകരണത്തെ ഇതു് സൂചിപ്പിക്കുന്നു. ഈ കൂദാശയിലൂടെ അതിലേക്കാണല്ലോ നിങ്ങൾ രൂപാന്തരപ്പെടുന്നതു്. ഈ കൃപയുടെ കാരണക്കാരൻ ആരാണെന്നു ചൂണ്ടിക്കാണിക്കാനായി, 'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുന്നു' എന്നു് അവൻ പറയുന്നു. 'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ റൂശ്മാചെയ്യപ്പെടുന്നു' എന്നു പറയുന്നതുപോലെ, 'ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുന്നു' എന്നു് അവൻ പറയുന്നു. 'നിങ്ങൾ പോയി എല്ലാ ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ' എന്നു നമ്മുടെ കർത്താവു് പറഞ്ഞ പ്രബോധനമനുസരിച്ചാണിതു് (മത്താ. 28:19). എല്ലാ നന്മകളുടെയും കാരണം, നിത്യപ്രകൃതിയും എല്ലാററിന്റെയും കാരണവുമായ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ആണെന്നു് ഈ വാക്കുകളാൽ അവൻ പ്രസ്പഷ്ടമാക്കുന്നു. ആദിയിൽ നാം അവവഴി സൃഷ്ടിക്കപ്പെട്ടു. ഇപ്പോൾ നവീകരിക്കപ്പെടുമെന്നു പ്രതീക്ഷിക്കയും ചെയ്യുന്നു. നമ്മുടെ ആദ്യസൃഷ്ടിയുടെ കാരണം ഒരാളും ആദ്യത്തേതിനേക്കാൾ ശ്രേഷ്ഠമായ രണ്ടാമത്തതിന്റെ കാരണം മറെറാരാളും ആകാൻ സാധ്യമല്ല.

www.malankaralibrary.com



ഇപ്പോഠം നമ്മെ അമർത്ത്യരാക്കുവാൻ തിരുമനസ്സായവൻ തന്നെയാണ് ആദിയിൽ ഇച്ഛിക്കയും നമ്മെ മർത്ത്യരായി സൃഷ്ടിക്കയും ചെയ്തത്. ഇപ്പോഠം നമ്മെ അഴിവില്ലാത്തവരാക്കുന്നവൻ തന്നെയാണ് ആദിയിൽ അഴിവുള്ളവരായി നമ്മെ നിർമ്മിച്ചത്. ഇതു് സുജ്ഞാതമായ സംഗതിയാണല്ലോ. അവിടുന്ന് ആദിയിൽ ഇച്ഛിക്കയും നമ്മെ മാററമുള്ളവരും സഹനാധീനരുമാക്കി. അന്ത്യത്തിൽ അവിടുന്നു നമ്മെ മാററമില്ലാത്തവരും സഹനാതീതരും ആക്കും. അവിടുന്നു കർത്താവാണ്. രണ്ടും ചെയ്വാൻ അവിടുത്തേക്കു കഴിവുണ്ട്. താഴ്ന്ന സംഗതികളിൽനിന്ന് ഉന്നതമായവയിലേക്ക് അവിടുന്ന് ശരിയായും നീതിപൂർവകമായും നമ്മെ നയിക്കുന്നു. നമ്മുടെ നിർമ്മാതാവ് ചെറുതിൽനിന്ന് വലുതിലേക്കുള്ള ഈ മാററം നമുക്കു നൽകുന്നു. നമ്മുടെ എല്ലാ നന്മകളുടെയും കാരണം അവിടുന്നാണ്. താൻ ഇച്ഛിക്കുകയും തീരുമാനിക്കയും ചെയ്തതുപോലെ ആദിയിൽ നമ്മെ ഉണ്ടാക്കിയവൻ അവിടുന്നു തന്നെയാണ്. അവിടുന്നു നമ്മെ അന്ത്യത്തിൽ പൂർണതയിലേക്കു കൊണ്ടുവന്നു. നമ്മുടെ ആദ്യാവസ്ഥയുടെ കാരണക്കാരൻ താൻ തന്നെയാണെന്ന് നമ്മെ പഠിപ്പിക്കാനാണ് അവിടുന്നിപ്രകാരം ചെയ്തത്; അവിടുന്നു നമ്മെ ഉണ്മയിലേക്കുകൊണ്ടുവന്നില്ലായിരുന്നെങ്കിൽ ആദിയിൽ നാം ഉണ്ടാകുമായിരുന്നില്ല. പൂർണതയിലേക്ക് മാററപ്പെടേണ്ട ആവശ്യമുള്ളവരാണു നാം. നാമിവ ചിന്തിക്കുകയും വ്യക്തമായി മനസ്സിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

15. വൈദികൻ നിങ്ങളുടെ ശിരസ്സിൽ കൈവച്ചുകൊണ്ട് പറയുന്നു: 'ഇന്നാർ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുന്നു'. 'ഞാൻ (ഇന്നാരെ) സ്നാനപ്പെടുത്തുന്നു' എന്നല്ല അവൻ പറയുന്നത് പിന്നെയോ, 'ഇന്നാർ സ്നാനപ്പെടുന്നു' എന്നാണ്. 'ഇന്നാർ മുദ്രകുത്തപ്പെടുന്നു' എന്നു നേരത്തെ പറഞ്ഞതുപോലെയാണിതു്. 'ഞാൻ മുദ്രകുത്തുന്നു' എന്നല്ല പറയുന്നത് ഒരു മനുഷ്യനെന്ന നിലയിൽ ഈ നന്മകഠം പ്രദാനം ചെയ്വാൻ മററു മനുഷ്യരെപ്പോലെ താനും കഴിവില്ലാത്തവനാണെന്ന് കാണിക്കാനാണിതു്. ദൈവകൃപയ്ക്കു മാത്രമെ ഇവ പ്രദാനം ചെയ്യാനാവൂ. ഇക്കാരണത്താലാണ് 'ഞാൻ സ്നാനപ്പെടുത്തുന്നു' 'ഞാൻ മുദ്രകുത്തുന്നു' എന്നു പറയാതെ 'ഇന്നാർ മുദ്രകുത്തപ്പെടുന്നു' 'സ്നാനപ്പെടുന്നു' എന്നു വൈദികൻ ശരിയായി പറയുന്നത്. ആരാലാണ് സ്നാനപ്പെടുന്നതെന്നും മുദ്രകുത്തപ്പെടുന്നതെന്നും ഇതു് വ്യക്തമാക്കുന്നു. അതായതു് 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ'. സ്നാനാത്ഥിക്കു സംഭവിക്കുന്ന സംഗതികളുടെ ഹേതുഭൂതൻ ദൈവമാണെന്നു വൈദികൻ കാട്ടുന്നു. എന്നാൽ

www.malankaralibrary.com



താനാകട്ടെ അവയുടെ വെറുമൊരു ശുശ്രൂഷകനും പരികർമ്മിയും നന്മകളുടെ ദാതാവിനെ വെളിപ്പെടുത്തുന്നവനും മാത്രമാണെന്ന് അവൻ കാണിക്കുന്നു.

'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്നു വൈദികൻ ഉച്ചരിക്കുമ്പോൾ, സംഭവിക്കുന്ന സംഗതികളുടെ ഹേതുഭൂതനെ വൈദികൻ വെളിപ്പെടുത്തുകയാണു ചെയ്യുക. 'നസ്രായനേശുവിൻെറ നാമത്തിൽ എഴുന്നേററു നടക്കുക' (നട. 3:6) എന്നു പറഞ്ഞവൻ, ക്രിസ്തുവാണതിനു കാരണക്കാരനെന്നും, എഴുന്നേററു നടക്കാനുള്ള ശക്തി അവനാണു നൽകുന്നതെന്നും വ്യക്തമാക്കിയതുപോലെ 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്നു പറയുന്നതിൻെറ അർത്ഥം ഇതാണ്: 'സ്നാനത്തിൽ ചൊരിയപ്പെടുന്ന നന്മകളുടെ ഹേതുഭൂതൻ ദൈവമാണ്; നമ്മുടെ നവീകരണം അവിടുന്നാണു സാധിക്കുന്നത്; അവിടുന്നു വഴി നമുക്കു രണ്ടാം ജനനം ഉറപ്പുവരുത്തുന്നു; അമർത്ത്യവും അഴിവില്ലാത്തതും സഹനാതീതവും വ്യതിയാന രഹിതവുമായ മനുഷ്യരായി നാം രൂപീകരിക്കപ്പെടുന്നു; പഴയ ദാസ്യം ദൂരെയെറിയുന്നു; ബുദ്ധിമുട്ടുകളുടെ പരിപൂർണ നിർമാർജനം സാധിക്കുന്നു; നിത്യവും അവാച്യവുമായ നന്മകളിലുള്ള സന്തോഷവും നാം പ്രാപിക്കുന്നു.'

16. 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്നു പറയുന്നത്, 'പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും വിളിച്ചപേക്ഷിക്കുന്നതിൽ' എന്നതുപോലെയാണ്. ഏശായാ പ്രവാചകൻ പറയുന്നു: 'നിന്നെയല്ലാതെ മറെറാരു കർത്താവിനെ ഞങ്ങൾ അറിയുന്നില്ല; നിൻെറ നാമത്താൽ ഞങ്ങൾ വിളിക്കപ്പെടുന്നു' (ഏശാ. 27:13). അതിൻെറ അർത്ഥം ഇതാണ്: 'അവൻ പറഞ്ഞു: എല്ലാററിൻെറയും കാരണമേ, നീയല്ലാതെ മറെറാരു കർത്താവിനെ ഞങ്ങൾ അറിയുന്നില്ല; കാരണം, നിന്നാൽ എല്ലാവിധ തിന്മയും മാററപ്പെടുന്നു. എല്ലാ നല്ല സംഗതികളിലുമുള്ള സന്തുഷ്ടി നിന്നിൽനിന്നു ലഭിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും നിന്നെ വിളിച്ചപേക്ഷിക്കാൻ ഞങ്ങളോടു നീ കൽപ്പിച്ചിരിക്കുന്നു. നീയാണെല്ലാററിൻെറയും കാരണം; എല്ലാം പ്രദാനം ചെയ്യുന്നവനും ഇച്ഛിക്കുന്നതുപോലെ എല്ലാം പ്രവർത്തിക്കുവാൻ കഴിവുററവനും നീ മാത്രമാണ്'.

ഇവിടെയും 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്നു വൈദികൻ പറയു

www.malankaralibrary.com



ന്നതിൻെറ അത്ഥം 'പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും' വിളിച്ചപേക്ഷിച്ചാണു നാം സ്നാനപ്പെട്ടതു്; നാംപ്രതീക്ഷിക്കുന്ന നന്മകളുടെ ദാനങ്ങൾക്കായി ഈ സ്വഭാവത്തെയാണു നാം വിളിച്ചു പ്രാത്ഥിക്കുന്നതു്; എന്തെന്നാൽ ഇതു് എല്ലാററിൻെറയും കാരണമാണു്; തൻെറ ഹിതാനുസരണം എല്ലാം ചെയ്യാൻ അവിടുത്തേക്കു മാത്രമേ സാധിക്കൂ എന്നത്രേ.

'പിതാവിൻെറ നാമത്തിലും പുത്രൻെറ നാമത്തിലും പരിശുദ്ധാത്മാവിൻെറ നാമത്തിലും' എന്നു വൈദികൻ പറയുന്നില്ല. കാരണം, മററിരുവർക്കും ചേരാത്ത രീതിയിൽ ഓരോരുത്തർക്കും പ്രത്യേക നാമമുണ്ടു് യഥാത്ഥത്തിൽ അങ്ങനെ പറയാമെങ്കിൽ, പിതാവിൻെറ നാമം ഒരു സംഗതിയാണു്, പുത്രൻെറ നാമം മറെറാരു സംഗതിയാണു്. പരിശുദ്ധാത്മാവിൻെറ നാമം വേറൊരു സംഗതിയാണു്. ഓരോരുത്തരും വിളിക്കപ്പെടുന്ന പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നപേരു് വൈദികൻ ഉച്ചരിക്കാതെ 'നാമം' എന്ന പദംകൊണ്ടു നിത്യസ്വഭാവത്തെ കുറിക്കുന്നു. അതായതു നമ്മുടെ നന്മകളുടെ കാരണമായ നാമത്തെ, അതായതു പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നിത്യസ്വഭാവത്തെ, കുറിക്കുന്നു; പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും വിളിക്കുന്നതു് 'ഏകമാകയാൽ' 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്നു് അവൻ പറയുന്നു.

പിതാവിനെ ഒരു കാരണമായും പുത്രനെ മറെറാരു കാരണമായും പരിശുദ്ധാത്മാവിനെ വേറൊരു കാരണമായും നാം വിളിക്കുന്നില്ല. പിന്നെയോ, ഈ മൂന്നും ഒരു കാരണമാണു്. സ്നാനത്തിൽ നാം പ്രതീക്ഷിക്കുന്ന നന്മകളിലുള്ള സന്തുഷ്ടി ഈ കാരണത്തിൽനിന്നു നാം പ്രതീക്ഷിക്കുന്നു. അക്കാരണത്താൽ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നു നാം വിളിക്കുന്ന ഏകവിളി ഏററം ശരിയാണു്.

17. ഈ പേരുകൾ കൊണ്ടു നിങ്ങൾ ഒരു പ്രാത്ഥന നടത്തുന്നു എന്നു കരുതുക. 'പിതാവിൻെറ നാമത്തിൽ' എന്നു വൈദികൻ പറയുമ്പോൾ നിങ്ങൾ ഇപ്രകാരം പറയുന്നുവെന്നു കരുതുക: 'പിതാവേ, മാമോദീസാ മുക്കപ്പെടുന്ന ഈ ആളിനു നിത്യവും അവാച്യവും ആയ നന്മകൾ പ്രദാനംചെയ്യണമേ.' അതുപോലെ 'പുത്രൻെറയും' എന്നു പറയുമ്പോൾ ഇപ്രകാരം പറയുന്നുവെന്നു കരുതുക. 'പുത്രാ, മാമോദീസാ നല്കുന്ന നന്മകളുടെ ദാനം പ്രദാനം ചെയ്താലും.' അതുപോലെ 'പരിശുദ്ധാത്മാവിലും' എന്നു പറയുമ്പോൾ ഇപ്രകാരം പറയുന്നുവെന്നു

www.malankaralibrary.com



കരുതുക. 'പരിശുദ്ധാത്മാവേ, മാമോദീസാ സ്വീകരിക്കുവാൻ അടുത്തുവന്നിരിക്കുന്ന ഈ വ്യക്തിക്കു മാമോദീസായിൽ നന്മകൾ പ്രദാനം ചെയ്യണമെ.' അതുപോലെ 'നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേററു നടക്കുക' (നട. 3:6) എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്: കർത്താവീശോ മിശിഹായേ, എഴുന്നേററു നടക്കുവാൻ ഈ വ്യക്തിക്കു കഴിവു നല്കണമെ'. അതുപോലെ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്നു പറയുമ്പോൾ ഇതാണർത്ഥമാക്കുന്നത്: 'പിതൃപുത്രപരിശുദ്ധാത്മാവേ, മാമോദീസാ മുക്കപ്പെടുന്ന ഈ വ്യക്തിക്കു രണ്ടാം ജനനം പ്രദാനം ചെയ്യണമെ.' നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ' എന്നതു് 'ഏനെയാസ്, യേശുക്രിസ്തു നിന്നെ സുഖപ്പെടുത്തുന്നു' (നട.9:34) എന്നതു പോലെയാണ്. സൗഖ്യം പ്രാപിച്ച ഏനെയാസിനും സന്നിഹിതരായിരുന്നവർക്കും സൗഖ്യമാക്കിയവൻ ആരാണെന്നു് അവൻ വെളിപ്പെടുത്തിയതു പോലെ 'നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ' എന്ന വാചകത്തിൽ സുഖമാക്കിയവൻ ആരാണെന്നു് അവൻ വെളിപ്പെടുത്തി.

അതുപോലെ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്ന വാചകത്തിലൂടെ, രണ്ടാം ജനനം, നവീകരണം, അമർത്യത, അഴിവില്ലായ്മ, സഹനാതീത പ്രകൃതി, മരണത്തിൽനിന്നും ദാസ്യത്തിൽനിന്നും എല്ലാവിധ തിന്മകളിൽനിന്നുമുള്ള വിടുതൽ, സ്വാതന്ത്ര്യത്തിന്റെ സന്തോഷം, നാം പ്രതീക്ഷിക്കുന്ന അവാച്യമായ നന്മകളിലുള്ള ഭാഗഭാഗിത്വം എന്നിവ നൽകുന്നയാൾ ആരാണെന്നു വ്യക്തമാക്കപ്പെടുന്നു. ഈ സംഗതികൾക്കാണു നാം സ്നാനപ്പെടുന്നതു്. ഇവയാണു നാം പ്രതീക്ഷിക്കുന്നതു്. മാമോദീസായുടെ നന്മകൾ ആരിൽനിന്നാണു വരുന്നതു് എന്നറിയുവാനാണു പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നാം വിളിക്കുന്നതു്.

18. വൈദികൻ തന്റെ കൈ നിങ്ങളുടെ തലയിൽ വയ്ക്കുന്നു. 'പിതാവിന്റെയും' എന്നു പറഞ്ഞുകൊണ്ടു് നിങ്ങളെ വെള്ളത്തിൽ മുക്കുന്നു. നിങ്ങളാകട്ടെ വൈദികന്റെ പ്രവൃത്തിയെ അനുസരിക്കുന്നു. അവന്റെ വാക്കുകളും അവന്റെ കൈകൾ കൊണ്ടുള്ള അടയാളവും കൊണ്ടു് ജലത്തിൽ മുങ്ങുന്നു. വൈദികന്റെ വാക്കുകൾ അനുസരിച്ചു്, മാമോദീസായുടെ അനുഗ്രഹങ്ങൾ നിങ്ങൾ പ്രാപിക്കുന്നതു് പിതാവിൽ നിന്നാണു് എന്ന വിശ്വാസവും സമ്മതത്തിന്റെ സൂചനയും നിങ്ങളുടെ തല

www.malankaralibrary.com



കുനിക്കൽ വ്യക്തമാകുന്നു. ആ അവസരം നിങ്ങൾക്കു സംസാരിക്കുവാൻ അനുവാദം ഉണ്ടായിരുന്നുവെങ്കിൽ 'ആമ്മീൻ' എന്നു നിങ്ങൾ പറയുമായിരുന്നു. വൈദികൻ പറഞ്ഞ സംഗതികൾ നാം അംഗീകരിക്കുന്നു എന്നാണല്ലോ ആ വാക്കിനർത്ഥം. ഭാഗ്യവാനായ പൗലോസ് ചോദിക്കുന്നു: 'നീ നന്ദി പറയുമ്പോൾ സന്നിഹിതരായ അറിവില്ലാത്തവർ നിന്റെ കൃതജ്ഞതാസ്തോത്രത്തിനു എങ്ങനെ ആമ്മീൻ പറയും'(1 കൊരി. 14:19). വൈദികൻ നന്ദി പറയുന്ന സംഗതികൾക്കു ജനം 'ആമ്മീൻ' പറയുന്നതിന്റെ അർത്ഥം 'പറയപ്പെട്ട സംഗതികൾ അവർ അംഗീകരിക്കുന്നു' എന്നത്രേ. എന്നാൽ മാമോദീസായുടെ അവസരം നിങ്ങൾക്കു സംസാരിക്കുവാൻ അനുവാദമില്ല. നിങ്ങൾ സ്നാനപ്പെടുമ്പോൾ ഭയത്തോടുകൂടിയും, നിശബ്ദമായും കൂദാശയിലൂടെയുള്ള നവീകരണം പ്രാപിക്കൽ വ്യക്തമാകുന്നു. തലകുനിച്ചു നില്ക്കുന്നതുവഴി വൈദികൻ പറയുന്ന സംഗതികൾ നിങ്ങൾ അംഗീകരിക്കുന്നു എന്നു സൂചിപ്പിക്കുന്നു.

19. 'പുത്രന്റെയും' എന്നു വൈദികൻ പറയുമ്പോൾ നിങ്ങൾ തലകുനിച്ചു മുങ്ങുന്നു. വൈദികനാകട്ടെ നിങ്ങളെ മുക്കുന്നു. പുത്രനിൽനിന്നു മാമോദീസായുടെ ദാനങ്ങൾ ലഭിക്കും എന്നു നിങ്ങൾ പ്രതീക്ഷിക്കുന്നു എന്നതിന്റെ അടയാളമായും വൈദികന്റെ വാക്കുകൾ നിങ്ങൾ അംഗീകരിക്കുന്നു എന്നു കാണിക്കുന്നതിനായും നിങ്ങൾ തല കുനിക്കുന്നു. 'പരിശുദ്ധാത്മാവിന്റെയും' എന്നു പറഞ്ഞുകൊണ്ടു നിങ്ങളെ വെള്ളത്തിലേക്കു മുക്കുമ്പോൾ നിങ്ങൾ താഴേയ്ക്കു നോക്കി ജലത്തിൽ മുങ്ങുന്നു. പരിശുദ്ധാത്മാവിൽനിന്നു മാമോദീസായുടെ ദാനങ്ങൾ നിങ്ങൾ പ്രതീക്ഷിക്കുന്നു എന്നതിന്റെ അടയാളമായിട്ടാണിതു്. ഇതിനുശേഷം നിങ്ങൾ ജലത്തിൽനിന്നു കയറുന്നു.

'പിതാവിന്റെയും' എന്നു പറയുമ്പോൾ നിങ്ങൾ തല കുനിച്ചു മുങ്ങുന്നു. എന്നാൽ വെള്ളത്തിൽനിന്നു പുറത്തുപോകുന്നില്ല. 'പുത്രന്റെയും' എന്നു പറയുമ്പോൾ നിങ്ങൾ തല കുനിച്ചു മുങ്ങുന്നു. അപ്പോഴും വെള്ളത്തിൽനിന്നു പുറത്തു പോകുന്നില്ല. 'പരിശുദ്ധാത്മാവിന്റെയും' എന്നു പറഞ്ഞു കഴിയുമ്പോൾ, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും വിളിച്ചു കഴിയുമ്പോൾ, അതായതു നിങ്ങൾ തലകുനിച്ചു മുങ്ങിക്കഴിയുമ്പോൾ, മാമോദീസായുടെ വെള്ളത്തിൽനിന്നു പുറത്തുവരുന്നു. നിങ്ങളെ സംബന്ധിച്ചു് അതവിടെ അവസാനിക്കുന്നു. കാരണം, വേറൊരു നാമവും അവശേഷിച്ചിട്ടില്ല എന്നു നിങ്ങൾ ഓർമ്മിക്കുമല്ലോ.

www.malankaralibrary.com



20. നിങ്ങരം ഒരുപോലെയുള്ള മൂന്നു മുങ്ങൽ നടത്തുന്നു. ഒന്നു് പിതാവിൻെറനാമത്തിലും മറെറാന്നു് പുത്രൻെറ നാമത്തിലും മറെറാന്നു് പരിശുദ്ധാത്മാവിൻെറ നാമത്തിലും, ഈ പേരുകളിൽ ഓരോന്നും ഒരുപോലെ പൂർണവും മാമോദീസായുടെ നന്മകരം പ്രദാനം ചെയ്യാൻ കഴിവുററവയുമാണെന്നു നിങ്ങരം അറിയുന്നതിനുവേണ്ടിയാണു് നിങ്ങരം ഒരുപോലെയുള്ള മൂന്നു മുങ്ങലുകരം നടത്തുക. വൈദികൻെറ വാക്കുകളനുസരിച്ചു് നിങ്ങരം മൂന്നു പ്രാവശ്യം മുങ്ങുന്നു. എന്നാൽ മാമോദീസാ ഒന്നു മാത്രമേയുള്ളുവെന്നും, ഏകസ്വഭാവമായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുംകൂടി പ്രദാനം ചെയ്യുന്ന മാമോദീസായിലെ കൃപ ഏകമാണെന്നും നിങ്ങരം ഗ്രഹിക്കാൻ നിങ്ങരം ഒരിക്കൽ മാത്രം ജലത്തിൽനിന്നു പുറത്തുപോകുന്നു. ഓരോരുത്തരുടേയും നാമത്തിൽ നിങ്ങരം മാമോദീസാ മുക്കപ്പെട്ടു. ആസ്നാനം കാണിക്കുന്നതുപോലെ ഓരോരുത്തരും കൃപ പ്രദാനം ചെയ്യാൻ കഴിവുററവരാണു്. എങ്കിലും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമം വിളിച്ചപേക്ഷിച്ചു കഴിയുമ്പോരം നാമം പൂർണമായ സ്നാനം സ്വീകരിക്കുന്നു എന്നു് നാം വിശ്വസിക്കുന്നതു് ഇക്കാരണത്താലാണു്. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേ സത്തയും ഒരേ ദൈവത്വവുമാകയാൽ അവർക്കു് ഒരേ ഇച്ഛയും സൃഷ്ടികരംക്കു വേണ്ടി സാധാരണയായി എല്ലാം പ്രവർത്തിക്കുന്ന ഒരേ പ്രവൃത്തിയും ആണുള്ളതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും വിളിച്ചുകൊണ്ടാണു് രണ്ടാം ജനനവും രണ്ടാം സൃഷ്ടിയും, ചുരുക്കത്തിൽ മാമോദീസായുടെ നന്മകളെല്ലാം, നാം പ്രതീക്ഷിക്കുന്നതു്. നമ്മുടെ എല്ലാ നന്മകളുടെയും കാരണം ഈ വിളിയാണെന്നു നാം കരുതുന്നു.

21. ഇക്കാരണത്താലാണു് ഭാഗ്യവാനായ പൗലോസ് പറഞ്ഞതു്:' ഒരു കർത്താവു്, ഒരു വിശ്വാസം, ഒരു മാമോദീസാ, ഒരു ശരീരം, ഒരാത്മാവു്, ഒരു ദൈവം, എല്ലാവരുടേയും എല്ലാവരിലൂടെയും നിങ്ങളെല്ലാവരിലും ഏക പിതാവു്'' (എഫേ. 4:5). ഒരാരം കർത്താവാണു്, എന്നാൽ ദൈവവും ആത്മാവുമല്ല എന്നും മറെറാരാരം ദൈവമാണു് എന്നാൽ കർത്താവും ആത്മാവുമല്ല എന്നും മൂന്നാമൻ ആത്മാവാണു് എന്നാൽ കർത്താവും ദൈവവുമല്ല എന്നും അവൻ അർത്ഥമാക്കുന്നില്ല. കാരണം, കർത്താവായിരിക്കുന്ന ആരം അവശ്യാവശ്യം ദൈവവും ആത്മാവും ആയിരിക്കണം. അതുപോലെ ദൈവമായിരിക്കുന്ന ആരം കർത്താവും ആത്മാവും ആയിരിക്കണം. സത്യമായും ആത്മാവായിരിക്കുന്ന ആരം—അതായതു് പരിശുദ്ധാ

www.malankaralibrary.com


ത്മാവ്—ദൈവവും കർത്താവുമായിരിക്കണം. മാമോദീസാ യിലൂടെ നമുക്കു ദത്തു പുത്രത്വം നൽകുന്ന പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും അശാരീരികവും നിയന്ത്രണാതീതവു മായ ഒരു കർതൃത്വവും ഒരു ദൈവത്വവും ഒരു സത്തയുമാകുന്ന എന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു. അതിൽ നാം വിശ്വസി ക്കുന്നു. അതിൽ നാം സ്നാനമേൽക്കുന്നു. മാമോദീസായിൽ പരിശുദ്ധാത്മ പ്രവർത്തനംവഴി അതിനാൽ നാം ഏകശരീര മായിത്തീരുന്നു. മാമോദീസാ നമ്മെ ദൈവമക്കളാക്കുകയും, നമ്മുടെ കർത്താവായ മിശിഹായുടെ ഏക ശരീരമാക്കുകയും ചെയ്യുന്നു. അവിടുന്നു നമ്മുടെ പ്രകൃതിയിൽനിന്നുള്ളവനാക യാൽ നമ്മുടെ ശിരസ്സും മരിച്ചവരിൽനിന്ന് ആദ്യമായി ഉത്ഥാ നം ചെയ്തവനും ആകുന്നു. അവനിലൂടെയാണ് നാം നന്മകളി ലുള്ള ഭാഗഭാഗിത്വം പ്രാപിച്ചതു്. പിതാവ്, പുത്രൻ, പരി ശുദ്ധാത്മാവ് എന്ന് പേരു വിളിക്കുന്നതുവഴി എല്ലാ നന്മ കളുടെയും കാരണത്തെ പേരു വിളിക്കയാണ് ചെയ്യുക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും വ്യത്യസ്ത പ്രകൃ തിയായി അവൻ അറിഞ്ഞിരുന്നെങ്കിൽ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഉള്ള വിശ്വാസം ഏകമാണെ ന്ന് പറകയില്ലായിരുന്നു. അവർക്കു് വ്യത്യസ്തമായ ഇച്ഛയും ശ ക്തിയുംപ്രവൃത്തിയും ആയിരുന്നെങ്കിൽ, പിതാവിൻെറയുംപുത്ര ൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലുള്ള മാമോദീ സാ ഏകമാണെന്നും അവൻ പറകയില്ലായിരുന്നു. വാസ്തവ ത്തിൽ, നാം വിശ്വസിക്കുന്ന ദൈവത്വം ഏകമാണ്. മാമോ ദീസായും ഏകം. കാരണം, ഇതിൽ പേരുവിളിക്കപ്പെടുന്ന ആളുകറംക്ക് ഏക ഇച്ഛയും ഏക അധികാരവും, നമുക്ക് രണ്ടാം ജനനം നൽകുന്ന ഏകപ്രവൃത്തിയുമാണുള്ളതു്. നാമാകട്ടെ ക്രിസ്തു വിൻെറ ഏക ശരീരമാകുന്നു, കാരണം, ജഢത്തിലുള്ള നമ്മു ടെ കർത്താവായ മിശിഹായെ നമ്മുടെ ശിരസ്സായി നാം കണ ക്കാക്കുന്നു. എന്തെന്നാൽ അവൻ നമ്മിൽനിന്നെടുക്കപ്പെട്ടവനും മരിച്ചവരിൽനിന്ന് ആദ്യമായി ഉയിർത്തവനുമാണ്. ഉത്ഥാ നത്തിലുള്ള നമ്മുടെ ഭാഗഭാഗിത്വം അവൻ നമുക്കുറപ്പാക്കി. ആ ഉത്ഥാനംവഴി നമ്മുടെ ശരീരം തൻെറ ശരീരംപോലെയാകും എന്നു നാമും പ്രതീക്ഷിക്കുന്നു. വാസ്തവത്തിൽ 'നമ്മുടെ സേ വനം സ്വർഗത്തിലാണ്. അവിടെനിന്നു നമ്മുടെ രക്ഷക നായ കർത്താവീശോമിശിഹായെ നാം നോക്കിപ്പാർക്കുന്നു. അവൻ നമ്മുടെ ബലഹീന ശരീരങ്ങളെ തൻെറ മഹത്വമുള്ള ശരീരംപോലെ രൂപീകരിക്കപ്പെടാൻ രൂപാന്തരപ്പെടുത്തും' (ഫിലി. 3:20–21).

22. യഥാർത്ഥത്തിൽ ഇതു് സ്വർഗത്തിൽ സംഭവിക്കും. എന്നാൽ ഇതിൻെറ അടയാളങ്ങളും പ്രതീകങ്ങളും മാമോദീസാ

www.malankaralibrary.com



യിൽ നാം പരികർമ്മം ചെയ്യുന്നു. നമ്മുടെ കർത്താവായ മിശിഹായുടെ ശരീരം എന്നും നാം വിളിക്കപ്പെടുന്നു. കാരണം നമ്മുടെ കർത്താവായ മിശിഹാ നമ്മുടെ ശിരസ്സാണല്ലോ. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'മിശിഹാ ശിരസ്സാകുന്നു. അവനിൽ ശരീരം മുഴുവൻ പോഷിപ്പിക്കപ്പെടുകയും കൂട്ടിച്ചേർക്കപ്പെടുകയും ദൈവികമായ വളർച്ചയിൽ വളരുകയും ചെയ്യുന്നു' (കൊളോ. 2:19). നമ്മുടെ കർത്താവായ ഈശോമിശിഹാതന്നെ മരിച്ചവരിൽനിന്നുള്ള തൻെറ ഉത്ഥാനത്തിനു മുൻപ് യോർദ്ദാനിൽവച്ച് യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചതായി നാം കാണുന്നു.

തൻെറ കൃപയാൽ നാം സ്വീകരിക്കാനിരിക്കുന്ന ഈ മാമോദീസായുടെ മാതൃക മുൻകൂട്ടി കാണിക്കുന്നതിനാണ് അവിടുന്നിപ്രകാരം ചെയ്തത്. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ 'എല്ലാററിലും ഒന്നാമനാകുവാൻ അവൻ മരിച്ചവരിൽനിന്നുള്ള ആദ്യജാതനായിത്തീർന്നു' (കൊളോ.1:18). അതുകൊണ്ട്, ഉത്ഥാനത്തിൻെറ യാഥാർത്ഥ്യത്തിൽ മാത്രമല്ല, അതിൻെറ പ്രതീകത്തിലും ഒന്നാമനാകുവാൻ അവിടുന്നാഗ്രഹിച്ചു. ഇക്കാരണത്താലാണ് യോഹന്നാനാൽ സ്നാനപ്പെടാൻ അവിടുന്നു തിരുമനസ്സായത്. നിങ്ങൾ സ്വീകരിക്കാൻ പോകുന്ന ഈ മാമോദീസായുടെ കൃപയുടെ സാദൃശ്യം തന്നിൽതന്നെ അവൻ മുൻകൂട്ടി വരച്ചു. ഇതിലും, നിങ്ങളേക്കാൾ അവൻ മുമ്പനായിത്തീർന്നു. ഭാഗ്യവാനായ സ്നാപകയോഹന്നാൻ അവനോട് പറഞ്ഞു: 'ഞാൻ നിന്നിൽനിന്നു സ്നാനം പ്രാപിക്കേണ്ടവനായിരിക്കെ നീ എൻെറ പക്കൽ വരുന്നുവോ?' താനും അവനും തമ്മിൽ വലിയ അന്തരം ഉണ്ടെന്ന് ഇതുവഴി അവൻ കാണിക്കയാണു ചെയ്തത്. എന്നാൽ അവിടുന്നു പറഞ്ഞു: 'ഇപ്പോൾ നീയിതനുവദിക്കുക; ഇപ്രകാരം എല്ലാ നീതിയും പൂർത്തിയാക്കുന്നത് നമുക്കു യുക്തമാകുന്നു' (മത്താ.3:14–15). മാമോദീസായിലെ കൃപയാൽ നീതി പൂർത്തിയാക്കപ്പെടുന്നു എന്നും നിയമത്തിനധീനരായവർക്കു നിങ്ങൾ വഴിയാണ് ഇതിനു പ്രവേശനം ലഭിക്കേണ്ടതെന്നും ഇതിൽ അവൻ കാട്ടുന്നു. കാരണം അതുവഴിയാണ് നീതിയ്ക്കു പ്രവേശനം ലഭിച്ചത് എന്ന സംഗതിയിൽനിന്ന് നിയമം തന്നെ സ്തുത്യർഹമായി കരുതപ്പെടാനാണിത്.

23. നമ്മുടെ കർത്താവ് യോഹന്നാനിൽനിന്നു സ്നാനമേററു. എന്നാൽ പാപമോചനത്തിനുള്ള അനുതാപത്തിൻെറ മാമോദീസായല്ല അവിടുന്നു സ്വീകരിച്ചത്. നമ്മുടെ കർത്താവ് പരിപൂർണമായി പാപവിമുക്തനായിരുന്നു. തനിക്ക് സ്നാനത്തിൻെറ ആവശ്യമില്ലായിരുന്നു.

www.malankaralibrary.com



അവിടുന്ന സ്ഥാനമേററത്തു നമ്മുടെ തന്നെ മാമോദീസായിലാണ്. അതിന്റെ പ്രതീകം ഈ രീതിയിൽ അവിടുന്ന വരച്ചു കാട്ടി. ഇക്കാരണത്താലാണ് അവിടുന്ന പരിശുദ്ധാത്മാവിനെ സ്വീകരിച്ചത്. സുവിശേഷകൻ പറയുന്നതുപോലെ പരിശുദ്ധാത്മാവു 'പ്രാവുപോലെ ഇറങ്ങി അവന്റെമേൽ ആവസിച്ചു.' (മത്താ. 3:16). വാസ്തവത്തിൽ, ആത്മാവിനെ നൽകാൻ യോഹന്നാന് അധികാരമില്ലായിരുന്നു: 'അവനാണ് നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനപ്പെടുത്തുന്നതു' (3: 11). ഇതുവഴി, ആത്മാവിനെ നൽകുക തന്റെ ദൗത്യമല്ല എന്നു വ്യക്തമായി യോഹന്നാൻ വെളിപ്പെടുത്തി. പാപമോചനത്തിനുള്ള അനുതാപത്തിന്റെ സ്നാനത്തിൽ വെള്ളംകൊണ്ടു് സ്നാനപ്പെടുത്തുക മാത്രമായിരുന്നു അവന്റെ ദൗത്യം. എന്നാൽ ആത്മാവിനെ നൽകുക നമ്മുടെ കർത്താവിന്റെ ദൗത്യമായിരുന്നു. അവൻ ഭാവിനന്മകളുടെ ആദ്യഫലങ്ങളായി അവയെ മാമോദീസായിൽ ഇപ്പോഠം നമ്മുടെമേൽ ചൊരിഞ്ഞിരിക്കുന്നു. ഉത്ഥാനാവസരം പൂർണമായി അവൻ അതു നമ്മുടെ മേൽ ചൊരിയും. അപ്പോഠം നമ്മുടെ പ്രകൃതി സുകൃതത്തിലേക്കു പരിപൂർണമായ രൂപാന്തരീകരണം സംഭവിക്കും.

24. നമ്മുടെ കർത്താവായ മിശിഹാ തന്റെ ശരീരത്തിൽ സ്നാനപ്പെട്ട അതേ സ്നാനത്തിലാണ് നിങ്ങളും സ്നാനപ്പെട്ടതെന്നു നിങ്ങഠം അറിയുന്നതു് ഉചിതമാണ്. ഇക്കാരണത്താലാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങഠം മാമോദീസാ മുക്കപ്പെടുന്നതു്. വാസ്തവത്തിൽ, നമ്മുടെ കർത്താവിന്റെ സ്നാനം പ്രതീകാത്മകമായി നമ്മുടേതുമായി സാമ്യപ്പെടുത്താം. അതിൽ പിതാവു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (3: 17). മാമോദീസാവഴി സംഭവിക്കുന്ന ദത്തുപുത്രത്വത്തിന്റെ കൃപയെ ഇതിലവൻ കാട്ടുന്നു: 'ഇവനെന്റെ പ്രിയ പുത്രനാകുന്നു, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന വാചകത്തിന്റെ അർത്ഥം: 'ഇതു് സത്യമായും ദത്തുപുത്രത്വമാകുന്നു. എന്നെ പ്രസാദിപ്പിച്ച പ്രിയൻ ഇതാകുന്നു; ഇതുപോലുള്ള ദത്തുപുത്രത്വം പ്രാപിച്ച പുത്രൻ ഇതാകുന്നു; മാററം സംഭവിക്കുന്ന, യൂദന്മാരുടെ ഇടയിലെ, നിയമവ്യവസ്ഥിതിയെക്കാഠം വളരെ ഉന്നതമാണിതു്', 'നിങ്ങഠം ദേവന്മാരാണെന്നും അത്യുന്നതന്റെ മക്കളാണെന്നും ഞാൻ പറഞ്ഞു. എന്നാൽ മനുഷ്യരെപ്പോലെ നിങ്ങഠം മരിക്കും' (സങ്കീ. 82: 6–7). എന്നാൽ ഇവനാകട്ടെ മാററമില്ലാത്തവനായി നിലകൊള്ളുന്നു. വാസ്തവത്തിൽ ഈ ദത്തുപുത്ര

www.malankaralibrary.com



സ്ഥാനം സ്വീകരിക്കുന്നവർ അമർത്യരായി നിലകൊള്ളും; കാരണം, സ്നാനത്തിന്റെ പ്രതീകത്തിലൂടെ ദത്തുപുത്രത്വത്തിലേക്ക് അവൻ നീങ്ങുന്നു. അതു് ഉത്ഥാനത്തിലാണു സംഭവിക്കുക. മരിക്കാത്തതും അഴിവില്ലാത്തതുമായ പ്രകൃതിയിലേക്ക് അപ്പോൾ അവർ രൂപാന്തരപ്പെടും.

സ്നാനപ്പെട്ടവനിൽ പുത്രനും ഉണ്ടായിരുന്നു. അവനുമായുള്ള സാമീപ്യംകൊണ്ടും എടുക്കപ്പെട്ടവനുമായുള്ള ഐക്യംകൊണ്ടും അവൻ ദത്തുപുത്രത്വം ഉറപ്പിക്കുകയായിരുന്നു. ഇവിടെ പരിശുദ്ധാത്മാവും ഉണ്ടായിരുന്നു. അവൻ പ്രാവുപോലെ ഇറങ്ങി അവന്റെമേൽ ആവസിച്ചു. ഇങ്ങനെ അവനും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെട്ടു.

25. അതുകൊണ്ട്, 'പിതാവിന്റെ നാമത്തിൽ' എന്നു വൈദികൻ പറയുമ്പോൾ 'ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു' എന്ന വാചകം ഓർക്കുകയും പിതാവ് നിങ്ങൾക്കു നൽകിയ ദത്തുപുത്രത്വത്തെപ്പററി ചിന്തിക്കുകയും ചെയ്യുക. 'പുത്രന്റെയും' എന്നു് അവൻ പറയുമ്പോൾ 'സ്നാനപ്പെട്ടവന്റെ സമീപം ഉണ്ടായിരുന്ന അവനെപ്പററി ചിന്തിക്കുകയും അവൻ നിങ്ങളുടെ ദത്തുപുത്രത്വത്തിന്റെ കാരണക്കാരനായിത്തീർന്നു എന്നു് മനസ്സിലാക്കുകയും ചെയ്യുക. 'പരിശുദ്ധാത്മാവിന്റെയും' എന്നു പറയുമ്പോൾ പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങി വസിച്ചവനെപ്പററി ചിന്തിക്കുകയും ദത്തുപുത്രത്വത്തിന്റെ ഉറപ്പ് അവനിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യുക. ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കളാകുന്നു' (റോമ. 8: 14). അതുകൊണ്ടു് യഥാർത്ഥദത്തുപുത്രത്വം പരിശുദ്ധാത്മാവു നൽകുന്നതാണു്. ആത്മാവു സന്നിഹിതമല്ലാത്തതും, അവൻ പ്രവർത്തിക്കാത്തതും, വിശ്വസിക്കുന്ന നന്മകളിലേക്ക് ആത്മാവു നയിക്കാത്തതും യഥാർത്ഥ ദത്തുപുത്രത്വമല്ല.

അതുകൊണ്ടു്, ദത്തുപുത്രത്വത്തിന്റെ കൃപ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്വീകരിച്ചുകൊണ്ടു് നിങ്ങൾ ജലത്തിൽനിന്നു കയറുന്നു. രണ്ടാം ജനനം ആകുന്ന സ്നാനം നിങ്ങൾ ഇപ്പോൾ പ്രാപിച്ചുകഴിഞ്ഞു. നിങ്ങളുടെ ജലസ്നാനത്താൽ സംസ്കാരക്രമം നിങ്ങൾ പൂർത്തിയാക്കി. ജലത്തിൽനിന്നുള്ള നിങ്ങളുടെ കരേററത്താൽ ഉത്ഥാനത്തിന്റെ അടയാളം നിങ്ങൾക്കു കിട്ടി; മേലിൽ നിങ്ങൾ വ്യതിയാനവിധേയനും, പാപത്താൽ ഭാര

www.malankaralibrary.com



പ്പെട്ടവനും ഹീനനുമായ ആദത്തിൻെറ ഭാഗമല്ല; ഉത്ഥാനംവഴി പാപത്തിൽനിന്നു പൂർണമായി. വിമുക്തനായ ക്രിസ്തുവിൻെറ ഭാഗമായിക്കഴിഞ്ഞു. ഉത്ഥാനത്തിനു മുമ്പ് അവൻ ഒരിക്കലും പാപത്തെ സമീപിച്ചില്ല. തൻെറ ഉത്ഥാനത്തിനു മുൻപുതന്നെ പാപരഹിതമായ ഈ അവസ്ഥയുടെ ആരംഭം അവനിൽ ഉണ്ടാകുകയും തൻെറ ഉത്ഥാനത്തിൽ അവൻ വ്യതിയാന രഹിതമായ പ്രകൃതി പൂർണമായി പ്രാപിക്കുകയും ചെയ്യുക എന്നതു് ഉചിതമായിരുന്നു. മരിച്ചവരിൽനിന്നുള്ള ഉത്ഥാനവും അനശ്വരതയിലുള്ള നമ്മുടെ ഭാഗഭാഗിത്വവും ഈ രീതിയിൽ അവൻ നമുക്കുറപ്പാക്കി.

26. വെള്ളത്തിൽനിന്നു കയറുമ്പോൾ തൂവെള്ളനിറമുള്ള ഒരു വസ്ത്രം നിങ്ങൾ ധരിക്കുന്നു. പ്രകാശിക്കുന്നതും ശോഭപരത്തുന്നതുമായ അടുത്ത ലോകത്തെയും പ്രതീകങ്ങൾ വഴി വളരെ നേരത്തെതന്നെ നിങ്ങൾ നേടിയ ജീവനെയും ഇതു സൂചിപ്പിക്കുന്നു. യഥാർത്ഥമായി ഉത്ഥാനത്തിൽ അമർത്യതയും അഴിവില്ലായ്മയും ധരിച്ചുകഴിയുമ്പോൾ നിങ്ങൾക്കു് അത്തരം വസ്ത്രത്തിൻെറ ആവശ്യം ഇല്ലാതായിത്തീരുന്നു. എന്നാൽ ഇപ്പോൾ ഈ സംഗതികൾ യഥാർത്ഥമായി കൈവന്നിട്ടില്ലാത്തതിനാൽ കൗദാശികമായും പ്രതീകാത്മകമായും മാത്രം സ്വീകരിച്ചിരിക്കുന്നതിനാൽ, നിങ്ങൾക്കു വസ്ത്രത്തിൻെറ ആവശ്യം ഉണ്ടു്. ഇപ്പോൾ പ്രതീകാത്മകമായി നിങ്ങൾക്കുള്ളതും പിന്നീടു് യഥാർത്ഥമായി ലഭിക്കാനിരിക്കുന്നതുമായ സന്തോഷത്തെ സൂചിപ്പിക്കുന്ന വസ്ത്രം നിങ്ങൾ ധരിക്കണം.

27. മാമോദീസായുടെ കൃപ സ്വീകരിച്ചു് തിളങ്ങുന്ന വെള്ളവസ്ത്രം ധരിച്ചുകഴിഞ്ഞു് വൈദികൻ നിങ്ങളെ സമീപിച്ചു് നിങ്ങളുടെ നെററിയിൽ റൂശ്മാ കുത്തിക്കൊണ്ടു പറയുന്നു: 'ഇന്നാർ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ റൂശ്മാ ചെയ്യപ്പെടുന്നു.' യേശു വെള്ളത്തിൽനിന്നു കയറിയപ്പോൾ അവിടുന്നു പരിശുദ്ധാത്മദാനം പ്രാപിച്ചു, പരിശുദ്ധാത്മാവു പ്രാവുപോലെ അവൻെറ മേൽ ഇറങ്ങി ആവസിച്ചു. അവൻ അഭിഷിക്തനായി എന്നു പറഞ്ഞിരിക്കുന്നതിൻെറ അർത്ഥം ഇതാണു്: കർത്താവിൻെറ ആത്മാവു് എൻെറ മേലുണ്ടു്; അതിനാൽ കർത്താവെന്നെ അഭിഷേകം ചെയ്തിരിക്കുന്നു' (ലൂക്കോ. 4: 18). പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അഭിഷേകംചെയ്ത നസ്രായയേശു (നട. 10: 38)—ഏതെങ്കിലും തൈലം പുരട്ടിയാൽ അതു് ദേഹത്തു് പിടിച്ചിരിക്കും; തൈലത്തിൻെറ ഫലം ദേഹത്തുണ്ടാകയും ചെയ്യുമല്ലോ—പരിശുദ്ധാത്മാവു്

www.malankaralibrary.com



ഒരിക്കലും അവനിൽ നിന്നു വേർപിരിഞ്ഞിരുന്നില്ല എന്നു് ഇവ കാട്ടുന്നു; ഇക്കാരണത്താൽ നിങ്ങളുടെ നെററിയിയിൽ റൂശ്മ ചെയ്യുക യുക്തമാകുന്നു.

നിങ്ങളെ റൂശ്മാ ചെയ്യുമ്പോഠ പുരോഹിതൻ പറയുന്നു; 'ഇന്നാർ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ റൂശ്മാചെയ്യപ്പെടുന്നു'. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലാണു നിങ്ങളുടെ മേലും പരിശുദ്ധാത്മാവിറങ്ങിയെതെന്നും നിങ്ങഠ പൂശപ്പെട്ടതെന്നും ഉള്ളതിൻെറ ഒരടയാളവും സൂചനയുമാണിതു്. അവൻ വഴി നിങ്ങഠ ആദ്യഫലങ്ങഠ സ്വന്തമാക്കുന്നതിനാൽ അവൻ നിങ്ങളോടുകൂടി ആയിരുന്നു നിങ്ങളോടൊത്തു വസിക്കും. യാഥാർത്ഥത്തിൽ, ഇപ്പോഠ ഭാവിനന്മകഠ പ്രതീകാത്മകമായി നിങ്ങഠ സ്വീകരിക്കുന്നു. ഉത്ഥാനാവസരമാകട്ടെ, നിങ്ങഠക്കു് എല്ലാ കൃപയും ലഭിക്കും. നിങ്ങഠ അമർത്യരും, അഴിവില്ലാത്തവരും സഹനാതീതരും മാററമില്ലാത്തവരും ആയിത്തീരും. നിങ്ങളുടെ ശരീരം പോലും നശിച്ചുപോകാതെ എന്നേക്കും നിലനില്ക്കും. നിങ്ങളുടെ ആത്മാവാകട്ടെ തിന്മയിലേക്കുള്ള നിസ്സാര ചാച്ചിലുപോലും ഇല്ലാതിരിക്കും.

28. സ്നാനം വഴി നമുക്കു ലഭിക്കുന്ന രണ്ടാം ജനനം ഇത്തരത്തിലുള്ളതാണു്. അതിലേക്കാണല്ലോ നിങ്ങഠ അടുത്തുകൊണ്ടിരിക്കുന്നതു്. അതിൽ നിന്നു് ഉത്ഥാനത്തിൻെറ യഥാർത്ഥവും ഭീതിജനകവുമായരണ്ടാം ജനനത്തിലേയ്ക്കു നീങ്ങാമെന്നും നാം പ്രതീക്ഷിക്കുന്നു. അതുമായുള്ള സംബന്ധത്തിൽ അതു നമ്മെ ശക്തിപ്പെടുത്തുന്നു. നമുക്കു രണ്ടു ജനനം ഉണ്ടെന്നുള്ളതിൽ അത്ഭുതപ്പെടാനില്ല. ഈ ജനനത്തിൽനിന്നു ഭാവി ജനനത്തിലേക്കു നാം നീങ്ങുന്നു എന്നതിലും അദ്ഭുതപ്പെടാനില്ല. നമ്മുടെ ശാരീരിക ജനനത്തിലും നമുക്കു രണ്ടു ജനനം ഉണ്ടല്ലോ. ഒന്നു പുരുഷനിൽ നിന്നു്, മറേറതു പിന്നീടു സ്ത്രീയിൽനിന്നു്. പുരുഷ ബീജരൂപത്തിൽ നാം പുരുഷനിൽനിന്നു് ആദ്യമായി ജനിക്കുന്നു. ആ ബീജത്തിനു മനുഷ്യൻെറ രൂപമൊന്നുംതന്നെയില്ല. ബീജത്തിനു യാതൊരു തരത്തിലും മനുഷ്യരൂപമില്ലെന്നും, അതിനു മനുഷ്യരൂപം ലഭിക്കുന്നതു് രൂപീകരണം, മെനയൽ, ഗർഭധാരണം സ്ത്രീയിൽനിന്നുള്ള ജനനം എന്നിവയ്ക്കുശേഷം നമ്മുടെ പ്രകൃതിക്കു ദൈവം ഉണ്ടാക്കിയിട്ടുള്ള നിയമങ്ങഠ അനുസരിച്ചാണെന്നും എല്ലാവർക്കും വ്യക്തമാണല്ലോ. നാമും ഇതുപോലെയാണു ജനിക്കുക. ആദ്യം മാമോദീസാ വഴി ബീജം കണക്കെ ക്രിസ്തീയ ജീവിതത്തിലേക്കു നാം രൂപീകരിക്കപ്പെടുന്നു. ഉത്ഥാനത്തിൽ ജനിച്ചു്, അമർത്യസ്വഭാവം ലഭിക്കു

www.malankaralibrary.com



മെന്നു നാം പ്രതീക്ഷിക്കുന്നു. പ്രതീക്ഷയുടെ ഈ കാലഘട്ടത്തിൽ വിശ്വാസത്താലും ഭാവിനന്മകളിലുള്ള പ്രത്യാശയാലും ക്രിസ്തീയ ജീവിതത്തിലേക്കു നാം രൂപീകരിക്കപ്പെടുന്നു. ഉത്ഥാനസമയം വരെ നാം അങ്ങനെകഴിയുന്നു, ഉത്ഥാനാവസരം ദൈവിക ശാസന പ്രകാരം അമർത്ത്യവും അഴിവില്ലാത്തതുമായ പ്രകൃതി എടുത്തുപൊടിയിൽനിന്നു നാം രണ്ടാമതും ജനിക്കുന്നു. അപ്പോഠം ഭാഗ്യവാനായ പൗലോസു പറയുന്നതുപോലെ നമ്മുടെ കർത്താവായ മിശിഹാ നമ്മുടെ ദുർബലശരീരത്തെ തൻെറ മഹത്വമുള്ള ശരീരത്തിലേക്കു മെനയപ്പെടാൻ വേണ്ടി രൂപാന്തരപ്പെടുത്തും' (ഫിലി. 3:21).

29. സ്നാനം വഴി ഇപ്രകാരം കൂദാശിക ജനനം പ്രാപിച്ച ശേഷം നിങ്ങഠം നിങ്ങളുടെ ജനനത്തിനു ചേർന്നവിധം, നിങ്ങളെ പുഷ്ടിപ്പെടുത്താനായി അമർത്ത്യാഹാരം സ്വീകരിക്കുന്നു. ഈ ആഹാരത്തിൻെറ സ്വഭാവവും അതെപ്രകാരം നിങ്ങഠംക്കു നല്കപ്പെടുന്നു എന്നതു സംബന്ധിച്ചും യഥാവസരം നിങ്ങഠം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഇപ്പോഠം നമ്മുടെ പ്രബോധനം വഴി മാമോദീസായിലെ ജനനമെന്താണെന്നു നിങ്ങഠം ഗ്രഹിച്ചു കഴിഞ്ഞു. ഈ രണ്ടാം ജനനത്തിലൂടെ അവാച്യമായ പ്രകാശവുമായി സംസർഗം പുലർത്തുന്നതെങ്ങനെയെന്നു നിങ്ങഠം മനസ്സിലാക്കി. ഈ ജനനം നിങ്ങഠം സ്ഥിരമായും ദൃഢമായും മനസ്സിലാക്കി അനുസ്മരിക്കാൻ നാം നിങ്ങളെ നമ്മുടെ വാക്കുകളാകുന്ന പഴന്തുണികളിൽ ഭംഗിയായി പൊതിഞ്ഞു. നമ്മുടെ നിശബ്ദതയിൽ നാം നിങ്ങളെ സമാശ്വസിപ്പിക്കാം. ദൈവ കൃപയാൽ പററിയ സമയത്തു നിങ്ങളെ ദിവ്യമായ ഭക്ഷണത്തിനടുത്തേക്കു് ആനയിച്ചു് അതേപ്പററിയുള്ള പ്രസംഗം നടത്താം. നമുക്കു പിതാവായ ദൈവത്തിനും തൻെറ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും സ്തുതിയർപ്പിച്ചുകൊണ്ടു നമ്മുടെ പ്രസംഗം അവസാനിപ്പിക്കാം. ആമ്മീൻ

www.malankaralibrary.com

# 15

# പതിനഞ്ചാം പ്രസംഗം

## കുർബാന

**ചുരുക്കം**

എല്ലാററിനും മുൻപു നാമിവ അറിഞ്ഞിരിക്കണം: നാം അർപ്പിക്കുന്ന ബലിയാണു ഭക്ഷണമായി നാം സ്വീകരിക്കുന്നതു്. ഈ ബലിയർപ്പണം പുതിയനിയമത്തിലെ പുരോഹിതന്മാരുടെ ദൗത്യമാണു്. ഇതുവഴി പുതിയ ഉടമ്പടി നിലനിർത്തിക്കൊണ്ടു പോകുന്നെന്നും തോന്നുന്നു. അറംത്താരയെ സമീപിക്കുന്ന വൈദികൻ സ്വർഗീയബലിയുടെ സാദൃശ്യമാണു പരികർമ്മം ചെയ്യുന്നതു്. അദൃശ്യ സൈന്യങ്ങളുടെ ശുശ്രൂഷയുടെ സാദൃശ്യമാണു ശെമ്മാശ്ശന്മാർ നിർവഹിക്കുന്നതെന്നു നാം ചിന്തിക്കണം. തങ്ങളുടെ ശുശ്രൂഷയ്ക്കു ചേർന്നവിധമാണു് അവരുടെ അംശവസ്ത്രം; അതു് അവരേക്കാറം നീളമുള്ളതാണു്. അവർ തങ്ങളുടെ ഇടത്തേ തോളിൽ മുൻപിലും പിൻപിലും ഒരേ നീളത്തിൽ ഊറാറാ ധരിക്കുന്നു.

തൻെറ പീഡാസഹനത്തിനായി ഒരിക്കൽ ആനയിക്കപ്പെട്ടുകയും മറെറാരിക്കൽ നമുക്കുവേണ്ടി അറംത്താരയിൽ ബലിയർപ്പിക്കപ്പെടാൻ നിവർത്തി കിടത്തപ്പെട്ടുകയും ചെയ്ത ക്രിസ്തുവിനെപ്പററി നാം ചിന്തിക്കണം.

അറംത്താരയിൽ വിരികറം വിരിക്കുന്ന ശെമ്മാശന്മാർ കർത്താവിൻെറ സംസ്കാരത്തിനുപയോഗിച്ച വെള്ളവസ്ത്രത്തിൻെറ സാദൃശ്യത്തെ ദൃഷ്ടാന്തീകരിക്കുന്നു. അറംത്താരയുടെ ഇരുവശങ്ങളിലും നില്ക്കുന്നവർ തങ്ങളുടെ വിശറികൊണ്ടു വിശുദ്ധ ശരീരത്തിന്മീതെയുള്ള വായുവിനെ ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരും നിശബ്ദരായിരിക്കുമ്പോഴാണു് ഈ സംഗതികറം സംഭവിക്കുന്നതു്; പിന്നീടു പ്രാർത്ഥനയാണു്;

www.malankaralibrary.com



നിശബ്ദപ്രാർത്ഥനയല്ല, എന്നാൽ അതിനുമുമ്പും പ്രാർത്ഥനയെപ്പററി ശെമ്മാശൻെറ ഉച്ചത്തിലുള്ള അറിയിപ്പുണ്ടായിരിക്കും. എല്ലാവരും നിശബ്ദരായിരിക്കുമ്പോൾ പുരോഹിതൻ നിശ്ചിത ശുശ്രൂഷ ആരംഭിക്കുന്നു.

പുരോഹിതൻ പ്രാർത്ഥന അവസാനിപ്പിക്കുന്നു. അതിനുശേഷം അവൻ തനിക്കുവേണ്ടി കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നു; സമൂഹം 'ആമ്മീൻ' എന്നു പറയുന്നു. 'നിങ്ങൾക്കു സമാധാനം' എന്നു പുരോഹിതൻ പറയുമ്പോൾ, 'അവിടുത്തെആത്മാവിനും എന്നു സമൂഹം പ്രത്യുത്തരിക്കുന്നു. പുരോഹിതൻ സമാധാനം കൊടുക്കാൻ തുടങ്ങുന്നു. അപ്പോൾ പരസ്പരം സമാധാനം കൊടുക്കാൻ അറിയിപ്പുകാരൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു നിർദ്ദേശം നല്കുന്നു. തദവസരം ആദ്യം പുരോഹിതനും പിന്നീട്, പൗരോഹിത്യ സമൂഹത്തിൽ ഉൾപ്പെട്ടവർ എത്രപേരുണ്ടെങ്കിലും അവരും കൈകഴുകുന്നു. പിന്നീടു പള്ളിപുസ്തകങ്ങളിൽ നിന്നു ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും പേരുകൾ വായിക്കുന്നു. അതുകഴിഞ്ഞ് വൈദികൻ ശുശ്രൂഷയ്ക്കായി അണയുന്നു; 'കുർബാനയെ നോക്കുക' എന്നു വായനക്കാർ അറിയിക്കുന്നു.

1. പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ പഴന്തുണികളിൽ പൊതിയുക മനുഷ്യരുടെ പതിവാണ്. കുഞ്ഞുങ്ങളുടെ മൃദുവും പുതുതായി രൂപീകൃതവുമായ ശരീരത്തിനു മുറിവൊന്നും പററാതിരിക്കുന്നതിനും, അതിൻെറ രൂപീകരണം ശരിയാകാനും വേണ്ടിയാണ് അപ്രകാരം ചെയ്യുക. ആദ്യം അവരെ വളരെ ശ്രദ്ധയോടുകൂടിയാണു പഴന്തുണികളിൽ കിടത്തുന്നത്. പിന്നീട് അവർക്കു പററിയ സ്വാഭാവിക ഭക്ഷണം കൊടുക്കുന്നു. അതുപോലെ, മാമോദീസായിൽ പുതുതായി ജനിച്ചവരെ പഴന്തുണികളിലെന്നപോലെ നമ്മുടെ പ്രബോധനത്തിൽ നന്നായി പൊതിഞ്ഞു. അവർക്കു നല്കപ്പെട്ട കൃപയുടെ അനുസ്മരണം അവരിൽ നന്നായി ഉറപ്പിക്കപ്പെടുന്നതിനു വേണ്ടിയാണിത്. നമ്മുടെ പ്രസംഗം നിർത്തി നാം അവരെ സമാശ്വസിപ്പിച്ചു. കാരണം നാം പറഞ്ഞവ ആവശ്യത്തിനു മതിയായിരുന്നു. ഇന്നു ദൈവകൃപയാൽ അപ്പത്തിൻെറ പരിപോഷണത്തിലേക്കു നിങ്ങളെ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൻെറ സ്വഭാവം നിങ്ങൾ അറിയണം. അതിൻെറ മാഹാത്മ്യം കൃത്യമായി നിങ്ങൾ പഠിക്കണം.

2. ഉത്ഥാനം വഴി യഥാർത്ഥ ജനനം സ്വീകരിക്കുമ്പോൾ അവാച്യമായ ഭക്ഷണം നിങ്ങൾക്കു കിട്ടുന്നു; ആത്മാവിൻെറ കൃപയാൽ നിങ്ങൾ വ്യക്തമായി പോററപ്പെടും. അതുവഴി നിങ്ങൾ ശരീരത്തിൽ അമർത്യരും ആത്മാവിൽ വ്യതി

www.malankaralibrary.com



യാനരഹിതരുമായിത്തീരുന്നു. ആ ജനനത്തിനു യോജിച്ചതാണ് ഈ ആഹാരം. ഉത്ഥാനത്തിന്റെ മക്കളായവർക്ക് ഉറച്ചു നില്ക്കുവാൻ ആത്മാവിന്റെ കൃപ നല്കപ്പെടുന്നു. അങ്ങനെ അവരുടെ ശരീരം അഴിവിനതീതമായിത്തീരും; അവരുടെ ആത്മാവു തിന്മയിലേയ്ക്കുള്ള ചാച്ചിലിനു വിധേയമാകുന്നില്ല.

3. നാം പ്രതീക്ഷിക്കുന്ന മറേറ ജനനത്തിന്റെ പ്രത്യാശയിൽ, മാമോദീസായിൽ പ്രതീകാത്മകമായി നാമിപ്പോഠം ജനിക്കുന്നതിനാൽ, പരിശുദ്ധാത്മാവിന്റെ കൃപയുടെ ആദ്യഫലങ്ങഠം അച്ചാരമായി ഇപ്പോഠം നാം പ്രാപിക്കുന്നു. ഉത്ഥാനംവഴി അടുത്ത ലോകത്തിൽ പൂർണമായി അതു പ്രാപിക്കാമെന്നു നാം പ്രതീക്ഷിക്കുന്നു. അപ്പോഠം അതു നല്കപ്പെടുകയും ചെയ്യും. അതു പ്രാപിച്ചശേഷമേ നാം അമർത്യരും വ്യതിയാനരഹിതരുമാകൂ; പരിശുദ്ധാത്മാവിന്റെ കൃപയാൽ, പ്രതീകാത്മകമായി ഈ ജീവിതത്തിനു പററിയ ആഹാരം കഴിക്കുക ഉചിതമാണ്.

ഇക്കാരണത്താൽ ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'നിങ്ങഠം ഈ അപ്പം ഭക്ഷിക്കുകയും ഈ കാസാ പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണമാണു തന്റെ വരവുവരെ അനുസ്മരിക്കുന്നതു്'' (1 കൊരി. 11:26). നമ്മുടെ കർത്താവു സ്വർഗത്തിൽനിന്നു വരുകയും പുതിയ ജീവിതം വെളിപ്പെടുത്തുകയും നമ്മെ എല്ലാവരെയും ഉയിർപ്പിക്കുകയും—അതുവഴിയാണു നാം നമ്മുടെ ശരീരത്തിൽ അമർത്യരും നമ്മുടെ ആത്മാവിൽ വ്യതിയാനമില്ലാത്തവരും ആയിത്തീരുന്നതു്—ചെയ്യുമ്പോഠം കൂദാശകളുടെയും പ്രതീകങ്ങളുടെയും ആവശ്യം ഇല്ലാതാകും. നാം യാഥാർത്ഥ്യത്തിൽ തന്നെ ആയിരിക്കുന്നതിനാൽ വരുവാനിരിക്കുന്ന സംഗതികളെപ്പററി നമ്മെ അനുസ്മരിപ്പിക്കാൻ കാണപ്പെടുന്ന അടയാളങ്ങളുടെ ഒരാവശ്യവും ഇല്ല.

4. ഈ ലോകത്തിൽ ജനനം, ആഹാരം എന്നീ രണ്ടു സംഗതികഠം കൊണ്ടാണു നാം ജീവിക്കുന്നതു്. ജനനം വഴി നാം അസ്തിത്വത്തിലേക്കു വരുന്നു. ഭക്ഷണം കഴിക്കുന്നതുവഴി ഈ അസ്തിത്വത്തിൽ നിലനില്ക്കുവാൻ നമുക്കു സാധിക്കുന്നു. ഭക്ഷണം ലഭിക്കാതെ വന്നാൽ ജനിച്ച ശിശു നിശ്ചയമായും മരിക്കും. ഇപ്രകാരം തന്നെയാണു പുതിയ ലോകത്തലെ കാര്യവും ഉയിർപ്പിലൂടെ ജനിക്കുന്നതുവഴി നാം നമ്മുടെ അസ്തിത്വം പ്രാപിക്കുന്നു. അമർത്യരായിത്തീർന്നു നാം ആ അവസ്ഥയിൽ തന്നെ നിലനില്ക്കും.

www.malankaralibrary.com



അതുകൊണ്ടു ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'ഞങ്ങളുടെ ഈ ഭൗമികഭവനം നശിച്ചുപോകുമെങ്കിലും മനുഷ്യ കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽ നിന്നുള്ളതുമായ ഒരു സ്വർഗീയ ഭവനം ഞങ്ങൾക്കുണ്ടെന്നു ഞങ്ങളറിയുന്നു (2 കൊരി. 5:1). ഈ ലോകത്തിൽവച്ചു നമ്മുടെ അസ്തിത്വം നിലനിർത്തുവാൻ നമ്മുടെ കൈകളുടെ അദ്ധ്വാനത്താൽ നാം ഭക്ഷണം കഴിക്കുന്നു. ഉത്ഥാനത്തിൽ നാം അമർത്യരായിത്തീർന്ന്, സ്വർഗീയഭവനം നമുക്കു ലഭിക്കുമ്പോൾ നമ്മുടെ കൈകളുടെ അദ്ധ്വാനഫലമായ ഭക്ഷണം നമുക്കാവശ്യമില്ലാതെ വരുന്നു. കാരണം, നമുക്കു ലഭിക്കുന്ന അമർത്യത, ഭക്ഷണത്താൽ എന്നപോലെ കൃപയുടെ ശക്തിയാൽ നമ്മുടെ അസ്തിത്വത്തിൽ നമ്മെ നിലനിർത്തുന്നു. ഈ കാരണത്താലാണ് അന്നത്തെ നമ്മുടെ വാസഗൃഹത്തെ 'മനുഷ്യകരങ്ങളാൽ നിർമ്മിതമല്ലാത്ത ഭവനം' എന്നും 'ദൈവത്തിൽനിന്നുള്ള സ്വർഗീയ ഭവനം' എന്നും ഭാഗ്യവാനായ പൗലോസ് വിളിക്കുന്നത്.

5. ഞാൻ പറഞ്ഞതുപോലെ ഭാവിയിലെ ഉത്ഥാനത്തിൽ ഈ സംഗതികൾ നമുക്കു സംഭവിക്കും. അടയാളങ്ങളും പ്രതിരൂപങ്ങളും വഴി മാമോദീസായിൽ ഇപ്പോൾ നാം ജനിക്കുന്നതിനാൽ ഈ പ്രതിരൂപങ്ങളനുസരിച്ചുള്ള ഭക്ഷണം കഴിക്കുന്നതു നമുക്കു ചേർന്നതാണ്. അങ്ങനെ മാമോദീസായിൽനിന്നു നാം സ്വീകരിച്ച അസ്തിത്വം നിലനിർത്തുവാൻ നമുക്കു സാധിക്കും. യഥാർത്ഥത്തിൽ എല്ലാ മൃഗങ്ങളും മററു മൃഗങ്ങളിൽനിന്നാണു ജനിക്കുന്നത്. പ്രസവിക്കുന്ന ജീവിയുടെ ശരീരത്തിൽനിന്നു കുഞ്ഞുങ്ങൾ പോഷണം സ്വീകരിക്കുന്നു. പ്രസവിക്കുന്ന എല്ലാ ജീവികളും അവയിൽനിന്നു ജനിക്കുന്നവയ്ക്ക് ആവശ്യമായ ഭക്ഷണം കൊടുക്കുകയെന്ന ക്രമം ആരംഭത്തിൽതന്നെ സൃഷ്ടികളെ സംബന്ധിച്ചു ദൈവം ക്രമീകരിച്ചിരിക്കുന്നു. ദൈവത്തിൻെറ കൃപാവരം പ്രതീകാത്മകമായി സ്വീകരിച്ച നമുക്കും ജന്മം ലഭിച്ചിടത്തുനിന്നു ഭക്ഷണം ലഭിക്കുക അത്യാവശ്യമാണ്. നമ്മുടെ കർത്താവായ മിശിഹാ തൻെറ ഉത്ഥാനം വഴി മരണത്തെ നീക്കിക്കളഞ്ഞതുവഴി പുതിയ ലോകത്തിൽ ഉത്ഥാനം വഴി നമുക്കു ലഭിക്കുന്ന ജന്മം ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഇതുകൊണ്ടാണു ഭാഗ്യവാനായ പൗലോസ് ഇതും പറഞ്ഞിരിക്കുന്നത്: 'ഈശോമിശിഹായിൽ സ്നാനപ്പെട്ടവരായ നാമെല്ലാവരും അവൻെറ മരണത്തിലാകുന്നു സ്നാനപ്പെട്ടിരിക്കുന്നത്. കാരണം, മാമോദീസായിലൂടെ അവനോടൊപ്പം നാം മരിച്ചു സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. പിതാവിൻെറ

www.malankaralibrary.com



മഹത്വത്തിൽ മരിച്ചവരിൽനിന്നു ക്രിസ്തു ഉയിർപ്പിക്കപ്പെട്ടതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കേണ്ടതിനായിരുന്നു ഇതു്'' (റോമ. 6:3–5).

6. നമ്മുടെ കർത്താവായ മിശിഹായുടെ മരണത്തിൽ ഉത്ഥാനം വെളിവാക്കപ്പെട്ടുവെന്നും, മാമോദീസായിൽ അവനോടുകൂടെ നാം സംസ്ക്കരിക്കപ്പെട്ടുവെന്നും, വിശ്വാസത്തിൽ തന്റെ മരണത്തിന്റെ ഭാഗഭാഗിത്വം ഇവിടെ നമുക്കു ലഭിച്ചാൽ ഉത്ഥാനത്തിൽ നാം ഭാഗഭാക്കുകളാകുമെന്നും അവൻ കാണിക്കുന്നു. നാം നമ്മുടെ കർത്താവീശോമിശിഹായുടെ മരണത്തിൽ മാമോദീസായുടെ ജനനം പ്രാപിക്കുന്നതുപോലെ തന്റെ മരണത്തിൽ പ്രതീകാത്മകമായി ഭക്ഷണവും സ്വീകരിക്കുന്നു. ഭാഗ്യവാനായ പൗലോസ് ഇതിനു സാക്ഷിയാണു്. അവൻ പറയുന്നു: 'ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴ നിങ്ങൾ കർത്താവിന്റെ മരണം അവന്റെ വരവുവരെ അനുസ്മരിക്കുന്നു' (1 കൊറി. 11:26). നമ്മുടെ കുർബാനയിലും കൂദാശയിലുമുള്ള ഭാഗഭാഗിത്വത്തിലും നമ്മുടെ കർത്താവിന്റെ മരണം നാം ഓർക്കുന്നുവെന്നു് അവൻ കാണിക്കുന്നു. നമ്മുടെ കർത്താവിൽനിന്നാണല്ലോ നാം ഉത്ഥാനവും അമർത്യതയുടെ സന്തോഷവും പ്രാപിക്കുന്നതു്. നമ്മുടെ കർത്താവീശോമിശിഹായുടെ മരണത്തിൽ കൂദാശാപരമായ ജനനം പ്രാപിച്ച നാം അതേ മരണത്തിൽ അമർത്യതയുടെ കൗദാശികാഹാരം സ്വീകരിക്കുകയും നാം ജനനം സ്വീകരിച്ചിടത്തുനിന്നു തന്നെ ഭാവിയിൽ നമ്മെ പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതു യുക്തമത്രേ. മൃഗങ്ങൾ ഏതു മൃഗത്തിൽനിന്നു ജനിക്കുന്നുവോ ആ മൃഗത്താൽ പോഷിപ്പിക്കപ്പെടുന്നുവെന്നതു സാധാരണ നിയമമാണല്ലോ!

7. നമ്മുടെ കർത്താവും ഇതിനു സാക്ഷ്യം വഹിക്കുന്നു. കാരണം, കൂദാശയുടെ സ്ഥാപനത്തിൽ അവിടുന്നു പറഞ്ഞു: 'എടുത്തു ഭക്ഷിക്കുക; ഇതു പാപമോചനത്തിനായി നിങ്ങൾക്കു വേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു.' 'എടുത്തു കുടിക്കുക; ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു' (മത്താ. 26:26–28; 1 കൊറി. 11:24–25). തന്റെ മരണത്തിൽ എല്ലാപാപങ്ങളെയും നീക്കിക്കളയുന്ന പുതിയ ലോകത്തെ അവിടുന്നു നമുക്കു നല്കിയതിനാലാണു് ഇപ്രകാരം പറഞ്ഞതു്. നമ്മെ സംബന്ധിച്ച കൂദാശയിലുള്ള നമ്മുടെ ഭാഗഭാഗിത്വം വഴി അവന്റെ മരണത്തിന്റെ അനുസ്മരണം പ്രതീകാത്മകമായി അനുസ്മരിക്കുന്നതു യുക്തമാണു്. ഈ കൂദാശ പാപങ്ങളുടെ മോചനവും ഭാവി

www.malankaralibrary.com



നന്മകളുടെ സമ്പാദ്യവും നമുക്കു നേടിത്തരുന്നു. വിശുദ്ധ കുർബാനയുടെ ഭക്ഷണത്തിനു് അപ്രകാരമൊരു സിദ്ധിയുണ്ടു്. ഭക്ഷിക്കുന്നവരുടെ ജനനത്തിനു് അനുസൃതവുമാണതു്. വാസ്തവത്തിൽ ഈ ലോകത്തിൽ അടയാളങ്ങളിലും പ്രതീകങ്ങളിലും നാം ആത്മീയഭക്ഷണം സ്വീകരിക്കുന്നു. ഈ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും സ്വഭാവം പ്രതീകാത്മകഭക്ഷണം സ്വീകരിക്കുന്ന നമ്മുടെ ഇപ്പോഴത്തെ അവസ്ഥയ്ക്കു ചേർന്നരീതിയിൽ ആയിരിക്കണമെന്നതു് അത്യാവശ്യമാണല്ലോ.

8. ഈ ലോകജീവിതത്തിനു പ്രയോജനപ്രദവും അവശ്യാവശ്യവുമായ ജലത്തിൽ വെള്ളം കൂടാതെ അപ്പംപോലും ഉണ്ടാക്കുവാൻ സാധ്യമല്ലല്ലോ. നാം രണ്ടാംജനനം സ്വീകരിച്ചതുപോലെ വെള്ളം ചേർത്ത വീഞ്ഞും അപ്പവും ഈ ജീവിതം നിലനിർത്തുന്നതിനും സന്ധാരണത്തിനും അപരിത്യാജ്യമായ വസ്തുക്കൾ എന്ന നിലയിൽ ആഹാരമായി നാം സ്വീകരിക്കുന്നു. നമ്മുടെ ആത്മീയ ഭക്ഷണത്തിന്റെഅനുയോജ്യമായ പ്രതീകങ്ങളിലൂടെ ആവശ്യാവശ്യം ഈ ജീവൻ നിലനിർത്താനും മതിയാംവണ്ണം വളർത്താനും നമുക്കു കഴിയുന്നതുപോലെ ഈ ആത്മീയഭക്ഷണംവഴി നാം അമർത്യരായിത്തീരുമെന്നും എന്നേയ്ക്കും അതിൽ നിലനിൽക്കുമെന്നും നമുക്കു നമ്മുടെ മനസ്സിൽ ചിന്തിക്കാം. ഈ വിശുദ്ധ കുർബാനാ ഭക്ഷണത്തിൽ നാം ഭാഗഭാക്കുകളാകുമ്പോൾ ഈ കാര്യങ്ങളൊക്കെയാണു നാം പ്രതീക്ഷിക്കുന്നതു്.

9. ഈ ലോകത്തിൽ ഭക്ഷണവും പാനീയവും വഴിയാണു നാം ജീവിക്കുന്നതു്. അതുകൊണ്ടാണു വാസ്തവത്തിൽ നമ്മുടെ കർത്താവു നമുക്കു് അപ്പവും പാനപാത്രവും നല്കിയതു്. അവൻ അപ്പത്തെ ശരീരമെന്നും പാനപാത്രത്തെ രക്തമെന്നും വിളിച്ചു. കാരണം, പീഡാനുഭവം തന്റെ ശരീരത്തെ ബാധിക്കുന്നതായിരുന്നു; അതിനെ പീഡിപ്പിച്ചതുവഴി ശരീരത്തിൽനിന്നു രക്തമൊഴുകി. അതുവഴി തന്റെ പീഡാനുഭവം പൂർത്തിയാക്കപ്പെട്ടു. രണ്ടു സംഗതികൾ വഴി, ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും പ്രതീകങ്ങൾ വഴി, അമർത്യജീവൻ വെളിപ്പെടുത്തുവാൻ അവിടുന്നാഗ്രഹിച്ചു. നാം ഈ കുർബാന പരികർമ്മം ചെയ്യുമ്പോൾ, അമർത്യജീവനിലുള്ള ഭാഗഭാഗിത്വം നാം പ്രതീക്ഷിക്കുന്നു. ഭാവിനന്മകൾക്കുവേണ്ടിയുള്ള ശക്തമായ പ്രതീക്ഷ ഇതിൽനിന്നുണ്ടാകും എന്നും നാം വിശ്വസിക്കുന്നു.

**10.** അതിനാൽ, അപ്പം കൊടുത്തുകൊണ്ടു്, 'ഇതു് എന്റെ ശരീരത്തിന്റെ ആടയാളം' എന്നല്ല പിന്നെയോ,

www.malankaralibrary.com


'ഇതെന്റെ ശരീരം' എന്നാണ ശരിയായി അവിടുന്ന പറഞ്ഞതു്. അതുപോലെ പാനപാത്രം കൊടുത്തപ്പോഠം 'ഇതു് എന്റെ രക്തത്തിന്റെ അടയാളം' എന്നു് അവിടുന്ന പറഞ്ഞില്ല. പിന്നെയോ, 'ഇതെന്റെ രക്തമാകുന്നു' എന്നത്രേ. കാരണം, ആത്മാവിന്റെ വരവിനുശേഷവും കൃപ സ്വീകരിച്ചതിനുശേഷവും ഇവയെ നാം ദർശിക്കേണ്ടതു് അവയുടെ സ്വഭാവം അനുസരിച്ചല്ല. പിന്നെയോ, നമ്മുടെ കർത്താവിന്റെ ശരീരവും രക്തവുമെന്ന നിലയിലത്രേ. ഇതാണു് അവിടുത്തെ ആഗ്രഹം. നമ്മുടെ കർത്താവിന്റെ ശരീരത്തിനുപോലും സ്വതേ അമർത്യത ഇല്ലായിരുന്നു. അമർത്യത നൽകാനുള്ള കഴിവുമില്ലായിരുന്നു. പരിശുദ്ധാത്മാവു് അതിനു പ്രദാനം ചെയ്തതാണതു്. മരിച്ചവരിൽനിന്നുള്ള ഉത്ഥാനാവസരം ദൈവസ്വഭാവവുമായി അതിനു് അടുത്ത ഐക്യം ഉണ്ടാകുകയും അമർത്യമാകുകയും മററുള്ളവർക്കും അമർത്യത പ്രദാനം ചെയ്യാൻ ഉപകരണമായി തീരുകയും ചെയ്തു.

11. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ടു്'' (യോഹ. 6: 54)എന്നു നമ്മുടെ കർത്താവു് പറഞ്ഞപ്പോഠം മർത്യശരീരത്തിൽനിന്നു് അമർത്യത സ്വീകരിക്കുക സാധ്യമല്ല എന്നു് ചിന്തിച്ചു് യഹൂദന്മാർ പിറുപിറുക്കുകയും പറയപ്പെട്ട സംഗതികഠം സംശയിക്കുകയും ചെയ്തു. അപ്പോഠം 'മനുഷ്യപുത്രൻ ആയിരുന്നിടത്തേക്കു കയറുന്നതായി കണ്ടാലോ' എന്നു കർത്താവു് കൂട്ടിച്ചേർത്തതു് (6:62) ഇക്കാരണത്താലാണു്. അതിന്റെ അർത്ഥം ഇതാണു്: എന്റെ ശരീരത്തെപ്പററി പറഞ്ഞ സംഗതികഠം നിങ്ങഠംക്കു യാഥാർത്ഥ്യമായി തോന്നുകയില്ല. എന്നാൽ ഞാൻ മരിച്ചവരിൽ നിന്നുയിർത്തു സ്വർഗത്തിലേക്കു് കയറുന്നതു നിങ്ങഠം കാണുമ്പോഠം, പറയപ്പെട്ടതു് കഠിനതരവും അസംഭാവ്യവുമാണെന്നു ചിന്തിക്കേണ്ടതില്ലെന്നു് നിങ്ങഠംക്കു് വ്യക്തമാകും. ഞാൻ അമർത്യസ്വഭാവത്തിലേക്കു് മാറി എന്നു് വസ്തുതകഠം നിങ്ങളെ ബോധ്യപ്പെടുത്തും. കാരണം, എന്റെ സ്വഭാവം അപ്രകാരമല്ലെങ്കിൽ ഞാൻ സ്വർഗത്തിലേക്കു് ആരോഹണം ചെയ്കയില്ലായിരുന്നു. ഈ സംഗതികഠം അവിടുത്തേക്കു് എവിടെനിന്നു വന്നു എന്നു കാണിക്കാൻ അവിടുന്നു് ഉടനെ കൂട്ടിച്ചേർത്തു: 'ആത്മാവാണു് ജീവിപ്പിക്കുന്നതു് ശരീരം ഒന്നിനും ഉപകരിക്കുന്നില്ല' (6:63). അതായതു് ജീവിപ്പിക്കുന്ന ആത്മാവിന്റെ സ്വഭാവത്തിൽനിന്നാണു് ഈ സംഗതികഠം അതിനു ലഭിക്കുന്നതു്. അവൻ വഴിയാണു് അതിനു അമർത്യത കൈവരുന്നതും മററുള്ളവർക്കു അമർത്യത പ്രദാനം ചെയ്യുന്നതും. ഈ സംഗതികഠം അതിനുണ്ടായിരുന്നില്ല, സ്വഭാ

www.malankaralibrary.com


വത്താലേ മററുള്ളവർക്ക അതു് പ്രദാനം ചെയ്യാൻ അതിനു് കഴിവുമില്ലായിരുന്നു, കാരണം, ജഡത്തിൻെറ സ്വഭാവമനുസരിച്ചു് സ്വതേ ആ ദാനം പ്രദാനം ചെയ്യാനും മനുഷ്യകുലത്തെ സഹായിക്കാനും അതിനു് കഴിവില്ല.

അതുകൊണ്ടു് ജീവദാതാവായ ആത്മാവിൻെറ സ്വഭാവം, നമ്മുടെ കർത്താവിൻെറ ശരീരത്തിനു് മുമ്പില്ലാതിരുന്ന സ്വഭാവം, അതിനുനൽകിയെങ്കിൽ കൂദാശയുടെ അടയാളങ്ങളിലൂടെ പരിശുദ്ധധാത്മദാനം പ്രാപിച്ചനാമും ഈ വസ്തുക്കളെ വെറും അപ്പവും പാനപാത്രവുമായി പരിഗണിക്കാതെ മിശിഹായുടെ ശരീരവും രക്തവുമായി കണക്കാക്കണം. പരിശുദ്ധാത്മാവിൻെറ ആവാസത്താലാണു് അവ ക്രിസ്തുവിലേക്കു് രൂപാന്തരപ്പെട്ടിരിക്കുന്നതു്. നമ്മുടെ കർത്താവിൻെറ ശരീരരക്തങ്ങളിലൂടെ വിശ്വാസികൾക്കു് സംഭവിക്കുന്നുവെന്നു് നാം വിശ്വസിക്കുന്നവയിൽ പരിശുദ്ധാത്മാവു് വഴി അവർ ഭാഗഭാക്കുകളാകുന്നു. ഇക്കാരണത്താലാണു് 'ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു' (യോഹ. 6:41) 'ഞാൻ ജീവൻെറ അപ്പമാകുന്നു' (6:48) എന്നും അവിടുന്നു പറഞ്ഞതു്. അവൻ അപ്പമെന്നു വിളിച്ചതു് എന്താണെന്നു കാണിക്കുവാൻ അവിടുന്നു് പറഞ്ഞു: 'ഞാൻ കൊടുക്കുവാൻ ഇരിക്കുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എൻെറ ശരീരമാകുന്നു' (6:51).

നാം ഈ ലോകത്തിൽ അപ്പവും ആഹാരവും കൊണ്ടു് നമ്മുടെ ജീവൻ നിലനിർത്തുന്നതിനാൽ 'സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം' എന്നു് അവൻ സ്വയം വിളിച്ചു. അതിൻെറ അത്ഥം ഇതത്രേ: സത്യമായും ഞാനാണു് ജീവൻെറ അപ്പം.എന്നിൽ വിശ്വസിക്കുന്നവർക്കു് ഈ ദൃശ്യശരീരം വഴി ഞാൻ അമർത്യത പ്രദാനംചെയ്യുന്നു. ഇതിനാണു ഞാൻ ഇറങ്ങി വന്നതു്. ഇതിനാണു ഞാൻ അമർത്യത പ്രദാനം ചെയ്തതു്. എന്നിൽ വിശ്വസിക്കുന്നവർക്കു് അതുവഴി അമർത്യത ലഭിക്കും 'ഞാനാണു് ജീവൻ നൽകുന്നതു്' എന്നു് കർത്താവിനു് പറയാമായിരുന്നെങ്കിലും അങ്ങനെ പറഞ്ഞില്ല. പിന്നെയോ ഞാനാണു് ജീവൻെറ അപ്പം' എന്നത്രേ അവിടുന്നു പറഞ്ഞതു്. കാരണം, അപ്പവും പാനപാത്രവും വഴിയുള്ള കൗദാശികാടയാളങ്ങളിൽ നാം പ്രതീക്ഷിക്കുന്ന അമർത്യതയുടെ, നമുക്കു നൽകപ്പെട്ട വാഗ്ദാനം നാം പ്രാപിക്കുന്നതിനാൽ, ഈ നാമത്തിനു് അർഹമായ അടയാളങ്ങളെയും അവിടുത്തേക്കു് ബഹുമാനിക്കേണ്ടിവന്നു. നമുക്കു തരുവാനിരിക്കുന്ന സംഗതികളുടെ പരാമർശനമായി അവൻ സ്വയം അപ്പംഎന്നു് വിളിച്ചു. ഈ ലോകവുമായിബന്ധപ്പെട്ട വസ്തുക്കൾകൊണ്ടു് നമ്മെ ബോധ്യപ്പെടുത്തു

www.malankaralibrary.com



വാൻ അവിടുന്നാഗ്രഹിച്ചതിനാലാണിത്. വാക്കുകൾക്കു ഉപരിസ്ഥമായ നേട്ടങ്ങൾ സംശയാതീതമായി നാം പ്രാപിക്കുന്നതിനത്രേ.

12. ഈ ലോകത്തിൽ ജീവൻ നിലനിർത്തുവാൻ നാം അപ്പം ഭക്ഷിക്കുന്നു. അപ്പത്തിന് അതിന്റെ സ്വഭാവത്താൽ തന്നെ ഇതു ചെയ്യുവാൻ സാധിക്കുകയില്ല. പിന്നെയോ, ഈ ശക്തി അതിനുകൊടുത്ത ദൈവത്തിന്റെ കല്പനയാലാണ് അതിന് ഇത് സാധ്യമായത്. അതുപോലെ കൗദാശികമായ അപ്പം ഭക്ഷിക്കുന്നതു വഴി നാം അമർത്യത പ്രാപിക്കുന്നതിനാൽ സംശയംകൂടാതെ അവശ്യാവശ്യം നമ്മെ ബോധ്യപ്പെടുത്തേണ്ടിയിരുന്നു. വാസ്തവത്തിൽ അപ്പത്തിനു അതിനാൽതന്നെ ഇപ്രകാരം ഒരു സ്വഭാവം ഇല്ലെങ്കിലും പരിശുദ്ധാത്മാവിനെയും അവിടുത്തെ കൃപയെയും പ്രാപിച്ചു കഴിയുമ്പോൾ അതു ഭക്ഷിക്കുന്നവർക്ക് അമർത്യതയുടെ സന്തോഷം പ്രദാനം ചെയ്യുവാൻ അതു കഴിവുററതായിത്തീരുന്നു. സ്വഭാവത്താലേ നമ്മുടെ ജീവൻ നിലനിർത്തുവാൻ അതിനു ശക്തിയില്ലെങ്കിലും ദൈവത്തിന്റെ കല്പനയാൽ ഈ ജീവിതത്തിൽ നമ്മെ നിലനിർത്തുവാൻ അതിനു കഴിവു ലഭിക്കുന്നുവെങ്കിൽ പരിശുദ്ധാത്മാവിന്റെ ആവാസം ലഭിച്ചശേഷം നമുക്ക് അമർത്യത ലഭിക്കുവാൻ നമ്മെ സഹായിക്കാൻ അതു എന്തുമാത്രം ശക്തമാകുകയില്ല! അതു് അതിന്റെ സ്വന്തം ശക്തിയാലല്ല, പിന്നെയോ, അതിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. നമ്മുടെ കർത്താവിന്റെ ശരീരത്തിന്റെ പ്രതീകമാണല്ലോ ഈ അപ്പം. ശരീരത്തിനു സ്വതവേ ഇല്ലാത്ത അമർത്യത ആത്മാവിന്റെ ശക്തിയാൽ പ്രാപിക്കുകയും മററുള്ളവർക്കു പ്രദാനം ചെയ്യുകയും ചെയ്തതു പോലെയാണ് അപ്പത്തിന്റെ കാര്യവും.

13. നമ്മുടെ കർത്താവ് വളരെ ശരിയായി അപ്പം ഭക്ഷണമായും വെള്ളം കൂട്ടിക്കലർത്തിയ വീഞ്ഞ് പാനീയമായും തിരഞ്ഞെടുത്തു. പഴയനിയമം നേരത്തെ തന്നെ വീഞ്ഞിനെ സൂചിപ്പിക്കാൻ 'രക്തം' എന്ന വാക്കു് ഉപയോഗിക്കുന്നു. അവർ അവനു് മുന്തിരിയുടെ രക്തം കുടിക്കുവാൻ കൊടുത്തു' (ആവ. 32:14). മറെറാരു വാചകത്തിൽ അവൻ പറയുന്നു 'അവൻ അവന്റെ വസ്ത്രങ്ങൾ വീഞ്ഞിലും അവന്റെ മേലങ്കിമുന്തിരിയുടെ രക്തത്തിലും കഴുകും' (ഉല്പ. 49:11). അവൻ കൊടുത്തതു് വീഞ്ഞാണെന്നു് അവൻ പരിപൂർണമായിവ്യക്തമാക്കി. അവൻ പറയുന്നു: 'എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടി കുടിക്കുന്നതുവരെ മുന്തിരിയുടെ ഈ ഫലത്തിൽ

www.malankaralibrary.com



നിന്നു് ഇനിമേൽ ഞാൻ കുടിക്കുന്നതല്ല'(മത്താ. 26:29; മർക്കോ. 14:25). ദൈവരാജ്യം കൊണ്ടു് ഉത്ഥാനത്തെയാണു് അവിടുന്നു് വിവക്ഷിക്കുന്നതു്. കാരണം, മരിച്ചവരിൽനിന്നു് പുതിയലോകത്തിൽ ഉയിർക്കുന്നവർക്ക വേണ്ടിയാണു് അവിടുന്നു് ദൈവരാജ്യം സ്ഥാപിച്ചിരിക്കുന്നതു്. ഭാഗ്യവാനായ ലൂക്കോസു് പറഞ്ഞതുപോലെ തന്റെ ഉത്ഥാനത്തിനുശേഷം, സ്വർഗത്തിലേക്കുള്ള കരേററത്തിനു മുമ്പു് താൻ അവരോടുകൂടി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യാനിരുന്നതിനാൽ തന്റെ പീഡാസഹനം അടുത്തിരിക്കുന്നുവെന്നും അതിനുമുൻപു് ഇനിയും അവരോടുകൂടി ഭക്ഷിക്കുകയില്ലെന്നും എന്നാൽ മരിച്ചവരിൽ നിന്നുള്ള തന്റെ ഉത്ഥാനത്തിനുശേഷം ഈ ഉത്ഥാനത്തിൽ അവരെ ഉറപ്പിക്കുവാൻ വേണ്ടി അവൻ അവരോടുകൂടി ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തു എന്നും അവൻ വ്യക്തമാക്കി (നട. 1:3; ലൂക്കോ. 24:43).

ഇക്കാരണത്താലാണു് അവിടുന്നു പറഞ്ഞതു്, 'ദൈവരാജ്യത്തിൽ നിങ്ങളോടുകൂടി പുതുതായി കുടിക്കുന്നതുവരെ മുന്തിരിയുടെ ഫലത്തിൽനിന്നു് ഇനിയും ഞാൻ കുടിക്കുകയില്ല', അതിന്റെ അർത്ഥം 'എന്റെ പീഡാനുഭവം വളരെ സമീപസ്ഥമായതിനാൽ അതിനു മുമ്പു് നിങ്ങളോടുകൂടി ഞാൻ ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുകയില്ല. എന്നാൽ ഞാൻ മരിച്ചവരിൽനിന്നു് ഉത്ഥാനം ചെയ്തതിനുശേഷം ഞാൻ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യും. ഈ കാര്യത്തിൽ ഞാനൊരു പുതിയ സംഗതിചെയ്യുകയാണു് മരിച്ചവരിൽനിന്നുത്ഥാനം ചെയ്യുകയും തന്റെ സ്വഭാവത്തിൽ അമർത്ത്യനായിത്തീരുകയും ചെയ്തവൻ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതു് ഒരു പുതിയ സംഗതിയാണു്. ഞാൻ മരിച്ചവരിൽനിന്നു് ഉത്ഥാനം ചെയ്തെന്നു് എന്നെപ്പററി നിങ്ങൾക്കു് ഒരുറച്ച വിശ്വാസം ഉണ്ടാകുവാൻവേണ്ടി ഞാൻ സ്വാഭാവികനിയമങ്ങൾക്കു് എതിരായി പ്രവർത്തിക്കുന്നു. നിങ്ങളോടൊപ്പം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തവനായി നേരത്തെ നിങ്ങൾ അറിഞ്ഞ ഞാൻ ഉത്ഥാനംചെയ്തു. എന്റെ ഉത്ഥാനത്തെപ്പററി നിങ്ങൾക്ക നിരവധി സംശയം ഉണ്ടാകുവാൻ ഇടയുള്ളതിനാൽ നിങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ വേണ്ടി ഞാൻ സ്വാഭാവികനിയമങ്ങൾക്കെതിരായി പ്രവർത്തിക്കേണ്ടി വന്നു. മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്ത ഒരു പുതിയ സംഗതി ചെയ്യേണ്ടി വന്നു. അതായതു് അമർത്ത്യസ്വഭാവം സ്വീകരിച്ചതിനുശേഷം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുക എന്നതു്. നിങ്ങൾ ഈ ഉത്ഥാനത്തെപ്പററി മററുള്ളവരുടെ പ്രബോധകരായിത്തീരേണ്ടതിനാൽ എന്റെ ഉത്ഥാനത്തെപ്പററി അടിയുറച്ച ബോധ്യം നിങ്ങൾക്കു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്.'

www.malankaralibrary.com



14. നമ്മുടെ കർത്താവായ മിശിഹാ നിങ്ങാംക്ക കാസായിൽ തൻെറ രക്ത്തത്തിൻെറ അടയാളമായി തന്നതു വീഞ്ഞാണ് എന്നതു് അതു വെള്ളത്തോടു കൂടി ചേർക്കപ്പെട്ടതാണ് എന്ന സംഗതിയിൽ നിന്നു സുഗ്രാഹ്യമാണ്. ഇതു സാധാരണയായി ഇപ്രകാരമാണു കുടിക്കുന്നതു്. അല്ലെങ്കിൽ അപ്പം തിന്നതിനുശേഷം ഒരു കപ്പ് വെള്ളം കുടിക്കുക എന്നുള്ളതു് ഉചിതമായിരിക്കാം എന്നതുകൊണ്ടാകാം.—വെള്ളം കലർത്താതെ അപ്പം ഉണ്ടാക്കുവാൻ പററില്ലല്ലോ.—മാമോദീസായിലെ ജനനത്തിൽ ഈ അടയാളം ഉപയോഗിച്ചതിനുശേഷം നമ്മുടെ പോഷണത്തിനു വേണ്ടിയുള്ള കൂദാശയിലെ പാനപാത്രത്തിലും നാം ഉപയോഗിക്കുന്നു. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ വിശുദ്ധകൂദാശയിലുള്ള നമ്മുടെഭാഗഭാഗിത്വത്തിൽ നമ്മുടെ കർത്താവിൻെറ മരണം നാം അനുസ്മരിക്കുന്നതു് ആവശ്യം ആയിരുന്നു (1 കൊരി.11:26). അതുപോലെ മാമോദീസായിൽ സംഭവിക്കുന്ന സംഗതികളിൽ അതു നാം അനുസ്മരിക്കുമ്പോൾ രണ്ടാമത്തെ ജനനം അതിൽനിന്നു സ്വീകരിക്കുമെന്നു നാം വിശ്വസിക്കുന്നു. വിശുദ്ധ മാമോദീസാ എന്നു ദാനത്തിൻെറ ഘടകങ്ങളിൽ നാം ദർശിക്കേണ്ടവ ഈ കൂദാശയുടെ അടയാളങ്ങളുടെ ഘടകങ്ങളിലും ദർശിക്കണം.

ഇതാണു കൂദാശയുടെ ശക്തി. ഭക്ഷിക്കുക, കുടിക്കുക എന്നീ രണ്ടു് സംഗതികൾ കൂദാശയുടെ അടയാളങ്ങളും പ്രതീകങ്ങളുമാണ്. അവ എങ്ങനെ ഫലദായകമാകുന്നുവെന്നു നിങ്ങളുടെ ശരിയായ പ്രബോധനത്തിനുവേണ്ടി നിങ്ങളോടു് ഇപ്പോൾ സംസാരിക്കുന്നതു് ഉപയോഗപ്രദമെന്നു കരുതുന്നു.

15. നാം ഒരു ബലി അർപ്പിക്കുകയും അതിൽനിന്നു ഭക്ഷിക്കുകയും ചെയ്യുകയാണെന്നു് ആദ്യമായി മനസ്സിലാക്കണം. ഭക്ഷണപാനീയങ്ങളിൽ നമ്മുടെ കർത്താവിൻെറ മരണം നാം അനുസ്മരിക്കുന്നു. ഇതു് അവൻെറ പീഡാനുഭവത്തിൻെറ അനുസ്മരണമാണെന്നു നാം വിശ്വസിക്കുന്നു. കാരണം, അവിടുന്നു പറഞ്ഞു: 'ഇതു നിങ്ങൾക്കായി മുറിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു. ഇതു നിങ്ങൾക്കായി ചിന്തപ്പെടുന്ന എൻെറ രക്തമാകുന്നു' (മത്താ. 26:26). എങ്കിലും ആ ശുശ്രൂഷയിൽ നാം ഒരു ബലി അർപ്പിക്കുകയാണ്. പുതിയ നിയമത്തിലെ പുരോഹിതൻെറ ജോലിയാണ് ഈ ബലി അർപ്പിക്കുകയെന്നുള്ളതു്. ഇതുവഴിയാണു പുതിയ ഉടമ്പടി നിലനിർത്തപ്പെടുന്നതു്. ഇതൊരു ബലിയാണെന്നുള്ളതു് യഥാർത്ഥത്തിൽ വ്യക്തമാണ്. എന്നാലിതു പുതിയ ഒന്നല്ല. പുരോഹിതൻ തൻേറതായി അർപ്പിക്കുന്നതുമല്ല. പിന്നെയോ, ക്രിസ്തുവിൻെറ

www.malankaralibrary.com



യഥാർത്ഥബലിയുടെ അനുസ്മരണമാണിതു്. സ്വർഗത്തിൽ കാണപ്പെടുന്ന സംഗതികൾ അടയാളങ്ങളും പ്രതീകങ്ങളും വഴി വൈദികൻ നിർവഹിക്കുന്നതിനാൽ അവൻെറ ബലിയും അവയുടെ പ്രതിരൂപംപോലെ ആയിരിക്കുക ആവശ്യമാണു്. സ്വർഗീയ ശുശ്രൂഷയുടെ സാദൃശ്യത്തെ അവൻ വരച്ചുകാട്ടുകയും വേണം. സ്വർഗീയ സംഗതികളുടെ സാദൃശ്യം നമുക്കില്ലെങ്കിൽ പഴയനിയമത്തിനു പുറത്തെ വൈദികരായിരിക്കുവാനും വൈദിക ശുശ്രൂഷ നടത്തുവാനും നമുക്കു സാധ്യമല്ല.

നമ്മുടെ കർത്താവായ മിശിഹായെപ്പററി ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'അവൻ ഭൂമിയിൽ ആയിരുന്നെങ്കിൽ പ്രധാനാചാര്യനാകുമായിരുന്നില്ല. നിയമപ്രകാരം അർപ്പണം നടത്തുകയും സ്വർഗീയ വസ്തുക്കളുടെ നിഴലും സാദൃശ്യവും ആയതിനു് ശുശ്രൂഷചെയ്യുകയും ചെയ്യുന്ന പുരോഹിതന്മാർ ഉണ്ടായിരുന്നു.' (എബ്രാ.8:4–5). നിയമപ്രകാരമുള്ള പുരോഹിതന്മാരെല്ലാം തങ്ങളുടെ പൗരോഹിത്യ ശുശ്രൂഷ ഭൂമിയിൽ നടത്തുന്നുവെന്നു് അവൻ ഇതുകൊണ്ടു് അർത്ഥമാക്കുന്നു. ഭൂമിയിലെ നിയമങ്ങളെല്ലാം മർത്യർക്കു് അനുയോജ്യമായ രീതിയിലാണു്. മരണത്തിനായി ആനയിക്കപ്പെടുന്ന ബുദ്ധിയില്ലാത്ത ജീവികളെക്കൊണ്ടുള്ളതാണു് ആ പുരോഹിതരുടെ ബലികൾ. അവർ ഭൂമിയിൽ ഈ മർത്യവാസത്തിനു യോജിച്ചവരാണു് എന്നാണതിൻെറയർത്ഥം. നിയമത്തിൻെറ എല്ലാ കല്പനകളും അനുഷ്ഠാനങ്ങളും ഭാഗികമായി മാത്രം അനുയോജ്യമാണെന്ന വാസ്തവത്തിൽ വ്യക്തമാണല്ലോ. പരിച്ഛേദനം, ശാബത്, വിശുദ്ധദിവസങ്ങൾ, ദിവസങ്ങളുടെ ആചരണം, ഭക്ഷണത്തിൻെറ തരംതിരിക്കൽ, ആദിയായവ നശ്വരസ്വഭാവത്തിനു ചേർന്നതാണു്. അമർത്യസ്വഭാവത്തിൽ ഇതിനൊന്നും സ്ഥാനമില്ല; മൂകജന്തുക്കളുടെ ബലികളും ചേർന്നതല്ല. ബലിയുടെ അവസരം അവയെ മനുഷ്യർ അറുത്തുകൊല്ലുന്നു. നമ്മുടെ കർത്താവായ മിശിഹായും തൻെറ പൗരോഹിത്യശുശ്രൂഷ ഈ ഭൂമിയിൽ അനുഷ്ഠിക്കണമെന്നുണ്ടെങ്കിൽ ദൈവിക നിയമം അനുസരിച്ചു നിർവഹിക്കേണ്ടിയിരുന്നു. അതു് മോശയുടെ നിയമവുമായി ഒത്തുപോകുന്നതത്രേ. നിയമം അനുസരിച്ചുള്ള പൗരോഹിത്യധർമ്മം നിർവഹിച്ചില്ലെങ്കിൽ അവൻ മഹാപുരോഹിതനാകുമായിരുന്നില്ല. കാരണം, അവിടെ ദൈവത്തിൻെറ നിയമം അനുസരിച്ചുള്ളതല്ലാത്ത ഒരു പൗരോഹിത്യധർമ്മം ആയിരിക്കും അവൻ അനുഷ്ഠിക്കുക. എന്നാൽ ഇപ്പോഴാകട്ടെ അവിടുന്നു് ഭൂമിയിലല്ല സ്വർഗത്തിലത്രേ പൗരോഹിത്യധർമം അനുഷ്ഠിക്കുന്നതു്. കാരണം, നമ്മളെല്ലാവരെയും ഉയിർപ്പിക്കുവാനും സ്വർഗത്തിലേക്കു് എടുക്കുവാനും അവിടുന്നു്

www.malankaralibrary.com



മരിക്കുകയും ഉയിർക്കുകയും സ്വർഗത്തിലേക്കു കരേറുകയും,മരിച്ചവരിൽനിന്നുള്ള ഉയിർപ്പിലും സ്വർഗത്തിലേക്കുള്ള കരേററത്തിലും ഭാഗഭാഗിത്വം നൽകുമെന്നു തന്നിൽ വിശ്വസിച്ചവരുമായി ഒരുടമ്പടി ഉണ്ടാക്കുകയും ചെയ്തു (എബ്രാ. 4:14;6:20; 8:6).

16. അവിടുന്ന് യഥാർത്ഥമായ ശ്രേഷ്ഠപൗരോഹിത്യമാണ് നിർവഹിക്കുന്നത്. അവൻ എല്ലാവർക്കും വേണ്ടി മരണത്തിനു സ്വയം കയ്യാളിച്ചതിനാൽ ദൈവത്തിനു സ്വയം യാഗമായി അർപ്പിച്ചു. അവനാണ് ആദ്യമായി മരിച്ചവരിൽ നിന്ന് ഉത്ഥാനംചെയ്തത്. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ നമ്മുടെ എല്ലാ എതിരാളികളെയും നശിപ്പിക്കുവാൻ അവൻ സ്വർഗാരോഹണം ചെയ്യുകയും ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാകുകയും ചെയ്തു:

'നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ എന്നേയ്ക്കുമായി ഏകബലി അർപ്പിച്ചിട്ട് തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി. തന്റെ ശത്രുക്കൾ തന്റെ പാദപീഠമാകുവാൻ കാത്തിരിക്കുകയും ചെയ്യുന്നു. കാരണം, വിശുദ്ധീകരിക്കപ്പെട്ടവരെ ഏകസമർപ്പണം വഴി എന്നേയ്ക്കുമായി അവിടുന്ന് പൂർണരാക്കിയിരിക്കുന്നു' (എബ്രാ.10:12–14). നമുക്കെതിരായി യുദ്ധം ചെയ്യുന്നവരെ അവൻ ശത്രുക്കളെന്നു വിളിക്കുന്നു. അവരുടെ നാശം നമ്മുടെ പരിപൂർണതയായി അവൻ വ്യക്തമായി കാണുന്നു. ദൈവത്തിൻ പക്കലേയ്ക്കു സ്വയംആദ്യം അടുക്കുകയും പിന്നീട് തന്നിലൂടെ മററുള്ളവരെ ദൈവത്തിൻ പക്കലേയ്ക്ക് അടുപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് മഹാപുരോഹിതന്റെ ജോലി. തന്റെ ഉത്ഥാനംവഴി ആദ്യമായി സ്വർഗത്തിലേക്കു കരേറിയതിനാൽ ക്രിസ്തു യഥാർത്ഥത്തിൽ മഹാപുരോഹിതനാണ്. അതുകൊണ്ട് ഭാഗ്യവാനായ പൗലോസ് അപ്രകാരം ക്രിസ്തുവിനെ ശരിയായി വിളിക്കുന്നു. അവിടുന്നു സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരുന്നു. അവനിലൂടെ ദൈവത്തിൻ പക്കലേയ്ക്ക് അടുക്കുന്നതിനും നമ്മകളുടെ ഭാഗഭാഗിത്വം ഉണ്ടാകുന്നതിനും അവൻ നമ്മെ അനുവദിച്ചു. ഭാഗ്യവാനായ പൗലോസ് പറഞ്ഞു: 'നാമെല്ലാവരുടെയും പ്രധാന പുരോഹിതനായ നമ്മുടെ കർത്താവീശോമിശിഹാ സ്വർഗീയവസ്തുക്കളുടെ നിഴലിനെയും സാദൃശ്യത്തെയും ശുശ്രൂഷിക്കുന്ന നിയമത്തിന്റെ മഹാപുരോഹിതന്മാരെപ്പോലെയല്ല, പിന്നെയോ, മനുഷ്യനല്ല ദൈവം സ്ഥാപിച്ച മദ്ബഹായുടെയും സത്യകൂടാരത്തിന്റെയും ശുശ്രൂഷകനാണ്' (എബ്രാ. 8: 1–5). അങ്ങനെ അവ വഴി അവൻ സ്വർഗീയവസ്തുക്കൾ നമുക്കു വ്യക്തമാക്കിത്തന്നു. മദ്ബഹാ

www.malankaralibrary.com



എന്ന വാക്കുകൊണ്ടു സ്വർഗ്ഗീയവസ്തുക്കളെയാണ് അവൻ ഉദ്ദേശിക്കുന്നത്. എതിരായിട്ടുള്ളതോ, അസ്വീകാര്യമായതോ ഒന്നും അതു് ഉൾക്കൊള്ളുന്നില്ല. 'മനുഷ്യനല്ല ദൈവം സ്ഥാപിച്ച സത്യകൂടാരം' എന്നതുകൊണ്ടു സ്വർഗ്ഗീയവാസസ്ഥലത്തെയാണ് അർത്ഥമാക്കുന്നതു്. കാരണം, നിയമത്തിന്റെ കൂടാരം, സ്ഥാപിച്ചതു് മനുഷ്യനാണ്. എന്നാൽ സ്വർഗ്ഗമാകട്ടെ മനുഷ്യനല്ല, ദൈവം ഉണ്ടാക്കിയതാണ്. 'ക്രിസ്തു ശുശ്രൂഷകനാണ്'' എന്നു് ശ്ലീഹാ പറഞ്ഞതു് ഇതിനെപ്പററിയാണ്. അവിടുന്നു സ്വർഗ്ഗത്തിലേക്ക് കരേറി, നമുക്കെല്ലാവർക്കുംവേണ്ടി ശുശ്രൂഷചെയ്യുന്നു. എല്ലാവിധത്തിലും തന്റെ വാഗ്ദാനമനുസരിച്ച്, നമ്മെ തന്നിലേയ്ക്കു് അടുപ്പിക്കുവാനാണതു്. 'അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു' എന്നു് ഇക്കാരണത്താലാണ് അവിടുന്ന് മറെറാരു ഭാഗത്തു പറഞ്ഞിരിക്കുന്നതു് (റോമ. 8:34). നമുക്കുവേണ്ടി വാക്കുകളിലുള്ള അപേക്ഷ എന്നല്ല ഈ മാധ്യസ്ഥ്യത്തെ അവിടുന്നു വിളിക്കുന്നതു്. കാരണം ഈ മധ്യസ്ഥത പ്രവൃത്തികളിലൂടെ ഉള്ളതാണ്. എന്തെന്നാൽ സ്വർഗ്ഗത്തിലേക്കുള്ള തന്റെ കരേററംവഴി അവൻ നമുക്കു വേണ്ടി ദൈവത്തോടു് മധ്യസ്ഥത വഹിക്കുന്നു. നാമെല്ലാവരും സ്വർഗ്ഗത്തിൽ തന്റെ പക്കലേയ്ക്കു കരേറണമെന്ന് അവിടുന്നു താത്പര്യപ്പെടുന്നു.

17. നമ്മുടെ കർത്താവായ മിശിഹാ തന്റെ പൗരോഹിത്യകർമ്മം ഭൂമിയിൽ നിർവഹിച്ചിരുന്നെങ്കിൽ ആചാര്യൻ ആകുകപോലുമില്ലായിരുന്നു എന്നു് ഭാഗ്യവാനായ പൗലോസ് പറഞ്ഞിട്ടുണ്ടല്ലോ (എബ്രാ 8:4). അങ്ങനെയെങ്കിൽ അവിടുന്നു തന്റെ ശുശ്രൂഷ നിയമത്തിന്റെ ക്രമം അനുസരിച്ചല്ല പരികർമ്മം ചെയ്യുന്നതു്. പൗരോഹിത്യവും നിയമത്തിന്റെ ശുശ്രൂഷയും ദൈവം ഭൂമിയിൽ വ്യക്തമാക്കിയെങ്കിൽ ദൈവം അതു് തിരസ്കരിച്ച് ഭൂമിയിൽ അതിന്റെ സ്ഥാനത്തു് മറെറാന്നു സ്ഥാപിക്കുക ആവശ്യമില്ലായിരുന്നു. എന്നാൽ അവിടുന്നു് ശരിയായ രീതിയിൽ ഒരു പുരോഹിതനാണ്. കാരണം, അവിടുന്നു തന്റെ ആചാര്യശുശ്രൂഷ സ്വർഗ്ഗത്തിലാണ് നിർവഹിക്കുന്നതു്. അവിടെ ഭൗമികവസ്തുക്കളുമായി യാതൊരു സംസർഗ്ഗവുമില്ല. നിയമത്തിന്റെ ആചാര്യന്മാരെ അവൻ കുററപ്പെടുത്തുന്നുമില്ല. അവർ തങ്ങളുടെ ജോലി മർത്ത്യരും ഭൗമികരുമായ മനുഷ്യരുടെ ഇടയിൽ നിർവഹിക്കുന്നു എന്നു് മറെറാരിടത്തു പറഞ്ഞിരിക്കുന്നു; അവിടുന്നാകട്ടെ തന്റെ ആചാര്യത്വശുശ്രൂഷ അമർത്ത്യവും സ്വർഗ്ഗീയവുമായ വസ്തുക്കളിൽ ചെയ്യുന്നു. അവ ഉപരിശ്രേഷ്ഠവും ഉന്നതവുമാണ്. അപ്പോൾ ഭൗമിക വസ്തുക്കൾക്ക് ആചാര്യശുശ്രൂഷചെയ്യുവാൻ വേണ്ടി

www.malankaralibrary.com



നിയമിതരായ വൈദികരായിരിക്കുക നമുക്കു സാധ്യമല്ലെന്ന് വ്യക്തമാണല്ലോ. നിയമത്തിന്റെ പൗരോഹിത്യം ഭൗമികരും മർത്യരുമായ മനുഷ്യർക്ക് അനുയോജ്യമായിരുന്നുവെന്നുള്ളതു വാസ്തവത്തിൽ വ്യക്തമാണല്ലോ. എന്നാൽ ക്രിസ്തുവാകട്ടെ സ്വർഗീയ വസ്തുക്കളുടെ പ്രധാനാചാര്യനാണ്. അവിടുന്ന് ശരിയായ സമയത്ത് നമ്മെയെല്ലാം സ്വർഗത്തിലേക്കെടുക്കും.

18. പുതിയ ഉടമ്പടിക്കായി വിളിക്കപ്പെട്ട നാം ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ പ്രത്യാശയിൽ ജീവനും രക്ഷയും പ്രാപിച്ചു (എബ്രാ. 8:6). നാം അവ കണ്ടിട്ടില്ലെങ്കിലും ശരീരത്തിൽ നിന്നകന്ന് നമ്മുടെ കർത്താവിനോടു കൂടി ആയിരിക്കുവാൻ ക്ഷമാപൂർവം പ്രതീക്ഷിക്കുന്നു. നാം കാഴ്ചയാലല്ല വിശ്വാസത്താലാണ് വ്യാപരിക്കുന്നത് (2കൊരി. 5:7–8). കാരണം, നാം ഇപ്പോഴും സ്വർഗീയസൗഭാഗ്യത്തിൽ അല്ലാത്തതിനാൽ ഇപ്പോഴ, യാഥാർത്ഥ്യത്തിലല്ല: നാം കർത്താവിലേക്ക് യാത്രയായി സ്വർഗത്തിലേക്കു കരേറി, കണ്ണാടിയിൽകൂടിയോ ഉപമയിൽകൂടിയോ അല്ലാതെ മുഖാമുഖം കാണുന്നതുവരെ ഇവിടെ നാം വിശ്വാസത്തിൽ കാത്തിരിക്കുന്നു. ദൈവം നിശ്ചയിച്ച സമയത്തുള്ള ഉയിർപ്പിലൂടെ ഈ സംഗതികൾ യഥാർത്ഥമായി ലഭിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. ഇപ്പോഴാകട്ടെ, ഈ നന്മകളുടെ ആദ്യഫലങ്ങളിലേക്കു വിശ്വാസത്താൽ നാം അടുക്കുന്നു. നമ്മുടെ കർത്താവും നമ്മുടെ വസ്തുക്കളുടെ പ്രധാനാചാര്യനുമായ മിശിഹാ ഭാവിനന്മകളുടെ പ്രതീകങ്ങളും അടയാളങ്ങളും ഈ ലോകത്തിൽവച്ച് ആചരിക്കുവാൻ നമ്മോട് കല്പിച്ചു. അങ്ങനെ നാം കൂദാശകളുടെ പരികർമത്താൽ സ്വർഗീയ ദാനങ്ങളുടെ സന്തോഷം പ്രതീകാത്മകമായി അനുഭവിക്കുന്ന മനുഷ്യരായിത്തീരും. അതുപോലെ നാം നോക്കിപ്പാർക്കുന്ന സംഗതികൾ സ്വന്തമായെന്ന ചിന്തയും ഉറച്ച പ്രത്യാശയും നമുക്കു ലഭിക്കുന്നു.

ഉത്ഥാനംവഴി നാം പ്രതീക്ഷിക്കുന്ന പുതിയ ജന്മമാണ് യഥാർത്ഥമായിട്ടുള്ളത്. ഈ പുതിയ ജന്മം പ്രതീകങ്ങൾ വഴിയും കൂദാശാപരമായും മാമോദീസായിലൂടെ നാം പരികർമ്മം ചെയ്യുന്നു. അതുപോലെ അമർത്യയുടെ യഥാർത്ഥ ഭക്ഷണം പരിശുദ്ധാത്മാവിന്റെ കൃപയാൽ സ്വർഗത്തിൽ സത്യമായും നമുക്ക് ലഭിക്കുവാൻ ഇരിക്കുന്നതാണ്. എന്നാൽ ഇപ്പോഴാകട്ടെ പ്രതീകങ്ങളിലും പ്രതീകങ്ങളിലൂടെയും പരിശുദ്ധാത്മാവിന്റെ കൃപയാൽ നമുക്കു നല്കപ്പെടുന്ന അമർത്യഭക്ഷണം പ്രതീകാത്മകമായി നാം ഭക്ഷിക്കുന്നു.

www.malankaralibrary.com



19. മഹാപുരോഹിതൻെറ ദൗത്യം അവശ്യാവശ്യം നിർവഹിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ പ്രതീകങ്ങളുടെ ശുശ്രൂഷകരായി നിയമിക്കപ്പെടുന്നവരിൽ ഇതു കാണപ്പെടുന്നു. നമ്മുടെ കർത്താവായ മിശിഹാ പ്രവർത്തിച്ചതും പ്രവർത്തിക്കാനിരിക്കുന്നവയുമായവ പുതിയനിയമത്തിൻെറ വൈദികരായി തിരഞ്ഞെടുക്കപ്പെടുന്നവർ സഭാസന്താനങ്ങളുടെ പ്രബോധനത്തിനും ഉറപ്പിനും വേണ്ടി കൂദാശാപരമായി പരിശുദ്ധാത്മാവിൻെറ ആവാസത്താൽ പരികർമ്മം ചെയ്യുന്നു.

നിയമത്തിൻെറ പുരോഹിതന്മാരെപ്പോലെ ഇക്കാരണത്താലാണ് അവർ എല്ലാ സമയവും പുതിയ ബലി അർപ്പിക്കാത്തത്. നിയമത്തിൻെറ പുരോഹിതന്മാർ ദൈവത്തിന് കാളകളുടെയും കോലാടുകളുടെയും പെണ്ണാടുകളുടെയും ആയ നിരവധിയും വിവിധവുമായ ബലികൾ അർപ്പിക്കുവാൻ നിയുക്തരായിരുന്നു. അവർ എല്ലാ സമയവും പുതിയ ബലികൾ അർപ്പിച്ചു. ബലിമൃഗങ്ങളെ വെട്ടിക്കൊന്നു കഷണങ്ങളാക്കി കഴിയുമ്പോൾ വളരെ നേരത്തെ വെട്ടപ്പെട്ടവയുടെ സ്ഥാനത്ത് എപ്പോഴും മറ്റുള്ളവ അർപ്പിക്കപ്പെട്ടിരുന്നു. പുതിയനിയമത്തിലെ പുരോഹിതന്മാരാകട്ടെ എപ്പോഴും എല്ലായിടത്തും ഒരേ ബലി അർപ്പിക്കുന്നു. കാരണം, നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ മിശിഹാ നമുക്കുവേണ്ടി അർപ്പിച്ച ബലി ഏകമാകുന്നു. ഈ ബലി അർപ്പിക്കുന്നതുവഴി അവിടുന്നു നമുക്കു പൂർണത നേടിത്തന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ വിശുദ്ധീകരിക്കപ്പെട്ടവരെ ഏകസമർപ്പണം വഴി അവിടുന്ന് എന്നേയ്ക്കുമായി പൂർണരാക്കി' (എബ്രാ. 10:14).

20. നാമെല്ലാവരും എല്ലായിടത്തും എല്ലാ സമയവും എപ്പോഴും ആ ബലിയുടെ അനുസ്മരണം നടത്തുന്നു. കാരണം, നാം ഈ അപ്പം ഭക്ഷിക്കുകയും ഈ കാസാ പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണമാണു തൻെറ വരവുവരെ അനുസ്മരിക്കുന്നത് (1 കൊരി. 11:26). ഭീതിജനകമായ ഈ ബലിയുടെ ശുശ്രൂഷ നിർവഹിക്കുമ്പോഴെല്ലാം നാം അവ്യക്തമായി സ്വർഗത്തിലാണെന്നു മനസ്സാ വിഭാവന ചെയ്യണം. ഈ ബലി വ്യക്തമായി സ്വർഗീയ സംഗതികളുടെ സാദൃശ്യമാണല്ലോ. നമ്മുടെ ഭാവി നന്മകളിലുള്ള യഥാർത്ഥ ഭാഗഭാഗിത്വമായി അതു പൂർണമാക്കപ്പെട്ടശേഷം ഈ ഭക്ഷണപാനീയങ്ങൾവഴി അതിൽ ഭാഗഭാക്കുകളാകാൻ നാം യോഗ്യരായിത്തീരുന്നു. വിശ്വാസംവഴി സ്വർഗീയസംഗതികളുടെ ചിത്രം നമ്മുടെ ഭാവനയിൽ കൊണ്ടുവരണം. അതേസമയം, സ്വർഗസ്ഥനായിരിക്കുകയും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും സ്വർഗത്തിലേക്കെടുക്കപ്പെടുകയും ഇപ്പോൾ അർപ്പിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിനെ

www.malankaralibrary.com



പ്പററി നാം ചിന്തിക്കണം. വിശ്വാസം വഴി ഇപ്പോഗം പ്രതീകങ്ങളിലൂടെ പുനരാവിഷ്ക്കരിക്കപ്പെടുന്ന സംഗതികഗം നാം ധ്യാനിക്കുന്നതുവഴി—അവൻ വീണ്ടും മരിക്കുന്നെന്നും ഉയിർക്കുന്നെന്നും സ്വർഗത്തിലേക്കു കരേറുന്നെന്നും—നമുക്കുവേണ്ടി നേരത്തെ സംഭവിച്ച സംഗതികളുടെ ദർശനത്തിലേക്കു നാം ആനീതരാകും.

21. നമ്മുടെ കർത്താവായ മിശിഹാ നമുക്കുവേണ്ടി സ്വയം അർപ്പിക്കുകയും യഥാർത്ഥമായി നമ്മുടെ മഹാപുരോഹിതനായിത്തീരുകയും ചെയ്തതിനാൽ, അൾത്താരയെ സമീപിക്കുന്ന, പുതിയനിയമത്തിന്റെ വൈദികർ അവന്റെ ഛായയെ പ്രതിബിംബിക്കുന്നു എന്നു നാം ഗ്രഹിക്കണം. അവൻ അവന്റെ സ്വന്തബലിയല്ല അവിടെ അർപ്പിക്കുന്നത്. സത്യമായി മഹാപുരോഹിതനും അവനല്ല. പിന്നെയോ, ക്രിസ്തുവിന്റെ അവാച്യബലി പ്രതീകാത്മകമായി അവൻ തന്റെ ശുശ്രൂഷവഴി പരികർമ്മം ചെയ്യുന്നു എന്നു മാത്രം. ഈ പ്രതീകത്തിലൂടെ അവാച്യമായ സ്വർഗീയ സംഗതികളുടെയും സ്വഭാവാതീതവും ശരീരരഹിതവുമായ സൈന്യങ്ങളുടെയും സാദൃശ്യം അവ്യക്തമായി അവൻ പുനരാവിഷ്ക്കരിക്കുന്നു. വാസ്തവത്തിൽ എല്ലാ അദൃശ്യസൈന്യങ്ങളും നമ്മുടെ കർത്താവായ മിശിഹാ നമുക്കുവേണ്ടി ചെയ്ത അവാച്യ വ്യാപാരത്തിനു ശുശ്രൂഷ ചെയ്തു. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ 'രക്ഷയുടെ അവകാശികളാകുവാനിരിക്കുന്നവർക്കു ശുശ്രൂഷ ചെയ്യാൻ അയയ്ക്കപ്പെട്ട സേവകാത്മാക്കളാണ് അവരെല്ലാം' (എബ്രാ. 1:14). 'മാലാഖമാർ വന്ന് അവനു ശുശ്രൂഷ ചെയ്തു' എന്നു സുവിശേഷകനായ മത്തായി പറഞ്ഞപ്പോഗം (4:11). അവൻ ഇതാണ് കാണിച്ചത്. 'ഇനിമേൽ സ്വർഗം തുറന്നിരിക്കുന്നതും ദൈവദൂതന്മാർ മനുഷ്യപുത്രന്റെ പക്കലേക്കു കയറുകയും ഇറങ്ങുകയും ചെയ്യുന്നതു നിങ്ങഗം കാണും' എന്നു പറഞ്ഞുകൊണ്ടു് നമ്മുടെ കർത്താവും ഇതിനു സാക്ഷ്യം വഹിക്കുന്നു (യോഹ. 1:51). അവർ വഴി സംഭവിച്ച സംഗതികളെ സുവിശേഷത്തിലെ സംഭവങ്ങഗം കാട്ടുന്നു. 'അത്യുന്നതങ്ങളിൽ, ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യർക്കു നല്ല പ്രത്യാശ' എന്നു നമ്മുടെ കർത്താവിന്റെ ജനനത്തിൽ അവർ പാടിയതും (ലൂക്കാ. 2:14) തന്റെ ഉത്ഥാനാവസരം സ്ത്രീകഗക്കു കാണപ്പെട്ടപ്പോഗം സംഭവിച്ചവയും ശ്ലീഹന്മാർക്കജ്ഞാതമായവ തന്റെ സ്വർഗാരോഹണത്തിൽ വിശദീകരിച്ചതും അത്തരത്തിൽപ്പെട്ടവയാണ്. അതുകൊണ്ടു ഭീതിജനകമായ ഈ ശുശ്രൂഷ നിർവഹിക്കപ്പെടുമ്പോഗം ഡീക്കന്മാർ അദൃശ്യാത്രൂപികളുടെ ശുശ്രൂഷയുടെ സാദൃശ്യമാ

www.malankaralibrary.com



ണെന്നും തങ്ങാം സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപയാൽ ഈ ഭീതിജനകമായ ശുശ്രൂഷയ്ക്ക തങ്ങാം നിയമിതരാണെന്നും ചിന്തിക്കേണ്ടതു് അത്യാവശ്യമാണു്.

22. 'വിജാതീയരുടെ ശ്ലീഹാ എന്ന നിലയിൽ ഞാൻ എന്റെ ശുശ്രൂഷയിൽ അഭിമാനം കൊള്ളുന്ന എന്നു ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ (റോമ. 11:13) ഇക്കാരണത്താലാണു നാമെല്ലാം ക്രിസ്തുവിന്റെ ശുശ്രൂഷകർ എന്നു വിളിക്കപ്പെടുന്നതു്. ഈ ശുശ്രൂഷ നിർവഹിക്കുന്നവരെ വിശേഷവിധിയായി ഈ നാമം സൂചിപ്പിക്കുന്നു. എല്ലാവരും അവരെ ഡീക്കന്മാർ എന്നു വിളിക്കുന്നു. കാരണം, ഈ ശുശ്രൂഷ നിർവഹിക്കുവാൻ അവർ മാത്രം നിയമിതരായിരിക്കുന്നു. ആത്മീയ ദൂതന്മാരുടെയും ശുശ്രൂഷകരുടെയും ശുശ്രൂഷയുടെ സാദൃശ്യം അവർ പ്രതിനിധീകരിക്കുന്നു.

23 തങ്ങളുടെ ശുശ്രൂഷയ്ക്കു ചേർന്ന ഒരു വസ്ത്രവും അവർക്കുണ്ടു്. അവരുടെ പുറംവസ്ത്രം അവരെക്കാരം നീളമുള്ളതാണു്. അപ്രകാരമുള്ള ഒരു വസ്ത്രം ഈ രീതിയിൽ ധരിക്കുന്നതു ശുശ്രൂഷ ചെയ്യുന്നവർക്കു് ഉചിതമാണു്. അവർ അവരുടെ ഇടത്തെ തോളിൽ ഒരു ഊറാറാ ധരിക്കുന്നു. അതു മുൻപിലും പുറകിലും തുല്യമായി നീണ്ടുകിടക്കുന്നു. അടിമത്തത്തിന്റെ ശുശ്രൂഷയല്ല, സ്വാതന്ത്ര്യത്തിന്റെ ശുശ്രൂഷയാണു് അവർ പരികർമ്മം ചെയ്യുന്നതു് എന്നു് ഇതു കാട്ടുന്നു. സഭയാകുന്ന ദൈവത്തിന്റെ വലിയ ഭവനത്തിനു് അർഹരായ എല്ലാവരെയും സ്വാതന്ത്ര്യത്തിലേക്കു് ആനയിക്കുന്ന സംഗതികൾക്കു് അവർ ശുശ്രൂഷ ചെയ്യുന്നു. കഴുത്തിന്റെ ഇരുവശങ്ങളിലും മുൻവശത്തായി കിടക്കത്തക്കരീതിയിൽ അവർ ഊറാറാ ധരിക്കാറില്ല. കാരണം, ഇപ്രകാരമുള്ള വസ്ത്രം ധരിച്ചു് ആരും ഭവനത്തിൽ ശുശ്രൂഷ ചെയ്യാറില്ല. യജമാനന്മാരും എല്ലാവിധ ദാസ്യത്തിൽനിന്നും അകന്നവരുമാണു് ഇപ്രകാരം ധരിക്കുന്നതു്. ഡീക്കന്മാരാകട്ടെ സേവനത്തിനു നിയമിതരാകയാൽ അതു് അവരുടെ തോളുകളിൽ ധരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിച്ചു വിളിക്കപ്പെട്ട നാമെല്ലാവരുടെയും സ്വാതന്ത്ര്യത്തിന്റെ ഏക അടയാളമാണു് ഊറാറാ. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ 'സത്യത്തിന്റെ തൂണും അടിസ്ഥാനവും ജീവനുള്ള ദൈവത്തിന്റെ സഭയും ആയ ദൈവഭവനത്തിലേക്കു്' (1 തിമോ. 3:15) പോകുവാനും അതിലായിരിക്കുവാനും നാം തിടുക്കം കൂട്ടുന്നു. അതിൽ പരികർമ്മം ചെയ്യപ്പെടുന്ന എല്ലാ സംഗതികൾക്കും ശുശ്രൂഷ ചെയ്യുവാൻ വ്യക്തമായി അവർ നിയമിതരായിരിക്കുന്നു.

www.malankaralibrary.com



24. നമ്മുടെ കർത്താവായ മിശിഹാ നമുക്കുവേണ്ടി ചെയ്ത സംഗതികൾ ഭീതിദായകമാണ്. ഭാവി ലോകത്തിൽ അവയുടെ സമ്പൂർണ്ണ പൂർത്തീകരണം നാം പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇപ്പോൾ വിശ്വാസം വഴിയേ നാം അവ സ്വീകരിക്കുന്നുള്ളു. അവയിൽ ഉള്ള വിശ്വാസത്തിനൊട്ടും കുറവു വരാതെ നാം ഈ ലോകത്തിൽ പടിപടിയായി മുന്നോട്ടു പോകുന്നു. സംഗതികൾ ഇങ്ങനെയാകയാൽ ഈ കൂദാശയുടെ പരികർമ്മത്തിലൂടെ നമുക്കു വെളിപ്പെടുത്തപ്പെട്ട സംഗതികളിലുള്ള വിശ്വാസത്തിൽ നാം അവശ്യാവശ്യം ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഇവവഴി വരാനിരിക്കുന്ന സംഗതികളിലേക്കു നാം ആനയിക്കപ്പെടുകയാണ്. കാരണം, നമ്മുടെ കർത്താവീശോമിശിഹായുടെ അവാച്യമായ വ്യാപാരത്തിന്റെ സാദൃശ്യം ഇവയിലുണ്ട്. സംഭവിച്ച സംഗതികളുടെ ഒരു ദർശനവും നിഴലും നാം അവയിൽ സ്വീകരിക്കുന്നു. ഇക്കാരണത്താലാണ് പുരോഹിതൻ വഴി നമ്മുടെ മിശിഹാകർത്താവിനെ നാം നമ്മുടെ മനസ്സിൽ വിഭാവനം ചെയ്യുന്നത്. തന്റെ യാഗം വഴി നമ്മെ രക്ഷിക്കയും വിടുവിക്കയും ചെയ്തവനെ അവനിൽ നാം ദർശിക്കുന്നു. സംഭവിക്കുന്ന സംഗതികളുടെ ശുശ്രൂഷകരായ ഡീക്കന്മാർ വഴി ആ അവാച്യ ശുശ്രൂഷയെ ശുശ്രൂഷിച്ച അദൃശ്യ സൈന്യങ്ങളെ നാം നമ്മുടെ മനസ്സിൽ വിഭാവനം ചെയ്യുന്നു. ഈ അർപ്പണത്തെ, ഈ അർപ്പണത്തിന്റെ ദൃഷ്ടാന്തത്തെ സജ്ജമാക്കുന്നത് ഡീക്കന്മാരാണ്. ഭീതിജനകമായ അൾത്താരമേൽ അതു് തയ്യാറാക്കി വയ്ക്കുന്നതു് അവരാണ്. ഭാവനയിൽ ചിത്രീകരിക്കപ്പെടുന്ന അതിന്റെ ദർശനത്തിൽ അതു് കാഴ്ചക്കാർക്കു് തികച്ചും ഭീതിജനകമായ യാഥാർത്ഥ്യം തന്നെയാണ്.

25. ഒരിക്കൽ പീഡനത്തിനായി വലിച്ചിഴയ്ക്കപ്പെടുകയും പിന്നീട് നമുക്കുവേണ്ടി അൾത്താരയിൽ ബലിയർപ്പിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനെ നമുക്കനുസ്മരിക്കാം. അൾത്താരയിൽ വയ്ക്കപ്പെടാൻ പോകുന്ന അർപ്പിതവസ്തുക്കൾ കാസായിലും പീലാസായിലും സജ്ജമാക്കപ്പെടുമ്പോൾ നമ്മുടെ കർത്താവായ മിശിഹാ തന്റെ പീഡാനുഭവത്തിനായി ആനീതനാകുന്നതു നമുക്കനുസ്മരിക്കാം. എന്നാൽ യൂദന്മാർ വലിച്ചിഴയ്ക്കുന്നതായിട്ടല്ല. കാരണം, നമ്മുടെ രക്ഷയുടെയും വിടുതലിന്റെയും അടയാളങ്ങളിൽ ഒരു ദുഷ്ടസാദൃശ്യം കണ്ടെത്തപ്പെടുക അനുവദനീയമല്ല, ചേരുന്നതുമല്ല. പിന്നെയോ, ശുശ്രൂഷിക്കുന്ന അദൃശ്യ സൈന്യങ്ങളാൽ ആനീതനാകുന്നതു നമുക്കനുസ്മരിക്കാം. അവർ നമുക്കുവേണ്ടി അയയ്ക്കപ്പെടുകയും നമ്മുടെ രക്ഷയുടെ പെസഹാ പൂർത്തീകരിക്കപ്പെ

www.malankaralibrary.com



ട്ടപ്പോഴ് അവർ സന്നിഹിതരായിരുന്നു് തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു.

കലവറ കൂടാതെ തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ ശ്രമിച്ചുകൊണ്ടു് നമ്മുടെ കർത്താവായ മിശിഹായുടെ എല്ലാ വ്യാപാരങ്ങളിലും അവർ ശുശ്രൂഷിച്ചു. തൻെറ പെസഹായിൽ ദൈവേഷ്ടമനുസരിച്ചു ശുശ്രൂഷിച്ചുകൊണ്ടു് അവർ സന്നിഹിതരായിരിക്കുകയും ചെയ്തു. തൻെറ പീഡാനുഭവം സമീപിച്ചപ്പോഴ് നമ്മുടെ കർത്താവു് അഗാധ ചിന്തയിലും ഭയത്തിലും മുഴുകി. 'അപ്പോഴ്, അവനെ ശക്തിപ്പെടുത്താനും പ്രേരിപ്പിക്കാനും ഒരു മാലാഖാ പ്രത്യക്ഷപ്പെട്ടു' എന്നു് ഭാഗ്യവാനായ ലൂക്കോസ് പറയുന്നു (22:43). തങ്ങളുടെ ശബ്ദംകൊണ്ടു മല്ലന്മാരെ പിൻതുണയ്ക്കുന്നവരെപ്പോലെ പ്രലോഭനങ്ങളിൽ പതറാതിരിക്കാൻ മാലാഖാ അവനെ സഹായിച്ചു. ക്ഷമാപൂർവം വേദനകഴ് സഹിക്കുവാൻ നല്ല വാക്കുകഴ്കൊണ്ടു് അവനെ പ്രേരിപ്പിച്ചു. പീഡനത്തിൽനിന്നുണ്ടാകുന്ന നന്മയോടു താരതമ്യപ്പെടുത്തുമ്പോഴ് പീഡനങ്ങഴ് നിസ്സാരമാണെന്നും പീഡാനുഭവത്തിനും മരണത്തിനും ശേഷം വലിയ മഹത്വമണിയുവാൻ അവനിടയാകുമെന്നും മനുഷ്യർക്കു മാത്രമല്ല സൃഷ്ടി മുഴുവനും നിരവധി നന്മകഴ്ക്കു് അവൻ ഹേതുഭൂതനാകുമെന്നും അവനെ കാണിച്ചു.

കുർബാനയപ്പം വഹിച്ചു് ബലിക്കായി കൊണ്ടുവരുന്ന ഡീക്കന്മാർ അദൃശ്യ സൈന്യങ്ങളുടെ ശുശ്രൂഷയുടെ സാദൃശ്യം വഹിക്കുന്നതായി നാം മനസ്സിലാക്കണം. അവരുടെ ഈ ശുശ്രൂഷ വഴിയും അവരുടെ ഈ അനുസ്മരണയിലും ക്രിസ്തുവിനെ തൻെറ രക്ഷാകരമായ പീഡാനുഭവത്തിലേക്കു് അവർ ആനീതനാക്കുന്നില്ല എന്ന വ്യത്യാസം മാത്രം.

26. പീഡാനുഭവത്തിൻെറ പരിപൂർണമായ പുനരാവിഷ്കരണത്തിനാണു് കുർബാനയപ്പം കൊണ്ടുവന്നു വിശുദ്ധ അഴ്ത്താരയിൽ വയ്ക്കുന്നതു്. പീഡാനുഭവത്തിനുശേഷം അവൻ കല്ലറയിൽ വയ്ക്കപ്പെട്ടതുപോലെ അഴ്ത്താരയിൽ അവനെ നാം അനുസ്മരിക്കുന്നു. ഇക്കാരണത്താലാണു് അഴ്ത്താരയിൽ വിരികഴ് വിരിക്കുന്ന ഡീക്കന്മാർ നമ്മുടെ കർത്താവിൻെറ ശവസംസ്കാരാവസരത്തിലെ വിരിയെ സൂചിപ്പിക്കുന്നതു്. വിരിച്ചശേഷം ഇരുവശങ്ങളിലും നിന്നുകൊണ്ടു മർവഹസാകൊണ്ടു് വിശുദ്ധ ശരീരത്തിനു മുകളിലുള്ള വായുവിനെ ചലിപ്പിക്കുകയും അതുവഴി മലിനമാക്കുന്ന വസ്തുക്കളിൽനിന്നു് അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു. അവിടെ

www.malankaralibrary.com



കിടക്കുന്ന ശരീരത്തിന്റെ മഹനീയതയെ ഈ കർമ്മം വഴി അവർ വ്യക്തമാക്കുന്നു. ഈ ലോകത്തിലെ ശ്രേഷ്ഠ വ്യക്തികളുടെ ജഡം മഞ്ചത്തിൽ വഹിക്കുമ്പോൾ ചുററും ആളുകൾ വന്ന് ഇപ്രകാരം ചെയ്യുക സാധാരണയാണല്ലോ. അൾത്താരയിൽ കിടക്കുന്ന ശരീരത്തെ സംബന്ധിച്ചും ഇപ്രകാരം ചെയ്യുക എന്നതു് ന്യായയുക്തമാണ്. ഈ ശരീരം വിശുദ്ധവും ഭീതിജനകവും എല്ലാവിധ അഴിവിനും അതീതവുമാണ്. ഇതു് അധികം താമസിയാതെ അമർത്യ സ്വഭാവത്തിലേക്കുയരാനുള്ളതുമാണ്.

ശുശ്രൂഷ ചെയ്യുവാൻ പ്രത്യേകം നിയുക്തരായ വ്യക്തികൾ ഈ ശരീരത്തിന്റെ എല്ലാവശത്തും നിന്നുകൊണ്ടു വായുവിനെ ചലിപ്പിക്കുന്നു. അതിനു ചേർന്ന ബഹുമാനം അവർ അതിനു നൽകുന്നു. ഈ കർമ്മം വഴി അവിടെ കിടക്കുന്ന വിശുദ്ധ ശരീരത്തിന്റെ മാഹാത്മ്യം സന്നിഹിതരായവർക്കു് അവർ വ്യക്തമാക്കിക്കൊടുക്കുന്നു.

27. കല്ലറയുടെ സമീപത്തുള്ള കല്ലിൽ കയറിയിരുന്നു് ദൂതന്മാർ സ്ത്രീകളെ ഉത്ഥാനവാർത്ത അറിയിച്ചു എന്നതു് വിശുദ്ധ ഗ്രന്ഥത്തിൽനിന്നു വ്യക്തമാണല്ലോ. കർത്താവിന്റെ മരണസമയം മുതൽ ഉത്ഥാനത്തിനു സാക്ഷികളാകുന്നതുവരെ അവർ അവിടെ സന്നിഹിതരായിരുന്നു. അവിടെ വയ്ക്കപ്പെട്ടവനോടുള്ള ബഹുമാനത്താലത്രേ അവർ ഇപ്രകാരം ചെയ്തതു്. അവിടുത്തെ ഉത്ഥാനം സർവമനുഷ്യർക്കും നന്മയ്ക്കു ഹേതുവാണെന്നു് അവർ അറിയിച്ചു. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'മിശിഹായിലുള്ള ഏതു മനുഷ്യനും നവസൃഷ്ടിയാകുന്നു. പഴയതു കടന്നുപോയി; സമസ്തവും നവീകരിക്കപ്പെട്ടിരിക്കുന്നു' (2 കൊറി. 5: 17)..

ഇവിടെയും ഡീക്കന്മാർ മാലാഖമാരുടെ ശുശ്രൂഷയെ സാദൃശ്യ രൂപേണ ദൃഷ്ടാന്തീകരിക്കുന്നതു ശരിയല്ലേ? കർത്താവിന്റെ പീഡാനുഭവത്തിലും മരണത്തിലും നിരന്തരം സന്നിഹിതരായവരെ അനുസ്മരിച്ചുകൊണ്ടു് അവർ ചുററുംനിന്നു വായുവിനെ മദ്ഹസാകൊണ്ടു ചലിപ്പിക്കുകയും അവിടെ കിടക്കുന്ന വിശുദ്ധവും ഭീതിജനകവുമായ ശരീരത്തിനു ബഹുമാനവും ആരാധനയും നൽകുകയും ചെയ്യുന്നു. അവിടെ കിടക്കുന്ന വസ്തുവിന്റെ മാഹാത്മ്യത്തെ സന്നിഹിതരായവർക്കു് ഇതു വഴി അവർ മനസ്സിലാക്കിക്കൊടുക്കുന്നു. പ്രേക്ഷകർ ഇതിനെ ഭീതിജനകവും സത്യമായും വിശുദ്ധവും ആയി മനസ്സിലാക്കാൻ

www.malankaralibrary.com



അവർ പ്രേരിപ്പിക്കുന്നു. ഇക്കാരണത്താലാണ് അവർ ഇതിനെ എല്ലാവിധ മലിനവസ്തുക്കളിൽനിന്നും അകററി സൂക്ഷിക്കുന്നതെന്നു ഗ്രഹിപ്പിക്കുന്നു. പറവകളുടെ മലിനമായ ഉച്ഛിഷ്ടങ്ങൾ ഒന്നും അതിന്മേൽ വീഴാനും പറവകൾ അതിനെ സമീപിക്കാനും അവർ അനുവദിക്കുന്നില്ല. അവിടെ കിടക്കുന്ന ശരീരം ദൈവസ്വഭാവവുമായുള്ള ഐക്യംമൂലം ഉന്നതവും ഭീതിജനകവും വിശുദ്ധവും ആണെന്നും സത്യമായും കർത്താവാണെന്നും അതിനെ കാണേണ്ടതും സൂക്ഷിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതും വലിയ ഭയത്തോടുകൂടി ആയിരിക്കണമെന്നും കാണിക്കാനാണ് അവർ അവരുടെ രീതിയനുസരിച്ച് ഇപ്രകാരം ചെയ്യുന്നത്.

28. എല്ലാവരും നിശ്ശബ്ദരായിരിക്കുമ്പോഴത്രേ ഇവ സംഭവിക്കുക; കാരണം ശുശ്രൂഷ ആരംഭിച്ചിട്ടില്ലാതിരിക്കെ, മഹനീയവും അദ്ഭുതാവഹവുമായ ഈ വസ്തു കൊണ്ടുവന്നു വയ്ക്കുന്നതു നിശ്ശബ്ദമായും ബഹുമാന്യഭയത്തോടും ശാന്തമായും രഹസ്യപ്രാർത്ഥനയോടുംകൂടി എല്ലാവരും നോക്കിക്കാണണം. നമ്മുടെ കർത്താവു മരിച്ചപ്പോൾ ശ്ളീഹന്മാർ ഓടിപ്പോകുകയുംദുഃഖിതരായും നിശ്ശബ്ദരായും ഒരു ഭവനത്തിൽ ഒന്നിച്ചുകൂടുകയും ചെയ്തു. നിശ്ചിതസമയത്തു നമ്മുടെ കർത്താവായ മിശിഹാ ഉത്ഥാനം ചെയ്യുന്നതുവരെ ഉത്ഥാനം പ്രതീക്ഷിച്ചുകൊണ്ട് അദൃശ്യസൈന്യങ്ങൾ പോലും നിശ്ശബ്ദരായിരിക്കത്തക്കവിധം അത്ര വലിയൊരു നിശ്ശബ്ദത അവിടെല്ലാം വ്യാപിച്ചു. അവിടുന്നുയിർത്തപ്പോൾ വലിയ സന്തോഷവും അവാച്യമായ ആനന്ദവും ആ അദൃശ്യസൈന്യങ്ങൾക്കുണ്ടായി. യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട ഉത്ഥാനത്തിൻെറ സന്ദേശം ശരീരത്തെ ബഹുമാനിക്കാൻ എത്തിയ സ്ത്രീകൾക്ക്, മാലാഖമാരിൽനിന്നു ലഭിച്ചു. സ്ത്രീകളിൽ നിന്ന് ഈ സംഗതി ഗ്രഹിച്ചപ്പോൾ ശ്ളീഹന്മാർ വലിയ തീക്ഷ്ണതയോടുകൂടി കല്ലറയിലേക്ക് ഒന്നിച്ചോടി.

29. നമ്മുടെ കർത്താവിൻെറ പെസഹായുടെ അനുസ്മരണത്തിലേക്കു തത്തുല്യമായ സംഭവങ്ങൾവഴി നാമും വലിച്ചടുപ്പിക്കപ്പെടുന്നു. മേശയിൽ അർപ്പിത വസ്തുക്കൾ കാണുമ്പോൾ സന്നിഹിതരായവരിൽ വലിയൊരു നിശ്ശബ്ദത നിഴലിക്കുന്നു. മരണത്തിനുശേഷം കല്ലറയിൽ വച്ചിരിക്കുന്നതിനെ മേശ ദൃഷ്ടാന്തീകരിക്കുന്നു. സംഭവിക്കാൻ പോകുന്നവ ഭീതിദായകമായതിനാൽ നിശ്ശബ്ദമായും ഭയഭക്തിയോടുകൂടിയും അവരതിനെ നോക്കിക്കാണണം. കാരണം, പൗരോഹിത്യ കർമ്മം വഴി അനുഷ്ഠിക്കപ്പെടുന്ന ഭീതിജനക ശുശ്രൂഷയാൽ നമ്മുടെ കർത്താവായ മിശിഹാ ഉത്ഥാനം ചെയ്യുകയും

www.malankaralibrary.com



എല്ലാവർക്കും വേണ്ടിയുള്ള അവാച്യമായ നന്മകളിൽ നമ്മുടെ ഭാഗഭാഗിത്വം പ്രഖ്യാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ, അർപ്പണത്തിൽ നാം നമ്മുടെ കർത്താവിൻെറ മരണമാണ് അനുസ്മരിക്കുന്നത്. കാരണം, അത് ഉത്ഥാനവും അവാച്യദാനങ്ങളും പ്രസ്പഷ്ടമാക്കുന്നു.

30. അതിനുശേഷം ഒരു പ്രാർത്ഥനയാണ്; നിശ്ശബ്ദപ്രാർത്ഥനയല്ല. അതിനുമുമ്പു ഡീക്കൻ അതേപ്പററി ഉച്ചത്തിൽ പ്രഖ്യാപനം ചെയ്യുന്നു. അവിടെ നടക്കാൻ പോകുന്ന സംഗതികളുടെ ഉദ്ദേശ്യവും അടയാളങ്ങളുടെയർത്ഥവും അവൻ വിശദീകരിക്കുന്നു എന്നതു നാം അറിഞ്ഞിരിക്കേണ്ടതാണ്. സന്നിഹിതരായവർ ചെയ്യേണ്ട ചടങ്ങുകളേവയെല്ലാമാണെന്നു ഡീക്കൻ അറിയിച്ചുകൊണ്ടിരിക്കും. ദൈവഭവനത്തിൽ സന്നിഹിതരായവർ ചെയ്യേണ്ട നിർദ്ദിഷ്ടകർമ്മങ്ങളേവയെന്ന് അവൻ അനുസ്മരിപ്പിക്കുകയും കല്പിക്കുകയും ചെയ്യുന്നു.

31. തനിക്കു പതിവായിരിക്കുന്ന ശുശ്രൂഷ പൂർത്തിയാക്കി എല്ലാവരെയും പ്രബോധിപ്പിക്കുകയും സഭാസമ്മേളനങ്ങൾക്കു ചേർന്നവിധമുള്ള പ്രാർത്ഥനകൾ ചൊല്ലാൻ അവരെ ഉപദേശിക്കുകയും ചെയ്തുകഴിയുമ്പോൾ എല്ലാവരും നിശ്ശബ്ദരായിരിക്കെ പുരോഹിതൻ നിർദ്ദിഷ്ട ശുശ്രൂഷ ആരംഭിക്കുന്നു. എല്ലാററിനും മുൻപേ അവൻ ദൈവത്തിനു പ്രാർത്ഥന അർപ്പിക്കുന്നു. കാരണം, മതസംബന്ധമായ ഏതു സംഗതിയും അവശ്യാവശ്യം പ്രാർത്ഥനകൊണ്ടാരംഭിക്കുക എന്നതു് ഉചിതമത്രേ. ദൈവസഹായം നമുക്കാവശ്യമുള്ള ഭീതിജനകമായ ഈ ശുശ്രൂഷയെ സംബന്ധിച്ച വിശേഷവിധിയായി ഇതു ശരിയാണ്. ഇതുപോലെയുള്ള സംഗതികൾ ചെയ്യുവാൻ അവിടുന്നു മാത്രമാണു കഴിവുററവൻ. മനുഷ്യരക്ഷയ്ക്കും മനുഷ്യരുടെ വിടുതലിനും വേണ്ടിയും, അത്ഭുതകരമായ രഹസ്യങ്ങളെ സംബന്ധിച്ച അറിവു നമുക്കു നൽകിയതിനുവേണ്ടിയും നമ്മുടെ കർത്താവിനു നന്ദിപറഞ്ഞ ശേഷം പുരോഹിതൻ പ്രാർത്ഥന അവസാനിപ്പിക്കുന്നു. തൻെറ പെസഹാവഴി നമ്മുടെമേൽ അവിടുന്നു ചൊരിഞ്ഞ അവാച്യദാനത്തിൻെറ അനുസ്മരണയാണ് അദ്ഭുതകരമായ ഈ രഹസ്യങ്ങൾ. നമ്മെ മരണത്തിൽനിന്ന് ഉയിർപ്പിക്കാമെന്നും സ്വർഗ്ഗത്തിലേക്കെടുക്കാമെന്നും അവയിലൂടെ അവിടുന്നു വാഗ്ദാനം ചെയ്തു.

32. ഭീതിജനകമായ ഈ കുദാശയുടെ ശുശ്രൂഷകനായി തന്നെ നിയമിച്ചതിനു പുരോഹിതൻ തനിക്കുവേണ്ടി ഇതിനുശേഷം ദൈവത്തിനു നന്ദിപറയുന്നു. പൗരോഹിത്യത്തിനു

www.malankaralibrary.com



തന്നെ യോഗ്യനാക്കിയ പരിശുദ്ധാത്മാവു് ഈ ശുശ്രൂഷയുടെ മഹത്വത്തിനു തന്നെ യോഗ്യനാക്കുവാൻ അവൻ പരിശുദ്ധാത്മ ദാനത്തിനായും അതോടൊപ്പം പ്രാർത്ഥിക്കുന്നു. ദൈവകൃപയാൽ നല്ല മനസ്സാക്ഷിയോടുകൂടിയും ശിക്ഷാഭീതി കൂടാതെയും ഈ ശുശ്രൂഷാകർമ്മം നിർവഹിക്കുന്നതിനാണിതു്. കാരണം, ഈ ശുശ്രൂഷാനിർവഹണത്തിനു് താൻ തീർത്തും അയോഗ്യനാണെന്നും തന്നെക്കാൾ ഉന്നതമായ സംഗതികളെയാണു് താൻ സമീപിക്കുന്നതെന്നും അവൻ അറിയുന്നു

33. ഇതും ഇതുപോലെയുള്ളതുമായ സംഗതികൾകൊണ്ടു് പുരോഹിതൻ തന്റെ പ്രാർത്ഥന ചൊല്ലിക്കഴിയുമ്പോൾ ജനം 'ആമ്മീൻ' എന്നുച്ചരിക്കുന്നു. പുരോഹിതന്റെ പ്രാർത്ഥനയോടു യോജിക്കുന്നു. പുരോഹിതന്റെ പ്രാർത്ഥനയെ പിൻതാങ്ങുന്നു എന്നാണു് ഈ വാക്കിന്റെ അർത്ഥം 'അറിവില്ലാത്തവർ സന്നിഹിതരായിരിക്കുമ്പോൾ നീ പറയുന്നതു മനസ്സിലാക്കാതെ എങ്ങനെയാണു് അവൻ നിന്റെ നന്ദിപ്രകടനത്തിനു് ആമ്മീൻ പറയുന്നതു്' എന്നും എഴുതപ്പെട്ടിരിക്കുന്നു (1 കൊരി. 14:16). പുരോഹിതന്റെ പ്രാർത്ഥനകളോടും നന്ദിപ്രകടനങ്ങളോടും യോജിക്കുന്നു എന്നു സൂചിപ്പിക്കാൻ സമൂഹം ഈ വാക്കുപയോഗിക്കുന്നു.

34. സമൂഹം ഈ വാക്കുച്ചരിച്ചശേഷം പുരോഹിതൻ അവരുടെമേൽ സമാധാനം ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു. സഭാസമൂഹത്തിലെ എല്ലാ ശുശ്രൂഷകളും, പ്രത്യേകിച്ചു്, അർപ്പിക്കപ്പെടുവാൻ പോകുന്ന ഭീതിദായകമായ ഈ ശുശ്രൂഷയും ഇതുകൊണ്ടാരംഭിക്കുന്നതു് ഉചിതമാണു്. 'കൃപയും സമാധാനവും നിങ്ങളോടുകൂടെ' എന്നാശംസിച്ചുകൊണ്ടാണു് ഭാഗ്യവാനായ പൗലോസ് തന്റെ എല്ലാ ലേഖനങ്ങളും ആരംഭിക്കുന്നതു്. നമ്മുടെ കർത്താവായ മിശിഹായുടെ വ്യാപാരത്താൽ നമ്മുടെ സന്തോഷത്തിനുവേണ്ടി നമുക്കു നൽകപ്പെട്ട നന്മകളെ പ്രതി പുരോഹിതൻ പ്രാർത്ഥിക്കുന്നു. നമ്മുടെ കർത്താവു് തന്റെ ആഗമനത്താൽ യുദ്ധങ്ങൾ നീക്കിക്കളഞ്ഞു. നമുക്കെതിരായുള്ള എല്ലാ വിധ വിദ്വേഷവും മത്സരവും പൂർണമായി നശിപ്പിച്ചു. തന്റെ ഉത്ഥാനത്താൽ അവിടുന്നു നമ്മെ മരണത്തിൽനിന്നും അഴിവിൽനിന്നും പാപത്തിൽനിന്നും ദുർമോഹത്തിൽനിന്നും പിശാചുക്കളുടെ പീഡനങ്ങളിൽനിന്നും അലട്ടുന്ന എല്ലാ സംഗതികളിൽനിന്നും വിടുവിക്കയും നമ്മെ പൂർണമായി അമർത്യരും വ്യതിയാനരഹിതരും ആക്കിത്തീർക്കുകയും ചെയ്തു. അവിടുന്നു നമ്മെ സ്വർഗത്തിലേക്കെടുക്കും. അവിടെ നമുക്കു് സമ്പൂർണസമാശ്വാസം പ്രദാനം ചെയ്യും. ദൈവത്തിന്റെ വിശ്വസ്തദൂതന്മാരായ അദൃശ്യസൈന്യങ്ങളോടൊത്തുള്ള അടുത്ത സംസർഗത്തിനും സഖിത്വത്തിനും അവിടുന്നു

www.malankaralibrary.com



വഴിയൊരുക്കുകയും ചെയ്യും. 'സമാധാനം' എന്ന വാക്കിനു മുൻപു 'കൃപ' എന്ന വാക്കു് പൗലോസ് തൻെറ ലേഖനങ്ങളുടെ ആരംഭത്തിൽ ആദ്യം ഉപയോഗിക്കുന്നതിൻെറ കാരണം, ഈ ദാനം സ്വീകരിക്കാൻ അർഹരായിത്തീരുവാൻ നാം എന്തെങ്കിലും ചെയ്യുകയോ, ആരംഭിക്കുകയോ ചെയ്തില്ല. പിന്നെയോ, ദൈവംതന്നെ തൻെറ കൃപയാൽ നമുക്കുവേണ്ടി ചെയ്തു എന്നതാണു്.

35. ആരംഭം മുതൽ സഭയിൽ നടപ്പുള്ള ഒരു ക്രമം ഉണ്ടു്. അതായതു്, പൗരോഹിത്യ ശുശ്രൂഷയ്ക്കു യോഗ്യരാക്കപ്പെട്ടവരെല്ലാം സഭാസമൂഹത്തിലെ എല്ലാ ശുശ്രൂഷകളും മുകളിൽ പറഞ്ഞ രീതിയിൽ ആരംഭിക്കണം. ഭീതിജനകമായ ഈ ശുശ്രൂഷയ്ക്കു് മറെറന്തിനെക്കാളും ചേരുന്നതാണു് ഇതു്. എല്ലാവർക്കും സമാധാനം ഉണ്ടാകുവാൻ വൈദികൻ പ്രാർത്ഥിക്കുന്നു. കാരണം, മഹത്തായ ഈ ദാനങ്ങൾ വ്യക്തമാക്കുന്നതു് അവനാണു്. നമ്മുടെ കർത്താവിൻെറ മരണത്തിൻെറ അനുസ്മരണയാകുന്ന ഈ ദിവ്യ ശുശ്രൂഷ ഒരു പ്രതീകവും അടയാളവുമാണു് അതുപോലെ ഇവയും ഇതുപോലെയുള്ളവയുമായ ദാനങ്ങളുടെ മഹത്വം അവനിലൂടെയാണു് നമുക്കു് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതു്.

സന്നിഹിതരായവർ 'അവിടത്തെ ആത്മാവോടുകൂടെ' എന്നു് പ്രത്യുത്തരിക്കുന്നു.

36. പുരോഹിതൻെറ ആശംസപോലുള്ള ഒന്നാണതു്. അവർക്കു മാത്രമല്ല പുരോഹിതൻെറ ആശീർവാദവും പ്രാർത്ഥനയും ആവശ്യമായിരിക്കുന്നതു്. പിന്നെയോ, അവനും അവരുടെയെല്ലാം പ്രാർത്ഥന ആവശ്യമാണു് എന്നു് പുരോഹിതനെയും ജനങ്ങളെയും മനസ്സിലാക്കാനാണിതു്. ഇക്കാരണത്താലാണു്, ആരംഭം മുതലുള്ള സഭാക്രമം അനുസരിച്ചു് സഭാസമൂഹത്തോടൊപ്പം പുരോഹിതൻ പ്രാർത്ഥനകളിൽ അനുസ്മരിക്കപ്പെടുന്നതു്. 'നാമെല്ലാവരും നമ്മുടെ കർത്താവായ മിശിഹായുടെ ഏകശരീരമാണു്. നാം പരസ്പരം അവയവങ്ങളുമാണു്'' (1 കൊരി.12; 27; എഫേ.5:27). കണ്ണും നാവും പോലെ പുരോഹിതൻ ശരീരത്തിലെ മററു് അവയവങ്ങളെക്കാൾ ശ്രേഷ്ഠമായ ഒരവയവത്തിൻെറ ജോലി നിർവഹിക്കുന്നു എന്നു മാത്രം. നയനം കണക്കെ അവൻ ഓരോരുത്തരുടെയും ചെയ്തികൾ കാണുന്നു. ആവശ്യമനുസരിച്ചും പൗരോഹിത്യ ശുശ്രൂഷാക്രമമനുസരിച്ചു പുരോഹിതനു ചേർന്ന ശുഷ്കാന്തിയോടുകൂടി ഓരോരുത്തരെയും അവൻ നയിക്കുയും നിയന്ത്രിക്കുകയും ചെയ്യുന്നു നാവെന്നപോലെ എല്ലാവരുടെയും പ്രാർത്ഥനകൾ അവൻ അർപ്പിക്കുന്നു. ശരീരത്തിലെ

www.malankaralibrary.com



അവയവങ്ങൾ തങ്ങളുടേതായ ജോലി നിർവഹിക്കേണ്ട താണ്; ആവശ്യമുള്ളപ്പോൾ തങ്ങളുടെ ജോലി ചെയ്യുവാൻ തക്കവണ്ണം അവ ആരോഗ്യമുള്ളവയായിരിക്കണം. അതുപോലെ സഭാശരീരത്തിലെ വൈദികൻ തന്റെ ജോലിയിൽ ശ്രദ്ധാലുവായിരിക്കണം. ധാർമ്മികവും പൗരോഹിത്യപരവുമായ ആരോഗ്യമുള്ളവനാണെന്ന് അവൻ തെളിയിച്ചാൽ താൻ സ്വീകരിച്ച പൗരോഹിത്യ ബഹുമാനത്തിന് അവൻ അർഹനാണെന്ന് കാണപ്പെടും. സമൂഹത്തിലെ ഓരോ അംഗത്തിന്റെയും ആവശ്യം യോഗ്യമാംവിധം സഹാനുഭൂതിയോടുകൂടി നിർവഹിക്കാൻ അവന് സാധിക്കുകയും ചെയ്യും.

ഇക്കാരണത്താലാണ് സന്നിഹിതരായവരെ അവൻ അഭിസംബോധന ചെയ്യുന്നതും അവർ 'അവിടുത്തെ ആത്മാവോടു കൂടെ' എന്ന് പ്രത്യുത്തരിച്ച് അവനെ അനുഗ്രഹിക്കുന്നതും.

37. 'അവിടുത്തെ ആത്മാവോടുകൂടെ' എന്ന് അവർ പറയുന്നത് അവന്റെ ആത്മാവിനെ ഉദ്ദേശിച്ചല്ല. പിന്നെയോ, 'അവന്റെ പുത്രന്റെ സുവിശേഷത്തിൽ ആത്മാവോടു കൂടി ഞാൻ അവനു ശുശ്രൂഷ ചെയ്യുന്നു' എന്നു ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ (റോമ. 1:9) പരിശുദ്ധാത്മാവിന്റെ കൃപയാലാണു താൻ പൗരോഹിത്യത്തിലേക്കടുത്തത് എന്നു തന്റെ കീഴിലുള്ളവർ വിശ്വസിക്കാൻ അതേപ്പററിയാണ്. അതായത്, എനിക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിന്റെ കൃപാദാനം വഴി ഞാൻ സുവിശേഷത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്നു; നിങ്ങളെല്ലാവരും എന്നോടു ചേരണം; ഇതും ഇതുപോലെയുള്ളതുമായ സംഗതികൾ പരികർമ്മം ചെയ്യുവാൻ ദൈവത്തിൽനിന്ന് എനിക്കധികാരം ലഭിച്ചു. എന്നാൽഎന്റെ ആത്മാവ് ആശ്വാസം കണ്ടെത്തിയില്ല;എന്റെ സഹപ്രവർത്തകൻ സന്നിഹിതനല്ലാത്തതിനാൽ, മററുള്ളവരുടെ നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവിനോടുകൂടി ശുശ്രൂഷ ചെയ്യുന്നവൻചെയ്യുന്ന സംഗതികൾ അനുഷ്ഠിക്കാൻ ഞാൻ അശക്തനായിരുന്നു' എന്നൊക്കെയാണിതിനർത്ഥം.

38. ഈ അർത്ഥത്തിലാണു സഭാസമൂഹം വൈദികനെ 'അവിടുത്തെ ആത്മാവോടു കൂടെ' എന്ന് അഭിസംബോധന ചെയ്യുന്നത്. ആരംഭംമുതൽ സഭയിൽ കാണപ്പെടുന്ന ഒരു പാരമ്പര്യമാണിത്. വൈദികൻ സദ്സ്വഭാവിയാണെങ്കിൽ അതു സഭാഗാത്രത്തിനൊരു നേട്ടമാണ്; മറിച്ചാണെങ്കിൽ എല്ലാവർക്കും ഒരു കോട്ടവും. വൈദികൻ തന്റെ ശുശ്രൂഷ

www.malankaralibrary.com



ഉചിതമായും നന്നായും പരികർമ്മം ചെയ്യുവാൻ വേണ്ട സമാധാനത്തിലൂടെ പരിശുദ്ധാത്മാവിൻെറ കൃപാവരം അവനു ലഭിക്കാൻ അവരെല്ലാവരും പ്രാത്ഥിക്കുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിൻെറ കൃപാസമൃദ്ധിയിൽനിന്നു ധാരാളമായ സമാധാനം വൈദികൻ പ്രാപിക്കുന്നു. താൻ ചെയ്യേണ്ട സംഗതികൾക്കു വേണ്ട സഹായവും അതുവഴി അവനു ലഭിക്കുന്നു. കാരണം, മററു സംഗതികളിലെന്നപോലെ ഈ സേവനത്തിലും അനുഗ്രഹം അവനിൽനിന്നു സമൂഹത്തിലേക്കും സമൂഹത്തിൽനിന്ന് അവനിലേക്കും ഒഴുകുമ്പോൾ വൈദികൻ ശരിയായി പ്രവർത്തിക്കുന്നു എന്നു പറയാം.

39. അതിനുശേഷം വൈദികൻ സമാധാനം നൽകുന്നു. സഭയിലെ അറിയിപ്പുകാരനായ ഡീക്കൻ ഓരോരുത്തരോടും പരസ്പരം സമാധാനം നൽകാൻ കൽപ്പിക്കുന്നു. പരസ്പരം സമാധാനം നൽകുന്നതു വഴിയും പരസ്പരം ആശ്ലേഷിക്കുന്നതു വഴിയും പരസ്പര സ്നേഹവും പരസ്പര ഹൃദയൈക്യവും അവർ പ്രഖ്യാപിക്കുന്നു. ഓരോരുത്തരും കഴിവുള്ളിടത്തോളം അടുത്തു നില്ക്കുന്ന എല്ലാവർക്കും സമാധാനം നൽകുന്നു. നാമെല്ലാവരും പരസ്പരം സമാധാനം നൽകുന്നു എന്നതാണ് അതിൻെറയത്ഥം. നാമെല്ലാവരും നമ്മുടെ കത്താവായ മിശിഹായുടെ ഏകശരീരം ആയിരിക്കണം എന്നതാണ് അവിടെ നടക്കുന്ന സംഗതി സൂചിപ്പിക്കുന്നത്: ശരീരത്തിലെ അവയവങ്ങൾക്കിടയിലുള്ള യോജിപ്പ് പരസ്പരം ഉണ്ടാകുവാൻ, പരസ്പരം സ്നേഹിക്കാൻ, പരസ്പരം സഹായിക്കാനും ശുശ്രൂഷിക്കാനും, നമ്മുടെ വ്യക്തിഗതമായ സംഗതികൾ എല്ലാവരുടേതുമായി കരുതാൻ, മററുള്ളവരുടെ വേദനകളിൽ പങ്കുകൊള്ളാൻ, മററുള്ളവരുടെ സന്തോഷങ്ങളിൽ പങ്കുകൊള്ളാൻ,—ഇതൊക്കെ സൂചിപ്പിക്കുന്നു.

40. നാം മാമോദീസായിൽ നവജന്മം പ്രാപിച്ചു; ഒരു സ്വാഭാവിക ശരീരത്തിലെന്നപോലെ നാം പരസ്പരം ബന്ധിതരാണ്. നാമെല്ലാം ഒരേ ആഹാരം ഭക്ഷിക്കുന്നു; ഒരേ ശരീരത്തിൽനിന്നു ഭക്ഷിക്കയും ഒരേ രക്തത്തിൽനിന്നു കുടിക്കുകയും ചെയ്യുന്നു. 'നാമെല്ലാവരും ഒരപ്പത്തിൽനിന്നു ഭക്ഷിക്കുന്നു; കാരണം, അപ്പം ഒന്നേയുള്ളൂ. നാം അനേക ശരീരമായിരിക്കുന്നെങ്കിലും ഒരപ്പമാകുന്നു' എന്നു ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ(1 കൊറി. 10:17)ഇക്കാരണത്താൽ മാമോദീസായുടെ ഏകശരീരത്തിൽകൂടുതൽ ആഴമായി നാം ബന്ധിതരായിത്തീരുന്നു. കൂദാശയെയും ശുശ്രൂഷയെയും സമീപിക്കുന്നതിനു മുൻപു സമാധാന ശുശ്രൂഷ നടത്തുക തികച്ചും ഉചിതമാകുന്നു. ഇതിലാണു

www.malankaralibrary.com



നാം നമ്മുടെ പരസ്പര സ്നേഹവും ഹൃദയൈക്യവും പ്രസ്പഷ്ടമാക്കുന്നത്. ഒരേ മാമോദീസാ വഴി ഒരേ ശരീരത്തിലെ അംഗങ്ങളായിത്തീരുകയും നമ്മെപ്പോലെ നമ്മുടെ കർത്താവായ ക്രിസ്തുവിൻെറ ശരീരത്തിലെ അവയവമാണെന്നു നാം കരുതുകയും വിശുദ്ധ അംത്താരയിൽനിന്ന് ഒരേ ഭക്ഷണം കഴിക്കുകയും ചെയ്യുന്ന സത്യവിശ്വാസിയെ ശത്രുവിനെപ്പോലെ കരുതുക സഭാഗാത്രത്തിലെ അംഗങ്ങൾക്ക് ഒട്ടും ചേർന്നതല്ല. ഇക്കാരണത്താലാണു നമ്മുടെ കർത്താവു പറഞ്ഞത്, 'കാരണം കൂടാതെ സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്കർഹനാകുന്നു' (മത്താ. 5: 22).

ഒരു സ്നേഹപ്രഖ്യാപനം മാത്രമല്ല അവിടെ നടക്കുക. നാം പരസ്പരം സ്നേഹിക്കണമെന്നും സഭാമക്കൾക്കെതിരെ എന്തെങ്കിലും മനസ്സിലുണ്ടെങ്കിൽ അവ നമ്മിൽനിന്ന് ദൂരെയകററണമെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു. യാതൊരു സാഹചര്യത്തിലും അനാവശ്യകോപം ഉണ്ടാകാൻ പാടില്ലെന്നു കല്പിച്ച നമ്മുടെ കർത്താവ് ഇതിൽ പാപം ചെയ്യുന്നവർക്കു മറുമരുന്നും കൊടുക്കുന്നു: 'നീ നിൻെറ വഴിപാടു ബലിപീഠത്തിലേക്കു കൊണ്ടുവരികയും നിൻെറ സഹോദരന് എന്തെങ്കിലും നിനക്കെതിരെ ഉണ്ടെന്നു നീ ഓർക്കുകയും ചെയ്താൽ നിൻെറ വഴിപാടു ബലിപീഠത്തിൽ വച്ചിട്ട് ഒന്നാമതായി നിൻെറ സഹോദരനുമായി രമ്യപ്പെടുക; പിന്നെ നിൻെറ വഴിപാട് അർപ്പിക്കുക' (മത്താ. 5:23–24). പാപം ചെയ്താൽ ആർക്കെതിരെ പാപം ചെയ്തുവോ അവനുമായി വേഗത്തിൽ രമ്യപ്പെടണമെന്നു, സഹോദരനുമായി രമ്യപ്പെടുന്നതിനു മുൻപു വഴിപാട് അർപ്പിക്കാൻ പാടില്ലെന്നും സർവശക്തിയോടുകൂടി അവനുമായി രമ്യപ്പെടണമെന്നും നമ്മുടെ കർത്താവു കല്പിക്കുന്നു.

41. നാമെല്ലാവരും കൂടിയാണു പുരോഹിതനോടുകൂടി ഈ ബലിയർപ്പിക്കുന്നത്. അർപ്പിക്കാൻ പുരോഹിതൻ മാത്രം നില്ക്കുന്നുവെങ്കിലും നാവെന്നവണ്ണം ശരീരത്തിനു മുഴുവനും വേണ്ടിയാണ് അവനിതർപ്പിക്കുന്നത്. അർപ്പിതവസ്തുക്കളും അവ ഉൾക്കൊള്ളുന്ന കൃപാവരവും നാമെല്ലാവരുടേതുമാണ്. നാമെല്ലാവരും തുല്യമായി പങ്കാളികളാകുവാൻ അതു നമ്മുടെ മുൻപാകെ വയ്ക്കപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിലാണു ഭാഗ്യവാനായ പൗലോസ് മഹാ പുരോഹിതനെപ്പററി പറഞ്ഞിരിക്കുന്നത്: 'അവൻ തൻെറയും ജനങ്ങളുടെയും പാപത്തിനുവേണ്ടി ബലിയർപ്പിക്കുന്നു' (എബ്രാ. 5:3). പുരോഹിതൻ കാഴ്ചയർപ്പിക്കുന്നത് എല്ലാവർക്കുംവേണ്ടിയാണ്; തനിക്കുവേണ്ടിയും

www.malankaralibrary.com



മററെല്ലാവർക്കുവേണ്ടിയും അർപ്പിക്കാൻ അവൻ നിയുക്തനായിരിക്കുന്നു.

ആർക്കെതിരേ പാപം ചെയ്തുവോ ആ ആളെ പാപി സന്തോഷിപ്പിക്കുകയുംഅവനുമായി രമ്യപ്പെടുകയും ചെയ്യുക എന്നതു വളരെ അവശ്യാവശ്യമായ സംഗതിയത്രേ. പീഡിപ്പിക്കപ്പെട്ടവൻ സമീപസ്ഥനാണെങ്കിൽ, പാപി ക്രിസ്തുവിന്റെ പ്രമാണം അക്ഷരശ്ശഃഅനുസരിക്കണം. സമീപസ്ഥനല്ലെങ്കിൽ ഏററം അടുത്ത അവസരം അതു ചെയ്യാൻ അവൻ തീരുമാനിക്കണം. അതിനുശേഷമേ അർപ്പണത്തിന്റെ സംസർഗത്തിന് അവനണയാവൂ. ദ്രോഹം ഏററവൻ ദ്രോഹിയുടെ രമ്യത അംഗീകരിക്കണം. കാരണം, അവനും പാപി കാട്ടുന്നതുപോലുള്ള മനസ്സന്നദ്ധത പ്രകടമാക്കണം. തന്നോടു ചെയ്യപ്പെട്ട എല്ലാ അപരാധവും അവൻ മനസ്സിൽ നിന്നകററണം. 'മനുഷ്യരോട് അവരുടെ തെററുകൾ നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവും നിങ്ങളോടു ക്ഷമിക്കയില്ല' എന്ന വാചകം (മത്താ. 6:15) അവൻ അനുസ്മരിക്കണം. ഇവയുടെയെല്ലാം അംഗീകാരവും അനുസ്മരണവുമായി ഈ സമാധാനാശംസയെ നാം പരിഗണിക്കണം. പൗലോസിനെപ്പോലെ വിശുദ്ധ ചുംബനത്താൽ പരസ്പരം ആശ്ലേഷിക്കണം. യൂദാസിനെപ്പോലെ അധരംകൊണ്ടു ചുംബിക്കുകയും ദൈവമക്കൾക്കെതിരെ വിദ്വേഷവും തിന്മയും കാട്ടാൻ പരിശ്രമിക്കയും അരുത്.

42. തദവസരം വൈദികൻ ആദ്യമായി കൈകൾ കഴുകുന്നു. അതിനുശേഷം സന്നിഹിതരായി പൗരോഹിത്യ സമൂഹത്തിൽ ഉൾപ്പെട്ട എത്ര പേരുണ്ടെങ്കിലും അവരെല്ലാവരും കൈകൾ കഴുകണം.—കൈകൾ വൃത്തിയാക്കാനല്ല അവർ ഇപ്രകാരം ചെയ്യുന്നത്. —അപ്രകാരമാണെങ്കിൽ എല്ലാവരും അങ്ങനെ ചെയ്യണമല്ലോ. ചിലർ തങ്ങളുടെ ശുശ്രൂഷ നിമിത്തവും ചിലർ തങ്ങൾ സ്വീകരിക്കാൻ പോകുന്ന കൂദാശ നിമിത്തവും കഴുകണമല്ലോ. —പിന്നെയോ, അർപ്പിക്കുന്ന പുരോഹിതർ എല്ലാവർക്കും വേണ്ടി ബലിയർപ്പിക്കുന്നു. അർപ്പിക്കപ്പെട്ട കൂദാശയെ ശുദ്ധമനസ്സാക്ഷിയോടുകൂടി സമീപിക്കണമെന്ന് എല്ലാവരേയും അവർ ഓർപ്പിക്കുന്നു. പരസ്പരം സമാധാനം നൽകി, സഹവിശ്വാസികൾക്കെതിരെയുള്ള എല്ലാ വിദ്വേഷവും ശത്രുതയും നീക്കി ദൂരെയകററി, തെററുകുററങ്ങളുടെ ഓർമ്മയും കഴുകിക്കളഞ്ഞ്, നമ്മുടെ കഴിവനുസരിച്ച് എല്ലാവിധ മാലിന്യങ്ങളിൽനിന്നും നമ്മെത്തന്നെ വിടുതലാക്കി എന്നു നാം വിശ്വസിക്കണം.

www.malankaralibrary.com



43. അതിനുശേഷം ഡീക്കൻെറ നിർദേശമനുസരിച്ച് എല്ലാവരും എഴുന്നേററ് സംഭവിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ കടന്നുപോയ മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരുടെയും പേരുകൾ സഭാഗ്രന്ഥങ്ങളിൽനിന്നു വായിക്കുന്നു. അവിടെ വായിക്കുന്ന ചില പേരുകളിലൂടെ സകല ജീവനുള്ളവരെയും മരിച്ചവരെയും അനുസ്മരിക്കയത്രേ ചെയ്യുക എന്നതു് വ്യക്തമാണ്. നമ്മുടെ കർത്താവായ മിശിഹായുടെ വ്യാപാരത്തിൽ സംഭവിച്ചവയുടെ പ്രബോധനത്തിനാണ് ഇപ്രകാരം ചെയ്യുക. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഒരുപോലെ സഹായകമായ ഈ ശുശ്രൂഷ ഇവയുടെ അനുസ്മരണമാണ്. ജീവിച്ചിരിക്കുന്നവർ ഭാവിപ്രത്യാശയെ നോക്കിപ്പാർക്കുന്നു. മരിച്ചവർ യഥാർത്ഥത്തിൽ മരിച്ചവരല്ല, പിന്നെയോ, പ്രത്യാശയിൽ നിദ്രപ്രാപിച്ചവരാണ്; അതിനാണ് നമ്മുടെ കർത്താവ് മരണം ആസ്വദിച്ചതു്. ഈ ക്രൂദാശയിൽ നാം അതാണനുസ്മരിക്കുക.

44. പേരുകൾ വായിച്ചു കഴിയുമ്പോൾ പുരോഹിതൻ ശുശ്രൂഷയ്ക്കണയുന്നു. തദവസരം അറിയിപ്പുകാരനായ ഡീക്കൻ 'അർപ്പിതവസ്തുവിനെ സൂക്ഷിച്ചു നോക്കുക' എന്നു വിളിച്ചു പറയുന്നു. തങ്ങൾക്കു നൽകപ്പെട്ട പൗരോഹിത്യാടയാളങ്ങളെ പിൻചെന്നുകൊണ്ടു് സമൂഹം ചെയ്യേണ്ടതു് എന്താണെന്നു് അവൻെറ സ്വരം വ്യക്തമായി അറിയിക്കുന്നു. പരസ്യശുശ്രൂഷ ആരംഭിക്കയാലും പരസ്യബലി അർപ്പിക്കാൻ തുടങ്ങുകയാലും, നമ്മോടുകൂടി വിശ്വാസത്തിൽ സംസർഗം പുലർത്തുകയും ദൈവത്തിൻെറ സഭയായിരിക്കുകയും സഭയിൽ നിന്നുകൊണ്ടു് ജീവിതം അവസാനിപ്പിക്കുകയും ചെയ്ത എല്ലാവർക്കുംവേണ്ടി, ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ എല്ലാവർക്കുംവേണ്ടി അർപ്പിക്കപ്പെടുന്ന ഈ ദിവ്യബലിയെ സൂക്ഷിച്ചു നോക്കുവാൻ അവൻ എല്ലാവരെയും ഉപദേശിക്കുന്നു. ഈ ശുശ്രൂഷയെ 'ബലിയർപ്പണം', 'യാഗം', 'ബലി' എന്നൊക്കെ നാം വിളിക്കുന്നു. കാരണം, ഭീതിജനകമായ ഒരു ബലിയാണ് അർപ്പിക്കപ്പെടുന്നതു്. ആ ബലി ദൈവത്തിനാണ് നാം അർപ്പിക്കുന്നതെങ്കിൽ, 'അവൻ സ്വയം അർപ്പിച്ചപ്പോൾ ഒരിക്കലായി ഇതർപ്പിച്ചു' എന്നു ഭാഗ്യവാനായ പൗലോസ് പറയുന്നു (എബ്രാ. 7:27). സമർപ്പിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കുക അവനും ആവശ്യമായിരുന്നു (8:3). ഇക്കാരണത്താലാണ്, 'ബലി', 'ബലിയർപ്പണം', 'ക്രിസ്തുവിൻെറ ബലിയുടെ സാദൃശ്യം' എന്നൊക്കെ ഇതിനെ നാം വിളിക്കുന്നതു്. 'ബലിയെ സൂക്ഷിച്ചുനോക്കുക' എന്നു ബലിയർപ്പണത്തിനു മുൻപു് ഡീക്കൻ അറിയിക്കുന്നതു് ഇതുകൊണ്ടാണ്.

www.malankaralibrary.com



45. അറംത്താരയിൽ വയ്ക്കപ്പെട്ട വസ്തുവിനെ സൂക്ഷിച്ചുനോക്കുവാൻ ജനം സജ്ജരാക്കപ്പെടുകയും ശുശ്രൂഷയ്ക്കു മുൻപ് അവശ്യാവശ്യം ചെയ്തിരിക്കേണ്ടവയും നിങ്ങളുടെ പ്രബോധനത്തിനും അനുസ്മരണസ്ഥമായി നാം പറഞ്ഞവയും പൂർത്തിയായിക്കഴിയുകയും ചെയ്യുമ്പോൾ പുരോഹിതൻ ബലിയർപ്പണം തുടങ്ങുന്നു. ബലിയർപ്പിക്കുന്ന വിധവും നിങ്ങൾ പഠിക്കണം. ഇന്നത്തേക്കു ധാരാളം പറഞ്ഞുകഴിഞ്ഞതിനാൽ ഇനി പറയുവാനുള്ളതു് ദൈവം അനുവദിക്കുമെങ്കിൽ മറെറാരു ദിവസമാകാം. എല്ലാററിനെപ്രതിയും പിതാവായ ദൈവത്തിനും തൻെറ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും മഹത്വം കരേററാം.

ആമ്മീൻ.

www.malankaralibrary.com

# 16

# പതിനാറാം പ്രസംഗം

## കുർബാന

1. ശേഷിക്കുന്ന സംഗതികളെപ്പററി പ്രതിപാദിക്കാൻ ദൈവം അനുവദിച്ച സമയമാണിത്. വിശുദ്ധ കുർബാന സ്വീകരിക്കുമ്പോഠം നിങ്ങഠം അനുഭവിക്കുന്ന ആത്മീയ ഭക്ഷണത്തെപ്പററിയും ഇതുമായി ബന്ധപ്പെട്ട മററു ചില അവശ്യസംഗതികളെപ്പററിയും നിങ്ങളുടെ സ്നേഹത്തോടു നാം പ്രതിപാദിക്കാൻ തുടങ്ങി. കുർബാനയിലെ ശുശ്രൂഷ ക്രമങ്ങളെപ്പററി നാം ചർച്ചചെയ്തു. 'ബലിയെ സൂക്ഷിച്ചു നോക്കുക' എന്ന വാചകം വരെ നാം എത്തിച്ചേർന്നു. സഭാക്രമമനുസരിച്ചു ഡീക്കൻ ഇതുച്ചത്തിൽ പ്രഖ്യാപിക്കുന്നു. അതിനുശേഷം വൈദികൻ അനാഫൊറ ആരംഭിക്കുന്നു. തുടർന്നു നാം അറിഞ്ഞിരിക്കേണ്ട സംഗതികഠം നിരവധിയാകയാൽ നാം നമ്മുടെ ചർച്ച പിന്നൊരവസരത്തിലേക്കു മാററിവച്ചു. വൈദികൻ തുടർന്നനുഷ്ഠിക്കുന്നവ പിന്നാലെ ചർച്ചചെയ്യാമെന്നു കരുതി. ദൈവകൃപയാൽ ഇന്നതു ചർച്ചചെയ്തു പൂർത്തിയാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

2. 'ബലിയെ സൂക്ഷിച്ചു നോക്കുക' എന്നു പറഞ്ഞു കഴിയുമ്പോഠം അതനുസരിച്ചു സംഭവിക്കുന്ന സംഗതികഠം എല്ലാവരും സൂക്ഷിച്ചു വീക്ഷിക്കുന്നു. അപ്പോഠം വൈദികൻ അനാഫൊറ ആരംഭിക്കുന്നു; എല്ലാററിനും മുൻപേ അവൻ ജനങ്ങളെ താഴെപ്പറയും പ്രകാരം ആശീർവദിക്കുന്നു: 'നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സംസർഗവും നിങ്ങളെല്ലാവരോടുകൂടെ ഉണ്ടായിരിക്കട്ടെ' (2 കൊരി. 13:14). എല്ലാററിനും മുൻപേ ശ്ളീഹായുടെ വളരെ ഉപകാരപ്രദമായ ഈ വാക്കുകളാൽ ജനങ്ങഠം ആശീർവദിക്കപ്പെടണം. അവയോടുള്ള ബഹുമാനസൂചകമായി അവനവ ഉച്ചരിക്കയും പിന്നീടു രേഖപ്പെട്ട

www.malankaralibrary.com



ത്തുകയും ചെയ്തു. സുവിശേഷത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (യോഹ. 3:16). മനുഷ്യർ ചെയ്ത സദ്പ്രവൃത്തികൾ നിമിത്തമല്ല ദൈവം തന്റെ സ്നേഹം കാണിച്ചത്. പിന്നെയോ തന്റെ കൃപയാലും കരുണയാലും അവിടുന്നു തന്റെ സ്നേഹം പ്രകടമാക്കി. അതുകൊണ്ടാണ് ദൈവത്തിന്റെ ഏകജാതനും വചനമായ ദൈവവുമായവൻ നമുക്കുവേണ്ടി മനുഷ്യനെ എടുക്കാൻ തിരുമനസ്സായത്. അവനെ അവിടുന്നു മരിച്ചവരിൽ നിന്നുയിർപ്പിച്ചു. സ്വർഗ്ഗത്തിലേക്കെടുത്തു; തന്നോടുകൂടി ചേർത്ത് ദൈവത്തിന്റെ വലത്തുഭാഗത്തിരുത്തി. ഇവയിലെല്ലാം അവിടുന്നു നമുക്കു ഭാഗഭാഗിത്വം കല്പിച്ചനുവദിച്ചു. തന്റെ പരിശുദ്ധാത്മാവിനെ നമുക്കു നൽകി. പരിശുദ്ധാത്മാവിന്റെ ആദ്യഫലങ്ങൾ അച്ചാരമായി നാമിപ്പോൾ സ്വീകരിക്കുന്നു. 'യഥാർത്ഥത്തിൽ' നാം അവനുമായി സംസർഗ്ഗത്തിലാകുമ്പോൾ, നമ്മുടെ ദുർബലശരീരം തന്റെ മഹത്വമുള്ള ശരീരംപോലെ രൂപാന്തരപ്പെടുമ്പോൾ, എല്ലാ ഫലങ്ങളും നാം പ്രാപിക്കും (ഫിലി. 3:21). ഇക്കാരണത്താൽ വിശ്വാസികൾ ദൈവസ്നേഹത്തിനു യോഗ്യരാകുവാൻ ഭാഗ്യവാനായ പൗലോസ് തന്റെ ലേഖനങ്ങളിൽ പ്രാർത്ഥിക്കുന്നു. ദൈവം തന്റെ സ്നേഹം മനുഷ്യകുലം മുഴുവനും വ്യക്തമാക്കുകയും പരിശുദ്ധാത്മാവിന്റെ കൃപയ്ക്കു നമ്മെ അർഹരാക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ഈ ദാനത്താലാണ് അവിടുന്ന് അവനുമായി നമ്മെ സംബന്ധിപ്പിച്ചത്.

ഇപ്രകാരം, ശ്രേഷ്ഠമായൊരു ശുശ്രൂഷ അനുഷ്ഠിക്കുവാൻ പോകുന്ന വൈദികൻ ഈ വാക്കുകൾകൊണ്ടു ജനങ്ങളെ ആശീർവദിക്കുക ന്യായയുക്തമാണ്. നാം ഈ നന്മകൾ പ്രാപിക്കുമെന്നുള്ള പ്രത്യാശയിലേക്ക് ഇതുവഴി നയിക്കപ്പെടുന്നു. 'നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളോടുകൂടെ' എന്നു മാത്രം ചില വൈദികർ പറയുന്നു. എന്നാൽ ശ്ലീഹാ പറഞ്ഞ വാക്കുകളെല്ലാം ഇതിൽ അവർ ഉൾക്കൊള്ളുന്നു. അതിനു 'അവിടുത്തെ ആത്മാവോടുകൂടെ' എന്നു ജനം പ്രത്യുത്തരിക്കുന്നു. 'കൃപയും' 'സമാധാനവും' കൊണ്ടു വൈദികൻ ജനങ്ങളെ ആശീർവദിക്കുമ്പോഴെല്ലാം സന്നിഹിതരായവർ ഈ വാക്കുകളിൽ, മേൽപ്പറഞ്ഞ കാരണങ്ങളാൽ, പ്രത്യുത്തരിക്കണം എന്നതു് ഒരു പ്രാചീനനിയമമാണ്.

www.malankaralibrary.com



3. ആശീർവാദത്തിനുശേഷം 'നിങ്ങളുടെ ചിന്തകളെ ഉയർത്തുവിൻ' എന്നു പറഞ്ഞുകൊണ്ടു് പുരോഹിതൻ ജനങ്ങളെ ഒരുക്കുന്നു. ഭീതിജനകവും അവാച്യവുമായ ഈ ശുശ്രൂഷ ഭൂമിയിലാണു നാം പരികർമ്മം ചെയ്യുന്നതെങ്കിലും നമ്മുടെ കർത്താവീശോമിശിഹായുടെ ബലിയുടെയും മരണത്തിന്റെയും അനുസ്മരണ നടത്തുന്ന ഈയവസരം നാം സ്വർഗത്തിലേക്കു നോക്കുകയും നമ്മുടെ ആത്മീയ നയനങ്ങൾ ദൈവത്തിങ്കലേക്കുയർത്തുകയും വേണം. അവിടുന്നു നമുക്കുവേണ്ടി കഷ്ടപ്പെട്ടു് മരിക്കുകയും ഉയിർക്കുകയും ദിവ്യസ്വഭാവത്തോടു ചേരുകയും ചെയ്തു. അവിടുന്നു പിതൃവലഭാഗത്തിരിക്കുകയും സ്വർഗത്തിലായിരിക്കയും ചെയ്യുന്നു. അവിടേക്കു നമ്മുടെ ആത്മീയ നയനങ്ങളെ നാം ഉയർത്തണം. ഈ അനുസ്മരണകളിലൂടെ നമ്മുടെ ചിന്തകളെ സ്വർഗത്തിലേക്കുയർത്തണം.

4. 'കർത്താവേ, നിന്റെ പക്കലേക്കു്' എന്നു ജനം പ്രത്യുത്തരിക്കുന്നു. അപ്രകാരം ചെയ്വാൻ തങ്ങൾ ആകാംക്ഷാഭരിതരാണെന്നു് ജനങ്ങൾ ഏകസ്വരത്തിൽ പ്രഖ്യാപിക്കയാണു ചെയ്യുന്നതു്.

വൈദികൻ ജനങ്ങളെ ഒരുക്കി, വിചാരങ്ങളും ചിന്തകളും ക്രമീകരിച്ചശേഷം 'കർത്താവിനെ സ്തോത്രം ചെയ്യാം' എന്നു് പറയുന്നു. അതിന്റെയർത്ഥം, നമുക്കുവേണ്ടി ചെയ്യപ്പെട്ട എല്ലാ സംഗതികൾക്കുംവേണ്ടി എല്ലാ നന്മകളുടെയും കാരണമായ ദൈവത്തിനു് എല്ലാററിനും മുൻപേ നാം സ്തോത്രം അർപ്പിക്കേണ്ടിയിരിക്കുന്നു എന്നുള്ളതാണു്. 'അതു് ന്യായവും യുക്തവുമാകുന്നു' എന്നു് ഈ വാക്കുകൾക്കു ജനം പ്രത്യുത്തരിക്കുന്നു. രണ്ടു കാരണങ്ങളാൽ നാം നിശ്ചയമായും നന്ദി പറയണമെന്നു് അവർ പ്രഖ്യാപിക്കുന്നു. ഇതുപോലെയുള്ള മഹനീയ സംഗതികൾ നമുക്കു കല്പിച്ചനുവദിച്ച ദൈവത്തിന്റെ മഹത്വത്തെപ്രതി ഒന്നാമതു്; നമുക്കിതു തന്ന ദൈവത്തോടു നാം നന്ദിയുള്ളവരായിരിക്കണം എന്നതു് നമ്മുടെ ഭാഗത്തുനിന്നു തികച്ചും ഉചിതമാകയാൽ രണ്ടാമതു്.

5. ഇവയ്ക്കുശേഷം എല്ലാവരും നിശ്ശബ്ദരായിരിക്കുമ്പോൾ ഭയഭക്തിബഹുമാനാദരവുകളോടെ വൈദികൻ അനാഫറ ആരംഭിക്കുന്നു. അവൻ ജനങ്ങൾക്കുവേണ്ടി ഒരു ബലിയർപ്പിക്കുകയാണു്. നമ്മുടെ കർത്താവു നമുക്കെല്ലാവർക്കും വേണ്ടി പീഡ സഹിച്ചു മരിച്ചു എന്ന സംഭവം നിമിത്തം ഒരു വലിയ ഭയം അവന്റെമേലും ജനങ്ങളുടെമേലും നിപതിക്കുന്നു. ഈ ബലിയിൽ അതിന്റെ പുനരാവിഷ്ക്കരണം ഉടനെ നടക്കുവാൻ പോകുകയാണല്ലോ. ഈയവസരം പുരോഹിതൻ

www.malankaralibrary.com



സഭാസമൂഹത്തിൻെറ നാവായി വർത്തിക്കുന്നു. ഈ മഹനീയ ശുശ്രൂഷയിൽ ഏററം ഉചിതമായ വാക്കുകൾ അവൻ തെരഞ്ഞെടുക്കട്ടെ. നാമെല്ലാം ദൈവത്തിന് ആരാധനയർപ്പിക്കുകയും ശുശ്രൂഷ ചെയ്യുകയും വേണം. എല്ലാ സ്തോത്രവും മഹത്വവും ദൈവത്തിനാണ് എന്നു പ്രഖ്യാപിക്കുന്നതിൽ ശരിയായ സ്തുതിപ്പ് അടങ്ങിയിരിക്കുന്നു. നമ്മുടെ പക്കലിറങ്ങിവന്ന കൃപയുടെ അനുസ്മരണയായ ഈ ശുശ്രൂഷ മറെറല്ലാ ശുശ്രൂഷകളെക്കാൾ ശ്രേഷ്ഠമാണ്. ഇതു സൃഷ്ടികൾക്കു വിവരിക്കാൻ പ്രയാസമാണ്.

6. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നാം പ്രബോധിതരായി മാമോദീസാ സ്വീകരിച്ചതിനാലും പരികർമ്മം ചെയ്യപ്പെടുന്നവയുടെ പൂർണ്ണത പ്രതീക്ഷിക്കേണ്ടതിനാലും 'പിതാവിൻെറ മഹത്വം' എന്ന് അവൻ പറയുന്നു. 'പുത്രൻെറയും' എന്ന് അവൻ കൂട്ടിച്ചേർക്കുന്നു. കാരണം, പിതാവിനുള്ളതെല്ലാം പുത്രൻേറതാണ്; അവിടുന്നു യഥാർത്ഥമായും സത്യമായും പുത്രനാണ്. തൻെറ പിതാവിൻെറതന്നെ സത്തയാണ് അവനുള്ളത്; പിതാവിൽനിന്ന് താഴ്ന്ന പടിയിലല്ല. 'പരിശുദ്ധാത്മാവിൻെറയും' എന്നും അവശ്യാവശ്യം ഈ വാചകത്തിൽ അവൻ കൂട്ടിച്ചേർക്കുന്നു. ആത്മാവും ദിവ്യസത്തയാണെന്ന് അവൻ ഏററുപറയുന്നു. കാണപ്പെടുന്ന സൃഷ്ടികളാലും അദൃശ്യ സൈന്യങ്ങളാലും നിരന്തരസ്തുതിയും മഹത്വവും മറെറല്ലാ യാഥാർത്ഥ്യങ്ങൾക്കും മുൻപായി നിത്യമായ ഈ ദിവ്യസ്വഭാവത്തിന് അർപ്പിക്കപ്പെടുന്നു എന്ന് അവൻ പ്രഖ്യാപിക്കുന്നു.

മറെറല്ലാററിനും മുൻപു വൈദികൻ സ്രാപ്പേന്മാരെപ്പററി സൂചിപ്പിക്കുന്നു. ഭാഗ്യവാനായ ഏശായാ, ദിവ്യദർശനത്തിൽ പഠിച്ചതും പിന്നീട് എഴുതിയതും ആയ സ്തുതിപ്പ് സ്രാപ്പേന്മാർ ദൈവത്തിനർപ്പിക്കുന്നു. 'സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ, ആകാശവും ഭൂമിയും അവൻെറ സ്തുതിപ്പുകളാൽ നിറഞ്ഞിരിക്കുന്നു' (6:3) എന്ന് അദൃശ്യ സൈന്യങ്ങൾ പാടുന്നതുപോലെ ഉച്ചസ്വരത്തിൽ നാമെല്ലാവരും ഒരു സമൂഹമായി ഈ കീർത്തനം പാടുന്നു. മനുഷ്യകുലത്തിനു നൽകപ്പെടുവാൻപോകുന്ന നന്മകൾ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ ഏശായാ മുൻകൂട്ടി ദർശനത്തിൽ കാണുകയും സ്രാപ്പേന്മാർ ഈ വാക്കുകൾ ഉച്ചരിക്കുന്നതു് ദിവ്യവെളിപാടിൽ കേൾക്കുകയും ചെയ്തു. മനുഷ്യസ്വഭാവത്തിനുപരിസ്ഥമായ ഒരു മഹോന്നത ശുശ്രൂഷ പരികർമ്മം ചെയ്യപ്പെടുന്നതായി ഏശായാ ദർശിച്ചു. ആത്മീയ സൈന്യങ്ങൾ വലിയ

www.malankaralibrary.com



ഭയത്തോടും ബഹുമാനത്തോടുംകൂടി നിലകൊള്ളുന്നതായി പ്രവാചകൻ കണ്ടു. അവരുടെ ദർശനം താഴോട്ടായിരുന്നു; അവർ തങ്ങളുടെ ചിറകുകൾകൊണ്ടു് തങ്ങളുടെ മുഖം മൂടിയിരുന്നു. 'ഏകദൈവത്വം മൂന്നാളുകളായി പ്രഘോഷിക്കപ്പെടുന്ന ത്രിത്വപ്രബോധനവും തദവസരം വെളിപ്പെടുത്തപ്പെട്ടിരുന്നു. 'പരിശുദ്ധൻ' എന്നു മൂന്നു പ്രാവശ്യവും 'കർത്താവു്' എന്നു് ഒരു പ്രാവശ്യം മാത്രവും പറഞ്ഞതുവഴി ഇതു് വെളിപ്പെടുത്തപ്പെട്ടു. 'പരിശുദ്ധൻ' എന്നു മൂന്നു പ്രാവശ്യം പറയുന്നതുവഴി മൂന്നാളുകളെ അവർ കാട്ടുന്നു: പിതാവിന്റെ ആളത്വം, പുത്രന്റെ ആളത്വം, പരിശുദ്ധാത്മാവിന്റെ ആളത്വം. ഓരോ ആളും നിത്യനും സത്യമായും പരിശുദ്ധനും ആണെന്നു് നാം വിശ്വസിക്കണം. കാരണം, ദൈവത്വം യഥാർത്ഥമായും പരിശുദ്ധവും വ്യതിയാനരഹിതവുമാണു്; എന്നാൽ സൃഷ്ടികൾ അസ്തിത്വത്തിലെത്തുന്നതും വിശുദ്ധി പ്രാപിക്കുന്നതും ദൈവത്തിൽ നിന്നുള്ള കൃപകൊണ്ടു മാത്രമാണു്. 'സൈന്യങ്ങളുടെ കർത്താവു്' എന്നു് അവസാനം പറയുന്നതിന്റെ അർത്ഥം 'കർത്താവും, സൈന്യങ്ങളുടെ ദൈവവും, സർവശക്തനായ ദൈവം' എന്നാണു്. 'സൈന്യങ്ങളുടെ കർത്താവു്' എന്ന പ്രയോഗം ഇതൊക്കെ സൂചിപ്പിക്കുന്നു; ത്രിത്വസ്വഭാവത്തിനു ചേർന്നതാണിതു്; ത്രിത്വം മാത്രമേ നിത്യനും ദൈവവും ആയുള്ളു.

7. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഈ ശുശ്രൂഷയിൽ സൂചിപ്പിച്ചശേഷം 'സർവസൃഷ്ടികളിൽനിന്നും ദിവ്യസ്വഭാവത്തിനു് സ്തുതിയും ആരാധനയും സമർപ്പിക്കപ്പെടുന്നു' എന്നു് വൈദികൻ പറയേണ്ടതു് ആവശ്യമാണു്. സ്തുതി അർപ്പിക്കുന്നതായി വിശുദ്ധ ലിഖിതത്തിൽ കാണുന്ന ശ്രാപ്പേന്മാരെയും അവൻ സൂചിപ്പിക്കുന്നു. ദൈവശുശ്രൂഷയ്ക്കായി അദൃശ്യസൈന്യങ്ങളോടൊപ്പം, സന്നിഹിതരായ സകലരും ഉച്ചത്തിൽ ഈ ദിവ്യസംഗീതം ആലപിക്കുന്നു. നാം അവരെ അനുസ്മരിക്കയും അവരെപ്പോലെ സ്തുതിക്കുകയും വേണം. 'ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ നാം മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കയും ചെയ്യും' എന്ന ശ്ലൈഹിക വചനമനുസരിച്ച് (1 തെസ. 4: 17) അദൃശ്യസൈന്യങ്ങളോടൊത്തു് ദൈവത്തെ ശുശ്രൂഷിക്കാനും അമർത്യരും അഴിവില്ലാത്തവരുമായി തീരുവാനും നമ്മുടെ കർത്താവിന്റെ വ്യാപാരം നമുക്കിടയാക്കി. ദൈവമക്കൾ 'ദൈവത്തിന്റെ മാലാഖമാരെപ്പോലെയാണു്, കാരണം, അവർ ഉത്ഥാനത്തിന്റെ സന്തതികളാണു്' എന്ന നമ്മുടെ കർത്താവിന്റെ വചനം വളരെ ശരിയായിട്ടുള്ളതുതന്നെ (ലൂക്കോ. 20: 36).

www.malankaralibrary.com



8. മുകളിൽ പറഞ്ഞ വാക്കുകൾ ആത്മീയ ദർശനത്തിൽ ഏശായാ ശ്രവിച്ചപ്പോൾ സാഷ്ടാംഗം വീണു് ഇപ്രകാരം പറഞ്ഞു: 'എനിക്കു ഹാ കഷ്ടം. ഞാൻ ഹീനനും ദുഃഖിതനും മനുഷ്യനും ആകുന്നു; ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ള ജനങ്ങളുടെ മദ്ധ്യേവസിക്കുന്നവനുമാകുന്നു. സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചു' (ഏശാ. 6:5). മനുഷ്യകുലം മുഴുവനുംവേണ്ടി അവർ എന്തായിരിക്കുന്നുവോ, എന്തു പ്രാപിച്ചുവോ, അതിനുവേണ്ടി തന്റെ ഹൃദയത്തിൽ ദുഃഖിക്കുന്നതുപോലെയായിരുന്നതു്. 'ഞാൻ മനുഷ്യനാകുന്നു' എന്നു് അവൻ പറകയുണ്ടായി. മനുഷ്യ സ്വഭാവം സൂചിപ്പിക്കുന്നതു വഴി തിന്മയിലേക്കു തിരിഞ്ഞിരിക്കുക മനുഷ്യസ്വഭാവത്തിന്റെ സവിശേഷതയാണെന്നു് അവൻ കാണിക്കയാണു് ചെയ്യുക. 'യൗവനം മുതൽ മനുഷ്യന്റെ ആഗ്രഹം തിന്മയിലേക്കു തിരിഞ്ഞിരിക്കുന്നു' എന്നു് ദൈവം പറയുന്നു (ഉല്പ. 8:21). ഇക്കാരണത്താലാണു് മനുഷ്യകുലം മുഴുവനുംവേണ്ടി തന്റെ ഹൃദയത്തിൽ ദുഃഖിച്ചു ഏശായാ പാപം നിറഞ്ഞ ഒരു വംശത്തിനു് ഇപ്രകാരമുള്ള കൃപ നൽകിയ ദൈവത്തിന്റെ സീമാതീതമായ കരുണ ദർശിച്ചു് അത്ഭുതസ്തബ്ധനായതു്.

9. വളരെക്കാലങ്ങൾക്കു മുൻപു് പ്രവാചകൻ ദർശിക്കുകയും കുറേ നാളുകൾക്കു മുൻപു് നമുക്കുവേണ്ടി ഒരു ബലിയായി തീരുകയും ചെയ്ത മഹനീയദാനം പുനരാവിഷ്കരിക്കാൻ കല്പന ലഭിച്ച നാമാകട്ടെ ഈ ശുശ്രൂഷയുടെ മാഹാത്മ്യത്തെ നോക്കുവാൻ കഴിവില്ലാത്തവരെപ്പോലെ തലകുനിച്ചു് ഭയ ഭക്തിയോടുകൂടി നിലകൊള്ളുന്നു. നമ്മുടെ മേൽ അവിചാരിതമായി ചൊരിയപ്പെട്ട കൃപയുടെ മഹത്വം പ്രസ്പഷ്ടമാക്കുവാൻ അദൃശ്യസൈന്യങ്ങളുടെ വാക്കുകൾ നാം ഉപയോഗിക്കുന്നു. നമ്മുടെ മനസ്സിൽനിന്നു് ഈ ഭീതി നാം അകററുന്നില്ല. പിന്നെയോ, പരികർമ്മം ചെയ്യപ്പെടുന്ന സംഗതികളുടെ മഹത്വം നിമിത്തം ശുശ്രൂഷാസമയം മുഴുവൻ നാം ഈ മനോഭാവം നിലനിർത്തുന്നു. 'പരിശുദ്ധൻ' എന്നു് ഉച്ചത്തിൽ പ്രകീർത്തിക്കുന്നതിനു മുൻപും പിൻപും നാം നമ്മുടെ തലകുനിക്കുന്നു. ഈ ഭയം ഉചിതമായ രീതിയിൽ നാം പ്രസ്പഷ്ടമാക്കുന്നു. വൈദികൻ അദൃശ്യസൈന്യങ്ങളുടെ സ്വരവുമായി പൂർണമായി ബന്ധപ്പെടുത്തി ഉച്ചത്തിൽ ദൈവത്വത്തെ മഹത്വപ്പെടുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. സംഭവിക്കുന്ന സംഗതികൾ നിമിത്തം മററുള്ളവരെപ്പോലെ അവനും ഭയചകിതനായിത്തീരുന്നു. ഈ സംഗതികളിൽ അവൻ മററുള്ളവരെക്കാൾ കുറഞ്ഞവനാകുന്നതു് ഉചിതമല്ലല്ലോ. മറിച്ചു് ലോകം മുഴുവനും വേണ്ടി ഭീതി

www.malankaralibrary.com



ജനകമായ ഈ ശുശ്രൂഷ പരികർമ്മം ചെയ്യുന്ന വൈദികൻ മററുള്ളവരെക്കാൾ ഭയഭക്തിബഹുമാനങ്ങളോടുകൂടി വർത്തിക്കണം.

10. 'സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു സന്നിഹിതരായവർ ഉച്ചത്തിൽ പ്രഘോഷിച്ചശേഷം സാവധാനം എല്ലാവരും നിശ്ശബ്ദരാകുമ്പോൾ വൈദികൻ വിശുദ്ധ ശുശ്രൂഷ തുടങ്ങുന്നു; 'പിതാവു പരിശുദ്ധനാകുന്നു; പുത്രൻ പരിശുദ്ധനാകുന്നു; പരിശുദ്ധാത്മാവു പരിശുദ്ധനാകുന്നു' എന്നു എല്ലാററിനും മുൻപേ അവൻ പ്രഖ്യാപിക്കുന്നു. അവൻ നിത്യവും പരിശുദ്ധവുമായ സ്വഭാവമാണെന്നും, പ്രവാചകൻ കേൾക്കുകയും പിന്നീട് എഴുതുകയും ചെയ്ത ദ്രസാപ്പേന്മാരുടെ സ്തുതിപ്പിന്റെ അർത്ഥം അവൻ നന്നായി മനസ്സിലാക്കുന്നു എന്നും വ്യക്തമാക്കാനാണിതു്. അവൻ അതിനുശേഷം ദൈവത്തിന്റെ അവാച്യദാനത്തെപ്പററിയും സൂചിപ്പിക്കുന്നു. ക്രിസ്തുവിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട വ്യാപാരത്തെയാണിവിടെ ഉദ്ദേശിക്കുന്നതു്. 'ദൈവത്തിന്റെ രൂപത്തിലായവൻ ദാസന്റെ രൂപമെടുക്കാൻ തിരുമനസ്സായി' (ഫിലി. 2:6–7). അങ്ങനെ മനുഷ്യകുലം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടി പൂർണനും എല്ലാം തികഞ്ഞവനുമായ മനുഷ്യനെ അവൻ എടുത്തു. നിയമത്തിന്റെ കനത്തഭാരത്താൽ മുമ്പു് നമ്മുടെമേൽ വയ്ക്കപ്പെട്ടിരുന്ന പ്രാചീനവും കഠിനവുമായ ആചാരങ്ങളെ അവൻ പാടേ നീക്കിക്കളഞ്ഞു. പ്രാചീനകാലം മുതൽ നിലനിന്ന മരണത്തിന്റെ അധികാരവും അവൻ ഇല്ലാതാക്കി. എല്ലാ മാനുഷിക ബുദ്ധികൾക്കും ഉപരിസ്ഥമായ അവാച്യനന്മകൾ അവൻ നമുക്കു നൽകി. അതിനുവേണ്ടിയാണു് അവൻ പീഡയനുഭവിക്കാൻ തിരുമനസ്സായതു്. തന്റെ ഉത്ഥാനംവഴി പരിപൂർണമായി മരണത്തെ നീക്കിക്കളയുകയും ഭാവിനന്മകളുടെ സാദൃശ്യത്താൽ അവനോടുകൂടിയുള്ള സംസർഗം വാഗ്ദാനംചെയ്കയും ചെയ്തു.

ആ നന്മകളിലേക്കു കാര്യക്ഷമമായി നമ്മെ നയിക്കാൻ കഴിവുള്ള ഈ കൂദാശ അവിടുന്നു നമുക്കു നൽകിയതു് തികച്ചും ശരിയായിട്ടുള്ളതാണു്. മാമോദീസായുടെ പ്രതീകത്തിൽ അതിനാൽ നാം വീണ്ടും ജനിച്ചു. ഭീതിജനകമായ ഈ ശുശ്രൂഷയിലൂടെ നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളാകുന്ന ആദ്ധ്യാത്മികവും അമർത്ത്യവുമായ ഭക്ഷണം നാം സ്വീകരിക്കുന്നു. നമ്മുടെ കർത്താവു തന്റെ പീഡാനുഭവത്തെ സമീപിച്ചപ്പോൾ തന്നിൽ വിശ്വസിക്കുന്നവരെല്ലാം അതു സ്വീകരിക്കുകയും ഈ വസ്തുക്കളിലൂടെ അതു് ആചരിക്കയും ചെയ്യണ

www.malankaralibrary.com



മെന്നും അങ്ങനെ നമ്മുടെ കർത്താവായ മിശിഹായുടെ മരണം പടിപടിയായി നാം ഓർമ്മിക്കണമെന്നും അവാച്യമായ ഭക്ഷണം അതിൽനിന്ന് സ്വീകരിക്കണമെന്നും തന്റെ ശിഷ്യരെ പ്രബോധിപ്പിച്ചു. ഭാവിനന്മകളുടെ ഭാഗഭാഗിത്വത്തിലേക്ക് നമ്മെ നയിക്കാൻ കഴിവുററ പ്രത്യാശ ഇവയിൽനിന്നു നാം സമ്പാദിക്കുന്നു.

11. വൈദികൻ വിശുദ്ധശുശ്രൂഷയിലും സംഭവിച്ച സംഗതികളുടെ അനുസ്മരണയിലും ഇതും ഇതുപോലെയുള്ളതുമായ കാര്യങ്ങരം ചൊല്ലുകയും നമ്മുടെ കർത്താവായ മിശിഹായുടെ ദാനം കാഴ്ചവസ്തുക്കളിലൂടെ കാണുവാൻ നമ്മെയെല്ലാം ഒരുക്കുകയും ചെയ്യുന്നു. പരികർമ്മം ചെയ്യപ്പെടുന്ന സംഗതികളുടെ ശക്തിയാൽ നമ്മുടെ കർത്താവ് ഇപ്പോരം മരണത്തിൽ നിന്നുത്ഥാനം ചെയ്യുകയും തന്റെ കൃപ നമ്മുടെമേൽ ചൊരിയുകയും ചെയ്യുക അവശ്യാവശ്യമാണ്. പരിശുദ്ധാത്മാവിന്റെ കൃപയുടെ ആവാസത്താലല്ലാതെ ഇതുസാധ്യമല്ല. പരിശുദ്ധാത്മാവ് അപ്രകാരമാണല്ലോ ക്രിസ്തുവിനെ ഉയിർപ്പിച്ചതു്. 'ശക്തിയാലും വിശുദ്ധിയുടെ ആത്മാവിനാലും മരിച്ചവരിൽനിന്നുയിർപ്പിക്കപ്പെട്ട നമ്മുടെ കർത്താവീശോമിശിഹാ ദൈവപുത്രനെന്നു പ്രഖ്യാപിക്കപ്പെട്ടു (റോമ. 1: 4) എന്ന് ഭാഗ്യവാനായ പൗലോസ് ഒരിടത്തു പറഞ്ഞപ്പോരം ഇതാണ് വെളിപ്പെടുത്തിയതു്. യേശുവിനെ മരിച്ചവരിൽനിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ അവനെ ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ നിങ്ങളുടെ മർത്യ ശരീരങ്ങരംക്കും ജീവൻ പ്രദാനം ചെയ്യും എന്ന് മറെറാരിടത്തു പറഞ്ഞിരിക്കുന്നു (റോമ. 8:11). 'ആത്മാവാകുന്നു ജീവിപ്പിക്കുന്നതു്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല' എന്നു നമ്മുടെ കർത്താവും പറഞ്ഞിരിക്കുന്നു (യോഹ. 6:63).

12. വയ്ക്കപ്പെട്ട അപ്പവും വീഞ്ഞും അമർത്യതയുടെ അനുസ്മരണയായ നമ്മുടെ കർത്താവിന്റെ ശരീരവും രക്തവുമായി സത്യമായി കാണപ്പെടുന്നതിന് പരിശുദ്ധാത്മാവ് ഇറങ്ങി വന്നു അതിന്മേൽ കൃപ വർഷിക്കുവാൻ പൗരോഹിത്യ ക്രമമനുസരിച്ച് വൈദികൻ ദൈവത്തിനു പ്രാർത്ഥനയും യാചനയും അർപ്പിക്കുന്നതു് വളരെ ശരിയാണ്. നമ്മുടെ സ്വഭാവത്തിൽ നിന്നുള്ള നമ്മുടെ കർത്താവിന്റെ ശരീരം മുമ്പു സ്വഭാവത്താലേ മർത്യമായിരുന്നു. എന്നാൽ ഉത്ഥാനത്തിലൂടെ അതു് അമർത്യവും വ്യതിയാന രഹിതവുമായ സ്വഭാവം പ്രാപിച്ചു. അപ്പവീഞ്ഞുകരം മിശിഹായുടെശരീരവും രക്തവുമാണെന്ന്വൈദികൻ പ്രഖ്യാപനം ചെയ്യുമ്പോരം പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അവ അപ്രകാരമായിത്തീർന്നു് എന്നു അവൻ വ്യക്തമായി

www.malankaralibrary.com



വെളിപ്പെടുത്തുകയാണ്. പരിശുദ്ധാത്മാവു വഴി അവയും അമർത്ത്യമായിത്തീർന്നു. നമ്മുടെ കർത്താവിൻെറ ശരീരവും അഭിഷേകം ചെയ്യപ്പെടുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ചെയ്തശേഷം അമർത്ത്യമായിത്തീർന്നല്ലോ. അതുപോലെ ലെ ഇവിടെയും പരിശുദ്ധാത്മാവു് വന്നു കഴിയുമ്പോൾ അപ്പ വീഞ്ഞുകളുടെ പദാർത്ഥം അവയുടെമേൽ വരുന്ന കൃപയാൽ ഒരു തരത്തിലുള്ള അഭിഷേകം പ്രാപിക്കുന്നു. അവ അപ്പോൾ മുതൽ ഉത്ഥാനശേഷമുള്ള ക്രിസ്തുവിൻെറ ശരീരംപോലെ അഴിവിനതീതവും സഹനാതീതവും സ്വഭാവത്താലേ വ്യതിയാന രഹിതവും ആയിത്തീരുന്നു എന്നു് നാം വിശ്വസിക്കുന്നു.

13. സന്നിഹിതരായ എല്ലാവരുടെമേലും പരിശുദ്ധാത്മാവിൻെറ കൃപ ചൊരിയപ്പെടുവാൻ വൈദികൻ പ്രാർത്ഥിക്കുന്നു. രണ്ടാംജനനത്തിൻെറ സാദൃശ്യത്തിൽ അവർ ഒരു ശരീരമായി പൂർണരാക്കപ്പെട്ടതുപോലെ നമ്മുടെ കർത്താവിൻെറ ശരീരത്തിലുള്ള ഭാഗഭാഗിത്വത്തിലൂടെ ഒരു ശരീരമായി പൂർത്തീകരിക്കപ്പെടേണ്ടതിനാണിതു്. അതുപോലെ യോജിപ്പോടും സമാധാനത്തോടുംകൂടെ അവർ ഏകയോഗമായി സദ്പ്രവൃത്തികളിൽ തല്പരരായിരിക്കണം. ശിക്ഷാവിധിക്കായി പരിശുദ്ധാത്മാവിൻെറ സംസർഗം സ്വീകരിക്കാതിരിക്കാൻ ശ്രദ്ധിക്കണം. വിചാരങ്ങളിൽ വിഭജിതരും കലഹപ്രിയരും, അസൂയാലുക്കളും, സദ്പ്രവൃത്തികളെ നിന്ദിക്കുന്നവരും ആകാതെ ആ സംസർഗം സ്വീകരിക്കാൻ യോഗ്യരായിത്തീരാൻ ശുദ്ധമനസ്സാക്ഷിയോടുകൂടി നാമെല്ലാവരും ദൈവത്തോടു് പ്രാർത്ഥിക്കുന്നു. കാരണം, നമ്മുടെ ആത്മീയ നയനങ്ങൾ സമാധാനത്തിലും ഒരുമയിലും സദ്പ്രവൃത്തികളിലുള്ള താൽപര്യത്തിലും മനസ്സിൻെറ ശുദ്ധതയിലും ദൈവത്തെ നോക്കിപ്പാർക്കുന്നു. നാം ഈ രീതിയിൽ വിശുദ്ധ കൂദാശാസ്വീകരണത്തിനണയണം. അതുവഴി നമ്മുടെ ശിരസ്സായ കർത്താവീശോമിശിഹായുമായി നാം ഐക്യപ്പെടും. അവിടുത്തെ ശരീരമാണു് നാമെന്നു് നാം വിശ്വസിക്കുന്നു. അവൻവഴി നമുക്കു് ദൈവസ്വഭാവവുമായി സംസർഗം ലഭിക്കുന്നു.

14. ഈ രീതിയിൽ വൈദികൻ ദിവ്യശുശ്രൂഷ പരികർമ്മം ചെയ്യുന്നു. സഭാ നടപടിയനുസരിച്ചു് എപ്പോഴും സഭയിൽ അനുസ്മരിക്കേണ്ടവർക്കു വേണ്ടി അവൻ അപേക്ഷ സമർപ്പിക്കുന്നു. അതിനുശേഷം പരേതരെ അനുസ്മരിക്കുന്നു. 'ഈ ബലി ഈ ലോകത്തിൽ നമ്മെ സംരക്ഷിക്കുന്നു. ക്രിസ്തുവിൻെറ കൂദാശയുടെ സന്തതികൾ താത്പര്യപൂർവം ആഗ്രഹിക്കയും പ്രതീക്ഷിക്കുകയും ചെയ്യുന്ന അവാച്യമായ

www.malankaralibrary.com



പ്രത്യാശ വിശ്വാസത്തിൽ നിദ്രപ്രാപിച്ചവർക്കു് മരണശേഷം പ്രദാനം ചെയ്യുന്നു' എന്നു് കാണിക്കാനെന്നവണ്ണമാണിതു്.

15. വൈദികൻ രഹസ്യമായി ഈ പ്രാർത്ഥനകൾ ചൊല്ലുന്നു. അതിനുശേഷം ഉടനെ തന്റെ കൈകളിൽ അപ്പമെടുത്തു് സ്വർഗത്തിലേക്കു നോക്കുന്നു. കണ്ണുകൾ മുകളിലേക്കുയർത്തി ഈ മഹാദാനങ്ങൾക്കു് നന്ദി പറഞ്ഞുകൊണ്ടു് അവൻ ഒരു പ്രാർത്ഥന അർപ്പിക്കുന്നു. അതിനുശേഷം അപ്പം മുറിക്കുന്നു. അപ്പം മുറിച്ചുകൊണ്ടു് അവൻ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കൃപ അവർക്കുണ്ടാകുവാൻ അവൻ ഇപ്രകാരം പറയുന്നു: 'നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.' ജനങ്ങൾ അതു് അംഗീകരിക്കുകയും പതിവുള്ള വാക്കുകൾകൊണ്ടു് പ്രത്യുത്തരിക്കുകയും ചെയ്യുന്നു. അപ്പംകൊണ്ടു് രക്തത്തിന്മേൽ റൂശ്മാ ചെയ്യുന്നു. അതുപോലെ രക്തംകൊണ്ടു് അപ്പത്തിന്മേലും. അവ രണ്ടു വസ്തുക്കളാണെങ്കിലും ശക്തിയിൽ ഒന്നാണെന്നു് എല്ലാവർക്കും വെളിപ്പെടുത്തുവാൻ അവൻ അവയെ യോജിപ്പിച്ചു് ഒന്നിച്ചുചേർക്കുന്നു. അതുപോലെ കുരിശിന്മേൽ നമുക്കെല്ലാവർക്കുംവേണ്ടി നമ്മുടെ കർത്താവിന്റെ രക്തം ചിന്തപ്പെട്ടപ്പോൾ തന്റെ ശരീരത്തിനുണ്ടായ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അനുസ്മരണയാണിതു് എന്നു കാണിക്കാനായി അവൻ ഇപ്രകാരം ചെയ്യുന്നു. വൈദികൻ അവയുടെമേൽ റൂശ്മാ ചെയ്യുമ്പോൾ അവയെ ഒന്നിച്ചു ചേർക്കുന്നു. കാരണം, മനുഷ്യശരീരം അതിലെ രക്തവുമായി ഒന്നാണു്. അതുപോലെ ശരീരം എവിടെയുണ്ടോ അവിടെ രക്തവും ഉണ്ടു്. ചെറിയതോ വലിയതോ ആയ മുറിവു് അതിലുണ്ടാകുമ്പോൾ മുറിവിന്റെ വലിപ്പമനുസരിച്ചു് അതിൽനിന്നു രക്തം ഒഴുകുന്നു. തന്റെ പീഡാനുഭവത്തിനു മുൻപു് നമ്മുടെ കർത്താവിന്റെ ശരീരത്തിനു് നല്ല ഒരു ഘടന ഉണ്ടായിരുന്നു. കുരിശിലെ മുറിവുകൾവഴി ധാരാളം രക്തം അതിൽനിന്നൊഴുകി കാണാനാണു് സാധ്യത.

16. നമ്മുടെ കർത്താവു് ഇവരണ്ടും നൽകിക്കൊണ്ടു പറഞ്ഞു: 'ഇതു് പാപമോചനത്തിനു വേണ്ടി നിങ്ങൾക്കായി മുറിക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു; ഇതു് പാപമോചനത്തിനുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു. (1 കൊരി. 11: 24; മത്താ, 26:26–28) ആദ്യ വാചകത്തിൽ അവൻ തന്റെ പീഡാനുഭവത്തെ സൂചിപ്പിക്കുന്നു. ധാരാളം രക്തം ചിന്തപ്പെട്ട തന്റെ പീഡാനുഭവത്തിന്റെ ദൈർഘ്യത്തെയും തീവ്രതയെയും രണ്ടാമത്തേതും സൂചിപ്പിക്കുന്നു.

www.malankaralibrary.com



ഈ പ്രബോധനമനുസരിച്ച് മുമ്പുസംഭവിച്ച സംഗതികളിലേക്ക് വിരൽ ചൂണ്ടുന്നതിനും രണ്ടും ശക്തിയിൽ ഒന്നാണെന്ന് കാണിക്കുന്നതിനും ഇവരണ്ടും അംത്താരയിൽ വയ്ക്കുന്നത് ശരിയായിട്ടുള്ളതത്രേ. കാരണം പീഡകാം സഹിച്ച വ്യക്തിയുടേതാണിവ രണ്ടും. അതായത് നമ്മുടെ കർത്താവിന്റെ ശരീരം: അതിൽനിന്നു രക്തവും ഒഴുകി. അതുകൊണ്ടാണ് അനാഫറയുടെ അവസാനം വൈദികൻ ശരിയായി അപ്പം മുറിക്കുന്നതും റൂശ്മാ ചെയ്യുമ്പോൾ രക്തവുമായി ഒന്നിച്ചുചേർക്കുന്നതും. അതുപോലെ, സഹനത്തിനു വിധേയമായ അവ രണ്ടും ഒന്നാണെന്നു കാണിക്കുന്നു. ഈ രീതിയിൽ, തന്റെ സഹനത്തിന്റെ അനുസ്മരണ നാം അനുഷ്ഠിക്കണമെന്നു നമുക്കു കല്പന ലഭിച്ചിരിക്കുന്നതിനാൽ വൈദികൻ രക്തം അപ്പത്തിലേക്കുടെപ്പിക്കുന്നു.

17. അവ രണ്ടും അഭേദ്യമാണെന്നും, ശക്തിയിൽ ഒന്നാണെന്നും അവ സ്വീകരിക്കുന്നവർക്ക് ഒരേ കൃപാവരമാണ് നൽകുന്നതെന്നും കാണിക്കാൻ, ജീവദായകമായ അപ്പം കാസായിൽ ഇടുന്ന പതിവുണ്ട്. കാരണംകൂടാതെയല്ല വൈദികൻ അപ്പം മുറിക്കുന്നത്. ഉത്ഥാനശേഷം തന്റെ എല്ലാ ശിഷ്യന്മാർക്കും കാണപ്പെട്ട നമ്മുടെ കർത്താവായ മിശിഹായെ അത് അനുസ്മരിപ്പിക്കുന്നു. അവിടുന്നാദ്യം സ്ത്രീകൾക്കു കാണപ്പെട്ടു; അതിനുശേഷം പതിനൊന്നുപേർക്ക്; രണ്ടുപേർ മാത്രമായിരുന്ന ക്ലെയോപ്പായ്ക്കും സ്നേഹിതനും കാണപ്പെട്ടതുപോലെ ഒന്നിച്ചുകൂടിയിരുന്നശേഷം വിശ്വാസികൾക്കും വ്യക്തികൾക്കും സാവധാനത്തിൽ അവിടുന്നു കാണപ്പെട്ടു. താൻ ഉത്ഥാനം ചെയ്തെന്ന് അവരെ ബോധ്യപ്പെടുത്താനാണ് അവൻ ഇപ്രകാരം കാണപ്പെട്ടത്. അവർ അവനിൽ ദർശിച്ച മഹത്തായ ദാനങ്ങളിൽ അവരും ഭാഗഭാക്കുകളാകുമെന്ന് തന്റെ ഉത്ഥാനത്താൽ അവരെ വെളിപ്പെടുത്തി അറിയിച്ചു. വരാനിരിക്കുന്ന നന്മകളുടെ പ്രതീക്ഷയിൽ സന്തോഷിക്കുവാൻ അവൻ ഇപ്രകാരം അവരെ സജ്ജരാക്കി. ഇക്കാരണത്താലാണ് 'നിങ്ങൾക്കു സമാധാനം' എന്ന് ഉത്ഥാനാനന്തരം ഉടൻ തന്നെ സ്ത്രീകളോടും അവൻ അരുൾചെയ്തത്.

18. ഇക്കാരണത്താൽ, നമ്മുടെ കർത്താവിന്റെ പ്രബോധനമനുസരിച്ച് ശുശ്രൂഷയും തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അനുസ്മരണയും പൂർത്തീകരിക്കപ്പെട്ടപ്പോൾ പുരോഹിതനും ഇപ്രകാരം ചെയ്യുക ന്യായയുക്തമത്രേ. നമ്മുടെ കർത്താവുപയോഗിച്ച ആദ്യരീതിയനുസരിച്ച് വൈദികൻ അപ്പം മുറിക്കുന്നു. കർത്താവ് വിവിധതരത്തിൽ പ്രത്യക്ഷനായല്ലോ. ഒരിക്കൽ ഒരാൾക്ക് മറ്റൊരിക്കൽ

www.malankaralibrary.com


മറ്റൊരാറാംക്കു്; വേറൊരിക്കൽ നിരവധി ആളുകറാംക്കു്; എല്ലാവരേയും തന്നിലേക്കാകർഷിക്കാനാണിതു്. ഞങ്ങറാംക്കു് വെളിപ്പെടുത്തപ്പെട്ട നന്മകറാം അവർ സ്വീകരിക്കാനും അവിടുത്തേക്കു ലഭിച്ചബഹുമാനത്തിൻെറ മാഹാത്മ്യം അംഗീകരിച്ചുകൊണ്ടു അങ്ങയെ ആരാധിക്കുവാനും ആണു് ഇപ്പോറാം ഇതു്. ഈ അപ്പം ഭക്ഷിക്കുമ്പോറാം തങ്ങറാംക്കു് അവനുമായി അവാച്യമായ ഒരു ബന്ധം ഉണ്ടാകുന്നു എന്നു് അവർ തങ്ങളുടെ മനസ്സിൽ ചിന്തിക്കുന്നു. ഇതു വഴി വലിയ സന്തോഷത്തോടും വലിയ ആനന്ദത്തോടും ശക്തമായ പ്രതീക്ഷയോടുംകൂടെ മഹത്വത്തിലേയ്ക്കു നാം പടിപടിയായി ആനീതരാക്കപ്പെടുന്നു. പുതിയലോകത്തിൽ ഉത്ഥാനം വഴി അവനോടുകൂടി മഹത്വം പ്രാപിക്കാമെന്നു നാം പ്രതീക്ഷിക്കുന്നു.

19. സന്നിഹിതരായ നാം എല്ലാവരും സ്വീകരിക്കുവാൻ അവസാനം അപ്പമെല്ലാം മുറിക്കപ്പെടുന്നു. നാം ഓരോരുത്തരും ചെറിയ ഒരംശം സ്വീകരിക്കുന്നു. എന്നാൽ ആ ചെറിയ അംശത്തിൽ അവനെ പൂർണമായി സ്വീകരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. രക്തസ്രാവക്കാരി അവൻെറ വസ്ത്രത്തിൻെറ അരികിൽ സ്പർശിച്ചപ്പോറാം ദിവ്യദാനം സ്വീകരിച്ചു. അവൻെറ ശരീരഭാഗങ്ങളിലല്ല, പിന്നെയോ, വെറും വസ്ത്രത്തിലാണു് അവറാം സ്പർശിച്ചതു്. അങ്ങനെയെങ്കിൽ അവൻെറ ശരീരത്തിൻെറ അംശത്തിൽ അവനെ മുഴുവനായി സ്വീകരിക്കുന്നു എന്നു് വിശ്വസിക്കാതിരിക്കുന്നതു് വാസ്തവത്തിൽ പരിതാപകരം തന്നെ. വായ് ശരീരത്തിൻെറ ഒരു ചെറിയ ഭാഗം മാത്രമാണെങ്കിലും നാം ഉമ്മ കൊടുക്കുന്നതു വായ് കൊണ്ടുമാത്രമാണു്. എങ്കിലും നാം ശരീരം മുഴുവനെയും ആശ്ലേഷിക്കുന്നു എന്നു വിശ്വസിക്കുന്നു. കൂടാതെ നാം ഒന്നിച്ചു നടക്കുമ്പോറാം പലപ്പോഴും പരസ്പരം കൈയിൽ പിടിച്ചുകൊണ്ടു നടക്കാറുണ്ടല്ലോ. അതുവഴി നാം പരസ്പരമുള്ള നമ്മുടെ പരിപൂർണസംസർഗ്ഗം വ്യക്തമാക്കുന്നില്ലേ?

20. അവസാനത്തിൽ ചെയ്യുന്ന സംഗതികളെ പ്രതി, ഈ വിശുദ്ധവും അവാച്യവുമായ ബലി അർപ്പിക്കുന്ന പുരോഹിതൻ ഈ പ്രവൃത്തികൊണ്ടു് ആരംഭിക്കുന്നതു് അത്യാവശ്യമാണു്. അതുകൊണ്ടു് കൂദാശയുടെ ശുശ്രൂഷകളെല്ലാം കഴിയുമ്പോറാം വൈദികൻ അപ്പം മുറിക്കാൻ തുടങ്ങുന്നു. അതിലെ ഓരോ ഭാഗത്തിലൂടെയും നമ്മുടെ കർത്താവായ മിശിഹാ അതു സ്വീകരിക്കുന്ന ആളിൽ വരുന്നു എന്നു് നാം നമ്മുടെ മനസ്സിലൂടെ ചിത്രീകരിക്കണം. തൻെറ ഉത്ഥാനത്തെപ്രതി അവനെ പ്രകീർത്തിക്കുകയും അവനോടു സംസാരിക്കുകയും ചെയ്യണം. അതു് ഭാവി നന്മകളുടെ അച്ചാരമത്രേ. അതിനാണു് നാം വിശുദ്ധ

www.malankaralibrary.com



ക്കുദാശയ്ക്കണയുന്നതും അമർത്യഭക്ഷണം വഴി അമർത്യദാനം പ്രാപിക്കുന്നതും.

21. എല്ലാം കഴിയുമ്പോൾ ആക്കെല്ലാം വേണ്ടി പ്രാർത്ഥിക്കണമെന്നു സഭയിലെ അറിയിപ്പുകാരൻ ചുരുങ്ങിയ വാക്കുകളിൽ അറിയിച്ചുകൊണ്ടു് ഇങ്ങനെ പറയുന്നു: 'ഈ വിശുദ്ധ കുർബാന കാഴ്ചവച്ചവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.' അതായതു് നാം യോഗ്യരാകുവാൻ നമുക്കു് അവസരം തന്നവർക്കുവേണ്ടി നമുക്കു് പ്രാർത്ഥിക്കാം. ഇതിൻെറ സമീപത്തു നിന്നുകൊണ്ടും ഇതിൽ പങ്കെടുത്തുകൊണ്ടും ഇതിനെ നോക്കുവാൻ യോഗ്യരാകുവാൻ നമുക്കു പ്രാർത്ഥിക്കാം എന്നാണതിൻെറ അർത്ഥം. 'ഈ ബലി ദൈവത്തിനു സ്വീകാര്യമാകണമെ; എല്ലാവരുടെമേലും പരിശുദ്ധാത്മാവിൻെറ ദാനം വരണമെ' എന്നു് അപേക്ഷിച്ചുകൊണ്ടു് വൈദികൻ പ്രാർത്ഥന അവസാനിപ്പിക്കുന്നു. നമ്മേക്കാൾ വളരെ ഉന്നതവും സീമാതീതവുമായ രീതിയിൽ ശ്രേഷ്ഠമായ ഈ ദാനം, ശിക്ഷാവിധിക്കായി സ്വീകരിക്കാൻ ഇടയാകാതെ യോഗ്യതയോടുകൂടി സ്വീകരിക്കാൻ വേണ്ടിയാണിതു്.

22. ഇപ്രകാരമുള്ള വാക്കുകൾകൊണ്ടു് പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ 'നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞു വൈദികൻ ജനങ്ങളെ ആശീർവദിക്കുന്നു. സന്നിഹിതരായ എല്ലാവരും തലവണങ്ങി സാധാരണ പതിവുള്ള പ്രത്യുത്തരം നല്കുന്നു.

വൈദികൻ ഈ പ്രാർത്ഥനചൊല്ലി, മുകളിൽ പറഞ്ഞ ശുശ്രൂഷകളെല്ലാം കഴിഞ്ഞു് കുർബാന സ്വീകരിക്കാനുള്ളവരെല്ലാം ഒരുങ്ങി നിൽക്കുമ്പോൾ സഭയിലെ അറിയിപ്പുകാരൻ 'നമുക്കു് ശ്രദ്ധാപൂർവം നില്ക്കാം' എന്നു് ഉച്ചത്തിൽ വിളിച്ചു പറയുന്നു. പറയുവാൻ പോകുന്ന സംഗതികൾ ശ്രദ്ധിക്കുവാൻ അവൻ അവരെ ഒരുക്കുന്നു. 'വിശുദ്ധമായവ വിശുദ്ധർക്കു്' എന്നു് പുരോഹിതൻ ഉച്ചത്തിൽ പറയുന്നു. കാരണം, ഈ ഭക്ഷണം വിശുദ്ധവും അമർത്യവും ആണു്. നമ്മുടെ കർത്താവിൻെറ ശരീരവും രക്തവും ആണു്. അതിൽ വസിക്കുന്ന പരിശുദ്ധാത്മാവു മൂലം അതു് വിശുദ്ധവും പൂർണവുമാണു്. എല്ലാവരും ഈ ഭക്ഷണത്തിൽനിന്നു് സ്വീകരിക്കുന്നില്ല. കുറേക്കാലമായി വിശുദ്ധീകരിക്കപ്പെട്ടവർ മാത്രമേ ഇതു സ്വീകരിക്കുന്നുള്ളു. ഈ കാരണത്താലാണു് മാമോദീസാ സ്വീകരിച്ചവർ മാത്രം ഇതു് സ്വീകരിക്കുന്നതു്. അവരാണല്ലോ മാമോദീസായുടെ രണ്ടാം ജനനത്തിൽ പരിശുദ്ധാത്മാ

www.malankaralibrary.com



വിൻെറ ആദ്യഫലം (റോമ.8:23) സ്വീകരിക്കുകയും അതുവഴി വിശുദ്ധി സ്വീകരിക്കുവാൻ യോഗ്യരാക്കപ്പെടുകയും ചെയ്തവർ. ഈ കാരണത്താലാണ് 'വിശുദ്ധമായവ വിശുദ്ധർക്ക്'' എന്നു വൈദികൻ പറയുകയും ഈ അർപ്പണത്തിൻെറ മാഹാത്മ്യത്തിലേക്കു നോക്കുവാൻ എല്ലാവരുടേയും മനസ്സ് തിരിക്കുകയും ചെയ്യുന്നത്. അതായത് അംത്താരയിൽ വയ്ക്കപ്പെട്ടിരിക്കുന്ന അർപ്പണത്തിൻെറ മാഹാത്മ്യം നിങ്ങരം കണക്കിലെടുക്കണം എന്നു് അവൻ ഇവിടെ പറയുകയാണ്. നിങ്ങരം പങ്കെടുക്കുന്ന ഈ ഭക്ഷണം അമർത്യവും എല്ലാ പ്രകാരേണയും വ്യതിയാനരഹിതവുമാണ്. സ്വഭാവത്താലേ നിങ്ങരം ഇതിന് അനർഹരാണ്. വിശുദ്ധീകരിക്കപ്പെട്ടവർക്കു മാത്രമുള്ളതാണിതു്. ആയതിനാൽ എല്ലാവർക്കും ഇതിൽ ഭാഗഭാഗിത്വമില്ല.

23. മാമോദീസാവഴി വിശുദ്ധിപ്രാപിച്ചവരായ നിങ്ങരംക്കു മാത്രമാണ് ഇതിൽ ഭാഗഭാഗിത്വം ഉള്ളതു്. ഈ ദാനത്തിൻെറ മഹത്വം നിങ്ങരം അറിയണം. ഈ ഭക്ഷണത്തിനു നിങ്ങളെ അർഹരാക്കിയതു് എന്താണെന്നു നിങ്ങരം ഗ്രഹിക്കണം. നിങ്ങരംക്കു നല്കപ്പെട്ട ഈ ദാനം സൽപ്രവൃത്തികരംകൊണ്ടു് നിങ്ങരം ശക്തിപ്പെടുത്തണം. നല്കപ്പെട്ട വസ്തുവിനു് യോഗ്യമായ രീതിയിൽ നിങ്ങളുടെ ശക്തിക്കനുസൃതം നിങ്ങരം പ്രവർത്തിച്ചു് ഈ ആഹാരത്തിൽ ഭാഗഭാഗിത്വം നേടണം. അപ്പോരം അതു നിങ്ങരംക്കു യോജിച്ചതായിരിക്കും.

ഏതെങ്കിലും മൃഗത്തിൽനിന്നു ജനിക്കുന്ന മൃഗത്തിനു് യോജിച്ച ആഹാരം ലഭിക്കത്തക്ക രീതിയിലാണ് ദൈവം എല്ലാ മൃഗങ്ങരംക്കും സജ്ജമാക്കിയിരിക്കുന്നതു്. വാസ്തവത്തിൽ ഓരോ മൃഗവും അതിൻെറ തരത്തിൽപ്പെട്ട മററു മൃഗത്തിൽനിന്നു ജനിക്കുകയും അതിനാൽ പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. ആടിൽനിന്നു് ആട് ജനിക്കുന്നു; അതിനാൽ പോഷിപ്പിക്കപ്പെടുന്നു. അപ്രകാരംതന്നെ കുതിരയും. ഇങ്ങനെ ഓരോ തരത്തിൽപെട്ട മൃഗവും അതേതരത്തിൽപ്പെട്ട മററുമൃഗങ്ങളിൽനിന്നു ജനിക്കുകയും പ്രസവിച്ചവയാൽ പോററപ്പെടുകയും ചെയ്യുന്നു. കൃപയാലും പരിശുദ്ധാത്മാവിൻെറ ആവാസത്താലും മാമോദീസായിൽ ജനിക്കുകയും അതിൽനിന്നു് വിശുദ്ധിപ്രാപിക്കുകയും ചെയ്ത നിങ്ങരം, കൃപയാലും പരിശുദ്ധാത്മാവിൻെറ ആവാസത്തിലും ഉള്ള ആഹാരത്തിൽനിന്നു് ഭക്ഷിക്കുന്നതു് തികച്ചും ന്യായയുക്തമാണ്. അതുവഴി നിങ്ങരംക്കു നല്കപ്പെട്ട വിശുദ്ധി വർദ്ധിക്കുന്നതിനും വിശുദ്ധിയിൽ നിങ്ങരം ഉറയ്ക്കുന്നതിനും ഇടയാകും. വരുവാനിരിക്കുന്ന ലോകത്തിൽ നമുക്ക് ലഭിക്കുന്നതും അതുവഴി നാമെല്ലാവരും പൂർണമായി വിശുദ്ധരായി തീരുന്നതും നാം പ്രതീക്ഷിക്കുന്നതുമായ ദാനങ്ങരം ഇതു്

www.malankaralibrary.com



പൂർണമാക്കുന്നു. ഈ അർത്ഥത്തിലാണ് 'വിശുദ്ധമായവ വിശുദ്ധർക്ക്' എന്നതു് നാം മനസ്സിലാക്കേണ്ടതു്. ഈ ഭാഗഭാഗിത്വത്തിൻെറ മഹത്വത്തിലേയ്ക്ക് നാം ആനീതരാകുന്നതു് ഈ സംഗതികളോടുകൂടിയാണ്. വിശുദ്ധവും അമർത്യവുമായ ഈ ആഹാരത്തിൽ നാം പങ്കെടുക്കുന്നതു് ഈ വിശ്വാസത്തോടും മാനസ്സികനിലയോടും ഈ ശ്രദ്ധയോടും ഈഭയഭക്തിബഹുമാനത്തോടും ഈ സ്നേഹത്തോടുംകൂടിയാണ്.

'വിശുദ്ധമായവ വിശുദ്ധർക്ക്' എന്നു് ഈ അർത്ഥത്തിൽ പുരോഹിതൻ പറഞ്ഞു കഴിയുമ്പോഠം 'ഏകപിതാവു പരിശുദ്ധൻ, ഏകപുത്രൻ പരിശുദ്ധൻ, ഏകറൂഹാ പരിശുദ്ധൻ' എന്നു് എല്ലാവരും പ്രത്യുത്തരമായി പറയുന്നു. സത്യമായും പരിശുദ്ധമായ സ്വഭാവം ഏകമാണെന്നും അതു് പിതാവു പുത്രൻ പരിശുദ്ധാത്മാവ് എന്നാണെന്നും ആ സ്വഭാവം മാത്രം നിത്യനും വ്യതിയാന രഹിതനും തനിക്കിഷ്ടമുള്ളവർക്ക് വിശുദ്ധി പ്രദാനം ചെയ്യുവാൻ കഴിവുള്ളവനും ആണെന്നും അവർ പ്രഖ്യാപിക്കുന്നു. 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും സ്തുതി' എന്നും അവർ കൂട്ടിച്ചേർക്കുന്നു. വിശുദ്ധ സ്വഭാവത്തിൻെറ വിശ്വാസ പ്രഖ്യാപനം നടത്തുന്നവർ ആ സ്വഭാവത്തെ മഹത്വപ്പെടുത്തുന്നതു തികച്ചും യുക്തമത്രേ.

24. ഇവയ്ക്കുശേഷം, അതായതു് ഈ ശുശ്രൂഷകളെല്ലാം അവസാനിക്കുമ്പോഠം, കുർബാന സ്വീകരിക്കാൻ നാമെല്ലാം അണയുന്നു. ഭീതിദായകവും അവാച്യവുമായ മേശയിൽനിന്നു് അമർത്യവും വിശുദ്ധവുമായ ഭക്ഷണം സ്വീകരിക്കുന്നു. അംത്താരയ്ക്കു ചുററും നില്ക്കുകയും ദിവ്യശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നവർ അംത്താരയെ സമീപിച്ചു് ദിവ്യ ഭക്ഷണം സ്വീകരിക്കുന്നു. ബാക്കിയുള്ളവരാകട്ടെ അല്പം അകലെനിന്നു സ്വീകരിക്കുന്നു. എങ്കിലും ആ ആഹാരത്തിനു് ഒരു വ്യത്യാസവും ഇല്ല. കാരണം അപ്പം ഒന്നാണ്; അപ്പത്തിൻെറ ഘടകം മാറി ഉണ്ടായ നമ്മുടെ കർത്താവായ മിശിഹായുടെ ശരീരവും ഏകമാണ്. പരിശുദ്ധാത്മാവിൻെറ ആവാസത്താൽ ഈ വലിയ മാററം അപ്പത്തിൽ സംഭവിക്കുന്നു. നാമെല്ലാവരും നമ്മുടെ കർത്താവായ മിശിഹായുടെ ഏകശരീരം ആയിരിക്കുന്നതുപോലെ ഒരേ ശരീരരക്തങ്ങളിൽ നാം തുല്യമായി പങ്കെടുക്കുന്നു. ഒരേ ശരീരരക്തങ്ങളിൽ നാം ഭാഗഭാക്കുകളാകുന്നു. രണ്ടാമത്തെ ജനനംവഴിയും പരിശുദ്ധാത്മാവിലൂടെയും നാമെല്ലാവരും മിശിഹായുടെ ഏകശരീരം ആകുന്നതുപോലെ (1 കൊരി. 12:27) പരിശുദ്ധാത്മാവിൻെറ കൃപ

www.malankaralibrary.com



നമ്മേ തീററിപ്പോററുന്ന വിശുദ്ധ കൂദാശയുടെ ഏകക പരിപോഷണത്താൽ നമ്മുടെ കർത്താവായ മിശിഹായോടുകൂടി നമുക്കും ഏകക സംസർഗമാണുള്ളത്. ഒരിടത്തു് ഇങ്ങനെ പറയുന്നു: 'യൂദനായാലും വിജാതീയനായാലും സ്വതന്ത്രനായാലും അടിമയായാലും ഒരേ ആത്മാവിൽ ഏകക ശരീരമാകുവാൻ നാമെല്ലാവരും ജ്ഞാനസ്നാനമേററു (12:13). മറെറാരിടത്തു് ഇങ്ങനെയും പറയുന്നു, 'നാമെല്ലാവരും ഒരേ അപ്പത്തിൽനിന്നു് ഭക്ഷിക്കുന്നു. കാരണം, അപ്പം ഒന്നേയുള്ളു. നാം പലരാണെങ്കിലും ഒരു ശരീരമാകുന്നു' (10:17).

നാമെല്ലാവരും മിശിഹായുടെ ഏകക ശരീരത്തിൽ ഭാഗഭാക്കുകളാകുകയും ഈ ഭക്ഷണം വഴി ക്രിസ്തുവുമായി സംസർഗത്തിലേർപ്പെടുകയും ചെയ്യുമ്പോൾ ക്രിസ്തുവിൻെറ ഏകക ശരീരമായി തീരുകയും അവയവങ്ങൾ ശിരസ്സിനോടെന്നവണ്ണം നാം അവനുമായി സംസർഗവും പൂർണമായ ഐക്യവും പ്രാപിക്കുകയും ചെയ്യുന്നു. കാരണം, 'നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം ആശീർവദിക്കുന്ന കാസാ മിശിഹായുടെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ?' 10: 16). ഇവയിലുള്ള ഭാഗഭാഗിത്വംവഴി നാം നമ്മുടെ കർത്താവിൻെറ ശരീരത്തോടും രക്തത്തോടും ഒന്നുചേരുന്നു എന്നു് ശ്ലീഹാ കാണിക്കുന്നു. നാം ക്രിസ്തുവിൻെറ ശരീരമാകയാൽ, അവ സ്വീകരിക്കുന്നതിനാൽ അവനുമായി സംസർഗത്തിൽ, കഴിയുന്നു. 'നിങ്ങൾ മിശിഹായുടെ ശരീരമാകുന്നു' (12.27). എന്നും 'ശിരസ്സാകുന്ന ക്രിസ്തുവുമായി ശരീരം മുഴുവൻ ഒന്നിച്ചു ചേർക്കപ്പെട്ടിരിക്കുന്നു. ദൈവിക വർധനവിനാൽ അതു് വർദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു' (കൊളോ. 3:19) എന്നുമുള്ള ശ്ലൈഹിക വചനമനുസരിച്ചു നാം അവൻെറ ശരീരമായിത്തീരുന്നു.

25. കൂദാശസ്വീകരണദാനം നമുക്കെല്ലാം പൊതുവായി നൽകപ്പെട്ടിരിക്കുന്നു, നമുക്കെല്ലാം അതു് ഒരുപോലെ അത്യാവശ്യമുള്ള സംഗതിയത്രേ. കാരണം, നിത്യജീവൻെറ സന്തോഷം അതിൽ നാം കണ്ടെത്തുന്നു എന്നു നാം വിശ്വസിക്കുന്നു. ബലിയർപ്പിക്കുന്ന വൈദികൻ അതിൽനിന്നു് ആദ്യമായി പങ്കുപററുന്നു. പൗരോഹിത്യത്തിനുവേണ്ടി എഴുതപ്പെട്ട നിയമങ്ങളിൽ ഉള്ള ക്രമമനുസരിച്ചു് അവൻ ഈ ബലി എല്ലാവർക്കും വേണ്ടി അർപ്പിക്കുന്നു എങ്കിലും മററുള്ളവരോടൊപ്പം അവനും ഇതിൽ ഭാഗഭാക്കാകണം. ഈ ഭക്ഷണവും പാനീയവും പ്രയോജനകരമാണെന്നു് അവൻ പ്രഖ്യാപിക്കുന്നു 'എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നേയ്ക്കും ജീവിക്കും' (യോഹ. 6: 54 58) എന്നു പറയുന്നതുവഴി ബലി അർപ്പിക്കുന്ന ആളിനെ അല്ല അതിൽ നിന്നു ഭക്ഷിക്കുന്ന ആളിനെയാണു് നമ്മുടെ കർത്താവു് ഉദ്ദേ

www.malankaralibrary.com



ശിക്കുന്നതു്. ബലിപോലെ ഇതും നാമെല്ലാവരുടേതും ആണു്. പരിശുദ്ധാത്മാവിന്റെ ആവാസം വഴിഇതു ക്രിസ്തുവിന്റെ ശരീരവും രക്തവും ആയിത്തീരാനാണു് ഇതു് അർപ്പിക്കപ്പെടുന്നതു്. നാമെല്ലാം ഇതിൽ ഭാഗഭാക്കുകളാകുകയും അതുപോലെ ആയിത്തീരുകയും ചെയ്യുന്നു. കാരണം, ഭക്ഷിക്കുവാനും പാനം ചെയ്യുവാനും നമുക്കു നല്കപ്പെട്ടിരിക്കുന്ന ഈ ഭക്ഷണത്തിനു നമ്മുടെ കർത്താവിന്റെ വാക്കനുസരിച്ചു ജീവനുണ്ടെന്നു നാമെല്ലാവരും വിശ്വസിക്കുന്നു.

അതിൽ ഭാഗഭാക്കാകുക എല്ലാവർക്കും പൊതുവായിട്ടുള്ളതാണു്. എന്നാൽ സ്നേഹത്തോടും വിശ്വാസത്തോടും സദ്പ്രവൃത്തികളോടുംകൂടി കഴിവുള്ളിടത്തോളം യോഗ്യമായി സ്വീകരിക്കുന്നവനു് അതിൽനിന്നു കുറേക്കൂടി ലഭിക്കുന്നു. അതു സ്വീകരിക്കാൻ യാതൊരുവനും യോഗ്യനല്ല എന്നതു സുവ്യക്തമാണല്ലോ. കാരണം, മർത്ത്യനും, നശ്വരനും പാപഭാരം പേറുന്നവനുമായ മനുഷ്യൻ എങ്ങനെയാണു് അമർത്ത്യവും അനശ്വരവും സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നതും കർത്താവും രാജാവും എന്ന നിലയിൽ എല്ലാവരിൽനിന്നും ബഹുമാനം സ്വീകരിക്കുന്നതുമായ ആ ശരീരം എടുത്തു സ്വീകരിക്കാൻ കഴിയുക? ഈ സംഗതികൾ നമുക്കു തന്ന നമ്മുടെ കർത്താവിന്റെ കൃപനിമിത്തം നാം ആത്മധൈര്യം ഉള്ളവരായിത്തീരുന്നു. ഏററം അധികം തീക്ഷ്ണതയോടും ശ്രദ്ധയോടുംകൂടെ നാം അതിനെ സമീപിക്കുന്നു. നമ്മുടെ മനുഷ്യപ്രകൃതിയുടെ കഴിവിനനുസൃതമായി നാമിതിനണയുന്നു.

ഈ പ്രതീക്ഷകളോടുകൂടിയാണു് നാമെല്ലാവരും നമ്മുടെ കർത്താവായ മിശിഹായുടെ പക്കലേക്കണയുന്നതു്. മാമോദീസാവഴി അവിടുന്നു് നമുക്കു പുനർജന്മം നല്കി, അങ്ങനെ നമ്മെ അവിടുന്നു് തന്റെ ശരീരമാക്കി. 'ഇതാ, ഞാനും ദൈവം എനിക്കു തന്ന മക്കളും' (എബ്രാ. 2: 13) എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെയാണിതു്. സ്നേഹമുള്ള അമ്മയെപ്പോലെ അവിടുന്നു ആദ്യമായി തന്റെ ശരീരം തന്നു നമ്മെ തീററുന്നു. രണ്ടാമതു്. തന്റെ ശരീരവും രക്തവുമായ അപ്പവും വീഞ്ഞും അവിടുന്നു് നമ്മുടെ മുൻപിൽ വച്ചിരിക്കുന്നു. അതുവഴി നാം അമർത്ത്യതയുടെ ഭക്ഷണം കഴിക്കുന്നു. പ്രത്യാശവഴി അനശ്വരവും അമർത്ത്യവുമായ ഒരവസ്ഥിതിത്വത്തിലേക്കു് അവിടുന്നു നമ്മെ വളർത്തുന്നു. അതുവഴി അവാച്യമാംവിധം ഭാവി നന്മകളിലുള്ള ഭാഗഭാഗിത്വത്തിലേക്കു് അവിടുന്നു നമ്മെ നയിക്കുന്നു. അവിടെ നാം അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കൂടാതെ നേരിട്ടു പരിശുദ്ധാത്മാവിന്റെ കൃപയിൽനിന്നു് യഥാർത്ഥ

www.malankaralibrary.com



ത്തിൽ ഭക്ഷിച്ചുല്ലസിക്കും. അന്നു നാം സ്വഭാവത്താലേ പൂർണ്ണമായി അമർത്ത്യരും അനശ്വരരും വ്യതിയാനരഹിതരുമായി ത്തീരും.

26. വലിയ സന്തോഷത്തോടും ആനന്ദത്തോടും കൂടെ ഈ രീതിയിലും ഈ അനുസ്മരണവഴിയും, പരികർമ്മം ചെയ്യപ്പെട്ട ഈ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും വഴിയും, മരിച്ചവരിൽനിന്നുത്ഥാനം ചെയ്ത നമ്മുടെ കർത്താവായ മിശിഹായിലേക്കു നാമെല്ലാവരും അണയുന്നു. അവിടുന്നു കല്ലറയിൽനിന്നുത്ഥാനം ചെയ്തു എന്നു കണ്ട് സർവശക്തിയോടുകൂടെ നാം അവനെ ആശ്ലേഷിക്കുന്നു. അവനോടുകൂടെ ഉത്ഥാനത്തിൽ ഭാഗഭാക്കുകളാകാമെന്നു നാം പ്രത്യാശിക്കുന്നു. പരികർമ്മം ചെയ്യപ്പെട്ട അടയാളം അനുസരിച്ച് മരിച്ചവരിൽ നിന്നെന്നപോലെ വിശുദ്ധ അർപ്പണമേശയാകുന്ന കല്ലറയിൽനിന്ന് അവൻ ഉത്ഥാനം ചെയ്കകൂടി ചെയ്തു. തന്റെ കാണപ്പെടൽ വഴി അവൻ നമ്മിലേക്കടുക്കുന്നു. താനുമായുള്ള നമ്മുടെ സംസർഗം വഴി നമുക്കവൻ ഉത്ഥാനം പ്രഖ്യാപിക്കുന്നു. സ്വയം മുറിച്ച് അവൻ നമ്മുടെ പക്കലേക്ക് വരുന്നെങ്കിലും അവൻ പൂർണമായി അപ്പത്തിന്റെ ഓരോ കഷണത്തിലുമുണ്ട്. അവൻ നാമോരോരുത്തരോടും അടുത്താണ്. അവിടുന്നു സ്വയം നമുക്കോരോരുത്തർക്കും നല്കുന്നു. ഓരോരുത്തരുടേയും ഇഷ്ടമനുസരിച്ചു സർവ്വശക്തിയോടുകൂടെ അവനെ തഴുകി ആശ്ലേഷിക്കാനും അവനോടുള്ള നമ്മുടെ സ്നേഹം കാണിക്കാനും ഇതവസരം നൽകുന്നു. ഈ രീതിയിലാണ് നാം നമ്മുടെ കർത്താവിന്റെ ശരീരത്തിലും രക്തത്തിലും ഭാഗഭാക്കാകുന്നതു്; അങ്ങനെ അമർത്ത്യവും അനശ്വരവുമായ സ്വഭാവത്തിലേക്കുമാററപ്പെടുമെന്നു നാം പ്രത്യാശിക്കുന്നു.

27. ദൃഷ്ടികൾ താഴേക്ക് നോക്കി കൈകൾ രണ്ടും മുന്നോട്ട് നീട്ടി ഈ പ്രതീക്ഷയോടുകൂടിയാണു നാമെല്ലാവരും അണയുന്നതു്. ആരാധന വഴി ദൈവത്തിനു സ്വീകാര്യമായ ഒന്ന് അർപ്പിക്കുന്നു എന്നു താഴേക്കുള്ള നോട്ടം സൂചിപ്പിക്കുന്നു. രാജശരീരം സ്വീകരിച്ചതിനു നന്ദിപറയുന്നു. ദൈവസ്വഭാവവുമായുള്ള അവന്റെ ഐക്യം വഴി അവൻ എല്ലാററിന്റെയും നാഥനായി. സൃഷ്ടി മുഴുവനും അവനെ കർത്താവായി ആരാധിക്കുന്നു. രണ്ടുകൈകളും നീട്ടുന്നതുവഴി - സ്വീകരിക്കാൻ പോകുന്ന ദാനത്തിന്റെ മാഹാത്മ്യം നാം പ്രഖ്യാപിക്കുന്നു.

കുർബാന സ്വീകരിക്കുന്നവൻ വലത്തു കരം നീട്ടി അതിന്റെ അടിയിലായിഇടത്തുകരം വയ്ക്കുന്നു. ഇതുവഴി തനിക്കുള്ള ഭയബഹുമാനങ്ങൾ അവൻ വ്യക്തമാക്കുന്നു. മുകളിൽ വച്ചിരിക്കുന്ന കൈ മറേറതിനേക്കാൾ ഉന്നതസ്ഥാനം അർഹി

www.malankaralibrary.com



ക്കുന്നു. രാജശരീരം സ്വീകരിക്കാനുള്ളതാണ് നീട്ടപ്പെട്ട ആ കരം. മറേറക്കരം അതിനെ താങ്ങുന്നു. ദാസന്റെ ജോലിയാണ് ആ കരം നിർവഹിക്കുന്നത്. എന്നാൽ ബഹുമാനത്തിൽ അതിനും തുല്യസ്ഥാനമാണ്. കാരണം അതും രാജശരീരം വഹിക്കുന്നു.

28. കുർബാന നൽകുമ്പോഴാം 'മിശിഹായുടെ ശരീരം' എന്നു വൈദികൻ പറയുന്നു. ദൃശ്യമായ സംഗതിയിലല്ല ദൃഷ്ടി പതിപ്പിക്കേണ്ടതെന്ന് ഈ വാക്കുവഴി അവൻ നമ്മെ അനുസ്മരിപ്പിക്കുന്നു. പിന്നെയോ, ഈ അപ്പത്തിന്റെ സ്വഭാവത്തെപ്പററി, അതായത്തു പരിശുദ്ധാത്മാവിന്റെ ആവാസം വഴി മിശിഹായുടെ ശരീരമായി തീർന്നതിനെപ്പററി ധ്യാനിക്കാൻ അവൻ ആഹ്വാനം ചെയ്യുന്നു. നിനക്കു നൽകപ്പെടുന്നതിന്റെ മഹത്വമനുസരിച്ചു വലിയ ഭയത്തോടും സ്നേഹത്തോടും വേണം നീ അണയാൻ. ഇതിന്റെ ബഹുമാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഭയത്തോടും, കൃപനിമിത്തം സ്നേഹത്തോടും. അതുകൊണ്ടാണ് വൈദികനുശേഷം നീ 'ആമേൻ' എന്നു പറയുന്നത്. വൈദികനു നീ പ്രത്യുത്തരിക്കുന്നതു വഴി അവന്റെ വാക്കുകളെ നീ അംഗീകരിച്ചുറപ്പിക്കയാണു ചെയ്യുക. കാസായിൽനിന്നു കുടിക്കുമ്പോഴും ഇപ്രകാരം പറയുന്നു.

ശരീരം കൈകളിൽ സ്വീകരിച്ചശേഷം നിന്റെ കൈകളിൽ വയ്ക്കപ്പെട്ട ശക്തി പ്രഖ്യാപിച്ചുകൊണ്ട് നീ അതിനെ ആരാധിക്കുന്നു. 'ആകാശത്തിലും ഭൂമിയിലും എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു' (മത്താ. 28:18) എന്നു നമ്മുടെ കർത്താവു മരിച്ചവരിൽനിന്നുയിർത്തശേഷം തന്റെ ശിഷ്യരോടു പറഞ്ഞവാക്കനുസ്മരിച്ചുകൊണ്ടാണ് നാമിതു ചെയ്യുക. സത്യസ്നേഹത്തോടുകൂടെ നീയതിനെ നിന്റെ കണ്ണുകളോടു ചേർത്തുവച്ചു ചുംബിക്കുന്നു. 'നമ്മുടെ കർത്താവായ ക്രിസ്തുവിനോടെന്നവണ്ണം നീ അതിനോടു പ്രാർത്ഥിക്കുന്നു; കാരണം, ഈ അവസരം അവിടുന്നു നിന്നോട് ഏററം സമീപസ്ഥനാണ്. നിനക്കിതു ലഭിക്കുമെന്നുള്ള ആത്മവിശ്വാസത്തിൽ അവനിൽ നീ വിശ്വസിച്ചു. ഇപ്പോളിതാ നീ അവന്റെ പക്കലേക്കണഞ്ഞു് ആത്മധൈര്യത്തോടുകൂടി അവനെ കൈക്കൊണ്ടിരിക്കുന്നു. നിന്റെ ബലഹീനതയും ബഹുവിധമായ പാപങ്ങളും ഈ ദാനം സ്വീകരിക്കാൻ നിനക്കുള്ള തികഞ്ഞ അയോഗ്യതയും ഏററുപറഞ്ഞുകൊണ്ടു നീ പ്രാർത്ഥിക്കുന്നു. നിന്നെപ്പോലെയുള്ള ഒരു വ്യക്തിക്ക് ഈ ദാനം നൽകുകയും എല്ലാവിധ ദുഷ്ടതകളിൽനിന്നുമകന്നു തന്നെ

www.malankaralibrary.com



പ്രസാദിപ്പിക്കുന്ന സംഗതികൾ ചെയ്ത് അവിടത്തെ സ്വീകരിക്കാൻ നീ യോഗ്യനായിത്തീരത്തക്കവിധം നിനക്കു കൃപനൽകുകയും ചെയ്തയാളിനെ നീ മഹത്വപ്പെടുത്തുന്നു.

29. ഇതും ഇതുപോലെയുള്ളതുമായ ഭക്താഭ്യാസങ്ങൾ നടത്തി നീ കുർബാന സ്വീകരിക്കുന്നു. നീ കുർബാന ഉള്ളിലാക്കുന്നു. അങ്ങനെ പരിശുദ്ധാത്മ ദാനത്താൽ ഭീതിദായകമായ ഈ സ്വീകരണം വഴി ആത്മാവും ശരീരവും പരിപോഷിപ്പിക്കപ്പെടുന്നു. വരുവാനിരിക്കുന്ന ലോകത്തിൽ ഇത് ശരീരത്തെ അമർത്യമാക്കുകയും ആത്മാവിനെ വ്യതിയാനരഹിതമാക്കുകയും പാപത്തിനതീതമാക്കുകയും ചെയ്യുന്നു. കുർബാന സ്വീകരണാനന്തരം നിങ്ങൾ ഉടനെത്തന്നെ സ്വാഭാവികമായും ശരിയായും ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. ഈ ദിവ്യദാനത്തെ സംബന്ധിച്ച നാമൊരിക്കലും കൃതഘ്നരാകരുതല്ലോ. സഭാനടപടിയനുസരിച്ച് എല്ലാവരോടുമൊത്തു നന്ദിയും സ്തോത്രവുമർപ്പിക്കാൻ നീ ദേവാലയത്തിൽ കുറേസമയം കൂടി ചെലവഴിക്കുന്നു ഈ മഹാദാനത്തെ പ്രതി ദൈവത്തിനു പരസ്യമായി നന്ദിപറയുവാൻ ഈ ആത്മീയ ഭക്ഷണത്തിൽ ഭാഗഭാക്കുകളായ എല്ലാവർക്കും കടമയുണ്ടല്ലോ.

30. ഈ കൂദാശയെ സംബന്ധിച്ച കാര്യങ്ങൾ കഴിഞ്ഞ നിരവധി ദിവസങ്ങളിൽ നാം നിങ്ങളുമായി ചർച്ചചെയ്തു. വാക്കുകൾകൊണ്ടു വിവരിക്കാൻ കഴിയുന്നതിനതീതമാണതിന്റെ മാഹാത്മ്യം. അമർത്യവും സ്വർഗീയവും അവാച്യവുമായ സംഗതികളെപ്പററി മർത്യരുടെ വാക്കുകൾ എങ്ങനെ വിവരിക്കും? എന്നാൽ ഈ ദാനത്തിന്റെ ഔന്നത്യത്തെ സംബന്ധിച്ച് നിങ്ങൾ അജ്ഞാതരാകാതിരിക്കാൻ നിങ്ങളോടു സംസാരിക്കേണ്ടതാവശ്യമായിരുന്നു. നിങ്ങൾ യോഗ്യരാക്കപ്പെട്ട ഈ ശ്രേഷ്ഠ സംഗതികളോടു ബുദ്ധിപൂർവം സഹകരിക്കുക നിങ്ങൾക്കുചിതമാകുന്നു. അതുപോലെ ഈ ദാനത്തിന്റെ മാഹാത്മ്യത്തിനനുസരിച്ച നാമെന്തായിരുന്നെന്നും നാം എന്തിലേക്കാണു രൂപാന്തരീകരിക്കപ്പെട്ടിരിക്കുന്നതെന്നും ചിന്തിക്കുന്നതു യുക്തമാകുന്നു. അതായതു നാം സ്വഭാവത്താലേ മർത്യരായിരുന്നെന്നും നാം അമർത്യത പ്രാപിക്കുമെന്നും ക്ഷയത്തിൽനിന്ന് അക്ഷയത്വം പ്രാപിക്കുമെന്നും, സഹനത്തിൽ നിന്നു സഹനാതീതാവസ്ഥയിലാകുമെന്നും, വ്യതിയാനത്തിൽ നിന്ന് വ്യതിയാനാതീതാവസ്ഥ നേടുമെന്നും, ഭൂമിയിലെ തിന്മകളിൽ നിന്നു സ്വർഗത്തിലേക്കു രൂപാന്തരീകരിക്കപ്പെടുമെന്നും സ്വർഗത്തിലുള്ള നല്ലതും മാധുര്യമേറിയതുമായ എല്ലാ

www.malankaralibrary.com



നന്മകളും അനുഭവിക്കുമെന്നും നാം ചിന്തിക്കണം. നമ്മിൽ നിന്നെടുക്കപ്പെട്ട നമ്മുടെ കർത്താവായ മിശിഹായുടെ വ്യാപാരത്തിൽ നിന്നാണ് ഈ പ്രതീക്ഷ നമുക്കു ലഭിച്ചിട്ടുള്ളത്.

ദൈവസ്വഭാവത്തിൽ നിന്നുള്ള ഈ മാററം ആദ്യമായി അവനാണു ലഭിച്ചത്. ഇപ്രകാരം ഈ മഹനീയ സംഗതികളിൽ ഉള്ള നമ്മുടെ ഭാഗഭാഗിത്വത്തിന് അവൻ വഴികാട്ടിയായി. അതുകൊണ്ട് ഈ കൂദാശയിൽ ഭാഗഭാക്കാകുവാൻ നാം പരിശ്രമിക്കുന്നു. കാരണം, പ്രതീകങ്ങൾ വഴി അവാച്യമായ അടയാളങ്ങളിലൂടെ എന്നവണ്ണം നാം മുൻകൂട്ടി യാഥാർത്ഥ്യത്തെത്തന്നെ സ്വന്തമാക്കുന്നു. കൂദാശയിലുള്ള നമ്മുടെ ഭാഗഭാഗിത്വത്തിൽ പരിശുദ്ധാത്മാവിൻെറ ആദ്യഫലങ്ങൾ സ്വീകരിച്ച ശേഷം (റോമ. 8:23) നാം കുർബാന സ്വീകരിക്കുമ്പോൾ നമ്മുടെ ആത്മീയജീവൻെറ നിലനിൽപിനും പരിപോഷണത്തിനുമായി നാമിതു സ്വീകരിക്കുന്നു. രണ്ടാം ജന്മത്തിലേക്ക് മാമോദീസാ മുങ്ങുമ്പോൾ ആദ്യഫലങ്ങൾ നാം സ്വീകരിക്കുന്നു.

31. സംഗതികളെപ്പററി നമ്മുടെ ജീവിതത്തിൻെറ എല്ലാ ദിവസവും നാം ചിന്തിക്കണം. ഈ കൂദാശയ്ക്കു ചേർന്നവിധം നമ്മെത്തന്നെ കഴിവുള്ളിടത്തോളം യോഗ്യരാക്കുവാൻ ശ്രദ്ധിക്കണം. ഈ നന്മകൾ വാഗ്ദാനം ചെയ്ത നമ്മുടെ കർത്താവായ മിശിഹായുടെ കല്പനകൾ നാം അനുസരിച്ചാൽ നാമിതിനു യോഗ്യരായിത്തീരും. നാം ദുഷ്ടതയിൽ നിന്നകന്ന് നന്മയോടു പററിച്ചേരണം. ക്രൂരത വിട്ടകന്ന് ദയയുള്ളവരായിരിക്കണം. ദയയാണല്ലോ ഇതുപോലുള്ള നന്മകൾ നമുക്ക് കൊണ്ടുവന്നുതന്നത്. പ്രാർത്ഥിക്കുന്നവരോട് നമ്മുടെ കർത്താവിപ്രകാരം കല്പിച്ചു: ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ' (മത്താ. 6:12). അവിടുന്നു കൂട്ടിച്ചേർത്തു: 'മനുഷ്യരോട് അവരുടെ തെററുകൾ നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സ്വർഗീയപിതാവും നിങ്ങളോടു ക്ഷമിക്കുകയില്ല' (6:15) നമ്മുടെ അയൽക്കാരോടു നാം ദയയുള്ളവരായിരിക്കുവാൻ ഈ ലോകത്തിലായിരിക്കുമ്പോൾ നമ്മുടെ സർവകഴിവും ഉപയോഗിച്ചു പരിശ്രമിച്ചില്ലെങ്കിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന കൃപയും ദാനങ്ങളും നാം പ്രാപിക്കുകയില്ല. മുകളിൽ ചർച്ചചെയ്ത സംഗതികളെപ്പററി ചിന്തിച്ചാൽ ഭീതിജനകമായ ഈ കൂദാശയ്ക്ക് നാം അർഹരായിത്തീരും. അതുപോലെ നമ്മുടെ കഴിവനുസരിച്ച് ഭൗമികമായവയ്ക്ക് ഉപരിസ്ഥമായ ഒരു മനഃസ്ഥിതി നാം പ്രാപിക്കുകയും സ്വർഗീയ സംഗതികളെപ്പററി ധ്യാനിക്കുകയും

www.malankaralibrary.com



ചെയ്യണം. നാം ഈ കൂദാശ സ്വീകരിച്ചത് അവയുടെ പ്രതീക്ഷയിലാണെന്ന് നിരന്തരം ചിന്തിക്കണം. അങ്ങനെ ചെയ്താൽ നാം യോഗ്യരായിത്തീരും.

32. എപ്പോഴും അവിവാഹിത ജീവിതം നയിക്കുന്നവർ ഭൗമിക കാര്യങ്ങൾ തിരസ്കരിക്കയും സ്വർഗീയ സംഗതികളിലേക്കു നിരന്തരം ദൃഷ്ടിതിരിക്കയും ഭാഗ്യവാനായ പൗലോസിൻെറ വാക്കുകൾ അനുസ്മരിക്കുകയും ചെയ്യുക ന്യായയുക്തമാണ്. അവൻ പറഞ്ഞു: 'അവിവാഹിതൻ കർത്താവിനെ എങ്ങനെ പ്രസാദിക്കണം എന്നു കരുതി തൻെറ കർത്താവിനെ സംബന്ധിച്ച സംഗതികൾ അന്വേഷിക്കുന്നു. വിവാഹിതൻ തൻെറ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കണം എന്നു കരുതി ലൗകിക സംഗതികളെപ്പററി ചിന്തിക്കുന്നു (1കൊരി.7:32–33). അവിവാഹിതർക്ക് എല്ലാവിധ ലൗകിക വ്യഗ്രതകളിൽനിന്നും സ്വതന്ത്രരായിരിക്കുന്നതിനും ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള സംഗതികൾ പൂർണമായി ശ്രദ്ധിക്കുവാനും കഴിയുമെന്ന് അവൻ കാണിക്കുന്നു. വാഗ്ദാനം വഴി അവൻ ദൈവവുമായി സ്വയം ബന്ധിക്കുന്നു. ഈ കൂദാശയിലേയ്ക്കു വിളിച്ചുകൂട്ടപ്പെടുകയും വിവാഹമോ ഭക്ഷണപാനീയങ്ങളോ ഇല്ലാത്ത സ്വർഗത്തിലേയ്ക്കു വിളിക്കപ്പെടുകയും ചെയ്തവർക്കു മുൻകൂട്ടി ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ, മറെറാരു ലോകത്തിനനുസൃതമായി, കഴിവനുസരിച്ച് അതിനെ അനുകരിച്ച് അവിവാഹിതരായിരിക്കുന്നതു യുക്തമാണ്. ഈ ലോകവ്യഗ്രതകളിൽ ബന്ധിതരാകാതിരിക്കുന്നതാണു വിവാഹിതർക്കും നല്ലത്. കാരണം, വരുവാനിരിക്കുന്ന ലോകത്തിലെ സന്തോഷത്തിൻെറ പ്രതീക്ഷ കൂദാശവഴി അവർ സ്വീകരിക്കുന്നു. അവിടെ വിവാഹമേ ഇല്ല. ലൗകികസംഗതികൾ ഒന്നും തന്നെ ഇല്ല. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ വിവാഹിതർ സർവശക്തിയോടുകൂടി വരുവാനിരിക്കുന്ന ലോകത്തെ അനുകരിക്കുന്നതു ശ്ലാഘനീയമാണ്. അവൻ പറഞ്ഞു: 'ഭാര്യയുള്ളവൻ ഇല്ലാത്തവനെപ്പോലെയും കരയുന്നവൻ കരയാത്തവനെപ്പോലെയും സമ്പാദ്യങ്ങളിൽ സന്തോഷിക്കുന്നവൻ സന്തോഷിക്കാത്തവനെപ്പോലെയും ഈ ലോകത്തെ ഉപയോഗിക്കുന്നവൻ ഉപയോഗിക്കാത്തവനെപ്പോലെയും ആയിരിക്കട്ടെ. കാരണം, ഈ ലോകത്തിൻെറ രൂപം ഇതാ കടന്നുപോകുന്നു' (1കൊരി. 7:29–31).

33. ശ്ലീഹായുടെ വാക്കുകളനുസരിച്ചു, കടന്നു പോകുന്ന ഈ ലോകം ലൗകിക രീതിയിൽ നിലനില്ക്കുന്നു; നിശ്ചയമായും അഴിഞ്ഞു പോകുകയും ചെയ്യും. നിത്യം നിലനി

www.malankaralibrary.com



ല്ക്കുന്നതും വരുവാനിരിക്കുന്നതുമായ ലോകത്തെ നാം പ്രതീക്ഷിക്കുന്നതിനാൽ, ആ ലോകത്തിലെ സംഗതികൾ അനുസരിച്ച നമ്മുടെ ജീവിതം ക്രമപ്പെടുത്തുന്നതു യുക്തമാണ്. ഈ കൂദാശാഭക്ഷണം കഴിക്കുകയും വരുവാനിരിക്കുന്നവനോക്കി പ്പാർക്കുകയും ചെയ്യുന്ന നമ്മേ സംബന്ധിച്ച് ഇതു പ്രത്യേകമായി നല്ലതും യോഗ്യവും ആണ്. വിശുദ്ധ കുർബാനയിൽ നാം പങ്കെടുക്കുന്നതു് ഈ പ്രതീക്ഷയിലാണ്. മാനുഷിക ബലഹീനത മൂലം നമുക്കുണ്ടാകുന്ന പാപങ്ങൾ ഈ വിശുദ്ധ കൂദാശ സ്വീകരണത്തിൽനിന്നു നമ്മെ പിൻതിരിപ്പിക്കേണ്ട കാര്യമില്ല. പാപത്തിൽ ജീവിക്കുന്നവർ ഭയം കൂടാതെ ഈ സംസർഗത്തിലേയ്ക്കു് ആനീതരാകരുതു്. എന്നാൽ തങ്ങളുടെ രക്ഷയെപ്പററി താത്പര്യമുള്ളവർ ഈ വിശുദ്ധ സംസർഗത്തിലേക്കു് അടുത്തുവന്നു കുർബാന സ്വീകരിക്കണം. ഈ ലോകത്തിൽ നമ്മുടെ ജീവൻ നിലനിർത്തുവാൻ അവശ്യാവശ്യം ഭക്ഷണം കഴിക്കുവാൻ നാം നിർബന്ധിതരാകുന്നതുപോലെ നമ്മുടെ ഭാവിജീവിതത്തിനു ക്രിസ്തുവിൻെറ വ്യാപാരം വഴി ദിവ്യകൃപയിൽനിന്നു നാം ആത്മീയഭക്ഷണം കഴിക്കണം.

34. കുർബാന സ്വീകരണത്തിൽ നിന്നു പൂർണമായി ഒഴിഞ്ഞിരിക്കുന്നതും അയോഗ്യമായി അതിനണയുന്നതും ഒരുപോലെ തെററാണ്. നമ്മുടെ സർവശക്തിയും ഉപയോഗിച്ച ശരിയായി ജീവിക്കുവാൻ നാം ശ്രദ്ധിക്കണം. അങ്ങനെ ജീവിച്ചു കുർബാന സ്വീകരണത്തിനു നാം ഓടിയടുക്കണം. അയോഗ്യരായി ജീവിക്കുകയും, നിർഭയമായി പാപം ചെയ്യുകയും വികാരങ്ങൾക്കനുസരിച്ചു വ്യാപരിക്കുകയും കടമകളെപ്പററി ശ്രദ്ധിക്കാതിരിക്കയും ചെയ്താൽ, ഈ അപ്പം ഭക്ഷിക്കുന്നതും അവാച്യമായ ഈ പാനീയം കുടിക്കുന്നതും നമ്മുടെ ശിക്ഷാവിധിക്കാണെന്നു നാം നന്നായി ഓർത്തിരിക്കണം. എന്നാൽ നമ്മുടെ രക്ഷയെപ്പററി നാം താൽപര്യമുള്ളവരും, സൽപ്രവൃത്തികൾ ചെയ്യുന്നവരും അവയെ നിരന്തരം മനസ്സിൽ ധ്യാനിക്കുന്നവരും ആണെങ്കിൽ നമ്മുടെ ബലഹീനത മൂലം മനസ്സുകൂടാതെ ഉണ്ടാകുന്ന പാപങ്ങൾ നമ്മെ മുറിപ്പെടുത്തുകയില്ല. മറിച്ച് കുർബാനസ്വീകരണം വഴി നാം വലിയ ശക്തി പ്രാപിക്കും. വാസ്തവത്തിൽ, നമ്മുടെ കർത്താവിൻെറ ശരീരവും രക്തവും അതിൽനിന്നു ലഭിക്കുന്ന പരിശുദ്ധാത്മാവിൻെറ കൃപയും സദ്പ്രവൃത്തികൾ ചെയ്യാൻ നമ്മെ ശക്തരാക്കും. നമ്മുടെ മനസ്സിനെ ശക്തിപ്പെടുത്തും. എല്ലാ ദുർവിചാരങ്ങളും നമ്മിൽ നിന്നകററും. മനസ്സുകൂടാതെ ഉണ്ടാകാവുന്ന പാപവികാരങ്ങളെ നിശ്ചയമായും ശമിപ്പിക്കും അവ

www.malankaralibrary.com



നമ്മുടെ ഇച്ഛയ്ക്കു് എതിരായും നമ്മുടെ പ്രകൃതിയുടെ ബലഹീനതയിൽ നിന്നു് ഉണ്ടാകുന്നതുമാണല്ലോ. നമ്മുടെ ഇഷ്ടത്തിനെതിരായിട്ടാണു നാം അതിൽ വീഴുന്നതു്. അവയെ പ്രതി തീവ്രമായി നാം ദുഃഖിച്ചു് അനുതാപപൂർവ്വം ദൈവത്തോടു പ്രാർത്ഥിക്കുന്നു.

35. 'ഇതു പാപമോചനത്തിനായി നിങ്ങൾക്കു വേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. ഇതു പാപമോചനത്തിനായി നിങ്ങൾക്കു വേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു' (മത്താ. 26:26—28) എന്നും 'ഞാൻ നീതിമാന്മാരെയല്ല പാപികളെ അനുതാപത്തിലേക്കു വിളിക്കുവാനാണു വന്നിരിക്കുന്നതു്'' (മത്താ.9:13) എന്നും നമ്മുടെ കർത്താവു വ്യക്തമായി പറഞ്ഞതിനാൽ ഇത്തരത്തിലുള്ളതെററുകളുടെ മോചനം ഈ വിശുദ്ധ കുർബാനസ്വീകരണം നിസ്സംശയം പ്രദാനം ചെയ്യുന്നു. നാം കരുതലില്ലാതെ പാപം ചെയ്താൽ ഈ വിശുദ്ധ കൂദാശയ്ക്കണയുക പ്രയാസമാണു് എന്നാൽ നാം ശ്രദ്ധാപൂർവം സത്പ്രവൃത്തികൾ ചെയ്യുകയും ദുഷ്കർമ്മങ്ങളിൽ നിന്നകന്നിരിക്കുകയും വന്നുപോയ തെററുകളെപ്പററി യഥാർത്ഥമായി അനുതപിക്കുകയും ചെയ്താൽ നമ്മുടെ കർത്താവായ മിശിഹായുടെ വാക്കനുസരിച്ചു് ഈ വിശുദ്ധ കൂദാശ സ്വീകരണത്തിൽ തീർച്ചയായും നമുക്കുപാപമോചനം ലഭിക്കും. കാരണം, നാം പാപികളായിരുന്നപ്പോൾ നമ്മെ വിളിച്ചവന്റെ കൃപ ഒന്നുമാത്രംകൊണ്ടു നാം അനുതാപത്തിനും വിടുതലിനും എല്ലാവർക്കും വേണ്ടിയുള്ള രക്ഷയ്ക്കും ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഭാഗ്യവാനായ ഏശായായുടെ വാക്കുകളിൽനിന്നു് ഇതു മനസ്സിലാക്കാം.

36. അവൻ ദർശിച്ച ഭീതിജനകമായ ദർശനം നമ്മുടെ കർത്താവായ മിശിഹായുടെ വ്യാപാരത്തിന്റെ അടയാളമായിരുന്നു. ആ വ്യാപാരത്തിന്റെ ദിവ്യമഹത്വംകൊണ്ടു ധരമുഴുവൻ നിറയേണ്ടിയിരുന്നു. ത്രിത്വരഹസ്യവും അതു വഴിയാണു പ്രഖ്യാപിതമായതു്. സുവിശേഷ പ്രഘോഷണവും, വിശ്വാസവും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള മാമോദീസായും സ്വീകരിക്കുന്നതും ഇതു നിമിത്തമാണു്. 'സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും അവന്റെ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു' എന്നു സ്രാപ്പേന്മാർ ഉച്ചസ്വരത്തിൽ ഉദ്ഘോഷിച്ചതു് ഇതു വ്യക്തമാക്കുവാനാണു് (ഏശാ. 6:3).

www.malankaralibrary.com



ആത്മീയ ദർശനത്തിൽ ഈ സംഗതികൾ ദർശിച്ചപ്പോൾ പ്രവാചകൻ സാഷ്ടാംഗം വീണു. കാരണം, പാപവും തിന്മയും നിറഞ്ഞ മാനുഷികബലഹീനതയെപ്പററി അവനു് അവബോധം ഉണ്ടായി. അപ്പോൾ ഒരു സ്രാപ്പേമാലാഖ അൾത്താരയിൽനിന്നു ജ്വലിക്കുന്ന ഒരു തീക്കട്ട എടുത്തു് അവന്റെ പക്കലെത്തി. അവന്റെ അധരങ്ങളെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: 'ഇതു നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു; നിന്റെ അതിക്രമങ്ങൾ നീക്കപ്പെടുകയും പാപം ക്ഷമിക്കപ്പെടുകയും ചെയ്തിരിക്കുന്നു' (6:7). അൾത്താരയിൽ തീക്കട്ട ഉണ്ടായിരുന്നു. നമുക്കു നൽകപ്പെടാനിരുന്ന കൂദാശയുടെ ഒരു സൂചന ആയിരുന്നു അതു്. കൽക്കരിക്കഷണം ആദ്യം കറുത്തതും തണുത്തതുമാണു്. എന്നാൽ അതുതീയിലിടുമ്പോൾ ചൂടും പ്രകാശവും ഉള്ളതാകുന്നു. വിശുദ്ധ കൂദാശയിലെ ആഹാരവും ഇപ്രകാരമാണു്. ആദ്യം അൾത്താരയിൽ വയ്ക്കപ്പെടുമ്പോൾ അതു വെറും അപ്പവും വെള്ളം കലർത്തിയ വീഞ്ഞുമാണു്. എന്നാൽ പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അതു ശരീരവും രക്തവും ആകുന്നു. അങ്ങനെ ആത്മീയവും അമർത്യവുമായ ആഹാരത്തിന്റെ ശക്തിയിലേക്കു് അതു മാററപ്പെടുന്നു. അതുകൊണ്ടാണു വരുവാനിരിക്കുന്നതിന്റെ അടയാളവും ദൃഷ്ടാന്തവും തീക്കട്ടയുടെ സാദൃശ്യത്തിൽ പ്രവാചകൻ ദർശിച്ചതു്. ഭാഗ്യവാന്മാരായ ശ്ളീഹന്മാരുടെമേൽ അഗ്നിയുടെ രൂപത്തിൽ പരിശുദ്ധാത്മാവു് ഇറങ്ങിവന്നു. ശ്ളീഹന്മാർവഴി പരിശുദ്ധാത്മാവിന്റെ കൃപ മനുഷ്യകുലം മുഴുവൻ ചൊരിയപ്പെട്ടു. സ്രാപ്പേമാലാഖ അടുത്തുവന്നു പ്രവാചകനെ ശുദ്ധീകരിച്ചു് പാപമെല്ലാം മോചിച്ചതുപോലെ നമ്മുടെ പാപങ്ങളെ പ്രതി നമ്മുടെ ഉള്ളിൽ നാം അനുതപിക്കുകയും ദുഃഖിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുമെങ്കിൽ ഈ വിശുദ്ധ കൂദാശയിൽ പങ്കെടുക്കുന്നതു വഴി നമ്മുടെ കുററങ്ങളെല്ലാം പരിപൂർണമായി തുടച്ചു മാററപ്പെടും.

37. പ്രവാചകനു് ഈ ദർശനം ഉണ്ടായപ്പോൾ അവൻ സാഷ്ടാംഗം വീണു് ഇപ്രകാരം പറഞ്ഞു: 'എനിക്കു ഹാ! കഷ്ടം; എന്തെന്നാൽ ഞാൻ നികൃഷ്ടനും ദുഃഖിതനും അശുദ്ധമായ അധരങ്ങളോടുകൂടിയവനും അശുദ്ധമായ അധരങ്ങളുള്ള മനുഷ്യരുടെ മധ്യേ വസിക്കുന്നവനും ആകുന്നു. സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എന്റെ നയനങ്ങൾ ഇതാ, ദർശിച്ചിരിക്കുന്നു' (ഏശാ. 6:5). തന്റെ പാപങ്ങളെപ്രതി മനസ്സാക്ഷി കുററപ്പെടുത്തുന്ന ഒരനുതാപിയുടെ വാക്കുകളാണിവ. അവൻ ഈ അവസ്ഥയിലായിരുന്നപ്പോഴത്രേ മുകളിൽ

www.malankaralibrary.com



പറഞ്ഞ വാക്കുകൾ കേൾക്കുവാൻ അവനു ഭാഗ്യമുണ്ടായതും സ്രാപ്പേമാലാഖ തീക്കട്ട അവന്റെ പക്കലേക്ക് അടുപ്പിച്ചതും. നാമും ഇപ്രകാരം പ്രവർത്തിക്കാൻ ശ്രമിച്ചാൽ പരിശുദ്ധാത്മാവിന്റെ കൃപ സൽപ്രവൃത്തികൾ ചെയ്യുവാൻ നമ്മെ ശക്തരാക്കും. അഗ്നി മുള്ളിനെ ദഹിപ്പിക്കുന്നതുപോലെ നമ്മുടെ പാപങ്ങൾ പൂർണമായി ഇല്ലാതാക്കുകയും ചെയ്യും എന്നതു വ്യക്തവും സുസ്പഷ്ടവും ആണ്.

38. സ്രാപ്പേമാലാഖാ തന്റെ കൈകൊണ്ടല്ല പിന്നെയോ കൊടിൽകൊണ്ടാണു തീക്കട്ട എടുത്തത്. ഒരു മധ്യസ്ഥനെക്കൂടാതെ ഈ കൂദാശയ്ക്കണയുവാൻ എല്ലാവരും ഭയപ്പെടണം എന്നാണ് ഈ ദർശനം വ്യക്തമാക്കുന്നത്. ഈ മധ്യസ്ഥൻ വൈദികൻ ആണ്. അവൻ തന്റെ കൈകൊണ്ട് ഈ കൂദാശ നിങ്ങൾക്കു തന്നുകൊണ്ടു പറയുന്നു, 'മിശിഹായുടെ ശരീരം.' ഇതു സ്പർശിക്കുവാൻ താൻ അയോഗ്യനാണെന്ന തികഞ്ഞ അവബോധം അവനുണ്ട്. എന്നാൽ കൊടിലിന്റെ സ്ഥാനത്ത് അവനു തന്റെ പൗരോഹിത്യത്തിൽ പ്രാപിച്ച ആത്മീയ കൃപയുണ്ട്. ഇതു മററുള്ളവർക്കു കൊടുക്കുവാനുള്ള ആത്മധൈര്യം അതിൽനിന്ന് അവനു ലഭിക്കുന്നു. അവൻ ഈ വസ്തുക്കൾ തന്റെ കൈകൊണ്ട് എടുക്കുന്നു. അങ്ങനെ തന്റെ കൈകൊണ്ടു തന്നെ തനിക്ക് ആത്മവിശ്വാസം കിട്ടുവാൻ വേണ്ടിയാണിത്. അവയുടെ മാഹാത്മ്യത്തെപ്പററി ഓർത്തു ഭയമില്ലെന്നു മാത്രമല്ല, അവയുടെ കൃപനിമിത്തം അവനു വലിയ ആത്മധൈര്യവുമുണ്ട്.

സ്രാപ്പേമാലാഖാ കൊടിൽകൊണ്ടെടുത്ത തീക്കട്ട അധരങ്ങളിലടുപ്പിച്ചപ്പോൾ അഗ്നിയുടെ സ്വഭാവം അനുസരിച്ച് അവന്റെ ദേഹം പൊള്ളിക്കയോ കത്തിപ്പടരുകയോ ചെയ്യാതെ അവന്റെ പാപം നീക്കിയെങ്കിൽ; ഈ ശുശ്രൂഷയ്ക്കുവേണ്ടി വൈദികനു ലഭിച്ച പരിശുദ്ധാത്മദാനം മൂലമുള്ള വലിയ ആത്മധൈര്യത്തോടുകൂടി വൈദികൻ ഈ ദാനം നിങ്ങൾക്ക് എടുത്തു നൽകുമ്പോൾ നിങ്ങൾക്ക് ആത്മവിശ്വാസവും അതു സ്വീകരിക്കുവാൻ വലിയ പ്രതീക്ഷയും ഉണ്ടാകേണ്ടത് എത്രയോ ന്യായമാണ്. ഈ ദാനത്തിന്റെ മാഹാത്മ്യം നിമിത്തം നിങ്ങൾക്കു ഭയമുണ്ടാകും. എന്നാൽ അതു സ്വീകരിച്ചു കഴിയുമ്പോൾ, മനുഷ്യകുലത്തിന് ഇതു പ്രദാനം ചെയ്കയും വൈദികന് ആത്മധൈര്യം നൽകുകയും ചെയ്തവനിൽ നിങ്ങളുടെ ആശ്രയം വയ്ക്കുക. വൈദികനു മാത്രമല്ല ദൈവത്തിന്റെ കൃപ ആവശ്യമുള്ള എല്ലാവർക്കും

www.malankaralibrary.com



അവനിതു നൽകിയിട്ടുണ്ട്. ഭാഗ്യവാനായ പൗലോസിൻെറ വാക്കുകഠം അനുസരിച്ച്, 'അവൻ തൻെറയും ജനത്തിൻെറയും പാപങ്ങഠംക്കുവേണ്ടി ബലിയർപ്പിക്കാൻ നിലകൊള്ളുന്നു' (എബ്രാ. 7:27).

39. ഈ കൂദാശയെ സംബന്ധിച്ച് ഇപ്രകാരമുള്ള ചിന്തയും സ്നേഹവുമാണു നമുക്കുണ്ടായിരിക്കേണ്ടത്. കൽപനകഠംക്കെതിരായി നാം കൊടിയ പാപം ചെയ്യുകയും ഇത്തരം പാപങ്ങളാൽനിന്നു പിൻതിരിയാൻ തീരുമാനിക്കാതിരിക്കയും ചെയ്താൽ കുർബാന സ്വീകരണത്തിൽനിന്ന് എപ്പോഴും പൂർണമായി ഒഴിഞ്ഞിരിക്കുന്നതാണ് ഉത്തമം. കാരണം, പാപത്തിൽ നിലനിൽക്കുന്നവനു് ഇതുകൊണ്ട് എന്തു ഫലമാണുള്ളത്? എത്രയും വേഗം വേണ്ട രീതിയിൽ നമ്മുടെ പാപങ്ങളെപ്പററി അനുതപിക്കാൻ നമ്മുടെ സർവശക്തിയോടുംകൂടി നമ്മുടെ മനസ്സാക്ഷിയെ ആദ്യമായി നാം പ്രേരിപ്പിക്കണം. മറെറാരു മരുന്നുമല്ല നാം കഴിക്കേണ്ടത്. നമ്മുടെ മർത്യശരീരത്തിൻെറ സൗഖ്യദായകമായ മരുന്നുകഠം ദൈവം നൽകിയിട്ടുണ്ടല്ലോ. അതുപയോഗിച്ചു ഭിഷഗ്വരന്മാർ രോഗശാന്തി വരുത്തുന്നു. അതുപോലെ വ്യതിയാന വിധേയമായ നമ്മുടെ ആത്മാവിൻെറ പാപങ്ങഠംക്ക് ഔഷധമായി ദൈവം അനുതാപത്തെ തന്നിരിക്കുന്നു. തത്സംബന്ധമായി ആരംഭം മുതലേ ക്രമീകരണങ്ങഠം ചെയ്തിട്ടുണ്ട്. വൈദികനും പാപികളെ ശുശ്രൂഷിച്ചു സുഖപ്പെടുത്തുന്ന മററു വിദഗ്ദ്ധന്മാരും സഭാനിയമമനുസരിച്ചു പാപത്തിൻെറ ഗൗരവം കണക്കിലെടുത്തു വിവേകപൂർവം ആവശ്യക്കാരായ അനുതാപികഠംക്ക് ഔഷധം നൽകുന്നു.

40. ഇക്കാരണത്താലാണ് നമ്മുടെ കർത്താവു പറഞ്ഞത്, 'നിൻെറ സഹോദരൻ നിന്നോടു തെററു ചെയ്താൽ നീയും അവനും മാത്രമുള്ളപ്പോഠം അവൻെറ തെററു ചൂണ്ടിക്കാണിക്കുക: അവൻ നിന്നെ ശ്രവിച്ചാൽ നീ നിൻെറ സഹോദരനെ നേടി. എന്നാൽ അവൻ നിന്നെ ശ്രവിച്ചില്ലെങ്കിൽ ഒന്നോ രണ്ടോ സാക്ഷികളുടെ സാന്നിധ്യത്തിൽ ഗുണദോഷിക്കുക. അവൻ അവരെയും കേട്ടില്ലെങ്കിൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ' (മത്താ. 18:15–17).

ഇതാണു ദൈവം സ്ഥാപിച്ചതും സ്ഭയിൽ വൈദികരെ ഏൽപ്പിച്ചതുമായ പാപമോചനൗഷധം. വൈദികൻ അതു ശ്രദ്ധാപൂർവം പരികർമ്മം ചെയ്തു മനുഷ്യരുടെ വേദനകഠം നീക്കുന്നു.

www.malankaralibrary.com



41. ഭാഗ്യവാനായ പൗലോസ് പറയുന്നു: 'സമയത്തും അസമയത്തും പഠിപ്പിക്കുക; കുററപ്പെടുത്തുകയും താക്കീതു ചെയ്യുകയും സമാശ്വസിപ്പിക്കുകയും ചെയ്യുക' (2 തിമോ. 4:2). 'ക്ഷമയോടും പ്രബോധനത്തോടും കൂടി' പാപികളെ കുററപ്പെടുത്തുവാൻ അവൻ കൽപ്പിച്ചു. ജനങ്ങൾ തങ്ങളുടെ പാപങ്ങൾ വൈദികനോട് ഏററുപറയുവാൻ വേണ്ടിയാണിത്. അവൻ അവരെ താക്കീതു ചെയ്യുകയും തിരുത്തലിനു വിധേയരാക്കുകയും ചെയ്യുന്നു. അങ്ങനെ അവർക്കു സഹായം ലഭിക്കുന്നു. അവരെ സമാശ്വസിപ്പിക്കാനും അവൻ കൽപിക്കുന്നു. അവർ പരിശോധനാവിധേയരായ ശേഷം തിരുത്താൻ തിരുമനസ്സായതിനാൽ തിരുത്തലുകളും ശകാരങ്ങളും വഴി തിന്മയിൽനിന്നു തിരിഞ്ഞ്, നന്മയിലേക്കെത്തുവരുന്നതിനാഗ്രഹിച്ചു വരുന്നു എന്ന അർത്ഥത്തിലാണ്. 'സമാശ്വാസം' എന്ന വാക്കുപയോഗിച്ചിരിക്കുന്നത്. 'ക്ഷമയോടും പ്രബോധനത്തോടും കൂടി' എന്നും അവൻ അവശ്യാവശ്യം കൂട്ടിച്ചേർക്കുന്നു. 'ക്ഷമ' എന്നു എടുത്തുപറയുന്നതു വീണ്ടെടുക്കപ്പെട്ടവനെ സമാശ്വസിപ്പിക്കുന്നതു് ആവശ്യമാണ് എന്നയർത്ഥത്തിലാണ്. 'പ്രബോധനത്തോടും കൂടെ' എന്നാൽ തിരുത്തലുകളും കുററപ്പെടുത്തലുകളും സമാശ്വാസവുമെല്ലാം വാക്കുകളിലൂടെയാണു പാപി ഗ്രഹിക്കുക. അനുയോജ്യമായവയിലേക്ക് അവൻ വലിച്ചടുപ്പിക്കപ്പെടുന്നതും വാക്കുകളിലൂടെയാണ് എന്നാണ്.

42. കൊരിന്തോസ്കാരുടെ ഇടയിൽ ധിക്കാരിയായ ഒരു മനുഷ്യൻ തന്റെ അപ്പന്റെ ഭാര്യയെ പ്രാപിച്ച സംഗതിയറിഞ്ഞപ്പോഴാണു ഭാഗ്യവാനായ പൗലോസ് ഇപ്രകാരം ചെയ്തതെന്നു തോന്നുന്നു (1 കൊരി. 5:1). അവനെ സാത്താനു കയ്യാളിക്കാൻ പൗലോസ് കൽപ്പിച്ചു; അവനെ സഭയിൽനിന്നു പുറത്താക്കാൻ സാത്താനാണല്ലോ കാരണക്കാരൻ. അവന്റെ ശരീരത്തിന്റെ നാശത്തിനും, നമ്മുടെ കർത്താവീശോമിശിഹായുടെ ദിവസത്തിൽ അവൻ ആത്മാവിൽ ജീവിക്കുന്നതിനുംവേണ്ടി' (5:5) എന്നു് അവൻ അതിന്റെ ലക്ഷ്യവും ചൂണ്ടിക്കാട്ടുന്നു. 'അവൻ കഷ്ടപ്പെടുകയും തന്റെ പാപങ്ങളെപ്പററി ബോധവാനാകുകയും കുററപ്പെടുത്തൽ സ്വീകരിക്കയും ചെയ്യാൻ ആണു ഞാനിതു കൽപ്പിക്കുന്നതു്'' എന്നു് അവൻ പറയുന്നതു പോലെയാണിതു്. കുററപ്പെടുത്തൽവഴി അവൻ തിരുത്തലിനു വിധേയനാകട്ടെ. വിജ്ഞാനം ഗ്രഹിക്കട്ടെ: പാപത്തിൽനിന്നു തിരിയട്ടെ; തന്റെ കർത്തവ്യം അനുസ്മരിക്കട്ടെ; അവൻ ഇപ്രകാരം പാപത്തിൽ നിന്നകന്നശേഷം പുതിയ ലോകത്തിൽ പൂർണമായ രക്ഷനേടും; കാരണം, മാമോദീസായിൽ അവൻ പരിശുദ്ധാത്മദാനം സ്വീകരിച്ചു. അവൻ

www.malankaralibrary.com



പാപം ചെയ്യുകയും പാപത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തപ്പോൾ അത് അവനെ വിട്ടുമാറി. അവൻ ആത്മരക്ഷയെ, പാപത്തിൽനിന്നകലുന്നതായും പരിശുദ്ധാത്മാവിന്റെ പൂർണ്ണ സ്വീകരണമായും തെറ്റിച്ചു ചിത്രീകരിക്കുന്നു. പരിശുദ്ധാത്മാവ് അവനെ പൂർവസ്ഥിതിയിലെത്താൻ ഇടയാക്കും.

ആ മനുഷ്യൻ ഈ രീതിയിൽ പശ്ചാത്തപിച്ചപ്പോൾ അവനെ സ്വീകരിക്കണമെന്ന് ശ്ലീഹാ തന്റെ രണ്ടാം ലേഖനത്തിൽ കല്പിച്ച് ഇപ്രകാരം പറഞ്ഞു: 'ആ മനുഷ്യന്റെ നേരെയുള്ള കുററപ്പെടുത്തലുകൾ മതിയാക്കുവിൻ; അവൻ അഗാധ ദുഃഖത്തിൽ നിപതിക്കാതിരിക്കാൻ നിങ്ങൾ അവനോടു ക്ഷമിക്കുകയും അവനെ ആശ്വസിപ്പിക്കുകയും ചെയ്യണം. അവനോടുള്ള സ്നേഹം വീണ്ടും ഉറപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു' (2 കൊരി. 2:6–10). നേരത്തെയുള്ള അതേ ആത്മധൈര്യത്തോടുകൂടെ അവനെ തിരികെ എടുക്കണം എന്നു മുകളിൽ പറഞ്ഞ വാക്കുകളിലൂടെ അവൻ കല്പിച്ചു; കാരണം അവൻ കുററപ്പെടുത്തലുകളേററു തന്റെ ജീവിതം ക്രമീകരിച്ചു. യഥാർത്ഥമായ അനുതാപംവഴി അവനു പാപമോചനവും ലഭിച്ചു.

43. അതിനുശേഷം ഈ സംഗതികൾ സംബന്ധിച്ച നിയമമുണ്ടാക്കി അവൻ പറഞ്ഞു: 'സഹോദരൻ എന്നു വിളിക്കപ്പെടുന്ന വ്യഭിചാരിയോ അത്യാഗ്രഹിയോ, വിഗ്രഹാരാധകനോ, മദ്യപനോ, പരദൂഷകനോ, ഉണ്ടെങ്കിൽ അങ്ങനെയുള്ളവനുമായി സംസർഗം പാടില്ല. പുറമേയുള്ളവരെ വിധിക്കാൻ എനിക്കെന്തുകാര്യം? അകത്തുള്ളവരെയല്ലേ നിങ്ങൾ വിധിക്കുന്നത്?' (1 കൊരി. 5:11).

പുറത്തുള്ളവർക്കല്ല, സഭയ്ക്കകത്തുള്ളവർക്കാണ് ഈ ശാസനം നൽകേണ്ടതെന്നാണ് അവൻ പറയുന്നത്. പറയുന്ന സംഗതികൾ അനുസരിക്കുകയും നാം കൊടുക്കുന്ന തിരുത്തലുകൾ ശരിയായ രീതിയിൽ സ്വീകരിക്കയും ചെയ്യുന്നവർ എന്നർത്ഥം. 'പുറമെയുള്ളവരെ ദൈവമാണു വിധിക്കുന്നത്' (5:13) എന്നു പറഞ്ഞുകൊണ്ട് അകത്തുള്ളവർക്കു ലഭിക്കുന്ന നേട്ടങ്ങൾ അവൻ ചൂണ്ടിക്കാട്ടുന്നു. പുറമെയുള്ളവർ നിർദേശം സ്വീകരിക്കാതിരുന്നാൽ, മതത്തിനപരിചിതരുമാകയാൽ, തീർച്ചയായും ശിക്ഷാർഹരാണ്. വിശ്വാസമുള്ളവർ തിരുത്തലിനു വിധേയരായാൽ അവർക്കു പാപമോചനം ലഭിക്കും. വരുവാനിരിക്കുന്ന ലോകത്തിലെ ശിക്ഷാവിധിയുടെ ഭീഷണിയിൽനിന്നു വിമുക്തരാകുകയും ചെയ്യും എന്ന് അവൻ ഇവിടെ

www.malankaralibrary.com



വ്യക്തമാക്കുന്നു. ചിലർ തിരുത്തലുകൾ സ്വീകരിക്കുകയില്ല എന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് അവൻ പറഞ്ഞു, 'നിങ്ങളുടെ ഇടയിൽനിന്നു ദുഷ്ടനെ നീക്കിക്കളയുവിൻ' (1 കൊരി. 5:13). അവൻ പരിപൂർണമായി നിങ്ങളിൽനിന്നു പുറത്തായിരിക്കട്ടെ എന്നു പറയുന്നതുപോലെയാണിത്. 'അവൻ സഭയെ കേട്ടില്ലെങ്കിൽ നിനക്കവൻ ചുങ്കക്കാരനെപ്പോലെയും വിജാതീയനെപ്പോലെയും ആയിരിക്കട്ടെ' (മത്താ. 18:17) എന്നു നമ്മുടെ കർത്താവു പറഞ്ഞ വാചകത്തിനു തുല്യമാണിത്.

44. വലിയ ആത്മവിശ്വാസത്തോടുകൂടി വൈദികൻെറ പക്കലണയുകയും നമ്മുടെ പാപങ്ങൾ അവനോടു ഏററുപറയുകയും ചെയ്യുക നമുക്കു ചേർന്നതാണ്. കാരണം, മുകളിൽ പറഞ്ഞ സംഗതികൾ നിങ്ങൾക്കറിവുള്ളതാണല്ലോ. ദൈവം വളരെയധികം നമ്മെ പരിപാലിക്കുന്നതിനാൽ നമുക്കുവേണ്ടി അനുതാപം നൽകിയിരിക്കുന്നു; അനുതാപം എന്ന ഔഷധം അവിടുന്നു നമ്മെ കാണിച്ചിരിക്കുന്നു. പാപരോഗത്തിൻെറ ഭിഷഗ്വരരായി വൈദികരെ നിയമിച്ചിരിക്കുന്നു. അവർ വഴി ഈ ലോകത്തിൽവച്ചു പാപമോചനവും സൗഖ്യവും പ്രാപിച്ചാൽ വരുവാനിരിക്കുന്ന ന്യായവിധിയിൽനിന്നു നാം വിടുവിക്കപ്പെടും. വൈദികർ ശ്രദ്ധയോടും ശുഷ്കാന്തിയോടും സ്നേഹത്തോടും മുകളിൽ പറഞ്ഞതുപോലെയുള്ള നിയമം അനുസരിച്ചു പാപികൾക്കു സൗഖ്യം പ്രദാനം ചെയ്യും. വെളിപ്പെടുത്തരുതാത്ത സംഗതികൾ അവർ വെളിപ്പെടുത്തുന്നില്ല; യഥാർത്ഥത്തിൽ സ്നേഹമുള്ള പിതാക്കളെപ്പോലെ കേട്ടസംഗതികൾ അവർ ഉള്ളിൽ ഒതുക്കുന്നു; തങ്ങളുടെ മക്കളുടെ ശരീരങ്ങളെ സുഖമാക്കാൻ ശ്രമിക്കുമ്പോൾ അവരുടെ ലജ്ജമറയ്ക്കാൻ കടപ്പെട്ടവരാണവർ.

നാം ഇപ്രകാരം നമ്മുടെ ജീവിതം ക്രമീകരിക്കുകയും ഈ കൂദാശയുടെ മാഹാത്മ്യം അറിയുകയും നാം വിളിക്കപ്പെട്ടിരിക്കുന്ന സീമാതീതമായ കൃപയെപ്പററി ഗ്രഹിക്കുകയും നമ്മുടെ രക്ഷയെപ്പററി തൽപരരായിരിക്കുകയും ശരിയായ രീതിയിൽ നമ്മുടെ തെററുകുററങ്ങൾ ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്താൽ ഭാവിപ്രത്യാശയ്ക്കു നാം യോഗ്യരാക്കപ്പെടും. ആ പ്രത്യാശയ്ക്കാണല്ലോ ദൈവിക കൃപയാൽ ഈ കൂദാശ പരികർമ്മം ചെയ്യുവാൻ നാം യോഗ്യരാക്കപ്പെട്ടിരിക്കുന്നത്. നാം സ്വർഗരാജ്യത്തിലും അവിടുത്തെ നിത്യവും അവാച്യവുമായ നന്മകളിലും സന്തോഷിക്കും. നമ്മുടെ കർത്താവീശോ

www.malankaralibrary.com



മിശിഹായുടെ കൃപയാൽ അവ സ്വീകരിക്കുവാൻ നാം പ്രാപ്തരാകും. അവനു പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടി ഇപ്പോഴും എപ്പോഴും എന്നുമെന്നേയ്ക്കും മഹത്വം. ആമ്മീൻ.

വിശുദ്ധ സഭയുടെ കൂദാശകളുടെ വ്യാഖ്യാനങ്ങളാകുന്ന ആറുപ്രസംഗങ്ങളും തീർന്നു. ദിവ്യ ഗ്രന്ഥങ്ങളുടെ ഭാഷ്യകാരനും മെത്രാനുമായ മാർ തിയഡോർ രചിച്ചതാണിത്. നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

www.malankaralibrary.com

# അനുബന്ധം

# ക്രിസ്തീയ തത്ത്വങ്ങൾ

നമ്മുടെ കർത്താവീശോമിശിഹായുടെ ശക്തിയാൽ, ഭാഗ്യവാനും വ്യാഖ്യാതാവുമായ തിയഡോറിന്റെ കൃതികളിൽ നിന്നുതെരഞ്ഞെടുത്ത ചോദ്യങ്ങൾ ക്രമാനുഗതം കുറിക്കുന്നു.

ചോദ്യം 1: ദൈവം പ്രകൃത്യായാണോ ഇച്ഛയാലാണോ നന്മയായിരിക്കുന്നത്?

ഉത്തരം: എല്ലാ സൽഗുണങ്ങളുടെയും ശക്തിയുടെയും ഉറവിടം ദൈവമത്രേ. ദൈവത്തിന്റെ നന്മയും നീതിയും പരിപൂർണമായ നന്മയുടെയും നീതിയുടെയും അത്യുച്ചകോടിയാണ്. മനുഷ്യപ്രകൃതിയുടെ ആവശ്യങ്ങൾക്കനുസൃതം ദൈവം പരിമിതനല്ല. ലൗകികവിജ്ഞാനക്രമത്തിനു അവിടുന്നു കീഴ്പ്പെട്ടവനല്ല. നന്മയും നീതിയും ശക്തിയും വിജ്ഞാനവും സത്താപരമായി അവിടുത്തേതാകുന്നു. അവിടുന്നു ദുഷ്കർമ്മങ്ങളിൽനിന്നു അകന്നിരിക്കുന്നു. താനിച്ഛിക്കുന്നതിനെ സൃഷ്ടിക്കുന്നതിനും നീതിപൂർവം വിധിക്കുന്നതിനും കഴിവുററ പരമയാഥാർത്ഥ്യമത്രേ അവിടുന്നു. എല്ലാവിധ അപൂർണ്ണതകൾക്കും അവിടുന്നു അതീതനാണ്. എല്ലാ സൃഷ്ടവസ്തുക്കളുടെയും ബുദ്ധിശക്തിയെ ഉല്ലംഘിക്കുന്നവനാണു അവിടുന്നു. അക്കാരണത്താൽ നിർമ്മിക്കപ്പെട്ട മനുഷ്യനു തന്റെ നിർമാതാവിനെനിർവചിക്കാൻ സാധ്യമല്ല. തന്റെ അറിവിന്റെ പരിമിതികൾക്കുള്ളിൽ സ്രഷ്ടാവിനെ ഒതുക്കി നിർത്തുവാൻ ഒരു സൃഷ്ടിക്കും സാധിക്കയില്ല. ദൈവസ്വഭാവം എല്ലാ ഉത്ഭവങ്ങൾക്കും അതീതമാണ്. അതുപോലെ തന്റെ നിർവചനവും ആരംഭമുള്ള സൃഷ്ടിയുടെ കഴിവിനതീതമാണ്. മനുഷ്യർ സൃഷ്ടിക്കപ്പെടുന്നതിനു മുൻപ് ഒരു നന്മയും പ്രവർത്തിച്ചിട്ടില്ലല്ലോ. തങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രതിഫലമായി നീതിമാനിൽനിന്നു മനുഷ്യർ അനുഗ്രഹമായി ഇതു പ്രാപിച്ചു എന്നു നാം പറയുന്നു. സ്രഷ്ടാവ് നല്ലവനാണെന്നു ഇതിൽനിന്നു വ്യക്തമാണല്ലോ. ദൈവം പ്രകൃത്യാ നന്മതന്നെയാകയാൽ നന്മകൊണ്ടാരംഭിക്കുകയും നമ്മെ സൃഷ്ടിക്കുകയും ചെയ്തു.

ചോദ്യം 2: 'ദൈവം' എന്ന വാക്കിന്റെ അർത്ഥവും അസ്തിത്വകാരണവും എന്താണ്?

www.malankaralibrary.com



ഉത്തരം: ദൈവം എന്ന വാക്കിൻെറ അർത്ഥം 'വിധിയാളൻ' എന്നു പറയുന്നവരുണ്ട്. 'ദൈവം നീതിമാനായ വിധിയാളനാണ്'' (സങ്കീ. 7: 12) എന്നു ഞാൻ പറയുമ്പോൾ അതിനു കാരണമുണ്ട്. ഒരു നാമവും കാരണം കൂടാതെയുള്ളതല്ല. ദൈവം നിർമ്മിക്കുന്നതിനാൽ നിർമ്മാതാവാണ്, സൃഷ്ടിക്കുന്നതിനാൽ സ്രഷ്ടാവാണ്, വിധിക്കുന്നതിനാൽ വിധിയാളനാണ്; അവിടുത്തേക്കു ശുശ്രൂഷകരുള്ളതിനാൽ കർത്താവാണ്. അവിടുന്ന് എല്ലാം ദർശിക്കുന്നതിനാൽ എല്ലാം കാണുന്നവനാണ്. ഇവയുടെ കാരണം ഇതൊക്കെയാണ്.

ചോദ്യം 3: ദൈവം എന്ന പദത്തിൻെറ അർത്ഥവും വ്യാപ്തിയും എന്താണ്?

ഉത്തരം: ദൈവം എന്ന പദം സ്വഭാവത്തെക്കുറിക്കുന്നു. പ്രകൃതിക്ക് സത്താപരമായ മാററമൊന്നും കൂടാതെ മററ് പ്രകൃതികൾക്കും ഉപയോഗിക്കാവുന്ന ഒരു പദമാണിത്. ഈ രീതിയിൽ 'ദൈവം എന്ന പദം മററ് സ്വഭാവങ്ങളെ കുറിക്കാനുപയോഗിക്കുന്നു: 'ഞാൻ നിന്നെ ഫറവോനു ദൈവമാക്കിയിരിക്കുന്നു' (പുറ. 7: 1), 'നിങ്ങൾ ദൈവങ്ങളാകുന്നു എന്നു ഞാൻ പറഞ്ഞു' (സങ്കീ. 82: 6) എന്നിത്യാദി ഇത്തരത്തിൽപെട്ടവയാണ്. സൃഷ്ടികൾക്കു ദൈവനാമം ഉപയോഗിച്ചതിനാൽ ദൈവത്തിൽനിന്നു ദൈവസ്വഭാവം മാററപ്പെട്ടിട്ടില്ല എന്നതു വ്യക്തമാണല്ലോ. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ഈ നാമങ്ങളുടെ നാഥൻ അസൂയാലുവല്ല. ഈ പേരു ലഭിച്ചവർ ആലങ്കാരികമായിട്ടാണ് ഈ പേരിനർഹരായതു്, പ്രകൃത്യാ ദൈവമായതിനാലല്ല. 'ദൈവം' എന്നതു കർതൃത്വം ഉൾക്കൊള്ളുന്ന പദമാണ്. ഇതു് പ്രകൃതിയുടെ ഗുണഗണങ്ങളുമായി ഒത്തുപോകുന്നതും മററും പ്രകൃതികളിലേക്കു വ്യാപിച്ചിരിക്കുന്നതുമാണ്.

ചോദ്യം 4. ദൈവം തൻെറ ഇച്ഛയിൽനിന്നു വ്യത്യസ്തനാണോ, അതോ ദൈവവും തൻെറ ഇച്ഛയും ഒന്നുതന്നെയാണോ?

ഉത്തരം: ദൈവം ദൈവമാണ്. ദൈവത്തിൻെറ ഇച്ഛ ദൈവസ്വഭാവമല്ല. ഇച്ഛ ഒരു വ്യക്തിയുമല്ല. ഇച്ഛ അതിൽതന്നെ ഒരു പ്രവൃത്തിയാണ്. ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: നോഹയുടെയും അബ്രഹാമിൻെറയും സന്താനപരമ്പര മാമോദീസാ കൂടാതെ കഴിയാൻ ദൈവം ഇച്ഛരിച്ചു. എന്നാൽ ഇപ്പോൾ അവിടുന്ന് അവരുടെ മാമോദീസാ ആഗ്രഹിക്കുന്നു: ഭാവിലോകത്തിലാകട്ടെ, മാമ്മോദീസാ സ്വീകരിക്കാത്തവർ സ്നാനപ്പെടണമെന്ന് അവിടുന്നാഗ്രഹിക്കുന്നില്ല.

www.malankaralibrary.com



ചോദ്യം 5: 'പരിശുദ്ധാത്മാവു നിൻെറമേൽ വരും; അത്യുന്നതൻെറ ശക്തി നിൻെറമേലിറങ്ങും' (ലൂക്കോ. 1.35) എന്നു മാലാഖ മറിയത്തോടു പറഞ്ഞതായി എഴുതപ്പെട്ടിരിക്കുന്നു. 'ദൈവത്തിൻെറ ശക്തിയായ മിശിഹാ' എന്നു ശ്ളീഹാ പറയുന്നു (1 കൊരി. 1: 24). എന്നാൽ, ദൈവം വെട്ടുക്കിളികളെയും തൻെറ ശക്തി എന്നു വിളിക്കുന്നു. എന്തെന്നാൽ അവിടുന്നു പറഞ്ഞു, 'ഞാൻ നിനക്കെതിരായി എൻെറ വലിയ ശക്തിയെ അയച്ചു' (യൂയേൽ 2: 25). അതുകൊണ്ടു് മിശിഹായും വെട്ടുക്കിളികളും ദൈവത്തിൻെറ ശക്തിയാണു്.

ഉത്തരം: വെട്ടുക്കിളികൾ 'ദൈവത്തിൻെറ ശക്തി' എന്നു പറയുന്നതു് രൂപകാർത്ഥത്തിലാണു്; അവ ദൈവത്തിൻെറ സ്വഭാവത്തിൽ നിന്നാണു് എന്ന അർത്ഥത്തിലല്ല (1 ശമു. 17: 36–45). അതുപോലെ, ഇസ്രായേൽ ദൈവത്തിൻെറ ശക്തി (സൈന്യം) എന്നറിയപ്പെട്ടിരുന്നു. ഈയർത്ഥത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. 'ബാബിലോൺരാജാവു് തൻെറ ശക്തിയെ (സൈന്യത്തെ) അയച്ചു ജറുശലേമിനെ വളഞ്ഞു.' (യിരെ. 3ꠋ: 2;39; 1). അവൻ തൻെറ സ്വഭാവത്തെയാണോ അയച്ചതു്? ഒരിക്കലുമല്ല. 'ഈജിപ്തിലെ രാജാവിൻെറ ശക്തി (സൈന്യം) വന്നു് എന്നു് എഴുതപ്പെട്ടിരിക്കുന്നു. അവൻെറ സ്വഭാവം വന്നു എന്നാണോ അർത്ഥമാക്കുന്നതു്? അല്ല. അവൻെറ ശക്തി എന്നു പറയുന്നതു്, അതു് അവനു കീഴ്പ്പെട്ടിരുന്നു എന്നതിനാലല്ലേ? അതുപോലെ താഴെ വരുന്ന വാചകത്തിലും: അമ്മോൻ രാജാവിൽനിന്നു് അവൻ മറെറാരുവനെ അയച്ചു. അവൻ തൻെറ ശക്തി (സൈന്യത്തെ അയക്കാൻ വിമുഖത കാട്ടി (1 ശമു. 10: 1–19; 1 ദിന. 1: 19). അയച്ച രാജാവിനോടുള്ള വിധേയത്വവും അവൻെറ ഇച്ഛാപൂർത്തീകരണവും കാണിക്കാൻ ശക്തി എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. അതുകൊണ്ടു്, വെട്ടുക്കിളികളെ ദൈവത്തിൻെറ ശക്തി എന്നു വിളിച്ചിരിക്കുന്നതു് 'രാജാവിൻെറ ശക്തി' എന്ന പ്രയോഗത്തിൻെറ രീതിയിൽ, ദൈവേഷ്ടം നിറവേററാൻ വെട്ടുക്കിളികൾ വന്നു എന്ന അർത്ഥത്തിലത്രേ. അല്ലാതെ, ദൈവത്തിൽനിന്നു പുറപ്പെടുകയും നമ്മുടെ മനുഷ്യത്വം ധരിക്കുകയും ചെയ്ത പുത്രനെപ്പോലെ അവ ദൈവത്തിൻെറ സ്വഭാവത്തിൽ നിന്നാണു് എന്ന അർത്ഥത്തിലല്ല.

ചോദ്യം 6: 'എന്നെ ദർശിക്കുന്ന മനുഷ്യൻ ജീവിക്കയില്ല' എന്നെഴുതപ്പെട്ടിരിക്കുന്നു (പുറ. 33: 20). 'തൻെറ കോപത്തിൻെറ കാഠിന്യം കൊണ്ടാണോ' (സങ്കീ. 78: 49). 'തൻെറ സത്തയുടെ പ്രകാശം കൊണ്ടാണോ' (എബ്രാ. 1: 3) ദൈവത്തെ ദർശിക്കുന്നവൻ മരിച്ചുപോകുന്നതു്?

www.malankaralibrary.com



ഉത്തരം: തന്റെ സത്തയുടെ പ്രകാശംകൊണ്ടാണ് ദൈവത്തെ ദർശിക്കുന്നവൻ ജീവിക്കാത്തത്. കാരണം, സൃഷ്ടിക്കപ്പെട്ടവയും ശാരീരികവുമായ നയനങ്ങൾക്ക സൃഷ്ടിക്കപ്പെടാത്ത സത്തയെ ദർശിക്കാനാവില്ല. ഈ ലോകത്തിലെ സൂര്യന്റെ നേരേ നോക്കാൻ കഴിയാത്ത നാം എങ്ങനെയാണ സൂര്യന്റെ സ്രഷ്ടാവിനെ നോക്കുക.

ചോദ്യം 7: നമ്മുടെ വംശത്തലവനായ ആദാമിനെ ദൈവം രൂപീകരിച്ച് നിർമ്മിച്ചതുപോലെ, നമ്മുടെ കർത്താവ് തനിക്കായി ഒരു ശരീരം രൂപീകരിക്കാതെ സ്ത്രീയിൽനിന്നു പിറന്നതെന്തുകൊണ്ടാണ്?

ഉത്തരം: കർത്താവിന്റെ വരവിനു മുമ്പും പിൻപും ഉള്ള മനുഷ്യർ, സ്ത്രീ സ്വഭാവം അശുദ്ധമാണെന്നു പറഞ്ഞു് സ്രഷ്ടാവു നിശ്ചയിച്ച ക്രമത്തെ നിന്ദിച്ചിരുന്നു. സ്ത്രീയുടെ അവയവങ്ങൾ അശുദ്ധമല്ലെന്നും പാഷണ്ഡികൾ ജല്പിക്കുന്നതുപോലെ ദൈവിക ക്രമീകരണം നിന്ദിക്കത്തക്കതോ വെറുക്കത്തക്കതോ അല്ലെന്നും കാണിക്കാനും പഠിപ്പിക്കാനുമാണ നമ്മുടെ കർത്താവു സ്ത്രീയിൽനിന്നു ജനിച്ചത്.

ചോദ്യം 8: വിവാഹം കഴിക്കാത്ത ഒരു കന്യകയിൽ നിന്ന് എന്തുകൊണ്ടാണ് അവിടുന്നു ജനിച്ചത്?

ഉത്തരം: വിവാഹം കൂടാതെ ആദ്യത്തെ ആദത്തെ സൃഷ്ടിച്ചവൻ താനാണെന്നു കാണിക്കാനാണ് വിവാഹിതയാകാത്ത കന്യകയിൽനിന്ന് അവിടുന്നു ജനിച്ചത്. കൂടാതെ ആദ്യത്തെ കന്യകവഴി പാപം ലോകത്തിൽ പ്രവേശിച്ചതിനാലും നമ്മുടെ മരണത്തിന്റെ കാരണം ഒരു കന്യകയായിരുന്നതിനാലും ഒരു സ്ത്രീവഴി നമുക്ക ജീവൻ നൽകപ്പെടേണ്ടിയിരുന്നു എന്നു കാണിക്കാൻ അവിടുന്നു ലൈംഗികബന്ധം കൂടാതെ ഉദരത്തിൽ തനിക്കായി ഒരു ശരീരം രൂപീകരിക്കുകയും അതു ധരിക്കുകയും ഉദരത്തിൽനിന്നു പുറത്തുവരികയും ചെയ്തു.

ചോദ്യം 9: വിവാഹനിശ്ചയം ചെയ്യപ്പെട്ട കന്യകയിൽനിന്ന് അവിടുന്നു ജനിച്ചത് എന്തുകൊണ്ടാണ്?

ഉത്തരം: അവൾ വ്യഭിചാരം ചെയ്തില്ലെന്നു തെളിയിക്കപ്പെടാനാണ വിവാഹ നിശ്ചയം ചെയ്യപ്പെട്ട കന്യകയിൽ നിന്ന് അവിടുന്നു ജനിച്ചത്. വിവാഹനിശ്ചയം നടന്നുകഴിഞ്ഞവൾ വലിയ കരുതലിൽ സൂക്ഷിക്കപ്പെടുന്നു. മറിയം വ്യഭിചാരം ചെയ്തില്ലെന്നും ഈ സംഭവത്തിൽ കുറപ്പെടുത്തത്തക്കതൊന്നും അവളിൽ കണ്ടില്ലെന്നും ആണ് യൗസേപ്പിന്റെ സാക്ഷ്യം.

www.malankaralibrary.com



ചോദ്യം 10: നമ്മുടെ കർത്താവു മററൊരു ഗോത്രത്തിൽനിന്നു വരാതെ, യൂദായുടെയും ദാവീദിൻെറയും ഗോത്രത്തിൽനിന്നു പ്രത്യക്ഷപ്പെട്ടതെന്തുകൊണ്ടാണ്?

ഉത്തരം: പ്രവാചകരുടെ പ്രവചനം പൂർത്തീകരിക്കപ്പെടാനാണ് അവിടുന്നു യൂദായുടെ ഗോത്രത്തിൽനിന്നു പ്രത്യക്ഷനായത്. 'അധികാരമുള്ളവനും ജനതകൾ പ്രതീക്ഷിക്കുന്നവനുമായ മിശിഹാ വരുന്നതുവരെ യൂദായിൽനിന്നു ചെങ്കോലോ, അവൻെറ പാദങ്ങൾക്കിടയിൽനിന്നു പ്രവാചകനോ നീങ്ങിപ്പോകയില്ല' എന്നു യാക്കോബ് തൻെറ പ്രവചനത്തിൽ പറഞ്ഞു (ഉത്പ. 49:10) 'മിശിഹാ രാജാവു യൂദായിൽനിന്നു പുറപ്പെട്ടുവരും' എന്നു മററൊരു ഗ്രന്ഥം സാക്ഷിക്കുന്നു (1 ദിന. 5:2).

ചോദ്യം 11: എന്തുകൊണ്ടാണു നമ്മുടെ കർത്താവു പരിച്ഛേദനവിധേയനായതും ബലികൾ അർപ്പിച്ചതും? ('നിങ്ങളുടെ കർത്താവു പരിച്ഛേദന വിധേയനായെങ്കിൽ നിങ്ങളും അപ്രകാരം ചെയ്യുവിൻ' എന്നു പറയുന്ന പാഷണ്ഡികൾ ഉണ്ടല്ലോ.

ഉത്തരം: നമ്മുടെ കർത്താവു തൻെറ വ്യക്തിപരമായ നേട്ടത്തിനല്ല പരിച്ഛേദനവിധേയനായത്; ബലികളാൽ നീതീകരിക്കപ്പെടാനല്ല അവിടുന്നു ബലിയർപ്പിച്ചത്. എല്ലാററിൻെറയും ദാതാവിന് ഇതുകൊണ്ടൊന്നും ഒരാവശ്യവും ഇല്ലായിരുന്നു. നിയമദാതാവും നിയമം നടപ്പാക്കുന്നവനുമായ ദൈവത്തിൻെറ പുത്രനാണ് താൻ എന്നും, പാഷണ്ഡികൾ ജല്പിക്കുന്നതുപോലെ നിയമത്തിൽനിന്ന് ഒഴിവാക്കപ്പെട്ട ഒരു സംഗതിയല്ല പരിച്ഛേദനം എന്നും പ്രഘോഷിക്കുകയും പഠിപ്പിക്കുകയും കാണിക്കുകയും ചെയ്യുക മാത്രമായിരുന്നു അവിടുത്തെ ഏകലക്ഷ്യം.

ചോദ്യം 12: നമ്മുടെ കർത്താവു സ്വമേധയാ മരിച്ചോ, അതോ നിർബന്ധത്താൽ മരിച്ചോ? സ്വമേധയാ ആണെങ്കിൽ തൻെറ കൊലപാതകരുമായി അവിടുന്നു സഹകരിച്ചു; അപ്പോൾ അവർ മരണവിധിക്കു വിധേയരല്ലല്ലോ. കൂടാതെ, അവിടുത്തെ ഇഷ്ടം നിറവേററിയതിനാൽ അവർ ശ്രേഷ്ഠമായ പ്രതിഫലത്തിന് അർഹരാണല്ലോ.

ഉത്തരം: നമ്മുടെ കർത്താവു നിർബന്ധത്താൽ അല്ല മരിച്ചത്; തൻെറ ഘാതകരെക്കാൾ അവിടുന്നു ബലഹീനനായിരുന്നില്ല. അവർ അവിടുത്തെയും തന്നെ അയച്ച പിതാവിനെയും വെറുത്തു. എന്നാൽ ദൈവത്തിൻെറ മൗനാനുവാദത്താലാണ് അവിടുന്നു മരിച്ചത്. ദൈവം മനുഷ്യൻെറ സ്വതന്ത്രമനസ്സിനെ ബഹുമാനിക്കുന്നു. ദൈവം നമ്മുടെ കർത്താവിനെ

www.malankaralibrary.com



കുരിശിൽനിന്നു രക്ഷിച്ചിരുന്നെങ്കിൽ, തന്റെ പുത്രന്റെ സ്വാതന്ത്ര്യമനസ്സിൽ ബലപ്രയോഗം നടത്തുകയും സ്വന്തം ഇഷ്ടം ചെയ്യാൻ അതിനു കഴിവില്ലാതെ വരികയും ചെയ്യുമായിരുന്നു. അവിടുന്നപ്രകാരം ബലപ്രയോഗം നടത്തിയില്ല. മറിച്ച്, കുരിശുമരണത്തിനു മൗനാനുവാദം നൽകി. കുരിശിൽനിന്നു രക്ഷിക്കാമായിരുന്നിട്ടും, അവന്റെ സ്വാതന്ത്ര്യമനസ്സും സ്വേച്ഛാപ്രവർത്തനവും കാത്തു സൂക്ഷിക്കാൻവേണ്ടി അപ്രകാരം ചെയ്തില്ല.

ചോദ്യം 13: യോഹന്നാന്റെ സ്നാനം ഒരു യഹൂദകർമ്മമായിരുന്നോ? ആണെന്നു പറഞ്ഞാൽ 'എന്തുകൊണ്ടാണ് അവൻ ചുങ്കക്കാരെയും വേശ്യകളെയും സ്നാനപ്പെടുത്തിയത്? യഹൂദന്മാരും അവരുടെ നിയമവും വിലക്കിയിരിക്കുന്ന സംഗതിയാണല്ലോ ഇത്. വീണ്ടും, ഇതൊരു യഹൂദകർമ്മമായിരുന്നെങ്കിൽ എന്തുകൊണ്ടാണ് എല്ലാ യഹൂദരും സ്നാനപ്പെടാഞ്ഞത്? 'ഇതു നമ്മുടെ കർത്താവിന്റേതാണെ'ന്നു വാദിച്ചാൽ യോഹന്നാൻ തന്നെ പറഞ്ഞകാര്യം ഓർക്കുക. 'എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തനാകുന്നു. അവൻ അഗ്നിയാലും പരിശുദ്ധാത്മാവിനാലും സ്നാനപ്പെടുത്തും' (മത്താ. 3.11). ഇതു നമ്മുടെ കർത്താവിന്റേതല്ല എന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ.

ഉത്തരം: യോഹന്നാന്റെ സ്നാനം യൂദരിൽനിന്നോ ക്രിസ്തുവിൽനിന്നോ ഉള്ളതല്ല. തെറ്റുകൾ ഉപേക്ഷിച്ച്, പാപങ്ങളെപ്പററി അനുതപിച്ചവർക്കുവേണ്ടി ജലത്തിൽ നടത്തപ്പെടുന്ന ഒരു കർമ്മം മാത്രമായിരുന്നത്. അതിൽ വിശ്വസിച്ചവർക്ക് അതു പാപമോചനത്തിനുള്ള ഹേതുവായിരുന്നു. ക്രിസ്തുവിന്റെ മാമോദീസായാകട്ടെ, സ്നാനപ്പെടുന്നവരെ പരിശുദ്ധാത്മാവിനാൽ പൊതിയുകയും ദൈവികശക്തിയാൽ നിറയ്ക്കുകയും ചെയ്യുന്നു.

ചോദ്യം 14: നീ സ്വീകരിച്ച മാമോദീസാ എന്താണ്? എന്തിനുള്ളതാണ്? 'അതു പാപമോചനത്തിനാണ്' എന്നു പറഞ്ഞാൽ 'നാം വൃഥായാണല്ലോ സ്നാനപ്പെട്ടത്' എന്നു ഞാൻ പറയും. 'നമ്മുടെ ശുദ്ധീകരണത്തിനാണ്' എന്നു പറഞ്ഞാൽ 'അപ്പോൾ മുൻകാല അശുദ്ധിയില്ലാതെ സ്വീകരിച്ചവർക്ക് അതു കൊണ്ടു നേട്ടമൊന്നുമില്ലല്ലോ' എന്നു ഞാൻ പറയും.

ഉത്തരം: എഴുതപ്പെട്ടിരിക്കുന്നതുപോലെ, മാമോദീസാ 'കൈകൾ കൂടാതെയുള്ള പരിച്ഛേദനമാണ്' (കൊളോ. 2.11); അതു സ്വീകരിക്കുന്നവരെ മിശിഹായുടെ പീഡാനുഭവ

www.malankaralibrary.com



ത്തിൽ അതു ഭാഗഭാക്കുകളാകുന്നു (2 കൊരി.1:7; ഫിലി. 3: 10). തന്റെ മുൻകാല ജീവിതത്തിൽനിന്നു പിൻതിരിയുന്ന പാപികളുടെ പാപങ്ങൾ മാമോദീസാ വഴി മായിക്കപ്പെടുന്നു. പാപരഹിതൻ സ്നാനപ്പെടുമ്പോൾ മിശിഹായുടെ പീഡാനുഭവത്തിൽ പങ്കു ചേർന്നു മുദ്ര കുത്തപ്പെടുന്നു. 'മിശിഹായോടുകൂടി മാമോദീസായിൽ നിങ്ങൾ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നതിനാൽ അവനോടുകൂടി നിങ്ങൾ ജീവിക്കും' എന്നെഴുതപ്പെട്ടിരിക്കുന്നു (കൊളോ. 2:12; റോമ. 6:3). അതുകൊണ്ടു വെടിപ്പില്ലാത്തവൻ സ്നാനത്താൽ വെടിപ്പാക്കപ്പെടുന്നു; പാപരഹിതൻ സ്നാനപ്പെടുമ്പോൾ മിശിഹായുടെ പീഡാനുഭവത്താൽ മുദ്രകുത്തപ്പെടുന്നു. സ്നാനപ്പെടുന്നവൻ കൈകൾ കൊണ്ടല്ലാത്ത പരിച്ഛേദനത്താൽ പരിച്ഛേദനം ചെയ്യപ്പെടുകയും ദൈവത്തിന്റെ ആലയമായി തീരുകയും ചെയ്യുന്നു (1 കൊരി. 3:16–17). മാമോദീസാ കൂടാതെ മരിച്ചവർ—ക്രിസ്തുവിന്റെ വരവിനു മുമ്പു ജീവിച്ചവരെപ്പററിയാണു ഞാൻ പറയുന്നതു്. കുററക്കാരല്ല. കാരണം, ക്രിസ്തു അവർക്കുവേണ്ടി മരിച്ചിരുന്നില്ല; മാമോദീസാ സ്വീകരണത്തിനുള്ള കല്പനയും അവർക്കു ലഭിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ കർത്താവു വരികയും കൊല്ലപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ സ്നാന സ്വീകരണത്തിനു വിസമ്മതിക്കുന്നവൻ ക്രിസ്തുവിന്റെ മാമോദീസാ പരിത്യജിക്കുന്നതിനാൽ നിത്യജീവനു സ്വയം അന്യനാകുന്നു.

ചോദ്യം 15: ദൈവഭയമുള്ള ഒരു മനുഷ്യൻ മാമോദീസാ സ്വീകരിക്കാൻ ആഗ്രഹിച്ചിരിക്കെ, ഒരു വൈദികനുമില്ലാത്തിടത്തുവച്ചു പെട്ടെന്നു മരിക്കാൻ ഇടയായാൽ അയാളെപ്പററി നാം എന്തു പറയും? അയാൾ ക്രിസ്ത്യാനിയാണോ അല്ലയോ?

ഉത്തരം: ജീവിതത്തിന്റെ എല്ലാ നിമിഷവും ആന്തരികമായി ക്രിസ്ത്യാനിയായിരിക്കുകയും അറിവോടും സന്തോഷത്തോടും കൂടി മാമോദീസാ സ്വീകരിക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്തുവെ മരിക്കാൻ ഇടയാകുന്ന വ്യക്തി കുററകരമായ അനാസ്ഥ കാട്ടി എന്നു പറയാൻ പാടില്ല. അവന്റെ ജീവൻ വെട്ടിച്ചുരുക്കിയ സ്രഷ്ടാവിന്റെ തിരുഹിതമനുസരിച്ചു് ഇപ്രകാരം സംഭവിച്ചിരിക്കുന്നതിനാൽ അവൻ ഒരു ക്രിസ്ത്യാനിയാണു്; അവനു നിത്യജീവൻ ലഭിക്കും.

ചോദ്യം 16: പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നീ ശ്രേഷ്ഠനാമങ്ങൾ ചില കപടമതക്കാർ തങ്ങളുടേതാക്കുകയും ആലങ്കാരികമായി മാത്രം ഉപയോഗിച്ചു് അവയുടെ

www.malankaralibrary.com



ശക്തിയിൽ നിന്നകന്നിരിക്കുകയും പ്രതീകങ്ങളുടെ യാഥാർത്ഥ്യത്തിൽനിന്ന് അന്യരായിരിക്കുകയും ചെയ്യുന്നു. മരണാസന്നനായ വ്യക്തി—സത്യക്രിസ്ത്യാനിയാകാൻ ആഗ്രഹിക്കുന്ന സ്ത്രീയോ, പുരുഷനോ, ശിശുവോ—വിശ്വാസിയായ വൈദികന്റെ അഭാവത്തിൽ മേല്പറഞ്ഞവരുടെ പക്കൽ സ്നാനസ്വീകരണത്തിനണയാമോ?

ഉത്തരം: സത്യക്രിസ്ത്യാനിയാകാൻ ആഗ്രഹിക്കുന്നവൻ മരണാസന്നനായാലും അത്തരക്കാരിൽനിന്നു മാമോദീസാ സ്വീകരിക്കാൻ പാടില്ല. കാരണം, അവർ സത്യമതവിശ്വാസമില്ലാത്തവരാണ്. അവർ പരികർമ്മം ചെയ്യുന്ന പ്രതീകങ്ങളും ശരിയായിട്ടുള്ളവയല്ല. അവരുടെ പക്കൽപോയി വ്യത്ഥനാമം സ്വീകരിക്കാതെ മരിക്കാനിടയായാലും അയാൾ ഉത്തമക്രിസ്ത്യാനിതന്നെ. കാരണം, അയാൾ യഥാർത്ഥമായി വിശ്വാസം അർപ്പിച്ചവനാണ്; സത്യവിശ്വാസം തന്നെ പവിത്രീകരിക്കുമെന്നു വിശ്വസിക്കുയും ചെയ്തു. അതിൽതന്നെ നിലനില്ക്കുകയും തെററിലേക്കു ചായാതെയും അബദ്ധോപദേശകർക്കു തന്റെ മനസ്സിനെ കീഴ്പെടുത്താതെയും ഇരുന്നാൽ അയാൾ നല്ല ക്രിസ്ത്യാനിതന്നെയാണ്.

ചോദ്യം 17: നാം മാമോദീസാ ഒരിക്കൽ മാത്രം സ്വീകരിക്കുന്നു; എന്നാൽ കർത്താവിന്റെ ശരീരം തുടർച്ചയായി പലപ്രാവശ്യം സ്വീകരിക്കുന്നതെന്തുകൊണ്ടാണ്'.

ഉത്തരം: നമ്മുടെ കർത്താവ് ഒരിക്കൽ മാത്രം മരിച്ചതിനാൽ നാം ഒരിക്കൽ മാത്രം മാമോദീസാ മുങ്ങുന്നു. എന്നാൽഅവിടുത്തെ ശരീരവും രക്തവും നിത്യജീവന്റെഭക്ഷണമായും ജീവന്റെപാനീയമായും നൽകപ്പെട്ടിരിക്കുന്നതിനാൽ തന്റെശരീരത്തിന്റെ അടയാളം പലപ്രാവശ്യം നാം പരികർമ്മംചെയ്യുന്നു. ലോകവസാനംവരെ വിശ്വാസികളും വിശുദ്ധരും ഇതു ഭൂമിയിൽ യോഗ്യമാംവിധം പരികർമ്മം ചെയ്യണമെന്നു് നമ്മുടെ കർത്താവു കല്പിച്ചു. അവിടുത്തെ ഉറപ്പുള്ള വാഗ്ദാനമനുസരിച്ച് അവിടുന്നു നമ്മിലായിരിക്കുവാനും നാംതന്നിലായിരിക്കുവാനും നാം ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളം കാലം ഈ ജീവന്റെ അപ്പവും ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ ഓർമ്മയും അടയാളവും ഉപേക്ഷിക്കാൻ പാടില്ല.

ചോദ്യം 18: എന്താണു ക്രിസ്തുമതം? അതെന്തിൽ അടങ്ങിയിരിക്കുന്നു? വിശ്വാസത്തിലോ പ്രവൃത്തികളിലോ? പ്രവൃത്തികളിലെങ്കിൽ ഏതെല്ലാം പ്രവൃത്തികളിൽ? അവ ശുദ്ധത, വിശുദ്ധി, തപസ്, ഉപവാസം, പ്രാർത്ഥന ആദിയായവയാണോ? ക്രിസ്തുമതം ഇവയിലാണടങ്ങിയിരിക്കു

www.malankaralibrary.com



ന്നതെങ്കിൽ പാഷണ്ഡരുടെ ഇടയിലും താപസ്സരും ഉപവസി ക്കുന്നവരുമായ ആളുകളുണ്ടല്ലോ. അവരാണോ ക്രിസ്ത്യാനി കാം? പുറജാതികളുടെ ഇടയിൽപോലും ദാനധർമ്മം ചെയ്യുന്ന വിഗ്രഹാരാധനകരായ ആളുകാം ഉണ്ടല്ലോ. അവരും ക്രിസ്ത്യാ നികളാണോ?

ഉത്തരം: ക്രിസ്തുമതം, സത്താപരമായ യാഥാർത്ഥ്യം എന്ന നിലയിൽ ദൈവത്തിലും, പിതാവിൽനിന്നു പുറപ്പെടുന്ന വനും മനുഷ്യരക്ഷകൻ എന്ന നിലയിൽ നമ്മുടെ മനുഷ്യത്വം ധരിച്ചവനുമായ പുത്രനിലും, ആശ്വാസപ്രദനും ദൈവത്തോട് സമസത്തയുള്ളവനുമായ പരിശുദ്ധാത്മാവിലും ഉള്ള ഉറച്ച വിശ്വാസത്തിൽ അധിഷ്ഠിതമാണ്; സദ്പ്രവൃത്തികളിൽ മാത്രമല്ല. ഇല്ലാത്ത അവസ്ഥയിൽ സൃഷ്ടവസ്തുക്കളെ അസ്തിത്വത്തിലെത്തിച്ചതു് ഈ മഹനീയ ത്രിത്വമത്രേ. മൂന്നു നാമങ്ങാം ഉച്ചരിക്കുന്നെങ്കിലും മൂന്നു ദൈവങ്ങളിൽ നാം വിശ്വ സിക്കുന്നില്ല. പിതാവ് തന്റെ ആളത്വത്തിലും പുത്രൻ തന്റെ ആളത്വത്തിലും പരിശുദ്ധാത്മാവ് തന്റെ ആളത്വത്തിലും ഒരു സ്വഭാവവും ഒരു ദൈവത്വവും ഒരു ശക്തിയുമാണ്. അതുകൊണ്ട്, ക്രിസ്തുമതം സദ് പ്രവൃത്തികളിൽ മാത്രമല്ല ദൈവത്തെപ്പററിയുള്ള അറി വിലും അധിഷ്ഠിതമാണെന്നു വ്യക്തമാണല്ലോ. അതു് ഉറച്ച വിശ്വാസത്തിലും നല്ല ഭക്തകർമങ്ങളിലും അധിഷ്ഠിത മാണ്.

ചോദ്യം 19: ദൈവത്തെ സ്നേഹിക്കുന്നവരെല്ലാം ക്രി സ്ത്യാനികളാണോ?

ഉത്തരം: അല്ല, പ്രാചീന പിതാക്കന്മാർ ദൈവസ്നേഹ മുള്ളവരായിരുന്നെങ്കിലും ക്രിസ്തുമതത്തിൽ ഉാംപ്പെട്ടവരായി കരുതപ്പെടുന്നില്ല. അവരുടെ കാലത്തു ക്രിസ്തുമതം സ്ഥാ പിക്കപ്പെട്ടിരുന്നില്ല.

ചോദ്യം 20: ക്രിസ്തുമതത്തെപ്പററി അറിയാതെ ക്രി സ്ത്യാനികളായിത്തീർന്നവരുണ്ടോ?

ഉത്തരം: ഉണ്ട്, മാമോദീസാ സ്വീകരിച്ച ശിശുക്കാംക്കും കുട്ടികാംക്കും ക്രിസ്തുമതത്തെപ്പററി അറിയാൻ പാടില്ലെങ്കി ലും അവർ ക്രിസ്ത്യാനികളാണ്.

ചോദ്യം 21: ക്രിസ്തുമതത്തെപ്പററി അറിയാൻ പാടി ല്ലാത്ത ക്രിസ്ത്യാനികളല്ലാത്തവരുണ്ടോ?

www.malankaralibrary.com



ഉത്തരം: ക്രിസ്തുമതത്തെപ്പററി അറിയാതെ അക്രൈസ്തവരായി ജീവിക്കുന്ന പുറജാതികളും അവിശ്വാസികളും ഉണ്ട്.

ചോദ്യം 22: ക്രിസ്തുമതം എന്ന വാക്കിൻെറ അർത്ഥമെന്തു്?

ഉത്തരം: ക്രിസ്തുമതം (Christianity) എന്ന പദം ഗ്രീക്കു മൂലത്തിൽ നിന്നാണ്. അറമായയിൽ 'മിശിഹായൂസാ' എന്ന് അതു് വിവർത്തനം ചെയ്തിരിക്കുന്നു. ക്രിസ്തു, മിശിഹായും മിശിഹാസ്സുള്ളവർ (മിശിഹായേ) ക്രിസ്ത്യാനികളുമാണ്. സത്യക്രിസ്ത്യാനികൾ ക്രിസ്തീയരഹസ്യങ്ങൾ അറിയാൻ കടപ്പെട്ടിരിക്കുന്നു. തങ്ങൾക്കുവേണ്ടി മരിച്ച മിശിഹായെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ട് അവ ഉപയോഗിക്കണം. അങ്ങനെ, വരുവാനിരിക്കുന്ന രക്ഷയ്ക്ക് അവർ അവകാശികളായിത്തീരണം.

ചോദ്യം 23: നസ്രായൻ, നസറേസിസം, നസ്രത്ത എന്നീ വാക്കുകളുടെ അർത്ഥമെന്തു?

ഉത്തരം: നസ്രായൻ (Nazarene) എന്നതു് എബ്രായ വാക്കാണ്. 'ഈശായിയുടെ കുററിയിൽ നിന്നൊരു മുളയും അതിൻെറ വേരിൽ നിന്നൊരു നസ്രായനും (Neser) പുറപ്പെട്ടുവരും എന്ന് ഏശായാ പ്രവാചകൻ പറയുന്നു (11:1). 'എൻെറ കൈവേലയായി ഞാൻ നട്ട നസ്രായൻ (Neser) മഹത്വീകരിക്കപ്പെട്ടു' എന്ന് അവൻ വീണ്ടും പറയുന്നു (40:21). നെസെറിൻെറ (Neser) അർത്ഥം പുതിയതു് എന്നാണ്. നമ്മുടെകർത്താവിൻെറ പ്രബോധനം പുതിയതായതുകൊണ്ടല്ല പ്രവാചകൻ അതിനെ നെസെർ (Neser) എന്നു വിളിച്ചതു്. പിന്നെയോ, ഒരു പുതിയരീതിയിൽ, ലൈംഗികബന്ധംകൂടാതെ കന്യകയിൽനിന്നുള്ള ശരീരത്താൽ ദൈവം വസ്ത്രം ധരിച്ചതിനാലാണ് അപ്രകാരം വിളിക്കപ്പെട്ടതു്. അതിനാൽ പ്രവാചകൻ ഇതിനെ പുതിയതു് എന്നു വിളിച്ചു.

നമ്മുടെ കർത്താവ് നസ്രത്തിൽ നിന്നുള്ളവൻ എന്നയർത്ഥത്തിൽ നസ്രായൻ എന്നു വിളിക്കപ്പെട്ടു. കാരണം, കർത്താവ് ഗ്ലീലായിലെ നസ്രത്തിലാണ് വളർന്നതു്. ഗ്ലീലായിലെ നസ്രത്, ഗ്ലീലായിലെ പുതിയതു് എന്നു് വിളിക്കപ്പെടുന്നു. അതു് നിയമത്തെയും പുതിയ ഉടമ്പടിയെയും സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നു.

ചോദ്യം 24: 'സഭ', കാതോലിക്കോസ്,' 'മെത്രാൻ' എന്നീ വാക്കുകളുടെ അർത്ഥമെന്തു്?

www.malankaralibrary.com



ഉത്തരം: 'കത്തോലിക്കാസഭ' എന്ന വാക്ക് ഒരു പൂർണ്ണ 'സമൂഹത്തെ കുറിക്കുന്നു. അതായത്, സത്യത്തിൽ കളങ്കരഹിതവും എല്ലാ കടമകളും നിർവഹിക്കുന്നതുമായസമൂഹം!. കത്തോലിക്കാസഭ' എന്ന വാക്ക് പാഷണ്ഡസമൂഹങ്ങളെ കുറിക്കാൻ ഒരിക്കലും ഉപയോഗിക്കാറില്ല; കാരണം, സത്യവിശ്വാസത്തിൽ അവർ കളങ്കരഹിതരല്ല. അതുപോലെ ദൈവാരാധനയുടെ കടമകൾ അവർ നിറവേറ്റുന്നുമില്ല. 'മെത്രാൻ' എന്ന വാക്കിന്റെ അർത്ഥം 'ഭാരം വഹിക്കുന്നവൻ' എന്നാണ്. 'കാതോലിക്കോസ്' എന്ന വാക്കിന്റെ അർത്ഥം 'സംരക്ഷിക്കപ്പെട്ടവൻ,' 'പരിപൂർണ്ണൻ' എന്നത്രേ. അതായതു്, വ്യർത്ഥ ചിന്തകളിൽനിന്നു് അവന്റെ മനസ്സ് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവാരാധനയുടെ കടമനിർവഹണത്തിൽ അവൻ പരിപൂർണ്ണനാണ്.

ചോദ്യം 25: നാം വടക്കോട്ടോ, തെക്കോട്ടോ, പടിഞ്ഞാറോട്ടോ തിരിഞ്ഞുനില്ക്കാതെ, പ്രവാചകന്മാരും ശ്ലീഹന്മാരും ലോകരക്ഷകനും വന്ന കിഴക്കിനെ ലക്ഷ്യമാക്കി പ്രാർത്ഥിക്കുന്നതു് എന്തുകൊണ്ടു്?

ദൈവം ഉയരത്തിലും ആഴത്തിലും കിഴക്കും പടിഞ്ഞാറും വടക്കും തെക്കും ഉണ്ടു്. അവിടുന്നു സ്ഥലത്താൽ ബന്ധിതനല്ല. സ്ഥലത്താൽ ചുററപ്പെട്ടവനുമല്ല. പറുദീസായുടെ ദിക്കിലേക്കു നമ്മുടെ കണ്ണുകൾ തിരിഞ്ഞിരിക്കുന്നതിനും, സ്വേച്ഛയാ നമ്മുടെ ആദ്യപിതാവ് നഷ്ടപ്പെടുത്തിയആദ്യസ്ഥലത്തെപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നതിനും മാത്രമാണ് നാം കിഴക്കോട്ടുതിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നതു്. കൂടാതെ,പ്രവാചകന്റെ സാക്ഷ്യമനുസരിച്ച് കിഴക്ക് മററു ദിക്കുകളേക്കാൾ ശ്രേഷ്ഠമാണ്. അവൻ പറയുന്നു: കിഴക്കോട്ടു ദർശനമുള്ള വാതിലിലേക്ക് അവൻ എന്നെ കൊണ്ടുവന്നു. കിഴക്കേവാതിലിൽ നിന്നു് ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം വരുന്നതു ഞാൻ ദർശിച്ചു. അവന്റെ ശബ്ദം അനേകം വെള്ളച്ചാട്ടങ്ങളുടെ ഒന്നിച്ചുള്ള മുഴക്കംപോലെയായിരുന്നു. അവന്റെ മഹത്വംകൊണ്ടു് ഭൂമി പ്രകാശിച്ചു. അപ്പോൾ ഞാൻ കമിഴ്ന്നുവീണു. കിഴക്കോട്ടു ദർശനമുള്ള വാതിലിലൂടെ കർത്താവിന്റെ മഹത്വം ഭവനത്തിലേക്കു പ്രവേശിച്ചു' (എസക്കി. 43:1–14).

ചോദ്യം 26: സത്യവിശ്വാസത്തിൽ ഈ ലോകത്തിൽ വ്യാപരിച്ചവരും ദൈവത്തെപ്പററിയുള്ള അറിവിൽ വിശ്വാസപൂർണ്ണതയുള്ളവരും ആയ മനുഷ്യർ പാപകർമ്മങ്ങളും കുററകരമായ കർമ്മങ്ങളും അശുദ്ധമായ പ്രവൃത്തികളും ചെയ്താൽ,—

www.malankaralibrary.com



അതായത്ത് അശുദ്ധഭാഷണം, ദുഷ്ചിന്തകൾ ആദിയായവ— അവരെപ്പറ്റി നാം എന്താണു പറയേണ്ടത്? അവരെപ്പറ്റി നാം എന്താണു ചിന്തിക്കേണ്ടത്? നാം പറഞ്ഞതുപോലെ അവർ സത്യവിശ്വാസത്തിൽ അചഞ്ചലരാണ്. അവർ അഭക്തരാണോ? അതോ നീതിമാന്മാരാണോ? അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ലേ?

ഉത്തരം: ഈ ലോകത്തിൽ സത്യവിശ്വാസത്തിൽ ജീവിച്ചെങ്കിലും ചീത്തപ്രവൃത്തികൾ ചെയ്തിട്ട് ഈ ലോകത്തിൽനിന്നു കടന്നുപോയവർ, സത്യവിശ്വാസം നിമിത്തം, തങ്ങൾ ചെയ്ത ദുഷ്പ്രവൃത്തികളിൽനിന്നു വിമുക്തരായേക്കാം. തങ്ങൾ ചെയ്ത ദുഷ്കർമങ്ങൾക്കുള്ള ശിക്ഷ നേരത്തെ സ്വീകരിച്ചുകൊണ്ടായിരിക്കാം അവരിതു നേടുക. എല്ലാം കാണുന്നവൻ എല്ലാ പ്രവൃത്തികളും തൂക്കിനോക്കുകയും വില നിശ്ചയിക്കുകയും ചെയ്യുന്നു. ഒന്നും അവിടുന്നറിയാതെ കടന്നുപോകുന്നില്ല: മനുഷ്യരുടെ ശാരീരിക പാപങ്ങളോ, ദുർഭാഷണങ്ങളോ, ദുശ്ചിന്തകളോ, മാനസികചിന്തകളോ ഒന്നും അവിടുത്തേക്കു മറഞ്ഞിരിക്കുന്നില്ല. അതുകൊണ്ട് അവയ്ക്കുള്ള ശിക്ഷയുടെ അളവും അവിടുത്തേക്കറിയാം. അവരുടെ ചെയ്തികൾക്കനുസരിച്ചുള്ള ശിക്ഷണപരമായ തിരുത്തൽ ഉണ്ടായിക്കഴിയുമ്പോൾ, അവരുടെ വിശ്വാസവും അവർ അനുസരിച്ച നിയമങ്ങളും നിമിത്തം അവർ വീണ്ടും ജീവിക്കും.

ചോദ്യം 27: വിശ്വാസവും യഥാർത്ഥജ്ഞാനവും ഉണ്ടെങ്കിലും ലജ്ജാകരമായ രീതിയിൽ ഈ ലോകത്തിൽ ജീവിച്ച്, ക്ഷുദ്രപ്രയോഗം, മന്ത്രവാദം, മഷിനോട്ടം തുടങ്ങിയ പൈശാചിക കർമ്മങ്ങൾ ചെയ്യുന്നവരെപ്പറ്റി നാമെന്താണു പറയേണ്ടത്? അവരെ നാം എങ്ങനെ പ്രശംസിക്കും?

ഉത്തരം. ഈ ലോകത്തിൽവച്ച് ഇത്തരം ദുഷ്ക്കർമങ്ങൾ ചെയ്ത്, സത്യവിശ്വാസം ഉപേക്ഷിച്ചവരിലാണു ശ്ലീഹായുടെ വാക്കുകൾ നിറവേറിയിരിക്കുന്നതു് 'അവർ ദൈവത്തെ അറിയുന്നെന്നു പറയുന്നെങ്കിലും അവരുടെ പ്രവൃത്തികളിലൂടെ അവനെ നിഷേധിക്കുന്നു' (തീത്തു. 1: 16).

ഇക്കൂട്ടർ ദുഷ്ക്കർമങ്ങളിൽ നിന്നൊഴിഞ്ഞു ദൈവത്തിൻ പക്കലേക്കു തിരിഞ്ഞാൽ അവർ സ്വീകരിക്കപ്പെടും. എന്നാൽ

www.malankaralibrary.com



ദുഷ്ക്കർമങ്ങളിൽ അവർ മരിച്ച് ഈ ലോകം വിട്ടുപോയാൽ, പാപികളായവർക്ക തിരുത്തലിനുള്ള ശിക്ഷണം സ്വീകരിക്കാൻ സാധിക്കാതെ വരും; അവർ സ്വർഗത്തിൽ പ്രവേശിക്കയില്ല; പിന്നെയോ, പീഡനത്തിന് എറിയപ്പെടും.

ചോദ്യം 28: വൈദികരിൽ ചിലർ മോഷ്ടിക്കുകയും വ്യഭിചരിക്കുകയും അന്യായം പ്രവർത്തിക്കുകയും കള്ളസത്യം ചെയ്യുകയും ചെയ്യുമ്പോരം അവരർപ്പിക്കുന്ന ബലികളിൽ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിക്കുന്നതെങ്ങനെയാണ്? അവർ ഇത്തരം ദുഷ്കർമങ്ങരം ചെയ്യുമ്പോരം എങ്ങനെയാണ പരിശുദ്ധാത്മാവ് ഇത്തരം മനുഷ്യരെ അനുസരിക്കുകയും അവരർപ്പിക്കുന്ന ബലികളിൽ ആവസിക്കുകയും ചെയ്യുന്നതു് എന്നു സഭയിലുള്ള വൈദികരെപ്പററി അനേകം ആളുകരം തടസ്സം ഉന്നയിക്കുന്നതിനെപ്പററി എന്തു പറയുന്നു?

ഉത്തരം: സഭയിൽ പാപമുള്ളവരും കർത്തവ്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നവരുമായ വൈദികരുണ്ടെങ്കിലും അവരുടെ ശിരസ്സിൽ വയ്ക്കപ്പെട്ടിരിക്കുന്ന ദൈവത്തിൻെറ വലത്തുകൈ യഥാർത്ഥമാണ്. അവരർപ്പിക്കുന്ന ബലി ശുദ്ധമാണ്. പരിശുദ്ധാത്മാവ് അനുസരണ ഉള്ളവനാകയാൽ അവർ അർപ്പിക്കുന്ന ബലികളിലാവസിക്കും. അതു സ്വീകരിക്കുന്നവർക്ക് അതു് അനുഗ്രഹകാരണമായിത്തീരും. വൈദികൻ തൻെറ ദുസ്വഭാവത്താൽ തെററുകാരനായിത്തീന്നാലും അയാരം പരികർമം ചെയ്യുന്ന സ്നാനം, അയാരം സ്വീകരിച്ച കൈവയ്പുമൂലം വാസ്തവമാണ്. അയാളുടെ പ്രവൃത്തികരം പാപകരമാണെങ്കിലും അയാളർപ്പിക്കുന്ന ബലി പരിശുദ്ധാത്മാവുമൂലം ശരിയായിട്ടുള്ളതാണ്. അയാരം പാപം ചെയ്താൽ അയാളുടെ തെററുകളെപ്രതി ജനങ്ങരം ശിക്ഷിക്കപ്പെടുകയില്ല. വിശുദ്ധർ തങ്ങളുടെ വിശുദ്ധിവഴി പരിശുദ്ധാത്മാവിനെ വിളിച്ചുവരുത്തുകയോ പാപികരം തങ്ങളുടെ പാപംവഴി വരവിനെ തടസ്സപ്പെടുത്തുകയോ, ചെയ്യുന്നില്ല. പിന്നെയോ, മനുഷ്യകുലത്തിൻെറ പാപപരിഹാരാർത്ഥം ദൈവകൃപയാൽ ചിന്തപ്പെട്ടിരിക്കുന്ന ദാനമാണിതു്. ചതിയനായ വൈദികൻ അവിടത്തെ വിളിച്ച പ്രാർത്ഥിച്ചാലും വഞ്ചകരല്ലാത്തവർക്കുവേണ്ടി അവൻ ഇറങ്ങിവരും. അശുദ്ധനായ ഒരു മനുഷ്യൻ അവനെ വിളിച്ചു പ്രാർത്ഥിക്കുന്നു; പരിശുദ്ധർക്കുവേണ്ടി അവിടുന്ന് അവൻെറ വാക്കു കേരംക്കുന്നു. ഒരപൂർണനൻ അവനെ വിളിച്ചു പ്രാർത്ഥിക്കുന്നു; അവനെ പ്രതി വിശക്കുന്നവർക്കുവേണ്ടി അവിടുന്ന

www.malankaralibrary.com



വനെ അനുസരിക്കുന്നു. ഒരു നികൃഷ്ടമനുഷ്യൻ അവനെ വിളിച്ചു പ്രാർത്ഥിക്കുന്നു, അവനുവേണ്ടി ദാഹിക്കുന്നവരെപ്രതി അവിടുന്നു അനുസരിക്കുന്നു. തന്നെ വിളിക്കുന്നവൻെറ ചെയ്തികളെ നോക്കിയല്ല, തൻെറ പക്കലേക്കു ദൃഷ്ടി തിരിക്കുന്ന വൈദികൻെറ പിറകിൽ നിൽക്കുന്നവരുടെ മാധ്യസ്ഥ്യ പ്രാർത്ഥന വഴിയാണു് അവൻ ഇറങ്ങിവരുന്നതു്. തന്നെ വിളിക്കുന്നവൻെറ പാപങ്ങളെ അവൻ സൂക്ഷിച്ചുനോക്കാറില്ല; പിന്നെയോ അവൻെറ മാധ്യസ്ഥ്യം തേടുന്നവരുടെ പ്രതീക്ഷകളെയത്രേ അവിടുന്നു പരിഗണിക്കുന്നതു്.

വൈദികൻ പാപിയാണെങ്കിൽ, അവൻെറ നീതിപോലെ അവൻെറ ദുഷ്ടതയും അവൻെറമേൽ മാത്രമായിരിക്കും. ഓരോരുത്തനും അവനവൻെറ പാപം നിമിത്തം ശിക്ഷിക്കപ്പെടുന്നു. പാപിയായ വൈദികൻെറ ബലി വിശുദ്ധമല്ലെന്നു പറയുന്നവർ തെററായ പ്രസ്താവന നടത്തുന്നു.

എൻെറ മകനേ, സാത്താൻെറമേൽ കൈവെപ്പു നടത്തപ്പെട്ടാൽ അവനിലും പൗരോഹിത്യത്തിൻെറ കൈവെപ്പുണ്ടു്. വിശുദ്ധീകരിക്കപ്പെട്ട അപ്പം അവൻ മുറിച്ചു് എനിക്കു തന്നാലും അവനിൽനിന്നു ഞാനതു സ്വീകരിക്കും. അതിനു കറവൊന്നുമില്ലെന്നും ശെമഓൻകേപ്പാതന്നെ എനിക്കു മുറിച്ചുതന്നതായി ഞാൻ പരിഗണിക്കുമെന്നും പ്രസ്താവിക്കാനും എൻെറ പ്രസ്താവന സത്യം ചെയ്തുറപ്പിക്കാനും ഞാൻ തയ്യാറാണു്. ചിലരെപ്പോലെ ഇവയിൽ സംശയാലുവാകരുതു്.

ചോദ്യം 29: പാപമോ ദുഷ്കർമ്മമോ ചെയ്യാതെ, സ്തുത്യർഹമായ എന്തെങ്കിലും സദ്പ്രവൃത്തികൂടാതെ ഈ ലോകം വിട്ടു കടന്നുപോയ ശിശുക്കളെയും കുട്ടികളെയുംപററി നാമെന്താണു പറയേണ്ടതു്? അവർക്കു നാം എവിടെയാണു സ്ഥാനം കൊടുക്കുക? അവരെപ്പററി നാം എന്താണു പറയേണ്ടതു്? അവർ സ്വർഗ്ഗത്തിലാണോ പീഡനസ്ഥലത്താണോ പോകുന്നതു്? സ്വർഗവും പീഡനവുമല്ലാതെ മറെറാരിടമുണ്ടോ?

ഉത്തരം: ഏതു കുട്ടികളെക്കുറിച്ചാണു നീ ചോദിച്ചതു്? വിശ്വാസികളുടെ കുട്ടികളോ അതോ അവിശ്വാസികളുടെ കുട്ടികളോ? കാരണം, നമ്മുടെ ഉത്തരത്തിൽ നാം അവരെ വേർതിരിക്കേണ്ടതുണ്ടു്. വിശ്വാസികളുടെ കുട്ടികളെ സംബന്ധിച്ചാണു ചോദ്യമെങ്കിൽ തങ്ങളുടെ കുട്ടികളെ ബലാൽക്കാരമായി ആരെങ്കിലും എടുത്തുകൊണ്ടുപോകുന്ന സാഹചര്യമൊഴിച്ചു്, മാമോദീസാ എന്ന കൂദാശ നൽകാതിരിക്കുന്ന മാതാപിതാക്കളാരും ഇല്ല എന്നതു് സുവ്യക്തമാണു്. നമ്മുടെ കർത്താവിൻെറ ദിവ്യകൂദാശയിൽ സ്നാനപ്പെട്ട കുട്ടികൾ സ്വർഗ

www.malankaralibrary.com



ത്തിലാണ്; തങ്ങളുടെ മാതാപിതാക്കളുടെ ഉപേക്ഷമൂലം സ്നാനം ലഭിക്കാത്തവരും സ്വർഗത്തിൽ പോകും. കാരണം, അവർ ഈ വിശുദ്ധ കൂദാശയിൽ ഭാഗഭാക്കാകാതിരുന്നതും സ്വന്തം തെററുകൊണ്ടല്ല. എന്നാൽ വിശുദ്ധ കൂദാശയുടെ മുദ്രയുള്ളവരുടേതുപോലുള്ള ബഹുമാനം അവർക്കു സ്വർഗത്തിൽ ഉണ്ടായിരിക്കയില്ല. സ്വർഗത്തിൽ മാമോദീസായും കുർബാനയും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

നന്മയോ തിന്മയോ, ദുഷ്ടമോ ദൈവികമോ ആയ കർമ്മങ്ങളൊന്നുംകൂടാതെ ശൈശവത്തിൽതന്നെ ഈ ലോകം വിട്ടുപോയ അവിശ്വാസികളുടെ ശിശുക്കളും സ്വർഗത്തിലാണ്; അവർ ഒരു പാപവും ചെയ്തിട്ടില്ല. എന്നാലവർക്കു സ്നാനപ്പെട്ടവരുടെ ബഹുമാനം ഉണ്ടായിരിക്കുകയില്ല. അവർ ഒരു മധ്യാവസ്ഥയിലായിരിക്കും. അവരിൽ തെററൊന്നുമില്ലാത്തതിനാൽ പീഡനത്തിലായിരിക്കുകയില്ല. അവർക്കു സ്വർഗത്തിൽ പ്രവേശനം നിഷേധിക്കപ്പെടുകയില്ല. അങ്ങനെ ദൈവകൃപ ഒരിടത്തും അവരോടു അനീതി കാട്ടുകയില്ല.

ചോദ്യം 30: 'സത്യമായി ഞാൻ നിന്നോടു പറയുന്നു: ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു സാധിക്കയില്ല' എന്നുനമ്മുടെ കർത്താവു നിക്കൊദിമൂസിനോട് അരുളിച്ചെയ്തു (യോഹ. 3: 5). യഹൂദന്മാരോട് അവിടുന്നരുളിച്ചെയ്തു, 'നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനില്ല' (യോഹ. 6: 53). സ്നാനം സ്വീകരിക്കുകയും നമ്മുടെ കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും അവിടുത്തെ രക്തം കുടിക്കുകയും സ്വർഗത്തിൽ ജീവൻ പ്രാപിക്കുകയും ചെയ്യാത്ത മേല്പറഞ്ഞ ആളുകളെ സംബന്ധിച്ച് നാം എങ്ങനെയാണ് ഈ വാക്കുകൾ മനസ്സിലാക്കേണ്ടത്?

ഉത്തരം: മനസ്സിന്റെ വിവേചനയോടുകൂടി നിവേശിത ഗ്രന്ഥങ്ങളെ ശ്രവിക്കണമെന്നു ഞാൻ നിന്നോടു പറഞ്ഞല്ലോ. സ്വന്ത ഇഷ്ടത്താൽ സ്നാനത്തിൽനിന്നും കർത്താവിന്റെ ശരീരത്തിൽനിന്നും രക്തത്തിൽനിന്നും അകന്നുനിന്നവരോടാണ് കർത്താവ് ഇവ അരുളിച്ചെയ്തത്. സ്വന്ത ഇഷ്ടത്താലല്ലാതെ സ്നാനത്തിൽനിന്നും കർതൃശരീര രക്തങ്ങളിൽനിന്നും മാറിനിന്ന വിശ്വാസികളോടല്ല ഇവ അരുളിച്ചെയ്തത്. തന്റെ വചനം സ്വീകരിച്ച ശാസ്ത്രിയോടു കർത്താവു പറഞ്ഞു: 'നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല' (മർക്കോ. 12: 34); 'നീ നിത്യാഗ്നിയുടെ അവകാശിയുമല്ല.'

www.malankaralibrary.com



ചോദ്യം 31: ഈ ചോദ്യങ്ങൾക്ക നീ നൽകിയ ഉത്തരം ബഹുമാനപൂർവം ഞാൻ സ്വീകരിച്ചിരിക്കുന്നു. ഒരു ചോദ്യം കൂടി ചോദിക്കുന്നു: ശിശുക്കളും കുട്ടികളും എന്ന നിലയിൽ ഈ ലോകം വിട്ടുപോകുന്നവർ ഉത്ഥാനദിവസം മരിച്ച ദിവസത്തിലെ അതേ പ്രായത്തിൽ തന്നെയാണോ! അതോ പ്രായപൂർത്തി ഉള്ളവരായിട്ടാണോ ഉയിർത്തെഴുന്നേൽക്കുന്നത്?

ഉത്തരം: ഈ ലോകത്തിൽവച്ചു മനുഷ്യർക്കുള്ള ശാരീരിക വൈകല്യങ്ങൾ ഉത്ഥാനത്തിൽ സ്രഷ്ടാവു തൻെറ ശക്തിയാൽ നീക്കിക്കളയുകയും കുററമററതും മുപ്പതാം വയസ്സിലുള്ളതുപോലെ പൂർണ രൂപത്തിൽ ശരീരത്തെ ഉയിർപ്പിക്കുകയും ചെയ്യും. 'അതു താങ്കൾക്കെങ്ങനെ അറിയാം' എന്നാരെങ്കിലും ചോദിച്ചാൽ, 'ആദാമിനെ സൃഷ്ടിച്ച ഉടനെ ദൈവിക ശാസനം അവനു ലഭിച്ചു' എന്നാണു നമ്മുടെ ഉത്തരം. കൂടാതെ, ഇസ്രായേൽക്കാർക്കു നിയമം നൽകിയശേഷം, മുപ്പതു വയസ്സുള്ളയാൾ പൗരോഹിത്യത്തിൻെറയും കൂടാരത്തിൻെറയും ശുശ്രൂഷ ചെയ്യണമെന്നു ദൈവം കൽപ്പിച്ചു (സംഖ്യ. 4:3). നമ്മുടെ കർത്താവും മുപ്പതാം വയസ്സിൽ സ്നാനമേല്ക്കാനെത്തി (ലൂക്കോ. 3:23). നമ്മുടെ കർത്താവായ മിശിഹാ രണ്ടാം ആദാം എന്നു വിളിക്കപ്പെടുന്നു; അവിടുന്ന് ആദത്തിൻെറ കുലത്തിൽനിന്നു വംശത്തിൽനിന്നും ഉള്ളവനാണ്. അവിടുന്ന് ആദാമിനോടു സദൃശ്യനാണ്. അവിടുന്ന് ആദാമിൻെറ കടം വീട്ടി. ആദാം മുപ്പതാം വയസ്സിലാണ് സൃഷ്ടിക്കപ്പെട്ടത്. നമ്മുടെ കർത്താവും മുപ്പതാം വയസ്സിലാണു സ്നാനത്തിനെത്തിയതു്. ആയതിനാൽ രോഗമോ, അവയവങ്ങൾക്ക് ഒടിവോ, മുറിവോ, ചതവോ കൂടാതെ ആ പ്രായത്തിൽ നാമും ഉത്ഥാനം ചെയ്യും. എല്ലാ മനുഷ്യരും വൃദ്ധരെന്നോ യുവാക്കളെന്നോ വ്യത്യാസം കൂടാതെ ആ പ്രായത്തിൽ ഉയിർത്തെഴുന്നേൽക്കും.

ചോദ്യം 32: എല്ലാ മനുഷ്യരുടെയും മരണം ദൈവത്തിൽ നിന്നാണോ അതോ മറെറന്തെങ്കിലും കാരണത്താലാണോ?

മനുഷ്യരുടെ മരണം ദൈവത്തിൽ നിന്നാകാം; മററു കാരണങ്ങൾ മൂലമാകാം. സ്വാഭാവികമരണം, ക്രൂരമരണം, നിർഭാഗ്യമരണം, ആത്മഹത്യ എന്നിങ്ങനെ പലതരം മരണമുണ്ട്. ഈ നാലിനൊന്നിലൂടെ മനുഷ്യർ മരിച്ചു വേർപെടുന്നു. ആദം ദൈവകല്പന ലംഘിച്ചതിനാൽ സ്വാഭാവികമരണം അവൻെറ മേലും അവൻെറ പിൻതലമുറയുടെ മേലും ദൈവം നിശ്ചയിച്ചതാണ്. ഹാബേൽ, പ്രവാചകന്മാർ, എന്നിവരുടെ മരണവും, ഈ ലോകത്തിലെ അധികാരികളും രാജാക്കളും കൊന്ന

www.malankaralibrary.com



വരുടെ മരണവും ക്രൂരമരണത്തിൽ ഉൾപ്പെടുന്നു. ശൗൽ, അവന്റെ ആയുധവാഹകൻ, അഹിഥോഫേൽ, യൂദാസ്, സ്വയം കടലിൽ ചാടുന്നവർ, മാരകവിഷം കഴിക്കുന്നവർ ആദിയായവരുടെ മരണമാണ് ആത്മഹത്യ. മുൻകൂട്ടി അപരനെ കാണാതെ എറിയുന്ന കല്ലുകൊണ്ടു മരിക്കുന്നതും ഉരുട്ടിയിട്ട കല്ലു പതിച്ചു മരിക്കുന്നതും അപകടമരണമാണ്. വനത്തിൽ വിറകിനു പോയവന്റെ കോടാലി ഊരി വീണ് അപരൻ മരിച്ചാൽ കൊലയാളി മരണയോഗ്യനല്ല എന്നു നിയമം പറയുന്നു. കാരണം അവൻ അപരന്റെ മരണം ആഗ്രഹിച്ചില്ല, അവനെ നേരത്തെ വെറുത്തിരുന്നുമില്ല. അതാകസ്മിക മരണമാണ് (ആവ. 19:5–6).

ചോദ്യം 33: മരിച്ചവരുടെ ഓർമ്മദിനം നാം നടത്തുന്ന സ്നേഹഭോജനം എന്താണ്? അതിന്റെ അർത്ഥമെന്താണ്? മരിച്ചവരുടെ ആത്മാക്കൾക്കു വിശ്രാന്തി ലഭിക്കുന്നതിനാണ് ഇപ്രകാരം നടത്തുന്നതെന്നു ചിലർ പറയുന്നുണ്ട്. ഇതിനാണോ അന്നു നാം അനാഥർക്കു ഭക്ഷണം കൊടുക്കുന്നതും വിധവകൾക്കും നഗ്നർക്കും വസ്ത്രം കൊടുക്കുന്നതും ക്ഷീണിതർക്കാശ്വാസം കൊടുക്കുന്നതും?

ഉത്തരം: ഇങ്ങനെയൊക്കെ സംസാരിക്കുന്നവർ വിശുദ്ധ ലിഖിതത്തിൽനിന്ന് അകലെയാണ്. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കവരുടെ പ്രതിഫലം ലഭിച്ചു കഴിഞ്ഞു' (മത്താ. 6:2) എന്ന കർതൃവചനം അവരിൽ പൂർത്തീകരിക്കപ്പെടുന്നു. മനുഷ്യാത്മാക്കളുടെയും അരൂപികളുടെയും ബഹുമാനാർത്ഥം നടത്തപ്പെടുന്ന സ്നേഹവിരുന്നു വഴി, അവർ പറയുന്നതുപോലെ, ഇപ്പോൾ പരേതർക്കു വിശ്രാന്തി ലഭിക്കുന്നെങ്കിൽ, ഉത്ഥാനദിവസം അവർക്കെന്തു വിശ്രാന്തിയാണു ലഭിക്കാൻ പോകുന്നത്? ജഡം ഭൂമിക്കടിയിലായിരിക്കുമ്പോൾ ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും നല്ല പ്രതിഫലം ലഭിക്കുന്നതു് ആത്മാവിനു മാത്രമായിരിക്കും. എന്നാൽ സംഗതികൾ, അവർ പറയുന്നതുപോലെ, ഇപ്രകാരമൊന്നുമല്ല. കാരണം, ശരീരത്തെ കൂടാതെ ആത്മാവിനു വിശ്രമമോ, വിശ്രമരാഹിത്യമോ ഇല്ല. ഉത്ഥാനത്തിനു മുൻപ് നീതിമാന്മാർക്കു സന്തോഷവും ആനന്ദവും ഇല്ല. ഉത്ഥാനത്തിനുമുൻപ് നീതിരഹിതർക്കു ഭയവും പരിഭ്രമവുമില്ല. മരിച്ചവരുടെ ആത്മാക്കൾക്ക്, അവർ പറയുന്നതുപോലെ, ഇന്ദ്രിയാനുഭൂതിയില്ല; സന്തോഷമോ, വേദനയോ, വിശ്രമമോ, വിശ്രമരാഹിത്യമോ അനുഭവവേദ്യമാകാൻ അവർക്ക് അവബോധമില്ല.

രാജ്ഞിയും യാചകയും ഗർഭിണികളായിരിക്കുമ്പോൾ ഉദരത്തിൽവച്ചു രാജകുമാരനു പ്രത്യേക സന്തുഷ്ടിയോ യാചക

www.malankaralibrary.com



കുമാരന്ന പ്രത്യേക അസന്തുഷ്ടിയോ ഇല്ല. എന്നാൽ ജനിച്ചു കഴിയുമ്പോൾ രാജകുമാരൻ പട്ടിൽ പൊതിയപ്പെടുന്നു; യാചക കുമാരൻ കീറിപ്പറിഞ്ഞ പഴന്തുണികളിൽ കിടത്തപ്പെടുന്നു. അപ്പോഴേ അവർ വേർതിരിക്കപ്പെടുന്നുള്ളു. അതുപോലെ, ഉത്ഥാനദിവസംവരെ നീതിമാന്മാരും പാപികളും തങ്ങളുടെ മരണത്തിൽ ഒരുപോലെയാണ്. ദൈവത്തിന്റെ വാഗ്ദാനം പിൻവലിക്കപ്പെടാതിരിക്കാൻ നീതിമാന്മാരുടെ ആത്മാക്കൾ മൃതാവസ്ഥയിൽ തങ്ങളുടെ സദ് പ്രവൃത്തികളുടെ പ്രതിഫലം പ്രാപിക്കുന്നില്ല. അതുപോലെ വരാനിരിക്കുന്ന ന്യായവിധി ലക്ഷ്യമില്ലാത്തതായി തീരാതിരിക്കാൻ പാപികളുടെ ആത്മാക്കൾ മൃതാവസ്ഥയിൽ വിധിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല. അറിവോ, വിവേചനമോ, വിശ്രമമോ, വിശ്രമരാഹിത്യമോ ഇല്ലാത്ത ഭ്രൂണത്തെപ്പോലെ അവർ സ്ഥിതി ചെയ്യുന്നു.

ഉദരത്തിൽ ധനികരും ദരിദ്രരും സ്വതന്ത്രരും അടിമകളും രാജാക്കളും ഹീനരും എല്ലാം ഒരുപോലെയാണ്. ധനികർക്കെന്തെങ്കിലും സന്തോഷമോ ദരിദ്രർക്കെന്തെങ്കിലും ആവശ്യമോ ഇല്ല. എന്നാൽ അവർ ലോകത്തിലേക്കു വരുമ്പോൾ ധനികർ തങ്ങളുടെ വസ്ത്രങ്ങളും ബഹുമാനവുംകൊണ്ടും ദരിദ്രർ തങ്ങളുടെ ദാരിദ്ര്യവും താഴ്ന്നസ്ഥിതിയുംകൊണ്ടും അറിയപ്പെടുന്നു. അതുപോലെ ഉത്ഥാനദിവസംവരെ നീതിമാന്മാരുടെയും നീതികെട്ടവരുടെയും ആത്മാക്കൾ ഒരുപോലെയാണ്. ഉത്ഥാനദിവസം തങ്ങളുടെ മാതാവായ ഭൂമിയിൽനിന്നു ശരീരങ്ങൾ പിറക്കുന്നു. കുട്ടികൾ വിവിധതരം വസ്ത്രങ്ങൾ ധരിക്കുന്നതുപോലെ ആത്മാക്കൾ തങ്ങളുടെ വസ്ത്രങ്ങൾ ധരിക്കുന്നു. സദ്കർമങ്ങൾ ചെയ്തവർ തങ്ങളുടെ പ്രതിഫലം സ്വീകരിച്ചു പ്രകാശത്തിൽ വസിക്കുന്നു. ദുഷ്കർമ്മികളാകട്ടെ, അന്ധകാരത്തിലേക്കെറിയപ്പെടുന്നു.

നമ്മുടെ പരേതർക്കുവേണ്ടി നാം നടത്തുന്ന സ്നേഹവിരുന്നു വ്യർത്ഥമായി നടത്തുന്ന ഒന്നല്ല പിന്നെയോ, ശരീരത്തിന്റെ അടക്കമില്ലായ്മ, നിസ്സാരമായ ആണയിടൽ ആദിയായ ലഘുപാപങ്ങൾ ക്ഷമിക്കപ്പെടാനും അപൂർണതകൾ പരിഹരിക്കപ്പെടാനുമത്രേ. നമ്മുടെ കർത്താവിന്റെ കരുണയിൽനിന്നു നാമിതറിയുന്നു; കാരണം, തന്റെ മുമ്പാകെ പാപരഹിതനായി നമ്മുടെ ഇടയിൽ ആരുമില്ല. ആത്മാവും ശരീരവും ഒന്നിച്ചാണ് വിശ്രാന്തി അനുഭവിക്കുന്നത്. ദുർബല മാനസർ കരുതുന്നതുപോലെ ആത്മാവു മാത്രമല്ല വിശ്രാന്തി അനുഭവിക്കുന്നത് എന്നു ഞാനിതാ, വ്യക്തമാക്കിയിരിക്കുന്നു.

www.malankaralibrary.com



ചോദ്യം 34: ഒരാൾ നാമമാത്ര ക്രിസ്ത്യാനി ആയിരിക്കുകയും തൻെറ ദുഷ്പ്രവൃത്തികളാൽ ദുഷ്ടതയും തിന്മയും നിറഞ്ഞു് മന്ത്രവാദവും ദൈവദൂഷണവും അതുപോലെയുള്ള കർമ്മങ്ങളും ചെയ്തുന്നിരിക്കട്ടെ. അവൻെറ മരണശേഷം അവൻെറ ഓർമയ്ക്കുവേണ്ടി സ്നേഹഭോജനം നടത്തുകയും തദവസരം ദരിദ്രരും നിർദ്ധനരുമായ മനുഷ്യർ ഭക്ഷിച്ചു തൃപ്തരാകുകയും ചെയ്താൽ ഉത്ഥാനദിനം ഇതവനെ എങ്ങനെ സഹായിക്കും?

ഉത്തരം: 'ഞാൻ എനിക്കുള്ളതെല്ലാം ദരിദ്രർക്കു കൊടുത്താലും, ദഹിക്കുവാനായി എൻെറ ശരീരം ഏല്പിച്ചുകൊടുത്താലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. അതുകൊണ്ടെനിക്കൊരു പ്രയോജനവുമില്ല' എന്ന ശ്ലൈഹികവചനം അവനിൽ നിറവേറിയിരിക്കുന്നു (1 കൊരി. 13.3).

ചോദ്യം 35: 'ഇതെൻെറ ഓർമയ്ക്കായി ചെയ്യുവിൻ' എന്നു് തൻെറ ശരീരരക്തങ്ങൾ നൽകിക്കൊണ്ടു് നമ്മുടെ കർത്താവ് തൻെറ ശിഷ്യരോടു് അരുളിച്ചെയ്തിട്ടുള്ളതിനാൽ (ലൂക്കോ. 22: 19) രക്തസാക്ഷികളുടെയും ശിശുക്കളുടെയും അനുസ്മരണകൊണ്ടു് അവർക്കെന്തു നേട്ടമാണുള്ളതു്? രക്തസാക്ഷികൾക്കും ശിശുക്കൾക്കും തങ്ങളുടേതായ അനുസ്മരണ ഉള്ളപ്പോൾ നമ്മുടെ കർത്താവിൻെറ അനുസ്മരണകൊണ്ടു് അവർക്കെന്തു നേട്ടമാണുള്ളതു്?

ഉത്തരം: ഓർമ്മനടത്തുന്നതുകൊണ്ടു് കർത്താവോ രക്തസാക്ഷികളോ അല്ല നേട്ടത്തിനർഹരാകുന്നതു്. പിന്നെയോ, സൽപ്രവൃത്തികൾക്കു പ്രതിസമ്മാനം നൽകുന്ന കർത്താവിനോടുള്ള സ്നേഹം നിമിത്തവും രക്തസാക്ഷികളോടുള്ള ബഹുമാനം നിമിത്തവും ശിശുക്കളോടുള്ള സ്നേഹം നിമിത്തവും അനുസ്മരണ നടത്തുന്നവരാണു് ഫലം പ്രാപിക്കുന്നതു്. പ്രതിഫലത്തിൻെറ മധ്യസ്ഥരാണു് രക്തസാക്ഷികൾ. സ്വർഗരാജ്യം കുട്ടികൾക്കുള്ളതാണല്ലോ(മത്താ. 19:14).

36. മരിച്ചവരുടെ ഉത്ഥാനത്തിനുമുൻപ് ലോകം മറഞ്ഞു് അവസാനിക്കുമോ?

മരിച്ചവരുടെ ഉത്ഥാനത്തിനു് മുൻപ് ലോകം മറഞ്ഞു് അവസാനിക്കുകയില്ല; പിന്നെയോ, നമ്മുടെ കർത്താവ് ആദ്യം പ്രത്യക്ഷപ്പെടും; എഴുതപ്പെട്ടിരിക്കുന്നതുപോലെ അവിടുന്നു് വിശുദ്ധരോടും മാലാഖകളുടെ ഗണങ്ങളോടും കൂടി എഴുന്നെള്ളും (മത്താ. 24). നമ്മുടെ കർത്താവിൻെറ വരവ് സമാഗതമായിക്കഴിയുമ്പോൾ മൃതരേയും ഭൂമിയിൽ അടക്കപ്പെട്ടിരിക്കുന്ന മനുഷ്യരുടെ ശരീരങ്ങളെയും വിട്ടുകൊടുക്കാൻ ഭൂമി

www.malankaralibrary.com


യുടെ സ്വഭാവത്തെ അവിടത്തെ ശക്തി പ്രേരിപ്പിക്കും. ശരീരത്തെ സ്വീകരിക്കാൻ കുറേ സമയത്തേയ്ക്ക് ആത്മാവിന് അല്പം ഒരുക്കവും തയാറെടുപ്പും ഉണ്ടായിരിക്കും. മരിച്ചവരുടെ ഉത്ഥാനത്തിനുമുൻപ് ലോകവും അതിലുള്ളവയും മാറിപ്പോയാൽ ഭൂമിയിൽ ലയിച്ചുകിടക്കുന്ന മർത്യശരീരം എവിടെ നിന്നെടുക്കപ്പെടും? മരിച്ചവരുടെ ഉത്ഥാനത്തിനുമുൻപ് ലോകം മാറിപ്പോകും എന്നു പറയുന്നവർ അറിവില്ലാത്തവരും വിഡ്ഢികളുമാണ്. മരിച്ചവരുടെ ഉത്ഥാനത്തിനു മുൻപ് ദൈവം ലോകത്തെ നശിപ്പിക്കുകയില്ല; പിന്നെയോ, ഈ ലോകത്തിന്റെ താല്ക്കാലിക സ്വഭാവം, മൂലപദാർത്ഥങ്ങളുടെ നീങ്ങിപ്പോകൽ, ഭൂവാനങ്ങളുടെ തകർച്ച എന്നിവ ദർശിക്കാനായി മരിച്ചവരെ ഉയിർപ്പിക്കും. സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും കാണപ്പെടാതാകും; അപ്പോൾ ദുഷ്ടന്മാർക്ക് നിത്യമായി വേദനയും, നീതിമാന്മാർക്കു സന്തോഷവും ഉണ്ടാകും.

www.malankaralibrary.com

# വേദപുസ്തക പരാമർശനങ്ങൾ

ഉല്പത്തി
2:10 10:10
3:18_19 1.4; 12.18
4:1 2.6
8:21 16.8
49:11 15.13
പുറപ്പാട്
3:14_15 2,9;9.10
4:22-23 2.13
ആവർത്തനം
6:4 1.15;2.2;3.2
32:14 15.13
17 1.15
39 1.15;10.12
ജോബ്
4:19 14.11
33:6 14,11
സങ്കീ.
8:4 5.5
18:9 5.4
31:5 10.5
44:5 9.4
46:4 9.13
68:18 12.16
79:12 3.8
81:9 1.16
82:6 3.11
6-7 4.10:11,8;14.24
884:10 10.5
9;24 9:4
96:1 1.3
104:4 9.8
104;24 2.18
111:9 9.13
116:11 10.4
17 9.4
146:4 9.8
147:18 9.8
148:1_3 2.11
5_6 2.11
ഏശായാ
1:2 2.13;3.11
ഏശായാ
6:3 9,13; 16:6,36
5 16:8.37
6-7 16.36
20:3-4 12.24
27:13 9.4 (lxx);14.16
44:6 1.15
ജറമിയ
10:11 1,15
18:1_6 14.11
ദാനിയേൽ
7;4 8,15
മത്തായി
1:1 8.2
21 3.4
3:3 6.1
3:11 14.23
14_15 14.22
16 8.17;14.23
17 14.24
5:16 11.10
22_24 15.40
6;9-13 11.3
12 16.31
15 15;42;16.31
24 8,15
7:21 13.10
9:13 16.35
10:28 5.15
11:27 4.16
16:18 10.16
18_19 12.11
18:6 11,17
11 5.3
15-17 16.40
17 16.43
19:6 8.14
22:29_30 12.5
42 8.2
43_45 8.3
25.31 9.13

www.malankaralibrary.com




മത്തായി

26.26 10.20
26_27 12.7
26_28 15:7.16;16.35
29 15.13
28:18 2.2:16.28
19 8.17;9.3;10.22;14.14
19_20 10.15;11.1

മർക്കോസ്

12:29 1.15
14:25 16.13

ലൂക്കോസ്

1:31 3.4
2:1_5 12.16
7 6.1
14 15.21
4:18 14.27
6:12 11.6
9:26 9.13
11:1 11.3
1_2 11.6
18.1 11.4
7_8 11.4
20:36 12:5.12;16.7
22:43 15.13
24:43 15.25
51 7.7

യോഹന്നാൻ

1:1 313
3 3.5
8 3.8
10_11 5.4
14 3:4.8
29 10.20
51 15.21
2:19 5.5;8.5
21 8.5
3:3 14.3
4 14:3.9
5 1.5;14:3.9
6 14.3
8 14.4
13 8.12
16 16.1
4:14 10.11

യോഹന്നാൻ

4.24 9.9
6:41 15.11
48 15.11
51 8.11;15.11
54 15.11
54_58 16.25
62 8.11;15.11
63 10.12;11.8; 15.11;16.11
7:38 10.11
38_39 10.9
8:17 8.15
19 8.3
10:18 7.13
27_28 4.14
29 4.14
30 4.14;8.13
33 5.7
12:31_32 5.18;12.20
14:9 4.16;8.3
10 8.17
11 4.16
15_16 10.3
17 10:3.6
21 8.18
30 5.18
15.26 10.6
16:12_13 8.3
24_25 8.3
17.20_21 10.18
21 8.17
24 1.2;14.1

നടപടി

1:1 6.1
1:3 15.13
1:9_10 7.7
11 7.14
3:6 9.4;14.17
9:34 14:15.17
10.4 13.4
38 3:4.5; 14.27
17:28 4.17
26:14 13.3

റോമർ

1:4 10.11;16.11

www.malankaralibrary.com




റോമർ

| | |
|---|---|
| 1:9 | 15:37 |
| 28-31 | 5.13 |
| 5:12 | 5.10 |
| 6:3-4 | 6.13;12.7;13.14;14.5 |
| 3-5 | 15.5 |
| 4 | 10.19 |
| 5 | 14.6 |
| 9 | 14.13 |
| 17 | 6.13 |
| 7:4 | 6.13 |
| 8:1-2 | 5.14 |
| 3 | 5.7 |
| 11 | 10.11;16.11 |
| 8:14 | 14.25 |
| 15 | 11.7 |
| 17 | 1.5;13.14 |
| 23 | 14_7;16:22.30 |
| 29 | 1.3;3.9 |
| 34 | 15.16 |
| 9:5 | 3.6;8.10;9.34; 14.17 |
| 10:10 | 1 8 |
| 11:13 | 15.22 |

1 കൊരിന്ത്യർ

| | |
|---|---|
| 1:18 | 6.2 |
| 2:9 | 1.1;12.19 |
| 2:10 | 1.2 |
| 2:11 | 8.17;10.8 |
| 5:1 | 7.8;16.42 |
| 5 | 16.42 |
| 11 | 16.43 |
| 13 | 16.43 |
| 7:29-33 | 16.32 |
| 8:6 | 3:1.2 |
| 10:16 | 16:24 |
| 17 | 15.40;16.24 |
| 11:24 | 12.7;16.16 |
| 11:24_25 | 15.7 |
| 26 | 12.7;15:3.6.14.20 |
| 12:4 | 10.10 |
| 4-6 | 9.16 |
| 7 | 10.10 |
| 13 | 9.16;16.24 |
| 27 | 10.18;15.36;16.24 |
| 13:12 | 13.8 |
| 14:16 | 14.18;15 33 |

1 കൊരിന്ത്യർ

| | |
|---|---|
| 15.3-4 | 7:2.3 |
| 12 | 12.6 |
| 14 | 7.5 |
| 16_17 | 7.5;10.20 |
| 22 | 14.5 |
| 23 | 7.9 |
| 26 | 6.2 |
| 42_44 | 14.10 |
| 44 | 6.14 |
| 45 | 10.11 |
| 49 | 1.3 |
| 51_52 | 7.12 |
| 53_56 | 5.20 |
| 5_6 | 5.11 |
| 57 | 5.21 |

2 കൊരിന്ത്യർ

| | |
|---|---|
| 1 21-22 | 14.7 |
| 2.6-8 | 5.19 |
| 6_10 | 16.42 |
| 3:6 | 10.11;11.8 |
| 18 | 1.3;13.18 |
| 5:1 | 1.4;15.4 |
| 6_8 | 7.9 |
| 7_8 | 15.18 |
| 17 | 1.3;3.9; 15.27 |
| 8:9 | 7.1 |
| 13:4 | 6.2 |
| 14 | 16.2 |

ഗലാത്യർ

| | |
|---|---|
| 3:29 | 1.5 |
| 4:4 | 6.1 |
| 4_5 | 6.9 |
| 7 | 1.5 |
| 24-25 | 11.7 |
| 26 | 7.9;11:7;12.12; 14.1 |

എഫേസ്യർ

| | |
|---|---|
| 1:8_9 | 1.2 |
| 13_14 | 6.14;14.6 |
| 21 | 5.6 |
| 2:1 | 7.10 |
| 2 | 12.18 |
| 5-6 | 7.10 |
| 5-7 | 6.14 |
| 15 | 11.7 |

www.malankaralibrary.com




എഫേസ്യർ

| | |
|---|---|
| 2.19 | 13.14.18 |
| 3:10-11 | 10.16 |
| 4:3 | 9.17 |
| 4 | 10.15 |
| 5 | 14.21 |
| 5-6 | 9.18 |
| 5:27 | 15.36 |

ഫിലിപ്പിയർ

| | |
|---|---|
| 2:6-7 | 6.5;16.10 |
| 7 | 3.10;5:3.7 |
| 10-11 | 13.3 |
| 21 | 10.17 |
| 3:20 | 1.4;11.7;12.15 |
| 20-21 | 7.8; 14.21 |
| 21 | 5.21;9.17;14.28;16 2 |

കൊളോസ്യർ

| | |
|---|---|
| 1:18 | 6.11;14.22 |
| 26 | 1.2 |
| 2:19 | 14.22;16.24 |
| 3:1 | 6:6.14 |
| 9-11 | 1.3 |
| 4:3-7 | 1.2 |

1 തെസ്സലോനിക്യർ

| | |
|---|---|
| 4.15-17 | 7.12 |
| 16-17 | 7.8 |
| 17 | 11.11;12.13;16.7 |

1 തിമോതിയോസ്

| | |
|---|---|
| 3:6 | 5.12 |
| 15 | 1.10;12:13;27,15.23 |
| 16 | 2:4.5;5:7.19 |
| 6:16 | 1.9;12.27 |

2 തിമോതിയോസ്

| | |
|---|---|
| 1.9 | 6.14 |
| 2:12 | 14.1 |

2 തിമോതിയോസ്

| | |
|---|---|
| 4:1 | 7.15 |
| 2 | 16.41 |

തീത്തൂസ്

| | |
|---|---|
| 1:12 | 4.17 |
| 2:13 | 7.15 |
| 3:7 | 13.14 |

എബ്രായർ

| | |
|---|---|
| 1:2 | 4.19 |
| 14 | 15.21 |
| 2:5-6 | 6.10 |
| 5-8 | 8.8 |
| 9-10 | 3.5;8.9 |
| 13 | 16.25 |
| 14 | 15.15 |
| 16 | 6.10 |
| 3:7-8 | 11.14 |
| 13 | 11.14 |
| 4:11 | 15.21 |
| 5:3 | 15.41 |
| 6:20 | 12.2;15.15 |
| 7:22 | 6.14;7.27;15.44:16.38 |
| 8:1-2 | 15.16 |
| 3 | 15.44 |
| 4-5 | 15.15 |
| 5 | 12.2;15.16 |
| 6 | 15:15.18 |
| 9:11-24 | 1.4 |
| 14 | 5.19 |
| 10:1 | 12.2 |
| 12-14 | 15.16 |
| 14 | 15.19 |
| 11:1 | 1.8 |
| 3 | 1.9 |
| 6 | 1.9;13.14 |
| 12.22 | 12.16 |
| 22-23 | 12.12 |
| 23 | 10.19 |

www.malankaralibrary.com

# പേരുകൾ


അപ്പൊളളിനാരിസ് 181 (പേജ്)
അബ്രഹാം 51. 52. 68. 69. 87.88
ആദം 4.5,16. 53.57. 68.79.82.128.
165.168. 171.178. 197.213
ആരിയൂസ് 8:31. 51.102. 111. 180
എവുണോമിയൂസ് 8.31.51. 180
ഏദൻ 123
ഏശായാ (വേദ. പരാ. കാണുക)
കോൺസ്ററൻറയിൻ 102
ജറമിയ (വേദ പരാ. കാണുക)
ജോസഫ് 163
ദാവീദ് (വേദ. പരാ: സങ്കീ. കാണുക)
നിക്കൊദേമൂസ് 192. 193.198
നിഖ്യാ 31. 101
പൊന്തിയോസ് പീലാത്തോസ് 61.62.67.73.75.76
പോൾ സാമസോട്ട 180
പൗലോസ് ശ്ളീഹാ (വേദ.പാര. കാണുക).
ബിഥീനിയാ 31
ബേത്ലഹേം 163
മത്തായി ശ്ളീഹാ (വേദ. പരാ. കാണുക)
മറിയം 61.62.67.68.73.75.163
മാനി, മാനിക്കേയർ 51.180
മാർസിയൻ, മാർസ്യനീത്തർ 51.180
മോശ(യുടെ നിയമം) 62.67.139
മോശ (യുടെ കൂടാരം) 154
യൂദന്മാർ 7.8.10.42.57.63–64
88.94.107.130.153.155.158.170.180.181.211.222
യൂദയാ 163
യൂദാസ് 244
യോഹന്നന്നാൻ (വേദ. പരാ. കാണുക)
ലൂക്കോസ് ( ,, ,, ,, )
വലന്തീനുസ്, വലന്തീനിയർ 51.180
സ്നാപക യോഹന്നാൻ 130.210.211
ഹവ്വാ 16.68.179


വേദ. പരാ—വേദപുസ്തകപരാമർശനം

www.malankaralibrary.com

# ശുദ്ധിപത്രം

| പേജ് | ലൈൻ | തെററ് | ശരി |
|---|---|---|---|
| 6 | 22 | റോ.10.19 | റോമ. 10:10 |
| 10 | 28 | മത്താ.12:29 | മർക്കോ. 12.29 |
| 32 | 17 | ആദ്യത്തേി | ആദ്യത്തേ |
| 74 | 8 | ഹൃദിസ്ഥിമാക്ക | ഹൃദിസ്ഥമാക്ക |
| 86 | 11 | ഉപരസ്ഥമായ | ഉപരിസ്ഥമായ |
| 98 | 29 | അവനുള്ള ഐക്യം | അവനുള്ള പരിപൂർണ്ണമായ ഐക്യം |
| 139 | 28 | ല്ലാററിനും,മുൻപേ | ല്ലാററിനും മുൻപേ |
| 139 | 30 | എന്താണെന്നു | എന്താണെന്നും |
| 178 | 16 | ആദ്യപിതാവു | പൊതുപിതാവായ ആദം |
| 221 | 36 | ആടയാളം | അടയാളം |
| 277 | 5 | പ്രസംഗങ്ങളിൽ | പ്രസംഗങ്ങരം |